# ബൈബിൾ സംഗ്രഹം

(BIBLE SURVEY)

SAMSON HENRY, KOLLAM

## ബൈബിൾ സംഗ്രഹം

**(BIBLE SURVEY)**



SAMSON HENRY
KOLLAM

ബൈബിൾ ദൈവവചനമാണ് ദൈവശ്വാസീയമായ ദൈവവചനം 66 പുസ്തകങ്ങളായി ബൈബിൾ എന്ന നിലയിൽ നമുക്കു ലഭിച്ചിരിക്കുന്നു. ഇതിലെ ഓരോ പുസ്തകത്തെയും കുറിച്ചുള്ള പഠനമാണ് ബൈബിൾ സംഗ്രഹം (BIBLE SURVEY). പുസ്തകത്തിന്റെ പേര്, ഗ്രന്ഥകാരൻ, എഴുതിയ കാലം, എഴുതിയസ്ഥലം, പശ്ചാത്തലം, പ്രധാന അദ്ധ്യായം, മർമ്മപദം, താക്കോൽ വാക്യം, ഉദ്ദേശ്യം, ദൂത്, അദ്ധ്യായ വിഭജനം, പ്രധാന വിഷയങ്ങൾ, കേന്ദ്രവിഷയമായ യേശുക്രിസ്തുവിന്റെ സ്ഥാനം എന്നിവ ഇതിലുൾപ്പെടുന്നു.

കൊല്ലം ബ്രദറൺ സഭാ ശുശ്രൂഷകൻ, തിരുവചനപഠന പുസ്തക രചയിതാവ്, വേദാദ്ധ്യാപകൻ, സുവിശേഷ ലഘുലേഖാഎഴുത്തുകാരൻ, എന്നിങ്ങനെ വിവിധ ശുശ്രൂഷകളിലൂടെ സഹോദരൻ സാംസൻ ഹെൻറി കർത്താവിനെ സേവിച്ചു വരുന്നു.

ബൈബിൾ സംഗ്രഹം എന്ന പുസ്തകം അനേകവർഷങ്ങൾക്കു മുമ്പു രചിച്ചതെങ്കിലും പ്രസിദ്ധീകരണത്തിനു സാധിച്ചില്ല. ആയതിനാൽ ഇത് ഇ-ബുക്ക് എന്ന നിലയിൽ പ്രസിദ്ധീകരിക്കുന്നു. സൗജന്യമായി പഠനത്തിനും, കോപ്പി എടുക്കുന്നതിനും സാധിക്കും.

ബൈബിൾ സംഗ്രഹം -- SAMSON HENRY, KOLLAM

# ബൈബിൾ സംഗ്രഹം

## (BIBLE SURVEY)

By

SAMSON HENRY
KOLLAM

E-Book : First Edition: January 2021

Author : Samson Henry
Zion, Aradhana Nagar -22
Behind Sanker's Hospital
Kollam, Pin – 691001, Kerala, INDIA
Phone: 0474-2741115 / 0474-2963515
Mobile: 9447410769

E-mail : biblegoodnews@gmail.com
Web : www.biblegoodnews.com

Copy Right : Author

DTP & Cover Design : SAMSON HENRY, KOLLAM

*E-Book for Free Download & Print*

# മുഖവുര
## (ബൈബിൾ സംഗ്രഹം)

ക്രിസ്തുവിശ്വാസികളുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും നടപ്പിന്റെയും ആധാരം ദൈവ വചനമായ ബൈബിൾ അഥവാ വേദപുസ്തകമാണ്. ബൈബിൾ വിശ്വാസിയുടെ നിയമപുസ്തകമാണ്. ബൈബിളിനെ പഴയനിയമം എന്നും പുതിയയനിയമം എന്നും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനു മുമ്പുള്ള കാര്യങ്ങൾ പഴയനിയമത്തിൽ അടങ്ങിയിരിക്കുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ വരവിനു ശേഷമുള്ള കാര്യങ്ങൾ പുതിയനിയമത്തിൽ അടങ്ങിയിരിക്കുന്നു. പഴയനിയമവും പുതിയനിയമവും ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയെ വ്യക്തമാക്കുന്നു. നിയമം എന്ന വാക്കിനർത്ഥം ഉടമ്പടി എന്നാണ്. മോശെ മുഖാന്തരം ദൈവം യിസ്രായേലിനോട് ചെയ്ത ഉടമ്പടിയാണ് പഴയനിയമം. യേശുക്രിസ്തു മുഖാന്തരം ദൈവം സകല മാനവജാതികളോടും ചെയ്ത ഉടമ്പടിയാണ് പുതിയനിയമം. രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടി ആയതിനാൽ ഇതിനെ നിയമം എന്നു പറയുന്നു.

ലോകത്തിന്റെ കാലഗതിയനുസരിച്ച് മാറ്റമില്ലാത്തതായി ഒരു ഗ്രന്ഥം ഉണ്ടെങ്കിൽ അതു ദൈവവചനമായ ബൈബിൾ തന്നെയാണ്. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം പരിശുദ്ധാത്മനിയോഗത്താൽ ദൈവദാസന്മാരാൽ എഴുതപ്പെട്ടു നമുക്കു ലഭിച്ചിരിക്കുന്നു. കാലങ്ങൾ ഏറെ കഴിഞ്ഞിട്ടും, ശാസ്ത്രം പുരോഗമിച്ചിട്ടും, ആധുനികയുഗത്തിലും മാറ്റമില്ലാതെ, തെറ്റുകളില്ലാതെ, പുതുമയോടെ നിലനിൽക്കുന്നതു ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്.

ദൈവവചനപഠനത്തിനായി മറ്റേതു പുസ്തകത്തേക്കാളും ഇതിന്റെ എഴുത്തുകാരനെ ശരിക്കും മനസ്സിലാക്കണം. വ്യക്തിപരമായ ബന്ധം രക്ഷിക്കപ്പെടുമ്പോൾ ലഭിക്കുമെങ്കിലും നിരന്തരബന്ധത്തിലൂടെ മാത്രമേ ആത്മികബന്ധം ഉണ്ടാകുകയുള്ളു.

ദൈവഹിതമനുസരിച്ചു ജീവിക്കുമ്പോഴും ദൈവവചനം പഠിക്കുമ്പോഴും ആത്മികബന്ധം വർദ്ധിക്കും. ദൈവവചനം പഠിക്കണമെങ്കിൽ പരിശുദ്ധാത്മസഹായത്താൽ അതിന്റെ ആഴങ്ങളിലേക്കു ഇറങ്ങിച്ചെല്ലണം. ദൈവവചനത്തെ അമൂല്യനിക്ഷേപങ്ങൾ അടങ്ങിയ ഒരു ഖനിയോടുപമിക്കാം. വിശ്വാസി പരിശുദ്ധാത്മസഹായത്താൽ ഈ ഖനിഗർഭത്തിൽ ദീർഘധ്യാനം ചെയ്യുമെങ്കിൽ മറഞ്ഞുകിടക്കുന്ന വിലയേറിയ നിധികൾ വെളിപ്പെട്ടു കിട്ടും. ക്രമവും, സമർപ്പണവുമില്ലാതെ ഒരു ചടങ്ങുപോലെ തിരുവചനം വായിച്ചാൽ കിട്ടുന്നത് മരം, പുല്ല്, വയ്ക്കോൽ ശേഖരങ്ങൾക്കു തുല്യമായിരിക്കും. ഭൂമിയിൽ നിന്നു മരം, പുല്ല്, വയ്ക്കോൽ ശേഖരിക്കുവാൻ വലിയ അദ്ധ്വാനം ആവശ്യമില്ല. അതു ഭൂമിയുടെ നിരപ്പിൽ തന്നെ നിഷ്പ്രയാസമായി ലഭിക്കുന്നതാണ്. എന്നാൽ വിലയേറിയ സ്വർണ്ണശേഖരങ്ങൾ ലഭിക്കണമെങ്കിൽ ഭൂമിയുടെ അന്തർഭാഗത്തേക്കു ക്ളേശങ്ങൾ സഹിച്ചു പോയി കഠിനാദ്ധ്വാനം ചെയ്യണം. അതുപോലെ ദൈവവചനത്തിലെയും വിലയേറിയമുത്തുകൾ പെറുക്കിയെടുക്കുവാൻ ദൈവത്തിന്റെ പാദപീഠത്തിൽ പരിശുദ്ധാത്മസഹായത്താൽ പ്രാർത്ഥനയോടെ, ക്ഷമയോടെ ഇരിക്കണം. നാം രക്ഷിക്കപ്പെട്ടതു ദൈവവചനത്താലാണ്. നാം വളരേണ്ടതും ഈ മായമില്ലാത്ത തെളിവചനത്താൽ ആയിരിക്കണം.

ദൈവവചനം പഠിക്കുന്നവർക്കും, പഠിപ്പിക്കുന്നവർക്കും, ദൈവവചനപ്രകാരം ജീവിക്കുന്നവർക്കും ബൈബിൾ സംഗ്രഹം എന്ന പുസ്തകം പ്രയോജനമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

SAMSON HENRY
KOLLAM/ 23-01-2023

# ബൈബിൾ സംഗ്രഹം
# (BIBLE SURVEY)
## (SAMSON HENRY, KOLLAM)

ബൈബിൾ ദൈവവചനമാണ്. ദൈവീകഅരുളപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ എഴുതപ്പെട്ടിരിക്കുന്നു. ഇതു ലോകചരിത്രത്തെയോ, മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയെയോ, സംസ്കാരത്തെയോ വിശദീകരിക്കുന്ന ഒരു ഗ്രന്ഥമല്ല. എന്നാൽ ലോകത്തെയും മനുഷ്യരെയും ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു ഗ്രന്ഥമാണ്. ഇതിൽ മനുഷ്യരെക്കുറിച്ചുള്ള ദൈവീകോദ്ദേശ്യവും, മനുഷ്യന്റെ രക്ഷയ്ക്കുള്ള കാര്യങ്ങളും അടങ്ങയിരിക്കുന്നു. ദൈവം എന്ന സർവ്വശക്തനായ ആളത്വത്തെ തെളിയിക്കുവാനൊരുങ്ങാതെ ദൈവത്തിന്റെ പ്രവർത്തനങ്ങളെയും മനുഷ്യരോടുള്ള ദൈവസ്നേഹത്തെയും ബൈബിൾ പ്രദർശിപ്പിക്കുന്നു. *"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ"* എന്നു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 11:6). ദൈവത്തിന്റെ ആസ്തിത്വത്തെ ഉറപ്പിച്ച്, ആരംഭിക്കുന്ന ബൈബിൾ, വായിക്കുന്തോറും പുതുമ വർദ്ധിക്കുന്നു; ദൈവത്തിൽ ആശ്രയം വെച്ച് ദൈവഹിതപ്രകാരം ജീവിക്കുന്നതിനു സാധിക്കുന്നു. ബൈബിളിൽ 66 വ്യത്യസ്തങ്ങളായ പുസ്തകങ്ങളും മുപ്പതിനായിരത്തിൽപരം വാക്യങ്ങളും അടങ്ങിയിരിക്കുന്നുവെങ്കിലും ആദ്യം മുതൽ അവസാനം വരെ ഒരു വിഷയം പരാമർശിക്കപ്പെടുന്നു — ദൈവവും മനുഷ്യനുമായുള്ള ബന്ധം. മനുഷ്യവർഗ്ഗത്തോടുള്ള ദൈവസ്നേഹം പുസ്തകങ്ങളിലുടനീളം നിറഞ്ഞു നിൽക്കുന്നു. 119–ാം സങ്കീർത്തനത്തിൽ *യഹോവയുടെ ന്യായപ്രമാണം, സാക്ഷ്യങ്ങൾ, പ്രമാണങ്ങൾ, ചട്ടങ്ങൾ, കൽപ്പനകൾ, വിധികൾ, വാഗ്ദത്തങ്ങൾ, വചനം, സത്യത്തിന്റെ വചനം, വഴികൾ* തുടങ്ങിയ വിവിധ പേരുകളിൽ ദൈവവചനത്തിന്റെ ശ്രേഷ്ഠത, ഉന്നതി, ആവശ്യകത, പ്രയോജനങ്ങൾ എന്നിവ വ്യക്തമാക്കുന്നു.

മനുഷ്യന്റെ അടിസ്ഥാനപരമായ സകലചോദ്യങ്ങൾക്കും ഉത്തരം ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നുള്ളതു ലോകത്തിൽ മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്ത സവിശേഷതയാണ്. ഉദാഹരണം —

**(1) ഞാനാരാണ് ? ഞാൻ എവിടെ നിന്നു വരുന്നു?**

ഉത്തരം —>

**ഉല്പ.1:26,27 —** *"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതികളിന്മേലും വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു."*

**ഉല്പ.2:7 —** *"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."*

**(2) ഞാൻ ഇവിടെ ആയിരിക്കുന്നതു എന്തിനാണ്?**

ഉത്തരം —>

**സഭാ.12:13 —** *"എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു."*

**(3) ഞാൻ എവിടേക്കു പോകുന്നു?**

ഉത്തരം —>

**ലൂക്കൊ.16:22,23 —** *"ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടു പോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു."*

**യോഹ.3:16–18 —** *“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.”*

**സങ്കീ.23:1,6 —** *“യഹോവ എന്റെ ഇടയൻ ആകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.”*

**വെളി.20:15 —** *“ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.”*

**(4) മരണശേഷം എനിക്ക് എന്തു സംഭവിക്കുന്നു?**

ഉത്തരം —>

**സഭാ.12:5, 7 —** *“....... മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകും;.....പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെച്ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും.”*

**യോഹ.11:25,26 —** *“യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല.”*

**(5) നിത്യമരണത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?**

ഉത്തരം —>

**റോമ.7:2425 —** *“അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.”*

**അപ്പൊ.4:12 —***“മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല.”*

ലോകത്തിന്റെ കാലഗതിയനുസരിച്ച് മാറ്റമില്ലാത്തതായി ഒരു ഗ്രന്ഥം ഉണ്ടെങ്കിൽ അതു ദൈവവചനമായ ബൈബിൾ തന്നെയാണ്. **സങ്കീ.119:89 —***“യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു.”* സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം പരിശുദ്ധാത്മനിയോഗത്താൽ ദൈവദാസന്മാരാൽ എഴുതപ്പെട്ടു നമുക്കു ലഭിച്ചിരിക്കുന്നു. കാലങ്ങൾ ഏറെ കഴിഞ്ഞിട്ടും, ശാസ്ത്രം പുരോഗമിച്ചിട്ടും, ആധുനികയുഗത്തിലും മാറ്റമില്ലാതെ, തെറ്റുകളില്ലാതെ, പുതുമയോടെ നിലനിൽക്കുന്നതു ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്. മനുഷ്യർ സ്വാർത്ഥതാത്പര്യങ്ങൾക്കും, തങ്ങളുടേതായ ഉപദേശങ്ങൾ ന്യായീകരിക്കുന്നതിനും ഇതിലെ ഉപദേശങ്ങൾക്കു മാറ്റം വരുത്താൻ ശ്രമിക്കാറുണ്ട്. എന്നാൽ ദൈവശ്വാസീയമായ തിരുവചനത്തിൽ മാറ്റം വരുത്തുവാൻ പാടില്ല എന്നു ബൈബിളിന്റെ ആരംഭത്തിലും, മദ്ധ്യഭാഗത്തും, അവസാനഭാഗത്തും ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ആരെങ്കിലും ചെയ്താൽ ശിക്ഷിക്കപ്പെടും എന്ന മുന്നറിയിപ്പും ഉണ്ട്.

**ആവ.4:2 —** *“ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ നിന്നു കുറെക്കയോ ചെയ്യരുതു.”*

**സദൃ.30:6—***“അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു.”*

**വെളി.22:18,19 —** *“ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ : അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്നും ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും.”*

———————————————

# ബൈബിൾ നൂറ്റാണ്ടുകളിലൂടെ — സമ്പൂർണ്ണ ബൈബിൾ ലഭിച്ച ചരിത്രം :

ഇന്നു നമ്മുടെ കൈവശമിരിക്കുന്ന ബൈബിളിനു നൂറ്റാണ്ടുകളുടെ ചരിത്രപശ്ചാത്തലമുണ്ട്. ഗ്രീക്കുകാരുടെ വാസസ്ഥലങ്ങളിൽ സുലഭമായി കാണപ്പെട്ട പാപ്പിറസ്സ് (Papyrus) ചെടിയിൽ നിന്നും രൂപപ്പെടുത്തിയ ചുരുളുകളിലാണ് പുരാതനകാലത്ത് തിരുവചനം എഴുതിയിരുന്നത്. ഇതിൽ ഒരു വശത്തു മാത്രമേ എഴുതുവാൻ കഴിയുമായിരുന്നുള്ളു. ഇതു വളരെക്കാലം കേടുകൂടാതെ ഇരിക്കുന്നതിനായി മൺപാത്രങ്ങളിൽ സൂക്ഷിച്ചിരുന്നു (യിരെ.32:14). ഏറെക്കാലങ്ങൾക്കുശേഷം പാപ്പിറസ്സ് ചുരുളുകളുടെ സ്ഥാനത്ത് മൃഗങ്ങളുടെ തോൽ ഉപയോഗിക്കുവാൻ തുടങ്ങി. ചർമ്മപത്രം (Parchment)എന്ന പേരിലാണത് അറിയപ്പെട്ടിരുന്നത്. അതിന്റെ ഇരുവശങ്ങളിലും എഴുതുവാൻ കഴിയുമായിരുന്നു. എഴുത്തുകോൽ, ഇരുമ്പാണികൾ, വജ്രമുനകൾ തുടങ്ങിയവ എഴുതുവാൻ ഉപയോഗിച്ചിരുന്നു (യിരെ.17:1/ യിരെ.8:8/ സങ്കീ.45:1/ ഇയ്യോ.19:24). എ.ഡി. 9-ാം നൂറ്റാണ്ടിൽ കടലാസ്സ് ഉപയോഗിക്കുവാൻ തുടങ്ങി. എഴുതുന്നതിന് ഞാങ്ങണത്തണ്ടിന്റെ അറ്റം തൂവലിന്റെ അഗ്രംപോലെ കൂർപ്പിച്ചു മഷികൊണ്ടു എഴുതിയിരുന്നു.

പഴയനിയമ കയ്യെഴുത്തു പ്രതികളിൽ ഏറ്റവും പഴക്കമുള്ളത് ഇപ്പോൾ ലെനിൻ ഗ്രാൻഡ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ലെനിൻ ഗ്രാൻഡ് കൈയ്യെഴുത്തു പ്രതിയാണ്. ഈ കയ്യെഴുത്തു പ്രതിയിൽ നിന്നും ജർമ്മൻ ബൈബിൾ സൊസൈറ്റി എബ്രായവേദപുസ്തകം തയ്യാറാക്കി. AD- 916-ൽ പ്രവചനങ്ങൾ അടങ്ങിയ ഒരു ബാബിലോണ്യ കയ്യെഴുത്തു പ്രതി കണ്ടെടുത്തു. AD- 4-ാം നൂറ്റാണ്ടിൽ സീനായ് മലയുടെ അടിവാരത്തിൽ നിന്നു ലഭിച്ച കയ്യെഴുത്തുപ്രതി സീനായ് കയ്യെഴുത്തു പ്രതി എന്നറിയപ്പെടുന്നു. റഷ്യൻ അധീനതയിൽ ഇരുന്ന ഈ അമൂല്യ നിക്ഷേപം ബ്രിട്ടീഷ് ഭരണാധികാരികൾ വൻവില കൊടുത്തു വാങ്ങി ലണ്ടൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. നാലാം നൂറ്റാണ്ടിൽ തന്നെ കണ്ടെത്തിയ വത്തിക്കാൻ കയ്യെഴുത്തു പ്രതി വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. അഞ്ചാം നൂറ്റാണ്ടിൽ കണ്ടെത്തിയ അലക്സാണ്ട്രിയൻ കയ്യെഴുത്തു പ്രതി എന്നറിയപ്പെടുന്ന ശേഖരം ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. തുടർന്നു AD- 11-ാം നൂറ്റാണ്ടിൽ കോഡസ് ലൗഡിയാനസ് എന്ന കയ്യെഴുത്തു പ്രതി കണ്ടെത്തി. ഇത് ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിലുള്ള ബോഡ്ലേയിനിയൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെ ലഭിച്ച വിവിധകയ്യെഴുത്തു പ്രതികളിൽ നിന്നാണ് ബൈബിൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

AD- 1250 -ൽ കാർഡിനൽ ഹ്യൂഗോ ബൈബിളിനെ അദ്ധ്യായങ്ങളാക്കി തിരിച്ചു. 1551-ൽ സർ. റോബർട്ട് സ്റ്റീഫൻ പുതിയനിയമത്തിലെ അദ്ധ്യായങ്ങളെ വാക്യങ്ങളായി തിരിച്ചു. ഇതു പഠനത്തിനു വളരെ സഹായകമായി. 1553-ൽ അധികാരമേറ്റ മേരി രാജ്ഞി ബൈബിൾ സംബന്ധമായ വിവർത്തനം, വിതരണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും നിരോധിക്കുകയും വിശ്വാസികളെ അതിക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. എന്നാൽ 1558-ൽ അധികാരമേറ്റ എലിസബത്ത് രാജ്ഞി ദൈവവചനത്തിനു അർഹിക്കുന്ന പ്രോത്സാഹനം നൽകി. തൽഫലമായി ബൈബിൾ വിവർത്തനത്തിനും, പ്രസിദ്ധീകരണത്തിനും, വിതരണത്തിനും അതിയായ പുരോഗതി ഉണ്ടായി. 1560-ൽ ജനീവ ബൈബിൾ എന്നറിയപ്പെടുന്ന ബൈബിൾ പ്രസിദ്ധീകരിച്ചു. ആദ്യമായി അദ്ധ്യായങ്ങളും, വാക്യങ്ങളും തിരിച്ച സമ്പൂർണ്ണ ബൈബിൾ ആയിരുന്നു ജനീവ ബൈബിൾ. ജയിംസ് ഒന്നാമൻ രാജാവിനു ഈ ജനീവബൈബിളിന്റെ പരിഭാഷ തൃപ്തികരമായി തോന്നിയില്ല. ഒരു പുതിയ പരിഭാഷ ആവശ്യമാണെന്നു ഗ്രഹിച്ചു. അതിൻപ്രകാരം ഒരുകൂട്ടം ആംഗ്ളേയ സഭയിലെ വിശ്വാസികളെ ഉൾക്കൊള്ളിച്ചു പരിഭാഷ ആരംഭിച്ചു. കയ്യെഴുത്തു പ്രതികളും, മൂലഭാഷയിലെ പ്രയോഗങ്ങളും ഉപയോഗിച്ചു 1661-ൽ ഒരു പുതിയ പരിഭാഷ തയ്യാറാക്കി. ഈ പരിഭാഷ കിംഗ് ജയിംസ് ഓതറൈസ്ഡ് വേർഷൻ (KJV)എന്നു വിളിക്കപ്പെട്ടു. ഇന്നു ഇംഗ്ളീഷ് ഭാഷയിൽ വിവിധതരം തർജ്ജമകൾ കാണാം ---- New King James Version, American Standard Version, Revised Standard Version, New International Version, The Twentyeth Centuary New Testament, New Testament in Modern Speech, New Testament in Plain English, Todays English Version, Living Bible etc.

# പുതിയനിയമം നമുക്കു എങ്ങനെ കിട്ടി?

നമ്മുടെ കർത്താവിന്റെ മരണശേഷം കുറേ വർഷങ്ങൾ കഴിഞ്ഞാണ് പുതിയനിയമത്തിന്റെ ആദ്യഗ്രന്ഥം ലഭിച്ചത്. കർത്താവായ യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു തന്റെ പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെയും കുറിച്ചു എഴുതപ്പെട്ട രേഖകൾ ആവശ്യമാണെന്നു തന്റെ ശിഷ്യന്മാർക്കു തോന്നിയിരുന്നില്ല. അന്നത്തെ അവരുടെ എഴുതപ്പെട്ട തിരുവചനം പഴയനിയമമായിരുന്നു. യേശു കർത്താവ് ഈ പഴയനിയമതിരുവെഴുത്തുകളെ അംഗീകരിക്കുകയും, പലപ്പോഴും തന്റെ ഉപദേശങ്ങളിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. ഈ പഴയനിയമ തിരുവെഴുത്തുകൾ പലതും തന്റെ ജീവിതത്തിൽ നിവർത്തിയായി. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, അപ്പൊസ്തലന്മാരുടെ പ്രാരംഭ പ്രവർത്തനങ്ങളിലും എഴുതപ്പെട്ട രേഖകൾ ആവശ്യമായി വന്നില്ല. അവർ കർത്താവിന്റെ പ്രവർത്തനങ്ങളിൽ ദൃക്സാക്ഷികൾ ആയിരുന്നതിനാലും, അവരെ കർത്താവിന്റെ ശിഷ്യന്മാർ എന്നു അറിയപ്പെട്ടിരുന്നതിനാലും എഴുതപ്പെട്ട ഉപദേശസത്യങ്ങൾ അവർക്കു ജനത്തെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യവും വന്നില്ല. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ അപ്പൊസ്തലന്മാരിൽ ചിലർ മരണത്താൽ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു. കർത്താവിന്റെ ഉപദേശങ്ങൾക്കും പ്രവർത്തനങ്ങൾക്കും ദൃക്സാക്ഷികൾ ഇല്ലാതെവരുന്നതിനു മുമ്പായി ക്രിസ്തുവിന്റെ ജീവിതവും, ഉപദേശങ്ങളും, അന്നു നടന്ന സംഭവങ്ങളും, താൻ പ്രസ്താവിച്ച കാര്യങ്ങളും എഴുതപ്പെട്ട രേഖകളാക്കേണ്ടതിന്റെ ആവശ്യകത ശിഷ്യന്മാർക്കു ബോദ്ധ്യപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ എഴുതപ്പെടുവാൻ കാരണമായത്. ഏകദേശം എ.ഡി. 96 ആയപ്പോഴേക്കും പുതിയനിയമത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടും പൂർത്തീകരിക്കപ്പെട്ടു.

പുരാതനകാലത്തു പാപ്പിറസ്സ് ചെടിയുടെ പോളകൾ മിനുസപ്പെടുത്തി അവയിലെഴുതി ഓരോ ചുരുളുകളായി ചുരുട്ടി സൂക്ഷിച്ചിരുന്നു. ക്രമേണ ഈ ചുരുളുകൾ ഓരോ താളുകളായി മുറിച്ചു തുന്നിക്കെട്ടി സൂക്ഷിക്കുവാൻ തുടങ്ങി. ഇവയെ **"കോഡക്സു"** ( Codex ) എന്നു വിളിച്ചിരുന്നു. ഇന്നത്തെ പുസ്തകത്തോടു കോഡക്സിനു സാമ്യമുണ്ട്. തുന്നൽ ഇടത്തു വശത്തായിരുന്നതിനാൽ വലത്തു നിന്നു താളുകൾ ഇടത്തോട്ടു മറിക്കുവാൻ സാധിച്ചു എന്നതാണ് കോഡക്സിന്റെ പ്രത്യേകത. എന്നാൽ ഒരു ചുരുളിന്റെ പകർപ്പു എടുക്കുക എന്നത് എഴുതിത്തന്നെ എടുക്കണമെന്നതിനാൽ വളരെ ചെലവും, അദ്ധ്വാനവും, ക്ഷമയും, സമയവും ആവശ്യമായിരുന്നു. എന്നാൽ ഇന്നു ഫോട്ടോകോപ്പിയും, ഓഫ്സെറ്റു പ്രിന്റിംഗും, കമ്പ്യൂട്ടർ വഴിയായുള്ള വിവിധസംവിധാനങ്ങളും നിലവിൽ വന്നതോടെ എഴുത്തും, പകർപ്പെടുക്കലും, അച്ചടിയുമൊക്കെ വളരെ അനായാസവും, ലളിതവുമായിരിക്കുന്നു. എഴുതുവാനായി കടലാസ്സ് ഉപയോഗിച്ചതും ഏറെ ആശ്വാസമായി.

പുതിയനിയമ എഴുത്തുകളെ ദൈവശ്വാസീയമായി പിന്നീടു പ്രഖ്യാപിക്കപ്പെടുകയല്ല, എഴുത്തുകാരുടെ ജീവിതകാലത്തുതന്നെ അവ അങ്ങനെ തന്നെയാണെന്നു അംഗീകരിക്കപ്പെടുകയായിരുന്നു. ദൈവം അവരിലൂടെ സംസാരിച്ച തിരുവെഴുത്തുകളാണ് തങ്ങൾ എഴുതിയതെന്നും എഴുത്തുകാർക്ക് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു (1.കൊരി.2:13 / 1.തെസ്സ.4:15). ക്രൈസ്തവസാഹിത്യങ്ങൾ വളർന്നുവന്നപ്പോൾ ഇക്കൂട്ടത്തിൽ ചില ദുരുപദേഷ്ടാക്കളുടെ എഴുത്തുകളും പ്രത്യക്ഷമായി. ഈ സന്ദർഭത്തിൽ ശരിയായവ തരംതിരിച്ചു ഒരുമിപ്പിക്കേണ്ട ആവശ്യം ഉണ്ടായി. AD- 140 – ൽ മാർസിയോൺ എന്ന ദുരുപദേഷ്ടാവിന്റെ പുതിയനിയമഗ്രന്ഥങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പൗലോസിന്റെ പത്തു ലേഖനങ്ങളും ലൂക്കോസിന്റെ സുവിശേഷവും മാത്രമായിരുന്നു അയാളുടെ പട്ടികയിൽ ഉണ്ടായിരുന്നത്. തിരുവെഴുത്തുപട്ടികകളുടെ അംഗീകാരത്തിനും, അവയുടെ ആധികാരതയ്ക്കും സഭാനേതാക്കന്മാർ ഉപയോഗിച്ച പദമാണ് **"കാനോൻ"** അഥവാ മാനദണ്ഡം.

AD- 367-ൽ അലക്സാന്ത്രിയായിലെ ബിഷപ്പായിരുന്ന അത്തനാന്യോസ് പ്രസിദ്ധപ്പെടുത്തിയ പട്ടികയിൽ പുതിയനിയമ ഗ്രന്ഥങ്ങൾ 27 ആണെന്നു കാണുന്നു. എ.ഡി.393-ൽ ഹിപ്പോയിൽ കൂടിയ കൗൺസിലിന്റെ തീരുമാനം ഇപ്രകാരമായിരുന്നു. കാനോനിക തിരുവെഴുത്തുകളല്ലാതെ പള്ളിയിൽ മറ്റൊന്നും വായിക്കരുത്. കാനോനിക ഗ്രന്ഥങ്ങൾ ......... ആണ്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങളുടെ പേരുകൾ ഇതിൽ കൊടുത്തിരിക്കുന്നു. എ.ഡി.397-ൽ കാർത്തേജിലെ മൂന്നാം കൗൺസിലിലും ഇതേ പ്രഖ്യാപനം ആവർത്തിച്ചു. ഗ്രന്ഥങ്ങളുടെ കാനോനികത്വം അവ എഴുതിയ കാലം മുതലുള്ള സഭയുടെ മൊത്തമായ സാക്ഷ്യത്താലും അംഗീകാരത്താലുമാണ് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. പുതിയനിയമം എഴുതിയത് അപ്പൊസ്തലന്മാരോ അവരുടെ സഹപ്രവർത്തകരോ

ആണ്. ഒരു ഗ്രന്ഥം കാനോനികമാണോ എന്നു തീരുമാനിക്കുന്നത് അതിന്റെ അപ്പൊസ്തല അധികാരത്തെയും അംഗീകരണത്തെയും ആശ്രയിച്ചാണ്. പരിശുദ്ധാത്മാവ് വരുമ്പോൾ സകല സത്യത്തിലും വഴി നടത്തുമെന്നു കർത്താവ് അരുളിചെയ്തത് അപ്പൊസ്തലന്മാരോടായിരുന്നു (യോഹ.1426/ 15:26,27/ 16:13).

നാലാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും പാശ്ചാത്യസഭകളിൽ കാനോൻ പ്രശ്നം അവസാനിച്ചു. പുതിയനിയമഗ്രന്ഥങ്ങൾ 27 തന്നെ എന്നു എല്ലായിടത്തും സ്ഥിരീകരണം ലഭിച്ചു. ഇങ്ങനെ വളരെയധികം ചരിത്ര പശ്ചാത്തലത്തോടു കൂടിയ പുതിയനിയമമാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്നത്. റോമൻ സാമ്രാജ്യമെങ്ങും ഗ്രീക്കുഭാഷ പ്രചരിച്ചിരുന്ന ഒരു സമയത്താണ് പുതിയനിയമ ഗ്രന്ഥങ്ങൾ എഴുതിയത്. മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്തതുപോലെ ആയിരക്കണക്കിനു പുരാതന കൈയ്യെഴുത്തു പ്രതികൾ ലഭ്യമായതിലൂടെ കർത്താവു അരുളിച്ചെയ്ത അതേ ആശയത്തിൽ രേഖപ്പെടുത്തിയ പുതിയ നിയമം നമ്മുടെ അടുക്കൽ എത്തിച്ചേർന്നു.

## വേദപുസ്തകം മലയാളത്തിൽ :

വേദപുസ്തകം മലയാള ഭാഷയിൽ നമുക്കു ലഭ്യമായത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ്. ഈസ്റ്റു ഇൻഡ്യ കമ്പനിയുടെ കൽക്കട്ടയിലെ മേലധികാരിയായ ഡോക്ടർ ക്ളോഡിയസ് ബുക്കാനാൻ എ.ഡി.1806-ൽ കേരളം സന്ദർശിക്കുവാനെത്തി. തന്റെ സന്ദർശനവേളയിൽ ക്രൈസ്തവ സഭാവിശ്വാസികളുടെ ദൈവവചനത്തോടുള്ള ആഗ്രഹവും, അതു പഠിക്കുന്നതിലുള്ള ആവേശവും കണ്ട ബുക്കാനാൻ അന്നത്തെ സുറിയാനി സഭയിലെ മെത്രാപ്പോലീത്തയായിരുന്ന മാർ ദിവാനിയോസിനോട് മലയാളത്തിലേക്ക് വേദപുസ്തകം വിവർത്തനം ചെയ്യുന്നതിനെപ്പറ്റി സംസാരിച്ചു. ഇതിന്റെ ഫലമായി മലയാളത്തിലേക്കു ബൈബിൾ വിവർത്തനം ആരംഭിച്ചു. എ.ഡി.1807-ൽ നാലു സുവിശേഷങ്ങൾ പൂർത്തിയാക്കി ബോംബെയിൽ അച്ചടിച്ചു കേരളത്തിൽ വിതരണം ചെയ്തു. തുടർന്നു ഈ നാലു സുവിശേഷങ്ങളുടെ പരിഭാഷയിൽ ഭേദഗതി ആവശ്യമാണെന്നും, വേദപുസ്തകം മുഴുവനായും മലയാളത്തിലേക്കു വിവർത്തനം ചെയ്തു കേരളത്തിൽ കോട്ടയത്തുതന്നെ അച്ചടിച്ചു പ്രസിദ്ധീകരിക്കണമെന്നും ബൈബിൾ സൊസൈറ്റി ആഗ്രഹിച്ചു തീരുമാനിച്ചു. ഇതിനായി സി.എം.എസ്സ് -ലെ വിദേശ മിഷനറിയായ ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ വിവർത്തനം ആരംഭിച്ചു. മറ്റൊരു വിദേശ മിഷനറിയായ ഹെർമ്മൻ ഗുണ്ടർട്ടാണ് മലയാള ഭാഷയ്ക്ക് വ്യാകരണം നൽകിയത്. മദ്രാസ് ബൈബിൾ സൊസൈറ്റിയുടെയും, ഭാഷാപണ്ഡിതന്മാരുടെയും, ദൈവമക്കളുടെയും സഹായം ബെയിലിക്കു ലഭിച്ചു. കോട്ടയത്തു ബെയിലി സ്ഥാപിച്ച സി.എം.എസ്സ്. പ്രസ്സിൽ നിന്നും 1829-ൽ മലയാളത്തിൽ പുതിയനിയമവും, 1835-ൽ പഴയനിയമവും, 1841-42-ൽ സമ്പൂർണ്ണ ബൈബിളും പ്രസിദ്ധീകരിച്ചു. മറ്റൊരു പ്രത്യേകത കേരളത്തിൽ സ്ഥാപിച്ച ഒരു പ്രിന്റിംഗ് പ്രസ്സിൽ നിന്നും ആദ്യമായി അച്ചടിച്ച പുസ്തകം വേദപുസ്തകമായിരുന്നു എന്നതാണ്.

## സെപ്റ്റുവജിന്റു പരിഭാഷ — (SEPTUAGINT TRANSLATION) —

എബ്രായ ഭാഷയിലെ പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനമാണ് സെപ്റ്റുവജിന്റു പരിഭാഷ. മഹാനായ അലക്സാണ്ടറുടെ യുദ്ധവിജയങ്ങൾ ഗ്രീക്കു ഭാഷയുടെ പ്രചാരണത്തിനു വഴിതെളിച്ചു. ഗ്രീക്കുഭാഷ സംസാരിക്കുന്ന വലിയൊരു കൂട്ടം യഹൂദന്മാർ പാലസ്തീനിൽ നിന്നും ഈജിപ്റ്റിലേക്കു കുടിയേറിപ്പാർത്തു. അങ്ങനെ ഈജിപറ്റിലെ അലക്സാണ്ടറിയാ പട്ടണം യഹൂദന്മാർ തിങ്ങിപ്പാർക്കുന്ന കേന്ദ്രമായിത്തീർന്നു. എബ്രായഭാഷയിലെ പഴയനിയമം ഗ്രീക്കിലേക്കു വിവർത്തനം ചെയ്തു ലഭിച്ചാൽ നന്നായിരുന്നുവെന്നു ഇവർ ആഗ്രഹിച്ചു. അന്നു ഈജിപ്റ്റു ഭരിച്ചിരുന്ന ടോളമി ഫിലാദെൽഫസ് ഗ്രീക്കു ഭാഷ സംസാരിച്ചിരുന്നവർക്കായി എബ്രായഭാഷയിലെ പഴയനിയമം ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുവാൻ നടപടി എടുത്തു. എബ്രായപഴയനിയമം ഗ്രീക്കിലേക്കു പരിഭാഷപ്പെടുത്തുവാനായി എബ്രായ ഗ്രീക്കു ഭാഷകളിൽ പ്രാവീണ്യമുള്ള 72 യഹൂദാപണ്ഡിതന്മാരെ യെരുശലേമിൽ നിന്നും രാജാവു വരുത്തി. ഇവരിൽ 70 പേർ 70 ദിവസം കൊണ്ട് ആദ്യം മോശെയുടെ ഒറ്റ പുസ്തകമായ ന്യായപ്രമാണപുസ്തകം പരിഭാഷപ്പെടുത്തി, അഞ്ചു പുസ്തകമായി ക്രമപ്പെടുത്തി. ഈ പരിഭാഷെക്ക് ലത്തീൻഭാഷയിൽ 70 എന്നർത്ഥമുള്ള "സെപ്റ്റുവജിന്റു" എന്നു പേരു ലഭിച്ചു. തുടർന്നു പഴയനിയമം മുഴുവനും ഗ്രീക്കിലേക്കു വിവർത്തനം ചെയ്തു. വിഷയക്രമത്തിന്റെയും, ചുരുളുകളുടെ എണ്ണമനുസരിച്ചും 22 പുസ്കത്തെ 39 പുസ്തകമായി ഇവർ ക്രമപ്പെടുത്തി. യേശുക്രിസ്തുവിന്റെ കാലത്തു പ്രചാരത്തിലുണ്ടായിരുന്ന പഴയനിയമം സെപ്റ്റുവജിന്റു വിവർത്തനമായിരുന്നു. പുതിയനിയമത്തിലെ ഉദ്ധരണികൾ

ഈ പരിഭാഷയിൽ നിന്നെടുത്തിട്ടുള്ളതാണ്.

## കാനോൻ എന്നാലെന്ത് ? (CANON) —

കാനോൻ (CANON) എന്ന പദം ഗ്രീക്കു ഭാഷയിൽ നിന്നും വന്നിട്ടുള്ളതാണ്. എബ്രായ ഭാഷയിൽ ക്വാനാ (Qaneh) എന്നും ഗ്രീക്കിൽ കാനോൻ (Kanon) എന്നും പറയുന്നു. മൂലഭാഷയിൽ ഇത് അളവുകോൽ ഉണ്ടാക്കുന്ന ഞാങ്ങണ അഥവാ ഈറയോടു (reed) ബന്ധപ്പെട്ടിരിക്കുന്നു.

ഈ വാക്കിന്റെ അർത്ഥം —

(1) അടിസ്ഥാനപ്രമാണം

(2) മാനദണ്ഡം

(3) അളവുകോൽ.

തിരുവചനത്തിൽ വിവിധ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു —

(1) യെഹെ.40:3 — ചണച്ചരടും അളവുദണ്ഡും

(2) യെഹെ.42:16 — ദണ്ഡു

(3) ഗലാ.6:16 — പ്രമാണം.

സാഹിത്യത്തിൽ ഒരു എഴുത്തുകാരന്റെ കൃതിയെ അയാളുടെ കാനോൻ എന്നു പറയുന്നു. ഉദാ: സോക്രട്ടീസിന്റെ കാനോൻ എന്നു പറഞ്ഞാൽ അദ്ദേഹം എഴുതിയതായി അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ പട്ടിക എന്നർത്ഥം.

ദൈവശാസ്ത്രത്തിൽ തിരുവെഴുത്തുകളെ ബന്ധപ്പെടുത്തി, അതിന്റെ അംഗീകാരത്തിനുപ യോഗിച്ച പ്രമാണങ്ങളെയാണ് കാനോൻ എന്ന പദം കാണിക്കുന്നത്. പഴയനിയമം, പുതിയനിയമം എന്നിവ തയ്യാറാക്കിയപ്പോൾ നിരവധി എഴുത്തുകാരുടെ ലേഖനങ്ങളും, ചരിത്രങ്ങളും, പുസ്തകങ്ങളും നിലവിൽ ഉണ്ടായിരുന്നു. അപ്പോൾ ഏതെല്ലാം പുസ്തകങ്ങൾ ചേർത്തു ബൈബിൾ ക്രമീകരിക്കണ മെന്നതിന്നു ഉപയോഗിച്ച മാനദണ്ഡം അഥവാ അളവുകോൽ ആണ് കാനോൻ.

ദൈവവചനമായ ബൈബിളിന്റെ ഉറവിടം ദൈവമാണെന്നും, മനുഷ്യർ പരിശുദ്ധാത്മസഹായ ത്താൽ എഴുതിയതാണെന്നും ബോദ്ധ്യം വന്ന എഴുത്തുകളെ കാനോനിൽ ഉൾപ്പെടുത്തി. സഭാപിതാ ക്കന്മാർ ഏകമനസ്സോടെ ദൈവാത്മാവിനു കീഴ്പ്പെട്ടു തീരുമാനിച്ചുറപ്പിച്ച കാനോൻ പ്രകാരം ബൈബിളിലെ പുസ്തകങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു.

## അപ്പൊക്രീഫാ (APOCRYPHA) —

അപ്പൊക്രീഫാ എന്ന വാക്കിന് മറഞ്ഞിരിക്കുന്നത്, മൂടപ്പെട്ടത്, ഗോപ്യമായത് (hidden/ concealed) എന്നൊക്കെ അർത്ഥം. പൊതുവേ *'കാനോനികമല്ലാത്തവ'* എന്ന അർത്ഥമാണ് ഇതിനു ള്ളത്. അതായതു കാനോനികമല്ലാത്ത എഴുത്തുകൾ തിരുവചനത്തിന്റെ കൂടെ ഉൾപ്പെടുത്തി പ്രസിദ്ധീ കരിച്ചിരിക്കുന്നവയെയാണ് ഇന്നു അപ്പൊക്രീഫാ എന്ന പേരിൽ അറിയപ്പെടുന്നത്. അപ്പൊക്രീഫാ എന്ന വാക്കിനു മലയാളത്തിൽ **"ഗുപ്തഗ്രന്ഥങ്ങൾ"** എന്നു പറയാം. ബൈബിൾ ലാറ്റിൻഭാഷയിലേക്കു വിവർത്തനം ചെയ്ത ജെറോം ആണ് കാനോനികമല്ലാത്ത ഗ്രന്ഥങ്ങൾക്കു 'അപ്പൊക്രീഫാ' എന്ന പേരു നൽകിയത്.

റോമൻ കത്തോലിക്കസഭയുടെ ബൈബിൾ പ്രസിദ്ധീകരണ വിഭാഗമാ **"പാസ്റ്ററൽ ഓറിയന്റേ ഷൻ സെന്റർ"** ( Pastoral Orienation Centre) -- (POC) തയ്യാർ ചെയ്ത വേദപുസ്തകത്തിൽ 66 പുസ്തകങ്ങൾക്കു പകരം 73 പുസ്തകങ്ങൾ കാണാം. അധികമായി ചേർത്തിരിക്കുന്ന 7 പുസ്തക ങ്ങളും പഴയനിയമഭാഗത്തുള്ളവയാണ്. ഈ പുസ്തകങ്ങളെയാണ് അപ്പൊക്രീഫാ പുസ്തകങ്ങൾ എന്നു വിളിച്ചു വരുന്നത്. (1) തോബിത്ത് (2) ജൂഡിത്ത് (3) 1.മക്കാബ്യർ (4) 2.മക്കാബ്യർ (5) ശലോമോന്റെ വിജ്ഞാനം (6) പ്രഭാഷകൻ (7) ബാരൂക്ക് എന്നിവയാണിവ. പുതിയനിയമ അപ്പൊക്രീഫാ പുസ്തക ങ്ങളും ഉണ്ട്. എന്നാൽ പഴയനിയമ അപ്പൊക്രീഫാ മാത്രമേ അവരുടെ വേദപുസ്തകത്തിൽ ചേർത്തി ട്ടുള്ളു. ആയതിനാൽ അപ്പൊക്രീഫാ പുസ്തകങ്ങൾ എന്നു പറയുമ്പോൾ പഴയനിയമ അപ്പൊക്രീഫാ പുസ്തകങ്ങളാണ് ഉൾപ്പെടുന്നത്.

## അപ്പൊക്രീഫാ പുസ്തങ്ങളുടെ പ്രത്യേകതകൾ :

(1) പഴയനിയമ, പുതിയനിയമ പുസ്തകങ്ങൾ പൂർത്തിയായ ശേഷം ചേർക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളാണി വ.

(2) തെറ്റായ ഉപദേശങ്ങൾ പ്രതിപാദിക്കുന്നവയാണിത്. ബൈബിളിലെ 66 പുസ്തകങ്ങളിൽ അടങ്ങിയി രിക്കുന്ന എഴുത്തുകൾക്കെതിരായുള്ള ഉപദേശങ്ങൾ ഇവയിൽ ചേർത്തിരിക്കുന്നു. ഉദാഹരണമായി മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, സൽകർമ്മങ്ങളിലൂടെ പാപമോചനം, ആത്മഹത്യയെ ന്യായീക രിക്കുക, മരിച്ച വിശുദ്ധന്മാരിലൂടെ പ്രാർത്ഥിക്കുക എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.

(3) പഴയനിയമത്തോടു ബന്ധപ്പെട്ടുതന്നെ ഏകദേശം 14 അപ്പൊക്രീഫാ പുസ്തകങ്ങൾ ഉണ്ടായിരു ന്നിട്ടും കർത്താവോ, അപ്പൊസ്തന്മാരോ പുതിയനിയമത്തിൽ അപ്പൊക്രീഫായിലെ വാക്യങ്ങൾ ഉദ്ധ രിച്ചിട്ടില്ല.

(4) അപ്പൊക്രീഫാപുസ്തകങ്ങൾക്കു ചരിത്രപരമായ സ്ഥാനമുണ്ടെങ്കിലും ദൈവശ്വാസീയവും, പരി ശുദ്ധാത്മനിവേശിതവും എന്നു പറയുവാൻ സാധിക്കുകയില്ല.

(5) അപ്പൊക്രീഫാ പുസ്തകങ്ങളിൽ ദൈവസ്വഭാവവും, പ്രവാചകശക്തിയും കാണുന്നില്ല. സാധാരണ കഥാപുസ്തകങ്ങൾക്കും, നോവലുകൾക്കും സമാനമായ വിശദീകരണ ശൈലിയിൽ ഇവ എഴുതപ്പെ ട്ടിരിക്കുന്നു.

## അപ്പൊക്രീഫാ എഴുതിയ കാലവും, ഭാഷയും, എഴുത്തുകാരും —

**കാലം** : ഏകദേശം ബി.സി. 200-നും എ.ഡി.70 -നും മദ്ധ്യേ എഴുതി എന്നു കരു തപ്പെടുന്നു.

**എഴുത്തുകാർ** : എഴുത്തുകാരുടെ കാര്യത്തിൽ ഭിന്നാഭിപ്രായമാണുള്ളത്. പലതിന്റെയും എഴു ത്തുകാർ ആരെന്നു വ്യക്തമായി അറിയുകയില്ല. അലക്സന്ത്രിയക്കാരായ യഹൂദന്മാരാണ് എഴുതിയ തെന്നു കരുതുന്നു. എന്നാൽ മക്കാബ്യർ, സഭാപ്രസംഗി എന്നീ അപ്പൊക്രീഫാ പുസ്തകങ്ങൾ പാല സ്റ്റീനിലുള്ള യഹൂദന്മാർ എഴുതി എന്നും പറയപ്പെടുന്നു.

**ഭാഷ** : ഗ്രീക്കു ഭാഷയിലാണ് എഴുതിയിരിക്കുന്നതെന്നു പറയപ്പെടുന്നു. മലാഖി കഴിഞ്ഞു യേശുക്രിസ്തുവിന്റെ വരവുവരെയുള്ള നിശബ്ദകാലഘട്ടം എന്നറിയപ്പെടുന്ന സമയത്ത് അനേക കൃതി കൾ ഉണ്ടായ കൂട്ടത്തിൽ ഉള്ളതാണ് ഈ പുസ്തകങ്ങൾ എന്നു പൊതുവേ കരുതുന്നു.

എ.ഡി.1546 -ൽ ട്രെന്റുസുന്നഹദോസിലെ (കൗൺസിലിൽ) ആലോചനയ്ക്കുശേഷം അപ്പൊ ക്രിഫാ പുസ്തകങ്ങളെ ആധികാരികവും, കാനോനികവും ആയി അംഗീകരിച്ചു പി.ഒ.സി. ബൈബി ളിൽ ഉൾപ്പെടുത്തി. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പാപപരിഹാര കർമ്മങ്ങൾ, ബലികൾ, പൂജ കൾ ഒക്കെ നിലനിർത്തിക്കൊണ്ടുപോകണമെങ്കിൽ ദുരുപദേശം അടങ്ങിയ അപ്പൊക്രീഫാ അവർക്കു ഉൾപ്പെടുത്തിയേ മതിയാകൂ. ദുരുപദേശങ്ങളിലേക്കു നയിക്കപ്പെടാതിരിപ്പാൻ നമുക്കു ശ്രദ്ധയോടിരി ക്കാം. ദൈവവചനത്തോടു യാതൊന്നും കൂട്ടിചേർക്കുവാനോ, മാറ്റം വരുത്തുവാനോ പാടില്ല. (ആവ.4:2 /സദൃ.30:6/വെളി.22:18,19). യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു വിപരീതമായ ഉപദേശം രേഖപ്പെടു ത്തിയിരിക്കുന്ന അപ്പൊക്രീഫാ, സത്യവേദപുസ്തകത്തോടു ചേർക്കുന്നത് ഉചിതമല്ല.

## ബൈബിൾ എന്ന പേരിന്റെ ഉത്ഭവം —

BIBLE എന്ന പേരിന്റെ ഉത്ഭവം ബിബ്ളോസ് (biblos), ബിബ്ളിയോൺ (biblion) എന്നീ രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. ബിബ്ളോസ് എന്ന ഗ്രീക്കു പദത്തിനർത്ഥം പുസ്തകം (books)അഥവാ എഴുത്തുകൾ (writings) എന്നാണ്. പാപ്പിറസ്സു (Papyrus) ചെടിയിൽ നിന്നും രൂപപ്പെ ടുത്തി എടുത്തിട്ടുള്ള ചുരുളുകളാണ് പ്രാചീനകാലത്തു എഴുതുവാൻ ഉപയോഗിച്ചിരുന്നത്. ഈ പാപ്പി റസ്സു ചുരുളുകളെ ബിബ്ളോസ് ( biblos) അഥവാ പുസ്തകങ്ങൾ (the books) എന്നു ഫ്രഞ്ചുഭാഷ യിൽ അറിയപ്പെട്ടിരുന്നു. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ തിരുവെഴുത്തുകൾക്ക് റ്റാബിബ്ളിയാ (TA BIBLIA) എന്നു പേരു വിളിച്ചിരുന്നതായി സഭാചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. വേദപുസ്തകം ഇംഗ്ളീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ വിക്ളിഫ് (Wycliffe), വേദപുസ്തകത്തിനു ബൈബിൾ (Bible) എന്നു നാമകരണം ചെയ്തിരുന്നതായും കാണുന്നു.

ബൈബിൾ (BIBLE) എന്നതിലുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് രണ്ടു ദൈവദാസന്മാർ ഇപ്രകാരം നിർവ്വചനം നൽകിയിരിക്കുന്നു

> I

| | | | |
|---|---|---|---|
| BIBLE —> | B | --- | BLESSED |
| | I | --- | INFORMATIONS |
| | B | --- | BRINGING |
| | L | --- | LIFE |
| | E | --- | ETERNAL |

**"നിത്യജീവനിലേക്ക് നയിക്കുന്ന അനുഗ്രഹസന്ദേശങ്ങൾ."**

> II

| | | | |
|---|---|---|---|
| BIBLE —> | B | --- | BASIC |
| | I | --- | INFORMATIONS |
| | B | --- | BEFORE |
| | L | --- | LEAVING |
| | E | --- | EARTH |

**"ഭൂമിയിൽ നിന്നു പോകുന്നതിനു മുമ്പു അറിഞ്ഞിരിക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ."**

## ബൈബിൾ എഴുതിയിരുന്ന ഭാഷ —

**പഴയനിയമം** എബ്രായഭാഷയിലും **പുതിയനിയമം** ഗ്രീക്കുഭാഷയിലുമാണ് എഴുതിയിരുന്നത്. മറ്റു ഭാഷകളായ അരാമ്യ, ഈജിപ്ഷ്യൻ ഭാഷകൾക്കും സ്വാധീനമുണ്ട്.

## ബൈബിളിന്റെ എഴുത്തുകാർ, കാലം, സ്ഥലം —

ഹോരേബിൽ വച്ച് സകലത്തിന്റെയും സൃഷ്ടികർത്താവായ, സർവ്വശക്തനായ യഹോവയാം ദൈവം തന്റെ തിരുവിരലുകളാൽ എഴുതി ബൈബിളിനു ആരംഭം കുറിച്ചു (പുറ. 24:12/31:18). തുടർന്നു മോശെ പഞ്ചഗ്രന്ഥങ്ങൾ (ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം), ദൈവം പറഞ്ഞ വാക്കുകളാൽ എഴുതി (പുറ.34:27). ദൈവീകവെളിപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ ദൈവദാസന്മാർ എഴുതി. 66 വ്യത്യസ്ഥപുസ്തകങ്ങൾ ആണെങ്കിലും അവ തമ്മിലുള്ള ഐക്യത നിമിത്തം **"തിരുവെഴുത്ത് "** എന്ന ഒററവാക്കിൽ വേദപുസ്തകത്തെ നാമകരണം ചെയ്യാം. ഏകദേശം ബി. സി.1500 മുതൽ എ.ഡി. 100 വരെയുള്ള (BC= Before Christ --- ക്രിസ്തുവിനു മുമ്പ് / AD = Anno Domini = In the year of our LORD —നമ്മുടെ കർത്താവിന്റെ വർഷം — ക്രിസ്തുവിനു ശേഷം) 1600 വർഷങ്ങൾ കൊണ്ടു നാൽപതോളം എഴുത്തുകാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ചു പരിശുദ്ധാത്മസഹായത്താൽ വിശുദ്ധബൈബിളിലെ പുസ്തകങ്ങൾ എഴുതി. വിവിധ പരിതസ്ഥിതികളിൽ, സംസ്കാരങ്ങളിൽ, വിഭിന്ന തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ് ഇതിലെ എഴുത്തുകാർ. രാജാക്കന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഗായകന്മാർ, മുക്കുവർ, വേദശാസ്ത്രികൾ, വൈദ്യൻ തുടങ്ങി ജീവിതത്തിലെ വിവിധ തുറകളിലുള്ളവർ എഴുത്തുകാരിൽ ഉൾപ്പെടുന്നു. ബൈബിൾ എഴുതപ്പെട്ട സ്ഥലങ്ങളും വിഭിന്നങ്ങളായിരുന്നു. സീനായ് മരുഭൂമി, പാലസ്റ്റീനിലെ മലകളും പട്ടണങ്ങളും, ദൈവാലയത്തിന്റെ പ്രാകാരം, പേർഷ്യൻ തലസ്ഥാനമായ ശൂശൻ, ബാബിലോണിലെ കേബാർ നദീതീരം, രാജകൊട്ടാരം, റോമിലെ കാരാഗൃഹം, കരിമ്പാറകൂട്ടങ്ങളാൽ നിബിഡവും ഏകാന്തവുമായ പത്മൊസ്ദ്വീപ് ഒക്കെ ഇതിൽ ഉൾപ്പെടുന്നു. വെട്ടുകുഴിയിൽ വെച്ചുതന്നേ കുറവുതീർത്ത കല്ലുകൊണ്ടു (ശലോമോൻ) ആലയം പണിതതിനാൽ അതു പണിയുന്ന സമയത്തു ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു എന്നു 1.രാജാ.6:7-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതുപോലെ ഇന്നും യാതൊരു തിരുത്തലും ആവശ്യമില്ലാതെ ദൈവിക തിരുവചനമായ

ബൈബിൾ മാറ്റമില്ലാത്തതായി പരിലസിക്കുന്നു. പരസ്പരധാരണയോ, ബന്ധമോ ഇല്ലാതെ നാൽപ തോളം എഴുത്തുകാർ, വിവിധ സ്ഥലങ്ങളിൽ വെച്ചു എഴുതിത്തീർത്ത 66 പുസ്തകങ്ങളുടെ ഒരു കൂട്ട മാണ് (bunch) ബൈബിൾ. അവസാനഎഴുത്തുകാരൻ ജനിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പുതന്നെ ആദ്യഎഴുത്തുകാരൻ അന്തരിച്ചിരുന്നു. എന്നിട്ടും ഒരു എഴുത്തുകാരന്റെ കൃതി എന്നപോലെ അന്യൂനമായിരിക്കുന്നതിന്റെ കാരണം ദൈവാത്മാവാണ് എഴുത്തുകാരെ ഒരുക്കിയതും, ദൈവീകഅരു ളപ്പാടുകളാണ് അവർ എഴുതിയതും എന്നതാണ്. ഇതു **"യഹോവയുടെ പുസ്തകം"** ആണെന്നു യെശയ്യാവു. 34:16-ൽ കാണുന്നു. ബൈബിളിലെ എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയവും, പരി ശുദ്ധാത്മപ്രേരണയാൽ എഴുതപ്പെട്ടിട്ടുള്ളതുമാണ് (2.തിമൊ.3:16/2.പത്രൊ.1:21).

## ബൈബിളിലെ മുഖ്യപ്രമേയം —

ബൈബിളിലെ മുഖ്യപ്രമേയം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലൂടെയാണ് ദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാട് മനുഷ്യവർഗ്ഗത്തിനു ലഭിച്ചിരിക്കുന്നത് (എബ്രാ.1:1-4). ലോകരക്ഷിതാവും ദൈവ വുമായ യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി ജനിക്കും എന്നു പ്രവാചകന്മാർ പ്രവചിച്ചതുമുതൽ യേശുക്രിസ്തു തന്നേ തന്റെ രണ്ടാം വരവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാവികാര്യങ്ങൾ ഉൾപ്പെടെ യുള്ളവ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാപം മൂലം ദൈവസന്നിധിയിൽ നിന്നും അകന്നു പോയ മനുഷ്യവർഗ്ഗത്തിനു യേശുക്രിസ്തുവിലൂടെ പാപമോചനവും, വീണ്ടെടുപ്പും, നീതീകരണവും ലഭിച്ചു ഭാവിപ്രത്യാശയും, സ്വർഗ്ഗീയ അനുഗ്രഹങ്ങളും പങ്കിടുന്നതും വിശദീകരിച്ചിരിക്കുന്നു. യേശു ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുന്നവർക്കു നിത്യജീവനും സ്വർഗ്ഗഭാഗ്യവും ഒരുക്കിയിരിക്കു മ്പോൾ സുവിശേഷത്തിൽ വിശ്വസിക്കാതെ മറുതലിക്കുന്നവർക്കു നിത്യമരണവും നിത്യനരകവും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭൂതം ഭാവി വർത്തമാനകാലങ്ങളിൽ മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളെ ബൈബിൾ വിശദീകരിക്കുന്നു.

## ബൈബിളിന്റെ പ്രത്യേകത —

ലോകത്തെയും ലോകജനതയെയും ഇത്രയേറെ സ്വാധീനിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥമില്ല. ബൈബിൾചരിത്രത്തെയും അതിലടങ്ങിയിരിക്കുന്ന ദൂതുകളെയും മനസ്സിലാക്കാതെ ലോകജനതയെയും അവരുടെ സംസ്കാരത്തെയും പറ്റി മനസ്സിലാക്കുവാനും പ്രയാസമാണ്. തിരുവെഴുത്തു ദൈവശ്വാ സീയമാകയാൽ ഇതൊരു ആധികാരികഗ്രന്ഥമായി എടുക്കാം. ലോകത്തിൽ ഏറ്റവും കൂടുതൽ വില്പനയുള്ള പുസ്തകം, ഏറ്റവും കൂടുതൽ ഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയ പുസ്തകം, ഏറ്റവും അധികം അച്ചടിക്കപ്പെടുന്ന പുസ്തകം എന്നീ നിലകളിലും ബൈബിൾ മുന്നിലാണ്. ബൈബിളിലെ ഓരോ പുസ്തകത്തെക്കുറിച്ചും, അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെക്കുറിച്ചും എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളും എണ്ണമറ്റതാണ്. ഇത്രയേറെ പരാമർശി ക്കപ്പെടുകയും, എഴുതപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന മറ്റൊരു ഗ്രന്ഥവും ഇല്ല. ഇതിന്റെ എഴുത്തുകാരായ ദൈവദാസന്മാർ, പരിഭാഷപ്പെടുത്തിയവർ, അച്ചടിച്ചവർ, വിതരണം ചെയ്തവർ, ആശയം പങ്കുവെച്ചവർ എന്നിങ്ങനെ ഈ ഗ്രന്ഥത്തോടു ബന്ധപ്പെട്ടവർ ക്രൂരമായി പീഡി പ്പിക്കപ്പെടുകയും രക്തസാക്ഷിമരണം കൈവരിക്കപ്പെടുകയും ചെയ്ത വിവരങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണകർത്താക്കൾ ഈ ഗ്രന്ഥത്തെ ഭൂമിയിൽ നിന്നു ഉന്മൂലനം ചെയ്യുവാൻ തീയ്ക്കു ഇരയാക്കിയിട്ടുണ്ട്. സകലവിധ എതിർപ്പുകളെയും അതിജീവിച്ച് പ്രാധാന്യത്തോടെ നിൽക്കുന്നത് ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്.

## ബൈബിളിന്റെ പ്രാധാന്യം:

(1) ദൈവിക വിശ്വാസത്തിന്റെ ആധാരം
(2) ദൈവം മനുഷ്യനോട് സംസാരിക്കുന്ന മാദ്ധ്യമം
(3) മനുഷ്യന് ദൈവത്തെ അറിയുവാനുള്ള മാദ്ധ്യമം
(4) മാറ്റമില്ലാത്തതും, ദൈവശ്വാസീയവും (2 തിമോ. 3:16)
(5) മനുഷ്യന്റെ രക്ഷയും,വീണ്ടെടുപ്പും, നിത്യജീവനും രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥം
(6) രക്ഷയ്ക്കുള്ള ദൈവശക്തിയായ സുവിശേഷം അടങ്ങിയിരിക്കുന്നു (റോമ.1:16,17)
(7) രക്ഷ പ്രാപിപ്പാനുള്ള ജ്ഞാനം ലഭിക്കുന്നു (2.തിമൊ.3:14)

(8) വിശ്വാസജീവിതത്തിലെ ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനുമുള്ള കാര്യങ്ങൾ അടങ്ങിയിരിക്കുന്നു (2.തിമൊ.3:17)

(9) വിശ്വാസികൾക്കു ഭാവിപ്രത്യാശ നൽകുന്നു (റോമ.15:4)

(10) ദൈനംദിനജീവിതത്തിനു മാർഗ്ഗനിർദ്ദേശം ലഭിക്കുന്നു (സങ്കീ.119:105/യോശു.1:8)

## ബൈബിൾ ഒററനോട്ടത്തിൽ —

ബൈബിൾ ഒരു പുസ്തകം എന്നു കരുതാമെങ്കിലും വ്യത്യസ്ഥങ്ങളായ 66 പുസ്തകങ്ങൾ അടങ്ങിയ ഏക ഗ്രന്ഥമാണ്. 66 പുസ്തകങ്ങളിൽ, പഴയനിയമത്തിൽ-39, പുതിയനിയമത്തിൽ - 27

ആകെ അദ്ധ്യായങ്ങൾ : 1189 (OT 929, NT 260 )
ആകെ വാക്യങ്ങൾ : 31077 ( OT 23128, NT 7949 )
ബൈബിളിലെ ഏററവും വലിയ പുസ്തകം : സങ്കീർത്തനങ്ങൾ
ബൈബിളിലെ ഏററവും ചെറിയ അദ്ധ്യായം : സങ്കീ. 117
ബൈബിളിലെ വലിയ അദ്ധ്യായം : സങ്കീ. 119
ബൈബിളിലെ മദ്ധ്യവാക്യം : സങ്കീ. 118:8
ബൈബിളിലെ ഏററവും വലിയപേര് : യെശ. 8:1
ബൈബിളിലെ വലിയ വാക്യം : എസ്ഥേർ. 8:9
ബൈബിളിലെ ചെറിയ വാക്യം : യോഹ.11:35 (ഇംഗ്ളീഷ്), പുറ. 20:15 (മലയാളം)
ഒരു അദ്ധ്യായം മാത്രമുള്ള പുസ്തകങ്ങൾ : 5 എണ്ണം — ഓബദ്യാവു, ഫിലേമോൻ, 2.യോഹന്നാൻ, 3.യോഹന്നാൻ, യൂദാ
രണ്ടു അദ്ധ്യായങ്ങളുള്ള പുസ്തകങ്ങൾ : 1 എണ്ണം— ഹഗ്ഗായി
മൂന്നു അദ്ധ്യായങ്ങളുള്ള പുസ്തകങ്ങൾ : 7 എണ്ണം — യോവേൽ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, 2.തെസ്സലൊനിക്ക്യർ, തീത്തൊസ്, 2.പത്രൊസ്
നാല് അദ്ധ്യായങ്ങളുള്ള പുസ്തകങ്ങൾ : 6 എണ്ണം — രൂത്ത്, യോനാ, മലാഖി, കൊലൊസ്യർ, ഫിലിപ്പിയർ, 2.തിമൊഥെയൊസ്
അഞ്ച് അദ്ധ്യായങ്ങളുള്ള പുസ്തകങ്ങൾ : 5 എണ്ണം—വിലാപങ്ങൾ, 1. തെസ്സലൊനിക്യർ, യാക്കോബ്, 1.പത്രൊസ്, 1.യോഹന്നാൻ.

## വേദപുസ്തക സംഗ്രഹം (ബൈബിൾ സർവ്വേ) എന്നാലെന്ത്?

ദൈവവചനം മാററമില്ലാത്തതായി എന്നേക്കും സ്ഥിരമായിരിക്കുന്നു. ദൈവശ്വാസീയമായ ഈ വചനം 66 പുസ്തകങ്ങളായി ബൈബിൾ എന്ന നിലയിൽ നമുക്കു ലഭിച്ചിരിക്കുന്നു. ഇതിലെ ഓരോ പുസ്തകത്തെയും കുറിച്ചുള്ള പഠനമാണ് ബൈബിൾ സംഗ്രഹം (BIBLE SURVEY). പുസ്തകത്തിന്റെ പേര്, ഗ്രന്ഥകാരൻ, എഴുതിയകാലം, എഴുതിയസ്ഥലം, പശ്ചാത്തലം, പ്രധാന അദ്ധ്യായം, മർമ്മപദം, താക്കോൽ വാക്യം, ഉദ്ദേശ്യം, ദൂത്, അദ്ധ്യായങ്ങളുടെ വിഭജനം, കേന്ദ്രവിഷയമായ യേശുക്രിസ്തുവിന്റെ സ്ഥാനം എന്നിവ ഇതിലുൾപ്പെടുന്നു. ബൈബിളിലെ 66 പുസ്തകങ്ങളിലും യേശുക്രിസ്തുവിനെ ദർശിക്കാം. അതായത് കർത്താവായ യേശുക്രിസ്തുവിൽ കൂടെയുള്ള വീണ്ടെടുപ്പിന്റെ പ്രവൃത്തികളും ശുശ്രൂഷകളും ഉല്പത്തി മുതൽ വെളിപ്പാടു വരെയുള്ള പുസ്തകങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

## പഴയനിയമം, പുതിയനിയമം എന്നാലെന്ത്? നിയമം എന്നു പറയുവാൻ കാരണമെന്ത്? —

ബൈബിളിനെ പഴയനിയമം (OLD TESTAMENT) എന്നും പുതിയയനിയമം (NEW TESTAMENT) എന്നും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനു മുമ്പുള്ള കാര്യങ്ങൾ പഴയനിയമത്തിൽ അടങ്ങിയിരിക്കുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ വരവിനു ശേഷമുള്ള കാര്യങ്ങൾ പുതിയനിയമത്തിൽ അടങ്ങിയിരിക്കുന്നു. പഴയനിയമവും പുതിയനിയമവും ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയെ വ്യക്തമാക്കുന്നു.

നിയമം എന്ന വാക്കിനു ഗ്രീക്കു ഭാഷയിൽ ഡയത്തെക്കേ (DIATHEKE) എന്നും, ലാറ്റിൻ ഭാഷയിൽ റ്റെസ്റ്റാമെന്റും (TESTAMENTUM) എന്നും ഇംഗ്ളീഷിൽ റ്റെസ്റ്റമെന്റ് (TESTAMENT) എന്നും പറയുന്നു. ഈ വാക്കിനർത്ഥം *ഉടമ്പടി* (Covenant) എന്നാണ്. മോശെ മുഖാന്തരം ദൈവം യിസ്രായേലിനോട് ചെയ്ത ഉടമ്പടിയാണ് പഴയനിയമം. യേശുക്രിസ്തു മുഖാന്തരം ദൈവം സകല മാനവജാതികളോടും ചെയ്ത ഉടമ്പടിയാണ് പുതിയനിയമം. രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടി ആയതിനാൽ നിയമം എന്നു പറയുന്നു. — **യോഹ.1:17 —** *"ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു."*

## ബൈബിളിൽ തിരുവചനത്തെ കുറിക്കുന്ന പേരുകൾ —

1. തിരുവെഴുത്ത് - മർക്കൊ.15:28/യോഹ.5:39/യോഹ.7:38/ലൂക്കൊ.24:27,32/2.തിമൊ.3:16,17
2. അരുളപ്പാടുകൾ - റോമ.3:2/എബ്രാ.5:12/1.പത്രൊ.4:11
3. വിശുദ്ധ തിരുവെഴുത്ത് - റോമ.1:2 /2.തിമൊ3:15
4. ജീവനുള്ള അരുളപ്പാടുകൾ - അപ്പൊ.7:38
5. മോശെയുടെ ന്യായപ്രമാണങ്ങൾ, പ്രവാചകങ്ങൾ, സങ്കീർത്തനങ്ങൾ- ലൂക്കൊ.24:44
6. യഹോവയുടെ പുസ്തകം - യെശ.34:16
7. യഹോവയുടെ ന്യായപ്രമാണം - സങ്കീ.1:2
8. ആത്മാവിന്റെ വാൾ -എഫെ.6:17
9. പഴയപുതിയ നിയമങ്ങൾ - ലൂക്കൊ.22:20/ കൊരി.3:6-15
10. സത്യഗ്രന്ഥം - ദാനീ.10:21
11. ദൈവവചനം - മർക്കൊ.7:13/ റോമ.10:17/ എബ്രാ.4:12
12. ക്രിസ്തുവിന്റെ വചനം - കൊലൊ.3:16
13. ജീവന്റെ വചനം - ഫിലി.2:15 / 1.യോഹ.1:2
14. സത്യവചനം - 2.തിമൊ.2:15

## ദൈവവചനത്തെക്കുറിച്ചു ഉപയോഗിച്ചിരിക്കുന്ന പ്രതിരൂപങ്ങൾ —

1. ഇരുവായ്തലയുള്ള വാൾ - എബ്രാ.4:12
2. ആത്മാവിന്റെ വാൾ - എഫെ.6:17
3. തീ - യിരെ.23:29/ യിരെ.20:9/ലൂക്കൊ.24:32
4. ചുറ്റിക - യിരെ.23:29
5. ശുദ്ധീകരിക്കുന്ന ജലം- എഫെ.5:26
6. ദീപം - സദൃ.6:23/ സങ്കീ.119:05/2.പത്രൊ.1:19
7. കണ്ണാടി - 2.കൊരി.3:18/ യാക്കോ.1:23
8. വിത്ത് - യെശ.55:10/1.പത്രൊ.1:23/യാക്കോ.1:18/മത്താ.13:18-23
9. പ്രതികാരത്തിന്റെ വില്ല് - ഹബ.3:9
10. ആഹാരം - മത്താ.4:4
11. പാൽ - 1.പത്രൊ.2:1,2
12. കട്ടിയായ ആഹാരം - എബ്രാ.5:11--14/ 1.പത്രൊ.2:1,2
13. മഴയും ഹിമവും പോലെ - യെശ.55:10,11
14. തേനിലും തേൻ കട്ടയിലും മധുരമുള്ളവ - സങ്കീ.19:10
15. പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ - സങ്കീ.19:10

## ബൈബിൾ വിഭജനം:

പഴയനിയമം (OLD TESTAMENT)

പുതിയനിയമം (NEW TESTAMENT)

**പഴയനിയമം: 39**

(1) നിയമഗ്രന്ഥങ്ങൾ (Law) — 5 എണ്ണം

(2) ചരിത്രഗ്രന്ഥങ്ങൾ (History) — 12 എണ്ണം

(3) കാവ്യഗ്രന്ഥങ്ങൾ (Poetry) — 5 എണ്ണം

(4) പ്രവചനഗ്രന്ഥങ്ങൾ (Prophecy) —17 എണ്ണം

**(1) നിയമഗ്രന്ഥങ്ങൾ : 5** (ന്യായപ്രമാണപുസ്തകങ്ങൾ) (മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ)

(1) ഉല്പത്തി (GENESIS)

(2) പുറപ്പാടു (EXODUS)

(3) ലേവ്യപുസ്തകം (LEVITICUS)

(4) സംഖ്യാപുസ്തകം (NUMBERS)

(5) ആവർത്തനപുസ്തകം (DEUTERONOMY)

**(2) ചരിത്രഗ്രന്ഥങ്ങൾ: 12**

**ദൈവീകഭരണചരിത്രം:** (History under God's Rule)

(1) യോശുവ (JOSHUA)

(2) ന്യായാധിപന്മാർ(JUDGES)

(3) രൂത്ത് (RUTH)

**രാജകീയഭരണചരിത്രം:** (History under King's Rule)

(1) 1. ശമൂവേൽ (1. SAMUEL)

(2) 2. ശമൂവേൽ (2. SAMUEL)

(3) 1. രാജാക്കന്മാർ (1. KINGS)

(4) 2. രാജാക്കന്മാർ (2. KINGS)

(5) 1. ദിനവൃത്താന്തം (1.CHRONICLES)

(6) 2. ദിനവൃത്താന്തം (2. CHRONICLES)

**പ്രവാസകാലശേഷമുള്ള ചരിത്രം:** (History after Captivity)

(1) എസ്രാ (EZRA)

(2) നെഹെമ്യാവു (NEHEMIAH)

(3) എസ്ഥേർ (ESTHER)

**(3) കാവ്യഗ്രന്ഥങ്ങൾ: 5**

(1) ഇയ്യോബ് (JOB)

(2) സങ്കീർത്തനങ്ങൾ (PSALMS)

(3) സദൃശവാക്യങ്ങൾ (PROVERBS)

(4) സഭാപ്രസംഗി (ECCLESIASTES)

(5) ഉത്തമഗീതം (SONG OF SONGS)

**(4) പ്രവചനഗ്രന്ഥങ്ങൾ: 17**

(1) യെശയ്യാവു (ISAIAH) (2) യിരെമ്യാവു (JEREMIAH)

(3) വിലാപങ്ങൾ (LAMENTATIONS) (4) യെഹെസ്കേൽ (EZEKIEL)

(5) ദാനീയേൽ (DANIEL) (6) ഹോശേയ (HOSEA)

(7) യോവേൽ (JOEL) (8) ആമോസ് (AMOS)

(9) ഓബദ്യാവു (OBADIAH) (10) യോനാ(JONAH)
(11) മീഖാ(MICAH) (12) നഹൂം (NAHUM)
(13) ഹബക്കൂക് (HABAKKUK)
(14) സെഫന്യാവു(ZEPHANIAH) (15) ഹഗ്ഗായി (HAGGAI
(16) സെഖര്യാവു (ZECHARIAH) (17) മലാഖി (MALACHI)

## പുതിയ നിയമം:

(I) **സുവിശേഷങ്ങൾ** (Gospels)
(II) **ചരിത്രഗ്രന്ഥം (സഭാചരിത്രം)** (History)
(III) **ലേഖനങ്ങൾ** (Letters)
(IV) **പ്രവചനം** (Prophecy)

### (I) സുവിശേഷങ്ങൾ: (4)

(1) മത്തായി (MATTHEW)
(2) മർക്കൊസ് (MARK)
(3) ലൂക്കൊസ് (LUKE)
(4) യോഹന്നാൻ (JOHN)

### (II) ചരിത്രഗ്രന്ഥം: (1)

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ(ACTS OF THE APOSTLES)

### (III) ലേഖനങ്ങൾ: (21)

**സഭകൾക്ക് (9)**

(1) റോമർ (ROMANS)
(2) 1. കൊരിന്ത്യർ (1.CORINTHIANS)
(3) 2. കൊരിന്ത്യർ (2. CORINTHIANS)
(4) ഗലാത്യർ (GALATIANS)
(5) എഫെസ്യർ (EPHESIANS)
(6) ഫിലിപ്പിയർ (PHILIPPIANS)
(7) കൊലൊസ്സ്യർ (COLOSSIANS)
(8) 1. തെസ്സലൊനിക്യർ (1.THESSALONIANS)
(9) 2.തെസ്സലൊനിക്യർ (2.THESSALONIANS)

**വ്യക്തികൾക്ക് (4)**

(1) 1. തിമൊഥെയൊസ് (1.TIMOTHY)
(2) 2.തിമൊഥെയൊസ് (2.TIMOTHY)
(3) തീത്തൊസ് (TITUS)
(4)ഫിലേമോൻ (PHELEMON)

**പൊതുവിലുള്ളത് — (8)**

(1) എബ്രായർ (HEBREW) (2) യാക്കോബ് (JAMES)
(3) 1 പത്രൊസ് (1.PETER) (4) 2 പത്രൊസ് (2.PETER)
(5) 1 യോഹന്നാൻ (1.JOHN) (6) 2 യോഹന്നാൻ (2.JOHN)
(7) 3 േ യാഹന്നാൻ (3.JOHN) (8) യൂദാ (JUDE)

### (IV) പ്രവചനം: (1)

വെളിപ്പാട് (REVELATION)

## പഴയനിയമവും പുതിയനിയമവും ചേർത്തുള്ള വിഭജനം —

പഴയനിയമവും പുതിയനിയമവും ചേർന്നു 66 പുസ്തകങ്ങൾ അടങ്ങിയ ബൈബിളിനെ ആറായി തിരിക്കാം. (1) നിയമം (2) ചരിത്രം (3) കാവ്യം (4) പ്രവചനം (5) സുവിശേഷങ്ങൾ (6) എഴുത്തുകൾ

**(1) നിയമം (LAW) —** (ആകെ 5 എണ്ണം) പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ ഇതിലുൾപ്പെടുന്നു. ഇതിനെ പഞ്ചഗ്രന്ഥങ്ങൾ, ന്യായപ്രമാണപുസ്തകങ്ങൾ, നിയമഗ്രന്ഥങ്ങൾ എന്നീ പേരുകളിലും അറിയപ്പെടുന്നു. ദൈവജനത്തിന്റെ പ്രാരംഭചരിത്രവും, യിസ്രായേലിനു മോശെയിലൂടെ ദൈവം നൽകിയ ന്യായപ്രമാണവും ഉൾക്കൊള്ളുന്നു.

**(2) ചരിത്രം (HISTORY) —** (ആകെ 13 എണ്ണം)—പഴയനിയമത്തിൽ 12 ചരിത്രഗ്രന്ഥങ്ങളാണുള്ളത്. ഇവ പൊതുവേ യിസ്രായേലിന്റെ ചരിത്രമാണ്. പുതിയനിയമത്തിൽ അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന ചരിത്രഗ്രന്ഥത്തിൽ ആദ്യനൂറ്റാണ്ടിലെ സഭാചരിത്രം അടങ്ങിയിരിക്കുന്നു.

**(3) കാവ്യം (POETRY) —** (ആകെ 5 എണ്ണം) — പഴയനിയമത്തിലെ അഞ്ചു കാവ്യഗ്രന്ഥങ്ങൾ ഇതിലുൾപ്പെടുന്നു.

**(4) പ്രവചനം (PROPHECY) —** (ആകെ 18 എണ്ണം)—പഴയനിയമത്തിൽ 12 വലിയപ്രവാചകപുസ്തകങ്ങളും, 4 ചെറിയപ്രവാചകപുസ്തകങ്ങളും, വിലാപങ്ങളും ഉൾപ്പെടെ 17 പ്രവചനഗ്രന്ഥങ്ങൾ ഉണ്ട്. പുതിയനിയമത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട് പ്രവചനഗ്രന്ഥമാണ്.

**(5) സുവിശേഷങ്ങൾ (GOSPELS) —** (ആകെ 4 എണ്ണം)—പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിൽ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു.

**(6) എഴുത്തുകൾ (LETTERS) —** (ആകെ 21 എണ്ണം)—പുതിയനിയമത്തിൽ ഏറ്റവും അധികമായി കാണുന്നത് എഴുത്തുകൾ അഥവാ ലേഖനങ്ങളാണ്. ഇതിൽ 9 എണ്ണം സഭകൾക്കും, 4 എണ്ണം വ്യക്തികൾക്കും, 8 എണ്ണം പൊതുവിലുള്ളതുമാണ്.

## പഴയനിയമപ്രവചനങ്ങളും പ്രവാചകന്മാരും

യെശയ്യാവ് മുതൽ മലാഖി വരെയുള്ള 17 പ്രവചനഗ്രന്ഥങ്ങൾ യിസ്രായേൽ ജനതയുടെ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണ്. ഇവ എഴുതിയ 16 പ്രവാചകന്മാരിൽ യെശയ്യാവു, യിരെമ്യാവു, യെഹെസ്കേൽ, ദാനീയേൽ എന്നീ 4 പ്രവാചകന്മാരെ വലിയ പ്രവാചകന്മാരെന്നും, ഹോശേയാ, യോവേൽ, ആമോസ്, ഓബദ്യാവു, യോനാ, മീഖാ, നഹൂം, ഹബക്കൂക്ക്, സെഫന്യാവു, ഹഗ്ഗായി, സെഖര്യാവു, മലാഖി എന്നീ 12 പ്രവാചകന്മാരെ ചെറിയപ്രവാചകന്മാരെന്നും രണ്ടായി തരം തിരിക്കാം. വിലാപങ്ങൾ യിരെമ്യാവു എഴുതിയതിനാൽ വലിയപ്രവാചകന്മാരുടെ എഴുത്തിൽ ഉൾപ്പെടുന്നു.

16 പ്രവാചകന്മാരെ കൂടാതെ പഴയനിയമത്തിൽ മറ്റനേക പ്രവാചകന്മാരുമുണ്ട്. ഏലീയാവ്, എലീശാ, ഗാദ്, നാഥാൻ എന്നീ പ്രവാചകന്മാർ പ്രവചനങ്ങളൊന്നും എഴുതാത്തവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. യിസ്രായേൽരാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ വടക്കുള്ളതു യിസ്രായേൽ എന്നും തെക്കുള്ളതു യഹൂദാ എന്നും അറിയപ്പെട്ടു. കൂടാതെ യിസ്രായേൽ ജനത ദൈവകല്പനകൾ അനുസരിക്കാതെ പാപത്തിൽ ജീവിച്ചതിനാൽ അവർ പ്രവാസികളായി ജാതീയരാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ അടിമകളായി ജീവിക്കുവാൻ ദൈവം അനുവദിച്ചിട്ടുണ്ട്.

ആകയാൽ 17 പ്രവചനഗ്രന്ഥങ്ങളെഴുതിയ 16 പ്രവാചകന്മാരുടെ ശുശ്രൂഷ വിവിധ ആളുകളോടും പ്രവാസത്തോടും ബന്ധപ്പെട്ടുള്ളതും വിവിധ കാലയളവിൽ ഉള്ളതുമായിരുന്നു. അവരുടെ ശുശ്രൂഷകളെ നോക്കാം —

### (1) പ്രവാകന്മാരുടെ ശുശ്രൂഷ —

| പ്രവാചകൻ | ദേശവാസികൾ |
|---|---|
| യെശയ്യാവു | യഹൂദാ |
| യിരെമ്യാവു | യഹൂദാ |
| യെഹെസ്കേൽ | ബാബിലോൺ |
| ദാനീയേൽ | ബാബിലോൺ |
| ഹോശേയാ | യിസ്രായേൽ |
| യോവേൽ | യഹൂദാ |

| | |
|---|---|
| ആമോസ് | യിസ്രായേൽ |
| ഓബദ്യാവു | ഏദോം |
| യോനാ | നീനെവേ |
| മീഖാ | യഹൂദാ |
| നഹൂം | നീനെവേ |
| ഹബക്കൂക്ക് | യഹൂദാ |
| സെഫന്യാവു | യഹൂദാ |
| ഹഗ്ഗായി | യഹൂദാ |
| സെഖര്യാവു | യഹൂദാ |
| മലാഖി | യഹൂദാ |

**(2) പ്രവചനശുശ്രൂഷ യിസ്രായേലിന്റെ പ്രവാസത്തോടു ബന്ധത്തിൽ —**

| പ്രവാസത്തിനു മുമ്പു | പ്രവാസത്തിൽ | പ്രവാസത്തിനു ശേഷം |
|---|---|---|
| യെശയ്യാവു | യെഹെസ്കേൽ | ഹഗ്ഗായി |
| യിരെമ്യാവു | ദാനീയേൽ | സെഖര്യാവ് |
| ഹോശേയാ | | മലാഖി |
| യോവേൽ | | |
| ആമോസ് | | |
| ഓബദ്യാവു | | |
| യോനാ | | |
| മീഖാ | | |
| നഹൂം | | |
| ഹബക്കൂക്ക് | | |
| സെഫന്യാവു | | |

**പഴയനിയമപുസ്തകങ്ങളും അവയുടെ എഴുത്തുകാരും വിഷയവും —**

| പുസ്തകം | എഴുത്തുകാരൻ | വിഷയം |
|---|---|---|
| (1) **ഉല്പത്തി** | — മോശെ — | സൃഷ്ടി, മനുഷ്യന്റെ തോൽവി, ദൈവകരുണ |
| (2) **പുറപ്പാടു** | — മോശെ — | മിസ്രയീമിൽ നിന്നുള്ള പുറപ്പാട്, 10 കല്പനകൾ |
| (3) **ലേവ്യപുസ്തകം** | — മോശെ— | യാഗങ്ങൾ, ഉത്സവങ്ങൾ, ആരാധന, വിശുദ്ധി |
| (4) **സംഖ്യാപുസ്തകം** | — മോശെ— | ജനസംഖ്യ, മരുഭൂമിയാത്ര, അവിശ്വാസം |
| (5) **ആവർത്തനപുസ്തകം** | — മോശെ— | ഓർമ്മ, തിരിഞ്ഞുനോട്ടം, പുനഃപ്രതിഷ്ഠ |
| (6) **യോശുവ** | — യോശുവ — | കനാൻ കൈവശപ്പെടുത്തൽ, ദൈവത്തിന്റെ വിശ്വസ്തത |
| (7) **ന്യായാധിപന്മാർ** | — ശമൂവേൽ— | ആത്മീയ അധഃപതനവും, ന്യായാധിപഭരണവും |

(8) **രൂത്ത്** —ശമൂവേൽ (യഹൂദാ പാരമ്പര്യപ്രകാരം)—
പുറജാതി സ്ത്രീയുടെ ദൈവീകാശ്രയവും സ്വസ്ഥതയും

(9) 1. **ശമൂവേൽ** — ശമൂവേൽ—
ശമൂവേലിന്റെയും ആദ്യരാജാവായ ശൗലിന്റെയുംചരിത്രം

(10) 2. **ശമൂവേൽ** — നാഥാൻ,ഗാദ്(?)—
ദാവീദിന്റെ ഭരണം — പാപം, ക്ഷമ, യഥാസ്ഥാനപ്പെടൽ

(11) 1. **രാജാക്കന്മാർ**—യിരെമ്യാവ്—(യഹൂദാ പാരമ്പര്യപ്രകാരം)
യഹൂദാ-യിസ്രായേൽ ഭരണം — ശലോമോന്റെ ജീവിതം

(12) 2. **രാജാക്കന്മാർ**—യിരെമ്യാവ്—(യഹൂദാ പാരമ്പര്യപ്രകാരം)
യഹൂദാ-യിസ്രായേൽ ഭരണം — വിഗ്രഹാരാധയിലേക്ക്

(13) 1. **ദിനവൃത്താന്തം** — എസ്രാ ((യഹൂദാ പാരമ്പര്യപ്രകാരം)—
ശൗലിന്റെ നാശം, ദാവീദിന്റെ ഭരണം

(14) 2. **ദിനവൃത്താന്തം** — എസ്രാ (യഹൂദാ പാരമ്പര്യപ്രകാരം)—
ശലോമോന്റെയും യെഹൂദാരാജാക്കന്മാരുടെയും ഭരണം

(15) **എസ്രാ**— എസ്രാ—
ദൈവാലയപുനഃനിർമ്മാണം, ആത്മീകനവീകരണം

(16) **നെഹെമ്യാവു** — നെഹെമ്യാവു—
ആലയമതിൽ പുനഃനിർമ്മാണം, ആത്മീകനവീകരണം

(17) **എസ്ഥേർ** — മൊർദ്ദെഖായി—
യഹൂദാജനത്തോടുള്ള ദൈവീകകരുതൽ എസ്ഥേർ വഴി

(18) **ഇയ്യോബ്** — മോശെ— (യഹൂദാ പാരമ്പര്യപ്രകാരം)
ഇയ്യോബിന്റെ കഷ്ടത, ദൈവത്തിന്റെ പരമാധികാരം

(19) **സങ്കീർത്തനങ്ങൾ** — ദാവീദ്, ആസാഫ്, കോരഹ് പുത്രന്മാർ, ഹേമാൻ, മോശെ, എസ്രാ
സ്തുതിഗാനങ്ങൾ — ആരാധന, പ്രാർത്ഥന

(20) **സദൃശവാക്യങ്ങൾ**— ശലോമോൻ—
ജ്ഞാനം, വിവേകം, പരിജ്ഞാനം — ദൈവഭക്തി

(21) **സഭാപ്രസംഗി** — ശലോമോൻ --
ദൈവത്തെ കൂടാതെയുള്ള ജീവിതം മായ

(22) **ഉത്തമഗീതം** — ശലോമോൻ --
ശലോമോനും, കാന്തയും — ക്രിസ്തുവും സഭയും

(23) **യെശയ്യാവു** — യെശയ്യാവു --
മശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷ

(24) **യിരെമ്യാവു** — യിരെമ്യാവു --
ന്യായവിധിസന്ദേശവും ദൈവത്തിന്റെ നിത്യസ്നേഹവും

(25) **വിലാപങ്ങൾ** — യിരെമ്യാവു --
യെരൂശലേം നാശത്തിൽ യിരെമ്യാവിന്റെ വിലാപം

(26) **യെഹെസ്കേൽ** — യെഹെസ്കേൽ—
യിസ്രായേലിനും ലോകത്തിനും വരുന്ന ന്യായവിധി

(27) **ദാനീയേൽ** — ദാനീയേൽ --
ബാബിലോണിലെ ജീവിതവും, ഭാവികാലപ്രവചനങ്ങളും

| | | |
|---|---|---|
| (28) **ഹോശേയ** | — ഹോശേയ | -- വിഗ്രഹാരാധികളായ ജനവും വിശ്വസ്തനായ ദൈവവും |
| (29) **യോവേൽ** | — യോവേൽ | -- ദൈവകോപത്തിൽ നിന്നു രക്ഷപ്പെടുവാനുള്ള ആഹ്വാനം |
| (30) **ആമോസ്** | — ആമോസ് | -- ആത്മീകാധഃപതനവും ദൈവീകന്യായവിധിയും |
| (31) **ഓബദ്യാവു** | — ഓബദ്യാവു | -- ഏദോമിന്റെ നിഗളത്തിനുള്ള ന്യായവിധി |
| (32) **യോനാ** | — യോനാ | -- സകലജാതികൾക്കും ദൈവത്തിന്റെ ദയയാലുള്ള രക്ഷ |
| (33) **മീഖാ** | — മീഖാ | -- പാപം, ദുഷ്ടത - അനുതപിക്കുന്നവർക്കു വിടുതൽ |
| (34) **നഹൂം** | — നഹൂം | -- വീണ്ടും പാപവഴിയേ പോയ നിനവേയുടെ നാശം |
| (35)**ഹബക്കൂക്** | — ഹബക്കൂക് — | നീതിമാൻ വിശ്വാസത്താൽ ജീവിക്കും— ദൈവം കാണുന്നു |
| (36) **സെഫന്യാവു** | — സെഫന്യാവു -- | ദൈവീകന്യായവിധിയും ദൈവ കരുണയും |
| (37) **ഹഗ്ഗായി** | — ഹഗ്ഗായി | -- ദൈവാലയം പുതുക്കിപ്പണിയുവാൻ ഉത്സാഹിപ്പിക്കുന്നു |
| (38) **സെഖര്യാവു** | — സെഖര്യാവു | -- സർവ്വഭൂമിക്കും രാജാവായ മശിഹയുടെ പുനരാഗമനം |
| (39) **മലാഖി** | — മലാഖി | -- ആത്മീകാധഃപതനവും മടങ്ങിവരുവാനുള്ള ആഹ്വാനവും |

**പുതിയനിയമപുസ്തകങ്ങളും അവയുടെ എഴുത്തുകാരും വിഷയവും —**

| പുസ്തകം | എഴുത്തുകാരൻ | വിഷയം |
|---|---|---|
| (1) **മത്തായി** | — മത്തായി | -- യേശു യഹൂദന്മാരുടെ രാജാവ് |
| (2) **മർക്കൊസ്** | — മർക്കൊസ് | -- യേശു ശുശ്രൂഷിക്കുന്ന ദാസൻ |
| (3) **ലൂക്കൊസ്** | — ലൂക്കൊസ് | -- കാണാതെ പോയതിനെ രക്ഷിപ്പാൻ വന്ന മനുഷ്യപുത്രൻ |
| (4) **യോഹന്നാൻ** | — യോഹന്നാൻ — | യേശു രക്ഷിതാവായ ദൈവപുത്രൻ |
| (5) **അപ്പൊ.പ്രവൃത്തികൾ** | — ലൂക്കൊസ് — | പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ |
| (6) **റോമർ** | — പൗലൊസ് | -- വിശ്വാസത്താലുള്ള നീതീകരണം |
| (7) **1. കൊരിന്ത്യർ** | — പൗലൊസ് | -- വിശുദ്ധിയും വേർപാടും —ശരീരമായ സഭക്കുള്ള ഉപദേശം |

| | |
|---|---|
| **(8) 2. കൊരിന്ത്യർ** — പൗലൊസ് -- | |
| | ദുരുപദേഷ്ടാക്കൾക്കെതിരേയുള്ള ശാസന |
| **(9) ഗലാത്യർ** — പൗലൊസ് -- | |
| | ന്യായപ്രമാണത്തിന്റെ അടിമനുകത്തിൽ നിന്നു സ്വാതന്ത്ര്യം |
| **(10)എഫെസ്യർ** — പൗലൊസ് -- | |
| | ക്രിസ്തുവിന്റെ ശരീരമായ സഭ - ക്രിസ്തുവിൽ സമ്പന്നർ |
| **(11)ഫിലിപ്പിയർ** - - പൗലൊസ് -- | |
| | ക്രിസ്തുവിൽ സന്തോഷം, സമാധാനം |
| **(12) കൊലൊസ്സ്യർ** — പൗലൊസ് -- | |
| | ക്രിസ്തു സഭയുടെ ശിരസ്സ് - ക്രിസ്തു നമ്മുടെ ജീവൻ |
| **(13) 1.തെസ്സലൊനിക്യർ** — പൗലൊസ് -- | |
| | കർത്താവിന്റെ പ്രത്യക്ഷതയും നമ്മുടെ ആശ്വാസവും |
| **(14) 2.തെസ്സലൊനിക്യർ** — പൗലൊസ് — | |
| | കഷ്ടതയിൽ ധൈര്യം - കർത്താവിന്റെ മഹത്വപ്രത്യക്ഷത |
| **(15) 1.തിമൊഥെയൊസ്** — പൗലൊസ് -- | |
| | ആത്മീയവളർച്ചയ്ക്കുള്ള നിർദ്ദേശം — സഭാപരിപാലനം |
| **(16) 2.തിമൊഥെയൊസ്** — പൗലൊസ് — | |
| | അന്ത്യസന്ദേശം— ദൈവികശുശ്രൂഷയിൽ വളർന്നു വരിക |
| **(17) തീത്തൊസ്** — പൗലൊസ് -- | |
| | സഭാജീവിതത്തിലെ പെരുമാറ്റച്ചട്ടം - മാതൃകയായിരിക്ക |
| **(18) ഫിലേമോൻ** — പൗലൊസ് -- | |
| | ക്രിസ്തീയ ജീവിതത്തിലെ ക്ഷമ |
| **(19) എബ്രായർ** -- പൗലൊസ് — | |
| | മഹാപുരോഹിതനും, വിശ്വാസത്തിന്റെനായകനുമായ ക്രിസ്തു |
| **(20) യാക്കോബ്** — യാക്കോബ് -- | |
| | വിശ്വാസം പ്രവൃത്തിയിൽ വെളിപ്പെടണം |
| **(21) 1 പത്രൊസ്** — പത്രൊസ് — | |
| | ക്രിസ്തീയ കഷ്ടതകളിൽ പ്രത്യാശയോടിരിക്ക |
| **(22) 2 പത്രൊസ്** — പത്രൊസ് -- | |
| | ദുരുപദേശ മുന്നറിയിപ്പ്, കർത്താവിന്റെ മഹത്വപ്രത്യക്ഷത |
| **(23) 1 യോഹന്നാൻ** — യോഹന്നാൻ — | |
| | ദൈവത്തോടുള്ള കൂട്ടായ്മ, സ്നേഹം |
| **(24) 2 യോഹന്നാൻ** — യോഹന്നാൻ — | |
| | സത്യത്തിൽ നടക്കുക, സ്നേഹത്തിൽ നടക്കുക |
| **(25) 3 യോഹന്നാൻ** — യോഹന്നാൻ — | |
| | അതിഥിസൽക്കാരം,ദുരുപദേശമുന്നറിയിപ്പ്, നന്മ പിന്തുടരുക |
| **(26) യൂദാ** — യൂദാ -- | |
| | ദുരുപദേശങ്ങളെ എതിർക്കുക, വിശ്വാസത്തിൽ ഉറക്കുക |
| **(27) വെളിപ്പാടു** — യോഹന്നാൻ — | |
| | ഭാവികാലസംഭവങ്ങളും, കർത്താവിന്റെ പ്രത്യക്ഷതയും |

# പഴയനിയമം
# ( OLD TESTAMENT )

**പഞ്ചഗ്രന്ഥങ്ങൾ : (ന്യായപ്രമാണപുസ്തകങ്ങൾ അഥവാ നിയമഗ്രന്ഥങ്ങൾ) —**

ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങൾ മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ (PENTATEUCH) എന്നറിയപ്പെടുന്നു. ഗ്രീക്കിൽ മോശെയുടെ ഈ അഞ്ചു പുസ്തകങ്ങളെ ഒരുമിച്ച് പെന്റാറ്റിയൂക്കൊസ് (PENTATEUCHOS = five books / five volumes / five scrolls) എന്നറിയപ്പെടുന്നു. PENTE എന്നാൽ അഞ്ച് എന്നും TEUCHOS എന്നാൽ പുസ്തങ്ങൾ എന്നുമാണർത്ഥം. ഈ രണ്ടു ഗ്രീക്കു പദങ്ങൾ ചേർത്തു പഞ്ചപുസ്തകങ്ങൾ അഥവാ പഞ്ചഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നു.

**(1) ഉല്പത്തി** : സകലത്തിന്റെയും ആരംഭം കുറിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം ഇതിൽ കാണുന്നു.

**(2) പുറപ്പാട്** : യെഹൂദാജാതി (യിസ്രയേൽ ജനം) ഈജിപ്ററിൽ (മിസ്രയിമിൽ) അടിമകളായി കഴിയേണ്ടി വന്നു. ദൈവം അവരെ അടിമത്വത്തിൽ നിന്നും വിടുവിക്കുന്ന ചരിത്രമാണിത്.

**(3)ലേവ്യപുസ്തകം:** ദൈവജനംദൈവത്തെ ആരാധിക്കുവാനും, സേവിക്കുവാനും ആവശ്യമായ കല്പനകൾ ഇതിൽ വിവരിക്കുന്നു.

**(4)സംഖ്യാപുസ്തകം:** യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണിത്. ജനസംഖ്യാനിർണ്ണയം, മരുപ്രയാണം ഇവ അടങ്ങിയിരിക്കുന്നു.

**(5) ആവർത്തനപുസ്തകം** : മോശെയുടെ അന്ത്യവാക്കുകൾ, ദൈവമുമ്പാകെ ജനത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കുള്ള ആഹ്വാനം എന്നിവ കാണാം. മോശെക്കു മുമ്പുള്ള സൃഷ്ടിവിവരങ്ങൾ ദൈവാത്മപ്രേരണയാൽ മോശെ എഴുതിയതാണ്.

## (1) ഉല്പത്തി — GENESIS

ഉല്പത്തി എന്നാൽ ആരംഭം (Beginning / Origin) എന്നർത്ഥം. സകലത്തിന്റെയും ഉത്ഭവം അഥവാ ആരംഭങ്ങളുടെ വിവരണപുസ്തകമാണിത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രസ്താവനയോടെയാണ് ബൈബിൾ ആരംഭിക്കുന്നത്. ലോകസൃഷ്ടിയുടെ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. എബ്രായഭാഷയിലെ ബൈബിൾ ആരംഭിക്കുന്നത് *'ബരേഷിത്ത്'* (Bereshit = in the begining) എന്ന പദത്തോടെയാണ്. ബരേഷിത്ത് എന്നാൽ ഉല്പത്തി അഥവാ ആദിയിൽ എന്നർത്ഥം. മൂലകൈയ്യെഴുത്തുപ്രതികളിലെ ഈ പ്രയോഗമാണ് ഉല്പത്തി എന്നു പേരു വരുവാൻ കാരണം. ഉല്പത്തി എന്ന സംസ്കൃതപദത്തിന് സൃഷ്ടി, ജനനം, ആരംഭം, ഉറവിടം എന്നൊക്കെ അർത്ഥം. സകലത്തിന്റെയും ഉത്ഭവത്തെപ്പററി പറയുന്നതു കൊണ്ടാണ് ഉല്പത്തി എന്ന പേരു വന്നത്. തുടർന്നുള്ള 65 പുസ്തകങ്ങളിൽ കാണപ്പെടുന്ന സംഭവങ്ങളുടെ മൂലം അഥവാ അടിസ്ഥാനം ഇതിലാണുള്ളത്.

ആദിയിൽ ദൈവം എന്ന വാക്കുകളോടെ ഉല്പത്തിപുസ്തകം ആരംഭിക്കുകയും യോസേഫിനെ മിസ്രയീമിൽ ഒരു ശവപ്പെട്ടിയിൽ വെച്ചു എന്ന വാക്കുകളോടെ അവസാനിക്കുകയും ചെയ്യുന്നു. അൻപതു അദ്ധ്യായങ്ങളുള്ള ഉല്പത്തിപുസ്തകം ലോകസൃഷ്ടി മുതൽ യോസേഫിന്റെ മരണം വരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ അദ്ധ്യായങ്ങളിൽ ദൈവത്തെ കുറിച്ചും, മനുഷ്യരെക്കുറിച്ചും, മനുഷ്യരുടെ പാപം, മറുതലിപ്പ്, ദൈവത്തിന്റെ ന്യായവിധി, ദൈവത്തിന്റെ കൃപ, കരുണ എന്നിവയെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു. ആദാം, ഹവ്വാ, അബ്രഹാം, സാറാ, യാക്കോബ്, ഏശാവ്, യോസേഫ്, മുതലായ പല പ്രധാന വ്യക്തികളെയും അവരുടെ ജീവിതത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. യാക്കോബ്, റാഹേൽ ഇവരുടെ സ്നേഹം, കയീന്റെ അസൂയ, അബ്രഹാമിന്റെ വിശ്വാസം, ലോത്തിന്റെ തിരഞ്ഞെടുപ്പും തോൽവിയും, അബ്രഹാം സാറാ ദമ്പതികളുടെ അവിശ്വാസം, അബ്രഹാമിന്റെ ദാസനായ എല്യേസറിന്റെ വിശ്വസ്തത, യോസേഫിന്റെ സത്യസന്ധതയും നിർമ്മലജീവിതവും ഒക്കെ വിശദീകരിച്ചിരിക്കുന്നു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപം ചെയ്തു ദൈവതേജസ്സു നഷ്ടപ്പെടുത്തിയെങ്കിലും കരുണാസമ്പന്നനായ ദൈവം, മനുഷ്യനു പാപമോചനം നൽകുവാനും,നഷ്ടപ്പെട്ട തേജസ്സു പ്രാപിക്കുവാനുമായി വ്യവസ്ഥയുണ്ടാക്കുന്നതായി ഈ ആരംഭ പുസ്തകത്തിൽ കാണുന്നു

(ഉല്പ. 3:15).

**ഏഴു പൂർവ്വപിതാക്കന്മാരെയും അവരുടെ ജീവിതത്തെയും ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.**

**(1) ആദാം** (Adam)— ആദിപിതാവായ ആദാം ജീവന്റെയും മരണത്തിന്റെയും അവസ്ഥകളെ പ്രദർശിപ്പിക്കുന്നു (ഉല്പ.1-4). മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ ആദാമിനു ക്രിസ്തുവിനോടു സാമ്യമുണ്ട്. ദൈവത്തിൽ നിന്നു ജീവൻ ലഭിച്ച ഒന്നാം ആദാം (സെഖ.12:1) പാപം ചെയ്തു മരണത്തിനടിമപ്പെട്ടപ്പോൾ മരണത്തെ ജയിച്ചു ജീവൻ പ്രാപിച്ച ക്രിസ്തു ഒടുക്കത്തെ ആദാമായി നിലകൊള്ളുന്നു (റോമ.5:12-21/1.കൊരി.15:20-23).

**(2) ഹാനോക്ക്** (Enoch)— ഹാനോക്കിന്റെ ജീവിതം ദൈവത്തോടുകൂടെയുള്ള നടപ്പും, എടുക്കപ്പെടലും പ്രദർശിപ്പിക്കുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി (ഉല്പ.5:24). കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ അഥവാ ഉത്പ്രാപണത്തിൽ എടുക്കപ്പെടുന്ന വിശുദ്ധന്മാരെ ഹനോക്ക് പ്രതിനിധാനം ചെയ്യുന്നു (1.തെസ്സ.4:16,17).

**(3) നോഹ** (Noah)— പെട്ടകത്തിലൂടെ നോഹെക്കും കുടുംബത്തിനും രക്ഷ ലഭിച്ചു (ഉല്പ.6-9). പെട്ടകം ക്രിസ്തുവിനെ കുറിക്കുന്നു. നോഹെക്കും കുടുംബത്തിനും പെട്ടകത്തിലൂടെ ലഭിച്ച രക്ഷ, മനുഷ്യവർഗ്ഗത്തിനു യേശുക്രിസ്തുവിലൂടെ വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയെ പ്രകടമാക്കുന്നു.

**(4) അബ്രഹാം** (Abraham)— അബ്രഹാമിന്റെ ജീവിതം വിശ്വാസത്തെയും വേർപാടിനെയും വെളിപ്പെടുത്തുന്നു. അബ്രഹാമിന്റെ ജീവിതത്തിലെ യാഗപീഠം ദൈവത്തെ ആരാധിക്കുന്നതിനെ വ്യക്തമാക്കുന്നു (ഉല്പ.12-25).

**(5) യിസ്ഹാക്ക്** (Isaac)— യിസ്ഹാക്കിന്റെ ജീവിതം സമർപ്പണത്തെയും അനുസരണത്തെയും കുറിക്കുന്നു. യിസ്ഹാക്ക് ആഴത്തിൽ കുഴിച്ച കിണറുകൾ വിശ്വാസിയുടെ പ്രാർത്ഥനാജീവിതത്തെ വെളിപ്പെടുത്തുന്നു (ഉല്പ.21-35)

**(6) യാക്കോബ്** (Jacob)— യാക്കോബിന്റെ ജീവിതം സൂത്രങ്ങളും, വഞ്ചനകളും നിറഞ്ഞതെങ്കിലും ദൈവത്തിലുള്ള പ്രത്യാശയെയും അനുഗ്രഹം ലഭിക്കുന്നതിനെയും പ്രകടമാക്കുന്നു. യാക്കോബ് തന്റെ സഞ്ചാരവേളകളിൽ നാട്ടിയ തൂണുകൾ വിശ്വാസിയുടെ സാക്ഷ്യജീവിതത്തെക്കുറിക്കുന്നു(ഉല്പ.25-50).

**(7) യോസേഫ്** (Joseph) — കഷ്ടതയും ഉയർച്ചയും യോസേഫിന്റെ ജീവിതം പ്രകടിപ്പിക്കുന്നു (ഉല്പ.30-50)

**ആർക്കെഴുതി** : യിസ്രയേൽ ജനതയ്ക്ക് **എഴുതിയ കാലം** : 1450 - 1410 ബി.സി

**എഴുതിയത്** : മോശെ **എഴുതിയ സ്ഥലം** : മൊവാബ്യസമഭൂമി

**താക്കോൽ വാക്ക്** : ഉല്പത്തി (ആരംഭം) **താക്കോൽ വാക്യങ്ങൾ** : 1:27, 3:15, 12:2,3

**മുഖ്യഅദ്ധ്യായം** : 15 — അബ്രഹാമിന്റെ പരിചയും പ്രതിഫലവുമായ ദൈവം

**വിഷയം** : സൃഷ്ടി, മനുഷ്യന്റെ തോൽവി, ദൈവകരുണ

**പ്രധാനസംഭവങ്ങൾ** : സൃഷ്ടി,മനുഷ്യന്റെ വീഴ്ച, പാപത്തിന്റെ പരിണതഫലം, മനുഷ്യവർഗ്ഗത്തിന്റെ വംശാവലി, ജലപ്രളയം, ഭാഷകലക്കൽ (ബാബേൽ), അബ്രഹാമിന്റെ വിളി, സോദോമിന്റെ നാശം, യിസ്രായേൽ മിസ്രയീമിലേക്കുള്ള പലായനം

## പുസ്തകവിഭജനം: (50 അദ്ധ്യായങ്ങൾ)

(1) സൃഷ്ടി : ഉല്പ.അദ്ധ്യാ. 1 — 2

(2) മനുഷ്യന്റെ വീഴ്ചയും വീണ്ടെടുപ്പും : ഉല്പ. അദ്ധ്യാ. 3 — 5

(3) പാപവും ദൈവികന്യായവിധിയും നോഹക്കും കുടുംബത്തിനും ലഭിച്ച രക്ഷയും : ഉല്പ. അദ്ധ്യാ. 6 — 10

(4) ബാബേൽ ഗോപുരം : ഉല്പ. അദ്ധ്യാ. 11

(5) ദൈവത്തിനായി വേർതിരിക്കപ്പെട്ട കുടുംബം : ഉല്പ. അദ്ധ്യാ. 12 — 50

അബ്രഹാം : ഉല്പ. അദ്ധ്യാ. 12 — 23

യിസ്ഹാക്ക് : ഉല്പ. അദ്ധ്യാ. 23 — 26

യാക്കോബ് : ഉല്പ. അദ്ധ്യാ. 27 — 36

യോസേഫ് : ഉല്പ. അദ്ധ്യാ. 36 — 50

**പ്രത്യേകവിഷയങ്ങൾ :**

(1) ദൈവസൃഷ്ടിയുടെ വിവരണം — (ഉല്പ.1:1 -2:23)

> *1. ഒന്നാം ദിവസം* — വെളിച്ചം —> വെളിച്ചം ഉണ്ടാക്കി വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു (ഉല്പ.1:3-5)

> *2. രണ്ടാം ദിവസം* — ആകാശവും വെള്ളവും —> വെള്ളങ്ങൾ തമ്മിൽ വേർതിരിച്ചു(ഉല്പ.1:6-8)

> *3. മൂന്നാം ദിവസം* — കരയും, സമുദ്രവും, സസ്യങ്ങളും —> ആകാശത്തിൻ കീഴുള്ള വെള്ളം ഒരിടത്തു കൂട്ടി ഉണങ്ങിയ നിലമുണ്ടാക്കി സമുദ്രവും ഭൂമിയും എന്നു പേരിട്ടു (ഉല്പ.1:9-13)

> *4. നാലാം ദിവസം* — സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ —> പകലും രാത്രിയും വെളിച്ചം നൽകുവാനും, കാലം, ദിവസം, വർഷം എന്നിവ അറിയുവാനും (ഉല്പ.1:14-19).

> *5. അഞ്ചാം ദിവസം* — മത്സ്യങ്ങളും, പറവജാതികളും —> സമുദ്രത്തിലും ആകാശവിതാന ത്തിലും നിറയുവാൻ (ഉല്പ.1:20-235).

> *6. ആറാം ദിവസം* — മൃഗങ്ങൾ, മനുഷ്യൻ —> മൃഗങ്ങൾ ഭൂമിയിൽ നിറയുവാനും, മനുഷ്യൻ ഭൂമിയിലുള്ള സകലത്തിന്മേലും വാഴുവാനും, ദൈവത്തോടു കൂട്ടായ്മ പുലർത്തുവാനും (ഉല്പ.1:24-31)

> *7. ഏഴാം ദിവസം* — വിശ്രമവും, ശുദ്ധീകരണവും —> വിശ്രമിച്ചു ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ.2:1-3).

(2) സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം മനുഷ്യനു നൽകിയ അനുഗ്രഹങ്ങൾ (ഉല്പ.1:28) —

> സന്താനപുഷ്ടിയുള്ളവരാകുക

> അടക്കി (വിവേകത്തോടെ നിയന്ത്രിച്ചു) ജീവിക്കുക

> ഭൂമിയിൽ സകലത്തിന്മേലും വാഴുക

(3) ആദാമിന്റെയും ഹവ്വായുടെയും സൃഷ്ടി (ഉല്പ.2)

(4) ഏദെനിലെ നദികൾ (ഉല്പ.2:10-14)

(5) ഏദെനിലെ ഉടമ്പടി (ഉല്പ.1:7-29/2:16,17)

(6) ആദാമും ഹവ്വായും സാത്താനാൽ വഞ്ചിക്കപ്പെടുന്നു (3:1-7)

(7) പാപത്തിൽ വീണ ആദാമിനോടുള്ള ഉടമ്പടി (ഉല്പ.3:14-19)

(8) ദൈവക്രോധത്തിങ്കൽ കരുണ (ഉല്പ.3:20,21)

(9)ആദികുടുംബം ഏദെനിൽ നിന്നു പുറത്താക്കപ്പെടുന്നു (3:22-24)

(10) ആദ്യആരാധന, ആദ്യകൊലപാതകം, ശപിക്കപ്പെട്ട കയീൻ (4)

(11) 300 സംവത്സരം ദൈവത്തോടുകൂടെ നടന്നു മരണം കാണാതെ എടുക്കപ്പെട്ട ഹാനോക്ക് (ഉല്പ.5:21 -24)

(12) യഹോവയുടെ കൃപ ലഭിച്ച നോഹ (ഉല്പ.6)

(13) ജലപ്രളയം (ഉല്പ.7)

(14) മഴവില്ല് (ഉല്പ.9:8,17)

(15) ദൈവത്തിനെതിരായുള്ള ആദ്യ സംഘംചേരൽ — ബാബേൽ ഗോപുരം (ഉല്പ.11)

(16) അബ്രഹാമിന്റെ വിളിയും ഉടമ്പടിയും (ഉല്പ.12)

(17) ലോത്തിന്റെ തിരഞ്ഞെടുപ്പ് (ഉല്പ.13)

(18) യുദ്ധത്തിനായിട്ടുള്ള ആദ്യസംഘടനാരൂപീകരണം (ഉല്പ.14:1-12)

(19) അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ — മൽക്കീസേദെക്ക് (ഉല്പ.14:18-20)

(20) 400 വർഷത്തെ മിസ്രയീമ്യ അടിമത്വത്തിനുശേഷം ദൈവജനം ഏറിയ സമ്പത്തോടു കൂടി പുറപ്പെട്ടു പോരും എന്ന വാഗ്ദത്തം (ഉല്പ.15:14/പുറ.11)

(21) അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ (ഉല്പ.18:17-32)

(22) സോദോം ദഹനം (ഉല്പ.19)

(23) യിസ്ഹാക്കിന്റെ യാഗം (ഉല്പ.22)

(24) ഹാരാനിലേക്കുള്ള യാക്കോബിന്റെ ഓട്ടം (ഉല്പ.28)

(25) മഹനയിം (ഉല്പ.32:2)

(26) യാക്കോബ് യിസ്രായേൽ ആകുന്നത് - പെനീയേൽ (ഉല്പ.32)

(27) യോസേഫ് കാരഗൃഹത്തിൽ (ഉല്പ.39)

(28) യോസേഫ് മിസ്രയിമിലെ അധികാരപദവിയിലേക്ക് (ഉല്പ.41)

(29) യോസേഫിനെ ഒരു മിസ്രയീമ്യനാക്കുവാൻ ഫറവോന്റെ ഏഴു വിധ പ്രവർത്തനങ്ങൾ (ഉല്പ.41:42-45)

(30) യാക്കോബ് പുത്രന്മാരെ അനുഗ്രഹിക്കുന്നു (ഉല്പ.49)

(31) യാക്കോബിന്റെ മരണം (ഉല്പ.49:33)

(32) യോസേഫിന്റെ മരണം (ഉല്പ.50)

**ഒന്നാമത്തെ മനുഷ്യനായ ആദാമും, രണ്ടാമത്തെ ആദാമായ യേശുക്രിസ്തുവും —**

ഒന്നാം ആദാമിന്റെ പാപത്താൽ ഉണ്ടായവ — പരിഹാരമായി യേശുക്രിസ്തു അനുഭവിച്ച ശിക്ഷ

(1) മരണം (ഉല്പ.2:17) — മരണം അനുഭവിച്ചു (എബ്രാ.2:9/യോഹ.11:25)

(2) നഗ്നത (ഉല്പ.3:7) — നഗ്നനായി - വസ്ത്രം പകുത്തെടുത്തു (യോഹ.19:23,24)

(3) മുള്ള് (ഉല്പ.3:14) — മുൾക്കിരീടം ധരിച്ചു (യോഹ.19:5)

(4) ശാപം (ഉല്പ.3:17) — ശാപമരണം അനുഭവിച്ചു (ഗലാ.3:13)

(5) കഷ്ടത (ഉല്പ.3:17) — വ്യസനപാത്രമായി (യെശ.53:3)

(6) വിയർപ്പ് (ഉല്പ.3:19) — വിയർപ്പ് ചോരത്തുള്ളിപോലെ (ലൂക്കൊ.22:44)

(7) വാൾ (ഉല്പ.3:24) – കുന്തം കൊണ്ടു വിലാപ്പുറത്തു കുത്തി (യോഹ.19:34).

**ഏദെനിൽ ദൈവം കൊടുത്ത നിയമം —**

(1) സന്താനപുഷ്ടിയുള്ളവരാകുക (ഉല്പ.1:28)

(2) അടക്കി (വിവേകത്തോടെ നിയന്ത്രിച്ചു) ജീവിക്കുക (ഉല്പ.1:28)

(3) ഭൂമിയിൽ സകലത്തിന്മേലും വാഴുക (ഉല്പ.1:28)

(4) വിത്തുള്ള സസ്യങ്ങൾ, ഫലങ്ങൾ എന്നിവ ആഹാരമായിരിക്കണം (ഉല്പ.1:29)

(5) ഏദെൻ തോട്ടത്തിൽ വേലചെയ്തു അതിനെ കാക്കുക (ഉല്പ.2:15)

(6) അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത് (ഉല്പ.2:17)

(7) തിന്നുന്ന നാളിൽ മരിക്കും (ഉല്പ.2:17)

**പത്തു തലമുറകൾ** — (ഉല്പ.5/ലൂക്കൊ.3:36-38)

(1) ആദാം = ചുവന്നവൻ, മണ്ണിൽനിന്നുള്ളവൻ (ഉല്പ.5:1)

(2) ശേത്ത് = സ്ഥാപകൻ (ഉല്പ.5:3)

(3) എനോശ് = മരണമുള്ള, മണ്ണായ മനുഷ്യൻ (ഉല്പ.5:6)

(4) കേനാൻ = കൊല്ലൻ, കൈവശക്കാരൻ (ഉല്പ.5:9)

(5) മഹലേൽ = ദൈവസ്തുതി (ഉല്പ.5:12)

(6) യാരെദ് = പിൻതുടർച്ച (ഉല്പ.5:15)

(7) ഹാനോക്ക് = സമർപ്പിക്കപ്പെട്ടവൻ (ഉല്പ.5:18)

(8) മെഥൂശലഹ്= അവൻ മരിക്കുമ്പോൾ അത് ഭവിക്കും (ഉല്പ.5:21)

(9) ലാമേക്ക് = ശക്തൻ, ബലവാനായ മനുഷ്യൻ (ഉല്പ.5:25)

(10) നോഹ = വിശ്രമം (ഉല്പ.5:29).

## ആദാം സ്വർഗ്ഗത്തിലോ നരകത്തിലോ?

ദൈവകല്പന ലംഘിച്ചു പാപം ചെയ്തതിനാൽ ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി. പാപത്താൽ അവർ ഇരുവരും മരണത്തിനധീനരായിത്തീർന്നു(ഉല്പ.2:17). എങ്കിൽ അവർ സ്വർഗ്ഗത്തിലോ നരകത്തിലോ എവിടെയായിരിക്കും കാണുക? സൃഷ്ടിയുടെ വേളയിൽ മനുഷ്യൻ ഉൾപ്പെടെ തന്റെ സകല സൃഷ്ടികളെയും ദൈവം നോക്കി നല്ലതെന്നു വിലയിരുത്തി. കൂടാതെ മനുഷ്യനെ ദൈവസ്വരൂപത്തിലാണ് സൃഷ്ടിച്ചതും. എന്നാൽ ആദാമും ഹവ്വായും പാപത്തിൽ അകപ്പെട്ടശേഷം അവർ പിന്നീട് പാപമോചനം അഥവാ രക്ഷപ്രാപിച്ചതായി വ്യക്തമായ രേഖയില്ല.

എന്നാൽ പാപമോചനം ലഭിച്ചു നീതീകരിക്കപ്പെട്ടെന്നു മനസ്സിലാക്കാവുന്ന രണ്ടു ഭാഗങ്ങൾ കാണുന്നുണ്ട്.

(1) ഉല്പ.3:21 — *യഹോവയായ ദൈവം ആദാമിന്നും അവന്റെ ഭാര്യെക്കും തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു* — മനുഷ്യന്റെ പാപത്തിനു പകരം ഒരു സാധുമൃഗം കൊല്ലപ്പെടുന്നതും, രക്തം ചിന്തുന്നതും, അതിന്റെ തോലിനാൽ ഉടുപ്പു ധരിപ്പിക്കുന്നതും രക്ഷയെയും നീതീകരണത്തെയും കുറിക്കുന്നു.

(2) ഉല്പ.4:4-ൽ ഹാബേൽ യാഗം കഴിച്ചപ്പോൾ രക്തം ചൊരിഞ്ഞുള്ള വഴിപാടാകയാൽ ദൈവം ഹാബേലിന്റെ യാഗത്തിൽ പ്രസാദിക്കുന്നു. രക്തത്താൽ നീതീകരണവും ദൈവപ്രസാദവും ലഭിക്കുമെന്ന ആശയം ഹാബേലിനു തന്റെ മാതാപിതാക്കളായ ആദാമിലും ഹവ്വായിലും നിന്നു ലഭിച്ചതായിരിക്കണം. അങ്ങനയെങ്കിൽ അവരും യാഗങ്ങളിലൂടെ ദൈവത്തെ പ്രസാദിപ്പിച്ചു നീതീകരിക്കപ്പെട്ടവരാകയാൽ സ്വർഗ്ഗത്തിനവകാശികളുമാണ്.

# വാഴ്ചയുടെ ഏഴു യുഗങ്ങൾ

(ആദാമ്യസൃഷ്ടി മുതൽ പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കപ്പെടുന്നതുവരെയുള്ള കാലയളവിന്റെ വിഭജനം)

**1. നിഷ്പാപയുഗം (Man innocent)** — (ഉല്പ.1:28-3:6/ 3:22-24)

മനുഷ്യൻ ദൈവത്തോടൊപ്പം ഏദെനിൽ വസിച്ച കാലം. നിഷ്പാപയുഗത്തിൽ എഴുതപ്പെട്ട കല്പനകളൊന്നുമില്ലായിരുന്നു. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുതെന്ന കല്പന കൊടുത്തിരുന്നു. നിഷ്പാപയുഗം എന്നത് മനുഷ്യന്റെ സൃഷ്ടി മുതൽ ദൈവകല്പന ലംഘിച്ചു പാപം ചെയ്തയാൽ ഏദെനിൽ നിന്നു പുറത്താക്കപ്പെട്ടവരെയുള്ള കാലഘട്ടത്തെ കുറിക്കുന്നു.

**2. മനഃസാക്ഷിയുഗം (Man under conscience)** — (ഉല്പ.3:7-8:14)

ഏദെനിൽ നിന്നു പുറത്താക്കപ്പെട്ടതു മുതൽ നോഹെയുടെ കാലത്തെ ജലപ്രളയം വരെയുള്ള കാലഘട്ടം. ദൈവസന്നിധിയിൽ നിന്നു പുറത്താക്കപ്പെട്ട മനുഷ്യൻ സ്വന്തമനസാക്ഷി അനുസരിച്ചു ജീവിക്കുന്നു. എഴുതപ്പെട്ട കല്പനകളൊന്നും മനഃസാക്ഷിയുഗത്തിൽ ഇല്ലായിരുന്നു.

**3. മാനുഷികഭരണയുഗം (Man in authority over the earth)** — (ഉല്പ.8:15-11:32) —

നോഹെയുടെ കാലത്തെ ജലപ്രളയത്തിനു ശേഷവും വിശ്വാസവീരനായ അബ്രഹാമിന്റെ വിളിക്കു മുമ്പുവരെയുമുള്ള കാലഘട്ടം മാനുഷികഭരണയുഗത്തിൽ ഉൾപ്പെടുന്നു. ജലപ്രളയാനന്തരം നോഹെയും കുടുംബവും പെട്ടകത്തിൽ നിന്നു പുറത്തു വരുന്നു. ശുദ്ധീകരിക്കപ്പെട്ടവരെന്ന നിലയിൽ അവരുമായി ദൈവം ഉടമ്പടിചെയ്തു അവരെ അനുഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹത്തോടെ ജീവിക്കണമെന്നും അന്യോന്യം രക്തം ചൊരിയിക്കാൻ പാടില്ലെന്നും കല്പിച്ചു. മാസം ഭക്ഷിക്കുവാനുള്ള അനുവാദം കൊടുക്കുന്നതോടൊപ്പം രക്തത്തോടെ മാംസം ഭക്ഷിക്കരുതെന്നും കല്പിക്കുന്നു (ഉല്പ.9:3).

**4. വാഗ്ദത്തയുഗം (Man under Promise)** — (ഉല്പ.12:1- പുറ.18:33) —

ഗോത്രപിതാവായ അബ്രഹാമിനെ വിളിക്കുന്നതു മുതൽ സീനായ് പർവ്വതത്തിൽ വെച്ചു മോശെയിലൂടെ ന്യായപ്രമാണം നൽകുന്നതിനു മുമ്പുവരെയുമുള്ള കാലഘട്ടം വാഗ്ദത്തയുഗത്തിൽ ഉൾപ്പെടുന്നു. അബ്രഹാമിനോടു ഉടമ്പടിചെയ്തു വാഗ്ദത്തങ്ങൾ നൽകിയതിനാലാണ് വാഗ്ദത്തയുഗം എന്നറിയപ്പെടുന്നത്.

**5. ന്യായപ്രമാണയുഗം (Man under law) —** (പുറ.19:1 - അപ്പൊ.1:26) —

സീനായ്പർവ്വതത്തിൽ വെച്ചു പത്തുകല്പനകൾ അടങ്ങിയ ന്യായപ്രമാണം നൽകിയതു മുതൽ സഭയുടെ ആരംഭം കുറിക്കുന്ന പരിശുദ്ധാത്മാവിന്റെ വരവുവരെയുള്ള കാലഘട്ടം ന്യായപ്രമാണയുഗത്തിൽ ഉൾപ്പെടുന്നു.

**6. കൃപായുഗം (Man under grace) —** (അപ്പൊ.2:1- വെളി.19:10) കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരുന്നതു മുതൽ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ ക്രിസ്തു മദ്ധ്യാകാശത്തിലേക്കു വരുന്നതുവരെയുള്ള കാലഘട്ടം കൃപായുഗത്തിൽ ഉൾപ്പെടുന്നു. കൃപയാൽ രക്ഷപ്രാപിക്കാമെന്നതിനാൽ കൃപായുഗം എന്നും, പുതിയനിയമസഭയുടെ കാലമായതിനാൽ സഭായുഗം എന്നും, ഭൂമിയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നതിനാൽ പരിശുദ്ധാത്മയുഗം എന്നും ഈ കാലഘട്ടം അറിയപ്പെടുന്നു.

**7. സഹസ്രാബ്ദയുഗം (Man under the personal reign of Christ) —** (വെളി.19:11-20:15)

ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയായ രണ്ടാം വരവിൽ 1000 ആണ്ടു ക്രിസ്തു തന്റെ വിശുദ്ധന്മാരുമൊത്തു ഭൂമിയിൽ വാഴും. ആയിരമാണ്ടുവാഴ്ചയുടെ കാലഘട്ടത്തെ സഹസ്രാബ്ദയുഗം എന്നറിയപ്പെടുന്നു. സഹസ്രാബ്ദയുഗത്തിനു മില്ലെനിയം (Millennium) എന്നും പേരുണ്ട്. മില്ലെ (= ആയിരം Mille = thousand) എന്നും ആനം (= ആണ്ട് — Annum = year) എന്നും രണ്ടു ലാറ്റിൻ പദങ്ങളിൽ നിന്നാണ് മില്ലിനിയം എന്ന പദം വന്നിട്ടുള്ളത്.

## ഉല്പത്തിയിൽ ദൈവം മനുഷ്യനോടു ചോദിച്ച മൂന്നു ചോദ്യങ്ങൾ —

**(1) നീ എവിടെ?** (പാപിയോട്) — ഉല്പ.3:9

ഉത്തരം — ഉല്പ.3:10 — “തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു ഒളിച്ചു.”

**(2) നിന്റെ സഹോദരനായ ഹാബേൽ എവിടെ?** (നിന്റെ സഹോദരൻ എവിടെ?) — (കൊലപാതകനോട്) ഉത്തരം — “ഞാൻ അറിയുന്നില്ല; ഞാൻ എന്റെ അനുജന്റെ കാവല്കാരനോ?”

**(3) നിന്റെ ഭാര്യ സാറാ എവിടെ?**- ഉല്പ.18:9 (വിശ്വാസിയോട്) ഉത്തരം — “കൂടാരത്തിൽ ഉണ്ടു.”

## ക്രിസ്തുഉല്പത്തിയിൽ- ക്രിസ്തു സ്ത്രീയുടെ സന്തതി

(1) സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി — ഉല്പ.3:15 (ഗലാ.4:4)
(2) മനുഷ്യന്റെ നഗ്നത മറയ്ക്കുവാൻ കൊലചെയ്യപ്പെട്ട മൃഗം — (ഉല്പ.3:21 /ഹബ.3:2)
(3) കൊല്ലപ്പെട്ട നിർദ്ദോഷിയായ ഹാബേൽ — ഉല്പ.4:8 /എബ്രാ.11:4
(4) ശേത്തിന്റെ വംശാവലിയിൽ ക്രിസ്തു — ഉല്പ.4:25
(5) നോഹയുടെ പെട്ടകം — ഉല്പ.6:13 — 22 / ഉല്പ.7:23/ ഉല്പ.8:4
(6) അബ്രഹാമിന്റെ സന്തതി -- Seed of Abraham — ( ഉല്പ.12:3, ഉല്പ.22:18).
(7) അത്യുന്നതനായ ദൈവത്തിന്റെപുരോഹിനായ മൽക്കീസേദെക്ക് (ഉല്പ.14:18/എബ്രാ.6:20/7:1- 3)
(8) വാഗ്ദത്ത പുത്രൻ — ഉല്പ.15:4
(9) യിസ്ഹാക്കിന്റെ അത്ഭുതജനനം — ഉല്പ.21:2,3
(10) മോറിയാമലയിൽ ഏകജാതന്റെ (യിസ്ഹാക്ക്) യാഗം — ഉല്പ.22:2
(11) മോറിയാ മലയിൽ യിസ്ഹാക്കിനു പകരം അർപ്പിക്കപ്പെട്ട ആട്ടുകൊററൻ — (ഉല്പ.22:8,13)
(12) മണവാട്ടിയായ റിബേക്കയെ സ്വീകരിക്കാൻ കാത്തിരിക്കുന്ന മണവാളനായ യിസ്ഹാക്ക് — (ഉല്പ.24:63,64/ വെളി.19:7,8).
(13) യാക്കോബിന്റെ സ്വപ്നത്തിലെ കോവണി (ഉല്പ.28:12). ഈ കോവണി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു ഇറങ്ങി വന്ന ക്രിസ്തുവിനെയും, ക്രിസ്തുവിൽ കൂടിയുള്ള വിശ്വാസികളുടെ സ്വർഗ്ഗപ്രവേശനത്തെയും കാണിക്കുന്നു — (യോഹ.14:6/ അപ്പൊ.4:12/ യോഹ.1:51/ അപ്പൊ.7:56)
(14) യോസേഫിന്റെ ജീവിതം — യോസേഫ് പിതാവിനാൽ സ്നേഹിക്കപ്പെട്ടു; സ്വന്ത സഹോദരന്മാരാൽ ഉപേക്ഷിക്കപ്പെട്ടു; എങ്കിലും ദൈവം അവനെ ഉയർത്തി (ഉല്പ.37- 50). ഇതു സ്വന്തജനമായ യഹൂദന്മാരാൽ തള്ളപ്പെട്ട യേശുക്രിസ്തുവിനെ കാണിക്കുന്നു — (ഉല്പ.37:28/ഉല്പ.41:43/യോഹ.1:11/ ഫിലി.2:9—11)
(15) യോസേഫ് സ്വജനത്തിന്റെ രക്ഷകൻ (ഉല്പ.46-48)
(16) അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ —ക്രിസ്തു യഹൂദാഗോത്രത്തിൽ — ഉല്പ.49:10/ വെളി.5:5.

# (2) പുറപ്പാടു — EXODUS

മോശെയുടെ പഞ്ചഗ്രന്ഥങ്ങളിൽ രണ്ടാമത്തേതാണ് പുറപ്പാടു പുസ്തകം. എബ്രായഭാഷയിൽ ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള മോശെയുടെ അഞ്ചു പുസ്തകങ്ങളും ഒറ്റ പുസ്തകമാണ്. എന്നാൽ ഓരോ പുസ്തകത്തിലെയും വിഷയങ്ങൾ തരംതിരിച്ചു അഞ്ചു പുസ്തകങ്ങളായി രൂപപ്പെടുത്തിയത് ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്ത സെപ്റ്റുവജിന്റ് പരിഭാഷക്കാരാണ്.

"പുറപ്പാടു" എന്നതിന് അർത്ഥം *"വെളിയിലേയ്ക്കു പോകുക"* (going out / departutre) എന്നാണ്. ഗ്രീക്കിൽ EXODUS എന്ന പദത്തിൽ EX എന്നതിനു പുറത്തേക്കു (OUT) എന്നും, HODOS എന്നതിനു ഒരുവഴി (A WAY) എന്നുമർത്ഥം. മനുഷ്യവർഗ്ഗത്തിന്റെ പ്രധാനപ്പെട്ട യാത്രാ വിവരണമാണിത്. പ്രാരംഭ അദ്ധ്യായങ്ങളിൽ യിസ്രായേൽ എങ്ങനെ മിസ്രയിം അടിമത്വത്തിൽ അകപ്പെട്ടു എന്നും തുടർന്നുള്ള വിടുതലും കാണാം.

"ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും ഈ ദേശത്തു നിന്ന്........ കൊണ്ടു പോകയും ചെയ്യും" (ഉല്പ.50:24) എന്നു പറഞ്ഞുകൊണ്ടു മരിക്കുന്ന യോസേഫിന്റെ ശ്രേഷ്ഠ വിശ്വാസത്തിലാണ് ഉല്പത്തി പുസ്തകം അവസാനിക്കുന്നത്. പുറപ്പാടു മിസ്രയിമിൽ നിന്നും തുടങ്ങുന്നു. വിടുതൽ അഥവാ വീണ്ടെടുപ്പ് എന്നതാണ് പുറപ്പാടിലെ പ്രധാന വിഷയം. ബൈബിളിൽ ഒന്നാമതായി "വീണ്ടെടുപ്പ് " എന്ന പദം വരുന്നത് ഈ പുസ്തകത്തിലാണ്. ആകയാൽ *"വീണ്ടെടുപ്പിന്റെ ഒന്നാം പുസ്തകം"* (The first book of Redemption) എന്നും ഇതിനെ വിളിക്കുന്നു.

ഉല്പത്തിയിൽ യോസേഫിന്റെ മരണശേഷം, യോസേഫിനെ അറിയാത്തതും, എബ്രായജനതയോടു സഖിത്വവും, സ്നേഹവും ഇല്ലാത്തതുമായ ഒരു പുതിയ രാജാവ് (ഫറവോൻ) അധികാരത്തിൽ വന്നു (പുറ.1:8). തുടർന്നു മിസ്രയീമിൽ യിസ്രായേൽ മക്കളെ അടിമകളാക്കി കഠിനജോലികൾ ചെയ്യിക്കുകയും, ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. ദൈവജനത്തിന്റെ നിലവിളി കേട്ട ദൈവം അവരെ ഫറവോനിൽ നിന്നും വിടുവിക്കുവാനായി മോശെയെ എഴുന്നേൽപ്പിച്ചു (പുറ.3). ജനത്തെ കനാനിലേക്കു പോകുവാൻ അനുവദിക്കണം എന്ന ദൈവീക അരുളപ്പാടു മോശെ ഫറവോനെ അറിയിച്ചു. ഫറവോൻ ദൈവകല്പന കൂട്ടാക്കിയില്ല എന്നു മാത്രമല്ല യിസ്രായേൽമക്കളെ വീണ്ടും അതികഠിനമായി പീഡിപ്പിച്ചു. ഇതിനെ തുടർന്നു ദൈവം ഫറവോന്റെയും, മിസ്രയീമിന്റെയും നേർക്കു പല ബാധകൾ അയച്ചു. എന്നിട്ടും ദൈവജനത്തെ വിട്ടയയ്ക്കാൻ കൂട്ടാക്കിയില്ല. ഒടുവിലത്തെയും പത്താമത്തെയും ബാധയായ കടിഞ്ഞൂൽ സംഹാരത്തിലൂടെ ദൈവം തന്റെ ജനത്തെ ഫറവോനിൽ നിന്നും വിടുവിച്ചു കനാനിലേക്കു നടത്തി (പുറ.12). ദൈവം തന്റെ ജനത്തെ ചെങ്കടൽ വിഭാഗിച്ചു ഉണങ്ങിയ നിലം എന്നപോലെ മറുകര എത്തിച്ചു. പിന്തുടർന്നു വന്ന ഫറവോനെയും, സൈന്യത്തെയും ദൈവം ചെങ്കടലിൽ മുക്കി കൊന്നു (പുറ.14).

മോശെയുടെ നേതൃത്വത്തിൽ ദൈവജനം ചെങ്കടൽ കടന്നു സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ എത്തി. അവിടെ വച്ച് ദൈവത്തിന്റെ പ്രമാണങ്ങൾ മോശെ മൂലം യിസ്രായേൽ ജനത്തിനു ലഭിച്ചു. പുറപ്പാട് 12-ാം അദ്ധ്യായത്തിൽ ആട്ടിൻകുട്ടിയുടെ രക്തം കുറെ എടുത്തു വീടുകളുടെ വാതിലിന്റെ കട്ടളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടി രക്ഷ പ്രാപിക്കുന്നത് യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു. 14-ാം അദ്ധ്യായത്തിൽ ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങിച്ചാകുന്നതും, യിസ്രായേൽ സുരക്ഷിതരായി ചെങ്കടൽ കടക്കുന്നതും, ശത്രുവായ പിശാചിന്മേൽ കർത്താവു വിജയം വരിച്ചതിനെയും ദൈവമക്കൾക്കു ലഭിക്കുന്ന വീണ്ടെടുപ്പിനെയും കുറിക്കുന്നു. 25 മുതലുള്ള അദ്ധ്യായങ്ങളിൽ സമാഗമനകൂടാരത്തിന്റെ നിർമ്മാണം, അതിലെ ഉപകരണങ്ങൾ, കൂടാരത്തിലെ ശുശ്രൂഷകൾ എന്നിവ വിവരിക്കുന്നു. മനുഷ്യരോടൊപ്പം ദൈവം വസിക്കുന്നതിനെ സമാഗമനകൂടാരം വെളിപ്പെടുത്തുന്നു.

**എഴുത്തുകാരൻ** : മോശെ **എഴുതിയ കാലം** : 1450 — 1410 ബി.സി

**എഴുതിയ സ്ഥലം** : മരുഭൂമിയിൽ സീനായ് ഭൂപ്രദേശം

**പശ്ചാത്തലം** : മിസ്രയീമിൽദൈവജനം അടിമകളായിരിക്കുന്നു. ദൈവം അവർക്കു സ്വാതന്ത്ര്യം നൽകുന്നു

**പ്രധാന വാക്യങ്ങൾ** : പുറ.3:7,10 / പുറ.6:6 / പുറ.19:5,6

**അദ്ധ്യായങ്ങൾ** : പുറ.**40** — സമാഗമനകൂടാരം

**പ്രധാന അദ്ധ്യായങ്ങൾ**: പുറ.12 മുതൽ 14 വരെ.

**താക്കോൽ വാക്ക്** : വീണ്ടെടുപ്പ്

**പ്രധാന വ്യക്തികൾ** :

**(1) മോശെ (Moses )**—മിസ്രയീമ്യ അടിമത്വത്തിൽ നിന്നും ദൈവജനത്തെ വിടുവിച്ചവൻ (പുറ.2 — പുറ.40)

**(2) മിര്യാം (Miriam)** — മോശെയുടെ സഹോദരിയും പ്രവാചകിയും (പുറ.2:7/പുറ.15:20,21)

**(3) ഫറവോൻ ( Pharaoh)** — ദൈവജനത്തിന്റെ അടിമത്വത്തിൽ മിസ്രയീമിലെ അധികാരി (പുറ.5-14)

**(4) ഫറവോന്റെ പുത്രി (Daughter of Pharaoh)** — പൈതലായ മോശെയെ വെള്ളത്തിൽ നിന്നു രക്ഷിച്ചു മകനായി വളർത്തിയ രാജകുമാരി (പുറ.2:5-10)

**(5) അഹരോൻ (Aaron )** — മോശെയുടെ സഹോദരനും യിസ്രായേലിന്റെ ആദ്യത്തെ മഹാപുരോഹിതനും (പുറ.4:14-പുറ.40:31)

**(6) യോശുവാ (Joshua)**—മോശെയുടെ സഹായി- വാഗ്ദത്തനാട് കൈവശമാക്കുവാൻ യിസ്രായേലിനെ നയിച്ചവൻ (പുറ.17:9-14/പുറ.24:13/പുറ.32:17/പുറ.33:11)

**വിഷയം** : മിസ്രയീമിൽ നിന്നുള്ള പുറപ്പാട്, യിസ്രായേലുമായുള്ള ഉടമ്പടി — നിയമം

**പ്രധാനസംഭവങ്ങൾ** : മോശെയുടെ വിളി, ബാധകൾ, പെസഹ, പുറപ്പാട്, ചെങ്കടൽ തരണം, പത്തു കല്പനകൾ, സമാഗമനകൂടാര നിർമ്മാണം.

**പുസ്തക വിഭജനം**: (40 അദ്ധ്യായങ്ങൾ)—

(1) വിമോചനം — 1 —18 — മിസ്രയീമ്യരുടെ മേൽ ദൈവം ജയം നേടുന്നു. ദൈവീകശക്തിയാൽ തന്റെ ജനത്തെ വിടുവിക്കുന്നു.

(2) വേർപാട് — 19 — 24 — സീനായ്യിൽ വച്ച് ഉടമ്പടി നൽകി. സകല ജാതികളിലും നിന്നു വേർപെട്ടു ദൈവത്തിനു സ്വന്തമായിരിക്കണം. ഊന്നൽ കൊടുക്കുന്നത് **ദൈവത്തിന്റെ വിശുദ്ധി.**

(3) ദൈവത്തിന്റെ വാസം — 25—40 — ഉല്പത്തിയിൽ ദൈവം അവരോടൊപ്പം നടന്നു. പുറപ്പാടിൽ ദൈവം അവരുടെ മദ്ധ്യേ വസിക്കാൻ ആഗ്രഹിച്ചു. ഊന്നൽ കൊടുക്കുന്നത് **ദൈവത്തിന്റെ ഭവനം** (സമാഗമനകൂടാരം). പുരോഹിതന്മാർ അവിടെ ശുശ്രൂഷ ചെയ്തു.

**ശ്രദ്ധേയവിഷയങ്ങൾ** —

**(1) മിസ്രയീമ്യരുടെ മേൽ ദൈവം മോശെ മൂലം അയച്ച പത്തു ബാധകൾ —**

1. വെള്ളം രക്തമായിത്തീർന്നു— water into blood — (പുറ.7:20)

2. തവളയുടെ ആക്രമണം — frog invasion — (പുറ.8:6)

3. പേൻ — lice — (പുറ.8:17)

4. നായീച്ച — flies -- (പുറ.8:24)

5. കന്നുകാലികൾക്കുള്ള വ്യാധി—cattle diseases — (പുറ.9:6 )

6. പുണ്ണ് — boils — (പുറ.9:10)

7. കല്മഴയും തീയും — hail with fire —(പുറ.9:24)

8. വെട്ടുക്കിളി — locusts -- (പുറ.10:14)

9. മൂന്നുദിവസത്തെ കൂരിരുൾ—three-day darkness—(പുറ.10:22)

10 കടിഞ്ഞൂൽസംഹാരം — slaying of the first born (പുറ.12:29)

**(2) മിസ്രയീം ദേശത്തു ബാധകളുണ്ടായപ്പോൾ ഫറവോൻ മോശെക്കു നൽകിയ നിർദ്ദേശങ്ങടങ്ങിയ നാലു ഉറപ്പുകൾ —**

(1) ദേശം വിട്ടു പോകരുത്, മിസ്രയീമിൽവെച്ചു തന്നേ നിങ്ങളുടെ ആവശ്യം നടത്തുക —

**പുറ.8:25 —** *"നിങ്ങൾ പോയി ദേശത്തുവെച്ചു തന്നേ നിങ്ങളുടെ ദൈവത്തിന്നു യാഗം കഴിപ്പിൻ എന്നു പറഞ്ഞു."*

(2) പോകുക എന്നാൽ അതിദൂരം പോകരുത് —

**പുറ.8:28 —** *"നിങ്ങളുടെ ദൈവമായ യഹോവെക്കു മരുഭൂമിയിൽവെച്ചു യാഗം കഴിക്കേണ്ട തിന്നു നിങ്ങളെ വിട്ടയക്കാം; അതിദൂരം മാത്രം പോകരുതു."*

(3) പോകുക, എന്നാൽ നിങ്ങളുടെ കുട്ടികളും, സ്ത്രീകളും, കന്നുകാലികളും ഇവിടെ നിൽക്കട്ടെ —

**പുറ.10:10,11 —** *"ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും വിട്ടയച്ചാൽ യഹോവ നിങ്ങളോടുകൂടെ ഇരിക്കട്ടെ; നോക്കുവിൻ; ദോഷമാകുന്നു നിങ്ങളുടെ ആന്തരം. അങ്ങനെയല്ല, നിങ്ങൾ പുരുഷന്മാർ പോയി യഹോവയെ ആരാധിച്ചുകൊൾവിൻ."*

(4) പോകുക, എന്നാൽ ആടുകളും കന്നുകാലികളും ഇല്ലാതെ പോകുക —

**പുറ.10:24 —** *"നിങ്ങൾ പോയി യഹോവയെ ആരാധിപ്പിൻ; നിങ്ങളുടെ ആടുകളും കന്നുകാലികളും മാത്രം ഇങ്ങു നിൽക്കട്ടെ."*

**(3) മിര്യാം പ്രവാചകി** — മോശെയുടെ സഹോദരിയായ മിര്യാം പ്രവാചകിയായിരുന്നു (പുറ.2:7/20,21).

## പ്രവാചകൻ/ പ്രവാചകി — (Prophets /Prophetess) —

Prophet (പ്രവാചകൻ) എന്ന ഇംഗ്ളീഷ് പദം ഗ്രീക്കുഭാഷയിലെ Prophetes (പ്രോഫറ്റെസ്) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ ഗ്രീക്കു പദത്തിൽ PRO എന്നാൽ മുമ്പേ എന്നും PHEMI എന്നാൽ സംസാരിക്കുക (Pro = forth , Phemi = to speak) എന്നുമാണർത്ഥം. അതായതു മുമ്പേ സംസാരിക്കുന്നവൻ അഥവാ മുൻകൂട്ടി സംസാരിക്കുന്നവൻ (One who speaks forth). ഈ വാക്കിനു FOR അഥവാ വേണ്ടി എന്നു മറ്റൊരു അർത്ഥവും കൂടിയുണ്ട്. ദൈവത്താൽ അയക്കപ്പെട്ടവൻ (മീഖാ.6:4) എന്ന നിലയിലും ദൈവത്തിനു വേണ്ടി സംസാരിക്കുന്നവൻ (സംഖ്യാ.12:2) എന്ന നിലയിലും പ്രവാചകനായി അറിയപ്പെടുന്നു.

**ബൈബിളിലെ പ്രവാചകിമാർ —**

(1) മിര്യാം (പുറ.15:20)

(2) ദെബോരാ (ന്യായാ.4:4)

(3) ഹുൽദാ (2.രാജാ.22:14)

(4) നോവദ്യാ (നെഹെ.6:14)

(5) യെശയ്യാവിന്റെ ഭാര്യ (യെശ.8:3)

(6) ഹന്നാ (ലൂക്കൊ.2:36)

(7) ഫിലിപ്പോസിന്റെ നാലു പുത്രിമാർ (അപ്പൊ.21:9)

(8) ഈസബേൽ എന്ന കള്ളപ്രവാചകി (വെളി.2:20)

**(4) അബീമേലേക്കും ഫറവോനും —**

അബീമേലേക്ക്, ഫറവോ എന്നീ പേരുകൾ പൊതുവേ വ്യക്തിപരമായ പേരുകളല്ല. അബീമേലേക്ക് എന്നത് ഫെലിസ്ത്യരാജാക്കന്മാരുടെയും, ഫറവോ എന്നത് മിസ്രയീം രാജക്കന്മാരുടെയും സ്ഥാനപ്പേരുകളാണ്.

## (5) സമാഗമനകൂടാരം — പുറ.25:1-9 (TABERNACLE) —

മനുഷ്യസൃഷ്ടിയുടെ പ്രധാന ഉദ്ദേശ്യം ദൈവത്തിനു മനുഷ്യനുമായി കൂട്ടായ്മബന്ധം പുലർത്തുക എന്നതായിരുന്നു. എന്നാൽ പാപം ചെയ്കമൂലം മനുഷ്യൻ ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തി. മനുഷ്യനുമായി ദൈവം വീണ്ടും കൂട്ടായ്മബന്ധം പുലർത്തുവാനും അവരുടെ കൂടെ വസിക്കുവാനും ആഗ്രഹിച്ചു. ദൈവം യിസ്രായേലിനെ സ്വന്തജനമായി തിരഞ്ഞെടുത്തു. അവരുടെ നടുവിൽ വസിപ്പാൻ ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കുവാൻ ദൈവം മോശെയോടു കല്പിച്ചു. ദൈവത്തിന്റെ നിർദ്ദേശപ്രകാരം നിർമ്മിക്കപ്പെട്ട വിശുദ്ധമന്ദിരത്തെയാണ് സമാഗമനകൂടാരം എന്നു പറയുന്നത്.

*“ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും തന്നേ ഉണ്ടാക്കേണം.”*

പക്ഷേ ഈ വാസസ്ഥലം താൽക്കാലികമായിരുന്നു. ഏകദേശം 480 വർഷങ്ങൾക്കുശേഷം ദൈവകല്പനപ്രകാരം ശലോമോൻ അതിമനോഹരമായ ആലയം പണിഞ്ഞു (1.രാജാ.6:1). അതും മാറ്റപ്പെട്ടു. എന്നാൽ ഇന്നു ദൈവം വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്നു (1.കൊരി.3:16).

### സമാഗമനകൂടാരത്തിന്റെ വിവിധപേരുകൾ —

(1) വിശുദ്ധമന്ദിരം (പുറ.25:8/എബ്രാ.9:1)

(2) സമാഗമനകൂടാരം (സംഖ്യാ.10:3/പുറ.33:7)

(3) സാക്ഷ്യകൂടാരം (അപ്പൊ.7:44).

(4) യഹോവയുടെ തിരുനിവാസം (1.ദിന.21:29).

(5) ദൈവത്തിന്റെ സമാഗമനകൂടാരം (2.ദിന.1:3)

(6) തിരുനിവാസം (പുറ.25:9/സങ്കീ.84:1

(7) കൂടാരം (എബ്രാ.9:2)

### സമാഗമനകൂടാരം എന്തിന്റെ സാദൃശ്യം —

(1) യേശുക്രിസ്തുവിനു സാദൃശ്യം — യോഹ.2:19-21/1:14/കൊലൊ.1:19/2:9

(2) ദൈവസഭെക്കു സാദൃശ്യം — പുറ.25:8

(3) ഓരോ വിശ്വാസിക്കും സാദൃശ്യം —2.കൊരി.6:16/1.കൊരി.3:16,17

(4) സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബം — എബ്രാ.4:14/വെളി.4:7,8/യെഹെ.1:5-10

(5) സ്വർഗ്ഗത്തിലെ കൂടാരത്തിനു സാദൃശ്യം — എബ്രാ.8:5/9:23

### സമാഗമനകൂടാരത്തിലെ ഏഴു ഉപകരണങ്ങൾ —

(1) താമ്രയാഗപീഠം — ( BRAZEN ALTAR )

(2) താമ്രത്തൊട്ടി — ( BRAZEN LAVER )


(3) തങ്കനിലവിളക്ക് — ( GOLDEN LAMPSTAND )

(4) കാഴ്ചയപ്പത്തിന്റെ മേശ — ( TABLE OF SHOBREAD)

(5) ധൂപപീഠം — ( ALTAR OF INCENSE )

(6) കൃപാസനം — ( MERCY SEAT )

(7)നിയമപെട്ടകം — (ARKOFCOVENANT )




**സമാഗമനകൂടാരത്തിലെ ഏഴു ഉപകരണങ്ങളും ക്രിസ്തുവും — (സാദൃശ്യം)**

(1) യാഗപീഠം : ദൈവത്തിന്റെ കുഞ്ഞാട് (Lamp of God)

(2) താമ്രത്തൊട്ടി : ജീവജലം (Water of Life)

(3) കാഴ്ചയപ്പത്തിന്റെ മേശ: ജീവന്റെ അപ്പം (Bread of Life)

(4) നിലവിളക്ക് : ലോകത്തിന്റെ വെളിച്ചം (Light of the World)

(5) ധൂപപീഠം : കർത്താവിന്റെ പ്രാർത്ഥന (Prayer of the Lord)

(6) കൃപാസനം : ദൈവകരുണ (Mercy of God)

(7) നിയമപെട്ടകം : യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം (Death, Burial, Resurrection of Jesus Christ).

**സമാഗമനകൂടാരത്തിൽ ഏഴു (7) ഉപകരണങ്ങളുടെ സ്ഥാനം —**

(1) 2 എണ്ണം പ്രാകാരത്തിൽ — താമ്രയാഗപീഠം, താമ്രത്തൊട്ടി

(2) 3 എണ്ണം വിശുദ്ധസ്ഥലത്ത് — കാഴ്ചയപ്പത്തിന്റെ മേശ, നിലവിളക്ക്, ധൂപപീഠം

(3) 2 എണ്ണം അതിവിശുദ്ധസ്ഥലത്ത് — പെട്ടകം,കൃപാസനം

**വാതിലിനകത്തു പ്രവേശിച്ചാൽ വിജയകരമായ ക്രിസ്തീയജീവിതത്തിനുള്ള ഏഴു പടികൾ** —(7 സംപൂർണ്ണതയെ കുറിക്കുന്നു —വിശ്വാസിയുടെ ക്രിസ്തുവിലുള്ള പൂർണ്ണതയെയും)

**(1) താമ്രയാഗപീഠം —** ക്രൂശിന്റെ ചിത്രം (മാനസാന്തരം)

**(2) താമ്രത്തൊട്ടി —** പാപത്തിൽ നിന്നു ശുദ്ധീകരണം (വേർപാട്, ദൈനംദിന ശുദ്ധീകരണം)

**(3) കാഴ്ചയപ്പത്തിന്റെ മേശ -** കൂട്ടായ്മ, ക്രിസ്തുവിലും വചനത്തിലും വളർച്ച (വചനപഠനം)

**(4) നിലവിളക്ക് —** ക്രിസ്തീയസാക്ഷ്യം — പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ ജ്വലിക്കുക

**(5) ധൂപപീഠം —** പ്രാർത്ഥന, സ്തോത്രം, മദ്ധ്യസ്ഥപ്രാർത്ഥന

**(6) കൃപാസനം —** സമ്പൂർണ്ണജയം, വിശ്രമം, സമാധാനം, ദൈവകരുണ

**(7) നിയമ പെട്ടകം —** സമ്പൂർണ്ണസമർപ്പണം

# തിരുവചനത്തിൽ കാണപ്പെടുന്ന വിവിധ ദൈവാലയങ്ങൾ —

ദൈവം, തനിക്കായി വേർതിരിക്കപ്പെട്ട, യിസ്രായേൽജനത്തിന്റെ നടുവിൽ വസിക്കുവാൻ തയ്യാറാക്കിയ മാർഗ്ഗങ്ങളിലൊന്നായിരുന്നു സമാഗമനകൂടാരം. സമാഗമനകൂടാരത്തിനു പുറമേ മറ്റു ദൈവാലയങ്ങളും തിരുവചനത്തിൽ കാണുന്നു.

ദൈവാലയം ദൈവത്തിന്റെ വാസസ്ഥലമാണ്. ദൈവം മനുഷ്യരോടൊപ്പം താമസിക്കുവാനും, നടക്കുവാനും, സംസാരിപ്പാനും, സ്നേഹിക്കുവാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിക്കുന്നു.

## ദേവാലയവും ദൈവാലയവും —

മലയാളത്തിൽ ദൈവാലയം, ദേവാലയം എന്നീ വാക്കുകൾ ശ്രദ്ധിക്കുക —
ദേവാലയം = ദേവന്മാരുടെ ആലയം. ദൈവാലയം = ദൈവത്തിന്റെ ആലയം.
അനേക ദേവന്മാരുടെ പ്രതിഷ്ഠയുള്ള നമ്മുടെ നാട്ടിൽ അവയൊക്കെ ദേവാലയങ്ങളായിരിക്കുന്നു. നമ്മുടെ ദൈവം ദേവന്മാരുടെയും ദൈവമാണ്. ആയതിനാൽ ദൈവമക്കളുടെ ദൈവത്തിന്റെ ആലയം ദൈവാലയം. മലയാളം വേദപുസ്തകത്തിൽ ഒരിടത്തുപോലും ദേവാലയം എന്ന പദം ഉപയോഗിച്ചിട്ടില്ല. (മറ്റു ഭാഷകളിൽ മാറ്റമുണ്ടാകാം).

## ദൈവാലയത്തെ രണ്ടായി തിരിക്കാം —

**(1) ഭൗതിക ദൈവാലയം** (Physical Temple) —

ഇത് കൈപ്പണിയായുള്ളതാണ്. അതായത് ഭൂമിയുള്ള സാധനങ്ങൾ കൊണ്ടു പണിതത് മനുഷയൻ പണിതത് — കെട്ടിടങ്ങൾ — (ഉദാ - കല്ല്, കട്ട, മണ്ണ്, സിമന്റ് മുതലായവ കൊണ്ടു പണിതത്)

**(2) ആത്മീക ദൈവാലയം** (Spiritual Temple) —

മനുഷ്യന്റെ കൈവേലയല്ലാത്തത് — ആത്മീകവും ദൈവീകവുമായ ദൈവാലയം.

## (1) ഏദെൻ തോട്ടത്തിലെ ദൈവാലയം (TEMPLE IN EDEN)

സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു മനുഷ്യരോടൊപ്പം വസിക്കുവാനും നടക്കുവാനും, സംസാരിപ്പാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിച്ചു. ഏദെനിൽ ആദാമിനോടും ഹവ്വായോടും ചേർന്നു വസിച്ചു. ഇതായിരുന്നു ഭൂമിയിലെ ഒന്നാമത്തെ ദൈവാലയം. ഇതിനു ചുമരുകളോ പ്രാകാരങ്ങളോ യാഗപീഠങ്ങളോ ഇല്ലായിരുന്നു. എന്നാൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയാൽ ദൈവവുമായുള്ള കൂട്ടായ്മക്കും ഒത്തൊരുമിച്ചുള്ള വാസത്തിനും തടസ്സമായി (ഉല്പ.2,3).

## (2) സമാഗമനകൂടാരം (TABERNACLE ) —

മിസ്രയീമ്യ അടിമത്വത്തിൽ ദൈവജനത്തിന്റെ പരിതാപകരമായ അവസ്ഥ ദൈവം കണ്ടു. മോശെ മുഖാന്തരം മിസ്രയീമിൽ നിന്നു വിടുവിച്ചു കനാനിലേക്കു അവരെ നടത്തി. അവർ സഞ്ചരിച്ച മരുഭൂമിയിൽ അവരോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. അതിനായി ദൈവം മോശെക്കു കൊടുത്ത മാതൃകപ്രകാരം സമാഗമനകൂടാരം പണിഞ്ഞു. ഈ ദൈവനിവാസം താൽക്കാലികവും യാത്രയിൽ കൊണ്ടുപോകത്തക്കവിധം മാറ്റി സ്ഥാപിക്കുവാൻ കഴിയുന്നതുമായിരുന്നു (പുറ.25-30/പുറ.35:30-40:38/ ലേവ്യ.10:1-7). കാലങ്ങൾ ഏറെ കഴിഞ്ഞപ്പോൾ ശത്രുക്കൾ ഇതും നശിപ്പിക്കപ്പെടുവാൻ ഇടയായി.

## (3) ശലോമോന്റെ ദൈവാലയം (SOLOMON'S TEMPLE ) —

യിസ്രായേൽ ജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിച്ചശേഷം യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദ് ദൈവാലയം പണിയുവാൻ ആഗ്രഹിച്ചു. ദാവീദ് യുദ്ധവീരനായ രാജാവെന്ന നിലയിൽ രക്തച്ചൊരിച്ചിൽ നടത്തിയവനും, വാൾ കൈയ്യിലുള്ളവനുമായിരുന്നു. ആയതിനാൽ ദൈവാലയം പണിയുവാനുള്ള ദാവീദിന്റെ ആഗ്രഹം ദൈവം അനുവദിച്ചില്ല. തുടർന്നു ദാവീദിന്റെ ആഗ്രഹം തന്റെ മകനായ ശലോമോനിലൂടെ നിവർത്തിയാകുമെന്നു ദൈവം ദാവീദിനോടറിയിച്ചു. ശലോമോൻ അതിമനോഹരമായ ദൈവാലയം പണിതു (2.ദിന.7:1). സമാഗമനകൂടാരം യാത്രയിൽ മാറ്റി സ്ഥാപിച്ചുകൊണ്ടിരുന്നുവെങ്കിൽ ശലോമോന്റെ ദൈവാലയം സ്ഥിരമായ വാസസ്ഥലമായിരുന്നു. കാലം കഴിഞ്ഞതോടെ ദൈവജനം ദൈവസന്നിധി വിട്ടു വിഗ്രഹങ്ങളുടെ പുറകേ പോയി. ബാബിലോണ്യരാജാവായ നെബുഖദ്നേസർ ശലോമോൻ പണിത ഈ ദൈവാലയത്തെ ഇടിച്ചു നശിപ്പിച്ചു. ഉപകരണങ്ങൾ, സ്വർണ്ണം, താമ്രം, എന്നിവ കവർന്നെടുക്കുകയും ജനത്തെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു (2.ശമു.7:1-29 / 2.ദിന.39:19/ 1.രാജാ.8:1-66 /യിരെ.32:28-44).

**(4) സെരൂബ്ബാബേലിന്റെ ദൈവാലയം** (ZERUBBABEL'S TEMPLE ) — (God in Zerubbabel's Temple)—

ബാബിലോണ്യപ്രവാസത്തിലായിരുന്നവർ മടങ്ങി വന്നു. സെരൂബ്ബാബേലിന്റെയും മഹാപുരോഹിതനായ യോശുവയുടെയും നേതൃത്വത്തിൽ ദൈവാലയം പണിതു. **എസ്രാ.6:15,16 --** *ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം മൂന്നാം തീയ്യതി ഈ ആലയം പണിതു തീർന്നു. യിസ്രായേൽ മക്കളും പുരോഹിതന്മാരും ലേവ്യരും ശേഷം പ്രവാസികളും സന്തോഷത്തോടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു.* ശലോമോന്റെ ദൈവാലയത്തിന്റെ മനോഹാരിത കണ്ട മൂപ്പന്മാർ പുതിയ ദൈവാലയത്തിന്റെ അടിസ്ഥാനം കണ്ടപ്പോൾ കരഞ്ഞുപോയി. കാരണം ശലോമോന്റെ ആലയവുമായി തുലനം ചെയ്യുമ്പോൾ സെരൂബ്ബാബേൽ പണിതത് അത്ര ശ്രേഷ്ഠമായിരുന്നില്ല. പഴയ സൗന്ദര്യമോ പ്രൗഢിയോ ഇതിനില്ലായിരുന്നു(എസ്രാ.3:8,12). എന്നാൽ ദൈവം ഇതിൽ വസിക്കുകയും ഇതിനെ ഇഷ്ടപ്പെടുകയും ചെയ്തു. ദൈവം പുറമേയുള്ള ഭംഗിയല്ല, അവരുടെ ഹൃദയാന്തർഭാഗത്തെയാണ് നോക്കിയത്. പല യുദ്ധങ്ങളാൽ ഈ ദൈവാലയം അശുദ്ധമാക്കപ്പെട്ടു. കാലക്രമേണ അതു നശിച്ചുപോയി (എസ്രാ.6:1-22/എസ്രാ.3:1-8/ഹഗ്ഗാ.1-2).

**(5) ഹെരോദാവിന്റെ ദൈവാലയം** (HEROD'S TEMPLE ) —

ഹെരോദാവു പണിത ഈ ആലയത്തിന്റെ നിർമ്മാണത്തെപ്പറ്റി തിരുവചനത്തിൽ പറയുന്നില്ല. അതായത് ദൈവഹിതപ്രകാരമോ ദൈവമാതൃകപ്രകാരമോ പണിതതായിരുന്നില്ല. ഹെരോദാവു മഹാക്രൂരനും ദുഷിച്ചവനുമായിരുന്നു. ഇദ്ദേഹത്തിനു ദൈവഭയമോ യഹൂദന്മാരോടു പ്രത്യേക താൽപര്യമോ ഇല്ലായിരുന്നു. അക്കാരണത്താൽ തന്നെ ദൈവാലയം പണിതതിന്റെ ലക്ഷ്യം സ്വാർത്ഥത മാത്രമായിരുന്നു. മറ്റുള്ളവരുടെ മുമ്പാകെ താൻ വെറുക്കപ്പെട്ടവനാണെന്നു ഹെരോദാവിനു തന്നെ അറിയാമായിരുന്നു. തന്റെ മരണശേഷം തന്നെ ആരും ഓർക്കുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നു. ആയതിനാൽ തന്റെ പേർ എന്നും നിലനിൽക്കുവാനായിരുന്നു ദൈവാലയം പണിതത്. യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു.

പുതിയനിയമകാലത്ത് ഹെരോദാവിന്റെ ദൈവാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദൈവാലയമാണിത് (യോഹ.2:20). കള്ളന്മാരുടെ ഗുഹയാക്കി തീർത്തുവെന്നാണ് കർത്താവു ഈ ആലയത്തെപ്പറ്റി പറഞ്ഞത് (മത്താ.21:13). ഹെരോദാവു പണിത ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് കർത്താവു മുന്നമേ പറഞ്ഞിരുന്നു (മത്താ.24:2). റോമയിലെ തീത്തോസ് കൈസർ തകർത്തു അതിരുന്നസ്ഥലം ഉഴുതു മറിച്ചു (മർക്കൊ.13:2/ലൂക്കൊ.1:11-20;2:22-38;2:42-51;4:21-24/യോഹ.2:19,20). പിന്നീട് മുസ്ലീങ്ങൾ ഇവിടം കൈവശപ്പെടുത്തി ഹെരോദാവിന്റെ ദൈവാലയം നിന്ന സ്ഥാനത്ത് അവർ പള്ളി പണിതു. ഈ ഭാഗം ഇപ്പോഴും പാലസ്തീൻ മുസ്ലീങ്ങളുടെ കൈവശമാണ്.

**(6) ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവാലയം** (TEMPLE OF CHRIST ) —

**യോഹ.2:19,21 —** *"യേശു അവരോടു : ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. ...... അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു."* ക്രിസ്തു ഇമ്മാനുവേലായി മനുഷ്യരോടൊപ്പം വസിച്ചു. യേശുക്രിസ്തുവിന്റെ വാസം മനുഷ്യനെ ദൈവത്തോടു സമീപസ്ഥരാക്കി. എന്നാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവലായവും നശിപ്പിക്കപ്പെട്ടു. റോമൻ പടയാളികൾ ഈ ആലയത്തെ മരത്തോടു ചേർത്തു ആണി അടിച്ചു താഴ്ത്തിയപ്പോൾ ഈ മന്ദിരവും മാറ്റപ്പെട്ടു.

**(7) കൃപാകാലത്തെ ദൈവാലയം** — (TEMPLE IN MAN ) — (GOD IN MAN ) —

പഴയനിയമകാലത്ത് ദൈവം തന്റെ ജനത്തിന്റെ (ഗോത്രങ്ങളുടെ മദ്ധ്യേ . സമാഗമനകൂടാരം) നടുവിൽ വസിച്ചു (God in the middle of Israel). ക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോൾ ദൈവം നമ്മോടു കൂടെ വസിച്ചു (God lived with Men > Immanuel). ഇന്ന് കൃപാകാലത്ത് ദൈവം നമ്മിൽ (വിശ്വാസിയിൽ) വസിക്കുന്നു (God lives in each Believer).

കൃപാകാലത്തെ ദൈവാലയം ഓരോ വിശ്വാസിയിലുമുള്ള ആലയമാണ്. ക്രിസ്തു വീണ്ടും വരുന്നതുവരെ വിശ്വാസികളുടെ ഹൃദയത്തിൽ ദൈവം വസിക്കുന്നു.

**1.കൊരി.3:16 —** *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"*

**2.കൊരി.6:16 —** *"ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."*

**കൊലൊ.1:27 —** *"മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു."* നമ്മുടെ ശരീരം വിശുദ്ധമാണെങ്കിലേ വിശുദ്ധനായ ദൈവം വസിക്കുകയുള്ളു. ദൈവത്തിനു നമ്മുടെ ശരീരത്തിൽ അല്പകാലം മാത്രമേ വസിക്കുവാൻ കഴിയൂ. എന്തെന്നാൽ നമ്മുടെ ശരീരം മരണത്തിനധീനമാണ്. മരണത്തോടു കൂടി ഭൗമികദേഹം നശിക്കും. പാപത്താൽ പ്രവേശിച്ച മരണത്താൽ ഈ ശരീരംനശിക്കുന്നതാണ് (1.കൊരി.6:19,20 /2.കൊരി.6:16-17).

## (8) സഭ - ദൈവത്തിന്റെ ആലയം (CHURCH - TEMPLE OF GOD ) —

സഭ ദൈവത്തിന്റെ ആലയമാണ്. മനുഷ്യന്റെ കൈവേലയല്ലാത്തതും ജീവനുള്ള കല്ലുകളാൽ പണിയപ്പെടുന്നതുമായ ദൈവത്തിന്റെ ആത്മീയഗൃഹം.

**മത്താ.18:20 —***"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു."*

**1.പത്രൊ.2:5 —***"നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മി കഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു."*

**എഫെ.2:19-22 —** *"ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു."*

## (9) പീഡനകാലത്തെ ദൈവാലയം (TRIBULATION PERIOD TEMPLE ) —

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്തു ഭൂമിയിൽ അന്തിക്രിസ്തുവിന്റെ കാലത്തുള്ള യെഹൂദന്മാർ പണിയുന്ന ആലയമാണിത്. പീഡനകാലത്തു പണിയപ്പെടുന്ന ആലയമായതിനാൽ ഇതിനെ പീഡനകാലത്തെ ദൈവാലയം എന്നറിയപ്പെടുന്നു. ഇതും നശിപ്പിക്കപ്പെടും (ദാനീ.9:27;11:45;12:7/2തെസ്സ.2:3,4/വെളി.11:1,2). പീഡനകാലത്തിന്റെ ആരംഭത്തിൽത്തന്നെ ദൈവാലയപണി നടത്തുകയും പീഡനകാലത്തിന്റെ മദ്ധ്യേയുള്ള മഹാപീഡനകാലത്ത് എതിർക്രിസ്തു യിസ്രായേലുമായി ഉടമ്പടി ലംഘിക്കുകയും ദൈവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കുകയും ചെയ്യും (വെളി.13:14). പീഡനകാലത്തു നിർമ്മിക്കുന്ന ദൈവാലയത്തെയാണ് അളക്കുവാൻ വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനോടു കർത്താവു കല്പിക്കുന്നത് (വെളി.11:1,2).

## (10) സഹസ്രാബ്ദകാലത്തെ ദൈവാലയം (MILLENNIUM TEMPLE ) —

മഹാപീഡനകാലം കഴിയുന്നതോടെ ക്രിസ്തുവും സഭയും ഭൂമിയിലേക്ക് ഇറങ്ങിവരികയും ആയിരം ആണ്ടേക്കു പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു അഗാധകൂപത്തിൽ ബന്ധിക്കും (വെളി.20:1-3). ക്രിസ്തുവും സഭയും ഭൂമിയിൽ ആയിരം ആണ്ടു വാഴുകയും ചെയ്യും. ആയിരം ആണ്ടു വാഴ്ചയിൽ യെരൂശലേമിൽ സ്ഥാപിക്കപ്പെടുന്ന ദൈവാലയമാണ് സഹസ്രാബ്ദ കാലത്തെ ദൈവാലയം (യെശ.66:20/യെഹെ.40-48/സെഖ.6:12,13).

## (11) നിത്യകൂടാരം - നിത്യതയിലെ ദൈവാലയം (ETERNAL TEMPLE ) —

എല്ലാറ്റിലും മഹത്തായ ദൈവാലയമായിരിക്കുമിത്. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും, അതിന്റെ മന്ദിരം ആയിരിക്കും (വെളി.21:22/വെളി.22:1-21). സർവ്വശക്തനായ പിതാവായ ദൈവം, കുഞ്ഞാടായ യേശുക്രിസ്തുവെന്ന ദൈവപുത്രൻ, പരിശുദ്ധാത്മാവാം ദൈവം എന്നിങ്ങനെ ത്രിയേകനാം ദൈവസാന്നിദ്ധ്യത്തിൽ സകലകാലവിശുദ്ധന്മാരും ഒത്തൊരുമിച്ചു വസിക്കുന്നു.
*"ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും"* (വെളി.21:3) എന്നു സ്വർഗ്ഗത്തിൽ നിന്നു കേട്ട മഹാശബ്ദം ഇവിടെ നിവൃത്തിയാകുന്നു.

**2.കൊരി.5:11 —** *"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."*

**വെളി.21:22 —** *മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു.*

## അദ്ധ്യായ ഉള്ളടക്കം —

(1) യോസേഫിനെ അറിയാത്ത മിസ്രയീമിലെ രാജാവ് (പുറ.1:8)

(2) സംഭാരനഗരങ്ങൾ (Supply Cities)— പീഥോം, റയംസേസ് (പുറ.1:11)

(3) യിസ്രായൽ മക്കളുടെ വർദ്ധനയും, ആൺകുട്ടികളെ നദിയിലിട്ടു കൊന്നുകളയാനുള്ള രാജകല്പനയും (പുറ.1:9-22)

(4) മോശെയുടെ ജനനവും ഫറവോന്റെ പുത്രിയും (പുറ.2:1-10)

(5) മോശെയുടെ മിദ്യാനിലേക്കുള്ള പലായനം (പുറ.2:11-22)

(6) ദൈവത്തിന്റെ പർവ്വതമായ ഹോരേബും മുൾപടർപ്പിലൂടെ മോശെക്കു ദൈവത്തിന്റെ പ്രത്യക്ഷതയും (പുറ.3)

(6) ദൈവത്തിന്റെ പേരെന്ത് ? ഞാനാകുന്നവൻ ഞാനാകുന്നു (I AM WHO I AM - പുറ.3:11-14)

(7) മോശെയുടെ തടസ്സവാദങ്ങളും, ദൈവത്തിന്റെ നിർദ്ദേശങ്ങളും (പുറ.4)

(8) മോശെയും അഹോരോനും ഫറവോന്റെ സമീപം (പുറ.5)

(9) അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം യഹോവ എന്ന നാമത്തിൽ (പുറ.6:3)

(10) വീണ്ടെടുപ്പ് (പുറ.6:6)

(11) മിസ്രയീമിലെ 10 ബാധകൾ (പുറ.7-12)

(12) പെസഹ (പുറ.12)

(13) കടിഞ്ഞൂലിനെ ദൈവത്തിനായി വേർതിരിക്കുന്നു (പുറ.13)

(14) ഫറവോൻ യിസ്രായേൽ ജനത്തെ പിൻതുടരുന്നു (പുറ.14:1-9)

(15) ചെങ്കടലിലൂടെ യിസ്രായേലിനു വിടുതലും മിസ്രയീമ്യർക്കു നാശവും (പുറ.14:10-31)

(16) ചെങ്കടൽ കടന്നവരുടെ സ്തോത്രഗീതം (പുറ.15:1-21)

(17) മാറായിലെ കയ്പിന്റെ അനുഭവവും, എലീമിലെ ആശ്വാസവും (പുറ.15:22-27)

(18) യിസ്രായേലിന്റെ പിറുപിറുപ്പും, സ്വർഗ്ഗത്തിൽ നിന്നു ദൈവത്തിന്റെ മന്നായും (പുറ.16)

(19) രെഫീദീമിൽ ജലക്ഷാമം, പാറയിൽ നിന്നു ജലം, അമാലേക്യരുമായുള്ള യുദ്ധം (പുറ.17)

(20) യിസ്രായേൽ ജനം സീനായി മരുഭൂമിയിൽ - ന്യായപ്രമാണയുഗം ആരംഭം (പുറ.19)

(21) ദൈവം പത്തു കല്പനകൾ നൽകുന്നു (പുറ.20)

(22) ദാസീദാസന്മാർക്കായുള്ള നിയമങ്ങൾ (പുറ.21)

(23) കുറ്റങ്ങളും അതിനുള്ള ശിക്ഷകളും (പുറ.22)

(24) വ്യാജവർത്തമാനത്തിനു വിലക്ക്, മൂന്നു ഉത്സവങ്ങൾ, കനാൻ അവകാശമാക്കൽ (പുറ.23)

(25) മോശെ പർവ്വതത്തിൽ — നിയമരക്തത്താൽ ഉടമ്പടി മുദ്രയിടൽ (പുറ.24)

(26) സമാഗനകൂടാരനിർമ്മാണം (പുറ.25-40)

## പ്രത്യേകതകൾ :

(1) പഴയനിയമത്തിൽ ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് പുറപ്പാടിലാണ്.

(2) കത്തുന്ന മുൾപടർപ്പിന്റെ നടുവിൽ നിന്നു യഹോവ മോശെയോടു സംസാരിക്കുന്നു (പുറ.3).

(3) യഹോവ എന്ന നാമം ദൈവം വെളിപ്പെടുത്തുന്നു (പുറ.6)

(4) 10 കല്പനകൾ പുറപ്പാടിൽ വിശദീകരിക്കുന്നു (പുറ.20).

(5) ദൈവത്തിന്റെ കല്പന അനുസരിക്കാതെ ദൈവജനത്തെ പീഡിപ്പിച്ചവരെ ദൈവം ശിക്ഷിക്കുകയും തന്റെ ജനത്തെ രക്ഷിച്ചു ആശ്വാസം നൽകുകയും ചെയ്യുന്നു.

(6) പുസ്തകം ദൈവജനത്തിന്റെ അടിമത്വം മുഖേന ഞരക്കത്തിലും, കണ്ണുനീരിലും, വേദനയിലും ആരംഭിക്കുന്നു; എങ്കിലും സ്വാതന്ത്ര്യത്തിലും, സന്തോഷത്തിലും, സംഗീതത്തിലും, ദൈവമഹത്വത്തിലും അവസാനിക്കുന്നു. ദൈവം അവരുടെ മദ്ധ്യേ വസിക്കുന്നു.

(7) ചെങ്കടൽ കടക്കുന്നത് ഒരു വിശ്വാസി ലോകത്തോടു വേർപെടുന്നതിനെയും, ലോകത്തെ ജയിക്കുന്നതിനെയും, സ്നാനത്തെയും കാണിക്കുന്നു.

(8) മിസ്രയീം ലോകത്തെ പ്രതിനിധീകരിക്കുന്നു.

(9) ജനങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന മോശെ ക്രിസ്തുവിന്റെ സാദൃശ്യമായിരിക്കുന്നു.

(10) മേഘസ്തംഭവും അഗ്നിത്തൂണും ദൈവസാന്നിദ്ധ്യത്തെ പ്രകടമാക്കുന്നു.

(11) സമാഗമനകൂടാരവും അതിലെ ശുശ്രൂഷകളും വിശ്വാസി ദൈവത്തെ എങ്ങനെ ആരാധിക്കേണം എന്നു കാണിക്കുന്നു.

## ക്രിസ്തുപുറപ്പാടിൽ — പെസഹാക്കുഞ്ഞാട്

(1) പെസഹാക്കുഞ്ഞാടുയേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു (പുറ.12:10) —> യോഹ.1:36/1.കൊരി.5:7/വെളി.5:6).

(2) അതിൽ ഒരു അസ്ഥിയും ഒടിക്കരുതു (പുറ.12:46) എന്നത് ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമാണ് (യോഹ.19:31-37/സങ്കീ.34:20)

(3) മാറയിലെ വെള്ളം മധുരമാക്കിത്തീർത്ത വൃക്ഷം (പുറ.15:23 -25), കാൽവറി ക്രൂശിൽ നമുക്കു വേണ്ടി യാഗമായിതീർന്ന യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു (2.രാജാ.6:6,7)

(4) സ്വർഗ്ഗീയമന്ന (പുറ.16) -- യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നുള്ള ജീവന്റെ അപ്പം (സങ്കീ.78:24,25/ യോഹ.6:35).

(5) അടിക്കപ്പെട്ടപാറയിൽ നിന്നൊഴുകിയ ജീവജലം (പുറ.17:6). അടിക്കപ്പെട്ട പാറ ക്രിസ്തു (1.കൊരി.10:4)

(6) സമാഗമനകൂടാരത്തിന്റെ തിരശ്ശീല (പുറ.26:31)— മന്ദിരത്തിലെ തിരശ്ശീല (മത്താ.27:51) / ദേഹമെന്ന തിരശ്ശീല (എബ്രാ.10:19) യേശുക്രിസ്തുവിനെ കുറിക്കുന്നു.

(7) സമാഗമനകൂടാരത്തിലെ യാഗപീഠം, പിച്ചളത്തൊട്ടി, കാഴ്ചയപ്പത്തിന്റെ മേശ, കവരവിളക്ക്, ധൂപപീഠം, സാക്ഷ്യത്തിന്റെ പെട്ടകം, കൃപാസനം ഇവ ഓരോന്നും യേശുക്രിസ്തുവിനെ കാണിക്കുന്ന സാധനപാഠക ങ്ങളാണ് (പുറ.27).

(8) മഹാപുരോഹിതനും പുരോഹിതവസ്ത്രവും (പുറ.29,30,40) ക്രിസ്തുവിനോടു ബന്ധപ്പെടുന്നു.

(9) *"എന്നാൽ കഴുതയുടെ കടിഞ്ഞൂലിനെ ആട്ടിൻ കുട്ടിയെ ക്കൊണ്ടു വീണ്ടുകൊള്ളേണം. വീണ്ടുകൊള്ളുന്നില്ലെങ്കിൽ അതിന്റെ കഴുത്തു ഒടിച്ചു കളയേണം"* (പുറ. 34:20). പാപികളും, ദോഷികളും, കഴുത്തു ഒടിച്ചു കളയേണ്ടതായ കഴുതയുടെ അവസ്ഥയിലും ആയിരുന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തത് യേശുക്രിസ്തുവാകുന്ന ആട്ടിൻകുട്ടിയാലാണ് എന്നുള്ള വസ്തുതയുടെ പ്രദർശനമാണിത് (1.പത്രൊ.1:18,19).

(10) ക്രിസ്തുവിന്റ ചില സാദൃശ്യങ്ങളും നിഴലുകളും പുറപ്പാടു പുസ്തകത്തിൽ കാണാം. ഉദാ: മോശെ, പെസഹാ, ഏഴുഉത്സവങ്ങൾ, പുറപ്പാടു, മന്നാ, പാറയിലെജലം, സമാഗമനകൂടാരം, മഹാപുരോഹിതൻ.

-----------------------------------

# (3)ലേവ്യപുസ്തകം — LEVITICUS

ലേവ്യരെ സംബന്ധിക്കുന്ന പുസ്തകം എന്ന അർത്ഥത്തിലാണ് ലേവ്യപുസ്തകം എന്ന പേരു ലഭിച്ചത് (Pertaining to the Levites). യാക്കോബിന്റെ ഭാര്യ ലേയായിലുണ്ടായ മൂന്നാമത്തെ പുത്രന്റെ പേര് ലേവി എന്നായിരുന്നു (ഉല്പ.29:34). ലേവി ഗോത്രത്തിൽ നിന്നുള്ളവരെയാണ് ദൈവാലയത്തിലെ വിശുദ്ധസ്ഥലത്തെ ശുശ്രൂഷകൾക്കായി എടുത്തിരുന്നത്. ഇവരെ ലേവ്യർ എന്നു വിളിച്ചിരുന്നു (സംഖ്യാ.6:8/എസ്രാ.2:70).

പൗരോഹിത്യം ലേവ്യരിൽ നിന്നാകയാലും, ഈ പുസ്തകത്തിൽ പുരോഹിതന്മാർക്കുള്ള ആരാധന സംബന്ധമായ നിർദ്ദേശങ്ങളും നിയമങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും ലേവ്യരെ സംബന്ധിക്കുന്ന പുസ്തകം എന്നർത്ഥത്തിൽ ലേവ്യപുസ്കം എന്ന പേര് യോജിക്കുന്നു. എന്നാൽ ഈ പുസ്തകം ലേവ്യരെ മാത്രം ഉദ്ദേശിച്ചുള്ള പുസ്തകമല്ല. യഹോവ മോശയോടു അരുളിച്ചെയ്തത് — "നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ" — എന്ന വാക്യം ഈ പുസ്തകത്തിൽ 56 പ്രാവശ്യം ആവർത്തിക്കുന്നു. ആകയാൽ ഈ പുസ്തകം പുരോഹിതന്മാർക്കു മാത്രമല്ല എല്ലാ ദൈവജനത്തിനും ഉള്ളതാണ്.

വയ്യിഗ്രാ എന്ന പേരാണ് ഈ പുസ്തകത്തിന് എബ്രായ ബൈബിളിലുള്ളത്. വയ്യിഗ്രാ (Vayyigra = He called) എന്നതിനു അവൻ വിളിച്ചു എന്നർത്ഥം. യഹോവ സമാഗമനകൂടാരത്തിൽ വച്ചു മോശെയെ വിളിച്ച് അവനോട് അരുളിച്ചെയ്തത് (ലേവ്യ.1:1) എന്നു പുസ്തകാരംഭത്തിൽ പറഞ്ഞിരിക്കുന്നത് വയ്യിഗ്രാ എന്ന പേരിനോടു ചേരുന്നു.

ചെങ്കടൽ കടന്നുവന്ന ദൈവജനത്തിന് സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ വെച്ച് ദൈവം നൽകുന്ന പ്രമാണങ്ങളാണ് ഈ പുസ്തകത്തിന്റെ പശ്ചാത്തലം. ലേവ്യപുരോഹിതന്മാർക്കുളള പ്രമാണങ്ങൾ, ചുമതലകൾ, യാഗക്രമീകരണങ്ങൾ എന്നിവയൊക്കെ അടങ്ങിയിരിക്കുന്നു. യാഗങ്ങൾ അഥവാ ബലികൾ ആണ് ഇതിലെ പ്രധാന വിഷയം. യാഗങ്ങളിലൂടെ ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തെ ലേവ്യപുസ്തകം വിവരിക്കുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല; ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ലഎന്നീ രണ്ടു പ്രമാണങ്ങളാണ് ലേവ്യപുസ്തകത്തിന്റെ ഉള്ളടക്കം.

ലേവ്യപുസ്തകത്തിന്റെ പ്രധാന സന്ദേശം "വിശുദ്ധി" എന്നതാണ്. വിശുദ്ധിയെ കുറിച്ചു 152 പ്രാവശ്യം പറഞ്ഞിരിക്കുന്നു. ദൈവം വിശുദ്ധനാകയാൽ തന്റെ ജനവും വിശുദ്ധിയുള്ളവരായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു (ലേവ്യ.11:45). ദൈവത്തിന്റെ ജനം വിശുദ്ധജനമായിരിക്കേണ്ട താണെന്നു പുതിയനിയമത്തിലും കാണുന്നു (മത്താ.5:48/1.പത്രൊ.1:15). പൗരോഹിത്യത്വത്തെക്കുറിച്ചു ലേവ്യപുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാപുരോഹിതനായ അഹരോനും, അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാരും യഥാക്രമം യേശുക്രിസ്തുവിനെയും വിശ്വാസികളെയും കുറിക്കുന്നു. സഭാകാലത്തെ വിശ്വാസികളെല്ലാവരും രാജകീയപുരോഹിതവർഗ്ഗമാണ് (1.പത്രൊ.2:5,9).

| | |
|---|---|
| **എഴുത്തുകാരൻ** | : മോശെ |
| **എഴുതിയ കാലം, സ്ഥലം** | : 1450 — 1410 ബി.സി -സീനായ്മല |
| **താക്കോൽ വാക്ക്** | : വിശുദ്ധി |
| **താക്കോൽ വാകൃങ്ങൾ** | : ലേവ്യ.17:11/ ലേവ്യ.19:2 / ലേവ്യ.20:7,8 |
| **അദ്ധ്യായങ്ങൾ** | : 27 |
| **പ്രധാന അദ്ധ്യായം** | : ലേവ്യ.16 |

**ലക്ഷ്യം** : പുരോഹിതന്മാർക്കു ആരാധനെക്കുള്ള നിർദ്ദേശങ്ങളും, യിസ്രായേൽ ജനത്തിനു വിശുദ്ധ ജീവിതത്തിനുള്ള നിർദ്ദേശങ്ങളും നൽകുക.

**വിഷയം** : വിശുദ്ധി (Holiness), യാഗം (Sacrifice), പ്രായശ്ചിത്തം (Atonement), ആചാരാനുഷ്ഠാനപരവും സാന്മാർഗ്ഗികവുമായ നിയമങ്ങൾ (Ceremonial and Moral Laws)

**പ്രധാനവ്യക്തികൾ** :

(1) **മോശെ** ( Moses) — ദൈവത്തിന്റെ അരുളപ്പാടുകളും നിയമങ്ങളും യിസ്രായേലിനെ അറിയിച്ചവൻ.

(2) **അഹരോൻ** (Aaron) — ആദ്യത്തെ മഹാപുരോഹിതനും മോശെയുടെ സഹോദരനും

(3) **നാദാബ്** ( Nadab) — അഹരോന്റെ പുത്രൻ— ദൈവകല്പന ലംഘിച്ചു മരണത്തിനിരയായവൻ (ലേവ്യ.10:1,2)

(4) **അബിഹൂ** (Abihu) — അഹരോന്റെ പുത്രൻ —ദൈവകല്പന ലംഘിച്ചു മരണത്തിനിരയായവൻ (ലേവ്യ.10:1,2)

(4) **എലെയാസർ** ( Eleazar) — അഹരോന്റെ പുത്രൻ — പുരോഹിതൻ (ലേവ്യ.10:6-20)

(5) **ഈഥാമാർ** ( Ithamar) — അഹരോന്റെ പുത്രൻ — പുരോഹിതൻ (ലേവ്യ.10:6-20)

**പുസ്തക വിഭജനം** : (27 അദ്ധ്യായങ്ങൾ)

(1) 1 — 17 ദൈവത്തോടു അടുക്കുന്നതിനുള്ള നിയമങ്ങൾ യാഗങ്ങൾ, കർമ്മങ്ങൾ

(2) 18— 27 ദൈവമുമ്പാകെ നടക്കുന്നതിനുള്ള നിയമങ്ങൾ വിശുദ്ധീകരണകല്പനകൾ

**പ്രധാനസംഭവം** : അന്യാഗ്നി മൂലമുള്ള നാദാബിന്റെയും അബീഹൂവിന്റെയും മരണം (ലേവ്യ.10:1-2).

## ലേവ്യപുസ്തകത്തിൽ ശാസ്ത്രം —

മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത് (ലേവ്യ.16:11,14)

## അദ്ധ്യായവിഷയങ്ങൾ —

(1) അഞ്ചുയാഗങ്ങൾ (ലേവ്യ.1-5)

(2) പാളയത്തിനു പുറത്ത് (ലേവ്യ.4:1,2/പുറ.29:14/എബ്രാ.13:12,13)

(3) യാപീഠത്തിന്റെ കൊമ്പുകളിൽ രക്തം പുരട്ടുന്നത് (ലേവ്യ.4:30)

(4) യാഗപ്രമാണങ്ങൾ —> ഹോമയാഗം (ലേവ്യ.6:8-13),ഭോജനയാഗം (ലേവ്യ.6:14-18), പാപയാഗം (ലേവ്യ.6:24-30), അകൃത്യയാഗം (ലേവ്യ.7:1-7), സമാധാനയാഗം (ലേവ്യ.7:11-38)

(5) അഹരോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യുന്നു (ലേവ്യ.8)

(6) അഹരോന്റെയും പുത്രന്മാരുടെയും പുരോഹിതശുശ്രൂഷ (ലേവ്യ.9)

(7) അന്യാഗ്നി (ലേവ്യ.10)

(8) ആഹാരകാര്യങ്ങളിലെ നിബന്ധനകളും ശുദ്ധീകരണനിയമങ്ങളും (ലേവ്യ.11,12)

(9) കുഷ്ഠരോഗലക്ഷണങ്ങൾ, പാലിക്കേണ്ട നിയമങ്ങൾ, ശുദ്ധീകരണം (ലേവ്യ.13,14)

(10) അതിപരിശുദ്ധസ്ഥലത്തേക്കുള്ള മഹാപുരോഹിതന്റെ പ്രവേശനം (ലേവ്യ.16:1-11), അസസ്സേലിനു ചീട്ടുവീണ കോലാട്ടുകൊറ്റൻ (ലേവ്യ.16:8-10,20-22),ആത്മതപനത്തിന്റെ ഉത്സവം (ലേവ്യ.16:29), മഹാ പാപപരിഹാരദിവസം (ലേവ്യ.16:30-34)

(11) യാഗം അർപ്പിക്കേണ്ട സ്ഥാനം, തെറ്റിച്ചാൽ ശിക്ഷ, ജീവൻ രക്തത്തിലായതിനാൽ ഭക്ഷിക്കുന്ന തിനു വിലക്ക് (ലേവ്യ.17)

(12) നിയമാനുസൃതമല്ലാത്ത വിവാഹം (ലേവ്യ.18)

(13) വിവിധനിയമങ്ങളുടെ ആവർത്തനം —> വിഗ്രഹാരാധന, ദരിദ്രനെ കരുതൽ, കള്ളസത്യം, വേല ക്കാരന്റെ കൂലിതാമസിപ്പിക്കൽ, ന്യായം വിധിക്കൽ, ഏഷണി, പ്രതികാരം, വയലിൽ കൂട്ടു വിത്തു വിത യ്ക്കൽ, മുഹൂർത്തം നോക്കൽ, പച്ചകുത്തൽ, വൃദ്ധനെ ബഹുമാനിക്കൽ —(ലേവ്യ.19)

(14) ദുഷ്ടതക്കെതിരായുള്ള ശിക്ഷകൾ —> മക്കളെ ബലികഴിക്കുക, ഭൂതാത്മാക്കളുമായുള്ള ബന്ധം, ലൈംഗികവൈകൃതങ്ങൾ (ലേവ്യ.20)

(15) പുരോഹിതന്മാർക്കുള്ള നിയമങ്ങൾ (ലേവ്യ.21,22)

(16) വിവിധ ഉത്സവങ്ങൾ, ശബ്ബത്ത്, ഏഴു പെരുന്നാളുകൾ —

(1) പെസഹപെരുന്നാൾ — ലേവ്യ.23:4,5

(2) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ — ലേവ്യ.23:6-8

(3) ആദ്യഫലപെരുന്നാൾ —ലേവ്യ.23:10-14

(4) വാരോത്സവം അഥവാ പെന്തെക്കൊസ്ത് പെരുന്നാൾ — ലേവ്യ.23:15-21

(5) കാഹളധ്വനിയുടെ പെരുന്നാൾ — ലേവ്യ.23:23-25

(6) മഹാപാപപരിഹാരദിവസം — ലേവ്യ.23:26-32

(7) കൂടാരപ്പെരുന്നാൾ — ലേവ്യ.23:33-44

(17) നിലവിളക്കിനുള്ള എണ്ണ, കാഴ്ചയപ്പം (ലേവ്യ.24:1-9)

(18) ഏഴാം വർഷം ശബ്ബത്ത്, യോബേൽ സംവത്സരം, നഷ്ടപ്പെട്ട അവകാശത്തിന്റെ വീണ്ടെടുപ്പ്, സഹോദരന്റെ വീണ്ടെടുപ്പ് (ലേവ്യ.25)

(19) അനുഗ്രഹത്തിന്റെ വ്യവസ്ഥകൾ — വിഗ്രഹാരാധന പാടില്ല, ശബ്ബത്തുകൾ ആചരിക്കണം, അനുഗ്രഹവും ശാപവും(ലേവ്യ.26)

(20) നേർച്ചയുടെ നിയമങ്ങൾ — കടിഞ്ഞൂലുകൾ, ശപഥാർപ്പിതങ്ങൾ വീണ്ടെടുക്കുന്നത്, ദശാംശനിയമങ്ങൾ (ലേവ്യ.27).

## ശ്രദ്ധേയവിഷയങ്ങൾ —

## (1) അഞ്ചുയാഗങ്ങൾ — (ലേവ്യ.1-5)

യിസ്രായേൽ മക്കൾ തങ്ങളുടെ പാപപരിഹാരത്തിനും ദൈവവുമായുള്ള അവരുടെ ബന്ധം പുനഃസ്ഥാപിക്കേണ്ടതിനുമായി യാഗങ്ങൾ അർപ്പിക്കേണ്ടതായുണ്ടായിരുന്നു. അഞ്ചു യാഗങ്ങളാണ് അവയിൽ പ്രധാനമായിട്ടുള്ളവ. യിസ്രായേൽ ജനത്തിനായി നൽകപ്പെട്ട യാഗങ്ങൾ ക്രിസ്തുവിന്റെ ക്രൂശുമരണത്തോടെ ആവശ്യമില്ലാതായിത്തീർന്നു. ക്രിസ്തുവിന്റെ യാഗം ഒരിക്കലും എന്നേക്കുമുള്ള യാഗമായിരുന്നു. ക്രിസ്തുവിന്റെ ക്രൂശിലെയാഗമരണം മൂലം ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും ദൈവവുമായുള്ള കൂട്ടായ്മബന്ധവും പുനഃസ്ഥാപിക്കപ്പെടുന്നു.

**> (1) ഹോമയാഗം (ലേവ്യ.1:3-9)** (BURNED OFFERING) —

ഒരുവന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാനായി അർപ്പിക്കുന്ന യാഗമാണ് ഹോമയാഗം. ദൈവത്തോടു അവനുള്ള ഭക്തി പ്രദർശിപ്പിക്കുവാൻ കഴിക്കുന്ന ഒരു സ്വമേധയാ യാഗമാണിത്. ഹോമയാഗത്തിനായുള്ള യാഗവസ്തുക്കൾ മൂന്നു തരത്തിലുള്ളതാണ്. > കന്നുകാലി — ധനവാന്മാർക്കായി > ആട് — ഇടത്തരക്കാർക്കായി > പക്ഷികൾ — സാധുക്കൾക്കായി. ഹോമയാഗം അർപ്പിക്കുന്നവൻ ബലിമൃഗത്തിന്റെ തലയിൽ കൈ വെയ്ക്കുന്നു. താൻ മൃഗത്തോടു ഏകീഭവിക്കുന്നുവെന്നും തനിക്കു പകരമായി മൃഗം കൊല്ലപ്പെടുന്നുവെന്നും അതിലൂടെ സമ്മതിക്കുന്നു. തീ ദൈവത്തിന്റെ വിശുദ്ധിയെയും നീതിയെയും കുറിക്കുന്നു. കളങ്കരഹിതമായ ക്രിസ്തുവിനെയാണ് ഹോമയാഗം കുറിക്കുന്നത്. ഒരു സമ്പൂർണ്ണയാഗമായി ക്രിസ്തുവിന്റെ മരണം ആയിരിക്കുന്നു.

**> (2) ഭോജനയാഗം (ലേവ്യ.2:1-16)** (GRAIN OFFERING)—

ആരാധനയും ദൈവത്തോടുള്ള ബഹുമാനവും ഭക്തിയും ഭോജനയാഗം പ്രദർശിപ്പിക്കുന്നു. ഇത് ഒരു സ്വമേധയാ യാഗമാണ്. ഭോജനയാഗം മൂലമുള്ള ആരാധന സാധുക്കൾക്കു ആശ്വാസമായിരുന്നു. കാരണം സാധാരണക്കാരന്റെ ആഹാരസാധനങ്ങളായ നേരിയമാവ്, എണ്ണ, കുന്തുരുക്കം, ഉപ്പ് എന്നിവയായിരുന്നു ഭോജനയാഗത്തിലെ ചേരുവകൾ. ഈ യാഗത്തിൽ ഒരു ഭാഗം യാപീഠത്തിന്മേൽ ദഹിപ്പിക്കേണ്ടതും ബാക്കി പുരോഹിതൻ ഭക്ഷിക്കേണ്ടതുമാണ്. യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയാണ് ഭോജനയാഗം കുറിക്കുന്നത്. നേരിയമാവു ക്രിസ്തുവിന്റെ നിർമ്മലതയെയും വിശുദ്ധിയെയും വെളിപ്പെടുത്തുന്നു. എണ്ണ പരിശുദ്ധാത്മാവിന്റെ സാദൃശ്യമാണ്. അപ്പത്തിന്മേൽ എണ്ണ ഒഴിക്കണമെന്നത് സ്നാനസമയത്ത് യേശുക്രിസ്തു പരിശുദ്ധാത്മാവിൽ അഭിഷേകം ചെയ്യപ്പെട്ടതിനെ കാണിക്കുന്നു. കുന്തുരുക്കം തീയിൽ കത്തുമ്പോൾ സുഗന്ധം പുറപ്പെടുവിക്കുന്നു. ആകയാൽ കുന്തുരുക്കം ദൈവമുമ്പാകെ സൗരഭ്യവാസനയായിത്തീർന്ന ക്രിസ്തുവിനെ കാണിക്കുന്നു. ഉപ്പു ശുദ്ധീകരിക്കുന്നതും രുചി പകരുന്നതും കേടുകൂടാതെ സൂക്ഷിക്കുന്നതുമാകുന്നു. ഇതു ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെ കുറിക്കുന്നു. ക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി ജീവന്റെ അപ്പമായിത്തീർന്നതിനെ ഭോജനയാഗം കുറിക്കുന്നു.

**> (3) സമാധാനയാഗം (ലേവ്യ.3:1-5)** (PEACE OFFERNG)—

സമാധാനയാഗത്തിനായി ഉപയോഗിച്ച യാഗമൃഗങ്ങൾ കാള, കുഞ്ഞാട്, കോലാട് എന്നിവയായിരുന്നു. ഇവ ഊനമില്ലാത്തതായിരിക്കണം. ഹോമയാഗം, ഭോജനയാഗം എന്നിവയെപ്പോലെ സമാധാനയാഗം സ്വമേധയാ യാഗവും സൗരഭ്യവാസനയായ യാഗവുമാണ്. സമാധാനയാഗത്തിന്റെ ഒരു ഭാഗം പുരോഹിതനും മറ്റൊരു ഭാഗം അർപ്പിക്കുന്ന വ്യക്തിയും ഭക്ഷിക്കാവുന്നതാണ്. ദൈവത്തോടുള്ള നന്ദി പ്രദർശിപ്പിക്കുന്ന യാഗമാണ് സമാധാനയാഗം. ഇതിലൂടെ ദൈവത്തോടുള്ള കൂട്ടായ്മയും തദ്വാരാ സമാധാനവും ലഭിക്കുന്നു. കാൽവറിയിൽ യാഗമായിത്തീർന്ന ക്രിസ്തുമൂലം ലഭിക്കുന്ന സമാധാനത്തെയാണ് സമാധാനയാഗം പ്രദർശിപ്പിക്കുന്നത്. ദൈവവുമായി നിരപ്പു പ്രാപിപ്പാൻ അഥവാ സമാധാനം പ്രാപിപ്പാൻ ഏകമാർഗ്ഗം ക്രിസ്തുവാണ്.

**> (4) പാപയാഗം (ലേവ്യ.4:1-35)** (SIN OFFERNG) —

പാപപരിഹാരയാഗം അഥവാ പ്രായശ്ചിത്തയാഗം അനിവാര്യയാഗമാണ്. മനപ്പൂർവ്വമല്ലാതെ വന്ന അശുദ്ധി, അശ്രദ്ധ, അവഗണന, മുതലായവെക്കു പരിഹാരമായി നടത്തുന്ന യാഗമാണിത്. പാപം ഗൗരവമുള്ളതാണെന്നു കാണിക്കുകയും പാപിയെ ദൈവത്തോടു യഥാസ്ഥാനപ്പെടുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. പാപയാഗം അർപ്പിക്കുന്നത് ഒരു പുരോഹിതനാണെങ്കിൽ ഒരു കാളയെയും ഒരു സാധാരണവ്യക്തിയാണെങ്കിൽ ഒരു ആടിനെയും അർപ്പിക്കേണ്ടതാണ്. സാധാരണക്കാരന്റെ ജീവിതത്തിൽ വന്നു സംഭവിക്കുന്ന പാപങ്ങൾക്കു നൽകുന്നതിനേക്കാൾ കൂടുതൽ ഗൗരവം ദൈവത്തിന്റെ ശുശ്രൂഷകരുടെ പാപങ്ങൾക്കു ദൈവം നൽകുന്നു എന്നു ഇതു വെളിപ്പെടുത്തുന്നു. പാപിക്കു പകരക്കാരനായി കാൽവറിക്രൂശിൽ പരമയാഗമായിത്തീർന്ന ക്രിസ്തുവിനെ പാപയാഗം കുറിക്കുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധം ക്രിസ്തുവിന്റെ മരണത്താൽ അഥവാ പാപയാഗത്താൽ പുനഃസ്ഥാപിക്കപ്പെട്ടു.

**> (5) അകൃത്യയാഗം (ലേവ്യ.5:1-10)** (TRESSPASS OFFERING) —

ദൈവത്തോടും മറ്റുള്ളവരോടും ചെയ്ത പാപത്തിനു പരിഹാരമായി അകൃത്യയാഗം അർപ്പിക്കുന്നു. ഈ യാഗം ദൈവത്തിനു അർപ്പിക്കുകയും അപരാധം ചെയ്യപ്പെട്ടവന് അഥവാ കഷ്ടം നേരിട്ടവനു നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു. അവിശ്വസ്തനായ സാക്ഷി (5:1), ആചാരപരമായ അശുദ്ധി (5:2,3), വിശുദ്ധവസ്തുക്കളെക്കുറിച്ചുള്ള പാപം (5:15) എന്നീ പാപങ്ങൾക്കാണ് അകൃത്യയാഗം മൂലം പരിഹാരം വരുത്തിയിരുന്നത്. ഒരു സാധാരണ യിസ്രായേല്യൻ ആട്ടിൻകുട്ടിയെയോ, രണ്ടു പ്രാവിൻകുഞ്ഞിനെയോ അല്ലെങ്കിൽ ഒരിടങ്ങഴി നേരിയ മാവോ അവന്റെ കഴിവനുസരിച്ചു അകൃത്യയാഗത്തിനു കൊണ്ടു വരാം. എന്നാൽ ഒരു പുരോഹിതനാണെങ്കിൽ അകൃത്യയാഗത്തിനായി ഒരു ആടിനെ തന്നേ കൊണ്ടു വരണമായിരുന്നു. പുരോഹിതന്റെ പാപത്തിന്റെ ഗൗരവത്തെയാണിതു വെളിപ്പെടുത്തുന്നത്. ദൈവത്തോടും മനുഷ്യരോടും ചെയ്യുന്ന അകൃത്യങ്ങൾക്കും പാപപ്രവൃത്തികൾക്കും ക്രിസ്തുവിലൂടെ ലഭിക്കുന്ന പരിഹാരമാണ് അകൃത്യയാഗം കുറിക്കുന്നത്. അതായത് പാപത്തിന്റെ മാരകമായ പരിണിതഫലത്തെ ക്രിസ്തുവിന്റെ മരണം നീക്കിക്കളയുന്നു.

## (2) യോബേൽ സംവത്സരം (ലേവ്യ.25) —

യോബേൽ (yobel) എന്ന എബ്രായ വാക്കിനർത്ഥം ആട്ടിൻകൊമ്പു (rams horn) എന്നാണ്. അക്ഷരാർത്ഥത്തിൽ കാഹളധ്വനിയെ കുറിക്കുന്നു. മിസ്രയീമ്യ അടിമത്വത്തിൽ നിന്നു യിസ്രായേൽമക്കളെ ദൈവം മോചിപ്പിച്ചതിന്റെ ഓർമ്മെക്കായി ഓരോ 50 വർഷം കൂടുന്തോറും യെഹൂദന്മാർ മഹോത്സവം കൊണ്ടാടിയിരുന്നു. ഈ 50-ാം വർഷത്തെയാണ് **"യോബേൽ സംവത്സരം"** എന്നു വിളിച്ചിരുന്നത്.

പാപപരിഹാരപെരുന്നാളിന്റെ അവസാനത്തിൽ കാഹളധ്വനിയോടെ യോബേൽ വർഷം ആരംഭിക്കും. ആറുദിവസം കൊണ്ടു ആകാശവും ഭൂമിയും ചരാചരങ്ങളും സൃഷ്ടിച്ചശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചതായി കാണുന്നു. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും ദൈവം ഏഴാം ദിവസം നിവൃത്തനായി. അതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ.2:1-3). വിശ്രമദിനമായ ഏഴാം ദിനത്തെ ശബ്ബത്ത് (Sabbath) എന്നറിയപ്പെടുന്നു. ശബ്ബത്ത് (shabbat) എന്ന എബ്രായപദത്തിനർത്ഥം അദ്ധ്വാനം നിറുത്തുക, വിശ്രമിക്കുക (to cease work / to rest) എന്നാണ്.

മിസ്രയീമിലെ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ച യിസ്രായേൽ ജനം ചെങ്കടൽ കടന്നു മരുഭൂമിയിലൂടെ കനാൻ ലക്ഷ്യമാക്കി നടക്കുമ്പോഴാണ് ഏഴാം ദിവസം അവരുടെ ജീവിതത്തിൽ ശബ്ബത്ത് അഥവാ വിശ്രമത്തിന്റെ ദിനമായി വേർതിരിക്കണമെന്നു പ്രമാണമുണ്ടായത് (പുറ.16:23-29). ഇതു യിസ്രായേലിനു മാത്രമുള്ള കല്പനയായിരുന്നു. പിന്നീട് അവർക്കു പത്തു കല്പനകൾ കൊടുത്തപ്പോൾ സർവ്വജനത്തിനുമായി ശബ്ബത്ത് അഥവാ വിശ്രമദിവസം പ്രഖ്യാപിക്കുന്നു (പുറ.20:8-11). ഇപ്രകാരമുള്ള ഒരാഴ്ചവട്ടത്തിന്റെ ശബ്ബത്തിനു പുറമേ ശബ്ബത്ത് വർഷത്തെക്കുറിച്ചും ലേവ്യാപുസ്തകത്തിൽ പറയുന്നു. ഏഴാം വർഷത്തിൽ നിലത്തിനും കൂടെ ശബ്ബത്താചരണം കല്പനയായി നൽകി. നിലത്തിനു ശബ്ബത്തായിരിക്കുമ്പോൾ കൃഷി ചെയ്യുകയോ വിളവുകൾ ശേഖരിക്കുകയോ ചെയ്തിരുന്നില്ല.

കനാൻ കൈവശപ്പെടുത്തിയശേഷമാണ് ശബ്ബത്താചരണം യിസ്രായേലിനുണ്ടായത്. ആദ്യത്തെ ഏഴാം വർഷം ശബ്ബത്തു വർഷവും അൻപതാം വർഷം യോബേൽ വർഷവും ആയിരുന്നു. ഏഴു ശബ്ബത്തു വർഷങ്ങൾ അഥവാ 49 വർഷം കഴിയുമ്പോൾ യോബേൽ സംവത്സരം. ഓരോ ഏഴാം വർഷത്തിലും അവർ കൃഷി ചെയ്യുവാൻ പാടില്ലായിരുന്നു. ദേശത്തു തനിയെ ഉണ്ടായതും ആറാം വർഷം കൃഷിയിൽ നിന്നു അധികം ലഭിച്ചതുമായിരുന്നു അവരുടെ ആ വർഷത്തെ ആഹാരം.

50-ാം വർഷം യോബേൽ സംവത്സരമായി ആചരിക്കണം. കഴിഞ്ഞ 49 വർഷങ്ങൾക്കുള്ളിൽ വില്ക്കുകയോ വാങ്ങുകയോ ചെയ്ത എല്ലാ നിലങ്ങളും അതിന്റെ മുൻ ഉടമയ്ക്കു മടക്കി നൽകണം. കൂടാതെ ദരിദ്രനായി ഒരുവനെ അടിമയായി വിൽക്കപ്പെട്ടിരുന്നാലും യോബേൽ സംവത്സരത്തിൽ അവനും സ്വതന്ത്രനായിത്തീരും. യോബേൽ സംവത്സരത്തിൽ സകലകടബാദ്ധ്യതകളും ഇളച്ചു കൊടുക്കും (ആവ.25:2,3). ഇപ്രകാരമുള്ള വ്യവസ്ഥയുള്ളതിനാൽ ആരും വലിയ ധനവാനോ തീരെ ദരിദ്രനോ ആയിത്തീരുന്നില്ല.

വസ്തുവിന്റെ ഉടമസ്ഥത ദൈവത്തിനാണെന്നും ശാശ്വതമായ വില്പനയ്ക്കു മനുഷ്യർക്കു അവകാശവുമില്ല എന്ന വസ്തുത ഇതിലൂടെ വെളിപ്പെടുന്നു. യിസ്രായേല്യർ ദേശം കൈവശമാക്കിയെങ്കിലും ചില അതിപ്രധാന കാര്യങ്ങൾ അവർ ഓർക്കേണ്ടതുണ്ട്. ദേശം മുഴുവനും ദൈവത്തിന്റേതാണ് (ലേവ്യ.25:2,23,38); അവർ അനുഭവിക്കുന്ന സകല അനുഗ്രഹങ്ങളും ദൈവം നൽകിയതാണ് (ലേവ്യ.25:21); വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ അവർ തന്നെ ദൈവത്തിന്റേതാണ് (ലേവ്യ.25:55) എന്ന കാര്യം യോബേൽ സംവത്സരം ഓർമ്മിപ്പിക്കുന്നു.

യിസ്രായേലിനു ന്യായപ്രമാണം കൊടുത്തപ്പോൾ ഏഴാം ദിവസവും ഏഴാം വർഷവും അമ്പതാം വർഷവും അവർക്കും ദേശത്തിനും സ്വസ്ഥത നൽകി. ദൈവത്തിനായി വേർതിരിക്കേണം എന്നാണ് സ്വസ്ഥതയുടെ ആശയം. ദൈവവുമായി വിശ്വാസത്താൽ നിരപ്പു പ്രാപിക്കുകയും, ദൈവകല്പനകളെ അനുസരിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുന്ന സൗഭാഗ്യത്തെയാണ് പുതിയനിയമത്തിൽ ശബ്ബത്ത് അഥവാ സ്വസ്ഥത എന്നു പറയുന്നത്. സകല മനുഷ്യരുടെയും നഷ്ടപ്പെട്ട അവകാശം യോബേൽ സംവത്സരത്തിൽ മടങ്ങിവരുന്നു. അതുപോലെ പാപത്താൽ നഷ്ടപ്പെട്ട സകലഅവകാശങ്ങളും യേശുക്രിസ്തുവിനാലുള്ള വീണ്ടെടുപ്പുമൂലം തിരികെ ലഭിക്കുന്നതിനെയും, ക്രിസ്തുവിലൂടെ യഥാർത്ഥ സ്വാതന്ത്ര്യം കൈവരിക്കുന്നതിനെയും യോബേൽ സംവത്സരം വെളിപ്പെടുത്തുന്നു. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു (എബ്രാ.4:3) എന്നു എബ്രായലേഖനത്തിൽ പുതിയനിയമവിശ്വാസികളെക്കുറിച്ചു പറയുന്നു. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പുതിയസൃഷ്ടിയായിത്തീരുകയും (2.കൊരി.5:17) ക്രിസ്തുവിൽ സ്വസ്ഥതയും (മത്താ.11:28-30) സ്വാതന്ത്ര്യവും (ഗലാ.5:1) ലഭിക്കുകയും ചെയ്യുന്നു.

യോബേൽ വർഷം എന്നതിനു ഇംഗ്ലീഷിൽ ജൂബിലി വർഷം (Jubilee) എന്നു പറയുന്നു. 25 -ാം വർഷം രജതജൂബിലി ( Silver Jubilee), 50 -ാം വർഷം കനകജൂബിലി (Golden Jubilee), 75 -ാം വർഷം വജ്രജൂബിലി ( Diamond Jubilee), 100 -ാം വർഷം പ്ലാറ്റിനം ജൂബിലി ( Platinum Jubilee) എന്നീ വിവിധ പേരുകളിൽ ഇക്കാലത്തു ലോകക്കാർ ആഘോഷിക്കാറുണ്ട്.

## പുതിയനിയമ യാഗങ്ങൾ :

**(1) ആത്മികയാഗം — (Spiritual Sacrifice)—**

1.പത്രൊ.2:5 — "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മികഗൃഹമായി യേശു ക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു."

**(2) സ്തോത്രയാഗം — (Praise Offering) —**

എബ്രാ.13:15 - "അതുകൊണ്ട് അവൻ മുഖാന്തരം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറ യുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."

സങ്കീ.50:23 - "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു."

**(3) നീതിയാഗം — (Sacrifice of Righteousness) —**

സങ്കീ.4:5 — "നീതിയാഗങ്ങളെ അർപ്പിപ്പിൻ; യഹോവയിൽ ആശ്രയം വെപ്പിൻ."

സങ്കാ.51:19 — "അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലുംസർവ്വാംഗഹോമങ്ങളിലും പ്രസാ ദിക്കും."

**(4) ജീവനുള്ള യാഗം — (Living Sacrifice) —**

റോമ.12:1 - "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."

**(5) സൗരഭ്യവാസനയാഗം — (Sweet - Smelling sacrifice) —**

എഫെ.5:1,2 —"ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."

**(6) വിശ്വാസമെന്ന യാഗം — (Sacrifice of Faith) —**

ഫിലി.2:17 —"എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടി വന്നാലും ഞാൻ സന്തോഷിക്കും"

**(7) നന്മയും കൂട്ടായ്മയും എന്ന യാഗം — - (Sacrifice of doing Good and Fellowship) —**

എബ്രാ,13:16 - "നന്മ ചെയ്വാനും, കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്."

**(8) സുവിശേഷം അറിയിക്കുക എന്ന യാഗം —(Ministering the Gospel of God --Offering of Gentiles)**

റോമർ.15:15 - "എങ്കിലും ജാതികൾ എന്ന വഴിപാട് (യാഗം) പരിശുദ്ധാത്മാവിനാൽ വിശുദ്ധീ കരിക്കപ്പെട്ട് പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷ ഘോഷണം പുരോഹിത നായി അനുഷ്ഠിച്ചുകൊണ്ട്........."

**(9) പാട്ട്, സ്തുതി, സ്തോത്രം — (Offering of Song, Praise, Thanksgiving) —**

സങ്കീ.69:30,31 - "ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അത് യഹോവെക്കു കാളയെക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയെ ക്കാളും പ്രസാദകരം."

**(10) പ്രാർത്ഥനയെന്ന യാഗം — (Sacrifice of Prayer) —**

സങ്കീ.141:2 - "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തു ന്നത് സന്ധ്യായാഗമായും തീരട്ടെ."

**(11) തകർന്ന മനസ്സ്, നുറുങ്ങിയ ഹൃദയം — (Sacrifice of broken spirit and contrite heart) —**

സങ്കീ.51:17 - "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങി യുമുള്ള ഹൃദയത്തെ ദൈവമേ, നീ നിരസിക്കയില്ല."

**(12) കൂട്ടായ്മ കാണിക്കുക — (Sweet-Smelling Fellowship) —**

ഫിലി.4:18 - "നിങ്ങൾ അയച്ചുതന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാ ഹ്യവുമായ യാഗമായി."

# ക്രിസ്തു ലേവ്യപുസ്തകത്തിൽ — പാപപരിഹാര ബലി

> ലേവ്യ.14:1 -7 വരെയുള്ള വാക്യങ്ങളിൽ പാളയത്തിനു പുറത്തു വെച്ചു അറുക്കപ്പെട്ട പക്ഷി യേശുക്രിസ്തുവിനെ കുറിക്കുന്നു. പാപകുഷ്ഠത്തിൽ ആയിരുന്ന മനുഷ്യനെ ശുദ്ധീകരിക്കുവാൻ കർത്താവായ യേശുക്രിസ്തു നഗരവാതിലിനു പുറത്തു വച്ചു കഷ്ടം അനുഭവിച്ചു, നമ്മുടെ പാപങ്ങൾക്കായി മരിച്ചു നമുക്കു പാപമോചനവും, സ്വാതന്ത്ര്യവും നൽകി (എബ്രാ. 13:12/ എബ്രാ. 9:26- 28 /എബ്രാ. 9:22).

> മഹാപുരോഹിതൻ തന്റെ വസ്ത്രം കീറുവാൻ പാടില്ല (ലേവ്യ.21:10). യേശുവിനെ വിസ്തരിച്ച മഹാപുരോഹിതനായ കയ്യഫാവ് തന്റെ പുരോഹിതവസ്ത്രം കീറിയതിനാൽ പൗരോഹിത്യം നീക്കപ്പെട്ടു (മത്താ.26:65/മർക്കൊ.14:63).

> ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെയും ശുശ്രൂഷക ളുടെയും നിഴലുകൾ ഇതിലെ പൗരോഹിത്യം, യാഗങ്ങൾ, ഉത്സവങ്ങൾ എന്നിവയിൽ കാണാം.

(1) **പൗരോഹിത്യം** — ക്രിസ്തു അഭിഷിക്തനായ മഹാപുരോഹിതൻ (ലേവ്യ.8:1-9 /എബ്രാ.7:26-28).

(2) **യാഗങ്ങൾ** — യേശുക്രിസ്തു അഞ്ചു യാഗങ്ങളിൽ —

1. ഹോമയാഗം (സ്വമേധയാ) Burned Offering.

അദ്ധ്യാ. 1 — സമ്പൂർണ്ണ യാഗമായി ക്രിസ്തുവിന്റെ മരണം (യോഹ. 10:17/റോമ.5:19/ എബ്രാ.10:10)

2. ഭോജനയാഗം (സ്വമേധയാ) Grain Offering--

അദ്ധ്യാ. 2 — ക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി, സൗരഭ്യവാസനയായി (എഫെ. 5:2).

3. സമാധാനയാഗം (സ്വമേധയാ) Peace Offering--

അദ്ധ്യാ. 3 — മനുഷ്യനും, ദൈവവുമായി സമാധാനത്തിന്റെ നിരപ്പു (എഫെ. 2:14,17/ റോമ.5:1 / കൊലൊ.1:20).

4. പാപപരിഹാരയാഗം (അനിവാര്യം) Sin Offering

അദ്ധ്യാ. 4 — ക്രിസ്തു നമുക്കായി പാപം ആക്കപ്പെട്ടു (2.കൊരി. 5:17/1.പത്രൊ. 2:24).

5. അകൃത്യയാഗം (അനിവാര്യം) Tress Pass Offering —

അദ്ധ്യാ.5. — ക്രിസ്തു നമ്മുടെ പാപക്കടം വീട്ടി (ലൂക്കൊ.7:36-50).

(3) **ഏഴു ഉത്സവങ്ങൾ** —

(1) പെസഹ പെരുന്നാൾ (ഒരു ദിവസം)

ക്രിസ്തു മൂലമുള്ള വിടുതൽ (ലേവ്യ.23:5).

(2) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (ഏഴു ദിവസം)

പഴയ അടിമത്വത്തിൽ നിന്നു പുതുജീവിതത്തിലേക്കു ക്രിസ്തു വഴിയായുള്ള പ്രവേശനം (ലേവ്യ.23:6—8).

(3) ആദ്യഫല പെരുന്നാൾ (ഒരു ദിവസം)

ദൈവകരുതലിനെ കുറിച്ചുള്ള ഓർമ്മ (ലേവ്യ.23:9-14)

(4) പെന്തക്കൊസ്തു പെരുന്നാൾ (ഒരു ദിവസം)

സമൃദ്ധിയിലുള്ള സന്തോഷം (ലേവ്യ.23:15-21)

(5) കാഹളധ്വനി പെരുന്നാൾ (ഒരു ദിവസം)

ദൈവത്തോടുള്ള നന്ദി, സന്തോഷം (ലേവ്യ. 23:23-25)

(6) മഹാപാപപരിഹാര പെരുന്നാൾ (ഒരു ദിവസം)

ദൈവവുമായുള്ള കൂട്ടായ്മ പുനസ്ഥാപിക്കുന്നു (ലേവ്യ.23:26-32).

(7) കൂടാരപ്പെരുന്നാൾ (ഏഴു ദിവസം)

ദൈവിക നടത്തിപ്പിൽ ആശ്രയം (ലേവ്യ. 23:33-43).

------------------------------------

# (4) സംഖ്യാപുസ്തകം – NUMBERS

അരിത്മോയ് (Arithmoi) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് ഈ പുസ്തകത്തിനു പേരു ലഭിച്ചത്. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ ഗ്രീക്കു ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയവരാണ് ഈ പേരു നൽകിയത്. ഗ്രീക്കിൽ അരിത്മോയ് (Arithmoi) എന്ന പദത്തിനർത്ഥം സംഖ്യ (Number) എന്നാണ്.

യിസ്രായേലിന്റെ ചരിത്രത്തെ രേഖപ്പെടുത്തുന്ന മോശെയുടെ നാലാം പുസ്തകമാണിത്. എബ്രായഭാഷയിൽ ഈ പുസ്തകത്തിന്റെ പേര് മരുഭൂമിയിൽ എന്നർത്ഥമുള്ള ബെമിദ് ബാർ (Bemidbar) എന്നാണ്. യിസ്രായേൽ ജനത 40 വർഷക്കാലം മരുഭൂമിയിൽ കഴിഞ്ഞ വിവരങ്ങളാണ് ഈ പുസ്തകത്തിൽ. ആയതിനാൽ *"മരുഭൂമിയിൽ"* എന്ന പേരാണ് ഈ പുസ്തകത്തിനു അനുയോജ്യമായിരിക്കുന്നത്.

യിസ്രായേൽ ജനത്തിന്റെ സംഖ്യ അവരുടെ മരുപ്രയാണത്തിന്റെ ആരംഭത്തിലും അവസാനത്തിലും എണ്ണി തിട്ടപ്പെടുത്തിയതായി ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടു ളളതിന്റെ അടിസ്ഥാനത്തിൽ (സംഖ്യാ.4:49 /സംഖ്യാ.26:1-4). "സംഖ്യാപുസ്തകം" എന്ന പേരു ലഭിച്ചു. 38 വർഷക്കാലം യിസ്രായേൽ മക്കൾ മരുഭൂമിയിൽ ഉഴന്നു നടന്നതും, അതിനുള്ള കാരണങ്ങളും ഈ പുസ്തകത്തിൽ കാണുന്നു. 40 ദിവസം കൊണ്ടു ഒററുനോക്കി തിരികെ വന്ന സ്ഥലത്തു എത്താൻ 40 വർഷങ്ങൾ വേണ്ടി വന്നു (സംഖ്യ.14:34). ദൈവത്തോടു മത്സരിക്കുകയും പിറുപിറുക്കുകയും ചെയ്ത ജനത്തെ കനാനിൽ കടക്കുവാൻ ദൈവം അനുവദിച്ചില്ല.

ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ കനാൻ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കാണുന്നു. യഹോവെക്കു അനിഷ്ടം തോന്നുമാറു ജനം പിറുപിറുത്തതായി സംഖ്യാ.11 -ൽ കാണുന്നു. തത്ഫലമായി യഹോവയുടെ തീ അവരുടെ ഇടയിൽ ഇറങ്ങി പാളയത്തിന്റെ അററങ്ങളിലുളളവരെ ദഹിപ്പിച്ചു കളഞ്ഞു. മഹാമരുഭൂമിയിൽ ദൈവം അവർക്കു മന്നയും, കാടപ്പക്ഷികളെയും കൊടുത്തു പോററിയെങ്കിലും അവർ ദൈവത്തോടു പിറുപിറുത്തു. അഹരോനും, മിര്യാമും മോശെയോടു മത്സരിക്കുന്നതായി സംഖ്യാ.12-ൽ കാണുന്നു. സംഖ്യാ.13,14 അദ്ധ്യായങ്ങളിൽ കനാൻ ദേശം ഒററു നോക്കുവാൻ പോയവർ തിരികെ വന്നു അവർ കണ്ട കാര്യങ്ങൾ വിവരിക്കുന്നു. കോരഹിന്റെയും, കൂട്ടരുടെയും മത്സരവും അവർക്കു ലഭിച്ച ശിക്ഷയും സംഖ്യാ.16-ൽ രേഖപ്പടുത്തിയിരിക്കുന്നു.

എല്ലാ പാപങ്ങളുടെയും ഉറവിടം അവിശ്വാസമാണെന്നു എബ്രായലേഖനത്തിൽ കാണുന്നു (എബ്രാ.3:12-19). ദൈവ ജനത്തിന്റെ മദ്ധ്യത്തിൽ കടന്നുകൂടിയ അവിശ്വാസം ദുരന്തങ്ങളിലേക്കു എത്തിച്ചു. അവർ മരുഭൂമിയിൽ വെച്ചു മരിച്ചു. പുരോഹിതനായ അഹരോൻ, സഹോദരി മിര്യാം എന്നിവർ വാഗ്ദത്ത ദേശം കാണാതെ മരിച്ചു. ജനത്തിന്റെ പിറുപിറുപ്പു നിമിത്തം മോശെ കോപിച്ചു യഹോവയോടു പാപം ചെയ്യുവാനിടയായി. സീൻ മരുഭൂമിയിൽ ജലം കിട്ടാതെ ജനം പിറുപിറുത്തപ്പോൾ വെള്ളം കൊടുക്കുവാൻ പാറയോടു കല്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. കൽപ്പിക്കുന്നതിനു പകരം മോശെ രണ്ടു പ്രാവശ്യം പാറയെ അടിച്ചു (സംഖ്യാ.20:7-13). അതു കാരണമായി വാഗ്ദത്തദേശം ദൂരെ നിന്നു കാണുകയല്ലാതെ അതിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ല. നെബോ പർവ്വതത്തിൽ പിസ്ഗാ മുകളിൽ കയറി വാഗ്ദത്തനാട് ദൂരെ കണ്ടു (ആവ.3:23-27). തുടർന്നു മോശെ മരിച്ചു. മോശെയുടെ ശരീരം ദൈവം അടക്കിയതായി കരുതപ്പെടുന്നു (ആവ.34:17).

സംഖ്യ.26 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളിൽ, മോവാബ് സമഭൂമിയിലെത്തിയ പുതിയ തലമുറയെ കനാൻ ദേശം കൈവശമാക്കുവാൻ ദൈവം ഒരുക്കുന്നു. ദൈവത്തിന്റെ ദീർഘക്ഷമയും, വിശ്വസ്തതയും ഇവിടെകാണാം. ആകയാൽ ദൈവത്തിന്റെ ദയയും, ഖണ്ഡിതവും കാൺക (The goodness and severity of God) എന്ന് റോമർ.11:22-ൽ വായിക്കുന്നു. ഇതു തന്നെയാണ് സംഖ്യാപുസ്തകത്തിൽ നിന്നും നമുക്കു ലഭിക്കുന്ന പാഠം. മറുതലിച്ച ജനത്തിനു ലഭിച്ച ശിക്ഷയിലൂടെ ദൈവത്തിന്റെ ഖണ്ഡിതം കാണാം. അതായത് അവർ വാഗ്ദത്തദേശത്തു പ്രവേശിച്ചില്ല. ദൈവത്തിന്റെ ദയയോ പുതിയ തലമുറെക്കു ലഭിച്ചു. പൗലൊസ് ഇതിലെ ദൃഷ്ടാന്തം ദൈവമക്കൾക്കു മുന്നറിയിപ്പായി 1.കൊരി.10: 9 -12 -ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**എഴുത്തുകാരൻ** : മോശെ (സംഖ്യ.33:2) **എഴുതിയ കാലം** : 1450 — 1410 ബി.സി.

**എഴുതിയ സ്ഥലം** : മോവാബ് സമഭൂമി. **താക്കോൽ വാക്ക്** : പ്രയാണം

**പ്രധാനവാക്യങ്ങൾ** : സംഖ്യാ.14:22,23 / സംഖ്യാ.20:12

**അദ്ധ്യായങ്ങൾ** : 36 **പ്രധാന അദ്ധ്യായം**: സംഖ്യാ.14 (പിറുപിറുപ്പു)

**പ്രധാന വ്യക്തികൾ** : മോശെ, അഹരോൻ, മിര്യാം, യോശുവ, കാലേബ്, കോരഹ്, ബിലെയാം

**പ്രധാനവിഷയം** : ജനസംഖ്യ, മരുഭൂമിയാത്ര, അവിശ്വാസം

**പുസ്തക വിഭജനം**: (36 അദ്ധ്യായങ്ങൾ)

(1) സംഖ്യാ. 1 — 13 — വാഗ്ദത്തദേശം പ്രാപിക്കാനുള്ള പഴയ തലമുറയുടെ ഒരുക്കം
(2) സംഖ്യാ.14 — 25 — അവിശ്വാസത്താലുള്ള അലഞ്ഞുതിരിയൽ
(3) സംഖ്യാ.26 — 36 — വാഗ്ദത്തദേശം പ്രാപിക്കാനുള്ള പുതിയ തലമുറയുടെ ഒരുക്കം

**പ്രത്യേകവിഷയങ്ങൾ**: നാസീർവ്രതം (സംഖ്യാ.6), മിര്യാമിന്റെ കുഷ്ഠം (സംഖ്യാ.12), അഹരോന്റെ തളിർത്തവടി (സംഖ്യാ.17)

**പ്രധാനസംഭവങ്ങൾ** :

കനാൻ ദേശം ഒറ്റുനോക്കൽ (സംഖ്യാ.13)
കോരഹിന്റെ മത്സരം (സംഖ്യാ.16)
മോശെയുടെ പാപം (സംഖ്യാ.20)
മിര്യാമിന്റെയും അഹരോന്റെയും മരണം (സംഖ്യാ.20:1,28)
അഗ്നിസർപ്പം (സംഖ്യാ.21)
ബിലെയാമിന്റെ വഞ്ചന (സംഖ്യാ.22,24)
യോശുവയുടെ തിരഞ്ഞെടുപ്പ് (സംഖ്യാ.27)

## ക്രിസ്തു സംഖ്യാപുസ്തകത്തിൽ — അടിക്കപ്പെട്ട പാറ

(A) അഹരോന്റെ വടി തളിർത്തു, പൂത്തു, ബദാംഫലം കായിച്ചിരുന്നതു(സംഖ്യാ.17:8) യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുൻകുറിയാകുന്നു. തളിർത്തു പൂത്തു ബദാംഫലം കായ്ച്ചവടി പൗരോഹിത്യത്തിനു അടയാളമായി നൽകിയതുപോലെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററ യേശുക്രിസ്തു മൽക്കീസെദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണ് (എബ്രാ.6:20).

(B) യേശുക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന നിഴലുകൾ സംഖ്യാപുസ്തകത്തിൽ കാണുന്നു.

(1) മരുഭൂമിയിൽ ഉയർത്തപ്പെട്ട താമ്രസർപ്പം(സംഖ്യാ.21:4-9/ യോഹ.3:14)
(2) ജനത്തിന്റെ ദാഹം ശമിപ്പിച്ച പാറ (സംഖ്യാ.20:1-13/ 1.കൊരി.10:4)
(3) സ്വർഗ്ഗത്തിൽ നിന്നു നൽകപ്പെട്ട മന്നാ (സംഖ്യാ.11:4-9/ യോഹ.6:48-51)
(4) ബിലെയാമിന്റെ പ്രവചനത്തിലെ പരാമർശം (സംഖ്യാ.24:17/ വെളി.22:16)
(5) അഗ്നിസ്തംഭവും, മേഘസ്തംഭവും (സംഖ്യാ.9:15-23/ യോഹ.8:12, 9:5/സങ്കീ.91:1/ ഉ.ഗീ.2:3)
(6) ചുവന്ന പശുക്കിടാവ് (സംഖ്യാ.19:1—6/ എബ്രാ.7:26)
(7) "കിണറേ പൊങ്ങിവാ; അതിന്നു പാടുവിൻ. പ്രഭുക്കന്മാർ കുഴിച്ച കിണർ, ജനശ്രേഷ്ഠന്മാർ ചെങ്കോൽ കൊണ്ടും തങ്ങളുടെ ദണ്ഡുകൾ കൊണ്ടും കുത്തിയ കിണർ" (സംഖ്യാ.21:17,18/യോഹ.4:14/ യോഹ.19:34).
(8) സങ്കേതനഗരം (സംഖ്യാ.35:10-15). സങ്കേതനഗരം പോലെ പാപിയ്ക്കു രക്ഷാനഗരമായി യേശുക്രിസ്തു.
(9) യാക്കോബിൽ നിന്നു ഒരു നക്ഷത്രം, യിസ്രായേലിൽ നിന്നു ഒരു ചെങ്കോൽ (സംഖ്യാ.24:17/മത്താ. 2:10,11/എബ്രാ.1:8/വെളി.22:16).

-----------------------------------

# (5) ആവർത്തനപുസ്തകം — NUMBERS

മോശെയുടെ പഞ്ചഗ്രന്ഥത്തിലുൾപ്പെട്ട ആവർത്തനപുസ്തകവും മറ്റു നാലു പുസ്തകങ്ങളോടൊപ്പം ഒറ്റ പുസ്തകമായിരുന്നു. ഗ്രീക്കിലേക്കു വിവർത്തനം ചെയ്ത വരാണ് വിഷയക്രമമനുസരിച്ചു ഇതിനെയും ആവർത്തനപുസ്തകം എന്ന പേരിൽ പ്രത്യേകമായി ക്രമീകരിച്ചത്. ഡ്യൂറ്ററോണമി (Deuteronomy) എന്ന ഇംഗ്ലീഷ് പദം രണ്ടാം നിയമം (Second Law) എന്നർത്ഥം വരുന്ന ഡ്യൂറ്ററോസ് നോമോസ് (Deuteros nomos) എന്ന ഗ്രീക്കു പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്.

മോശെയുടെ ഈ അഞ്ചാം പുസ്തകത്തെ രണ്ടാം ന്യായപ്രമാണം ( The Second Law ) എന്നും, നിയമത്തിന്റെ ആവർത്തനം (Repetition of Law) എന്നും അറിയപ്പെടുന്നു. മുൻ പുസ്തകങ്ങളിലുള്ള ന്യായപ്രമാണങ്ങളിൽ ചിലതും, പത്തു കല്പനകൾ മുഴുവനായും ഈ പുസ്തകത്തിൽ ആവർത്തിക്ക പ്പെട്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി. യിസ്രായേലിന്റെ 40 വർഷത്തെ മരുഭൂമി യാത്രയുടെ അന്ത്യത്തെ ആവർത്തനപുസ്തകം വിശദീകരിക്കുന്നു.

*'ആവർത്തനപുസ്തകം ഒരു ഓർമ്മയുടെയും തിരിഞ്ഞുനോട്ടത്തിന്റെയും പുസ്തകമാണ്. '* 120 വയസ്സുള്ള മോശെ 40 വർഷത്തെ മരുഭൂമിയാത്ര പിന്നിട്ടശേഷം വാഗ്ദത്തദേശം കൈവശമാക്കുവാൻ പോകുന്ന രണ്ടാം തലമുറയിലെ യിസ്രായേൽ ജനതയ്ക്കു നൽകുന്ന വിടവാങ്ങൽ സന്ദേശമാണിത്. ഒരു പുതിയതലമുറ വാഗ്ദത്ത ദേശത്തിലേക്കു പ്രവേശിക്കുവാൻ തയ്യാറായി നിൽക്കുന്നു. ദൈവഹിതപ്രകാരം ജീവിക്കുകയും അനുസരിക്കുകയും ചെയ്താൽ മാത്രമേ ദൈവീകവാഗ്ദത്തങ്ങൾ അനുഭവിക്കുവാൻ സാധിക്കൂ എന്നുള്ള കാര്യം ഈ തലമുറയോടു പറഞ്ഞുപദേശിക്കുന്നു. ഈ പുതിയ തലമുറയ്ക്കു നൽകുന്ന ഉപദേശങ്ങളും, നിയമങ്ങളും കഴിഞ്ഞകാല ചരിത്രങ്ങളും, സംഭവങ്ങളുംആവർത്തനപുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു.പഴയകാല ചരിത്രങ്ങൾ അവരെ ഓർമ്മിപ്പിക്കുന്ന തോടൊപ്പം ദൈവനിയമങ്ങളും ആവർത്തിച്ചു പറയുന്നു. ആവ.11:26 - 28 - ൽ ഇതിന്റെ രത്നച്ചുരുക്കം കാണാം.

| | | | |
|---|---|---|---|
| **എഴുത്തുകാരൻ** | : മോശെ | **എഴുതിയ കാലം** | : ബി.സി. 1450 - 1410 |
| **എഴുതിയ സ്ഥലം** | : മോവാബ് സമഭൂമി | **അദ്ധ്യായങ്ങൾ** | : 34 |
| **പ്രധാന അദ്ധ്യായം** | : ആവ.17 | | |
| **പ്രധാന വാക്യങ്ങൾ** | : ആവ.7:9 / ആവ.10:12,13 /ആവ.30:2,19 | | |
| **താക്കോൽ വാക്ക്** | : നിയമം (ഉടമ്പടി) | **പ്രധാന വ്യക്തികൾ** | : മോശെ, യോശുവ |

**വിഷയം** : ഓർമ്മ, തിരിഞ്ഞുനോട്ടം, പുനഃപ്രതിഷ്ഠ

## പുസ്തക വിഭജനം: (34 അദ്ധ്യായങ്ങൾ)

(1) യിസ്രായേൽ മക്കളുടെ യാത്രയും, അനുസരണത്തിനായുള്ള ആഹ്വാനവും (മോശെയുടെ ആദ്യത്തെ പ്രസംഗം) —
ആവ.1:1 — ആവ.4:43

(2) ദൈവികനിയമങ്ങൾ ഉറപ്പിച്ചു കൊടുക്കുന്നു(മോശെയുടെ രണ്ടാമത്തെ പ്രസംഗം) ആവ.4:44—26:19.

(3) യിസ്രായേലിനോടുള്ള ഉടമ്പടി പുതുക്കൽ(മോശെയുടെ മൂന്നാമത്തെ പ്രസംഗം) ആവ.27:1 —30:20

(4) മോശെയുടെ അവസാന വാക്കുകൾ — ആവ.31:1—3

(5) മോശെയുടെ സംഗീതം — ആവ.32:1 —47

(6) മോശെ വാഗ്ദത്തദേശം ദർശിക്കുന്നു — ആവ.32:48—52

(7) മോശെയുടെ സാക്ഷ്യം, വിടവാങ്ങൽ — ആവ.33:1—29

(8) മോശെയുടെ മരണം — ആവ.34:1—12

## പ്രത്യേകതകൾ —

(1) ലേവ്യപുസ്തകത്തിൽ മുഖ്യമായി പുരോഹിതന്മാരോട് സംസാരിക്കുന്നു എങ്കിൽ ആവർത്തനത്തിൽ സാധാരണ ജനത്തോടാണ് സംസാരിക്കുന്നത്.

(2) യേശുകർത്താവ് തന്റെ സംസാരത്തിൽ ആവർത്തനപുസ്തകത്തിലെ ഭാഗങ്ങൾ ഉദ്ധരിച്ചിരുന്നു.

(3) ന്യായപ്രമാണത്തെ അടിസ്ഥാനപ്പെടുത്തി മോശെയുടെ നാലു പ്രസംഗങ്ങൾ ഇതിലുൾപ്പെടുന്നു.

(4) തിരുവചനത്തോടു കൂട്ടകയോ കുറയ്ക്കുകയോ ചെയ്യരുതെന്നു പറഞ്ഞിരിക്കുന്നു (ആവ.4:2).

(5) പത്തു കല്പനകൾ ആവർത്തിച്ചിരിക്കുന്നു (ആവ.5)

(6) ന്യായപ്രമാണത്തിന്റെ അന്തസത്ത (ആവ.6:5)

(7) യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതിന്റെ കാരണം (ആവ.7:7)

(8) ഹൃദയപരിഛേദന — ഹൃദയം ദൈവസന്നിധിയിൽ പൂർണ്ണമായി തുറക്കുക (ആവ.10:16)

(9) പൂജാഗിരികൾ നശിപ്പിക്കുക — വിഗ്രഹാരാധനകേന്ദ്രങ്ങൾ നശിപ്പിക്കുക (ആവ.12:2,3)

(10) അശേരാ പ്രതിഷ്ഠ പാടില്ല (ആവ.16:21)— മരം കൊണ്ടുള്ള വിഗ്രഹം അശേരാ — അസ്തോരെത്ത് ദേവിയുടെ പ്രതിഷ്ഠ (ന്യായാ.2:13/ ന്യായാ.6:26)

(11) യിസ്രായേൽ രാജാവിനുണ്ടായിരിക്കേണ്ട യോഗ്യതകൾ (ആവ.17:14-20)

(12) ദൈവത്തിന്റെ പ്രവാചകനാണോ എന്നു പരിശോധിക്കുവാൻ (ആവ.13:1-3/ ആവ.18:20-22)

(13) തൂങ്ങിമരിച്ചവൻ ശാപഗ്രസ്തൻ (ആവ.21:23 /ഗലാ.3:13).

### പ്രധാനസംഭവങ്ങൾ:

മോശെയുടെ അനുഗ്രഹം, പിസ്ഗാമുകളിൽ നിന്നു മോശെ വാഗ്ദത്തദേശം കാണുന്നു, മോശെയുടെ മരണം, മോശെയുടെ പിൻഗാമിയായി യോശുവ തിരഞ്ഞെടുക്കപ്പെടുന്നു (ആവ.34).

## ക്രിസ്തു ആവർത്തനപുസ്തകത്തിൽ — മോശെയെപ്പോലുള്ള പ്രവാചകൻ

(1) “നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു തരും; അവന്റെ വചനം നിങ്ങൾ കേൾക്കണം”(ആവ.18:15 ,18/അപ്പൊ.7:37)എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു.

(2) യേശുക്രിസ്തു ഈ ലോകത്തിൽവെച്ചു സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ പിശാചിനെ തോൽപ്പിക്കുവാൻ ആവർത്തനപുസ്തകത്തിലെ വാക്യങ്ങൾ ഉപയോഗിച്ചതായി കാണുന്നു (ആവ.8:3 —> മത്താ.4:4 / ആവ.6:16 —> മത്താ.4:7,6:13 / ആവ.10:20 —> മത്താ.4:10).

(3) വിവാഹം കഴിച്ച ഭാര്യയെ ഉപേക്ഷിക്കുന്നതിനെപ്പററിയുളള (ആവ. 24:1 -4) വചനങ്ങൾ യേശുക്രിസ്തു ഉദ്ധരിക്കുന്നു (മത്തായി.19:7,8 / മർക്കൊസ് 10:4).

(4) “യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ടു” ആവ.33: 26,27. വിശ്വാസികളുടെ സങ്കേതവും, സഹായവുമായ യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയെ അഥവാ രണ്ടാം വരവിനെ കുറിക്കുന്നു (1 തെസ്സ.4:16, 17/വെളി.1:7).

------------------------------------

# (6) യോശുവ — JOSHUA

എഫ്രയിംഗോത്രത്തിൽ നൂന്റെ മകനായിരുന്നു യോശുവ. യോശുവ മൂലം ദൈവം നടത്തിയ പ്രവർത്തനങ്ങളെ വിവരിക്കുന്ന പുസ്തകമാണ് യോശുവയുടെ പുസ്തകം. യോശുവ എന്ന പേരിന്റെ അർത്ഥം **"യഹോവ രക്ഷിതാവ് "** ( Jehovah Saviour ) എന്നാണ്. യോശുവയുടെ ആദ്യത്തെ പേര് "ഹോശേയ" (സംഖ്യാ.13:8) അർത്ഥം: "രക്ഷകൻ". മോശെ ഈ പേരിനെ യോശുവ എന്നാക്കി. (സംഖ്യാ.13:16). ഗ്രീക്കിൽ യേശു എന്ന പേരിന്റെ എബ്രായരൂപമാണ് യോശുവ. ഈ പുസ്തകം മോശെയുടെ മരണത്തോടു കൂടെ ആരംഭിച്ചു യോശുവയുടെ മരണത്തോടു കൂടെ അവസാനിക്കുന്നു. വാഗ്ദത്തനാടായ കനാൻ ദേശത്തിൽ പ്രവേശിക്കുന്നതിന് യിസ്രായേൽ ജനത്തെയും, യോശുവയെയും ഒരുക്കിയ ശേഷമാണ് മോശെ മരിച്ചത്. വാഗ്ദത്തനാട് കൈവശമാക്കുവാൻ ഇനിയും ചില ഒരുക്കങ്ങൾ ആവശ്യമുണ്ട്. യെരിഹോപട്ടണം ഒററു നോക്കുവാൻ ആളിനെ അയയ്ക്കുന്നു. ഈ പട്ടണത്തിൽ ഇവരെ സഹായിക്കുവാൻ രാഹാബ് എന്ന പാപിനിയായ സ്ത്രീ തയ്യാറാകുന്നു. യിസ്രായേൽ മക്കളുടെ ദൈവമായ യഹോവ തന്നേ സാക്ഷാൽ ദൈവം എന്നു അവൾ അംഗീകരിക്കുന്നു (യോശു.2:11). ആയതിനാൽ ഈ പട്ടണം നശിപ്പിച്ചപ്പോൾ അവൾക്കു സംരക്ഷണം ലഭിച്ചു. കര കവിയുന്ന യോർദ്ദാൻ കടക്കുവാൻ ദൈവം അവരെ സഹായിച്ചു (യോശു.3:15). യെരിഹോപട്ടണം കീഴടക്കാൻ ദൈവം അത്ഭുതകരമായി അവരെ ശക്തീകരിച്ചു. എന്നാൽ ചെറിയ പട്ടണമായ ഹായിയിൽ അവരുടെ പാപംനിമിത്തം തോൽവി സംഭവിക്കുന്നു (യോശു.7:4).

സകല വിജയങ്ങളുടെയും പുറകിൽ യോശുവയുടെ ഒരുക്കവും, യഹോവയുടെ വചനത്തിലുള്ള ഉറപ്പും, ധൈര്യവും, ആശ്രയവും ഈ പുസ്തകത്തിലുടനീളം കാണാം. അതികാലത്തു എഴുന്നേററു ദൈവത്തിൽ ആശ്രയിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നു യോശുവ (യോശുവ. 3:1, 6:12, 7:16, 8:10). 10 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ യോശുവ വഴിയായുള്ള തുടർച്ചയായ വിജയങ്ങൾ കാണുന്നു. 12-ൽ ജയിച്ചു കീഴടക്കിയ 31 രാജാക്കന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ധ്യായം 24- ലാണ് യോശുവയുടെ അതിശ്രേഷ്ഠമായ പ്രഖ്യാപനം (യോശുവ.24:15) "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" തുടർന്നു യോശുവയുടെ മരണവും അടക്കവും രേഖപ്പെടുത്തിയിരിക്കുന്നു (യോശുവ.24:29,30).

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങളിൽ നിന്നു അപ്പൊസ്തലന്മാരുടെപ്രവൃത്തികൾ എന്ന ചരിത്ര പുസ്തകത്തി ലേക്ക് പ്രവേശിക്കുന്നതുപോലെയാണ് മോശെയുടെ പഞ്ച ഗ്രന്ഥങ്ങളിൽ നിന്നും യോശുവയുടെ ചരിത്ര പുസ്തകത്തിലേക്കു കടക്കുന്നത്. ദൈവജനത്തിന്റെ വീണ്ടെടുപ്പുകാരനായ മോശെ വഴി ഒരുക്കിയശേഷം തിരശ്ശീലയ്ക്കുള്ളിൽ കടക്കുന്നതുപോലെ വീണ്ടെടുപ്പുകാരനായ ക്രിസ്തു നമുക്കു സ്വർഗ്ഗപ്രവേശനത്തിനു വഴി ഒരുക്കിയശേഷം സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ആ സ്ഥാനത്തു കാര്യസ്ഥനായ പരിശുദ്ധാത്മാവ് പ്രവേശിക്കുന്നതു പോലെ മോശെയുടെ സ്ഥാനത്തു യോശുവ പ്രവേശിക്കുന്നു.

പുതിയനിയമത്തിൽ അപ്പൊസ്തലനായ പൗലൊസിന്റെ എഫെസ്യലേഖനത്തോടും യോശുവായുടെ പുസ്തകത്തിനു സാമ്യമുണ്ട്. യിസ്രായേൽ മക്കളുടെ വാഗ്ദത്തനാടായ കനാൻ പുതിയനിയമ വിശ്വാസികളെ സംബന്ധിച്ചു അവർ ഏറെ പ്രത്യാശയോടെ നോക്കിപാർക്കുന്ന സ്വർഗ്ഗസ്ഥലത്തെ കുറിക്കുന്നു. സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും വിശ്വാസികളെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുകയാണ് (എഫെ.1:3). യോശുവാ അനേക യുദ്ധങ്ങൾ നടത്തി ശത്രുവിനെ തോൽപ്പിച്ചതു പോലെ സ്വർഗ്ഗസ്ഥലം കൈവശമാക്കുവാൻ തയ്യാറാകുന്ന വിശ്വാസികൾക്കും ഭൂമിയിൽ പോരാട്ടമുണ്ട് (എഫെ.6:12). അതിനായി അവർ സർവ്വായുധവർഗ്ഗം എടുത്തുകൊള്ളേണ്ടതാണ് (എഫെ.6:13-18).

## പ്രത്യേകത —

(1) യോശുവയുടെ പുസ്തകം ഒരു വിജയത്തിന്റെ പുസ്തകമാണ്. ഉറപ്പും, ധൈര്യവും ഉള്ളവനായി യഹോവയെ പിൻപററിയ യോശുവ വിജയത്തിനു കാരണക്കാരനായിരിക്കുന്നു.

(2) പുറപ്പാടു പുസ്തകത്തിൽ ദൈവജനം മിസ്രയീമ്യ അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിച്ചു പുറപ്പെടുന്ന കാര്യങ്ങൾ വിശദീകരിക്കുന്നുവെങ്കിൽ യോശുവയിൽ ദൈവജനം വാഗ്ദത്തദേശത്തു പ്രവേശിക്കുന്നതിനെ വിവരിക്കുന്നു. മിസ്രയീമിൽ നിന്നുള്ള പുറപ്പാടും കനാനിലേക്കുള്ള പ്രവേശനവും മോശെ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു —

ആവ.6:23 — *"ഞങ്ങളെയോ താൻ നമ്മുടെ പിതാക്കന്മാരോടുസത്യംചെയ്ത ദേശം തരുവാൻ അതിൽ കൊണ്ടുവന്നാക്കേണ്ടതിന്നു അവിടെനിന്നു പുറപ്പെടുവിച്ചു."*

(3) പുറപ്പാടിൽ മിസ്രയീമിൽ നിന്നു പുറത്തുപോകുവാൻ ചെങ്കടൽ കടക്കേണ്ടി വന്നു. മോശെയുടെ കൈവശമുള്ള ദൈവത്തിന്റെ വടിയാൽ ചെങ്കടൽ വിഭാഗിക്കപ്പെട്ടു (പുറ.14:16,21). കനാനിലേക്കു പ്രവേശിക്കുവാൻ യോർദ്ദാൻ നദി കടക്കണമായിരുന്നു. പുരോഹിതന്മാർ ചുമലിൽ വഹിച്ച ദൈവത്തിന്റെ കല്പനകകൾ അടങ്ങിയ നിയമപെട്ടകത്താൽ യോശുവാ യോർദ്ദാനെ വിഭാഗിച്ചു ദൈവജനത്തെ കനാനിലേക്കു പ്രവേശിപ്പിച്ചു (യോശു.3:9-17).

4) 20 ലക്ഷത്തിലധികംപേർ മിസ്രയിമിൽ നിന്നും പുറപ്പെട്ടു എങ്കിലും 20 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ യോശുവയും, കാലേബും മാത്രമേ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചുള്ളു (സംഖ്യാ.32:11,12).

(5) ദൈവത്തിന്റെ വേലകൾ തുടർമാനമായി ഓരോരോ ദൈവദാസന്മാരെക്കൊണ്ടു ദൈവം ചെയ്യിക്കുന്നു. അതിശ്രേഷ്ഠനായ മോശെക്കുശേഷം ദൈവവേല നിന്നു പോകുന്നില്ല. യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം മോശെയുടെ ശുശ്രൂഷകനായ യോശുവ നേതൃത്വത്തിലേക്കു വരുന്നു. ഇന്നും ഈ യുഗത്തിലും ദൈവം തന്റെ വേല അനേകരിലൂടെ നടത്തുന്നു. എത്ര ചെറിയവനും, കഴിവില്ലാത്തവനുംആയാലുംദൈവകരങ്ങളിൽ ഒതുങ്ങിയിരി ക്കുമെങ്കിൽ (1.പത്രൊ.5:6) അവരിലൂടെ ദൈവം വൻകാര്യങ്ങൾ നടത്തും.

(5) യോശുവയുടെ ശുശ്രൂഷയിൽ തനിക്കു ലഭിച്ച ഏററവും നല്ല സാക്ഷ്യം യോശുവ.24:31-ൽ കാണുന്നു. "യോശുവയുടെ കാലത്തൊക്കെയും.........യിസ്രായേൽ യഹോവയെ സേവിച്ചു."

**എഴുത്തുകാരൻ** : യോശുവ **എഴുതിയ കാലം** : ഏകദേശം ബി.സി. 1405 —1395

**എഴുതിയ സ്ഥലം** : ശെഖേം (യോശു.24:25)

**താക്കോൽ വാക്കുകൾ** : (1) അവകാശം (2)കീഴടക്കൽ

**താക്കോൽ വാക്യങ്ങൾ**: യോശു.1:8 /യോശു.11:23 /യോശു.24:15

**അദ്ധ്യായങ്ങൾ** : 24 **മുഖ്യ അദ്ധ്യായം** : യോശു.24

**ലക്ഷ്യം** : യിസ്രായേൽ ജനത കനാൻ നാട് കീഴടക്കിയ ചരിത്രം രേഖപ്പെടുത്തുക

**വിഷയം** : കനാൻ കൈവശപ്പെടുത്തൽ, ദൈവത്തിന്റെ വിശ്വസ്തത

**പ്രധാന വ്യക്തികൾ** : യോശുവാ (Joshua), രാഹാബ് (Rahab), ആഖാൻ (Achan), കാലേബ് (Caleb), ഗിബെയോന്യർ (Gibeonites)

**പുസ്തക വിഭജനം**: (24 അദ്ധ്യായങ്ങൾ)

(1) യോശു. 1:1 —13:7 വാഗ്ദത്തദേശം ജയിച്ചടക്കുന്നത്

(2) യോശു.13:8 —22:34 വാഗ്ദത്തദേശം വിഭജിക്കുന്നു

(3) യോശു.23:1 —24.33 യോശുവയുടെ അന്ത്യവാചകങ്ങളും, മരണവും

**പ്രധാന സംഭവങ്ങൾ** :

(1) ചുവപ്പു ചരടാലുള്ള വീണ്ടെടുപ്പു (യോശു.2:18 )

(2) യോർദ്ദാൻ കടക്കൽ (യോശു.3)

(3) ഗിൽഗാലിൽ പെസഹ (യോശു.5:10)

(4) മന്ന നിന്നു പോയി (യോശു.5:12)

(5) യോശുവാ യഹോവയുടെ സൈന്യാധിപനെ കാണുന്നു (യോശു.5:13-15)

(6) യെരീഹോപതനം (യോശു.6)

(7) ആഖാന്റെ പാപം (യോശു.7) > കണ്ടു > മോഹിച്ചു > എടുത്തു > കുഴിച്ചിട്ടു

(8) ഗിബെയോന്യരുടെ വഞ്ചന (യോശു.9)

(9) സൂര്യൻ നിശ്ചലമായത് (യോശു.10:13)

(10) ബിലെയാം കൊല്ലപ്പെടുന്നത് (യോശു.13:22)

(11) ഹെബ്രോൻ മല കാലേബിനു അവകാശമായി ലഭിക്കുന്നു (യോശു.14)

(12) സമാഗമനകൂടാരം ശീലോവിൽ സ്ഥാപിച്ചു (യോശു.18)

(13) എഫ്രയീംമലനാട്ടിലുള്ള തിമ്നത്ത്-സേരഹ് യോശുവെക്കു അവകാശമായി ലഭിക്കുന്നു (യോശു.19:49,50)

(14) ആറു സങ്കേതനഗരങ്ങൾ വേർതിരിച്ചു (യോശു.20)

(15) യോശുവായുടെ വിടവാങ്ങൽ സന്ദേശം (യോശു.24)

(16) മിസ്രയീമിൽ നിന്നു കൊണ്ടു വന്ന യോസേഫിന്റെ അസ്ഥികളെ ശെഖേമിൽ അടക്കം ചെയ്തു (യോശു.24:32/ഉല്പ.50:25).

## ആറു സങ്കേതനഗരങ്ങളും ക്രിസ്തുവും —

### (Six Refuge Cities and Christ)

വാഗ്ദത്തനാടായ കനാനിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ ദൈവം തന്റെ ജനമായ യിസ്രായേലിനു വാഗ്ദത്തങ്ങളും കല്പനകളും നൽകിയിരുന്നു. അവയിലൊന്നായ സങ്കേതനഗരത്തിന്റെ സ്ഥാപനത്തെക്കുറിച്ചു അവർക്കു മുൻകൂട്ടി നിർദ്ദേശം നൽകിയിരുന്നു (പുറ.21:13/സംഖ്യാ.35:6-34/ആവ.19:2-13). ജീവനു പകരം ജീവൻ എന്നതായിരുന്നു ന്യായപ്രമാണവ്യവസ്ഥ. അവരുടെ ഇടയിൽ ദോഷം നടക്കാതിരിക്കേണ്ടതിനു എല്ലാവർക്കും പാഠമായിരിക്കേണ്ടതിനായിരുന്നു ഇപ്രകാരമുള്ള നിയമം (ആവ.19:20).

എന്നാൽ മുൻവൈരാഗ്യമോ കരുതികൂട്ടി ആലോചിച്ചോ അല്ലാതെ അബദ്ധവശാൽ ആരെയെങ്കിലും ഒരുവൻ കൊന്നുപോയാൽ, അവനു അഭയമായിരിക്കേണ്ടതിന്നു ദൈവം വ്യവസ്ഥ ചെയ്ത അഭയസ്ഥാനമായിരുന്നു വേർതിരിക്കപ്പെട്ട ആറുസങ്കേതനഗരങ്ങൾ. സങ്കേതനഗരങ്ങളായി തിരഞ്ഞെടുത്ത നഗരങ്ങൾ ദൈവാലയശുശ്രൂഷകൾക്കായി വേർതിരിക്കപ്പെട്ട ലേവ്യർക്കു കൊടുത്ത പട്ടണങ്ങളിൽ ആറെണ്ണമായിരുന്നു. അതായത് മരണത്തിൽ നിന്നുള്ള രക്ഷെക്കു അഭയമായിരിക്കുന്നത് ലേവ്യരുടെ അവകാശപട്ടണങ്ങളിൽ നിന്നാണെന്ന കാര്യം ശ്രദ്ധേയമാണ്. യോശുവയുടെ പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന ആറുസങ്കേതനഗരങ്ങൾ യോർദ്ദാന്റെ കിഴക്കു മൂന്നും പടിഞ്ഞാറു മൂന്നും ഉള്ളതായിരുന്നു (യോശു.20:7,8).

കുറ്റക്കാരൻ സഭയുടെ മുമ്പാകെ വിസ്തരിക്കപ്പെടുന്നതുവരെയോ അന്നുള്ള പുരോഹിതന്റെ മരണം വരെയോ സങ്കേതനഗരത്തിൽ പാർക്കണം (യോശു.20:6). ഈ സങ്കേതനഗരങ്ങൾ ഒരു പാപിക്ക് കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെ പ്രകടമാക്കുന്നു. മരണത്തെ ജയിച്ചവനും ഒരിക്കലും മരണമില്ലാത്തവനുമായ മഹാപുരോഹിതനായ യേശുക്രിസ്തുവെന്ന സങ്കേതസ്ഥാനത്തിൽ അഭയം പ്രാപിക്കുന്ന ഏതൊരുവനും നിത്യമായ അഭയം ലഭിക്കും എന്നതിനെയും സങ്കേതനഗരങ്ങൾ വെളിപ്പെടുത്തുന്നു (എബ്രാ.6:18-20).

ആറു സങ്കേതനഗരങ്ങളിലെ ഓരോ പട്ടണത്തിന്റെയും ആത്മീകാർത്ഥം യേശുക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെയും കുറിക്കുന്നു.

**(1) കേദെശ്** ( KEDESH = Holy) —

നഫ്താലിമലനാട്ടിൽ കേദെശ് — വിശുദ്ധം അഥവാ വിശുദ്ധസ്ഥലം എന്നർത്ഥം. സങ്കേതസ്ഥാനമായ യേശുക്രിസ്തുവിന്റെ വിശുദ്ധിയെ കുറിക്കുന്നതോടൊപ്പം (എബ്രാ.7:26/2.കൊരി.5:21/1.പത്രൊ.2:22/1.യോഹ.3:6) ക്രിസ്തുവിൽ ഓരോ വിശ്വാസിയും വിശുദ്ധനാണെന്നും കേദെശ് എന്ന പദം വെളിപ്പെടുത്തുന്നു (1.കൊരി.1:2/1.കൊരി.6:11/1.പത്രൊ.1:15).

**(2) ശേഖേം** ( SHECHEM = Shoulder) —

എഫ്രയീംമലനാട്ടിൽ ശേഖേം — ചുമൽ, തോൾ എന്നർത്ഥം. ഭാരങ്ങൾ വഹിക്കുന്ന സ്ഥാനമാണ് ചുമൽ. യിസ്രായേൽ ഗോത്രങ്ങളുടെ പേർ ഓർമ്മക്കായി അഹരോൻ തന്റെ രണ്ടു ചുമലിന്മേലും വഹിക്കുന്നതായി പുറപ്പാടിൽ കാണുന്നു (പുറ.28:12). ആധിപത്യം കർത്താവിന്റെ തോളിലാണ് (യെശ.9:6).

വിശ്വാസി കർത്താവിന്റെ ചുമലുകളിലാണ് (ലൂക്കൊ.15:5). അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്ന വരെയും ചുമൽകൊടുത്തു കർത്താവു ആശ്വസിപ്പിക്കുന്നു (മത്താ.11:8).

**(3) ഹെബ്രോൻ** ( HEBRON = Fellowship / Unity) —

യഹൂദാമലനാട്ടിൽ ഹെബ്രോൻ — കൂട്ടായ്മ, ഐക്യം എന്നർത്ഥം. സങ്കേതനഗരത്തിൽ അഭയം പ്രാപിക്കുന്ന കുറ്റവാളി ആ പട്ടണത്തിലെ ലേവ്യരോടും പുരോഹിതന്മാരോടും കൂട്ടായ്മയിലും ഐക്യ ത്തിലും ജീവിക്കുന്നു. ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ (1.കൊ രി.1:9/കൊലൊ.1:20/1.യോഹ.1:3).

**(4) ബേസെർ** ( BEZER = Fort / Strong Tower) —

രൂബേൻഗോത്രത്തിൽ സമഭൂമിയിലുള്ള ബേസെർ — കോട്ട, ബലം എന്നർത്ഥം. യേശുക്രി സ്തുവിൽ അഭയം പ്രാപിക്കുന്നവർക്കു ക്രിസ്തു ശക്തിയുള്ള കോട്ടയും, ബലമുള്ള പരിചയും, പ്രതി രോധസ്ഥാനവുമാണ് (ഉല്പ.15:1/സങ്കീ.46:1,7/സങ്കീ.61:3/സങ്കീ.62:6/സങ്കീ.91:2).

**(5) രാമോത്ത്** ( RAMOTH = High / Exalted) —

ഗിലയാദിൽ ഗാദ്ഗോത്രത്തിൽ രാമോത്ത് — ഉന്നതസ്ഥാനം എന്നർത്ഥം. ക്രിസ്തുവിന്റെ ഉന്ന തസ്ഥാനത്തെയും (ഫിലി.2:9), ക്രിസ്തു മൂലം വിശ്വാസിക്കു ലഭിച്ചിരിക്കുന്ന സ്വർഗ്ഗീയ അനുഗ്രഹ ത്തെയും ഉന്നതസ്ഥാനത്തെയും (എഫെ.1:3) രാമോത്തു കുറിക്കുന്നു.

**(6) ഗോലാൻ** ( GOLAN = Joy) —

ബാശാനിൽ മനശ്ശെഗോത്രത്തിൽ ഗോലാൻ — ആനന്ദം എന്നർത്ഥം. സങ്കേതനഗരത്തിലെ ത്തുന്ന കുറ്റവാളിക്ക് മരണഭീതി മാറി നിത്യസന്തോഷം ലഭിക്കുന്നു. ന്യായവിധിയെക്കുറിച്ചു ഭയപ്പെ ടേണ്ട ആവശ്യമില്ല. ആയതുപോലെ കൃപയാൽ രക്ഷിക്കപ്പെട്ട വിശ്വാസിക്കു നിത്യമായി ക്രിസ്തുവിൽ സന്തോഷിക്കുവാനിടയാകുന്നു (ഫിലി.4:4).

## ക്രിസ്തു യോശുവയിൽ —

## ക്രിസ്തു സർവ്വസൈന്യാധിപൻ

(1) പുസ്തകത്തിലെ കേന്ദ്രവ്യക്തിയായ യോശുവ യേശുക്രിസ്തുവിന്റെ വ്യക്തമായ മാതൃകയാണ്. യഹോവ തന്നേ രക്ഷ എന്നർത്ഥമാക്കുന്ന യെഹോശുവാ എന്ന പേരു യേശു എന്ന പദത്തിന്റെ എബ്രായരൂപമാണ്.

(2) യോശുവ ജനത്തെ വിജയത്തോടെ അവകാശഭൂമിയിലേക്കു നയിക്കുന്നത് അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുന്ന നമ്മുടെ രക്ഷാനായകനായ യേശുവിനെ കാണിക്കുന്നു (എബ്രാ.2:10).

(3) മോശെക്കു സാധിക്കാത്ത വിജയം യോശുവയാൽ നേടുന്നതു പോലെ ന്യായപ്രമാണത്തിനു സാധി ക്കാഞ്ഞ ആത്മീയവിജയം യേശുക്രിസ്തു നേടുന്നു.

(4) യോശുവ.5:13-15 വാക്യങ്ങളിൽ പ്രത്യക്ഷനാകുന്ന സൈന്യാധിപൻ (യഹോവയുടെ സൈന്യത്തിന്റെ അധിപതി) യേശുക്രിസ്തുവിന്റെ നിഴലാണ്.

(5) രാഹാബിന്റെ വീടിനു മുമ്പിൽ കെട്ടിയിരുന്ന ചുവപ്പു ചരട് യേശുക്രിസ്തുവിന്റെ രക്തം മൂലം ലഭിക്കുന്ന വിടുതലിന്റെ ചിത്രമാണ് (യോശുവ.2:17/ 1.യോഹ.1:7/ 1.പത്രൊ.1:19)

(6) സങ്കേതനഗരം (യോശു.20:1-9) നമ്മുടെ സങ്കേതവും അഭയകേന്ദ്രവുമായ യേശുക്രിസ്തുവിനെ കുറിക്കുന്നു (എബ്രാ.6:18).

-----------------------------------

# (7) ന്യായാധിപന്മാർ — JUDGES

എബ്രായ ഭാഷയിൽ ഈ പുസ്തകത്തിനു **'ഷോഫെററിം'** (Shopetim) എന്നും ഗ്രീക്കിൽ **'ക്രിററായി'** (Kritai) എന്നുമാണ് പേര്. ഇതിനു ഭരണാധിപൻ, സംരക്ഷകൻ, ന്യായാധിപൻ (Ruler / Deliverer/ Judge) എന്നർത്ഥം. ദൈവത്തിൽ ആശ്രയിച്ച് വിജയം നേടിയശേഷം അനുസരണം കെട്ടവരായി ദൈവത്തോടു മത്സരിച്ചതിനാൽ ദൈവജനം പരാജയപ്പെടുന്നു. യോശുവയുടെ കാല ശേഷം യിസ്രായേലിൽ അനൈക്യവും, മത്സരവും, അധർമ്മവും, ആഭ്യന്തര കലാപങ്ങളും നടമാടി. യോശുവയെപ്പോലെ നല്ല ഭരണനേതൃത്വം കൊടുക്കുവാൻ ആരുമില്ലാതായി. ദൈവീകപ്രമാണങ്ങളെ ഉപേക്ഷിച്ചു ജനങ്ങൾ അവർക്കു തോന്നിയതുപോലെ ജീവിച്ചു. അവർക്കു രാജാവില്ലാത്ത അവസ്ഥ. ദൈവം അവരുടെ രാജാവാണെങ്കിലും ദൈവത്തെ അവർ അനുസരിച്ചില്ല. അനുസരണക്കേടു അവ രുടെ തോൽവിക്കിടയാക്കി. **"യഹോവെക്ക് അനിഷ്ടമായതു ചെയ്തു"** എന്ന പ്രയോഗം അനേക പ്രാവശ്യം ഈ പുസ്തകത്തിൽ കാണുന്നു. അവരുടെ അനുസരണക്കേടിനു ദൈവം ശിക്ഷിക്കുമ്പോൾ അവർ കരുണയ്ക്കായി നിലവിളിക്കുന്നു. ദൈവം അവരുടെ നിലവിളി കേട്ടു ആശ്വാസം നൽകി കഴി യുമ്പോൾ വീണ്ടും അവർ അനിഷ്ടമായതു ചെയ്യുന്നു. ഈ പ്രവണത പുസ്തകത്തിലുടനീളം കാണു ന്നു.

ദൈവത്തിന്റെ വിശ്വസ്ഥത, നീതി, കരുണ, എന്നിവ ഈ പുസ്തകത്തിൽ പ്രകടമാകുന്നു. യിസ്രായേൽ ഗോത്രങ്ങളെ ശത്രുക്കളിൽ നിന്നും വിടുവിക്കുവാനും, അവർക്കു ന്യായപാലനം ചെയ്യുവാനുമായി ദൈവം ന്യായാധിപന്മാർ എന്നൊരു കൂട്ടരെ എഴുന്നേൽപ്പിച്ചു. ഇവരിൽ ഒത്നീയേൽ, ഏഹൂദ്, ദെബോരാ, ബാരാക്ക്, ഗിദെയോൻ, യിഫ്താഹ്, ശിംശോൻ എന്നിവർ മുൻ നിരയിൽ നിൽക്കുന്നു. ഗിദെയോൻ, ബാരാക്ക്, ശിംശോൻ, യിഫ്താഹ് എന്നിവർ വിശ്വാസവീരന്മാരുടെ പട്ടികയിൽ എബ്രായലേഖനത്തിൽ കാണുന്നു(എബ്രാ.11:32). ദെബോരാ എന്ന സ്ത്രീ ഉൾപ്പെടെ 13 ന്യായാധിപ ന്മാർ ഭരണം നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

ന്യായാധിപന്മാരുടെ പുസ്തകം അവസാനിക്കുന്നത് ഈ രാഷ്ട്രത്തിന്റെ മതപരമായും, സാന്മാർഗ്ഗികമായും, സദാചാരപരമായും, രാഷ്ട്രീയപരമായും ഏററവും അധഃപധിച്ച ചിത്രത്തോടു കൂടിയാണ്. "ആ കാലത്തു യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു" എന്നു പറഞ്ഞു കൊണ്ട് പുസ്തകം അവസാനിക്കുന്നു (ന്യായാ. 21:25).

ന്യായാധിപന്മാരുടെ പുസ്തകം "രാജാവില്ലത്ത പുസ്തകം" (A book of no Kings) എന്നറിയപ്പെ ടുന്നു (ന്യായാ.17:6/18:1/19:1/21:25). യോശുവയുടെ പുസ്തകം വിജയത്തിന്റെ പുസ്തകം (A book of Victory) ആയിരുക്കുമ്പോൾ ന്യായാധിപന്മാരുടെ പുസ്തകം *"പരാജയത്തിന്റെ പുസ്തകം"* (A book of Failure) ആയി കരുതാം.

വിശ്വാസികളിൽ കണ്ട ചില ക്രമക്കേടുകളോടുള്ള ബന്ധത്തിൽ അവരുടെ ഉപദേശത്തിനും, ശാസനത്തിനും, തിരുത്തലുകൾക്കും വേണ്ടി എഴുതപ്പെട്ട 1. കൊരിന്ത്യർ, ഗലാത്യർ എന്നീ ലേഖനങ്ങ ളോടു ന്യായാധിപന്മാരുടെ പുസ്തകത്തിനു സാമ്യമുണ്ട്. കക്ഷിത്വം, ഭിന്നത, ദുർന്നടപ്പു, ന്യായപ്രമാ ണത്തിന്റെ പ്രവൃത്തിയിൽ ആശ്രയം, അവിശ്വാസം എന്നിവ പശ്ചാത്തലമായി ഈ ലേഖനങ്ങളിൽ കാണുന്നതുപോലെ ന്യായാധിപന്മാരുടെ പുസ്തകത്തിലും ദൈവവഴി വിട്ടുസഞ്ചരിച്ച യിസ്രായേ ലിന്റെ ധാർമ്മികാധഃപതനത്തെ ഈ പുസ്തകത്തിൽ കാണാം.

**എഴുത്തുകാരൻ** : ശമൂവേൽ **എഴുതിയ കാലം** : ബി.സി.. 1060 — 1030

**എഴുതിയ സ്ഥലം** : റാമ **താക്കോൽ വാക്ക്**: കാലചക്രങ്ങൾ (വിശ്വാസത്യാഗം)

**താക്കോൽ വാക്യങ്ങൾ** : ന്യായാ.2:20,21, 21:25 **പ്രധാന അദ്ധ്യായം** : ന്യായാ.2

**പ്രധാനവ്യക്തികൾ** : ദെബോരാ, ബാരാക്ക്, ഗിദെയോൻ, ശിംശോൻ

**വിഷയം** : ആത്മീയ അധഃപതനവും ന്യായാധിപഭരണവും —
അനുസരണക്കേടും പുനഃസ്ഥാപനവും

**പുസ്തക വിഭജനം:** (21 അദ്ധ്യായങ്ങൾ)

(1) ന്യായാധിപന്മാരുടെ ആവശ്യം — ന്യായാ. 1 — 2
(2) ന്യായാധിപന്മാരുടെ ഭരണം — ന്യായാ. 3 — 16 (ഏഴു കാലചക്രത്തിൽ)
(3) ന്യായാധിപന്മാരുടെ അധഃപതനം — ന്യായാ. 17 — 21

**പ്രധാന സംഭവങ്ങൾ :**

(1) യഹോവയുടെ ദൂതൻ യിസ്രായേലിനെ ശാസിക്കുന്നു (ന്യായാ.2:1-3)
(2) യോശുവയുടെ മരണം (ന്യായാ.2:7-10)
(3) ദെബോരയുടെ പാട്ട് (ന്യായാ.5)
(4) യിപ്താഹിന്റെ നേർച്ച (ന്യായാ.11:31-39)
(5) നാസീർവ്രതം (ന്യായാ.13:4,5)
(6) ശിംശോന്റെ മരണം (ന്യായാ.16:28-31)
(7) മീഖാവിന്റെ വീട്ടിലെ പുരോഹിതൻ (ന്യായാ.17:12,13).

**യിസ്രായേലിൽ ന്യായപാലനം ചെയ്ത ന്യായാധിപന്മാർ**

(1) ഒത്നീയേൽ —(Othniel)-- : ന്യായാ.1:11-15/3:1-11/യോശു.15:16-19/1.ദിന.4:13
(2) ഏഹൂദ് — (Ehud) -- : ന്യായാ.3:12-4:1
(3) ശംഗർ — (Shamgar) -- : ന്യായാ.3:31/5:6
(4) ദെബോരാ — (Deborah) -- : ന്യായാ.4:1-5:31 /എബ്രാ.11:32
(5) ഗിദെയോൻ — (Gideon) -- : ന്യായാ.6:1-8:32 /എബ്രാ.11:32
(6) അബീമേലെക്ക്— (Abimelech) -- : ന്യായാ.8:33-9:57/2.ശമൂ.11:21
(7) തോലാ — (Tola) -- : ന്യായാ.10:1,2
(8) യായീർ — (Jair) -- : ന്യായാ.10:3-5
(9) യിഫ്താഹ് — (Jephthah) -- : ന്യായാ.10:6-12:7 /എബ്രാ.11:32
(10) ഇബ്സാൻ — (Ibzan) -- : ന്യായാ.12:8-10
(11) ഏലോൻ — (Elon) -- : ന്യായാ.12:11,12
(12) അബ്ദോൻ — (Abdon) -- : ന്യായാ.12:13-15
(13) ശിംശോൻ — (Samson) -- : ന്യായാ.13:1-16:31

## ക്രിസ്തു ന്യായാധിപന്മാരിൽ — ക്രിസ്തു കഷ്ടതയിൽ ഉദ്ധാരകൻ

(1) ക്രിസ്തു നല്ല ന്യായാധിപൻ. "യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ കാലേബിന്റെ അനുജനായ കെനസിന്റെ മകൻ ഒത്നീയേലിനെ യിസ്രായേൽ മക്കൾക്കു രക്ഷകനായി എഴുന്നേൽപ്പിച്ചു" എന്നു ന്യായാ. 3:9-ൽ കാണുന്നു. സകലമനുഷ്യരുടെയും രക്ഷകനായും, നല്ല ന്യായാധിപനായും ലോകത്തിൽ വന്ന യേശുക്രിസ്തുവിനെ നിഴലായി ഇതിലൂടെ കാണാം (ന്യായാ.8:23/ യെശ.1:3-5).

(2) ന്യായാ. 2:1 - ലെ യഹോവയുടെ ദൂതൻ — ക്രിസ്തുവിനെ കുറിക്കുന്നു (Messenger of Jehovah)

(3) യഹോവയുടെ ദൂതൻ എന്ന നിലയിൽ ഗിദെയോനു പ്രത്യക്ഷപ്പെട്ടത് യേശുക്രിസ്തുവായിരുന്നു (ന്യായാ.6:14,16,23).

(4) 17 ന്യായാധിപന്മാരുടെ കൂട്ടത്തിൽ (ന്യായാധിപന്മാരുടെ പുസ്തകത്തിൽ 13 പേരും ശമൂവേലിന്റെ പുസ്തകത്തിൽ 4 പേരും) ഒത്നിയേലും ഗിദെയോനും യുദ്ധവീരന്മാർ, ഏലി പുരോഹിതൻ, ശമുവേൽ പ്രവാചകൻ. ഇവരിലൂടെ രാജാവും, പുരോഹിതനും, പ്രവാചകനും ആയി ക്രിസ്തുവിനെ ദർശിക്കാം.

-----------------------------------

## ഉല്പത്തി മുതൽ ന്യായാധിപന്മാർ വരെ വിശ്വാസിയുടെ പ്രായോഗിക ജീവിതത്തിൽ —

**(1) ഉല്പത്തി —** കർത്താവു എനിക്കു രക്ഷാവസ്ത്രം നല്കി. ഞാൻ വീണ്ടും ജനിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി. എനിക്കു പുതിയഹൃദയം, പുതിയ തുടക്കം, പുതിയ മനോഭാവം, പുതിയ കാഴ്ചപ്പാട്. എല്ലാം ക്രിസ്തുവിൽ പുതുതായി ആരംഭിച്ചിരിക്കുന്നു.

2.കൊരി.5:17 — *"ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു."*

**(2) പുറപ്പാട് —** ദൈവം ഫറവോനിൽ നിന്നും (സാത്താനിൽ നിന്നും) മിസ്രയീമിൽ നിന്നും (ലോകത്തിൽനിന്നും) നാശകരമായതും മരണകരവുമായ അടിമത്വത്തിൽ നിന്നു എന്നെ വീണ്ടെടുത്തു.

യോഹ.8:31–36— *"എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."*

**(3) ലേവ്യപുസ്തകം —** രക്ഷിക്കപ്പെട്ടപ്പോൾ ഞാൻ ആത്മീകയാഗം കഴിപ്പാന്തക്ക പുരോഹിതനായി ത്തീർന്നു. ക്രിസ്തുവിന്റെ ഏകയാഗത്താൽ എനിക്കു വിശുദ്ധനായ ദൈവത്തോടു എന്നേക്കും നിരപ്പു ലഭിച്ചു, ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ സാധിക്കുന്നു.

1.പത്രൊ.1:18 — *"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."*

**(4) സംഖ്യാപുസ്തകം —** ഞാൻ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു. വിശ്വാസം എന്റെ അടിസ്ഥാനം. ദൈവത്തിന്റെ നന്മകളെ നിമിഷം തോറും എണ്ണിഎണ്ണി സ്തുതിക്കുവാൻ സാധിക്കുന്നു.

എബ്രാ.3:1 — *"അതുകൊണ്ടു വിശുദ്ധസഹോദരന്മാരേ, സ്വർഗ്ഗീയവിളിക്കു ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ."*

എബ്രാ.3:12 — *"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ."*

**(5) ആവർത്തനപുസ്തകം —** ഞാൻ ദൈവത്തിന്റെ നന്മകളെ ഓർക്കണം. മറന്നു കളയരുത്. ഞാൻ ദൈവത്തിന്റെ നിയമങ്ങൾ പാലിക്കണം. ആവർത്തിച്ചു ചിന്തിച്ചു ജീവിക്കണം. ദൈവത്തെ അനുസരിക്കുന്നതാണ് എന്റെ ജീവിത വിജയത്തിന്റെ താക്കോൽ.

യോഹ.14:15 — *"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും."*

യോഹ.14:21 — *"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും."*

**(6) യോശുവാ —** ദൈവം എന്റെ സങ്കേതവും അഭയകേന്ദ്രവുമാണ്. എനിക്കു ലോകത്തിൽ യുദ്ധമുണ്ട്. ശത്രുവായ സാത്താനോടു പോരാട്ടമുണ്ട്. ഞാൻ ദൈവത്തിന്റെ പടയാളി. ആയതിനാൽ ഞാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം.

എഫെ.6:13 — *"അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ."*

**(7) ന്യായാധിപന്മാർ —** ദൈവീക നിയമങ്ങൾ അനുസരിച്ചു ഞാൻ ജീവിക്കണം. വിശ്വാസജീവിതത്തിൽ എനിക്കു തോന്നിയതുപോലെ നടക്കുവാൻ പാടില്ല. എനിക്കു ഒരു ന്യായാധിപൻ ഉണ്ട്. ഞാൻ ഒരിക്കൽ ന്യായാസനത്തിനു മുമ്പാകെ നില്ക്കണം. ആകയാൽ ഞാൻ നടക്കുകയും, സംസാരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നത് സ്വർഗ്ഗീയ നിയമപ്രകാരമായിരിക്കണം.

2.കൊരി.5:10 — *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."*

-----------------------------------

# (8) രൂത്ത് — RUTH

യിസ്രായേലിൽ ന്യായാധിപയുഗത്തിലെ ഇരുളടഞ്ഞ കാലഘട്ടത്തിൽ നടന്ന ഒരു സംഭവമാണ് ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്. സ്നേഹത്തിന്റെയും, ഭക്തിയുടേയും പ്രകാശം വിതറുന്ന ഒരു മോവാബ്യ സ്ത്രീയായ രൂത്തിന്റെ പേരിൽ ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നു.

രൂത്ത് എന്ന പേരിനു സഖി എന്നർത്ഥം. രൂത്ത് എന്നതിന്റെ എബ്രായ പദമായ **'റിയൂത്ത്'** (Riyuth) എന്നതിനർത്ഥം സൗഹൃദം അഥവാ യോജിപ്പ് (Friendship) എന്നാണ്. അപ്പത്തിന്റെ ഭവനമായ ബേത്ത്ലേഹേമിൽ ക്ഷാമമുണ്ടായപ്പോൾ ശാപത്തിന്റെ പട്ടണമായ മോവാബിലേക്കു ഇറങ്ങിത്തിരിച്ച ഒരു ഭവനത്തിന്റെ ചിത്രമാണ് പരിശുദ്ധാത്മാവു ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ബേത്ലേഹേം നിവാസിയായ എലീമേലെക്കിന്റെയും, നൊവൊമിയുടെയും മൂത്തപുത്രനായ മഹ്ലോൻ വിവാഹം കഴിച്ച മോവാബ്യയുവതിയാണു രൂത്ത്. മോവാബ്യദേശത്തുവച്ച് എലീമേലെക്കും രണ്ടു പുത്രന്മാരും മരിച്ചു. തുടർന്നു നൊവൊമി ബേത്ലേഹേമിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ചു. മരുമകളായ ഓർപ്പാ നൊവൊമിയെ പിരിഞ്ഞു. രൂത്തും മടങ്ങി പോകുവാൻ നൊവൊമി നിർബന്ധിച്ചു. എന്നാൽ രൂത്തു നൊവൊമിയെ പററിച്ചേർന്നുനിന്നു (രൂത്ത്.1:16). നൊവൊമി സ്വദേശമായ ബേത്ലേഹേമിൽ രൂത്തിനോടൊപ്പം മടങ്ങിവന്നു. അവർ അവരുടെ അടുത്ത ചാർച്ചക്കാരനും, രൂത്തിനെ വിവാഹം ചെയ്തു വീണ്ടെടുപ്പുകാരന്റെ പൂർണ്ണ ഉത്തരവാദിത്വം വഹിപ്പാൻ തയ്യാറുമായ ബോവസിനെ കണ്ടെത്തുവാനിടയാകുന്നു. ബോവസ് എന്ന പേരിനർത്ഥം അവനിലാണ് ശക്തി (in him is strength) എന്നാണ് (2.ദിന3:17).

യിസ്രായേലിലെ നിയമം, ഭർത്താവു മരിച്ച ഒരു സ്ത്രീയെ, മരിച്ചുപോയവന്റെ ബന്ധുവിനു വിവാഹം ചെയ്തു സംരക്ഷിക്കുവാൻ അനുവദിച്ചിരുന്നു. അന്യജാതിക്കാരിയായ രൂത്തിനെ ബോവസ് നിയമപ്രകാരം പട്ടണവാതിൽക്കൽ മൂപ്പന്മാരുടെ മദ്ധ്യത്തിൽ വച്ചു വിവാഹം കഴിച്ചു (രൂത്ത്.4:1). ബോവസ് കരുണയുള്ളവനും, ധനികനും, ദൈവഭക്തനും എലീമേലെക്കിന്റെ കുടുംബക്കാരനുമായിരുന്നു. ന്യായപ്രമാണപ്രകാരം മോവാബ്യരുടെ പത്താം തലമുറയ്ക്കുപോലും ദൈവസന്നിധിയിൽ പ്രവേശനം ഉണ്ടായിരുന്നില്ല (ആവ.23:3). എന്നാൽ രൂത്തിന്റെ സ്നേഹവും, അനുസരണയും, യഹോവയിലുള്ള ആശ്രയവും മൂലം അവൾക്കു കൃപ ലഭിച്ചു. അങ്ങനെ നൊവൊമിയുടെ മരിച്ചുപോയ പുത്രന്റെ സ്ഥാനത്തു ഒരു കുടുംബം ഉടലെടുക്കുന്നു. അവരുടെ മകൻ ഓബേദ്, ദാവീദിന്റെ വംശാവലിയിൽ കൂടെ വന്ന യേശുക്രിസ്തുവിന്റെ പൂർവ്വപിതാവായിത്തീർന്നു (രൂത്ത്.4:22).

ബേത്ലേഹേമിൽ നിന്നു മോവാബ്യദേശത്തെത്തി സകലവും നഷ്ടപ്പെട്ടു പ്രത്യാശ മങ്ങിയ നൊവൊമി യിസ്രായേൽ രാഷ്ട്രത്തെക്കുറിക്കുന്നു. യിസ്രായേലും പ്രവാസത്തിൽ ഒരു പ്രത്യാശയുമില്ലാതെ കഴിയുന്ന അവസ്ഥയിലായിരുന്നു. എന്നാൽ രൂത്തും ബോവസും തമ്മിലുള്ള വിവാഹത്തോടെ നൊവൊമിക്കു സന്തോഷം ലഭിച്ചതുപോലെ യിസ്രായേലും സന്തോഷിക്കുവാനിടയായി.

**എഴുത്തുകാരൻ** : ദാവീദിന്റെ ഭരണ കാലത്ത് ശമുവേലാണ് എഴുതിയതെന്നു പറയപ്പെടുന്നു

**എഴുതിയ കാലം** : ബി.സി. 1060 —1030

**താക്കോൽ വാക്ക്** : വീണ്ടെടുപ്പുകാരൻ

**മുഖ്യ അദ്ധ്യായം** : രൂത്ത്.4

**പ്രധാനവാക്യങ്ങൾ** : രൂത്ത്.1:16,17 / രൂത്ത്.3:11

**പ്രധാനവ്യക്തികൾ** : നൊവൊമി, രൂത്ത്, ബോവസ്

**വിഷയം** : പുറജാതിസ്ത്രീയായ രൂത്തിന്റെ ദൈവീകാശ്രയവും സ്വസ്ഥതയും.

## പുസ്തക വിഭജനം: (4 അദ്ധ്യായങ്ങൾ)

(1) അദ്ധ്യായം. 1 — രൂത്തിന്റെ തീരുമാനം

(2) അദ്ധ്യായം. 2 — രൂത്തിന്റെ സേവനം

(3) അദ്ധ്യായം. 3 — രൂത്തിന്റെ ആശ്രയം

(4) അദ്ധ്യായം. 4 — രൂത്തിന്റെ സന്തോഷം, പ്രതിഫലം

## ബോവസിന്റെയും രൂത്തിന്റെയും തലമുറ —

**അബ്രഹാം** — (ABRAHAM — ഉല്പ.11:26-31/ മത്താ.1:2) **—> യഹൂദാ** —(JUDHA –ഉല്പ.29:35/മത്താ.1:2) **—> ഫെരസ്** — PEREZ രൂത്ത്.4:18/മത്താ.1:3) **—> ബോവസ്** —(BOAZ രൂത്ത്.4:21/മത്താ.1:5)

**ലോത്ത്** —(LOT -ഉല്പ.11:27) **—> മോവാബ്** —(MOAB ഉല്പ.19:33-37) **—> രൂത്ത്** —(RUTH രൂത്ത്.4:13/ മത്താ.1:5).

## ബോവസിന്റെയും രൂത്തിന്റെയും കുടുംബം —

ബോവസ് + രൂത്ത് **—> ഒബേദ് —**( OBED രൂത്ത്.4:17/മത്താ.1:5) **—> യിശ്ശായി —**(JESSE മത്താ.1:5) **—> ദാവീദ് —** (DAVID രൂത്ത്.4:17/മത്താ.1:6)

## പ്രത്യേകതകൾ —

(1) രൂത്ത് ദാവീദിന്റെ വലിയമുത്തശ്ശി (Great grand mother of David)

(2) രൂത്ത് യേശുക്രിസ്തുവിന്റെ വംശാവലിയിലുള്ള നാലുസ്ത്രീകളിൽ ഒരുവൾ (താമാർ, രാഹാബ്, രൂത്ത്, ബത്ത്-ശേബാ — മത്താ.1:3,5,6)

(3) രൂത്ത് നഷ്ടപ്പെട്ട പാപിയുടെ നിഴൽ

(4) ബോവസ് ക്രിസ്തുവിന്റെ നിഴൽ

## പ്രധാന സംഭവങ്ങൾ :

(1)എലീമേലെക്കിന്റെയും കുടുംബത്തിന്റെയും മോവാബിലേക്കുള്ള യാത്ര (രൂത്ത്.1:1)

(2) എലീമേലെക്കിന്റെയും പുത്രന്മാരുടെയും മരണം (രൂത്ത്.1:3-5)

(3) രൂത്തിന്റെ ഉറച്ച തീരുമാനം (രൂത്ത്.1:16,17)

(4) രൂത്തുമായുള്ള നൊവൊമിയുടെ മടങ്ങി വരവ് (രൂത്ത്.1:19-22)

(5) രൂത്ത് ബോവസിന്റെ വയലിൽ (രൂത്ത്.2)

(6) ബോവസ് രൂത്തിനെ വീണ്ടെടുക്കുകയും വിവാഹം കഴിക്കയും ചെയ്യുന്നു (രൂത്ത്.4)

## ദേവരവിവാഹം — (Levirate Marriage) ---

ഭർത്താവു മരിച്ചു പോയ സ്ത്രീയെ അവന്റെ സഹോദരൻ ഭാര്യയായി എടുക്കുന്നതിനെ ദേവരവിവാഹം എന്നറിയപ്പെടുന്നു. ദേവരൻ എന്നാൽ ഭർത്താവിന്റെ അനുജൻ എന്നർത്ഥം. ഭർത്താവിന്റെ അനുജൻ അനുഷ്ഠിക്കുന്ന ധർമ്മമെന്ന നിലയിൽ ഇതിനെ ദേവരധർമ്മം എന്നും പറയുന്നു. ജീവിച്ചിരിക്കുന്ന സഹോദരന്റെ ഭാര്യയുമായി വിവാഹബന്ധത്തിലേർപ്പെടുന്നത് വ്യഭിചാരമായി കണക്കാക്കപ്പെടും (ലേവ്യാ.18:16/20:21). എന്നാൽ വിവാഹിതനായ ഒരുവൻ മക്കളുണ്ടാകുന്നതിനു മുമ്പു മരിച്ചു പോയാൽ കുടുംബം അന്യപ്പെട്ടുപോകാതിരിപ്പാനും, സ്വത്തു കുടുംബത്തിൽ തന്നെ നിലനിർത്താനുമായി മരണപ്പെട്ടവന്റെ അനുജൻ വിധവയെ വിവാഹം ചെയ്യുക പഴയനിയമകാലത്തു പതിവുണ്ടായിരുന്നു (ഉല്പ.38:8,11). മോശെയുടെ ന്യായപ്രമാണപ്രകാരം ഇത് അനുവദനീയവുമായിരുന്നു (ആവ.25:5-10/ മത്താ.22:24/മർക്കൊ.12:19-23/ലൂക്കൊ.20:28). ഭർത്താവിന്റെ അനുജനു മാത്രമല്ല അടുത്ത ചാർച്ചക്കാരനും ദേവരവിവാഹം അനുവദനീയമായിരുന്നുവെന്നു രൂത്തിന്റെയും ബോവസിന്റെയും ബന്ധം വ്യക്തമാക്കുന്നു (രൂത്ത്.4:5).

# ക്രിസ്തുരൂത്തിന്റെ പുസ്തകത്തിൽ—
# വീണ്ടെടുപ്പുകാരൻ

(a) ക്രിസ്തു ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ — KINSMAN - REDEEMER— രൂത്ത്.2:1)

വീണ്ടെടുക്കുന്ന ചാർച്ചക്കാരൻ എന്നർത്ഥമുള്ള **'ഗോയേൽ'** എന്ന എബ്രായപദം ക്രിസ്തുവിന്റെ വീണ്ടെടുപ്പു വേലയെ സൂചിപ്പിക്കുന്നു.

ഈ ചാർച്ചക്കാരന് (വീണ്ടെടുപ്പുകാരന്) ഉണ്ടായിരിക്കേണ്ട യോഗ്യതകൾ:

(1) വീണ്ടെടുപ്പുകാരൻ ചാർച്ചക്കാരനായിരിക്കണം. (രക്തബന്ധമുള്ളവൻ) (ആവ.25:5, 7-9/ യോഹ.1:14/എബ്രാ.2:14,15)

(2) വീണ്ടെടുപ്പിന്റെ വില കൊടുക്കുവാൻ കഴിവുള്ളവനാ യിരിക്കണം (രൂത്ത് 2:1 — 1 പത്രോ. 1:18,19).

(3) വീണ്ടടുക്കുവാൻ മനസ്സുള്ളവനായിരിക്കണം (രൂത്ത് 3:11, മത്താ. 20:28, എബ്രാ. 10:7.)

(4) വീണ്ടെടുത്തു സംരക്ഷിക്കുവാൻ (വിവാഹം കഴിക്കാൻ) തയ്യാറകണം.

(5) വീണ്ടെടുപ്പുകാരൻ സ്വന്തനിലയിൽ സ്വതന്ത്രനായിരിക്കണം.

(b) ബോവസ് ക്രിസ്തുവിന്റെ നിഴലായിരിക്കുന്നു. ബോവസ് കരുണയുള്ളവനും, മഹാധനികനും, ദൈവഭക്തനും, സ്നേഹമുളളവനും, മനസ്സലിവുളളവനും ആയിരുന്നു. ബോവസ് യേശുക്രിസ്തുവിന്റെ പിതാമഹന്മാരിൽ ഒരുവനായിരുന്നു(ലൂക്കൊ.3:32). ബോവസ് രൂത്തിനെ സ്നേഹിച്ചു, അവളെ കരുതി, വേണ്ടതെല്ലാം ചെയ്തു തന്റെ മണവാട്ടിയായി സ്വീകരിച്ചു. അതുപോലെ പാപികളായ മനുഷ്യരെ വീണ്ടെടുക്കുവാൻ ഈ ഭൂമിയിലേക്കു വന്ന ദൈവപുത്രനാണ് യേശുക്രിസ്തു. ബോവസിന്റെ പുതപ്പിനടിയിൽ അഭയം തേടിയ രൂത്ത്, പാപികളായ മനുഷ്യർക്കു യേശുക്രിസ്തുവിലൂടെ ലഭിച്ച നീതിയുടെ രക്ഷാവസ്ത്രത്തെയും അഭയത്തെയും കുറിക്കുന്നു (വെളി.19:8/മത്താ.22:11/യെശ.61:10).

(c) പത്താം തലമുറയ്ക്കു പോലും ദൈവസന്നിധിയിൽ കടന്നു ചെല്ലുവാൻ സാധിക്കാത്ത ഒരു മോവാബ്യ സ്ത്രീക്കു ലഭിച്ച കൃപയും, വീണ്ടെടുപ്പും ക്രിസ്തുവിലൂടെ നമുക്കു ലഭിച്ച വീണ്ടെടുപ്പിനെ കാണിക്കുന്നു (എഫെ.2: 11--18). ദൈവസന്നിധിയിൽ നിന്നും അകന്ന മനുഷ്യജാതിയെ വീണ്ടെടുക്കുവാനുള്ള ചുമതല ദൈവം ഒന്നാം വീണ്ടെടുപ്പുകാരനായ ന്യായപ്രമാണത്തിനെ ഏൽപ്പിച്ചു. എന്നാൽ മോശെയുടെ ന്യായപ്രമാണത്തിന് ഈ വീണ്ടെടുപ്പു പൂർണ്ണമായി നിവർത്തിക്കാൻ കഴിഞ്ഞില്ല (എബ്രാ.9:22).ഈ അവസരത്തിൽ രണ്ടാം വീണ്ടെടുപ്പുകാരനായ യേശുക്രിസ്തു നമ്മെ വീണ്ടെടുത്തു (1.യോഹ.1:7).

------------------------------------

# (9) 1.ശമൂവേൽ —1.SAMUEL

എബ്രായ ബൈബിളിൽ ഒന്നും രണ്ടും ശമുവേലിന്റെ പുസ്തകങ്ങൾ ഒരു പുസ്തകമായാണ് ക്രമീകരിച്ചിരിക്കുന്നത്. യിസ്രായേലിന്റെ നീണ്ട ന്യായാധിപഭരണശേഷം രാജവാഴ്ച്ചെക്കു വഴിമാറി ക്കൊടുക്കുന്ന ഒരു പരിവർത്തനഘട്ടത്തെയാണ് ശമൂവേലിന്റെ ഒന്നാംപുസ്തകം കുറിക്കുന്നത്.

യിസ്രായേലിലെ രാജവാഴ്ചയെ കാണിക്കുന്ന ആറുപുസ്തകങ്ങൾ ഇതിലൂടെ ആരംഭിക്കുന്നു. (**I,II** ശമൂവേൽ, **I,II** രാജാക്കന്മാർ, **I,II.** ദിനവൃത്താന്തം). (From ELI ----> SAMUEL ----> SAUL ---> DAVID).

1. ശമൂവേലിൽ മൂന്നു പ്രധാന വ്യക്തികളെ ചൂണ്ടിക്കാണിക്കുന്നു:

(1) **ശമൂവേൽ —** യിസ്രായേലിന്റെ ആദ്യത്തെപ്രവാചകനും, അവസാനത്തെ ന്യായാധിപനും ആയിരുന്നു. ശമൂവേലിന്റെ കാലഘട്ടത്തിൽ പൗരോഹിത്യം തോൽവിയടഞ്ഞു. പിൻതുടർച്ചാവ കാശമായി ലഭിച്ചിരുന്ന പൗരോഹിത്യം ഏലിയുടെയും മക്കളുടെയും മരണത്തോടെ ഇല്ലാതെയാ യി. മററുള്ള ജാതികളെപ്പോലെ ജനങ്ങൾ തങ്ങൾക്കു ഒരു രാജാവിനെ ആവശ്യപ്പെട്ടു. അവരുടെ ഈ ആവശ്യം ദൈവം അവരുടെ രാജാവ് എന്നുള്ള പ്രമാണം നിരസിക്കുകയായിരുന്നു.

(2) **ശൗൽ —** യിസ്രായേലിന്റെ ആദ്യത്തെ രാജാവ്. ജനത്തിന്റെ ആഗ്രഹപ്രകാരമുള്ള രാജാവായി രുന്നു ശൗൽ. അവൻ ബെന്യാമീൻ ഗോത്രക്കാരനായിരുന്ന കീശിന്റെ മകനായിരുന്നു. 1.ശമൂ.9:2 — *"അവന്നു ശൗൽ എന്ന പേരോടെ യൗവനവും കോമളത്വവുമുള്ള ഒരു മകൻ ഉണ്ടായിരുന്നു; യിസ്രായേൽ മക്കളിൽ അവനേക്കാൾ കോമളനായ പുരുഷൻ ഇല്ലായിരുന്നു; അവൻ എല്ലാവരെ ക്കാളും തോൾമുതൽ പൊക്കമേറിയവൻ ആയിരുന്നു."* ദൈവഹിതപ്രകാരം ആദ്യം രാജ്യം ഭരിച്ചുവെങ്കിലും കാലക്രമേണ നിരന്തരമായി ദൈവത്തോടു അനുസരണക്കേടു കാണിച്ചു. ദൈവത്തിന്റെ വചനത്തെ അനുസരിക്കായ്കയാൽ ദൈവം അവനെ രാജസ്ഥാനത്തു നിന്നു തള്ളി ക്കളഞ്ഞു. മാത്രവുമല്ല ശൗലിനെ രാജാവാക്കിയതിനാൽ യഹോവയും അനുതപിച്ചു എന്നു പറ ഞ്ഞിരിക്കുന്നു (1.ശമൂ15:26,35).

(3) **ദാവീദ്**— ദൈവഹിതപ്രകാരമുള്ള രാജാവ്. ശൗലിന്റെ വാഴ്ചെക്കിടയിൽ തന്നേ ദൈവം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു(1.ശമൂ.16).

## പ്രത്യേകതകൾ —

(1) ഹന്നായുടെ പ്രാർത്ഥന —

യിസ്രായേലിന്റെ ഏറ്റവും പ്രസിദ്ധനായ പ്രവാചകനും, ന്യായാധിപനും, പുരോഹിതനുമായ ശമൂവേലിനു ജന്മം നൽകുവാനിടയാക്കിയ ഹന്നായുടെ ആത്മാവിലുള്ളപ്രാർത്ഥന (1.ശമൂ.1).

(2) ഹന്നാ ആദ്യജാതനെ യഹോവെക്കു കൊടുത്തു —

ഹന്നാക്കു പ്രാർത്ഥനയിലൂയെ ലഭിച്ച ആദ്യജാതനെ യഹോവെക്കു കൊടുത്തതിനാൽ അവൾ അനുഗ്രഹിക്കപ്പെട്ടു. അവൾക്കു 3 പുത്രന്മാരെയും 2 പുത്രിമാരെയും ദൈവം നൽകി (1.ശമൂ.2:21).

(3) ഏലി പുരോഹിതന്റെ കാലത്ത് യിസ്രായേലിന്റെ ആത്മീകാവസ്ഥ —

ഏലി പുരോഹിതന്റെ കാലത്ത് ശമൂവേൽ ദൈവത്താൽ വിളിക്കപ്പെട്ടവനായി ദൈവസന്നിധി യിൽ നിൽക്കുമ്പോൾ യിസ്രായേലിന്റെ ആത്മീകാവസ്ഥ (1.ശമൂ.3:1,2) —

> യഹോവയുടെ വചനം ദുർല്ലഭമായിരുന്നു

> ദർശനം ഏറെ ഇല്ലായിരുന്നു

> പുരോഹിതൻ ദൈവസന്നിധിയിൽ കിടന്നുറങ്ങി

> കണ്ണു മങ്ങിയിരുന്നു.

(4) ഏലി പുരോഹിതന്റെ നീചന്മാരായ പുത്രന്മാർ —

ഹൊഫ്നി, ഫീനെഹാസ് (1.ശമൂ.2:12–17)

(5) 1. ശമൂവേലിലെ പ്രധാന പേരുകളും അവയുടെ അർത്ഥവും —

> ശമൂവേൽ = ദൈവത്തോടു ചോദിച്ചു വാങ്ങിയവൻ

> എൽക്കാനാ (ശമൂവേലിന്റെ പിതാവ്) = ദൈവത്താൽ സമ്പാദിക്കപ്പെട്ടവൻ

> ഹന്ന = കൃപയുള്ള

> പെനിന്ന = മുത്ത്

> ഏലി = എന്റെ ദൈവം

> ഹൊഫ്നി = ഗുസ്തിക്കാരൻ

> ഫീനെഹാസ് = സർപ്പത്തിന്റെ വായ്

(6) ഏലി പുരോഹിതന്റെ മക്കളുടെ പാപങ്ങൾ (1.ശമൂ.2:12-17) —

> യഹോവയെ ഓർത്തില്ല

> യാഗങ്ങളെ അപമാനിച്ചു

> അവരുടെ പ്രവർത്തനത്താൽ ജനം യാഗങ്ങളെ വെറുത്തു

> വ്യഭിചാരം ചെയ്തു

> പിതാവിന്റെ ശാസനയെ കൂട്ടാക്കാതെ തള്ളിക്കളഞ്ഞു

(7) ഏലിയുടെ പാപങ്ങൾ —

> മക്കളെ ശാസിച്ചു ശിക്ഷിച്ചു വളർത്തിയില്ല (3:13)

> മക്കളെ ദൈവത്തേക്കാളുപരിയായി മാനിച്ചതിനാൽ വിഗ്രഹാരാധനയെന്ന കുറ്റം

> മക്കൾ പാപം ചെയ്തിട്ടും ദൈവാലയത്തിൽ ശുശ്രൂഷിക്കുവാൻ അനുവദിച്ചു.

(8) ഏലിയുടെ ഭവനത്തിനുള്ള ദൈവശിക്ഷ —

ഏലിയുടെ ഭവനത്തിനെതിരേയുള്ള ദൈവീകന്യായവിധിയുടെ അരുളപ്പാടും നിറവേറലും (1.ശമൂ.2:36/1.രാജാ.2:27)

(9) 1. ശമൂവേലിലെ രണ്ടു ശ്രദ്ധേയമായ വാക്കുകൾ —

> ഈഖാബോദ് (1.ശമൂ.4:21,22) — മഹത്വം പൊയ്പോയി

(Ichabod a=aThe Glory is departed)

> ഏബെൻ - ഏസെർ (1.ശമൂ.7:12) — ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു

Ebenezer = aThe Lord helped us

(10) ശ്രദ്ധേയവാക്യങ്ങൾ —

> എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും (1.ശമൂ.2:30)

> ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരുന്നാൽ യഹോവയോടു പാപം ചെയ്വാൻ ഇട വരരുതേ (1.ശമൂ.12:23).

> ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു (1.ശമൂ.15:22).

> മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു (1.ശമൂ.16:7).

(11) ദാവീദിനെ മൂന്നു തവണ രാജാവായി അഭിഷേകം ചെയ്യുന്നു —

ദൈവം ഹൃദയത്തെയാണ് നോക്കുന്നതെന്നു ദാവീന്റെ അഭിഷേകത്തിലൂടെ നമുക്കു മനസ്സിലാക്കാം (1. ശമു.16:7). മൂന്നു അഭിഷേകങ്ങൾ —

(1) ശമൂവേലിനാൽ (2) യെഹൂദാപുരുഷന്മാരാൽ (3) യിസ്രായേല്യരാൽ —

**(1) 1.ശമൂ.16:13 —** ശൗലിനെ രാജസ്ഥാനത്തു നിന്നു തള്ളിയശേഷം യിശ്ശായിയുടെ എട്ടു പുത്രന്മാരിൽ ഏറ്റവും ഇളയവനായ ദാവീദിനെ ദൈവകല്പനപ്രകാരം ശമൂവേൽ പ്രവാചകൻ രാജാവായി അഭിഷേകം ചെയ്തു. സ്വന്തം സഹോദരന്മാരുടെ മദ്ധ്യേവച്ചുള്ള ഈ അഭിഷേകം രാജത്വത്തിന്റെതായിരുന്നുവെന്നു വെളിപ്പെടുത്തിയിരുന്നില്ല. ശൗലിന്റെ മരണം വരെ കാടുകളിലും ഗുഹകളിലും ഒളിച്ചു കഴിയേണ്ടി വന്നു.

**(2) 2.ശമൂ.2:4—**ഹെബ്രോനിൽ വച്ച് യഹൂദാഗോത്രത്തിനു മാത്രമായി അഭിഷേകം ചെയ്യപ്പെട്ടു

**(3) 2.ശമൂ.5:1-5 —** മുഴുവൻ യിസ്രായേലിന്റെയും രാജാവായി അഭിഷേകം ചെയ്യപ്പെട്ടു.

പഴയനിയമത്തിൽ പൗരോഹിത്യം പിൻതുടർച്ചയായിരിക്കുന്നുവെങ്കിൽ പ്രവാചകന്മാരെ ദൈവം വ്യക്തിപരമായാണ് ശുശ്രൂഷെക്കായി വിളിച്ചിരുന്നത്. ശമൂവേലിനെയും ദൈവം നേരിട്ടാണ് വിളിച്ചത്. ശമൂവേൽ എന്ന പദത്തിന് "ദൈവത്തോട് അപേക്ഷിച്ചു വാങ്ങിയവൻ" — (Asked of God / Heard of God) (1.ശമൂ.1:20) എന്നർത്ഥം. ജീവിതകാലം മുഴുവൻ ദൈവത്തിനായി വേർതിരിക്കപ്പെട്ട ഒരു മനുഷ്യനായിരുന്നു ശമൂവേൽ. പ്രാർത്ഥനയുടെ ശക്തിയെ ജീവിതത്തിലുടനീളം വരച്ചുകാണിക്കുന്ന ഒരു ഗ്രന്ഥമാണിത്.

യിസ്രായേലിന്റെ അവസാനത്തെ ന്യായാധിപനായ ശമൂവേലിന്റെ ജീവചരിത്രവും, ഒന്നാമത്തെ രാജാവായ ശൗലിന്റെ വാഴ്ചയും വീഴ്ചയും, യിസ്രായേലിന്റെ മഹാനായ ദാവീദുരാജാവിന്റെ തെരഞ്ഞെടുപ്പും പരിശീലനവും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഫെലിസ്ത്യമല്ലനായ ഗോല്യാത്തിന്റെ വധവും, കളത്രപ്രേമത്തെ വെല്ലുന്ന യോനാഥാനും ദാവീദും തമ്മിലുള്ള സ്നേഹവും ഇതിലെ പ്രധാനവിഷയങ്ങളാണ്.

ശൗലിന്റെ ഭരണസമയത്തു തന്നെ ദാവീദ് രാജാവായി അഭിഷേകം ചെയ്യപ്പെട്ടുവെങ്കിലും സിംഹാസനം ലഭിക്കുന്നത് വളരെ വർഷങ്ങൾക്കുശേഷവും വിവിധ കഷ്ടപ്പാടുകൾ ക്ഷമയോടെ സഹിച്ച ശേഷവുമാണ്. ദാവീദ് ക്രിസ്തുവിനു നിഴലായിരിക്കുന്നു.

**എഴുത്തുകാരൻ:**

യെഹൂദപാരമ്പര്യമനുസരിച്ച് എഴുത്തുകാരൻ ശമൂവേൽ ആണ്. എന്നാൽ 25:1 -ൽ ശമൂവേലിന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 25 മുതൽ 31 വരെയുള്ള അദ്ധ്യായങ്ങൾ നാഥാൻ പ്രവാചകനും, ദർശകനായ ഗാദും ചേർന്നെഴുതിയതായിരിക്കാം എന്നു കരുതപ്പെടുന്നു.

**എഴുതിയ കാലം** : 1060 — 1030 ബി.സി

**താക്കോൽ വാക്യങ്ങൾ**: 1.ശമൂ.8:7/ 1.ശമൂ.13:14/ 1.ശമൂ.15:22,23

**പ്രധാന അദ്ധ്യായം** : 1.ശമൂ.15

**മർമ്മ പദം** : പരിവർത്തനം —

ഈ പരിവർത്തനം ഏലിയിൽ നിന്നു ശമൂവേലിലേക്കും, ശമൂവേലിൽ നിന്നു ശൗലിലേക്കും, ശൗലിൽ നിന്നു ദാവീദിലേക്കും ഇങ്ങനെ മൂന്നു ഘട്ടങ്ങളായി സംഭവിക്കുന്നു.

**വിഷയം** : ശമൂവേലിന്റെയും ആദ്യരാജാവായ ശൗലിന്റെയും ചരിത്രം

## പ്രധാനവ്യക്തികൾ :

**(1) ശമൂവേൽ** — യിസ്രായേലിന്റെ പുരോഹിതൻ, പ്രവാചകൻ, ന്യായാധിപൻ

**(2) ഏലി** — യിസ്രായേലിന്റെ മഹാപുരോഹിതൻ

**(3) ശൗൽ** — യിസ്രായേലിന്റെ ഒന്നാമത്തെ രാജാവ്

**(4) യോനാഥാൻ** — ശൗലിന്റെ മകൻ — ദാവീദിന്റെ ആത്മസുഹൃത്ത്

**(5) ദാവീദ്** — യിസ്രായേലിന്റെ മഹാനായ രാജാവ്

## പുസ്തക വിഭജനം: (31 അദ്ധ്യായങ്ങൾ)

(1) 1—7 ശമൂവേലിന്റെ ന്യായപാലനകാലം

(2) 8—15 ശൗൽ രാജാവായി തിരഞ്ഞെടുക്കപ്പെടുന്നതും രാജവാഴ്ചയും

(3) 16—31 ദാവീദ് ദൈവഹിതപ്രകാരമുള്ള രാജാവ്

## പ്രധാനസംഭവങ്ങൾ :

(1) ശമൂവേലിന്റെ ജനനവും, ദൈവവിളിയും (1.ശമൂ.1)

(2) ഹന്നായുടെ പ്രവചനാത്മാവിലുള്ള പ്രാർത്ഥന (1.ശമൂ.2:1-10)

(3) ഏലിയുടെയും പുത്രന്മാരുടെയും മരണം (1.ശമൂ.4)

(4) ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്നു (1.ശമൂ.10)

(5) ശമൂവേലിന്റെ വിടവാങ്ങൽ സന്ദേശം (1.ശമൂ.12)

(6) ദാവീദും ഗോല്യാത്തും (1.ശമൂ.17)

(7) യോനാഥാനു ദാവീദിനോടുള്ള സ്നേഹം (1.ശമൂ.18)

(8) ശമൂവേലിന്റെ മരണം (1.ശമൂ.25)

(9) നന്ദിയില്ലാത്ത നാബാലും വിവേകവതിയായ അബീഗയിലും (1.ശമൂ.25)

(10) വെളിച്ചപ്പാടത്തിമൂലം ദാവീദിന്റെ മുമ്പിൽ ശമൂവേലിന്റെ പ്രത്യക്ഷത (1.ശമൂ.28)

(11) ശൗലിന്റെയും യോനാഥാന്റെയും മരണം (1.ശമൂ.31)

## ക്രിസ്തു 1. ശമൂവേലിൽ — നല്ല ന്യായാധിപൻ

(1) ക്രിസ്തു മഹാനായ ന്യായാധിപൻ (Great Judge — 1.ശമൂ.2:10)

(2) പ്രവാചകൻ, പുരോഹിതൻ, ന്യായാധിപൻ എന്നീ മൂന്നു നിലകളിൽ ശമൂവേൽ യേശുക്രിസ്തുവിന്റെ നിഴലായി കാണുന്നു.

(3) തനിക്കു ബോധിച്ച പുരുഷൻ (1.ശമൂ.13:14) എന്നു ദൈവം സാക്ഷ്യം പറഞ്ഞ ദാവീദ് വിവിധ നിലകളിൽ മശീഹയുടെ മുന്നോടിയായി ശോഭിക്കുന്നു. ക്രിസ്തു ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട രാജാവെങ്കിലും ഭൂമിയിലേക്കു വന്നപ്പോൾ നിരവധി കഷ്ടതകളും പീഡനങ്ങളും സഹിക്കേണ്ടി വന്നു. അഭിഷിക്തനായ രാജാവെന്നു മനസ്സിലാക്കാതെ മനുഷ്യർ തള്ളിക്കളഞ്ഞു. എന്നാൽ ക്ഷമയോടും സൗമ്യതയോടും സകലവും സഹിച്ച ക്രിസ്തു ജയാളിയായിത്തീർന്നു. രാജാധിരാജാവായി ഇനി ഭൂമിയിൽ വാഴും. പുതിയ നിയമത്തിൽ ക്രിസ്തുവിനെ ദാവീദ്പുത്രൻ എന്നും, ദാവീദിന്റെ വേരും വംശവും എന്നും നാമകരണം ചെയ്തിരിക്കുന്നു (റോമർ 1:5, വെളിപ്പാട് 22:16).

------------------------------------

# (10) 2.ശമൂവേൽ – 2. SAMUEL

ശൗലിനെ ഭയപ്പെട്ടു ഓടി ആദ്യം യെഹൂദയിലും പിന്നീട് ഫെലിസ്ത്യദേശത്തും ജീവിച്ച ദാവീദ്, ശൗലിന്റെ മരണശേഷം യെഹൂദയുടെയും തുടർന്നു സംയുക്ത യിസ്രായേലിന്റെയും രാജാവായി ഭരണം നടത്തുന്ന ചരിത്രമാണ് ശമൂവേലിന്റെ രണ്ടാം പുസ്തകം. ദാവീദ്രാജാവിന്റെ രാജ്യഭരണത്തെപ്പററി ഇതിൽ വിവരിച്ചിരിക്കുന്നു. ആദ്യം ഹെബ്രോനിൽ യെഹൂദെക്കു ഏഴര വർഷ ക്കാലവും പിന്നീട് യെരൂശലേമിൽ യെഹൂദെക്കും എല്ലാ യിസ്രായേൽ ഗോത്രത്തിനും മുപ്പത്തിമൂന്നു വർഷവും രാജാവായി വാണു (2.ശമൂ.5:5).

ദാവീദിന്റെ ഭരണകാലത്ത് യിസ്രായേൽ യുദ്ധങ്ങളിൽ വിജയിക്കുകയും, യെരുശലേം യിസായേലിന്റെ തലസ്ഥാനമാ വുകയും ചെയ്തു. ഈ പുസ്തകത്തിൽ ദാവീദിന്റെ വിജയങ്ങളോടൊപ്പം പരാജയങ്ങളും വിവരിക്കുന്നു. വ്യഭിചാരം, കുലപാതകം എന്നീ പാപങ്ങൾ സ്വന്തം കുടുംബത്തിന്റെയും, രാജ്യത്തിന്റെയും ജീവിതത്തെ സമാധാനമില്ലാത്തതാക്കിത്തീർത്തു. ദാവീദ് ഈ പുസ്തകത്തിന്റെ കേന്ദ്ര വിഷയമായിരിക്കുന്നു. ദാവീദിന്റെ ആരംഭനാളുകൾ, വിജയം, വീഴ്ച, അനുതാപം, ദൈവത്തിലും ദൈവീക ന്യായപ്രമാണത്തിലും അടിയുറച്ച ആശ്രയം ഒക്കെ ഇതിൽ കാണാം.

ആത്മീകമായി ചിന്തിച്ചാൽ ഈ പുസ്തകം സദൃ. 14:34, 28:13 —ന്റെ വിശദീകരണമായിരിക്കുന്നു.

സദൃ.14:34 — *"നീതി ജാതിയെ ഉയർത്തുന്നു; പാപമോ വംശങ്ങൾക്കു അപമാനം"*

സദൃ.28:13 — *"തന്റെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."*

കൂടാതെ ദൈവത്തിന്റെ വീണ്ടെടുപ്പിൻ സ്നേഹം, മാററമില്ലാത്ത വിശുദ്ധി, തന്റെ രാജാവിനെയും രാജ്യത്തെയും സംബന്ധിക്കുന്ന അനുഗ്രഹങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവ കാണാം.

ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ ദൈവഹിതപ്രകാരം ജീവിച്ച ദാവീദ് ക്രിസ്തുവിന്റെ നല്ല നിഴ ലായിരിക്കുന്നു. എന്നാൽ 11 മുതലുള്ള അദ്ധ്യായങ്ങളിൽ പാപത്തിന്റെ വഴിയിൽ സഞ്ചരിച്ച ദാവീദ് ക്രിസ്തുവിന്റെ നിഴലായി കാണപ്പെടുന്നതിൽ പരാജയപ്പെടുന്നു. ദാവീദിന്റെ മകനായ അബ്ശാലോം ലാവണ്യവാക്കുകളിലൂടെയും ഉപായപ്രവർത്തനങ്ങളിലൂടെയും യിസ്രായേല്യരുടെ ഹൃദയം വശീക രിച്ചു (2.ശമൂ.15:6) ദാവീദിനെതിരായി പ്രവർത്തിക്കുന്നു. എന്നാൽ അബ്ശാലോമിന്റെ ജീവിതം ദാരു ണവും വിചിത്രവുമായ മരണത്തിൽ കലാശിക്കുന്നു (2.ശമൂ.18). സ്നേഹനിധിയായ പിതാവിനെതിരായി തന്ത്രങ്ങൾ മെനഞ്ഞു ദാരുണ മരണത്തിനടിമപ്പെടുന്നു.

**എഴുത്തുകാരൻ** : ദാവീദിന്റെ സമകാലീനന്മാരായ ഗാദ്, നാഥാൻഎന്നീപ്രവാചകന്മാർഎഴുതിയെന്ന് 1.ദിന.24:29— അടിസ്ഥാനമാക്കി പറയപ്പെടുന്നു.

**എഴുതിയ കാലം** : ഏകദേശം ബി.സി. 1025– 1010

**താക്കോൽ വാക്ക്** : ദാവീദ്

**മുഖ്യ അദ്ധ്യായം** : 2.ശമൂ.11 **താക്കോൽ വാക്യങ്ങൾ** : 2.ശമൂ.5:12/2.ശമൂ.7:12,13 /2.ശമൂ.22:21

**വിഷയം** : ദാവീദിന്റെ ഭരണം — പാപം, ക്ഷമ, യഥാസ്ഥാനപ്പെടൽ.

**പ്രധാനവ്യക്തികൾ** :

**(1) ദാവീദ്** — യിസ്രായേലിന്റെ മഹാനായ രാജാവ്

**(2) യോവാബ്** — ദാവീദിന്റെ സൈന്യത്തിന്റെ സേനാധിപതി

**(3) നാഥാൻ പ്രവാചകൻ** — പ്രവാചകനും ദാവീദിന്റെ ഉപദേഷ്ടാവും

**(4) ബേത്ത് - ശേബാ** — ദാവീദുമായി വ്യഭിചാരത്തിൽ ഏർപ്പെട്ടവൾ — യിസ്രായേലിന്റെ രാജ്ഞി, ശലോമോൻ രാജാവിന്റെ മാതാവ്, യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടവൾ (2.ശമൂ.11:1–27; 2.ശമൂ.12:24/ മത്താ.1:6)

**(5) അബ്ശാലോം** — ദാവീദിന്റെ മകൻ (2.ശമൂ.3:3/2.ശമൂ.13:1–19:10).

**പുസ്തക വിഭജനം**: (24 അദ്ധ്യായങ്ങൾ)

(1) 1—10 ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രാജാവായ ദാവീദിലൂടെ ദൈവികഭരണം

(2) 11 —18. ദാവീദിന്റെ പാപങ്ങളും ദൈവത്തിന്റെ ക്ഷമയും

(3) 19 —24 ദൈവം ദാവീദിനെ യഥാസ്ഥാനപ്പെടുത്തുന്നു.

**പ്രധാനസംഭവങ്ങൾ** :

(1) ഹെബ്രോനിൽ ദാവീദ്, രാജാവായി അഭിഷേകം ചെയ്യപ്പെടുന്നു (2.ശമൂ.2:1-7)

(2) ദാവീദ് തന്റെ നഗരമായ സീയോൻ കോട്ട (യെരുശെലേം) യെബൂസ്യരിൽ നിന്നു പിടിച്ചെടുക്കുന്നു (2.ശമൂ.5:6-10)

(3) പെട്ടകം യെരൂശലേമിലേക്കു കൊണ്ടു വരുന്നു (2.ശമൂ.6)

(4) ദൈവാലയം പണിയുവാൻ ദാവീദ് ആഗ്രഹിക്കുന്നു (2.ശമൂ.7)

(5) ദാവീദ് യോനാഥാന്റെ നിമിത്തം മെഫീബോശെത്തിനോടു ദയ കാണിക്കുന്നു (2.ശമൂ.9)

(5) ദാവീദിന്റെ പാപം (2.ശമൂ.11)

(6) ദാവീദിന്റെ മകനായ അബ്ശാലോം കൊല്ലപ്പെടുന്നു(2.ശമൂ.18)

(7) ദാവീദിന്റെ അന്ത്യമൊഴികൾ (2.ശമൂ.23)

(8) ദാവീദ് യിസ്രായേൽ ജനത്തെ എണ്ണിയതിനാൽ ദൈവത്താടു പാപം ചെയ്തു (2.ശമൂ.24).

## പ്രത്യേകത —

ദാവീദിന്റെ നാല്പതര വർഷത്തെ ഭരണചരിത്രമാണ് 2. ശമൂവേലിലുള്ളത് (യെഹൂദെക്കു ഏഴര വർഷവും യെരൂശലേമിൽ യെഹൂദെക്കും എല്ലാ യിസ്രായേൽ ഗോത്രത്തിനും മുപ്പത്തിമൂന്നു വർഷവും).

## 2.ശമൂവേലിൽ ക്രിസ്തു — നല്ല ന്യായാധിപൻ

(1) ക്രിസ്തുവിന്റെ ഒരു നല്ല പ്രതിച്ഛായയായി ദാവീദിനെ കാണുന്നു. ദാവീദിന്റെ പുത്രൻ (മത്തായി 21:9, മത്തായി 22:44), ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്നവൻ (2. ശമൂ.5:3 / യെശ. 9:7 / ലൂക്കോ 1:32,33). ദാവീദിനു ദൈവം എന്നേക്കും ഒരു സിംഹാസനം വാഗ്ദത്തം ചെയ്തു. തന്റെ സന്തതി അതിൽ ഇരിക്കും എന്ന വാഗ്ദത്തം യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു.

(2) യിസ്രായേലിന്റെ ദൈവമായ യഹോവ - Lord God of Israel - (2.ശമൂ.8:15,26)

(3) യോനാഥാന്റെ മകനായ മെഫീബോശെത്തിനോടു ദാവീദ് ദയ കാണിക്കുന്നു.യോനാഥാൻ നിമിത്തം ദയ കാണിക്കേണ്ടതിനു എന്നു 2.ശമൂ.9:1 -ൽ പറഞ്ഞിരിക്കുന്നു. രണ്ടു കാലും മുടന്തനായിട്ടു ആരും അറിയാതെ കിടന്ന മെഫിബോശെത്ത് ഇതാ നിത്യം രാജാവിനോടൊപ്പം പന്തിഭോജനത്തിൽ ആയിരിക്കുന്നു. ദൈവവുമായി യാതൊരു ബന്ധവും ഇല്ലാതെ, ബലഹീനരായി, ദൂരെ കിടന്ന നമ്മെയും യേശുക്രിസ്തു മൂലം ദയ കാണിച്ചു സന്തോഷഭവനത്തിൽ ആക്കിയിരിക്കുകയാണ്. (എഫെ.2:13/ 1.പത്രൊ.2:10/റോമ.5:6,10/എഫെ.4:32),

(4) നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു. (2.ശമൂ.22:36). യേശുക്രിസ്തുവിന്റെ സൗമ്യതയെ പ്രദർശിപ്പിക്കുന്നു. (യെശ.53:7/മത്താ.26:62/സങ്കീ.18:35/സങ്കീ.38:13).

---

# (11) 1.രാജാക്കന്മാർ — I. KINGS

രാജാക്കന്മാരുടെ ഒന്നും രണ്ടും പുസ്തകങ്ങൾ യഹൂദാരാജാക്കന്മാരുടെ ചരിത്രത്തെ വിശദീകരിക്കുന്നു. മൂലഭാഷയിൽ ഇവ ഒറ്റ പുസ്തകമായിരുന്നു. എന്നാൽ ഗ്രീക്കിലേക്കു പരിഭാഷപ്പെടുത്തിയവരാണ് ഇതിനെ വെവ്വേറെ പുസ്തകങ്ങളായി ക്രോഡീകരിച്ചത്. വിഷയക്രമത്തെ അനുസരിച്ചല്ല എന്നാൽ രണ്ടു ചുരുളുകൾ എന്ന നിലയിലാകാം ഇതിനെ വെവ്വേറെ ക്രമപ്പെടുത്തിയത്.

ശലോമോൻ രാജാവിന്റെ രാജ്യഭരണം, പ്രവർത്തനങ്ങൾ, വിജയങ്ങൾ, പതനം എന്നിവയുടെ ഒരു പ്രദർശനമാണീ പുസ്തകം. ഒന്നു രാജാക്കന്മാരിൽ വിവരണം ആരംഭിക്കുമ്പോൾ (1.രാജാ.1-11) രാഷ്ട്രം ഒന്നായിരുന്നു. എന്നാൽ ശലോമോന്റെ മരണശേഷം സംയുക്തയിസ്രായേൽ രാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടു (1.രാജാ.12- 22). വടക്കുള്ള 10 ഗോത്രങ്ങൾ യിസ്രായേൽ എന്ന പേരിലും തെക്കുള്ള 2 ഗോത്രങ്ങൾ യെഹൂദാ എന്ന പേരിലും അറിയപ്പെട്ടു. ഏറെ ജ്ഞാനവും, ധനവും, കീർത്തിയും, ദൈവാശ്രയവും ഉണ്ടായിരുന്നുവെങ്കിലും ശലോമോൻ തന്റെ ജീവിതാന്ത്യത്തിൽ യഹോവെക്കു അനിഷ്ടമായതു പലതും ചെയ്തു. ശലോമോനു ആയിരത്തിൽപരം ഭാര്യമാരുണ്ടായിരുന്നു. അവർ അവന്റെ ഹൃദയം വശീകരിച്ചു കളയുവാനിടയായി. അന്യജാതിക്കാരത്തികളായ ഭാര്യമാർ നിമിത്തം വിഗ്രഹാരാധനയിലേക്കും ചെന്നെത്തി. *"അവന്റെ ഹൃദയം തന്റെ അപ്പനായ ദാവീദിന്റെ ഹൃദയംപോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല."* എന്നു ശലോമോനെക്കുറിച്ചു പറഞ്ഞിരിക്കുന്നു (1.രാജാ.11:3,4).

1. രാജാക്കന്മാർ. 17-ാം അദ്ധ്യായത്തിൽ ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവ എന്ന പ്രസ്താവനയോടെ ദൈവത്തിന്റെ പ്രവാചകനായ ഏലീയാവ് കടന്നുവരുന്നു. 1.രാജാ.21 - ൽ നിഷ്കളങ്കനായ നാബോത്തിനെയും, ദുഷ്ടനായ ആഹാബ്രാജാവിനെയും കാണാം. 1.രാജാ.22- ൽ ആഹാബിന്മേലുള്ള ദൈവീകന്യായവിധി വിവരിച്ചിരിക്കുന്നു.

ശലോമോന്റെ ജ്ഞാനം അതിവിശിഷ്ടമായിരുന്നു. ജ്ഞാനികളുടെ ജ്ഞാനി എന്നു പേരു ലഭിക്കുവാനിടയായ ശലോമോൻ ജ്ഞാനത്തിന്റെ കാര്യത്തിൽ ക്രിസ്തുവിന്റെ നിഴലാണ് (1.രാജാ.4:29 -34/ കൊലൊ.2:3).

**എഴുത്തുകാരൻ** : എഴുത്തുകാരൻ ആരെന്നു വ്യക്തമല്ലെങ്കിലും യിരെമ്യാപ്രവാചകൻ എന്നു പറയപ്പെടുന്നു

**എഴുതിയ കാലം** : ബി.സി. 630—600

**താക്കോൽ വാക്ക്** : വിഭജനം

**താക്കോൽ വാക്യങ്ങൾ**: 1.രാജാ.9:4,5 / 1.രാജാ.11:11

**കേന്ദ്ര അദ്ധ്യായം** : 1.രാജാ.12

**വിഷയം** : യഹൂദാ യിസ്രായേൽ രാജാക്കന്മാരുടെ ഭരണം

**പ്രധാനവ്യക്തികൾ** :

**(1) ദാവീദ്** (David) — യിസ്രായേലിന്റെ രാജാവ് (1.രാജാ.1,2)

**(2) ശലോമോൻ** (Solomon) —

ദാവീദിന്റെയും ബത്ത്-ശേബയുടെയും മകൻ —യിസ്രായേലിന്റെ മൂന്നാമത്തെ രാജാവ് - ഭൂമിയിൽ ഏറ്റവും ജ്ഞാനമുള്ളവനായി ദൈവം അനുഗ്രഹിച്ചവൻ - ദൈവാലയം പണിഞ്ഞവൻ.

**(3) ശേബാരാജ്ഞി** (Queen of Sheba) —

ശലോമോന്റെ കീർത്തി കേട്ടു കടമൊഴികളാൽ (വമൃറ ൂൗലശേീി) പരീക്ഷിക്കുന്നതിനായി യെരൂശലേമിലേക്കു വന്നവൾ (1.രാജാ.10)

**(4) രെഹെബെയാം** (Rehoboam) —

ശലോമോന്റെ മകൻ - തന്റെ ദുഷ്പ്രവൃത്തികളാൽ യിസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടു - തെക്ക് യഹൂദയുടെ രാജാവായി (1.രാജാ.11:43 -14:31)

**(6) യൊരോബെയാം** (Jeroboam) —

വടക്ക് യിസ്രായേലിന്റെ ദുഷ്ടരാജാവ് —വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിച്ചു -ലേവ്യരല്ലാത്ത പുരോഹിതന്മാരെ നിയമിച്ചു (1.രാജാ.12:25-14:20)

**(7) ഏലീയാവ്** (Elijah) —

യിസ്രായേലിന്റെ പ്രവാചകൻ - മരണം കൂടാതെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടവൻ (1.രാജാ.17 മുതൽ).

## പുസ്തക വിഭജനം: (22 അദ്ധ്യായങ്ങൾ)

(1) 1 —11 — സംയുക്ത യിസ്രായേൽരാഷ്ട്രം ദാവീദിന്റെ മരണം,
ശലോമോന്റെ ഉയർച്ച മുതൽ മരണംവരെ

(2) 12 —22 — വിഭജിത രാഷ്ട്രം — വടക്ക് യിസ്രായേലും, തെക്ക് യഹൂദയും.

## യിസ്രായേലിലെയും യഹൂദയിലെയും രാജാക്കന്മാർ —

**സംയുക്ത യിസ്രായേൽ** — UNITED KINGDOM —

(1) ശൗൽ — (Saul) — 1.ശമൂ.9:1-31:13 / 1.ദിന.10:1-14

(2) ദാവീദ് — (David) — 2.ശമൂ.1:1-24:25/ 1.രാജാ.1:1-2:11/1.ദിന.11:1-29:30

(3) ശലോമോൻ— (Solomon)— 1.രാജാ.2:12-11:43/2.ദിന.1:1-9:31

## വിഭജിതരാഷ്ട്രം - വടക്ക് - യിസ്രായേൽ —(Northern Kingdom - Israel)—

(1) യൊരോബെയാം — (Jeroboam - I) —1.രാജാ.12:25-14:20

(2) നാദാബ് — ( Nadab) — 1.രാജാ.15:25-31

(3) ബയെശാ — (Baasha)— 1.രാജാ.15:32-16:7

(4) ഏലാ — (Elah) — 1.രാജാ.16:8-14

(5) സിമ്രി — (Zimri) — 1.രാജാ.16:15-20

(6) ഒമ്രി — (Omri) — 1.രാജാ.16:21-28

(7) ആഹാബ് — (Ahab) — 1.രാജാ.16:29-22:40

(8) അഹസ്യാവു — (Ahaziah)— 1.രാജാ.22:51-53/2.രാജാ.1:1 -18

(9) യെഹോരാം — (Jehoram -- Joram) — 2.രാജാ.3:1-8:15

(10) യേഹൂ — (Jehu) — 2.രാജാ.9:1-10:36

(11) യെഹോവാഹാസ് — (Jehoahaz) — 2.രാജാ.13:1-9

(12) യോവാശ് — (Jehoash) — 2.രാജാ.13:10-25

(13) യൊരോബെയാം — (Jeroboam - II) — 2.രാജാ.14:23-29

(14) സെഖര്യാവു — (zechariah) — 2.രാജാ.15:8-12

(15) ശല്ലൂം — (Shallum)— 2.രാജാ.15:13-15

(16) മെനഹേം — (Menahem) — 2.രാജാ.15:16-22

(17) പെക്കഹ്യാവു — (Pekahiah) — 2.രാജാ.15:23-26

(18) പേക്കഹ് — (Pekah) — 2.രാജാ.15:27-31

(19) ഹോശേയാ — (Hoshea) — 2.രാജാ.17:1-41

**വിഭജിതരാഷ്ട്രം - തെക്ക് - യഹൂദാ** — (Southern Kingdom - Judah) —

(1) രെഹബെയാം—(Rehoboam) -1.രാജാ.12:1-14:31/2.ദിന.10:1-12:16

(2) അബീയാം/അബീയാവു— (Abijam/Abijah) —1.രാജാ.15:1-8/2.ദിന.13:1-22

(3) ആസാ — (Asa) — 1.രാജാ.15:9-24/2.ദിന.14:1-16:14

(4) യഹോശാഫാത്ത് —(Jehoshaphat) — 1.രാജാ.22:41-50/ 2.ദിന.17:1-20:37

(5) യോരാം/ യെഹോരാം—(Joram/ Jehoram) —2.രാജാ.8:16-24/ 2.ദിന.21:1-20

(6) അഹസ്യാവു — (Ahaziah) — 2.രാജാ.8:25-29/2.ദിന.22:1-9

(7) അഥല്യാ (രാജ്ഞി)— (Athaliah) —2.രാജാ.11:1-16/2.ദിന.22:10-23:21

(8) യെഹോവാശ്/യോവാശ്— (Jehoash /Joash) — 2.രാജാ.11:17-12:21/ 2.ദിന.23:1-24:27

(9) അമസ്യാവു — (Amaziah) -2.രാജാ.14:1-22/2.ദിന.25:1-28

(10) അസര്യാവു/ഉസ്സീയാവു - (Azariah / Uzziah) — 2.രാജാ.15:1-7/2.ദിന.26:1-23

(11) യോഥാം — (Jotham) —2.രാജാ.15:32-38/2.ദിന.27:1-9

(12) ആഹാസ് — (Ahaz) —2.രാജാ.16:1-20/2.ദിന.28:1-27

(13) ഹിസ്കീയാവു/യെഹിസ്കീയാവു-(Hezekiah) — 2.രാജാ.18:1-20:21/2.ദിന.29:1-32:33

(14) മനശ്ശെ — (Manasseh) -2.രാജാ.21:1-18/2.ദിന.33:1-20

(15) ആമോൻ — (Amon) — 2.രാജാ.21:19-26/2.ദിന.33:21-25

(16) യോശീയാവു — (Josah) —2.രാജാ.22:1-23:30/2.ദിന.34:1-35:27

(17) യെഹോവാഹാസ്—(Jehoahaz) —2.രാജാ.23:31-33/2.ദിന.36:1-4

(18) യെഹോയാക്കീം—(Jehoiakim) —2.രാജാ.23:34-24:7/2.ദിന.36:5-8

(19) യെഹോയാഖീൻ —(Jehoiachin) —2.രാജാ.24:8-16/2.ദിന.36:9,10

(20) സിദെക്കീയാവു — (Zedekiah) —2.രാജാ.24:18-25:21/2.ദിന.36:11-21

## പ്രധാന സംഭവങ്ങൾ :

(1) ശലോമോൻ രാജാവായി അഭിഷേകം ചെയ്യപ്പെടുന്നു 1.രാജാ.1:32-53)

(2) ദാവീദിന്റെ മരണം (1.രാജാ.2:1-11)

(3) ശലോമോനു ദൈവത്തിൽ നിന്നു വരം ലഭിക്കുന്നു (1.രാജാ.3:4-15)

(4) ശലോമോന്റെ ദൈവാലയപണിയും പ്രതിഷ്ഠയും (1.രാജാ.5-8)

(5) ദൈവാലയം പ്രതിഷ്ഠിച്ചുകൊണ്ടുള്ള ശലോമോന്റെ പ്രാർത്ഥന (1.രാജാ.8:12-54)

(6) ശലോമോനു ദൈവം നൽകിയ പ്രമാണങ്ങൾ (1.രാജാ.9:4-7)

(7) ശലോമോന്റെ വീഴ്ചകൾ (1.രാജാ.11:1-6)

(8)സംയുക്തരാഷ്ട്രമായ യിസ്രായേൽ വിഭജിക്കപ്പെടുന്നു(1.രാജാ.12)

(9) യിസ്രായേലിന്റെ വിഗ്രഹാരാധന (1.രാജാ.12:25-33)

(10) ഏലിയാവിന്റെ ശുശ്രൂഷകൾ (1.രാജാ.17-19)— കെരീത്തിൽ, സാരെഫാത്തിൽ, കർമ്മേലിൽ

(11) ഏലീശയുടെ വിളി (1.രാജാ.19:19-21).

## ശ്രദ്ധേയവിഷയം :

# പൂജാഗിരികൾ – (HIGH PLACES)

പൂജ അഥവാ ആരാധന അർപ്പിക്കുന്ന ഗിരിയാണ് പൂജാഗിരി ( High Place). ആരാധനയ്ക്കായി ഉപയോഗിച്ച ഉയർന്ന പർവ്വതപ്രദേശങ്ങളായിരുന്നു പൂജാഗിരികൾ. പുരാതന കാലങ്ങളിൽ ബലിപീഠങ്ങൾ ഉയർന്ന സ്ഥാനങ്ങളിൽ സ്ഥാപിക്കുക സാധാരണയായിരുന്നു (ഉല്പ.12:7,8/22:2-4/31:54).

യാഗപീഠം എന്ന വാക്കിനു എബ്രായഭാഷയിൽ മിസ്ബീച്ച് എന്നു പറയുന്നു ( mizbeach = slaughter place). ഇതിനർത്ഥം കൊലചെയ്യുക, കശാപ്പു ചെയ്യുക എന്നാണ്. ലാറ്റിൻ ഭാഷയിൽ അൾട്ടാ എന്നു പറയുന്നു. ഈ വാക്കിനർത്ഥം ഉയർന്ന എന്നാണ് (alta = high). ഈ വാക്കുകളിലൂടെ വെളിപ്പെടുന്ന അർത്ഥം ഉയർന്നസ്ഥലത്തു നടക്കുന്ന യാഗം അഥവാ കൊല എന്നാണ് (Altar is a high place for sacrifice / slaughter).

എന്നാൽ സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിലുള്ള യാഗപീഠം തറയിലാണ് വച്ചിരുന്നത്. ജാതികൾ അവരുടെ ദേവന്മാരെ ആരാധിക്കുന്നവേളകളിൽ അവരുടെ ദേവന്മാർ ഏറ്റവും ഉന്നതരെന്നു കാണിക്കുവാൻ അവരുടെ ബലിപീഠങ്ങൾ ഉയർന്ന സ്ഥലങ്ങളിൽ പണിതിരുന്നു. ഇവയാണ് പൂജാഗിരികൾ എന്നറിയപ്പെട്ടത് (2.രാജാ.18:14).

ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ ജാതികളിൽ നിന്നു വ്യത്യസ്തമായി സമാഗമനകൂടാരത്തിലെ യാഗപീഠം തറയിൽ തന്നെ വെക്കണമെന്നായിരുന്നു ദൈവത്തിന്റെ കല്പന. ജാതികളെപ്പോലെ യാഗപീഠത്തിനു ചുറ്റും വൃക്ഷങ്ങളോ, അലങ്കാരമോ, പടികളോ പാടില്ലായിരുന്നു (ആവ.12:1-4/ആവ.16:21 /പുറ.20:26). എങ്കിലും പൂജാഗിരികളിലുള്ള യാഗങ്ങൾ രാജാക്കന്മാരുടെ കാലങ്ങളിൽ നടന്നിരുന്നു (2.രാജാ.15:4). യഹോവാഭക്തന്മാരായ രാജാക്കന്മാരുടെ ഭരണകാലത്ത് വെള്ളിയും പൊന്നും ഉൾപ്പെടെയുള്ള സകല വിഗ്രഹങ്ങളെയും നശിപ്പിച്ചിരുന്നു. രാജാക്കന്മാർ, ദിനവൃത്താന്തം എന്നീ പുസ്തകങ്ങളിൽ ആവർത്തിച്ചു വരുന്ന പ്രയോഗമാണ് — എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല എന്നത് (1.രാജാ.22:43/2.രാജാ.12:3/14:4/15:4/15:35/2.ദിന.15:17). അതായത് വിഗ്രഹാരാധ സമ്പൂർണ്ണമായി നീക്കം ചെയ്യുവാൻ അവർക്കു സാധിച്ചില്ല.

എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല എന്നുള്ള പ്രസ്താവന വിശ്വാസിയുടെ ആത്മീകമായ കാര്യത്തോടും ബന്ധപ്പെടുത്താം. അതായത് വിശ്വാസജീവിതത്തിൽ വേർപെട്ടവരായി ജീവിക്കുന്നുവെങ്കിലും പലരുടെയും പുറമേയുള്ള കാര്യങ്ങൾക്കു മാത്രമേ നീക്കം വന്നിട്ടുള്ളു. ആന്തരിക പാപങ്ങൾ, മുറുകെപ്പറ്റുന്ന പാപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആഡംബരം എന്നിവ വേരോടെ പിഴുതുമാറ്റാത്ത അവസ്ഥയെയും ഇതു വെളിപ്പെടുത്തുന്നു.

## ക്രിസ്തു—1. രാജാക്കന്മാരിൽ — ക്രിസ്തു രാജാവ്

(1) ശലോമോൻ രാജാവ് ക്രിസ്തുവിന്റെ ഒരു നല്ല സാദൃശ്യമായിരിക്കുന്നു. ജ്ഞാനികളുടെ ജ്ഞാനിയായ ശലേമോന്റെ ജ്ഞാനം, വിവേകം, കീർത്തി, മഹത്വം, ധനം, പദവി ഒക്കെ ക്രിസ്തുവിന്റെ ശ്രേഷ്ടതയെയും, രാജത്വത്തെയും കുറിക്കുന്നു (കൊലൊ.2:3/1.കൊരി.1:30/2.തെസ്സ.2:14).

(2) ക്രിസ്തു ശലോമോനിലും വലിയവൻ (1.രാജാ.9:4,5 —-ലൂക്കൊ.11:31/മത്താ.12:42)

(3) ഏലിയാ പ്രവാചകനെ കെരീത്ത് തോട്ടിലും പിന്നീട് സാരെഫാത്തിലെ വിധവയുടെ അടുക്കലേക്കും ദൈവം അയച്ചു (1.രാജാ.17). സാരെഫാത്തിലെ വിധവയുടെ അടുക്കലേക്കു അയച്ച കാര്യം, ലൂക്കൊ.4:25,26-ൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നു.

(4) ശലോമോന്റെ ദൈവാലയം ക്രിസ്തുവിന്റെ ചിത്രമാണ് (1.രാജാ.8:27-30).

------------------------------------

# (12) 2.രാജാക്കന്മാർ — II. KINGS

ദൈവജനമായ യിസ്രായേലിന്റെ അന്ധകാരയുഗത്തെ 2.രാജാക്കന്മാർ എന്ന പുസ്തകം വിവരിക്കുന്നു. അടിമത്വത്തിന്റെയും ചിതറിപ്പോകുന്നതിന്റെയും ചരിത്രമാണിതിലുള്ളത്. ദൈവജനം ദൈവത്തെയും, ദൈവീകപ്രമാണങ്ങളെയും മറന്ന് വിഗ്രഹാരാധനയിലേക്കു വഴുതിപ്പോകുന്നു. ഇതിന്റെ ഫലമായി ദൈവം അവരിലേക്കു ന്യായവിധി അയച്ചു. യിസ്രായേൽ രാഷ്ട്രത്തിൽ 19 ദുഷ്ടരാജാക്കന്മാരുടെ ഭരണശേഷം അസ്സീറിയൻ അടിമത്വത്തിൽ ചെന്നെത്തുന്നു. ദൈവവഴിയിലും ദൈവഹിത പ്രകാരവും നടന്ന ചുരുക്കം രാജാക്കന്മാർ ചില സമയങ്ങളിൽ വാഴ്ച നടത്തിയപ്പോൾ പൂജാഗിരികളും, പ്രതിഷ്ഠകളും, വിഗ്രഹങ്ങളും നീക്കം ചെയ്തു ശുദ്ധീകരിക്കുന്നതായി കാണുന്നു.

പാപത്തിലും, അധർമ്മത്തിലും, വിഗ്രഹാരാധനയിലും മുഴുകിയ രാജാവും രാജ്യനിവാസികളും തടവുകാരായി ബാബിലോണിൽ ചെന്നെത്തുന്നു. ഇത് വിഭജിക്കപ്പെട്ട രാജ്യത്തിന്റെ ചരിത്രമാണ്. 1.രാജാക്കന്മാരിൽ, യിസ്രായേൽ രാജത്വം വിഭജിക്കപ്പെടുന്നു. 2.രാജാക്കന്മാരിൽ,യിസ്രായേൽ അടിമത്വത്തി ലേക്കു പോകുന്നു. ഒരിക്കൽ ഏകരാഷ്ട്രമായിരുന്ന യിസ്രായേൽ യെഹൂദയെന്നും, യിസ്രായേൽ എന്നും രണ്ടായി വിഭജിക്കപ്പെട്ടതായ പശ്ചാത്തലത്തിലാണ് ഈ പുസ്തകം ആരംഭിക്കുന്നത്.

യിസ്രായേലിന്റെയും യഹൂദയുടെയും രാജവാഴ്ചയുടെ കാലത്തു ജനങ്ങളെ ദൈവത്തിലേക്കു തിരിക്കുവാൻ അനേക പ്രവാചകന്മാരെ ദൈവം എഴുന്നേൽപ്പിച്ചു. യിസ്രായേൽ രാജ്യത്തിൽ ഏലിയാവ്, എലീശാ, ആമോസ്, ഹോശേയാ തുടങ്ങിയ പ്രവാചകന്മാരും, യെഹൂദായിൽ യെശയ്യാവ്, യിരെമ്യാവ്, യോവേൽ, മീഖ, നഹൂം തുടങ്ങിയ പ്രവാചകന്മാരും ശക്തമായ ഭാഷയിൽ അവർക്കു പ്രബോധനങ്ങൾ നൽകി. ഏലിയാവും എലീശയും ഈ ഇരുളടഞ്ഞ കാലത്തിൽ ദൈവത്തിന്റെ രണ്ടു വലിയ ദീപങ്ങളായി ശോഭിച്ചു. ഇക്കാലങ്ങളിൽ ആഹാബും, ഈസേബെലും ദൈവമക്കളെ അതികഠിനമായി പീഡിപ്പിച്ചു. പ്രവാചകന്മാരിലൂടെയും മററും ദൈവം ന്യായവിധിയുടെ കാര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തി നിരന്തരമായി മുന്നറിയിപ്പു നൽകിയിട്ടും കൂട്ടാക്കാഞ്ഞതിനാൽ ദൈവം അവരെ ശിക്ഷിച്ചു.

ദൈവത്തോടു മത്സരിക്കുകയും, യാതൊരു അനുതാപവുമില്ലാതെ, പാപത്തിൽ തന്നെ തുടരുന്ന രാഷ്ട്രത്തിനും, അതിലെ വ്യക്തികൾക്കും 2.രാജാക്കന്മാരുടെ പുസ്തകം ഒരു അപകട മുന്നറിയിപ്പായിരിക്കുന്നു. അതേസമയം ദൈവശബ്ദം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കു കരുണ ലഭിക്കും എന്നത് ഇതിലൂടെ കാണാം.

*“നീതി ജാതിയെ ഉയർത്തുന്നു; പാപമോ വംശങ്ങൾക്കു അപമാനം”* (സദൃ.14:34), ‘

*‘തന്റെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റു പറഞ്ഞുപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും”* (സദൃ.28:13) എന്ന സദൃശവാക്യങ്ങൾ ഈ രാഷ്ട്രത്തെ സംബന്ധിച്ചു ഏറ്റവും യോജിക്കുന്നു.

*“യിസ്രായേൽമക്കൾ തങ്ങളുടെ ദൈവമായ യഹോവെക്കു വിരോധമായി കൊള്ളരുതാത്ത കാര്യങ്ങളെ രഹസ്യമായി ചെയ്തു കാവല്ക്കാരുടെ ഗോപുരം മുതൽ ഉറപ്പുള്ള പട്ടണം വരെ തങ്ങളുടെ എല്ലാ പട്ടണങ്ങളിലും പൂജാഗിരികൾ പണിതു”* (2.രാജാ.17:9) എന്ന വാക്യം അവരുടെ ആത്മികാധഃപതനത്തിന്റെ യഥാർത്ഥ ചിത്രമാണ്.

**എഴുത്തുകാരൻ** : യഹൂദാ പാരമ്പര്യപ്രകാരം യിരെമ്യാ പ്രവാചകൻ എന്നു പറയപ്പെടുന്നു.

**എഴുതിയ കാലം** : എകദേശം ബി.സി. 580

**താക്കോൽ വാക്ക്.** : അടിമത്തം

**പ്രധാന അദ്ധ്യായം** : 2.രാജാ.25

**പ്രധാനവാക്യങ്ങൾ** : 2.രാജാ.17:13,14/2.രാജാ.17:22,23/2.രാജാ.23:27

**വിഷയം** : യഹൂദാ യിസ്രായേൽ ഭരണം വിഗ്രഹാരാധനയിലേക്ക്

**പ്രധാനവ്യക്തികൾ :**

**(1) ഏലീയാവ്** (Elijah) — യിസ്രായേലിന്റെ പ്രവാചകൻ - മരണം കൂടാതെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടവൻ

**(2) എലീശ** ( Elisha) — ഏലീയാവിന്റെ പിൻഗാമി - പ്രവാചകൻ

**(3) ശൂനേംകാരി സ്ത്രീ** ( The woman of Shunem) — എലീശെക്കു താമസിക്കുവാൻ മാളികമുറിയിൽ സൗകര്യം ഒരുക്കി കൊടുത്തവൾ (2.രാജാ.4:8-37/2.രാജാ.8:1-6)

**(4) നയമാൻ** ( Naaman) — അരാം രാജാവിന്റെ സേനാപതി —എലീശയാൽ കുഷ്ഠം മാറിയവൻ (2.രാജാ.5:1-27)

**(5) ഈസേബെൽ** (Jezbel) —യിസ്രായേലിലെ ദുഷ്ടയായ രാജ്ഞി — കൊല്ലപ്പെടുകയും നായ്ക്കൾ അവളുടെ ശരീരം ഭക്ഷിക്കുകയും ചെയ്തു (2.രാജാ.9:7-37)

**(6) യേഹൂ** (Jehu) —യിസ്രായേലിന്റെ രാജാവ് —ആഹാബിന്റെ കുടുംബത്തെ ശിക്ഷിക്കുവാൻ ദൈവം ഉപയോഗിച്ചവൻ (2.രാജാ.9,10)

**(7) യോവാശ്** (Joash) — യെഹൂദയുടെ രാജാവ് (2.രാജാ.11,12)

**(8) ഹിസ്കീയാവ്** (Hezekiah) — ദൈവവഴിയിൽ നടന്ന യെഹൂദയുടെ പതിമൂന്നാമത്തെ രാജാവ് (2.രാജാ.18:1-20:21)

**പുസ്തക വിഭജനം:** (25 അദ്ധ്യായങ്ങൾ)

(1) 1 —17 വിഭജനത്തിലൂടെ രൂപം കൊണ്ട രണ്ടു രാജ്യങ്ങളുടെ ചരിത്രം
(2) 18 —25 അസ്സീറിയൻ ആക്രമണം കഴിഞ്ഞ് ശേഷിച്ച യഹൂദയുടെ ചരിത്രം

**പ്രധാനസംഭവങ്ങൾ :**

(1) ഏലിയാവിന്റെ സ്വർഗ്ഗാരോഹണം (2.രാജാ.2)

(2) വിധവയുടെ ഭരണിയിലെ എണ്ണ വർദ്ധിപ്പിക്കുന്നു (2.രാജാ.4:1-7)

(2) ശൂനേംകാരത്തിക്കു ലഭിച്ച പ്രതിഫലം (2.രാജാ.4:8-37)

(3) പായസത്തിലെ വിഷം നിർവീര്യമാക്കുന്നു (2.രാജാ.4:38-44)

(4) നയമാന്റെ കുഷ്ഠശുദ്ധീകരണം (2.രാജാ.5:1-19)

(5) ഏലീശയുടെ ബാല്യക്കാരനായ ഗേഹസി കുഷ്ഠരോഗിയായിത്തീരുന്നു (2.രാജാ.5:20-27)

(6) എലീശയുടെ മരണം - കല്ലറയിൽ അത്ഭുതം — (2.രാജാ.13:20,21)

(7) ഹിസ്കീയാവിന്റെ രോഗസൗഖ്യവും ആയുസ്സു വർദ്ധനവും (2.രാജാ.20:1-19)

(8) യെഹൂദാ —— ബാബേൽ പ്രവാസത്തിലേക്ക് (2.രാജാ.24)

(9) യെരൂശെലേമിന്റെ പതനം (2.രാജാ.25).

**ശ്രദ്ധേയവിഷയം :**

## നെഹുഷ്ഠാൻ — (2.രാജാ.18:3-5)

യെഹൂദാരാജാവായ ഹിസ്കീയാവ് തന്റെ പൂർവ്വപിതാവായ ദാവീദിനെപ്പോലെ യഹോവെക്കു പ്രസാദമുള്ള കാര്യങ്ങൾ ചെയ്തു. അവൻ യഹോവയുടെ ആലയം ശുദ്ധീകരിച്ചു; പൂജാഗിരികളെ നീക്കി; വിഗ്രഹസ്തംഭങ്ങളെ തകർത്തു; അശേരാപ്രതിഷ്ഠയെ വെട്ടി മുറിച്ചു; മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെയും ഉടെച്ചു കളഞ്ഞു.

യിസ്രായേൽ മക്കൾ മരുഭൂമിയാത്രയിൽ ഹോർ പർവ്വതത്തിൽ വെച്ചു യഹോവെക്കു വിരോധമായി പിറുപിറുത്തു. അപ്പോൾ യഹോവ കോപിക്കുകയും അഗ്നിസർപ്പങ്ങളെ ജനത്തിന്റെ ഇടയിലേക്കു അയയ്ക്കുകയും ചെയ്തു. അവയുടെ കടിയേറ്റ് യിസ്രായേലിൽ വളരെ ജനം മരിക്കുവാനിടയായപ്പോൾ ജനത്തിനു വേണ്ടി മോശെ യഹോവയോടു പ്രാർത്ഥിച്ചു. യഹോവയുടെ കല്പനപ്രകാരം മോശെ താമ്രം കൊണ്ടു ഒരു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടി മരത്തിന്മേൽ തൂക്കി (സംഖ്യാ.21:4-9).

സർപ്പത്തിന്റെ കടിയേറ്റവർ കൊടിമരത്തിൽ ഉയർത്തപ്പെട്ട താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും എന്നു ദൈവം മോശെയോടു അരുളിച്ചെയ്തിരുന്നു. താമ്രസർപ്പത്തെ നോക്കിയവരെല്ലാം രക്ഷപെട്ടു.

ഇപ്രകാരം മരണത്തിൽ നിന്നു വിടുതൽ ലഭിച്ച യിസ്രായേൽ ജനം ഈ പിച്ചളസർപ്പത്തെ അവരുടെ ഓർമ്മയ്ക്കായി എടുത്തു ഭദ്രമായി സൂക്ഷിച്ചു വെച്ചിരുന്നു. കാലങ്ങൾ ഏറെ കഴിഞ്ഞപ്പോൾ ജനങ്ങൾ നെഹുഷ്ഠാൻ എന്നൊരു പുതിയ പേരു ഈ പിച്ചളസർപ്പത്തിനു നൽകി അതിനെയും ആരാധിക്കുവാൻ തുടങ്ങി. പിച്ചള എന്നും സർപ്പം എന്നും അർത്ഥമുള്ള രണ്ടു എബ്രായവാക്കുകൾ ചേർത്താണ് നെഹുഷ്ഠാൻ എന്ന പേരു നൽകിയത്. ഹിസ്കീയാരാജാവു ദേശത്തു നടത്തിയ ഭരണ നവീകരണത്തിന്റെ ഭാഗമായി, നെഹുഷ്ഠാൻ എന്ന പേരിൽ ജനങ്ങൾ ആരാധിച്ചിരുന്ന ഈ വിഗ്രഹമായ താമ്രസർപ്പത്തെയും ഉടച്ചു കളഞ്ഞു.

## ക്രിസ്തു — 2.രാജാക്കന്മാരിൽ — ക്രിസ്തു രാജാവ്

(1) യഹോരാം രാജാവിന്റെ ഭാര്യയും, ഈസേബെലിന്റെ മകളുമായ അഥല്യ ഒരു ദുഷ്ട സ്ത്രീയായിരുന്നു. തന്റെ മകനും രാജാവുമായിരുന്ന അഹസ്യാവ് മരിച്ചപ്പോൾ ഭരണം തനിക്കു ലഭിക്കുവാൻ മകന്റെ മക്കളായ രാജകുമാരന്മാരെ വധിക്കുവാൻ നടപടി എടുത്തു (2.രാജാ.11: 1-12). അഥല്യയുടെ ദുർഭരണം ആറു വർഷം നീണ്ടു നിന്നു. ദാവീദ്ഗൃഹത്തെ നശിപ്പിക്കുവാൻ അഥല്യ രാജ്ഞി ശ്രമിച്ചു; എങ്കിലും ദൈവം ദാവീദിനോട് ചെയ്ത ഉടമ്പടി പാലിക്കുന്നു. ദാവീദിന്റ സിംഹാസനത്തിൽ എന്നേക്കും അവകാശിയായ യേശുക്രിസ്തു ഭരിച്ചു കൊണ്ടിരിക്കുന്നു. ആ രാജത്വത്തിന് ഒരിക്കലും അവസാനമു ണ്ടാകയില്ല. ക്രിസ്തു ദാവീദിന്റെ വംശത്തിൽ പിറക്കുന്നു (2.തിമൊ.2:8/എബ്രാ.1:2/വെളി.22:16).

(2) ഏലീയാവ് സാമാന്യ ജനങ്ങളിൽ നിന്നകന്നു ജീവിച്ച് ന്യായപ്രമാണം, മാനസാന്തരം, ന്യായവിധി എന്നിവ ഊന്നിപ്പറഞ്ഞു യോഹന്നാൻ സ്നാപകന്റെ മുന്നോടി യായിരിക്കുന്നു. എന്നാൽ എലീശ ജനമദ്ധ്യത്തിൽ ജനങ്ങളോടു കൂടെ വസിച്ചു സ്നേഹം, കരുണ, കൃപ, ദൈവസ്വഭാവം, പ്രത്യാശ മുതലായവ ഊന്നിപറഞ്ഞ് യേശുക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന ഒരു പ്രവാകനായിരിക്കുന്നു. എലീശ എന്ന പേരിന്റെ അർത്ഥം ദൈവം രക്ഷയാകുന്നു എന്നാണ്. യേശു എന്നതിന് രക്ഷിതാവ് എന്നർത്ഥം. അതായത് എലീശ ലോക രക്ഷിതാവായ യേശുക്രിസ്തുവിനെ കുറിക്കുന്നു.

(3) വാക്കിലും പ്രവൃത്തിയിലും ശക്തിയേറിയ പ്രവാചകൻ —2.രാജാ.2:13,14/6:7 (ഏലീയാവ്, എലീശാ എന്നിവരേക്കാൾ) — ലൂക്കൊ.24:19

(4) 2.രാജാ.6:1-7 വരെയുള്ള ഭാഗത്ത് എലീശയുടെ ശിഷ്യന്മാർ അവർ പാർക്കുന്ന സ്ഥലം വിശാലമാക്കുവാനായി എലീശടോടൊപ്പം മരം വെട്ടുവാൻ പോകുന്നു. യോർദ്ദാൻ തീരത്തു മരം മുറിക്കുമ്പോൾ ഒരുവന്റെ കോടാലി ഊരി വെള്ളത്തിൽ വീണു. വിവരം എലീശയെ അറിയിച്ചു. കോടാലി വീണ സ്ഥലം കാണിച്ചു കൊടുത്തപ്പോൾ എലീശ മരത്തിന്റെ ഒരു കോൽ വെട്ടി കോടാലി വീണ സ്ഥാനത്തു എറിഞ്ഞു. ഭാരമുള്ള ഇരുമ്പു കോടാലി വെള്ളത്തിൽ നിന്നും പൊങ്ങി വന്നു. അഗാധമായ പാപക്കുഴിയിൽ വീണുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു കാൽവറി ക്രൂശിൽ മരിച്ചുയിർത്തെഴുന്നേററ കർത്താവായ യേശുക്രിസ്തുവിന്റെ നിഴലാണ് ഈ വെട്ടപ്പെട്ട കോൽ (സങ്കീ.148:14/യെശ.11:1/യെശ.53:2/പുറ.15:25).

(5) “കെരൂബുകൾക്കു മീതെ അധിവസിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവ - 2.രാജാ.19:15 (God between the Cherubim) (എബ്രാ.9:5/ സങ്കീ.80:1/ സങ്കീ.99:1 /പുറ.25:18).

------------------------------------

# (13) 1.ദിനവൃത്താന്തം — I.CHRONICLES

ഒന്നും രണ്ടും ദിനവൃത്താന്തപുസ്തകങ്ങൾ എബ്രായ ബൈബിളിൽ ഒറ്റ പുസ്തക മാണ്. എന്നാൽ ഗ്രീക്കു പരിഭാഷകരാണ് ഇവയെ വെവ്വേറെ പുസ്തകങ്ങളാക്കിയത്. എബ്രായ ഭാഷയിൽ **"ഡിബരേ ഹയ്യാമിം"** എന്നാണ് ദിനവൃത്താന്ത പുസ്തകത്തിന്റെ പേര്. ഇതിനർത്ഥം *"പ്രതിദിന സംഭവങ്ങൾ"* എന്നാണ് (Dibre hayyamim = the events of the days or the day today events). മലയാളപദം ദിനവൃത്താന്തം എന്നത് ഓരോ ദിവസത്തെയും വൃത്താന്തങ്ങൾ എന്നു അർത്ഥമാക്കുന്നു.

2.ശമുവേൽ, 1.രാജാക്കന്മാർ, 2.രാജാക്കന്മാർ എന്നീ മൂന്നു പുസ്തകങ്ങളിൽ വിവരിച്ചിട്ടുള്ള യെഹൂദാചരിത്രത്തെ പ്രത്യേക വീക്ഷണത്തോടുകൂടി ആവർത്തിച്ചു പറയുന്ന ഒരു പുസ്കമാണിത്. അതേസമയം ഈ പുസ്തകം തനി ആവർത്തനവുമല്ല. പല വ്യത്യാസങ്ങളും അടങ്ങിയിരിക്കുന്നു. 2.ശമൂവേലും,1,2. രാജാക്കന്മാരും യിസ്രായേൽ ജനതയുടെയും, അവരുടെ രാഷ്ട്രത്തിന്റെയും ചരിത്രം ആയിരിക്കുമ്പോൾ ദാവീദിൽ നിന്നുത്ഭവിച്ച യെഹൂദാവംശത്തിന്റെ മാത്രം മതപരമായ ഒരു ചരിത്രമായിട്ടാണ് ദിനവൃത്താന്തപുസ്തകം ഇരിക്കുന്നത്.

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദിന്റെ ഭരണത്തിലൂടെ യിസ്രായേലിനു ലഭിക്കുന്ന ദൈവകൃപയെ 1.ദിനവൃത്താന്തം വിവരിക്കുന്നു. ഈ പുസ്തകം മഹത്വമേറിയ ഒരു രാജാവിനെയും, രാജത്വത്തെയും ചൂണ്ടിക്കാണിക്കുന്നു. യഹോവ സകലത്തെയും ഭരിക്കുന്നു എന്നതാണ് ഈ പുസ്തകത്തിലെ പ്രധാന ആശയം.

ശൗലിന്റെ ഭരണത്തെക്കുറിച്ചു യാതൊന്നും ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടില്ല. എന്നാൽ ശൗലിന്റെയും പുത്രന്മാരുടെയും ദാരുണമായ മരണത്തെക്കുറിച്ചു 1.ദിന.10-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1.ദിന.11-ാം അദ്ധ്യായത്തിൽ എല്ലാ യിസ്രായേലിനും രാജാവായി ദാവീദിനെ അഭിഷേകം ചെയ്യുന്നു. ശൗലിന്റെ മരണത്തിനും എല്ലാ യിസ്രായേലിനും കൂടി രാജാവായി അഭിഷേകം ചെയ്യപ്പെടുന്നതിനും ഇടയിലുള്ള ഏഴു വർഷക്കാലത്തെ ചരിത്രത്തെക്കുറിച്ചു ഈ പുസ്തകത്തിൽ പറഞ്ഞിട്ടില്ല.

യിസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെങ്കിലും ദൈവവഴി വിട്ടു സഞ്ചരിച്ചു. ശൗൽ ജഡികനായ മനുഷ്യനെ ചിത്രീകരിക്കുന്നു. എന്നാൽ ദൈവത്തിന്റെ ഹൃദയപ്രകാരം ജീവിച്ച ദാവീദ് യേശുക്രിസ്തുവിനെ ചിത്രീകരിക്കുന്നു.

**എഴുത്തുകാരൻ** : എസ്രാ പുരോഹിതൻ **എഴുതിയ കാലം** : ബി.സി. 458 — 430
**താക്കോൽ വാക്ക്** : ദാവീദ് (1.ദിന.11:3) **പ്രധാന അദ്ധ്യായം** : 1.ദിന.17

**പ്രധാന വാക്യങ്ങൾ** : (1) 1.ദിന.14:2 (2) 1.ദിന.17:11 — 14 (3) 1.ദിന.29:11

**പ്രധാനവ്യക്തികൾ** :

(1) **ദാവീദ്** — യിസ്രായേലിന്റെ രാജാവ്

(2) **നാഥാൻ** —പ്രവാചകനും ദാവീദിന്റെ ഉപദേഷ്ടാവും (1.ദിന.17)

(3) **ശലോമോൻ** — ദാവീദിന്റെ മകനും യിസ്രായേലിന്റെ രാജാവും (1.ദിന.3-29)

**വിഷയം** : ശൗലിന്റെ നാശം, ദാവീദിന്റെ ഭരണം

**പുസ്തക വിഭജനം:** (29 അദ്ധ്യായങ്ങൾ)

(1) 1 — 9 വംശാവലി വിവരണം (ആദാം മുതൽ ശൗൽ വരെ)

(2) 10 ശൗലിന്റെയും കുടുംബത്തിന്റെയും നാശം, ശൗലിന്റെ മരണം

(3) 11 —29 ദാവീദിന്റെ ഭരണം

**അദ്ധ്യായങ്ങളിലെ ഉള്ളടക്കം** :

(1) ആദാം മുതലുള്ള വംശാവലി (1.ദിന.1-9)

(2) യബ്ബേസിന്റെ പ്രാർത്ഥന (1.ദിന.4:9,10)

(3) ശൗലിന്റെയും പുത്രന്മാരുടെയും മരണം (1.ദിന.10:1-14)

(4) സീയോൻ കോട്ട (1.ദിന.11:5)

(5) പെട്ടകം കാളവണ്ടിയിൽ (1.ദിന.13:1-14, 2.ശമു.6:1-23)

(6) സ്തോത്രസങ്കീർത്തനം (1.ദിന.16) —> സങ്കീ.95,105,106

(7) ജനത്തെ എണ്ണിയതിൽ ദാവീദിന്റെ പാപം (1.ദിന.21)

(8) ദൈവാലയം പണിയുവാൻ ദാവീദിനുള്ള അയോഗ്യത (1.ദിന.22:8)

(9) ഹേമാന്റെ കൊമ്പുകൾ (1.ദിന.25:5)

(10) ദാവീദിന്റെ അന്ത്യസന്ദേശം (1.ദിന.28).

## യബ്ബേസിന്റെ പ്രാർത്ഥന

**1.ദിന.4:9,10 —** *''യബ്ബേസ് യിസ്രായേലിന്റെ ദൈവത്തോട്: നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ചു എന്റെ അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടു കൂടെ ഇരുന്നു അനർത്ഥം എനിക്കു വ്യസനകാരണമായി തീരാതവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളായിരുന്നു എന്നു അപേക്ഷിച്ചു. അവൻ അപേക്ഷിച്ചതിനെ ദൈവം അവനു നല്കി."*

(1) എന്നെ നിശ്ചയമായി അനുഗ്രഹിക്കണം (Bless Me Indeed)

(2) എന്റെ അതിർ വിസ്താരമാക്കണം ( Enlarge My Territory)

(3) എന്നോടു കൂടെയുണ്ടാകണം ( Be With Me)

(4) അനർത്ഥത്തിൽ നിന്നു എന്നെ വിടുവിക്കണം ( Keep Me From Evil)

(5) വ്യസനമുണ്ടാകാതെ എന്നെ കാക്കണം ( I May Not Pain)

(6) ഉത്തരം > അവൻ അപേക്ഷിച്ചതെല്ലാം ദൈവം അവനു നല്കി (God Gave What He Requested)

# ക്രിസ്തു — 1. ദിനവൃത്താന്തത്തിൽ —

### ദിനംതോറും പ്രവൃത്തിയെ അറിയുന്നവൻ

(One who knows the deeds of everyday)

(1) ദാവീദ് രാജാവ് ക്രിസ്തുവിന്റെ ഒരു നിഴലായി കാണുന്നു. ദാവീദിന്റെ രാജത്വത്തെ എന്നേക്കും സ്ഥിരമാക്കും എന്നത് ശലോമോനിൽ ഭാഗീകമായി നിറവേറുന്നു. എന്നാൽ ഇതിന്റെ പൂർണ്ണനിറവേറൽ ഭൂമിയിൽ വന്നവനും ഇനി വരുവാനുള്ളവനുമായ യേശുക്രിസ്തുവിൽ മാത്രം സംഭവിക്കുന്നു (വെളി.1:4)

(2) 1. ദിന. 1 — 9 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന വംശാവലി വിവരണം പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ വംശാവലിക്കു ഉപക്രമമായിരിക്കുന്നു.

(3) "ബേത്ലേഹെം പട്ടണവാതിൽക്കലെ കിണററിൽ നിന്നു വെള്ളം എനിക്കു കുടിപ്പാൻ ആർ കൊണ്ടുവന്നു തരും" എന്നു ദാവീദ് ആർത്തി പൂണ്ടു പറഞ്ഞു (1.ദിന.11:17). ബേത്ലേഹെമിൽ പിറന്ന യേശുക്രിസ്തു ജീവജലത്തിന്റെ ഉറവയായി കാണുന്നു (യോഹ.4:14/യോഹ.7:37,38,42).

(4) 1. ദിന. 16:35 -ൽ "ഞങ്ങളുടെ രക്ഷകനായ ദൈവം" എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു. (God of our Salvation).

(5) 1.ദിന.17:11-14 — "നിന്റെ പുത്രന്മാരിൽ ഒരുവനായ നിന്റെ സന്തതിയെ എഴുന്നേൽപ്പിക്കയും അവന്റെ രാജത്വം സ്ഥിരമാക്കുകയും ചെയ്യും..........അവന്റെ സിംഹാസനവും എന്നേക്കും സ്ഥിരമായിരിക്കും" എന്നുള്ള ശലോമോനെ കുറിച്ചുള്ള വാഗ്ദത്തങ്ങൾ ക്രിസ്തുവിൽ നിറവേറപ്പെടുന്നു.

(6) "ഇതു യഹോവയായ ദൈവത്തിന്റെ ആലയം; ഇതു യിസ്രായേലിന്നു ഹോമപീഠം എന്നു ദാവീദ് പറഞ്ഞു" (1.ദിന.22:1). ഇതിൽ ദൈവാലയവും, ഹോമപീഠവും യേശുക്രിസ്തുവിന്റെ ശരീരത്തെ കുറിക്കുന്നു (യോഹ.2:19 -22/ എബ്രാ.13:10).

(7) വിശ്രമപുരുഷൻ, സമാധാനം നൽകുന്നവൻ എന്നിങ്ങനെ ശലോമോനെ കുറിച്ചുള്ള പ്രസ്താവനകൾ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന വിശ്രമത്തെയും സമാധാനത്തെയും കുറിക്കുന്നു (1.ദിന.22:9,10).

(8) രാജാധിരാജൻ — 1.ദിന.29:20-25 / വെളി.19:4-6

------------------------------------

# (14) 2. ദിനവൃത്താന്തം — II. CHRONICLES

ഒന്നു ദിനവൃത്താന്തത്തിലെ ചരിത്രത്തിന്റെ തുടർച്ചയാണ് 2. ദിനവൃത്താന്തപുസ്തകം. 1. രാജാക്കന്മാർ, 2. രാജാക്കന്മാർ എന്നീ പുസ്തകങ്ങളിലെ ചരിത്രവും ഇതിൽ ഉൾക്കൊള്ളുന്നു. വിശേഷാൽ യിസ്രായേലിന്റെ ഉണർവിന്റെ ചരിത്രം കൂടിയാണിത്. ശലോമോന്റെ സിംഹാസനാരോഹണം തുടങ്ങി യെഹൂദയുടെ പ്രവാസത്തിൽ നിന്നുള്ള തിരിച്ചുവരവുവരെ 479 സംവത്സരങ്ങളിലെ സംഭവപരമ്പരകളാണിതിലുള്ളത്.

പാപത്തിന്മേലുള്ള ന്യായവിധിയെയും, അനുതാപത്താലുണ്ടാകുന്നവിടുതലിനെയും, വിശുദ്ധജീവിതത്തിന്റെ ആവശ്യകത യെയും ഊന്നിപറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ജനം ദൈവത്തെ ഉപേക്ഷിച്ചു സ്വന്തവഴിയിലേക്കു തിരിയുമ്പോഴെല്ലാം ദൈവം അനുഗ്രഹം പിൻവലിക്കുന്നതും, വീണ്ടും ദൈവത്തിലാശ്രയി ക്കുമ്പോൾ ദൈവം വിജയത്തിലേക്കു അവരെ നയിക്കുന്നതും ഈ പുസ്തകത്തിൽ കാണാം.

2.ദിന.൯9 വരെയുള്ള അദ്ധ്യായങ്ങളിൽ ശലോമോനെ പ്പററിയും തുടർന്നുള്ള 36 വരെയുള്ള അദ്ധ്യായങ്ങളിൽ ശലോമോന്റെ അനന്തരഗാമികളെയും കുറിച്ചു പറഞ്ഞിരിക്കുന്നു. ഓരോരുത്തരുടേയും ജയവും, പരാജയവും, അതിനുള്ള കാരണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. രാജാക്കന്മാരുടെ ഭരണം പ്രതാപത്തോടെ ആരംഭിച്ചു ദാരുണമായി അവസാനിക്കുന്നു. പ്രധാനമായും യഹൂദാരാജാക്കന്മാരുടെ കാര്യമാണ് പറഞ്ഞിരിക്കുന്നതെങ്കിലും യിസ്രായേൽ രാജാക്കന്മാരെപ്പറ്റിയും പ്രസ്താവിച്ചിട്ടുണ്ട്. യോശീയാവ് രാജാവിന്റെ കാലത്ത് ദൈവാലയത്തിൽ നിന്നു ന്യായപ്രമാണപുസ്തകം കണ്ടുകിട്ടി. രാജാവും ജനങ്ങളും അതു വായിച്ചു കേൾക്കുവാനിടയായപ്പോൾ സംഭവിച്ച ആത്മീക ഉണർവ്വ് 2.ദിന.34-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

**എഴുത്തുകാരൻ** : എസ്രാ പുരോഹിതൻ എന്നു പറയപ്പെടുന്നു.

**എഴുതിയ കാലം** : ബി.സി.458—430

**താക്കോൽ വാക്ക്** : പൗരോഹിത്യം

**പ്രധാന വാക്യങ്ങൾ** : 2. ദിന. 7:14 / 2.ദിന.16:9

**മുഖ്യ അദ്ധ്യായം** : 2.ദിന.34

**വിഷയം** : ശലോമോന്റെയും യെഹൂദാരാജാക്കന്മാരുടെയും ഭരണം

**പ്രധാനവ്യക്തികൾ** :

(1) **ശലോമോൻ** — യിസ്രായേലിന്റെ രാജാവ്

(2) **ശേബാരാജ്ഞി** (Queen of Sheba) —

ശലോമോന്റെ കീർത്തി കേട്ടു മൊഴികളാൽ (hard questions) പരീക്ഷിക്കുന്നതിനായി യെരൂശലേമിലേക്കു വന്നവൾ (2.ദിന.9:1-12)

**പുസ്തക വിഭജനം:** (36 അദ്ധ്യായങ്ങൾ)

(1) 1 — 9 ശലോമോന്റെ ഭരണം

(2) 10 — 36 യെഹൂദാ രാജാക്കന്മാരുടെ ഭരണം

**പ്രധാനവിഷയങ്ങൾ :**

(1) ജ്ഞാനപ്രാപ്തിക്കുവേണ്ടിയുള്ള ശലോമോന്റെ പ്രാർത്ഥന (2.ദിന.1)

(2) ദൈവാലയനിർമ്മാണം (2.ദിന.2-4)

(3) ദൈവമഹത്വം ദൈവാലയത്തിൽ (2.ദിന.5)

(4) ദൈവാലയം പ്രതിഷ്ഠിച്ചുകൊണ്ടുള്ള ശലോമോന്റെ പ്രാർത്ഥന (2.ദിന.6:12-42)

(5) ശേബാരാജ്ഞി ശലോമോന്റെ കൊട്ടാരം സന്ദർശിക്കുന്നു (2.ദിന.9)

(6) ശലോമോന്റെ അന്ത്യം (2.ദിന.9:30-31)

(7) രാജ്യം രണ്ടായി വിഭജിക്കപ്പെടുന്നു (10)

(8) യെഹോശാഫാത്ത് ആഹാബുമായി സംബന്ധം കൂടുന്നു (2.ദിന.18)

(9) മനശ്ശെയുടെയും ആമോന്റെയും ദുർഭരണം (2.ദിന.33)

(10) കോരെശിന്റെ വിളംബരം (2.ദിന.36:22,23).

**2.ദിനവൃത്താന്തം — പ്രത്യേകതകൾ —**

(1) 1.ദിനവൃത്താന്തം > 1,2. ശമൂവേലിന്റെ അവലോകനമാണ്. 2.ദിനവൃത്താന്തം > 1,2. രാജാക്കന്മാരുടെ അവലോകനമാണ്.

(2) 2. ദിനവൃത്താന്തം > യിസ്രായേൽ രാഷ്ട്രത്തിന്റെ മതപരമായ ചരിത്രത്തിന്റെ തിരിഞ്ഞു നോട്ടം.

(3) 2.ദിനവൃത്താന്തം > യെരൂശലേമിന്റെയും ദൈവാലയത്തിന്റെയും നാശത്തിന്റെ അന്ത്യം.

(4) 2.ദിനവൃത്താന്തം > മോശെയുടെ ന്യായപ്രമാണത്തോടുള്ള ദൈവജനതയുടെ അനുസരണക്കേടു നിമിത്തം അവർ ബാബിലോൺ പ്രവാസത്തിലേക്കു പോകുന്നതിനെ കാണിക്കുന്നു.

## ക്രിസ്തു 2. ദിനവൃത്താന്തത്തിൽ — ദിനംതോറുംപ്രവൃത്തിയെഅറിയുന്നവൻ

(One who knows the deeds of everyday)

(1) ദാവീദിന്റെ സിംഹാസനം നശിക്കപ്പെട്ടു എങ്കിലും ക്രിസ്തുവിലൂടെ ദാവീദിന്റെ വംശം നിലനിൽക്കുന്നതായി മത്തായി.1-ലും, ലൂക്കൊസ്.3- ലും ഉള്ള വംശാവലിയിൽ കാണുന്നു.

(2) ദൈവാലയത്തേക്കാൾ വലിയവൻ. 2.ദിന.3:1/5:1 — യെരുശലേം ദൈവാലയം യേശുക്രിസ്തുവിന്റെ ഒരു പ്രതിഛായയാണ്. മത്തായി. 12:6 - ൽ ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെയുണ്ട് എന്നു കർത്താവ് പറഞ്ഞു. തന്റെ ശരീരത്തെയും ദൈവാലയത്തോട് ഉപമിച്ചിട്ടുണ്ട്. യോഹ. 2:19— ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും.

(3) നമ്മുടെ പിതാക്കന്മാരുടെ ദൈവം. 2.ദിന.20:6
(God of our Fathers).

---

# (15) എസ്രാ — EZRA

എബ്രായ ബൈബിളിൽ എസ്രായും നെഹമ്യാവും ഒറ്റ പുസ്കമാണ്. പ്രവാസകാലശേഷമുള്ള ചരിത്രങ്ങളെയാണ് എസ്രാ, നെഹമ്യാവു, എസ്ഥേർ എന്നീ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവാലയ പുനർനിർമ്മാണം എസ്രാ വിവരിക്കുമ്പോൾ യെരൂശലേമിന്റെ മതിലുകളുടെ പുതുക്കിപ്പണിയെ നെഹമ്യാവു വിവരിക്കുന്നു. എസ്രാ എന്ന പേരിന്റെ അർത്ഥം "സഹായകൻ" (Helper) എന്നാണ്. യഹോവയുടെ ആലയം യെരൂശലേമിൽ പുനസ്ഥാപിക്കുക എന്നതായിരുന്നു എസ്രായുടെ ദൗത്യം. 2.ദിനവൃത്താന്തപുസ്തകം അവസാനിക്കുന്ന വാക്കുകളോടെയാണ് എസ്രാ ആരംഭിക്കുന്നത് (2.ദിന.36:22,23 —> എ സ്രാ.1:1 -3 ).

2.ദിനവൃത്താന്തപുസ്തകത്തിന് ശേഷമുള്ള ചരിത്രഗതിയെ പിന്തുടർന്നു 70 വർഷത്തെ പ്രവാസത്തിനു ശേഷം ദൈവം തന്റെ ജനത്തെ വാഗ്ദത്തദേശത്തേക്കു തിരിച്ചുകൊണ്ടു വന്നതിനെപ്പററി വിവരിക്കുന്ന പുസ്തകമാണ് എസ്രാ. ബാബിലോണിൽ നിന്നുള്ള ഈ തിരിച്ചുവരവ് രണ്ടാമത്തെ പുറപ്പാടായി പറയാം. പക്ഷേ ബാബിലോണിലുണ്ടായിരുന്ന യെഹൂദാജനതയിൽ ഒരു ചെറിയ കൂട്ടം മാത്രമേ തിരിച്ചു വരാൻ തയ്യാറായുള്ളു. ബാബിലോണിൽനിന്നു വിട്ടുപോന്ന രണ്ടു ജനസമൂഹത്തെപ്പററി എസ്രാ വിവരിക്കുന്നു. ഒരു കൂട്ടർ സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ ദൈവാലയം പണിയുന്നു. മറേറ കൂട്ടർ എസ്രായുടെ നേതൃത്വത്തിൽ ജനതയുടെ ആത്മീയ നിലവാരം ഉയർത്തുന്നു.

ബാബിലോണിൽ നിന്നുള്ള മടങ്ങിവരവ്, ആത്മീയ ഉദ്ധാരണം, ദൈവാലയത്തിന്റെ പുനർനിർമ്മാണം ഒക്കെയാണ് പ്രധാന വിഷയങ്ങൾ. "സ്വർഗ്ഗത്തിലെ ദൈവം" (The God of Heaven) എന്ന പദം എസ്രായുടെ പുസ്തകത്തിൽ എട്ടു തവണ കാണുന്നു (എസ്രാ.1:2, 5:12, 6:9, 6:10, 7:12, 21, 23). എസ്രാ പുരോഹിത കുടുംബത്തിൽപ്പെട്ടവനായിരുന്നു (7:5). "ദൈവത്തിന്റെ കൈ" (The hand of God) എസ്രായ്ക്കു അനുകൂലമായിരുന്നു എന്നു ആറു തവണ രേഖപ്പെടുത്തിയിരിക്കുന്നു (എസ്രാ. 7:6, 9, 28, 8:18, 22, 31). യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അതു അനുസരിച്ചു നടപ്പാനും യിസ്രായേലിൽ അതിന്റെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവച്ചിരുന്നു എന്നു എസ്രായെപ്പററി 7:10-ൽ പറഞ്ഞിരിക്കുന്നു. യഹോവ സീയോന്റെ പ്രവാസികളെ മടക്കി വരുത്തിയപ്പോൾ ഞങ്ങൾ സ്വപ്നം കാണുന്നവരെപ്പോലെ ആയിരുന്നു എന്നു സങ്കീ.126:1 -ൽ പറഞ്ഞിരിക്കുന്നതുപോലുള്ള അത്ഭുതമാർന്ന ഒരു തിരിച്ചുവരവിന്റെ ചരിത്രമാണിതിലുള്ളത്.

യഹൂദാജനം ദൈവാലയത്തിന്റെ പണി ആരംഭിച്ചപ്പോൾ ശത്രുക്കളായ ശമര്യർ മൂന്നു വിധത്തിലുള്ള തന്ത്രങ്ങളുപയോഗിച്ചു പണിയെ തടസ്സപ്പെടുത്തി.

(1) ശമര്യർ യഹൂദാജനവുമായി കൂട്ടുകെട്ടിനു ശ്രമിച്ചു. ദൈവാലയപണിക്കുള്ള സഹകരണം നൽകാമെന്നു വ്യാമോഹിപ്പിച്ചു —എസ്രാ.4:2

(2) യഹൂദാജനത്തിന്റെ ധൈര്യം ചോർത്തിക്കളഞ്ഞു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു —എസ്രാ.4:4

(3) പാർസിരാജാവായ അർത്ഥഹ്ശഷ്ടാവിന്റെ അടുക്കൽ അവർക്കു വിരോധമായി എഴുതി അറിയിച്ചു—എസ്രാ.4:5,6.

ശത്രുക്കളുടെ പ്രവർത്തനം മൂലം ദൈവാലയത്തിന്റെ പണി ഏകദേശം 16 വർഷം മുടങ്ങിയെങ്കിലും പിന്നീട് ദൈവാലയപണി പൂർത്തീകരിക്കുവാൻ ഇടയായി. ശമര്യരുമായി ദൈവജനം സഹകരിച്ചു നീങ്ങിയെങ്കിൽ അവർ വേർപാടില്ലാത്തവരായി ദൈവഴിവിട്ടു സഞ്ചരിക്കുവാൻ ഇടയാകുമായിരുന്നു.

യഥാർത്ഥ ആരാധനയിലേക്കു മടങ്ങി വരുമ്പോൾ എതിർപ്പുണ്ടാകാം. ദൈവജനം ദൈവികപ്രവർത്തനം ആരംഭിക്ക ുമ്പോൾ സാത്താൻ പലവിധ തടസ്സങ്ങൾ കൊണ്ടുവരും. അതൊക്കെ ശ്രദ്ധിക്കാതെ ദൈവത്തിൽ ആശ്രയിച്ചു വേർപാടും വിശുദ്ധിയും പാലിച്ചു ദൈവവഴിയിൽ മുന്നേറിയാൽ സ്വർഗ്ഗത്തിലെ ദൈവം വിജയം തരുമെന്നു എസ്രായുടെ പുസ്തകം വെളിപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| **എഴുത്തുകാരൻ** | : എസ്രാ | **എഴുതിയ കാലം** | : ഏകദേശം ബി.സി.458 —444 |
| **പ്രധാന വാക്ക്** | : ദൈവാലയം | **മുഖ്യഅദ്ധ്യായം** | : എസ്രാ.6 |

**പ്രധാന വാക്യങ്ങൾ** : (1) എസ്രാ.1:3 (2) എസ്രാ.6:21,22 (3) എസ്രാ.7:10

**വിഷയം** : ദൈവാലയപുനഃനിർമ്മാണം, ആത്മീക നവീകരണം

**പ്രധാനവ്യക്തികൾ** :

(1) **എസ്രാ** (Ezra) — പുരോഹിതൻ, ശാസ്ത്രി, ദൈവവചനം പഠിപ്പിക്കുന്നവൻ, ബാബിലോണിൽ നിന്നും മടങ്ങി വന്ന രണ്ടാമത്തെ കൂട്ടരെ നയിച്ചവൻ (എസ്രാ.7-10)

(2) **കോരെശ്** (Cyrus) — ബാബിലോൺ ആക്രമിച്ച പാർസിരാജാവ് --അടിമകളായി പാർത്തിരുന്ന യെഹൂദന്മാർക്കു ഒരു വിളംബരത്തിലൂടെ സ്വാതന്ത്ര്യം നൽകി.

(3) **സെരൂബ്ബാബേൽ** (Zerubbabel) — ബാബിലോണിൽ നിന്നും യെരൂശലേമിലേക്കു മടങ്ങി വന്ന ആദ്യത്തെ സമൂഹത്തെ നയിക്കുകയും ദൈവാലയ പണി പുനരാരംഭിപ്പാൻ സഹായിക്കുകയും ചെയ്തു (എസ്രാ.2:2-5:2).

**പുസ്തക വിഭജനം:** (10 അദ്ധ്യായങ്ങൾ)

(1) സെരൂബ്ബാബേലിന്റെ മടങ്ങി വരവ് — അദ്ധ്യാ. 1 - 2

(2) ദൈവാലയത്തിന്റെ പുനഃനിർമ്മാണം — അദ്ധ്യാ. 3 - 6

(3) എസ്രായുടെ വരവ്, ദൈവജനത്തിന്റെ ആത്മീക നവീകരണം— അദ്ധ്യാ. 7 -10

**പ്രധാനസംഭവങ്ങൾ** :

(1) ബാബേൽ പ്രവാസത്തിൽ നിന്നുള്ള മടങ്ങി വരവ്

(2) ദൈവാലയത്തിന്റെ പുനഃനിർമ്മാണം

(3) ആരാധന പുനഃസ്ഥാപിക്കപ്പെടുന്നു.

**പ്രത്യേകസംഭവങ്ങൾ** :

(1) കോരെശിന്റെ വിളംബരം (എസ്രാ.1:1-4)

(2) ആരാധനയിൽ സംഗീതോപകരണങ്ങളോടു കൂടിയ സ്തോത്രഗാനം (എസ്രാ.3:10,11)

(3) ഉത്സവങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നു (എസ്രാ.6:16-22)

> **പ്രതിഷ്ഠോത്സവം** (എസ്രാ.6:16-18) — മോശെയുടെ ന്യായപ്രമാണത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം യാഗം അർപ്പിക്കുകയും ലേവ്യരെയും പുരോഹിതന്മാരെയും ശുശ്രൂഷകൾക്കായി നിയമിക്കയും ചെയ്തു.

> **പെസഹാപെരുന്നാൾ** (എസ്രാ.6:19-21) — മിസ്രയീമ്യ അടിമത്വത്തിൽ നിന്നുള്ള വിടുതലിന്റെ ഓർമ്മക്കായി ആചരിക്കുന്ന പെരുന്നാൾ.

> **പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ** (എസ്രാ.6:22) — തിന്മയിൽ നിന്നുള്ള സമ്പൂർണ്ണ വേർപാടിന്റെ ദൃഷ്ടാന്തം

(4) എസ്രായുടെ സാക്ഷ്യം (എസ്രാ.7:10)

(5) എസ്രായുടെ പ്രാർത്ഥന (എസ്രാ.9)

(6) ജനത്തിന്റെ അനുതാപവും പ്രശ്നങ്ങൾക്കു പരിഹാവും (എസ്രാ.10).

## ക്രിസ്തു എസ്രായിൽ —
## ആലയത്തിന്റെ പുനഃസ്ഥാപകൻ (Restorer of the Temple)

(1) സ്വർഗ്ഗത്തിലെയും ഭൂമിയിലെയും ദൈവം (Lord of Heaven and Earth) — എസ്രാ.1:2

(2) ആലയത്തിന്റെ പുനഃസ്ഥാപകൻ / മഹാശില്പി --എസ്രാ.3:8-13/ യോഹ.2:18-22

(3) ദൈവത്തിന്റെ കൈ എസ്രാക്ക് അനുകൂലമായിരുന്നു എന്നു ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിൽ നിന്നും കാണുന്നത് ദാവീദിന്റെ പിൻതലമുറയെയും ദൈവം സംരക്ഷിക്കും എന്ന ദൈവിക വാഗ്ദത്തം എസ്രാക്കും ലഭിച്ചിരുന്നു എന്നതാണ്. യേശുക്രിസ്തു വിലൂടെ ദൈവീക കരത്തിന്റെ സംരക്ഷണം സകല മാനവജാതിയിലും നിറവേറുന്നതായി കാണുന്നു.

(4) സെരൂബ്ബാബേൽ മശിഹയുടെ നിഴലാണ്.

(5) എസ്രായിൽ ദൈവജനത്തിന്റെ പ്രത്യാശ കാണാം. വാഗ്ദത്ത ദേശത്തേക്കു മടങ്ങി വരുന്ന ജനത വാസമുറപ്പിക്കുന്ന ദേശത്തു തന്നേ മശിഹയെ സംബന്ധിച്ച ദൈവവാഗ്ദത്തം നിറവേറുകയാണ്. യെരൂശലേം, ബത്ലഹേം, സീയോൻ എന്നീ ദേശങ്ങളിലാണ് അവർ ജീവിച്ചത്. യേശു ജനിച്ചത് ബേത്ലഹേമിലാണ്.

-----------------------------------

# (16) നെഹെമ്യാവു – NEHEMIAH

നെഹെമ്യാവ് എന്ന പേരിന്റെ അർത്ഥം **"യഹോവ ആശ്വസിപ്പിക്കുന്നു"**(Jehovah comforts) എന്നാണ്. ബാബിലോ ണിയൻ പ്രവാസത്തിലെ 70 വർഷങ്ങൾക്കു ശേഷം യെരൂശലേ മിലേക്ക് മടങ്ങി വന്ന മൂന്നാമത്തേതും അവസാനത്തേതുമായ സംഘത്തിന്റെ നേതാവായിരുന്നു നെഹെമ്യാവ്. പേർഷ്യൻ രാജാവായ അർത്ഥഹ്ശഷ്ടാവിന്റെ പാനപാത്ര വാഹകനായിരുന്നു. ഒരു ദിവസം യെരൂശലേമിൽ നിന്നും അവന്റെ ഒരു സഹോദരനും, മററു ചിലരും കൂടി വന്നു അവിടെ പാർക്കുന്നവരുടെ കഷ്ടതയും യെരൂശലേമിന്റെ ശൂന്യസ്ഥിതിയും, മതിൽ ഇടിഞ്ഞും, വാതിലുകൾ തീവച്ചു ചുട്ടും കിടക്കുന്ന വിവരവും അറിയിച്ചു (നെഹെ.1:1-3). ഹൃദയഭാരത്താൽ ദുഖിച്ചു പ്രാർത്ഥിച്ച നെഹെമ്യാവ് (നെഹെ.1:4), രാജാവിന്റെ അനുമതി വാങ്ങി (നെഹെ.2:6) യെരൂശലേമിൽ എത്തി. യെരുശലേമിന്റെ മതിൽ പണിയുവാൻ സ്വജനത്തെ ആഹ്വാനം ചെയ്തു (നെഹെ.2:17-18).

അവിടത്തെ നിവാസികളുടെ കഠിനമായ എതിർപ്പിനെ നേരിട്ടുകൊണ്ടു 52 ദിവസം കൊണ്ടു മതിൽ പണി തീർത്തു (നെഹെ.6:15). യഹോവയായ ദൈവമാണ് ഇതു നിറവേററിയതെന്നു ശത്രുക്കൾക്കുപോലും സമ്മതിക്കേണ്ടി വന്നു (നെഹെ.6:16). പണി പൂർത്തിയാക്കി ആത്മീക ഉണർവുണ്ടായി, ദൈവവചനം പരസ്യമായി വായിച്ചു ദൈവത്തെ മഹത്വപ്പെടുത്തി (നെഹെ.8:1-6).

യെരൂശലേമിന്റെ മതിലുകൾ പണിതു, വാതിലുകൾ ഉറപ്പിക്കുക എന്നത് നെഹെമ്യാവിന്റെ ജീവിത ലക്ഷ്യമായിരുന്നു. ദൈവസഹായത്താൽ അതു സാധിക്കുകയും ചെയ്തു. സെരൂബ്ബാബേൽ ആലയപ്പണി ലക്ഷ്യമാക്കി പ്രവർത്തിച്ചെങ്കിൽ, നെഹെമ്യാവ് ആലയപ്പണിക്കായിട്ടല്ല ആലയത്തിന്റെ മതിലുകളും വാതിലുകളും ശരിപ്പെടുത്തുകയായിരുന്നു.

നെഹെമ്യാവ് ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. സ്വർഗ്ഗത്തിലെ ദൈവത്തോടു കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന നെഹെമ്യാവിനെ ഈ പുസ്തകത്തിലുടനീളം കാണാം (നെഹെ.1:4,6,11/ നെഹെ.2:4,5/ നെഹെ.4:4,5,9/നെഹെ.5:19/ നെഹെ.6:14/ നെഹെ.13:14,22,29).

നെഹെമ്യാവ് വേലക്കാരോടൊപ്പം ഒരുമിച്ചു പ്രവർത്തിക്കു കയും, അവരെ വേലയിൽ ധൈര്യപ്പെടുത്തുകയും ചെയ്തു (നെഹെ.4:16-23). സൻബല്ലത്തും, തോബിയാവും ഉൾപ്പെട്ട ശത്രുക്കൾ പണി തടസ്സപ്പെടുത്തുവാനും, ദൈവജനത്തെ ഭയപ്പെടുത്തി ശക്തി നിർവീര്യമാക്കുവാനും അവരാലാകുന്ന എല്ലാ കാര്യങ്ങളും ചെയ്തുവെങ്കിലും ഭയപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചു ധൈര്യത്തോടെ വേല പൂർത്തിയാക്കി മതിൽ പ്രതിഷ്ഠിച്ചു (നെഹെ.6:15).

പുതിയനിയമത്തിൽ മതിൽ വേർപാടിനെ കുറിക്കുന്നു. ലോകത്തോടും ലോകമോഹങ്ങളോടും വിശ്വാസിക്കു വേർപാടിന്റെ മതിൽ ഉണ്ടായിരിക്കണം. ഇടിഞ്ഞു കിടക്കുന്ന വേർപാടിന്റെ മതിൽ കെട്ടി അടച്ചു ശക്തമാക്കുന്നത് അനേക എതിർപ്പുകൾക്കും കയ്പ്പായ അനുഭവങ്ങൾക്കും കാരണമാകും. ഇക്കാരണത്താൽ മനുഷ്യദൃഷ്ടിയിൽ അപമാനിതനാകുമെങ്കിലും ദൈവത്താൽ പുകഴ്ച ലഭിക്കും എന്നതിനെ നെഹെമ്യാവിന്റെ പുസ്തകം വിശദമാക്കുന്നു.

**എഴുത്തുകാരൻ** : നെഹെമ്യാവ് **എഴുതിയ കാലം** : ഏകദേശം ബി.സി.433
**പ്രധാനവാക്യങ്ങൾ** : (1) നെഹെ.6:15,16 (2) നെഹെ.8:8 **പ്രധാന അദ്ധ്യായം** : നെഹെ.9
**പ്രധാന വാക്ക്** : യെരുശലേമിന്റെ മതിലുകൾ

**വിഷയം** : യെരൂശലേമിന്റെ മതിൽ പുഃനനിർമ്മാണം, ആത്മീകനവീകരണം

**പ്രധാനവ്യക്തികൾ** :

**(1) നെഹെമ്യാവ്** — പേർഷ്യൻ രാജാവിന്റെ പാനപാത്രവാഹകൻ, ബാബേൽ പ്രവാസത്തിൽ നിന്നും മടങ്ങി വന്ന മൂന്നാമത്തെയും അവസാനത്തേതുമായ സംഘത്തെ നയിച്ചവൻ, പട്ടണമതിൽ പുതുക്കി പണിയുവാൻ നേതൃത്വം നൽകിയവൻ (നെഹെ.1-13)

**(2) എസ്രാ** — പ്രവാസത്തിൽ നിന്നു മടങ്ങി വന്ന രണ്ടാമത്തെ സംഘത്തെ നയിച്ചവൻ, യിസ്രായേലിന്റെ പുരോഹതനും, ന്യായശാസ്ത്രിയും (നെഹെ.8:1-12:36).

**(3) സൻബല്ലത്ത്** — ശമര്യയുടെ ഭരണാധികാരി, നെഹെമ്യാവിന്റെ നേതൃത്വത്തിലുള്ള മതിൽ പണിയെ എതിർത്തവൻ (നെഹെ.2:10-13:28).

**(4) തോബീയാവ്** — യെഹൂദാദേശത്തിന്റെ കിഴക്കുള്ള അമ്മോനിലെ ഒരു ഉദ്യോഗസ്ഥൻ, മതിൽ പണി തടസ്സപ്പെടുത്തുവാനും ജനങ്ങളെ ഭയപ്പെടുത്തി അധൈര്യപ്പെടുത്തുവാനും ശ്രമിച്ചവൻ (നെഹെ.2:10-13:7).

## പുസ്തക വിഭജനം: (13 അദ്ധ്യായങ്ങൾ)

(1) നെഹെമ്യാവിന്റെ വരവ് : നെഹെ. 1 - 2
(2) മതിലിന്റെ പുനഃനിർമ്മാണം : നെഹെ. 3 - 7
(3) ജനത്തെ യഥാസ്ഥാനപ്പെടുത്തുന്നു : നെഹെ. 8 — 13

## അദ്ധ്യായങ്ങളിലെ ഉള്ളടക്കം :

(1) യെരൂശലേമിന്റെ ശോച്യാവസ്ഥ കേട്ടു മനംനൊന്ത നെഹെമ്യാവിന്റെ പ്രാർത്ഥന (നെഹെ.1)
(2) നെഹെമ്യാവിന്റെ പ്രാർത്ഥനെക്കുള്ള മറുപടി (നെഹെ.2:1-8)
(3) മതിലുകൾ പണിക്കുള്ള ഒരുക്കം (നെഹെ.2:11-18)
(4) സൻബല്ലത്തും തോബിയാവും മതിൽ പണി എതിർക്കുന്നു (നെഹെ.6:1-14)
(5) മതിൽ പണി 52 ദിവസം കൊണ്ടു തീരുന്നു (നെഹെ.6:15)
(6) ഉപവാസവും അനുതാപവും (നെഹെ.9)
(7) നെഹെമ്യാവിന്റെ നവീകരണങ്ങൾ (നെഹെ.13).

## നെഹെമ്യാവ് പണി പൂർത്തിയാക്കിയ 12 പടിവാതിലുകൾ:

യെരൂശലേം പട്ടണത്തിന്റെ മതിൽ പുനരുദ്ധരിച്ചപ്പോൾ കോട്ടമതിലിനു 12 പടിവാതിലുകൾ പണിത് കാവൽക്കാരായ അധിപതികളെ നിയമിക്കുകയും ചെയ്തു (നെഹെ.3:1-12:39).

1. ആട്ടിൻ വാതിൽ - (Sheep Gate) -- നെഹെ.3:1
2. മീൻ വാതിൽ - (Fish Gate) -- നെഹെ.3:2
3. പഴയ വാതിൽ - (Old Gate) -- നെഹെ.3:6
4. താഴ്‌വര വാതിൽ - (Valley Gate) -- നെഹെ.3:13
5. കുപ്പ വാതിൽ - (Refuse Gate) -- നെഹെ.3:14
6. ഉറവു വാതിൽ - (Fountain Gate) -- നെഹെ.3:15
7. നീർ വാതിൽ - (Water Gate) -- നെഹെ.3:26
8. കുതിര വാതിൽ - (Horse Gate) -- നെഹെ.3:28
9. കിഴക്കേ വാതിൽ - (East Gate) -- നെഹെ.3:29
10. ഹമ്മീഫ്ഖാദ് വാതിൽ- (Miphkad Gate) -- നെഹെ.3:31
11. എഫ്രയിം വാതിൽ - (Ephraim Gate) -- നെഹെ.8:16
12. കാരാഗൃഹ വാതിൽ - (Prison Gate) -- നെഹെ.12:39.

മൂന്നാം അദ്ധ്യായത്തിൽ അറ്റകുറ്റംതീർത്ത പത്തു വാതിലുകളെപ്പറ്റി പറഞ്ഞിരിക്കുന്നത് വിശ്വാസജീവിതത്തിൽ വിജകരമായ ക്രിസ്തീയജീവിതം കൈവരിക്കുവാൻ ഉതകുന്ന വാതിലുകളായി ചിന്തിക്കാം. ഓരോ വാതിലും നമ്മുടെ രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആത്മികസന്ദേശവും നല്കുന്നു. നെഹെമ്യാവിന്റെ കാലത്തിൽ യഹൂദന്മാർ കാത്തിരുന്ന മശിഹയുടെ വരവിനെ ദൈവം അവരോടറിയിക്കുന്ന മാദ്ധ്യമമായും വാതിലുകൾ ഇരിക്കുന്നു. പത്തു വാതിലുകളും കർത്താവിന്റെ ഒന്നാം വരവ്, രക്ഷണ്യപ്രവർത്തനങ്ങൾ, കാൽവറിയിലെ യാഗം, മഹത്വപ്രത്യക്ഷത, അന്തിമന്യായവിധി എന്നിവയുടെ സന്ദേശവും ഉൾക്കൊള്ളുന്നു. രക്ഷയുടെ വാതിലായ ആട്ടിൻവാതിൽ മുതൽ ന്യായാസനം വെളിപ്പെടുത്തുന്ന ഹമ്മീഫ്ഖാദ് വാതിൽ വരെയുള്ള ക്രമമായ ആരോഹണം വിശ്വാസജീവിതത്തിന്റെയും ക്രമമായ മുന്നേറ്റമാണ്

**(1) ആട്ടിൻ വാതിൽ - നെഹെ.3:1 — ( Sheep Gate)—**

യെരൂശലേം ദൈവാലയത്തിൽ യാഗത്തിനായി ആടുകളെ കൊണ്ടു വന്നിരുന്നതിനാൽ ഇത് ആട്ടിൻ വാതിൽ എന്ന പേരിലറിയപ്പെട്ടു. ആട്ടിൻ വാതിലാണ് പണിയുകയും പ്രതിഷ്ഠിക്കയും ചെയ്ത ഏകവാതിൽ. ആട്ടിൻ വാതിൽ ആടുകളുടെ വാതിലെന്ന നിലയിലും (യോഹ.10:7), ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന (യോഹ.1:29) നിലയിലും യേശുക്രിസ്തുവിനെ കുറിക്കുന്നു.

കുറ്റിയും കൊളുത്തും ഇല്ലാത്ത വാതിലാണ് ആട്ടിൻ വാതിൽ. ആയതുപോലെ ആത്മരക്ഷക്കായി സകലർക്കും സദാസമയവും യാതൊരു തടസ്സവുമില്ലാതെ യേശുക്രിസ്തുവിലൂടെ ദൈവീകനഗരത്തിൽ പ്രവേശിക്കുവാൻ കഴിയും.

**(2) മീൻ വാതിൽ — നെഹെ.3:2 — ( Fish Gate) ---**

മത്സ്യവില്പന മീൻ വാതിലിനു സമീപത്തായിരുന്നു. ദൈവനഗരത്തിലേക്കു പ്രവേശിക്കുന്നവർക്കു നാം ചെയ്തുകൊടുക്കേണ്ട ദൈവീകപരിചരണത്തെയും ശുശ്രൂഷയെയും മീൻവാതിൽ വെളിപ്പെടുത്തുന്നു. ആത്മാക്കളെ നേടുന്നതിനെ മീൻ വാതിൽ സൂചിപ്പിക്കുന്നു. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മത്താ.4:19/മർക്കൊ.1:19) എന്നു കർത്താവു ശിഷ്യന്മാരോടു പറഞ്ഞത് സുവിശേഷീകരണത്തെ കുറിക്കുന്നു.

**(3) പഴയ വാതിൽ — നെഹെ.3:6 (Old Gate) —**

ദൈവവചനത്തിലൂടെയുള്ള പഴയപാതകളെയും സത്യങ്ങളെയും പഴയവാതിൽ കുറിക്കുന്നു (യിരെ.6:16/18:15). ലോകം മുഴുവനും പുതിയതിനെ തിരഞ്ഞു ഓടുമ്പോൾ (അപ്പൊ.17:21),വിശ്വാസി രക്ഷയെയും, നിത്യജീവനെയും, സ്വർഗ്ഗീയമായതിനെയും നോക്കിക്കൊണ്ടു ജീവിക്കണം. പഴയമതിൽ എപ്പോഴും മൂലക്കല്ലോടു ബന്ധപ്പെട്ടിരിക്കുന്നതുപോലെ വിശ്വാസികൾ കർത്താവിനോടു ബന്ധപ്പെട്ടിരിക്കുന്നു (എഫെ.2:20). ലോകം മാറ്റങ്ങൾക്കു ലക്ഷ്യമിടുകയും കുതിക്കുകയും ചെയ്യുമ്പോൾ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായിരിക്കുന്നു (എബ്രാ.13:8).

**(4) താഴ്വര വാതിൽ — നെഹെ.3:13 — (Valley Gate) ---—**

താഴ്വരവാതിൽ താഴ്മയെ സൂചിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു താഴ്മധരിച്ചു വന്നതിനെ കുറിക്കുന്നു (ഫിലി.2:1-10). കർത്താവു തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി താഴ്മയെ പ്രദർശിപ്പിച്ചു (യോഹ.13:5). ദൈവജനത്തിന്റെ ശത്രുവായി അറിയപ്പെട്ട ശൗൽ (അപ്പൊ.9) ദമൊസ്ക്കൊസിൽവെച്ചു ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ പൗലൊസ് (ചെറിയവൻ) ആയി ഏറ്റവും താഴ്മയുള്ളവനായിത്തീർന്നു. താഴ്വരയുടെ അനുഭവത്തിൽമാത്രമേ ദൈവം അനുഗ്രഹിക്കയുള്ളു. നിഗളികളെ ദൈവം വെറുക്കുന്നു.

**(5) കുപ്പ വാതിൽ — നെഹെ.3:14 — (Refuse Gate)**

പട്ടണത്തിലെ മാലിന്യങ്ങളും ചപ്പുചവറുകളും കുപ്പവാതിൽ വഴിയാണ് പുറത്തു കൊണ്ടുപോയിരുന്നത്. കുപ്പവാതിൽ വിശ്വാസജീവിതത്തിലെ ശുദ്ധീകരണവും വെടിപ്പാക്കലും വിളിച്ചറിയിക്കുന്നു (യെശ.1:16,17/2.കൊരി.7:1/1.പത്രൊ.2:1/1.യോഹ.1:9). താഴ്വരവാതിലും കുപ്പവാതിലും സമീപത്തായിരിക്കുന്നു. വിശ്വാസജീവിതത്തിൽ താഴ്മധരിക്കുമ്പോൾ സകവലവിധ പാപങ്ങളും മാലിന്യങ്ങളും പുറത്തുകളയുവാൻ ഇടയാകുന്നതിനെ സൂചിപ്പിക്കുന്നു. പൗലൊസിന്റെ ജീവിതം പരിശോധിച്ചാൽ താൻ താഴ്വരവാതിൽ അഥവാ താഴ്മധരിച്ചശേഷം കുപ്പവാതിലിലൂടെ ജീവിതത്തിലെ സകല മാലിന്യങ്ങളും പുറത്തുകളയുന്നു (ഫിലി.3:3-8). നമ്മുടെ ജീവിതത്തിലും രക്ഷിക്കപ്പെട്ട നാളിൽ കുപ്പവാതിൽ സജീവമായിരുന്നു. എന്നാൽ കാലം കഴിയുന്തോറും കുപ്പവാതിലിനു പ്രസക്തി നഷ്ടപ്പെടാതെ അതിലൂടെ മാലിന്യങ്ങൾ പുറത്തു കളയണം. എങ്കിലേ വിശുദ്ധീകരണപാതയിൽ ജീവിതം നയിക്കുവാൻ സാദ്ധ്യമാകൂ.

**(6) ഉറവു വാതിൽ — നെഹെ.3:15 — (Fountain Gate) —**

ഉറവു വാതിൽ ജീവജലത്തിന്റെ ഉറവയായ കർത്താവിനെ കുറിക്കുന്നു (യോഹ.4:14). ഒരിക്കൽ കുടിക്കുക മാത്രമല്ല എക്കാലത്തും കർത്താവിൽ നിന്നു കുടിക്കണം. ഉറവുവാതിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയും സൂചിപ്പിക്കുന്നു (യോഹ.7:37-39). ജീവിതത്തിലെ മാലിന്യങ്ങളെല്ലാം കുപ്പവാതിലിലൂടെ പുറന്തള്ളുമ്പോൾ ജീവജലത്തിന്റെ ഉറവായ കർത്താവിലൂടെ ആത്മീകാനുഗ്രഹങ്ങൾ സമൃദ്ധിയായി പാനം ചെയ്യുവാൻ സാധിക്കും. തുടർന്നു ആത്മനിറവിനാൽ ആത്മഫലം പുറപ്പെടുവിച്ചു വിശുദ്ധിയിൽ ജീവിക്കുവാനിടയാകുന്നു. താഴ്വരവാതിൽ, കുപ്പവാതിൽ, ഉറവുവാതിൽ എന്നിവ അടുത്തടുത്തു സ്ഥിതി ചെയ്യുന്നതുപോലെ നമ്മുടെ വിശ്വാസജീവിതത്തിലും ഇതിനു പ്രസക്തിയുണ്ട്.

**(7) നീർ വാതിൽ — നെഹെ.3:26 — (Water Gate) —**

പട്ടണത്തിനകത്തുള്ള ദൈവാലയത്തിലെ ആവശ്യങ്ങൾക്കായി വെള്ളം കൊണ്ടുപോയിരുന്നത് നീർവാതിലിലൂടെയാണ്. വിശ്വാസിയെ വെടിപ്പാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ദൈവവചനത്തെ നീർവാതിൽ കുറിക്കുന്നു (എഫെ.5:26/സങ്കീ.119:9). അറ്റകുറ്റപണി ആവശ്യമില്ലാത്ത നീർവാതിൽ ഏഴാമത്തേതാണ്. ഏഴു എന്ന സംഖ്യ തിരുവചനത്തിൽ സമ്പൂർണ്ണതെയെ വെളിപ്പെടുത്തുന്നു.

മാറ്റമില്ലാതെ തിരുത്തലുകൾ ആവശ്യമില്ലാതെ എന്നേക്കും സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്ന ദൈവവചനത്തിന്റെ പരിപൂർണ്ണതയെ നീർവാതിൽ കുറിക്കുന്നു (സങ്കീ.119:89). വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിക്കുകയും (1.പത്രൊ.2:2), ന്യായപ്രമാണത്തിൽ രാപ്പകൽ സന്തോഷിക്കുകയും വേണം (സങ്കീ.1).

**(8) കുതിര വാതിൽ — നെഹെ.3:28 — (Horse Gate) —**

യുദ്ധങ്ങൾക്കായി രഥങ്ങളും കുതിരകളും പുറത്തേക്കു പോയിരുന്ന വാതിലാണ് കുതിര വാതിൽ. കുതിര വാതിൽ യുദ്ധം അഥവാ പോരാട്ടത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തീയജീവിതം പോരാട്ടം നിറഞ്ഞതാണ്. നാം യുദ്ധത്തിനായും പോരാട്ടത്തിനായും ഏതു സമയവും കരുതലോടെ ഒരുങ്ങിയിരിക്കണം (2.തിമൊ.2:1-4). സാത്താനെന്ന പൊതുശത്രു നമുക്കുണ്ട്. അവനെ നേരിടാൻ ജഡികമായ ആയുധമല്ല എടുക്കേണ്ടത് (2.കൊരി.10:4). പോരാടാനും ജയിക്കാനാനുമായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുക്കണം (എഫെ.6:10-18).

**(9) കിഴക്കേ വാതിൽ - നെഹെ.3:29 — (East Gate) —**

കിഴക്കേ വാതിൽ ഉദിച്ചുയരുന്ന സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. നീതിസൂര്യനായ ക്രിസ്തുവിനെയും (മലാ.4:12), ക്രിസ്തുവിന്റെ ഉത്പ്രാപണത്തെയും (1.തെസ്സ.4:16), ക്രിസ്തുവിന്റെ മടങ്ങിവരവിനെയും (മത്താ.24:27) കിഴക്കേവാതിൽ കുറിക്കുന്നു. പാപത്തിൽ വീണുപോയ ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിന്റെ കിഴക്കേ വാതിൽ വഴിയായിരുന്നു പുറത്താക്കിയിരുന്നത് (ഉല്പ.3:24). എന്നാൽ പാപമോചനത്തിനായും ദൈവീക കൂട്ടായമ്ക്കായും ദൈവത്തിന്റെ വാസസ്ഥലമായ സമാഗമനകൂടാരത്തിലേക്കു പ്രവേശിക്കുവാനുള്ളതും കിഴക്കേവാതിൽ വഴിയായിരുന്നു. ദൈവമഹത്വം ദൈവാലയത്തിന്റെ കിഴക്കേവാതിൽ വഴിയായി പുറപ്പെട്ടു പോകുകയും (യെഹെ.10:16-22/11:22-25), കിഴക്കേ വാതിൽ വഴിയായി തിരികെ വരികയും (യെഹെ.43:1-5) ചെയ്തത് യെഹെസ്കേൽ ദർശിക്കുന്നു.

**(10) ഹമ്മീഫ്ഖാദ് വാതിൽ — നെഹെ.3:31 — (Miphkad Gate) —**

ന്യായധിപന്മാർ പരാതികൾ കേൾക്കുകയും തീർപ്പു കല്പിക്കുകയും ചെയ്തിരുന്നത് ഹമ്മീഫ്ഖാദ് വാതില്കലായിരുന്നു. പരിശോധന, കണക്കെടുപ്പ്, തിട്ടപ്പെടുത്തൽ എന്നൊക്കെയാണ് ഹമ്മീഫ്ഖാദ് എന്ന എബ്രായപദത്തിനർത്ഥം. ദൈവം സകലരെയും ന്യായം വിധിക്കുന്ന ഒരു വേളയുണ്ട്. വിശ്വാസികൾക്കു ശിക്ഷാവിധിയില്ലെങ്കിലും അവർ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ കണക്കു കൊടുക്കേണ്ടി വരും (റോമ.14:10/1.കൊരി.3:10-20/2.കൊരി.5:10/വെളി.20:11-15).

## ക്രിസ്തു നെഹെമ്യാവിൽ —

### തന്റെ ജനത്തെ മടക്കിവരുത്തുന്നവൻ (Restorer of His People)

(1) ദൈവജനത്തെ അവരുടെ പരിതാപകരമായ അവസ്ഥയിൽ നിന്നു വീണ്ടെടുക്കുന്നതിൽ നെഹെമ്യാവിന്റെ പ്രവർത്തനം ക്രിസ്തുവിന്റെ നിഴലായി കാണുന്നു. ജനത്തിന്റെ ദുരിതം മാററുവാനായി, രാജധാനിയിലെ ഉന്നതസ്ഥാനം ഉപേക്ഷിച്ചു അവരുടെ ഇടയിലേക്കു ഇറങ്ങി ചെല്ലുന്ന നെഹെമ്യാവ്, സ്വർഗ്ഗത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാൻ സകല സ്ഥാനവും വെടിഞ്ഞു, മനുഷ്യനായി വന്ന യേശുക്രിസ്തുവിനെ കാണിക്കുന്നു (ഫിലി.2:6—11).

(2) നെഹെമ്യാവിന്റെ മാതൃകാപരമായ പ്രാർത്ഥനാജീവിതവും, പ്രവർത്തനവും, ദൈവത്തിലുള്ള ആശ്രയവും, ക്രിസ്തുവിനെ ചിത്രീകരിക്കുന്നു.

(3) ഈ പുസ്തകത്തിൽ രാജാവ് ഒഴികെ എല്ലാം പുനസ്ഥാപിക്കപ്പെടുന്നു. ദൈവാലയം പണിയപ്പെട്ടു; രാജധാനിയായ നഗരം സ്ഥാപിതമായി; ദൈവികനിയമം പുനഃസ്ഥാപിക്കപ്പെട്ടു; ജനങ്ങൾ ആത്മീക ഉണർവുള്ളവരായി. ദാനിയേൽ പ്രവചനത്തിലെ 70 ആഴ്ചവട്ടത്തിന്റെ തുടക്കമാണിത് (ദാനി. 9:25,26). എ.ഡി 33 - ൽ ക്രിസ്തുവിന്റെ യെരുശലേമിലെ രാജകീയ പ്രവേശനം നിറവേറി.

(4) നവീകരണ കർത്താവ് — നെഹെ.13:4-22/ മത്താ.23:1-36

(5) ഉടമ്പടി പാലിക്കുന്ന ദൈവം (Covenant Keeping God — നെഹെ.1:5). യേശുക്രിസ്തുവിലൂടെ ദൈവം തന്റെ നിയമവും, ദയയും പാലിക്കുന്നതായി കാണുന്നു.

-----------------------------------

# (17) എസ്ഥേർ — ESTHER

സ്ത്രീകളുടെ പേരിൽ കാണപ്പെടുന്ന രണ്ടാമത്തെ പുസ്തകമാണ് എസ്ഥേർ. ആദ്യത്തേത് രൂത്ത്. പേർഷ്യൻ സാമ്രാജ്യം ഭരിച്ചിരുന്ന അഹശ്വേരോശ് രാജാവിന്റെ ഭരണകാലത്തു രാജാവിന്റെ കല്പന അനുസരിക്കാത്ത വസ്ഥി രാജ്ഞി സ്ഥാനഭ്രഷ്ടയായി. രാജാവിന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ട കന്യകമാരിൽനിന്ന് എസ്ഥേർ രാജ്ഞിയായി തിരഞ്ഞെടുക്കപ്പെട്ടു.

ശൂശൻ രാജധാനിയിൽ സേവചെയ്തുപോന്ന മൊർദ്ദെഖായിയുടെ ചിററപ്പന്റെ മകളായ ഒരു അനാഥ ബാലികയായിരുന്നു എസ്ഥേർ. എസ്ഥേറിലെ പ്രധാന കഥാപാത്രമായ ഹാമാൻ അമാലേക്യരാജാവായ ആഗാഗിന്റെ വംശത്തിൽ പെട്ടവനായിരുന്നു (1.ശമൂ.15:8,32,33). മൊർദ്ദെഖായി ബന്യാമീന്യനായ ശൗൽ രാജാവിന്റെ പിൻതലമുറക്കാരനായ ഒരു യഹൂദനും ആയിരുന്നു. പുറ.17:14 -ൽ *"അമാലേക്കിന്റെ ഓർമ്മ ആകാശത്തിന്റെ കീഴിൽനിന്നു അശേഷം മായിച്ചു കളയും"* എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അമാലേക്യർ ദൈവത്തിന്റെ ശത്രുവായി മൊർദ്ദെഖായി കരുതി. അക്കാരണത്താൽ അമാലേക്യനായ ഹാമാനെ നമസ്കരിക്കുവാൻ മൊർദ്ദെഖായി ഇഷ്ടപ്പെട്ടില്ല. ആയതിനാൽ വൃദ്ധനായ മൊർദ്ദെഖായിയെ മാത്രമല്ല അവന്റെ വർഗ്ഗക്കാരെ മുഴുവൻ നശിപ്പിക്കുന്നതിന് ദുഷ്ടനായ ഹാമാൻ തീരുമാനിച്ചു (എസ്ഥേർ.3:4-11). തുടർന്നു യെഹൂദന്മാരെ നശിപ്പിക്കുന്നതിനു ഹാമാൻ രഹസ്യനീക്കങ്ങൾ നടത്തി. എന്നാൽ എസ്ഥേർ വഴിയായി ദൈവജനത്തിന് രക്ഷ ലഭിക്കുന്നു. മൊർദ്ദെഖായിയെ കൊല്ലുവാൻ ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിൽത്തന്നെ ഹാമാനെ തൂക്കിക്കൊല്ലുന്നു (എസ്ഥേർ. 9:14).

സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ യെരുശലേമിലേക്കു പുറപ്പെട്ട പ്രവാസികളുടെ ആദ്യ സംഘം ദാര്യാവേശ് രാജാവിന്റെ കാലത്ത് ദൈവാലയപണി പൂർത്തിയാക്കി, ആലയപ്രതിഷ്ഠ നടത്തിയതായി എസ്രാ. 6 - ൽ പറയുന്നു. ഇതു കഴിഞ്ഞു 60 വർഷങ്ങൾക്കു ശേഷമാണ് ഏഴാം അദ്ധ്യായത്തിൽ വിവരിക്കുന്ന കാര്യങ്ങൾ സംഭവിക്കുന്നത്. എസ്രാ 6,7 അദ്ധ്യായങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലാണ് എസ്ഥേറിൽ വിവരിക്കുന്ന സംഭവങ്ങൾ നടക്കുന്നത്. ബൈബിളിൽ നെഹെമ്യാവിന്റെ പുസ്തകത്തിനു ശേഷമാണ് എസ്ഥേർ വരുന്നതെങ്കിലും നെഹെമ്യാവിലെ സംഭവങ്ങൾക്കു 30 വർഷങ്ങൾക്കു മുമ്പാണ് എസ്ഥേറിലെ സംഭവങ്ങൾ നടക്കുന്നത്.

പേർഷ്യൻ പേരായ എസ്ഥേറിന്റെ അർത്ഥം **"നക്ഷത്രം"** (Star). എന്നാണ്. എസ്ഥേറിന്റെ ദൗത്യം യഹൂദാ ജാതിയുടെ രക്ഷയായിരുന്നു. യഹൂദാജാതിക്കു അവൾ ഒരു നക്ഷത്രത്തെപ്പോലെ പ്രകാശിച്ചു. എബ്രായനാമം **"ഹദസ്സാ"** — Hadassah -- (എസ്ഥേർ.2:7). അതിന്റെ അർത്ഥം **"കൊഴുന്തു"** (Myrtle). യെശ.55:13-ൽ മുള്ളിനും പറക്കാരയ്ക്കും പകരം സരളവൃക്ഷവും കൊഴുന്തും മുളയ്ക്കും എന്നു കാണുന്നു. അനുഗ്രഹത്തെയും വീണ്ടെടുപ്പിനെയും കൊഴുന്തു കാണിക്കുന്നു.

എസ്ഥേർ എന്ന പേരിനു ഞാൻ ഒളിപ്പിക്കപ്പെടും (I will be hidden) എന്നു മൂന്നാമതൊരു അർത്ഥവുമുണ്ട്. യഹൂദാജനത്തിനു ദൈവത്താൽ ലഭിച്ച വിടുതലും സംരക്ഷണവും ഇതു കുറിക്കുന്നു. പേർഷ്യയിലും ബാബിലോണിലും പാർത്തിരുന്ന യഹൂദന്മാർ അംഗസംഖ്യയിൽ കുറവുള്ളവരും ജാതീയഭരണചുറ്റുപാടുകളിൽ ഒറ്റപ്പെട്ടവരായി ഏറെ പ്രയാസമനുഭവിക്കുന്നവരുമായിരുന്നു. എന്നാൽ ദൈവം തന്റെ ജനത്തെ അവർ എവിടെ ആയിരുന്നാലും ഏതു സന്ദർഭത്തിലായിരുന്നാലും തന്റെ കൈക്കീഴിൽ ഒളിപ്പിച്ചു സംരക്ഷിച്ചതിനെ ഈ പേരു വ്യക്തമാക്കുന്നു. എസ്ഥേറിൽ കൂടി യഹൂദാജനത്തിനു ദൈവത്തിന്റെ കരുതലും സംരക്ഷണവും അനുഭവിച്ചറിയുവാനിടയായി.

**എഴുതിയത്** : മൊർദ്ദെഖായി എന്നു പൊതുവേ അഭിപ്രായപ്പെടുന്നു (എസ്രായോ, നെഹെമ്യാവോ ആയിരിക്കാം എന്നും അഭിപ്രായമുണ്ട്)

**എഴുതിയ കാലം** : ഏകദേശം ബി.സി. 464

**പ്രധാന പദങ്ങൾ** : (1) ദൈവത്തിന്റെ കരുതൽ (2) ജാഗ്രത

**പ്രധാന വാക്യങ്ങൾ** : എസ്ഥേർ.4:14 /8:17 **പ്രധാന അദ്ധ്യായം** : എസ്ഥേർ.8

**വിഷയം** : എസ്ഥേർ വഴിയായി യഹൂദാജനത്തോടുള്ള ദൈവകരുതൽ.

**പ്രധാനവ്യക്തികൾ :**

**(1) അഹശ്വേരോശ് രാജാവ്** (King Ahasuerus) —

ഹിന്തുദേശം (ഇൻഡ്യ) മുതൽ കൂശ് (എത്യോപ്യാ) വരെയുള്ള 127 സംസ്ഥാനങ്ങൾ വാണിരുന്ന പാർസി രാജാവ് - ശൂശൻ രാജധാനിയായിരുന്നു ആസ്ഥാനം (എസ്ഥേർ.1:1,2). പാർസിരാജാക്കന്മാരുടെ സ്ഥാനപ്പേരായിരുന്നു ബഹുമാന്യനായ അഥവാ വീരനായ എന്നർത്ഥമുള്ള അഹശ്വേരോശ് എന്ന നാമം എന്നു കരുതപ്പെടുന്നു.

**(2) വസ്ഥിരാജ്ഞി** (Queen Vashti) --

അഹശ്വേരോശ് രാജാവിന്റെ പത്നി - രാജാവിന്റെ കല്പന അനുസരിക്കാഞ്ഞതിനാൽ രാജ്ഞി സ്ഥാനത്തു നിന്നു നിഷ്കാസിതയായി (എസ്ഥേ.1).

**(3) എസ്ഥേർ** ( Esther ) —

സ്ഥാനഭ്രഷ്ടയായ വസ്ഥിക്കു പകരം രാജ്ഞിയായവൾ, യഹൂദന്മാരെ മുഴുവൻ കൂട്ടക്കൊല ചെയ്യുവാൻ പദ്ധതി ആസൂത്രണം ചെയ്ത ഹാമാനിൽ നിന്നു യഹൂദാജനത്തെ രക്ഷിച്ചവൾ (എസ്ഥേർ.2 –9).

**(4) മൊർദ്ദെഖായി** ( Mordecai ) —

അഹശ്വരോശ് രാജാവിന്റെ കൊട്ടാരത്തിലെ യഹൂദനായ ഉദ്യോഗസ്ഥൻ, ചിറ്റപ്പന്റെ മകളായ എസ്ഥേറിനെ (മൊർദ്ദെഖായിയുടെ പിതൃസഹോദരൻ) മാതാപിതാക്കൾ മരിച്ചു പോയതിനാൽ എടുത്തു വളർത്തിയവൻ, രാജ്ഞിയായ എസ്ഥേറിന്റെ ഉപദേഷ്ടാവ്, ഹാമാന്റെ മരണത്തെ തുടർന്നു അഹശ്വരോശ് രാജാവ് രാജ്യത്തിന്റെ രണ്ടാമനായി ഉയർത്തപ്പെട്ടവൻ.

**(5) ഹാമാൻ** ( Haman ) —

അഹശ്വരോശ് രാജാവിന്റെ പ്രഭുക്കന്മാരിൽ ഒരുവൻ, ആഗാഗിന്റെ വംശത്തിൽ പെട്ടവൻ, മൊർദ്ദെഖായിയെയും യഹൂദന്മാരെയും കൊല്ലുവാൻ സൂത്രങ്ങൾ ഒരുക്കിയവൻ, മൊർദ്ദെഖായിക്കു ഒരുക്കിയ കഴുമരത്തിൽത്തന്നെ തൂക്കിക്കൊല്ലപ്പെട്ടവൻ (3-9).

**പുസ്തക വിഭജനം:** (10 അദ്ധ്യായങ്ങൾ) —

| | | |
|---|---|---|
| (1) | എസ്ഥേറിന്റെ ഉയർച്ച | 1 — 2 |
| (2) | ഹാമാന്റെ ഉയർച്ചയും, താഴ്ചയും | 3 — 7 |
| (3) | മൊർദ്ദെഖായിയുടെ ഉയർച്ചയും യഹൂദന്മാരുടെ വിജയവും | 8 — 10 |

**പ്രധാനസംഭവങ്ങൾ :**

(1) അഹശ്വരോശ് രാജാവിന്റെ വിരുന്ന് (എസ്ഥേർ.1)

(2) എസ്ഥേറിന്റെ തിരഞ്ഞെടുപ്പ് (എസ്ഥേർ.2)

(3) രാജാവിന്റെ ജീവൻ മൊർദ്ദെഖായി രക്ഷിക്കുന്നു (എസ്ഥേർ.2:21-23)

(4) യഹൂദന്മാരെ നശിപ്പിക്കുവാനുള്ള ഹാമാന്റെ ഗൂഢാലോചന (എസ്ഥേർ.3)

(5) എസ്ഥേറിന്റെ മദ്ധ്യസ്ഥത (എസ്ഥേർ.4)

(6) നിയമപ്രകാരമല്ലാതെ രാജസന്നിധിയിൽ ചെല്ലുന്ന എസ്ഥേർ (എസ്ഥേർ.5)

(7) രാജാവിന്റെ ഉറക്കമില്ലായ്മയും മൊർദ്ദെഖായിയുടെ സേവനത്തിന്റെ അംഗീകാരവും (6)

(8) ഹാമാന്റെ പതനം (എസ്ഥേർ.7)

(9) മൊർദ്ദെഖായിയുടെ ഉയർച്ചയും യഹൂദാജനത്തിന്റെ വിടുതലും (എസ്ഥേർ.8)

(10) യഹൂദാജനത്തിന്റെ സന്തോഷം (എസ്ഥേർ.9)

(11) മൊർദ്ദെഖായിയുടെ ഉന്നതപദവി (എസ്ഥേർ.10)

## പുരീം ഉത്സവം

(Purim Fesival) എസ്ഥേർ.9:24-32 —

ആഗാഗ്യനായ ഹാമാൻ ശത്രുക്കളായ യെഹൂദന്മാരെ നശിപ്പിക്കുന്നതിനു ഉപായം ചിന്തിക്കു കയും അതിനായി പൂര് എന്ന ചീട്ട് ഇടുകയും ചെയ്തു. ഇക്കാര്യം രാജാവിനു അറിവു കിട്ടി. എന്നാൽ ഹാമാൻ യെഹൂദന്മാർക്കു വിരോധമായി ചിന്തിച്ചിരുന്ന ഉപായം അവന്റെ തലയിലേക്കു തന്നെ തിരി യുവാനിടയായി. അവനെയും അവന്റെ പുത്രന്മാരെയും കഴുകുമരത്തിന്മേൽ തൂക്കിക്കളയുവാൻ രാജാവ് രേഖാമൂലം കല്പന കൊടുത്തു. യെഹൂദന്മാർക്കു ആഹ്ലാദം പകർന്ന ആ നാളുകൾക്ക് പൂര് എന്ന പദ ത്താൽ പുരീം എന്നു പേർ വിളിച്ചു. കൂടാതെ മൊർദ്ദെഖായിയുടെ കല്പന പ്രകാരം പൂരീമിന്റെ ഓർമ്മെ ക്കായി ആണ്ടിൽ രണ്ടു ദിവസം വാർഷിക ഉത്സവം കൊണ്ടാടുവാനും യെഹൂദന്മാർ നിശ്ചയിച്ചു. ശത്രുക്കളുടെ കയ്യിൽനിന്നു തങ്ങളെ വിടുവിച്ച ആ ദിവസങ്ങളെ വിരുന്നും സന്തോഷവുമുള്ള ദിവസ ങ്ങളായും തമ്മിൽ തമ്മിൽ സമ്മാനങ്ങളും ദരിദ്രന്മാർക്കു ദാനധർമ്മങ്ങളും കൊടുക്കുന്ന നാളുകളുമായി അവർ ആചരിച്ചു. ഇതിനെയാണ് പുരീം ഉത്സവം എന്നു പറയപ്പെടുന്നത്.

ലേവ്യാ. 23 -ൽ കാണുന്ന ഉത്സവങ്ങൾ ദൈവം നിയമിച്ചതാണെങ്കിൽ പുരീം ഉത്സവം മനുഷ്യൻ നിയമിച്ചതാണ്. എങ്കിലും ഈ ഉത്സവം യെഹൂദന്മാർ അതേ പേരിൽ ഇന്നും കൊണ്ടാടുന്നു.

**പ്രത്യേകത:**

(1) ബൈബിളിൽ ഇൻഡ്യയെ പരാമർശിക്കുന്ന ഒരു ഭാഗം ഒന്നാം വാക്യത്തിൽ കാണുന്നു (എസ്ഥേർ.1:1).

(2) ദൈവം എന്ന പദം ഒരിടത്തും ഉപയോഗിച്ചിട്ടില്ല. എങ്കിലും ദൈവത്തിന്റെ സാന്നിദ്ധ്യവും ദൈവകരുതലും പുസ്തകത്തി ലുടനീളം കാണാം.

(3) സ്ത്രീകളുടെ പേരിൽ കാണുന്ന രണ്ടു പുസ്തകങ്ങളാണ് എസ്ഥേർ, രൂത്ത്. രൂത്ത് ഒരു ജാതീയ സ്ത്രീ, അവൾ ഒരു യെഹൂദനെ വിവാഹം കഴിച്ചു. എസ്ഥേർ ഒരു യെഹൂദാ സ്ത്രീ പക്ഷേ ഒരു ജാതീയനെ വിവാഹം കഴിച്ചു. രണ്ടുപേരും വിശ്വാസവും ധൈര്യവും ഉളളവരായിരുന്നു. രണ്ടുപേരും യിസ്രായേൽ രാഷ്ട്രത്തെ രക്ഷിച്ചു.- രൂത്തിൽ കൂടി ഒരു മകൻ (യേശു ക്രിസ്തു-മത്താ.1:5-16) വഴിയായും, എസ്ഥേറിൽ കൂടി ഒരു ശത്രുവിനെ (ഹാമാൻ) മരണത്തിന്നിരയാക്കിയതിനാലും.

# ക്രിസ്തു എസ്ഥേറിൽ —

### ജനത്തിനു വേണ്ടി പക്ഷവാദം ചെയ്യുന്നവൻ

(1) ക്രിസ്തുവിനെപ്പോലെ എസ്ഥേറും തന്റെ ജനത്തിനു വേണ്ടി മരണം വരിക്കാൻ തയ്യാറാകുന്നു. ക്രിസ്തു ദൈവത്തോട് മദ്ധ്യസ്ഥതയും അഭയയാചനയും ചെയ്യുന്നതുപോലെ എസ്ഥേരും യെഹൂദന്മാർക്കുവേണ്ടി അഭയയാചന നടത്തി.

(2) എസ്ഥേറിൽ ദൈവജനത്തെ നശിപ്പിക്കുവാനുളള ഹാമാന്റെ ഗൂഢതന്ത്രങ്ങളെ പൊളിച്ച് അവനെ മരണത്തിന് വിധേയനാക്കുന്നതുപോലെ യേശുക്രിസ്തു സാത്താനെ തോൽപ്പിച്ചു രക്ഷ നൽകി.

(3) മൊർദ്ദെഖായി പല കാര്യങ്ങളിൽ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിനെ പ്രതിബിംബിക്കുന്നു. മൊർദ്ദെഖായി "യെഹൂദന്മാരിൽ വെച്ചു മഹാനും സഹോദരസംഘത്തിനു ഇഷ്ടനും സ്വജനത്തിനു ഗുണകാംക്ഷിയും തന്റെ സർവ്വവംശത്തിനും അനുകൂലവാദിയും ആയിരുന്നു" എന്ന വാക്യങ്ങൾ (എസ്ഥേർ 10: 1- 3) യേശുക്രിസ്തുവിനെയും കുറിക്കുന്നു (ഫിലി. 2:9,10 / റോമ.11:25-27).

(4) യേശു മൊർദ്ദെഖായിയേക്കാൾ വലിയ ഉദ്ധാരകൻ (എസ്ഥേ.10:3).

(5) ഉദ്ധാരണവും രക്ഷയും നൽകുന്ന ദൈവം ( എസ്ഥേർ 4:14) (God of Our Providence).

-----------------------------------

# (18) ഇയ്യോബ് — JOB

എസ്ഥേറിന്റെ പുസ്തകത്തോടെ ബൈബിളിലെ ചരിത്രപുസ്തകങ്ങൾ അവസാനിക്കുന്നു. തുടർന്നു അഞ്ചു കാവ്യഗ്രന്ഥങ്ങൾ. അതിൽ ഒന്നാമത്തേത് ഇയ്യോബ്. ബൈബിളിലെ ഏറ്റവും പ്രാചീനഗ്രന്ഥമാണിത്. ഗോത്രപിതാവായ അബ്രഹാമിന്റെ സമകാലികനാണ് ഇയ്യോബ് എന്നു കരുതുന്നു. എബ്രായ ഭാഷയിൽ ഇയ്യോബ് എന്ന പദത്തിനു "പീഡിപ്പിക്കപ്പെട്ടവൻ" എന്നർത്ഥമുണ്ട്. ഏററവും നീതിമാനായ ഇയ്യോബ് എന്ന മനുഷ്യൻ അനുഭവിക്കുന്ന അതികഠിനമായ പീഡകളാണ് ഈ ഗ്രന്ഥത്തിലെ വിഷയം. മഹാധനികനായിരുന്ന ഇയ്യോബ് (ഇയ്യോ.1:3) നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷംവിട്ടകലുന്നവനും ആയിരുന്നു (ഇയ്യോബ്. 1:1,8).

ഇയ്യോബിന്റെ കുടുംബം ഒരു മാതൃകാ കുടുംബമായിരുന്നു. മക്കൾ തമ്മിൽ തമ്മിൽ സാഹോദര്യസ്നേഹബന്ധത്തിലും കൂട്ടായ്മയിലും കഴിഞ്ഞവരായിരുന്നു (ഇയ്യോ.1:4). *"എന്നാൽ വിരുന്നുനാളുകൾ വട്ടം തികയുമ്പോൾ ഇയ്യോബ് പക്ഷെ എന്റെ പുത്രന്മാർ പാപം ചെയ്തു ദൈവത്തെ ഹൃദയം കൊണ്ടു ത്യജിച്ചു പോയിരിക്കും എന്നു പറഞ്ഞു ആളയച്ചു അവരെ വരുത്തി ശുദ്ധീകരിക്കയും നന്നാരാവിലെ എഴുന്നേറ്റു അവരുടെ സംഖ്യക്കു ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായിപ്പോഴും ചെയ്തു പോന്നു"* (ഇയ്യോ.1:5) എന്നത് കാണിക്കുന്നതു തന്റെ മക്കൾക്കായി ദൈവസന്നിധിയിൽ മദ്ധ്യസ്ഥപ്രാർത്ഥന കഴിക്കുന്ന പിതാവിനെയാണ്.

തന്റെ മൃഗസമ്പത്തുകൾ, വസ്തുവകകൾ, മക്കൾ എല്ലാം ഓരോന്നായി നഷ്ടപ്പെട്ടു. അപ്പോഴും ദൈവഭക്തനായ ഇയ്യോബിനു പറയുവാനുണ്ടായിരുന്നത് *"യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ"* (ഇയ്യോ.1:21) എന്നായിരുന്നു. ദൈവത്തിന്റെ മഹത്വവും ജ്ഞാനവും ദർശിച്ച് തന്റെ ഒന്നുമില്ലായ്മ മനസ്സിലാക്കി ദൈവസന്നിധിയിൽ വിനയപ്പെടുകയും, തന്റെ സ്നേഹിതന്മാർക്കായി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ദൈവം കരുണ കാണിച്ചു. *"മുമ്പേ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു"* (ഇയ്യോ.42:10). ആടുകളും, കന്നുകാലികളും, ഒട്ടകങ്ങളും, കഴുതകളും ഉൾപ്പെട്ട മൃഗസമ്പത്തു ഇരട്ടിയായി (ഇയ്യോ.1:3/ഇയ്യോ.42:12). മക്കളുടെ കാര്യത്തിൽ ദൈവം വീണ്ടും ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉൾപ്പെട്ട പത്തു മക്കളെ മാത്രമേ കൊടുത്തുള്ളു. മൃഗങ്ങളും വസ്തുവകകളും നശിച്ചു പോയതുപോലെ ആദ്യമുണ്ടായ പത്തു മക്കൾ നശിക്കാതെ സ്വർഗ്ഗത്തിൽ ജീവിക്കുന്നു. അതായതു സ്വർഗ്ഗത്തിൽ പത്തു മക്കളും, ഇപ്പോഴുള്ള പത്തു മക്കളുമുൾപ്പെടെ ഇരുപതു മക്കളായതിനാൽ അതിലും ഇരട്ടി ലഭിച്ചു.

**മൂന്നു പുത്രിമാരുടെ പേരുകൾ** (ഇയ്യോ.42:14) —

(1) യെമീമാ (Jemima) = പ്രാവ്

(2) കെസീയ (Kezia) = ലവംഗം /സുഗന്ധക്കുഴമ്പ്

(3) കേരെൻ-ഹപ്പൂക്ക് (Keren- happuch) = വർദ്ധനവിന്റെ കൊമ്പ്.

ഇയ്യോബ് വളരെ ജ്ഞാനവും, വിവേകവും ഉള്ള ഒരു ദൈവഭക്തനായിരുന്നു. ജ്ഞാനം എവിടെ കണ്ടു കിട്ടും? വിവേകത്തിന്റെ ഉത്ഭവസ്ഥാനം എവിടെ? (ഇയ്യോ.28:12,20) എന്നീ ചോദ്യങ്ങൾക്കുത്തരം ഇയ്യോബ് നൽകിയിരിക്കുന്നു. *"കർത്താവിനോടുള്ള ഭക്തി തന്നേ ജ്ഞാനം; ദോഷം അകന്നു നടക്കുന്നതു തന്നേ വിവേകം"* (ഇയ്യോ.28:28).

ദൈവഭക്തനും നീതിമാനുമായ ഒരുവൻ എന്തുകൊണ്ടാണ് കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വരുന്നത്? ദൈവമക്കൾക്കെതിരേ സാത്താൻ പ്രവർത്തിക്കുമോ, അവർക്കും പീഡകളുണ്ടാകുമോ എന്നീ ചോദ്യങ്ങൾക്കുള്ള ഒരു വിശദീകരണമാണ് ഇയ്യോബിന്റെ പുസ്തകം.

**എഴുത്തുകാരൻ** : യഹൂദപാരമ്പര്യമനുസരിച്ച് ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ മോശെയാണ് (മറ്റു പല പേരുകൾ പറയപ്പെടുന്നു— (1) എലിഹൂ (32:6) (2) ഇയ്യോബ് (3) ശലോമോൻ)

**കാലഘട്ടം** : ഏകദേശം ബി.സി. 1485 — 1460

**താക്കോൽ വാക്ക്** : പരമാധികാരം

**പ്രധാന വാക്യങ്ങൾ** : (1) ഇയ്യോ.2:3 (2) ഇയ്യോ.13:15 (3) ഇയ്യോ.37:23,24 (4) ഇയ്യോ.42:16

**പ്രധാന അദ്ധ്യായം** : ഇയ്യോ.42

**വിഷയം** : ഇയ്യോബിന്റെ കഷ്ടത, ദൈവത്തിന്റെ പരമാധികാരം

## പ്രധാന വ്യക്തികൾ :

**(1) ഇയ്യോബ്** ( Job) —

നിഷ്കളങ്കൻ, നേരുള്ളവൻ, ദൈവഭക്തൻ, ദോഷം വിട്ടകലുന്നവൻ എന്ന ദൈവസാക്ഷ്യം ലഭിച്ചവൻ - കഷ്ടതയിലും ദൈവത്തിനെതിരായി സംസാരിക്കാത്തവൻ (ഇയ്യോ.1-42).

**(2) തേമാന്യനായ എലിഫസ്** ( Eliphaz the Temanite ) —

ഇയ്യോബിന്റെ സ്നേഹിതൻ - ആശ്വസിപ്പിക്കുവാൻ വന്നവൻ - ഇയ്യോബിനുണ്ടായ കഷ്ടത അവന്റെ പാപം മൂലമാണെന്നു സംശയിക്കുകയും ആരോപിക്കുകയും ചെയ്തു (ഇയ്യോ.2:11/4:1-5:27/15:1-35/22:1-30/42:7-9).

**(3) ശൂഹ്യനായ ബിൽദാദ്** ( Bildad the Shuhite) —

ഇയ്യോബിന്റെ മറ്റൊരു സ്നേഹിതൻ — പാപത്തിൽ നിന്നും മാനസാന്തരപ്പെടാത്തതിനാലാണ് കഷ്ടതയുടെ കാരണമെന്നു ആരോപിച്ചു (ഇയ്യോ.2:11/8:1-22/18:1-21/25:1-6/42:9).

**(4) നയമാത്യനായ സോഫർ** ( Zophar the Naamathite) —

ഇയ്യോബിന്റെ മൂന്നാമത്തെ സ്നേഹിതൻ - ഇയ്യോബിന്റെ പാപത്തിനുള്ള തക്ക ശിക്ഷയാണ് അനുഭവിക്കുന്നതെന്നു ആരോപിച്ചു (ഇയ്യോ.2:11/11:1-20/20:1-29/42:9).

**(5) ഏലിഹൂ** (Elihu) —

ഇയ്യോബിന്റെ മറ്റു മൂന്നു സ്നേഹിതന്മാരുടെ അഭിപ്രായങ്ങളെ എതിർത്തു നിന്നവൻ — ഇയ്യോബിന്റെ സ്വഭാവത്തെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ കൊണ്ടു വരുവാൻ കഷ്ടതയിലൂടെ ഇടപെടുകയാണെന്നു വിശ്വസിച്ചവൻ (ഇയ്യോ.32-37).

## പുസ്തക വിഭജനം: (42 അദ്ധ്യായങ്ങൾ)

| | |
|---|---|
| (1) ഇയ്യോബിന്റെ പീഡനങ്ങൾ | ഇയ്യോ. 1 — 2 |
| (2) ഇയ്യോബും സ്നേഹിതന്മാരുമായുള്ള സംസാരം | ഇയ്യോ. 3 — 37 |
| (3) ഇയ്യോബിനു ലഭിക്കുന്ന വിടുതൽ | ഇയ്യോ. 38 — 42 |

## ശ്രദ്ധേയവിഷയങ്ങൾ :

(1) ഇയ്യോബിനെ കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യം (ഇയ്യോ.1)

(2) സാത്താനുമായുള്ള ദൈവത്തിന്റെ സംഭാഷണം (ഇയ്യോ.1,2)

(3) ഇയ്യോബിന്റെ കഷ്ടത അറിഞ്ഞ സ്നേഹിതന്മാരുടെ — വിലാപം (ഇയ്യോ.2:11-13)

(4) ഇയ്യോബിന്റെ വിലാപം (ഇയ്യോ.3)

(5) ഇയ്യോബിന്റെ കഷ്ടതയുടെ പാരമ്യം (ഇയ്യോ.7)

(6) ഇയ്യോബിന്റെ അചഞ്ചലവിശ്വാസം (ഇയ്യോ.13)

(7) ഇയ്യോബ് പുനരുത്ഥാനം ആഗ്രഹിക്കുന്നു (ഇയ്യോ.14)

(8) വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ (ഇയ്യോ.16)

(9) വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ള അറിവ് (ഇയ്യോ.19)

(10) എലീഹൂവിന്റെ പ്രഭാഷണങ്ങൾ (ഇയ്യോ.32-37)

(11) ദൈവം ചുഴലിക്കാറ്റിൽനിന്നു ഇയ്യോബിനോടു — സംസാരിക്കുന്നു. (ഇയ്യോ.38-41)

(12) ഇയ്യോബിന്റെ അനുതാപവും — അനുഗ്രഹലബ്ധിയും (ഇയ്യോ.42).

**ഇയ്യോബിന്റെ പുസ്തകത്തിൽനിന്നു ലഭിക്കുന്ന ശാസ്ത്രം** ( Science)

(1) ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു (ഇയ്യോ.26:7)

(2) വെള്ളത്തിന്മേൽ ഒരു അതിർ വരെച്ചിരിക്കുന്നു (ഇയ്യോ.26:10)

(3) നീർത്തുള്ളികളെ ആവിയാൽ മഴയായി പെയ്യിക്കുന്നു (ഇയ്യോ.36:27)

(4) സമുദ്രത്തിന്റെ ഉറവുകൾ (ഇയ്യോ.38:16)

(5) ജലപ്രവാഹത്തിനു ചാല്, ഇടിമിന്നലിനു പാത (ഇയ്യോ.38:27)

(6) നക്ഷത്രങ്ങൾ - കാർത്തിക, മകയിരം (ഇയ്യോ.38:32)

**ക്രിസ്തു ഇയ്യോബിൽ —**

**കഷ്ടതയിൽ ഉദ്ധരിക്കുന്ന വീണ്ടെടുപ്പുകാരൻ**

(1) ക്രിസ്തു ഉയിർത്തെഴുന്നേററ വീണ്ടെടുപ്പുകാരൻ (Our Risen Redeemer) ഇയ്യോ.19:25. തന്റെ ശരീരത്തെ വീണ്ടെടുക്കുവാൻ കഴിയുന്ന ഒരു വീണ്ടെടുപ്പുകാരനുണ്ടെന്നു ഇയ്യോബ് ഉറപ്പിച്ചു പ്രസ്താവിക്കുന്നു(ഇയ്യോ.19:25,26,27).ഒരു മദ്ധ്യസ്ഥനില്ലാ ത്തതിനാൽ വിലപിക്കുകയും ചെയ്യുന്നു. ഇതിന്റെ പൂർത്തീകരണം യേശുക്രിസ്തുവിൽ കാണുന്നു. എബ്രായർ.4:15—അവൻ നമ്മുടെ കഷ്ടങ്ങളിൽ സഹതപിപ്പാൻ കഴിവുള്ള വനാണ്. സ്വർഗ്ഗത്തിൽ നിന്നും കർത്താവായ യേശുക്രിസ്തു വരും- (ഫിലി.3:20,21).

(2) “ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു” (ഇയ്യോ.16:19) ഈ ജാമ്യക്കാരൻ എന്ന പദം കർത്താവായ യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തിനു മുഴുവൻ ജാമ്യക്കാരനാണ് യേശുക്രിസ്തു (1.തിമൊ.2:5,6/ എബ്രാ.9:15/1. യോഹ.2:2/എബ്രാ.7:25/ഫിലേ.18).

(3) മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? (ഇയ്യോ.14:14). ഇയ്യോബിന്റെ ചോദ്യമാണിത്.

ഈ ചോദ്യത്തിന് യേശുക്രിസ്തു ഉത്തരം നൽകുന്നു (യോഹ.11:25). എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കുകയില്ല. ഇയ്യോബ് സൂചിപ്പിക്കുന്ന മദ്ധ്യസ്ഥനും(9.33), വീണ്ടെടുപ്പുകാരനും (ഇയ്യോ.19:25-27) യേശുക്രിസ്തുവാണ്.

(4) ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാരായ എലിഫസ്, ബിൽദാദ്, സോഫർ എന്നിവർ അവനെ ആശ്വസിപ്പിക്കുവാൻ എത്തിയവർ എങ്കിലും അവന്റെ മേൽ പാപം ആരോപിച്ചു ദുഃഖിപ്പിച്ചു. ഈ മൂന്നു സ്നേഹിതന്മാർ ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ പരാജയപ്പെട്ടപ്പോൾ മദ്ധ്യസ്ഥനായി എത്തിയ യുവ സഹോദരനായ ഏലിഹൂ (ഇയ്യോ.32-37), നമ്മുടെ വീണ്ടെടുപ്പു കാരനായ യേശുക്രിസ്തുവിന്റെ ചിത്രമാണ്.

(5) ഈ ശരീരം താൽക്കാലികമാണന്നും ഇതു നശിച്ചാൽ പുതിയ ഒരു ദേഹത്തോടു കൂടി ഈ ഭൂമിയിൽ വെച്ചു തന്നെ തന്റെ വീണ്ടെടുപ്പുകാരനായ ദൈവത്തെ സ്വന്തകണ്ണുകൊണ്ടുതന്നെ കാണുമെന്നു ഇയ്യോബ് വിശ്വസിച്ചു. യേശുക്രിസ്തു തന്റെ മക്കളെ ചേർക്കാനായി മദ്ധ്യാകാശത്തിൽ വരുന്ന കാര്യമാണ് ഇയ്യോബ് ദർശിക്കുന്നത് (ഇയ്യോബ്. 19:25- 27 /1.യോഹ.3:2/ 1.തെസ്സ.4:16,17).

(6) ഇയ്യോബിന്റെ പുസ്തകത്തിലെ ഒരു വാക്യം മാത്രമേ പുതിയനിയമത്തിൽ ഉദ്ധരിച്ചിട്ടുള്ളു എങ്കിലും (ഇയ്യോബ് 5:13 / 1 കൊരി. 3:19), ഈ പുസ്തകം പുതിയനിയമവുമായി ഏററവും ബന്ധപ്പെട്ടിരിക്കുന്നു. ഇയ്യോബ് എന്ന മനുഷ്യന്റെ പ്രശ്നങ്ങൾക്കും, ചോദ്യങ്ങൾക്കും യേശുക്രിസ്തുവിൽ പൂർണ്ണമായി ഉത്തരം ലഭിക്കുന്നു.

താഴെ കാണുന്ന ഇയ്യോബിലെ 9 വാക്യങ്ങളിലൂടെ യേശുക്രിസ്തു എല്ലാററിന്റെയും ഏക ഉത്തരം എന്നു കാണാം.

1. മദ്ധ്യസ്ഥനു വേണ്ടിയുള്ള നിലവിളി —

ഇയ്യോ. 9:33 ഞങ്ങളുടെ നടുവിൽ ഒരു മദ്ധ്യസ്ഥനുമില്ല —>

= 1.തിമൊ.2:5 — യേശുക്രിസ്തു മദ്ധ്യസ്ഥൻ

2. മരണാനന്തരം ജീവിതം —

ഇയ്യോ. 14:14 മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? —>

= യോഹ.11:25 — ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

3. സ്വർഗ്ഗത്തിലെ സാക്ഷി —

ഇയ്യോ. 16:19 എന്റെ സാക്ഷി സ്വർഗ്ഗത്തിൽ —>

= എബ്രാ.9:24— ക്രിസ്തു സ്വർഗ്ഗത്തിൽ

4. ജീവിക്കുന്ന വീണ്ടെടുപ്പുകാരൻ —>

ഇയ്യോ.19:25 വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു

= എബ്രാ.7:25- ക്രിസ്തു സദാജീവിക്കുന്നവൻ

5. ദൈവത്തെപ്പററിയുള്ള അന്വേഷണം —

ഇയ്യോ.23:3 — എവിടെ കാണുമെന്നറിഞ്ഞെങ്കിൽ —>

യോഹ. 14:9 = എന്നെ കാണുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു.

6. സങ്കടം കേൾക്കുന്നവൻ —

ഇയ്യോ.31:35 — സങ്കടം കേൾക്കുന്നവൻ ഉണ്ടായിരുന്നെങ്കിൽ ->

= എബ്രാ.12:22-24 - ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുതുനിയമത്തിന്റെ മദ്ധ്യസ്ഥൻ.

7. മനുഷ്യന്റെ ഏതുമില്ലായ്മ —

ഇയ്യോ.40:4 — ഞാൻ നിസ്സാരനല്ലോ —>

= മത്താ.16:26- സർവ്വലോകത്തേക്കാൾ വിലയുള്ളവൻ.

8. ദൈവത്തെക്കുറിച്ചുള്ള അന്വേഷണം —

ഇയ്യോ.42:5,6 — നിന്നെകുറിച്ചു ഒരു കേൾവി മാത്രം

= മർക്കൊ.1:15 —സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു യേശുക്രിസ്തു പ്രസംഗിച്ചു തുടങ്ങി.

= മത്താ.28:20 — "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു."

9. കഷ്ടതയിൽ വിജയം —

ഇയ്യോ.23:10 - ശോധന കഴിച്ചാൽ പൊന്നുപോലെ പുറത്തുവരും.

= യാക്കോ.1:12- "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."

-----------------------------------

# (19) സങ്കീർത്തനങ്ങൾ – PSALMS

ബൈബിളിലെ പാട്ടുപുസ്തകമാണ് സങ്കീർത്തനം. Psalm (സാം) എന്ന ഇംഗ്ളീഷ് പദം ഗ്രീക്കു വാക്കായ Psalmoi - ൽ (സാമോയ്) നിന്നു വന്നിട്ടുള്ളതാണ്. സംഗീതോപകരണത്തോടു കൂടിയുള്ള ആലാപനത്തെ ( Psalmoi = songs to the accompaniment of a stringed instrument ) കുറിക്കുന്നു. എബ്രായഭാഷയിൽ സ്തുതിഗാനങ്ങൾ എന്നർത്ഥമുള്ള തെഹില്ലിം എന്ന പദമാണുപയോഗിച്ചിരിക്കുന്നത് ( Tehillim = praise songs ).

ദൈവത്തെ സ്തുതിക്കുവാനും, ആരാധിക്കുവാനും പ്രേരിപ്പിക്കുന്നവയാണ് സങ്കീർത്തനങ്ങൾ. ഇവ എബ്രായ ഭാഷയിലുള്ള ഗാനങ്ങളാണ്. ദൈവഭവനത്തിലെ ധ്യാനപുസ്തകവും, വിശ്വാസികൾക്കുള്ള സ്തുതിസ്തോത്രങ്ങളടങ്ങിയ പ്രാർത്ഥനാ പുസ്തകവുമാണിത്.

> പഴയനിയമത്തിലെ ചരിത്രപുസ്തകങ്ങളിലൂടെ ദൈവം മനുഷ്യനെക്കുറിച്ചു സംസാരിക്കുന്നു; അവന്റെ വിജയവും പരാജയവും (God is speaking about man).

> പ്രവാചകന്മാരുടെ പുസ്തകങ്ങളിലൂടെ ദൈവം മനുഷ്യനോട് സംസാരിക്കുന്നു; (God is speaking to Man) അനീതി വിട്ടു തിരിയുവാനും, വിശുദ്ധിയിൽ ജീവിക്കുവാനും പ്രബോധിപ്പിക്കുന്നു.

> സങ്കീർത്തനങ്ങളിലൂടെ മനുഷ്യന്റെ ഹൃദയാന്തർ ഭാഗത്തുനിന്നും ഉയരുന്ന പ്രാർത്ഥന, സ്തുതി, ദൈവമഹത്വം എന്നിവയിലൂടെ മനുഷ്യൻ ദൈവത്തോട് സംസാരിക്കുന്നു ( Man is speaking to God).

**എഴുത്തുകാർ** : ദാവീദ്, ആസാഫ്, കോരഹ്പുത്രന്മാർ, ശലോമോൻ, ഹേമാൻ, ഏഥാൻ, മോശെ

**കാലഘട്ടം** : ബി.സി. 1450 — 430 **താക്കോൽ വാക്ക്** : ആരാധന

**പ്രധാന വാക്യങ്ങൾ** : (1) സങ്കീ.19:14 (2) സങ്കീ.110:4 (3) സങ്കീ.119:54 (4) സങ്കീ.145:21 (5)സങ്കീ.150:6

**പ്രധാന അദ്ധ്യായം** : സങ്കീ.100

**വിഷയം** : സ്തുതി, ആരാധന, പ്രാർത്ഥന

**പ്രധാനവ്യക്തി** : ദാവീദ് —

യിസ്രായേലിന്റെ രാജാവ് — ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളമനുഷ്യൻ

## പുസ്തക വിഭജനം: (150 അദ്ധ്യായങ്ങൾ)

(മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ പോലെ സങ്കീർത്തനപുസ്തകത്തെ അഞ്ചായി തിരിക്കാം) —

**(1) ഒന്നാം പുസ്തകം — 1 മുതൽ 41 വരെ** — (41 എണ്ണം) —

ഇതിൽ ഏറെയും ദാവീദ് എഴുതിയിട്ടുള്ളവയാണ്. മോശെയുടെ പഞ്ചപുസ്തകത്തിലെ ഒന്നാം പുസ്തകമായ ഉല്പത്തിയോടു ഇതിനു സാമ്യമുണ്ട്. മനുഷ്യസൃഷ്ടി, പാപത്താലുള്ള വീഴ്ച, വീണ്ടെടുപ്പ്, ദൈവാനുഗ്രഹങ്ങളും വാഗ്ദത്തങ്ങളും അവകാശമാക്കൽ എന്നിങ്ങനെ ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ സങ്കീർത്തനങ്ങൾ ഒന്നാം പുസ്തകത്തിൽ കാണാം.

**(2) രണ്ടാം പുസ്തകം — 42 മുതൽ 72 വരെ** — (31 എണ്ണം) —

പഞ്ചഗ്രന്ഥത്തിലെ രണ്ടാം പുസ്തകമായ പുറപ്പാടിനോടു സാമ്യപ്പെടുത്താം. ഇവയിൽ അധികവും ദാവീദും, കോരഹ്പുത്രന്മാരും എഴുതിയിട്ടുള്ളതാണ്. പുറപ്പാടിൽ യിസ്രായേൽജനത്തെ മിസ്രയീമിൽ നിന്നു വിടുവിച്ചു, അഭയം നൽകി, പോറ്റിപ്പുലർത്തി, വഴി നടത്തിയതുപോലെ ഈ സങ്കീർത്തനങ്ങളിൽ ദൈവജനത്തിനു ലഭിക്കുന്ന ദൈവത്തിന്റെ പരിപാലനം രേഖപ്പെടുത്തിയിരിക്കുന്നു.

**(3) മൂന്നാം പുസ്തകം — 73 മുതൽ 89 വരെ** — (17 എണ്ണം) —

പഞ്ചഗ്രന്ഥത്തിലെ ലേവ്യപുസ്തകത്തോടു സാമ്യമുള്ള മൂന്നാം പുസ്തകം പ്രധാനമായും ആസാഫോ ആസാഫിന്റെ പിൻതലമുറയോ എഴുതിയിട്ടുള്ളതാണ്. ലേവ്യപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളായ ദൈവത്തിന്റെ വിശുദ്ധി, വിശുദ്ധമന്ദിരത്തിലെ (സമാഗമനകൂടാരം) ശുശ്രൂഷകൾ എന്നിവ ഇവയിലും കാണുന്നു. വിശുദ്ധി പാലിച്ചു ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുവാൻ ഈ സങ്കീർത്തനങ്ങൾ നമ്മെ ഒരുക്കുന്നു.

**(4) നാലാം പുസ്തകം — 90 മുതൽ 106 വരെ** — (17 എണ്ണം) —

സംഖ്യാപുസ്തകത്തോടു സാമ്യമുള്ള ഈ സങ്കീർത്തനങ്ങളിലേറെയും എഴുതിയതാരെന്നു രേഖപ്പെടുത്തിയിട്ടില്ല. ദൈവജനമായ യിസ്രായേൽ മരുഭൂമിയിൽ ആയിരുന്നപ്പോൾ അവിശ്വാസം മൂലമുള്ള അവരുടെ അലഞ്ഞുതിരിയൽ, വാഗ്ദത്തദേശം അവകാശമാക്കുവാനുള്ള പുതിയ തലമുറയുടെ ഒരുക്കം, ദൈവത്തിന്റെ ദീർഘക്ഷമ, വിശ്വസ്തത എന്നിവ സംഖ്യാപുസ്തകത്തിൽ കാണുന്നു. അതുപോലെ ഈ സങ്കീർത്തനങ്ങൾ നാലാം പുസ്തകത്തിലും ദൈവജനത്തിന്റെ ഈ ലോകയാത്രയിലെ ദൈവപരിപാലനം ഓർമ്മിപ്പിക്കുന്നു.

**(5) അഞ്ചാം പുസ്തകം — 107 മുതൽ 150 വരെ** — (44 എണ്ണം) —

മോശെയുടെ അഞ്ചാം പുസ്തകമായ ആവർത്തനത്തിനോടു സാമ്യമുള്ള ഈ സങ്കീർത്തനങ്ങൾ ഏറെയും ദാവീദാണ് എഴുതിയിട്ടുള്ളത്. ഓർമ്മയുടെയും തിരിഞ്ഞുനോട്ടത്തിന്റെയും പുസ്തകമായ ആവർത്തനത്തിൽ, ദൈവത്തിനും ദൈവവചനത്തിനും പ്രാധാന്യം കൊടുത്ത് ഉപദേശം നൽകിയിട്ടുണ്ട്. അതുപോലെ സങ്കീർത്തനങ്ങൾ അഞ്ചാം പുസ്തകത്തിലും ദൈവത്തിനും ദൈവവചനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടു, ദൈവത്തിനു ഹൃദയാന്തർഭാഗത്തുനിന്നുയരുന്ന സ്തുതിസ്തോത്രങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു.

# പ്രത്യേകതകൾ —

(1) 150 അദ്ധ്യായങ്ങളുൾപ്പെട്ട സങ്കീർത്തനങ്ങൾ ബൈബിളിലെ ഏറ്റവും വലിയ പുസ്തകം.

(2) 176 വാക്യങ്ങളടങ്ങിയ 119-ാം സങ്കീർത്തനം തിരുവചനത്തിലെ ഏറ്റവും വലിയ അദ്ധ്യായം.

(3) എബ്രായഭാഷയിലെ ആലേഫ് മുതൽ തൗ വരെയുള്ള (Aleph to Tau) 22 അക്ഷരങ്ങളിൽ 119-ാം സങ്കീർത്തനം എട്ടു വാക്യങ്ങൾ വീതം ക്രമീകരിച്ചിരിക്കുന്നു (22 x 8 = 176).

(4) ബൈബിളിലെ ഏറ്റവും ചെറിയ അദ്ധ്യായം 117-ാം സങ്കീർത്തനം (2 വാക്യങ്ങൾ).

(5) ബൈബിളിലെ മദ്ധ്യവാക്യം സങ്കീർത്തനം 118:8 (മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലത്).

(6) 2, 8, 16, 22, 23, 24, 40, 41, 45, 68, 69, 72, 89, 102, 110, 118 എന്നീ 16 സങ്കീർത്തനങ്ങൾ മശീഹാസങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നു.

(7) 111, 112, 113, 115, 116, 117 എന്നീ 6 സങ്കീർത്തനങ്ങൾ വലിയഹല്ലേൽ എന്ന പേരിൽ ഹല്ലേലൂയ്യാ സങ്കീർത്തനങ്ങളെന്നറിയപ്പെടുന്നു.

(8) 120 മുതൽ 134 വരെയുള്ള 15 സങ്കീർത്തനങ്ങൾ ആരോഹണഗീതങ്ങൾ (Song of Ascents) എന്നറിയപ്പെടുന്നു.

(9)"അവന്റെ ദയ എന്നേക്കുമുള്ളത് " എന്നു 26 തവണ ആവർത്തിച്ചു പറഞ്ഞു ദൈവത്തിനു നന്ദിയും, സ്തുതിയും, ആരാധനയും അർപ്പിക്കുന്ന സങ്കീർത്തനമാണ് 136.

(10) 146 മുതൽ 150 വരെയുള്ള 5 സങ്കീർത്തനങ്ങൾ ഹല്ലേലൂയാ അഥവാ യഹോവയെ സ്തുതിപ്പിൻ എന്ന പദങ്ങളോടെ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. ഇവയെ ചെറിയ ഹല്ലേൽ സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നു.

(11) സൃഷ്ടിയെ വെളിപ്പെടുത്തുന്ന സങ്കീർത്തനങ്ങൾ — സങ്കീ.24:2 / സങ്കീ.33:6-9/ സങ്കീ.95:5/ സങ്കീ.104/ സങ്കീ.136:5-9/ സങ്കീ.146:6

(12) ദാവീദിന്റെ അനതാപം — സങ്കീ.51

(13) ദൈവമക്കൾക്കു ദൂതന്മാരുടെ സംരക്ഷണം - സങ്കീ.34:7 / സങ്കീ.91:11,12

(14) യിസ്രായേലിന്റെ ചരിത്രം — സങ്കീ.78 / സങ്കീ.136:10-26

## യഹോവയുടെ നാമങ്ങൾ 23 -ാം സങ്കീർത്തനത്തിൽ —

ദാവീദ് എഴുതിയ സങ്കീർത്തനമാണെന്നു ഇതിന്റെ തലക്കെട്ടിലൂടെ വെളിപ്പെടുന്നു. ദാവീദ് തന്റെ പിതാവിന്റെ ആടുകളെ മേയിച്ചു നടന്ന കാലത്തായിരിക്കാം ഇതെഴുതിയത്. തന്റെ ഇടയജീവിതത്തിൽ ദൈവത്തിൽ നിന്നു ലഭിച്ച സംരക്ഷണത്തെയും പരിപാലനത്തെയും വിടുതലിനെയും ഓർത്തു സ്തുതിച്ചെഴുതിയതായിരിക്കാം ഇതിന്റെ പശ്ചാത്തലം. 22-ാം സങ്കീർത്തനം ക്രൂശിനെക്കുറിച്ചു (cross) പറയുമ്പോൾ 24-ാം സങ്കീർത്തനം കിരീടത്തെക്കുറിച്ചു (crown) പറയുന്നു. കഷ്ടതയുടെയും നിന്ദയുടെയും അനുഭവമായ ക്രൂശിന്റെ പാതയിൽനിന്നും കിരീടധാരിയായ മഹത്വത്തിന്റെ രാജാവിനെക്കുറിച്ചു വർണ്ണിക്കുന്നതിനിടയിൽ 23-ാം സങ്കീർത്തനം നല്ലിടയനായ കർത്താവിനെ അവതരിപ്പിക്കുന്നു.

> തന്റെ ആടുകൾക്കുവേണ്ടി ജീവൻ നൽകിയ നല്ല ഇടയനെ (The Good Shepherd who died for His flocks) 22-ാം സങ്കീർത്തനം വെളിപ്പെടുത്തുന്നു — (യോഹ.10:11).

> തന്റെ ആടുകളെ പരിപാലിക്കുന്ന വലിയ ഇടയനെ 23-ാം സങ്കീർത്തനം പ്രദർശിപ്പിക്കുന്നു (The Great Shepherd who keeps His flocks) — (എബ്രാ.13:20).

> തന്റെ ആടുകൾക്കായി വീണ്ടുംവരുന്ന ഇടയശ്രേഷ്ഠനെ 24-ാം സങ്കീർത്തനം പറയുന്നു (The Chief Shepherd who is coming again for His flocks) — (1.പത്രൊ.5:4).

ആറു വാക്യങ്ങളുള്ള 23 -ാം സങ്കീർത്തനത്തിൽ ദൈവത്തിന്റെ സ്വഭാവസവിശേഷതകളെ വെളിപ്പെടുത്തുന്ന എബ്രായഭാഷയിലുള്ള വിവിധ യഹോവയുടെ നാമങ്ങൾ കാണുന്നു. അവ ഓരോന്നായി നോക്കാം —

**(1) യഹോവ** (സങ്കീ.23:1) — (The LORD > Jehovah ) — എബ്രായ നാമം — **യഹോവ** = രക്ഷയുടെ അഥവാ വീണ്ടെടുപ്പിന്റെ ദൈവം. യഹോവ എന്ന നാമം ദൈവത്തിന്റെ വിവിധ സ്വഭാവങ്ങളെ വെളിപ്പെടുത്തുന്നു.

1. ഞാൻ ആകുന്നവൻ ഞാനാകുന്നു - പുറ.3:14 ( I am who I am or I am the One who is)

2. മാറ്റമില്ലാത്തവൻ - മലാ.3:6 ( Iam the Lord, I do not change)

3. അല്ഫയും ഒമേഗയും ഇരിക്കുന്നവനും ഇരുന്നവനും വരുന്നവ നുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് — വെളി.1:8 (I am the Alpha and the Omega, the Beginning and the End).

യഹോവ എന്ന പദം എബ്രായ ഭാഷയിലെ ഹവാ (havah) എന്ന വാക്കിൽ നിന്നു വന്നിട്ടുള്ളതാണ്. ഹവാ (havah) എന്ന പദത്തിനർത്ഥം ആയിരിക്കുന്ന (to be / being) എന്നാണ്. യാഹ് എന്നാൽ യഹോവ; യഹോവയായ യാഹ് മാറ്റമില്ലാത്ത ദൈവം. *"ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"* എന്നു പറഞ്ഞുകൊണ്ടാണ് ദൈവം തന്നെത്തന്നെ മോശെക്കു വെളിപ്പെടുത്തി മിസ്രയീമിലേക്കു തന്റെ ജനത്തെ വീണ്ടെടുക്കുവാൻ പറഞ്ഞയച്ചത് (പുറ.3:13,14). ഇവിടെ യഹോവ എന്നാൽ വീണ്ടെടുപ്പിന്റെ ദൈവം.

ഏലോഹിം എന്ന നാമം സൃഷ്ടിയിൽ ദൈവത്തിന്റെ സർവ്വശക്തിയേയും, സർവ്വാധികാരത്തെയും, പരിപാലനത്തെയും കാണിക്കുമ്പോൾ യഹോവ എന്ന നാമം തന്റെ ആത്മീക സ്വഭാവത്തെ (സർവ്വശക്തൻ, പരിശുദ്ധൻ, സത്യദൈവം) വെളിപ്പെടുത്തുന്നു. യഹോവ തന്റെ ജനത്തെ വീണ്ടെടുത്തു രക്ഷിക്കുന്നു. യഹോവയായ ദൈവം സകലജനത്തിന്റെയും ആത്മാക്കൾക്കു ഉടയവനുമാകുന്നു (സംഖ്യ.16:22).

**(2) എന്റെ ഇടയനാകുന്നു** (സങ്കീ.23:1) — (is my shepherd > Jehovah - Rohi / Jehovah- Raah = The Lord, my Shepherd) —എബ്രായ നാമം — **യഹോവ റോഹി** അർത്ഥം യഹോവ നമ്മുടെ ഇടയൻ.

സങ്കീർത്തനങ്ങളിൽ ദാവീദു ദൈവത്തെ സംബോധന ചെയ്യുന്ന മാധുര്യനാമമാണ് യഹോവ റോഹി. യഹോവ നമ്മുടെ ഇടയൻ എന്നർത്ഥം (The Lord our Shephered / The Lord who shepherds). സങ്കീ.23:1 — *"യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല."* ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന നാമമാണ് യഹോവ റോഹി. ദൈവം ഇടയനും ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ ആടുകളും.

**(3) എനിക്കു മുട്ടുണ്ടാകയില്ല** (സങ്കീ.23:1) — (I shall not want > Jehovah - Jireh = Jehovah is my Provider)

പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു (23:2) — (He makes me to lie down in green pastures) —എനിക്കു മുട്ടുണ്ടാകയില്ല എന്നത് എബ്രായനാമമായ **യഹോവ-യിരേ** എന്നതിനെ വെളിപ്പെടുത്തുന്നു. യഹോവ കരുതിക്കൊള്ളും എന്നാണർത്ഥം.

**(4) സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു** (സങ്കീ.23:2) — (He leads me beside the still waters > Jehovah - Shalom = The Lord, my Peace) — സ്വസ്ഥതയുള്ള അനുഭവത്തിലേക്കു നടത്തുന്നു എന്നത് എബ്രായ നാമമായ **യഹോവ ശലോം** എന്നതിനെ കുറിക്കുന്നു . ഇതിനർത്ഥം യഹോവ സമാധാനം എന്നാണ്.

**(5) എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു** (സങ്കീ.23:3) — (He restores my soul > Jehovah - Rophe / Jehovah- Rapha = The Lord, my Healer) —

എന്റെ പ്രാണനെ തണുപ്പിക്കുന്നു എന്നത് എബ്രായ നാമമായ യഹോവ റാഫാ എന്നതിനെ കുറിക്കുന്നു. **യഹോവ റോഫി / യഹോവ റാഫാ** എന്നാൽ സൗഖ്യമാക്കുന്ന യഹോവ എന്നർത്ഥം (Jehovah-rophe = Jehovah heals / The Lord who heals). ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ നാമമാണിത് — *"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു"* (പുറ.15:26).

**(6) തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു** (സങ്കീ.23:3) — ( He leads me in the paths of righteousness For His name's sake > Jehovah - Tsidkenu = The Lord is Righteous ) —
എബ്രായ നാമം **യഹോവ സിദ്ക്കെനു** അർത്ഥം യഹോവ നമ്മുടെ നീതി. നീതിപാതകളിൽ കൂടി നടത്തുന്ന ദൈവത്തെക്കുറിച്ചാണ് ദാവീദ് ഇവിടെ പറഞ്ഞിരിക്കുന്നത്.

**(7) കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ** (സങ്കീ.23:4) — ( Yea, though I walk through the valley of the shadow of death, I will fear no evil, For You are with me > Jehovah - Shammah = The Lord is Present / Jehovah is there)

എന്നോടു കൂടെ ഇരിക്കുന്ന ദൈവം എന്നത് എബ്രായ നാമമായ **യഹോവ ശമ്മാ** എന്ന പേരിനെ വെളിപ്പെടുത്തുന്നു. ഇതിനർത്ഥം യഹോവ സന്നിഹിതൻ, യഹോവ അവിടെ എന്നാണ്. സർവ്വജ്ഞാനിയായ യഹോവയാം ദൈവം സർവ്വവ്യാപിയുമാണ് (God is Omnipresent).

**(8) നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു** (സങ്കീ.23:4) — ( Your rod and Your staff, they comfort me > Jehovah - Ezer = The Lord is my help) —

ഇടയന്റെ കയ്യിലെ വടിയും കോലും ആടുകളെ സംരക്ഷിക്കുകയും നടത്തുന്നതിനെയും കുറിക്കുന്നു. എബ്രായയനാമം **യഹോവ - എസെർ** അർത്ഥം ദൈവം എന്റെ സഹായകൻ.

**(9) എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു** (സങ്കീ.23:5) —

( You prepare a table before me in the presence of my enemies > Jehovah - Nissi - my Banner = The Lord is my Standard Victory) —

ശത്രുക്കളുടെ മദ്ധ്യേ വിരുന്നൊരുക്കുന്നു എന്നത് ദൈവത്തിന്റെ കരങ്ങൾക്കു കീഴിൽ നമ്മെ സംരക്ഷിച്ചു ആനന്ദിപ്പിക്കുന്നതിനെ കുറിക്കുന്നു. എബ്രായനാമം **യഹോവ നിസ്സി** അർത്ഥം യഹോവ നമ്മുടെ കൊടി, യഹോവ നമ്മുടെ വിജയം എന്നാണ്.

**(10) എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു** (സങ്കീ.23:5) — ( You anoint my head with oil > Jehovah - M'Kaddesh = The Lord sanctfies / The Lord, my Holiness, my Sanctification) —
തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു എന്നത് വിശുദ്ധീകരിക്കുന്നതിനെ കുറിക്കുന്നു. എബ്രായ നാമം **യഹോവ മെക്കഡേഷ്** അർത്ഥം യഹോവ ശുദ്ധീകരിക്കുന്നവൻ.

**(11) എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു** (സങ്കീ.23:5) — (My cup runs over > Jehovah - Manah = The Lord is my Portion) —

എന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു എന്നത് തികഞ്ഞ സംതൃപ്തിയെ കാണിക്കുന്നു. എബ്രായനാമം **യഹോവ - മന്ന** അർത്ഥം സമ്പൂർണ്ണ അനുഗ്രഹം, ദൈവം എന്റെ ഓഹരി എന്നാണ്. യിസ്രായേൽമക്കളെ മരുഭൂമിയിൽ പോറ്റി പുലർത്തിയത് സ്വർഗ്ഗത്തിൽ നിന്നു അയച്ച മന്നാ കൊണ്ടാണ്. ദൈവം നമ്മുടെ മന്ന ആകയാൽ നമ്മെ അനുഗ്രഹിക്കുകയും പോറ്റി പുലർത്തുകയും ചെയ്യും.

**(12) നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും, ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും** (സങ്കീ.23:6) — ( Surely goodness and mercy shall follow me All the days of my life And I will dwell in the house of the LORD Forever > Jehovah - Cheleq = The Lord is my Inheritance) — നന്മയും കരുണയും അഥവാ സംതൃപ്തിയുടെ സമ്പൂർണ്ണ അനുഗ്രഹം ആയുഷ്ക്കാലം മുഴുവൻ പിന്തുടരുകയും എന്നും, ദൈവത്തോടൊപ്പം നിത്യം വസിക്കും എന്നത് **യഹോവ ചെലക്ക്** (Jehovah - Cheleq എന്ന എബ്രായ നാമത്തെ കുറിക്കുന്നു. ഇതിനർത്ഥം ദൈവം എന്റെ നിത്യഅവകാശം.

# ക്രിസ്തു സങ്കീർത്തനങ്ങളിൽ —
# രക്ഷയുടെ ഗീതം/ നല്ല ഇടയൻ

ക്രിസ്തു —

1 അനുഗ്രഹിക്കപ്പെട്ട മനുഷ്യൻ (സങ്കീ.1)
2 അഭിഷിക്തനായപുത്രൻ (സങ്കീ.2:2,7,12)
3 വിജയിയായ രാജാവ് (സങ്കീ.2:6)
4 പരിശുദ്ധനും പുനരുത്ഥാനം പ്രാപിച്ചവനുമായ കർത്താവ് (സങ്കീ.16:10)
5 ക്രൂശിക്കപ്പെട്ടവൻ (സങ്കീ.22)
6 നല്ല ഇടയൻ (സങ്കീ.23:1)
7 മഹത്വത്തിന്റെ രാജാവായി വരുന്നവൻ (സങ്കീ.24)
8 അസ്ഥികൾ ഒന്നും ഒടിഞ്ഞു പോകയില്ല (സങ്കീ.34:20)
9 സ്നേഹിതൻ ഒറ്റു കൊടുക്കുന്നു (സങ്കീ.41:9)
10 പുനരുത്ഥാനം (സങ്കീ.49:15)
11 ബദ്ധന്മാരുടെ വിടുതൽ (സങ്കീ.68:18)
12 ചൊറുക്ക കുടിപ്പാൻ കൊടുക്കുന്നു (സങ്കീ.69:21)
13 നീതിയോടെ ഭരിക്കുന്നവൻ (സങ്കീ.72)
14 വീണ്ടും വരുന്ന ന്യായാധിപതി (സങ്കീ.96:13)
15 രാജാവ്, പുരോഹിതൻ, ന്യായാധിപതി (സങ്കീ.110)
16 ക്രിസ്തുവിന്റെ ശുശ്രൂഷ (സങ്കീ.146:7-10)
17 ആരാധനയ്ക്കു യോഗ്യൻ (സങ്കീ.150)

അനേക സങ്കീർത്തനങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചും, ശുശ്രൂഷകളെകുറിച്ചും, മരണപുനരുത്ഥാനത്തെകുറിച്ചും രേഖപ്പെടുത്തിയിട്ടിണ്ട്.

**സങ്കീർത്തനഭാഗപ്രവചനം** **പുതിയനിയമത്തിൽ**

(1) സങ്കീ.2:7 — ഇവൻ എന്റെ പ്രീയപുത്രൻ —> മത്താ.3:17
(2) സങ്കീ.8:6 — സകലവും അവന്റെ കാൽകീഴിൽ —> എബ്രാ.2.7:8
(3) സങ്കീ.16:10— മരിച്ചവരിൽ നിന്നുളള ഉയിർപ്പ് —> മർക്കൊ.16:6,7
(4) സങ്കീ.22:1 — ദൈവം കൈവിടും —> മത്താ.27:46
(5) സങ്കീ.22:7,8 — നിന്ദിതനും പരിഹാസനുമാകും—> ലൂക്കൊ.23:35
(6) സങ്കീ.22:15 — ക്രൂശിൽ വച്ച് ദാഹിക്കും—> യോഹ.19:28
(7) സങ്കീ.22:16 — കൈകാലുകൾ തുളക്കപ്പെടും—> യോഹ.20:25,27
(8) സങ്കീ.22:18 — വസ്ത്രം ചീട്ടിടും—> മത്താ.27:35
(9) സങ്കീ.22:22 — ദൈവനാമം കീർത്തിക്കും—> എബ്രാ.2:12
(10) സങ്കീ.34:20 — ഒരസ്ഥി പോലും ഒടിയുകയില്ല—> യോഹ.19:32,33,36
(11) സങ്കീ.40:7,8 — ദൈവഹിതം നിവർത്തിയാകും—> എബ്രാ.10:7
(12) സങ്കീ.41:9 — സ്നേഹിതൻ ഒററിക്കൊടുക്കും —> ലൂക്കൊ.22:47,48
(13) സങ്കീ.45:6,7— എന്നേക്കുമുള്ള സിംഹാസനം —> എബ്രാ.1:8,9
(14) സങ്കീ.68:18 — ദൈവവലഭാഗത്ത് ആരോഹണം —> മർക്കൊ.16:19
(15) സങ്കീ.69:9 - ആലയത്തെക്കുറിച്ച് എരിവ് —> യോഹ.2:17
(16) സങ്കീ.69:21 — ദാഹത്തിന് ചൊറുക്ക —> മത്താ. 27:34
(17) സങ്കീ.89:3,4,35,36 — ദാവീദിന്റെ സന്തതി —> ലൂക്കൊ.1:31-33
(18) സങ്കീ.96:13 — ഭൂമിയെ വിധിപ്പാൻ വരുന്നു —> 1.തെസ്സൊ.1:9,10
(19) സങ്കീ.110:1 - ശത്രുക്കൾ കാൽക്കീഴാകും —> മത്താ.22:44
(20) സങ്കീ.110:4 — മല്കീസെദേക്കിന്റെ ക്രമപ്രകാരം പുരോഹിതൻ —> എബ്രാ.5:6
(21) സങ്കീ.118:22 — കെട്ടിടത്തിന്റെ മൂലക്കല്ല് —> മത്താ 21: 42, 44

-----------------------------------

# (20) സദൃശ്യവാക്യങ്ങൾ — PROVERBS

**"ജ്ഞാനം"** എന്നതാണ് സദൃശ്യവാക്യങ്ങളിലെ മർമ്മ പ്രധാനമായ പദം. ജീവിതം സമർത്ഥമായും വിവേകത്തോടെയും നയിക്കുന്നതിനുള്ള കഴിവാണ് ജ്ഞാനം. പ്രായോഗിക ജീവിതത്തിൽ പ്രശ്നങ്ങൾ വിജയകരമായി കൈകാര്യം ചെയ്യുവാൻ നിർദ്ദേശങ്ങൾ ഇതിലൂടെ ലഭിക്കുന്നു. സദൃശ്യവാക്യങ്ങൾ അറിവിന്റെ അഥവാ വിജ്ഞാനത്തിന്റെ പുസ്തകമാണ്. ദൈവത്തോട്, മാതാപിതാക്കളോട്, മക്കളോട്, സ്നേഹിതരോട്, അയൽക്കാരോട്, ഭരണാധികാരികളോട് എങ്ങനെ ഇടപെടേണ മെന്നു പഠിപ്പിക്കുന്നു. സങ്കീർത്തനങ്ങൾ ദൈവത്തെ ആരാധിക്കണ മെന്നു പറയുന്നു. സദൃശ്യവാക്യങ്ങൾ അതിന്റെ പ്രായോഗികതയെ കാണിക്കുന്നു.

പഴയനിയമത്തിലെ പ്രായോഗിക ( Practical ) പുസ്തകമാണിത്. ഈ പുസ്തകത്തിന്റെ സാരാംശം "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു" എന്നതാണ് (സദൃ.1:7). A Proverb has been defined as a short statement based on a long experience. The word Proverb in Hebrew translation means -- to be like (സാദൃശ്യം). **"ഭൂമിയിലുള്ള ജീവിതത്തിനു സ്വർഗ്ഗത്തിൽ നിന്നുമുള്ള നിയമങ്ങൾ"** എന്ന് ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു (Laws from Heaven for life in Earth). മാതാപിതാക്കന്മാർ, യൗവനക്കാർ, കുട്ടികൾ, ഭാര്യാഭർത്താക്കന്മാർ, ധനവാന്മാർ, ദരിദ്രന്മാർ എന്നിങ്ങനെ എല്ലാ പ്രായത്തിലും, അവസ്ഥയിലും ഉള്ളവർക്ക് ആവശ്യമായ പ്രബോധനങ്ങൾ ഇതിൽനിന്നു ലഭിക്കുന്നു. സകലവിധ പാപങ്ങൾക്കു മുന്നറിയിപ്പും നൽകിയിട്ടുണ്ട്. ദൈവത്തോടു എങ്ങനെ ഏററവും അടുത്തു ജീവിക്കാമെന്നും, നാം മററുള്ളവരുടെ മുമ്പാകെ എങ്ങനെ ഈ ലോകത്തിൽ ജീവിക്കണമെന്നും പറഞ്ഞിട്ടുണ്ട്. നമ്മുടെ കഷ്ടതകളിൽ, പ്രയാസവേളകളിൽ ദൈവിക ആശ്വാസത്തിന്റെ വാക്കുകൾ ഇതിലൂടെ ലഭിക്കുന്നു.

നശിച്ചു പോകുന്ന ലോകത്തിന്റെ പുറകെ ഓടുന്നവർക്കു ഒടുവിൽ നിരാശരായി ദുഖിക്കേണ്ടി വരും എന്നു സദൃശവാക്യങ്ങളിൽ നിന്നു മനസ്സിലാക്കാം. ജീവിതവിജയത്തിനും, ദൈവിക കാര്യങ്ങളിലുള്ള ഏകാഗ്രതയ്ക്കും ആവശ്യമായത്, സദൃ.30:8,9 — ൽ കാണുന്നു.- *"വ്യാജവും ഭോഷ്കും എന്നോടു അകറേറണമേ; ദാരിദ്രവും സമ്പത്തും എനിക്കു തരാതെ നിത്യവൃത്തി തന്നു എന്നെ പോഷിപ്പിക്കേണമേ. ഞാൻ തൃപ്തനായിത്തീർന്നിട്ടു: യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും ദരിദ്രനായിട്ടു മോഷ്ടിച്ചു എന്റെ ദൈവത്തിന്റെ നാമത്തെ തീണ്ടിപ്പാനും സംഗതി വരരുതേ."*

ദൈവവചനങ്ങൾ മാററമില്ലാത്തതും, എന്നേക്കും സ്ഥിരമായതുമാണ്. ഈ വചനങ്ങളോടു നീ ഒന്നും കൂട്ടരുത് എന്നുള്ള നിർദ്ദേശം ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു (സദൃ.30: 6).

**എഴുത്തുകാരൻ** : ശലോമോൻ (30,31 അദ്ധ്യായങ്ങൾ യഥാക്രമം ആഗൂർ, ലെമൂവേൽ എന്നിവർ എഴുതി)

**എഴുതിയ കാലം** : ഏകദേശം ബി.സി. 970 — 930 (യെരുശെലേമിൽ വെച്ച്)

**മർമ്മ പദം** : ജ്ഞാനം **പ്രധാന അദ്ധ്യായം** : സദൃ.31

**മർമ്മ വാക്യങ്ങൾ** : (1) സദൃ.1: 5.-7 (2) സദൃ.3: 5,6

**വിഷയം** : ജ്ഞാനം, വിവേകം, പരിജ്ഞാനം, ദൈവഭക്തി

**പ്രധാനവ്യക്തികൾ :**

**(1) ശലോമോൻ** (Solomon) — ദാവീദിന്റെ മകൻ - യിസ്രായേൽ രാജാവ് - ദൈവത്തിൽ നിന്നു ജ്ഞാനം പ്രാപിച്ചവൻ.

**(2) ആഗൂർ** (Agur) — സദൃശവാക്യങ്ങൾ 30-ാം അദ്ധ്യായം എഴുതിയവൻ - യാക്കേയുടെ മകൻ — ആഗൂർ എന്ന വാക്കിനർത്ഥം ശേഖരിക്കുന്നവൻ.

**(3) ലെമൂവേൽ** (Lemuel) — സദൃശവാക്യങ്ങൾ 31-ാം അദ്ധ്യായം എഴുതിയവൻ - രാജാവ് — ലെമൂവേൽ എന്ന വാക്കിനർത്ഥം ദൈവത്തിന്റേത് എന്നാണ് - അദ്ധ്യായം 31 ലെ ആദ്യത്തെ 9 വാക്യങ്ങൾ അവന്റെ അമ്മ ഉപദേശിച്ചു കൊടുത്തതെന്നു രേഖപ്പെടുത്തിയിരിക്കുന്നു. ലെമൂവേൽ എന്നത് ശലോമോന്റെ മറ്റൊരു പേരാണെന്നും പറയപ്പെടുന്നു.

**പുസ്തക വിഭജനം : (31 അദ്ധ്യായങ്ങൾ)**

(1) 1:1 — 1:7 : സദൃശ്യവാക്യ ലക്ഷ്യം
(2) 1:8 — 8:36 : യുവ തലമുറയ്ക്കുള്ള ഉപദേശങ്ങൾ
(3) 9 — 24 : എല്ലാവർക്കുമുള്ള ഉപദേശങ്ങൾ
(4) 25 — 29 : ഹിസ്കീയാവ് ശേഖരിച്ച സദൃശ്യവാക്യങ്ങൾ
(5) 30 : ആഗൂരിന്റെ വചനങ്ങൾ
(6) 31 : ലെമൂവേൽ രാജാവിന്റെ വചനങ്ങൾ

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ജ്ഞാനത്തിന്റെ അടിസ്ഥാനം — യഹോവഭക്തി (സദൃ.1:7)
(2) പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക (സദൃ.3:6)
(3) ആദ്യഫലം കൊണ്ടു ദൈവത്തെ ബഹുമാനിക്ക (സദൃ.3:9,10)
(4) ദൈവം വെറുക്കുന്ന കാര്യങ്ങൾ — സദൃ.6:16-19; 12:22; 15:8,9,26; 16:5;17:5; 20:10
(5) സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിനു കിരീടം (സദൃ.12:4)
(6) അദ്ധ്വാനത്തിന്റെ വില - സദൃ.13:11; 14:23; 22:29;28:19
(7) നരച്ചതല ശോഭയുള്ള കിരീടം (സദൃ.16:31)
(8) ബാലൻ നടക്കേണ്ട വഴി (സദൃ.22:6)
(9) ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല (സദൃ.28:13)
(10) ദൈവവചനത്തോടു ഒന്നും കൂട്ടരുത് (സദൃ.30:6)
(11) സാമർത്ഥ്യമുള്ള ഭാര്യ (സദൃ.31:10-31)

# ക്രിസ്തു സദൃശ്യവാക്യങ്ങളിൽ — ജ്ഞാനം

(1) ദൈവത്തിന്റെ ജ്ഞാനം — എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു(സദൃ.8:35) എന്നതു യേശുക്രിസ്തുവിനെ കുറിക്കുന്നു. യോഹ.14:6 ൽ ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു — എന്നു യേശുക്രിസ്തു പറഞ്ഞു.

(2) നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതു (സദൃ.10:7)— നീതിമാൻ യേശുക്രിസ്തുവാണ്. (മത്താ.27:19,24 / 1.പത്രൊ. 3:18/ ലൂക്കൊ.23:4,14,22 / യോഹ.19:4/ 2.കൊരി.5:21/ 1.പത്രൊ. 2:22/1.യോഹ.3:5 /ലൂക്കൊ.23:39 — 43/ സങ്കീ.136:23)

(3) സദൃശ്യവാക്യങ്ങളിൽ ജ്ഞാനത്തെപ്പററി വളരെ വിവരിച്ചിരിക്കുന്നു (സദൃ.3:13/9:1/16:16.....). ജ്ഞാനത്തിന്റെ പൂർണ്ണത ക്രിസ്തുവിൽ കാണുന്നു (കൊലോ 2:3/ 1.കൊരി 1.30/1.കൊരി 1:23,24).

(4) ക്രിസ്തു സഹോദരനേക്കാൾ അടുപ്പമുള്ള സ്നേഹിതൻ —സദൃ.18:24

(5) സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങി വരികയും ചെയ്തവൻ — സദൃ.30:4.

------------------------------------

# (21) സഭാപ്രസംഗി — ECCLESIASTES

എബ്രായഭാഷയിൽ ഈ ഗ്രന്ഥത്തിന്റെ പേര് "കൊഹേലേത്ത് " എന്നാണ്. *"സഭയിൽ പ്രഭാഷണം നടത്തുന്നവൻ"* എന്നർത്ഥം. ഗ്രീക്ക് ഭാഷയിൽ "എക്ളീസിയാസ്ററെസ്" എന്നതിനും *"സഭയിൽ പ്രസംഗിക്കു ന്നവൻ"* (Preacher) എന്നാണർത്ഥം.

മലയാളഭാഷയിൽ സഭാപ്രസംഗി അഥവാ സഭയിൽ പ്രസംഗിക്കുന്നവൻ എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. സഭാപ്രസംഗി അഥവാ ശലോമോൻ, യിസ്രായേലിന്റെ ചരിത്രത്തിലെ ഏററവും വലിയ ജ്ഞാനിയും, സമ്പന്നനും, പ്രശസ്തനുമായ രാജാവായിരുന്നു. സൂര്യനുകീഴെയുള്ള എല്ലാററിനെയും മാനുഷികമായി വീക്ഷിച്ച്, എല്ലാം മായ ആണെന്നു മനസ്സിലാക്കി. ദൈവീക വീക്ഷണത്തിലൂടെ നോക്കിയപ്പോൾ ജീവിതത്തിനു ലക്ഷ്യം കണ്ടു. ജീവിതത്തിനു അർത്ഥവും ലക്ഷ്യവും ഉണ്ടാകണമെങ്കിൽ സൂര്യനു താഴെയല്ല സൂര്യനു മുകളിലേക്കു നോക്കുക എന്നു ദൈവവചനം പറയുന്നു.

നൂററാണ്ടുകൾ കഴിഞ്ഞു ജ്ഞാനസമ്പൂർണ്ണനായ കർത്താവ് പറഞ്ഞു — യോഹ 4:13,14 — ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും (Under the Sun the life is vanity, but when you live fro Christ, life is never invain 0r never feel vanity).

**എഴുത്തുകാരൻ** : ശലോമോൻ.(1:1,12)

**എഴുതിയ കാലം** : ഏകദേശം ബി.സി. 935

**താക്കോൽ വാക്ക്** : മായ **പ്രധാന അദ്ധ്യായം** : 12

**പ്രധാന വാക്യങ്ങൾ** : (1) സഭാ.2:24 , (2) സഭാ.12:13,14

**വിഷയം** : ദൈവത്തെ കൂടാതെയുള്ള ജീവിതം മായ

**പ്രധാനവ്യക്തി** :

**ശലോമോൻ —** യിസ്രായേലിന്റെ രാജാവ് — ജ്ഞാനത്തിനായുള്ള അവന്റെ പ്രാർത്ഥനക്കുത്തരമായി ഭൂമിയിൽ ഏറ്റവും ജ്ഞാനമുള്ളവനായിത്തീരുവാൻ ദൈവം അവനെ അനുഗ്രഹിച്ചു.

**പുസ്തക വിഭജനം:** (12 അദ്ധ്യായങ്ങൾ)

(1) 1:1 — 1:11 : സകലവും മായ എന്ന നിരൂപണം

(2) 1:12 — 6:12 : മായാനിരൂപണത്തിന്റെ തെളിവുകൾ

(3) 7 — 12 : മായയെ അതിജീവിച്ച് ജീവിക്കുവാനുള്ള ഉപദേശം

**പ്രത്യേകത:**

(1) ദൈവമില്ലാത്ത ജീവിതം അജ്ഞതയുടെയും, പ്രശ്നങ്ങളു ടെയും, ദുരിതങ്ങളുടെയും കൂമ്പാരമാണന്നു ഈ പുസ്തകം കാണിക്കുന്നു.

(2) ലോകവും അതിന്റെ അനുഭവങ്ങളും മായയാണ് (സഭാ.1:2,3) ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകും, എന്നാൽ ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കുന്നു എന്നു തിരുവചനം പറയുന്നു (1.യോഹ.2:15 -17).

ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും മാത്രമല്ല നമ്മുടെ ജീവിതം ദൈവവുമായി എങ്ങനെ ആയിരിക്കേണം എന്നുമുളള കാര്യങ്ങൾസഭാ.12-ൽരേഖപ്പെടുത്തിയിരിക്കുന്നു. ''നിന്റെ യൗവനകാലത്തു നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക; ദുർദ്ദിവസങ്ങൾ വരികയും എനിക്കു ഇഷ്ടമില്ല എന്നു നീ പറയുന്ന കാലം സമീപിക്കയും...... എല്ലാററിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താര ത്തിലേക്കു വരുത്തുന്നുവല്ലോ" (സഭാ. 12:1,13,14)

(3) മനുഷ്യന്റെ മരണാനന്തര ജീവിതത്തെപ്പററി പറഞ്ഞിരിക്കുന്നതു നോക്കുക. പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും (സഭാ.12:7).

## സഭാപ്രസംഗിയിലെ ശാസ്ത്രം (Science) —

കാറ്റ് ചുറ്റിച്ചുറ്റി തിരിഞ്ഞുകൊണ്ടു പരിവർത്തനം ചെയ്യുന്നു (wind currents), സകല നദികളും സമുദ്രത്തിലേക്കു ഒഴുകി വീഴുന്നു; എന്നിട്ടും സമുദ്രം നിറയുന്നില്ല; നദികൾ ഒഴുകി വീഴുന്ന ഇട ത്തേക്കു പിന്നെയും പിന്നെയും ചെല്ലുന്നു (water cycle) (സഭാ.1:6,7).

## ശ്രദ്ധേയ വിഷയങ്ങൾ :

(1) ജ്ഞാനം ഭോഷത്വത്തേക്കാൾ ശ്രേഷ്ഠമായിരിക്കുന്നു (സഭാ.2:13)

(2) ഭോഷൻ മരിക്കുന്നതുപോലെ ജ്ഞാനിയും മരിക്കുന്നു (സഭാ.2:16)

(3) എല്ലാറ്റിനും ഒരു കാലമുണ്ട് (സഭാ.3:1-9)

(4) ദൈവവുമായി ബന്ധമില്ലാത്തവൻ മൃഗതുല്യൻ (സഭാ.3:19)

(5) നല്ല പേര് സുഗന്ധതൈലത്തേക്കാളും മരണദിവസം ജനനദിവസത്തേക്കാളും ഉത്തമം(സഭാ.7:1)

(6) നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല (സഭാ.7:20)

(7) ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേക സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു (സഭാ.7:29)

(8) വെള്ളത്തിൽ എറിയുന്ന അപ്പം (സഭാ.11:1,2)

(9) പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെച്ചേരും; ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും (സഭാ.12:7).

## സഭാ.12:3-7 — മനുഷ്യന്റെ ജീവിതാന്ത്യം ആലങ്കാരിക ഭാഷയിൽ

(As per Scofeild Bible & Premier Bible) — സഭാ.12:3-7

(1) വീട്ടു കാവൽക്കാർ വിറയ്ക്കും = കൈകൾ വിറയ്ക്കും

(2) ബലവാന്മാർ കുനിയും = നട്ടെല്ലു വളയും

(3) അരയ്ക്കുന്നവർ ചുരുക്കമാകും = പല്ലുകൾ കൊഴിയും

(4) കിളിവാതിലുകളിൽ കൂടി നോക്കുന്നവർ അന്ധന്മാരാകും = കണ്ണുകൾ മങ്ങും

(5) തെരുവിലെ കതകുകൾ അടയും = ചെവി കേൾക്കാതാകും

(6) അരയ്ക്കുന്ന ശബ്ദം മന്ദമാകും = സംസാരശേഷി കുറയും

(7) പക്ഷികളുടെ ശബ്ദത്തിങ്കൽ ഉണർന്നു പോകും = ഉറക്കം കുറയും

(8) പാട്ടുകാരികൾ തളരും = സംസാരിക്കുമ്പോൾ നാവു കുഴയും

(9) കയറ്റത്തെ പേടിക്കും = തന്റേടം നഷ്ടമാകും

(10) വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും = ഭീരുവായിത്തീരും

(11) ബദാം വൃക്ഷം പൂക്കും = തല നരയ്ക്കും

(12) തുള്ളൻ ഇഴഞ്ഞു നടക്കും = രക്തയോട്ടം കുറയുമ്പോൾ ശരീരത്തിലൂടെ എന്തോ ഇഴഞ്ഞു നട ക്കുന്നതായി തോന്നും

(13) രോചനക്കുരു ഫലിക്കാതെ വരും = മരുന്നു ഫലിക്കാതാകും, ആഗ്രഹങ്ങൾ ഇല്ലാതാകും

(14) ശാശ്വതഭവനം = ശവക്കുഴി

(15) വെള്ളിച്ചരടു അറ്റു പോകും = സുഷുമ്നനാടി പ്രവർത്തനം നിശ്ചലമാകും

(16) പൊൻകിണ്ണം തകരും = തലച്ചോറിന്റെ പ്രവർത്തനം നിലയ്ക്കും

(17) ഉറവിങ്കലെ കുടം ഉടയും = രക്തയോട്ടം നിശ്ചലമാകും

(18) കിണറ്റിങ്കലെ ചക്രം തകരും = ഹൃദയത്തിന്റെ പ്രവർത്തനം നിന്നു പോകും.

## സഭാപ്രസംഗി — പ്രയോഗിക ജീവിതത്തിൽ —

(1) ജീവിതത്തിൽ വിജയം ആവശ്യമെങ്കിൽ നാം മുകളിലേക്കു നോക്കണം > ദൈവത്തിങ്കലേക്ക്

(2) സൂര്യനു താഴേക്കല്ല നാം നോക്കേണ്ടത് ; സൂര്യനു മുകളിലേക്കു ദൈവസന്നിധിയിലേക്കു നോക്കിയാൽ നാം അനുഗ്രഹിക്കപ്പെടും.

(3) സൂര്യനു കീഴെമാത്രം നോക്കിയുള്ള ജീവിതം മായയും ശൂന്യവുമാണ്.

(4) നാം ക്രിസ്തുവിനായി ജീവിക്കുമെങ്കിൽ ജീവിതം മായയും ശൂന്യവുമാകയില്ല.

**യോഹ.4:13,14 —** *"യേശു അവളോട്: ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരു നാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും എന്നു ഉത്തരം പറഞ്ഞു."*

## ക്രിസ്തു സഭാപ്രസംഗിയിൽ — ആരും ഓർക്കാത്ത ജ്ഞാനിയായവൻ

(1) സഭാ.9:15 — എന്നാൽ അവിടെ സാധുവായൊരു ജ്ഞാനി പാർത്തിരുന്നു; അവൻ തന്റെ ജ്ഞാനത്താൽ പട്ടണത്തെ രക്ഷിച്ചു; എങ്കിലും ആ സാധു മനുഷ്യനെ ആരും ഓർത്തില്ല.

ജ്ഞാനിയായ ആ സാധുമനുഷ്യൻ യേശുക്രിസ്തുവിനെ കുറിക്കുന്നു. യേശുക്രിസ്തു സകലരുടെയും പാപത്തിന്റെ ശിക്ഷ ഏററു വാങ്ങി തന്റെ ജീവനെ നമുക്കായി തന്നു. എന്നാൽ ആരും ഈ കർത്താവിനെ ഓർത്തില്ല. (യോഹ.1:11 /യോഹ.3:16/ ലൂക്കൊ. 23:39-43/ സങ്കീ.136:23/1.കൊരി.1:24/ 1.കൊരി.2:7) (Forgotten Wise Man)

(2) സുര്യനു മുകളിലുള്ളവൻ (One above the Sun) -- ലോകത്തിൽ സൂര്യനു കീഴേയുള്ള കാര്യങ്ങൾ എല്ലാം തന്നേ അർത്ഥശൂന്യവും, മായയും ആണ്. എന്നാൽ സൂര്യനു മീതെ ഉയരത്തിലുള്ള ദൈവിക കാര്യങ്ങൾ മാത്രമാണ് നിലനിൽക്കുന്നതും അനുഗ്രഹകരമായിട്ടുള്ളതും. (സഭാ.1:2,3)

ജീവനും സമൃദ്ധിയായ ജീവനും നൽകുവാൻ യേശുക്രിസ്തുവിനു മാത്രമേ കഴിയൂ (യോഹ 10:9,10). ഈ ലോകത്തിലെ വെള്ളം കുടിക്കുന്നവനു എല്ലാം പിന്നെയും ദാഹിക്കും. എന്നാൽ യേശുക്രിസ്തു നൽകുന്ന ആത്മീക ജലം കുടിക്കുന്നവനു ഒരുനാളും ദാഹിക്കുകയില്ല. അവനിൽ ഇതു നിത്യജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവയായിതീരും (യോഹ.4:13,14).

-----------------------------------

# (22) ഉത്തമഗീതം — SONG OF SONGS

ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹബന്ധത്തെ ആസ്പദമാക്കി രചിക്കപ്പെട്ട ഗീതമാണ് ഉത്തമഗീതം. എബ്രായ, ഗ്രീക്കു ഭാഷകളിൽ "പാട്ടുകളുടെ പാട്ട് " (Song of Songs) എന്ന് അറിയപ്പെടുന്നു. മലയാളത്തിൽ ഉത്തമം അഥവാ മേൽത്തരമായ ഗീതം എന്ന നിലയിൽ ഉത്തമഗീതം എന്ന് നാമകരണം ചെയ്തിരിക്കുന്നു. ആലങ്കാരികഭാഷയിലും അനേക പ്രതിരൂപങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള വിവരണമാണിതിലുള്ളത്.

യെരൂശലേമിൽ നിന്നു ഏകദേശം 80 കിലോമീറ്റർ അകലെയുള്ള എഫ്രയീംമലനാട്ടിലെ ഒരു ചെറിയ ഗ്രാമമാണ് ശൂലേം. ശൂനേമെന്നും അറിയപ്പെട്ടിരന്നു. അവിടെയുള്ള ഒരു സാധു ഇടയബാലികയാണ് ശൂലേംകാരത്തി എന്നറിയപ്പെട്ട ഉത്തമഗീതത്തിലെ കഥാനായിക. ശലോമോൻരാജാവിന്റെ യാത്രാമദ്ധ്യേ ശൂലമിയെ കാണുവാനിടയായി. ഇടയകന്യകയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ രാജാവ് അവളെ തന്റെ രാജ്ഞിമാരിൽ ഒരുവളാക്കുവാൻ ആഗ്രഹിച്ചു. ഇവർ തമ്മിലുള്ള പ്രേമം വളർന്നു പന്തലിച്ചു വിവാഹത്തിലെത്തിച്ചേരുന്നു. പുരാതനകാലത്ത് മുപ്പതു വയസ്സിനു താഴെ പ്രായമുള്ളവർ ഇതു വായിക്കുന്നതിൽ നിന്നു യഹൂദാശാസ്ത്രിമാർ വിലക്കിയിരുന്നു. എ.ഡി. 90-ൽ മാത്രമാണ് ഉത്തമഗീതത്തിന് കാനോനിൽ സ്ഥിരമായ സ്ഥാനം ലഭിച്ചത്. ആത്മികരല്ലാത്തവർ ഈ പുസ്തകത്തെ ദുർവ്യാഖ്യാനം ചെയ്യാറുണ്ട്.

ശലോമോനും ശൂലേംകാരിയും തമ്മിലുള്ള പ്രേമത്തെ വിവരിക്കുന്ന ഉത്തമഗീതത്തിലെ സംഭവത്തെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്.

(1) ശലോമോന്റെ യാത്രയിൽ ശൂലേംകാരത്തിയായ ഇടയകന്യകയെ അവിചാരിതമായി കാണുവാനിടയായി. അവളുടെ സൗന്ദര്യത്തിൽ ആകർഷിക്കപ്പെട്ടു അവളോടു പ്രേമമുണ്ടായി. സംസാരത്തിൽ ഇരുവരും തമ്മിൽ സ്നേഹബന്ധത്തിലായി. തുടർന്നു തന്റെ രാജ്ഞിയായി കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു വന്നു എന്നാണ് ഒരഭിപ്രായം.

(2) തന്റെ രാജ്യത്തിന്റെ വടക്കു ഭാഗം സന്ദർശിച്ച ശലോമോൻ ശൂലേമിൽ വെച്ചു കണ്ടുമുട്ടിയ ഒരു കന്യകയുമായി പ്രേമത്തിലായി. അവളെ തന്റെ രാജ്ഞിയാക്കുവാൻ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു വന്നു. എന്നാൽ അവൾ തന്റെ ദേശത്തുള്ള ഇടയയുവാവുമായി നേരത്തേ പ്രേമത്തിലായിരുന്നു. അവനോടുള്ള തന്റെ പ്രേമവും വിശ്വസ്തതയും കൈവിടുവാൻ അവൾ തയ്യാറായില്ല. ഒടുവിൽ രാജാവ് അവളെ അവളുടെ ദേശത്തേക്കു തിരിച്ചയക്കുകയും അവൾ ഇടയ യുവാവിനെത്തന്നെ വിവാഹം കഴിക്കുകയും ചെയ്തുവെന്നാണ് മറ്റൊരഭിപ്രായം.

(3) ശലോമോൻ രാജാവ് പലപ്പോഴും തന്റെ രാജ്യത്തിൽ വേഷപ്രച്ഛന്നനായി നടക്കാറുണ്ടായിരുന്നു. കൃഷിയിടങ്ങളിലും മുന്തിരിത്തോപ്പിലൂടെയും ഇപ്രകാരം യാത്ര ചെയ്യുമ്പോൾ രാജകീയ വേഷമോ അംഗരക്ഷകരോ ഉണ്ടായിരിക്കയില്ല. ഇപ്രകാരമുള്ള യാത്രാവേളയിൽ ഒരിക്കൽ സുന്ദരിയായ ഒരു ശൂലേംകാരത്തി ഇടയകന്യകയെ കാണുവാനിടയായി. ഇരുവരും പ്രേമബദ്ധരായിത്തീർന്നു. ഇടയവേഷത്തിലായിരുന്ന ശലോമോൻ രാജാവാണെന്നു ശൂലേംകാരത്തി അറിഞ്ഞതുമില്ല. അവളെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു വന്നു. രാജവേഷത്തിലെത്തിയ ശലോമോൻ അവളെ രാജ്ഞിയാക്കുവാൻ ശ്രമിച്ചു. എന്നാൽ താൻ വയലിൽ വെച്ചു കണ്ടു മുട്ടിയ ഇടയയുവാവുമായി മാത്രമേ വിവാഹം കഴിക്കൂ എന്നു ആവർത്തിച്ചു പറഞ്ഞു. എന്നാൽ അവൾ പ്രേമിച്ചതു ഇടയ യുവാവിന്റെ വേഷത്തിൽ വന്ന രാജാവിനെ തന്നെയായിരുന്നുവെന്നു തോഴിമാർ അവളെ അറിയിച്ചു. ഇതു കേട്ടു സന്തോഷവതിയായി അവൾ ശലോമോനുമായുള്ള വിവാഹത്തിനു സമ്മതിച്ചു ശലോമോന്റെ രാജ്ഞിയായിത്തീർന്നു എന്നാണ് മറ്റൊരഭിപ്രായം.

ചരിത്രപരമായി ഇത് ശലോമോൻ രാജാവും ശൂലേംകാരിയായ ഒരു ഇടയബാലികയും തമ്മിലുള്ള പ്രേമത്തെയും, വിവാഹബന്ധത്തെയും ചിത്രീകരിക്കുന്നു. സാദൃശ്യാർത്ഥത്തിൽ നോക്കിയാൽ യിസ്രായേലിനെ ദൈവത്തിന്റെ പ്രതിശ്രുത വധുവായും സഭയെ യേശുക്രിസ്തുവിന്റെ കാന്തയായും ചിത്രീകരിക്കാം. ഇതിൽ യഹോവെക്കു യിസ്രായേലിനോടുള്ള സ്നേഹത്തെയും യേശുക്രിസ്തുവിന് തന്റെ മണവാട്ടിസഭയോടുള്ള സ്നേഹത്തെയും സാദൃശീകരിക്കുന്നു. അനേക സംഭവങ്ങൾ അടങ്ങിയ ഒരു ഏകാങ്ക നാടകരൂപമാണിത്. ശലോമോൻ രാജാവ് നായകൻ, ശൂലേംകാരി നായിക. യെരുശലേംപുത്രിമാർ തോഴിമാരായും ഗായകസംഘമായും അഭിനയിക്കുന്നു.

**എഴുത്തുകാരൻ** : ശലോമോൻ (1:1)

**എഴുതിയ കാലം** : ബി.സി. 965-ൽ യെരൂശലേമിൽ വെച്ച്

**താക്കോൽ വാക്ക്** : പ്രേമം **പ്രധാന വാക്യങ്ങൾ** : (1) ഉ.ഗീ.7:10,11 (2) ഉ.ഗീ.8:7

**മുഖ്യ അദ്ധ്യായം** : സമ്പൂർണ്ണ ഗാനമാകയാൽ പ്രത്യേകിച്ചു ഒരു അദ്ധ്യായത്തെ എടുത്തു പറയുവാൻ കഴിയുകയില്ല. എട്ടാം അദ്ധ്യായം ദാമ്പത്യസ്നേഹത്തെ മനോഹരമായി വിവരിച്ചിരിക്കുന്നു.

**വിഷയം** : ശലോമോനും ഇടയബാലികയും തമ്മിലുള്ള പ്രേമവും, വിവാഹബന്ധവും — പ്രേമഗീതം.

## പ്രധാനവ്യക്തികൾ :

(1) **ശലോമോൻ രാജാവ്** (King Solomon) — പ്രേമകാന്തൻ

(2) **ശൂലേംകാരി** (The Shulamite woman) — കാന്ത - ശലോമോൻ രാജാവു കണ്ടുമുട്ടിയ ഇടയബാലിക

(3) **യെരൂശലേം പുത്രിമാർ** (The daughters of Jerusalem) — കൊട്ടാരത്തിലെ കന്യകമാരായ തോഴിമാർ — അന്തഃപ്പുരസ്ത്രീകൾ — ശലോമോനും ശൂനേംകാരിയും തമ്മിലുള്ള സ്നേഹബന്ധത്തെ പ്രോത്സാഹിപ്പിച്ചവർ.

## പുസ്തക വിഭജനം: (8 അദ്ധ്യായങ്ങൾ)

(1) പ്രേമത്തിന്റെ ആരംഭം : ഉത്തമഗീതം. 1:1 — 3:5

(2) പ്രേമം വിവാഹബന്ധത്തിൽ : ഉത്തമഗീതം. 3:6 — 5:1

(3) പ്രേമത്തിന്റെ വളർച്ച : ഉത്തമഗീതം 5:2 — 8:14

## ശ്രദ്ധേയവിഷയങ്ങൾ :

(1) കാന്തന്റെ സ്നേഹ കൊടിക്കീഴിൽ (ഉ.ഗീ.2:1-4)

(2) മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറുകുറുക്കന്മാർ (ഉ.ഗീ.2:15)

(3) ശലോമോന്റെ പല്ലക്കിന്റെ വർണ്ണന (ഉ.ഗീ.3:6-10)

(4) കെട്ടി അടച്ച തോട്ടം (ഉ.ഗീ.4:12-16)

(5) മഹനയീമിലെ നൃത്തം (ഉ.ഗീ.7:1/ഉല്പ.32:2)

(6) ദൂദായ് പഴം (ഉ.ഗീ.7:14/ ഉല്പ.30:14)

(7) മുന്തിരിത്തോട്ടം പാട്ടത്തിന് (ഉ.ഗീ.8:11,12 /മത്താ.21:33-41)

## ഉത്തമഗീതവും വിവാഹവും —

(1) വിവാഹം ദൈവത്താൽ സ്ഥാപിതവും ഒരു സ്ത്രീയും പുരുഷനുമായുള്ള ആത്മബന്ധവുമാണ്.

(2) വിവാഹം മാന്യവും, വിശുദ്ധിയുള്ളതും, ശരിയായതും, ദൈവം ഇഷ്ടപ്പെടുന്നതുമാണ് (എബ്രാ.13:4).

(3) വിവാഹത്തിൽ ഇണയില്ലാപ്പിണ കൂടരുത്. വിശ്വാസി വിശ്വാസിയുമായി മാത്രം ബന്ധം.

(4) ദൈവവചനപ്രകാരം അല്ലാത്ത വിവാഹബന്ധങ്ങൾ നാശത്തിലേക്കു പോകുന്നു.

(5) ദൈവത്തെയും, ദൈവവചനത്തെയും, സഭയെയും വിവാഹബന്ധത്തിൽ അവഗണിക്കരുത്.

(6) വിവാഹബന്ധം പിരിയൽ ദൈവവചനം അനുവദിക്കുന്നില്ല.

## ശ്രദ്ധേയവാക്യങ്ങൾ :

**(1) ഉ.ഗീ.2:14 —** *"പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ. നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൗന്ദര്യമുള്ളതും ആകുന്നു."*

ലേവ്യാപുസ്തകത്തിൽ കുഷ്ഠരോഗിയുടെ ശുദ്ധീകരണത്തോടു ബന്ധത്തിൽ പുരോഹിതന്റെ അടുക്കൽ രണ്ടു ജീവനുള്ള പക്ഷിയെ കൊണ്ടു വരുന്നു (ലേവ്യ.14:1-8). ഒന്നിനെ അറുക്കുകയും ജീവനുള്ളതിനെ അറുത്ത പക്ഷിയുടെ രക്തത്തിൽ മുക്കി പുറത്തേക്കു വിടുകയും ചെയ്യുന്നു. കുഷ്ഠശു

ദ്ധീകരണത്തിനു ശേഷം പുറത്തേക്കു വിട്ടയക്കപ്പെട്ട പക്ഷിയെക്കുറിച്ചു നമുക്കു ഇപ്രകാരം ചിന്തിക്കാം — ഇണപ്പക്ഷിയുടെ രക്തം പുരണ്ട ശരീരവുമായി അതു ദൂരേക്കു പറന്നു പോകുന്നു. പഴയകൂട്ടത്തിലേക്കു ചെല്ലുമ്പോൾ അതിനെ ഒറ്റപ്പെടുത്തി കൊത്തി ഓടിക്കും. അതു വീണ്ടും പറന്നു പോകുന്നു. ഇണപക്ഷിയുടെ രക്തം വഹിക്കുന്ന ഈ പക്ഷിയുടെ ഇരിപ്പു ഇനി പഴയ കൂട്ടത്തിൽ അല്ല, എല്ലാറ്റിൽ നിന്നും വേർപെട്ടു ഏറെ ദൂരെ ചെന്നിരിക്കുന്നു. അവിടെ ദുഃഖിച്ചു ഏകാന്തതയിൽ ഇരിക്കുമ്പോൾ അതിന്റെ പ്രാണപ്രിയന്റെ ശബ്ദം കേൾക്കുവാൻ ഇടവരുന്നു. അതിപ്രകാരമായിരിക്കും —

ഉത്തമഗീതം. 2:14 — *"പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ."* രക്ഷിക്കപ്പെട്ട വിശ്വാസിയിൽ പ്രാണപ്രിയന്റെ രക്തം തളിക്കപ്പെട്ടിരിക്കുന്നു. ഈ വിലയേറിയ രക്തത്താൽ ശുദ്ധീകരണവും, വീണ്ടെടുപ്പും ലഭിച്ചു. ഇനി നമ്മുടെ സ്ഥാനം പഴയ കൂട്ടത്തിലല്ല. (1.യോഹ.1:7/1.കൊരി.1:30/സങ്കീ.1:1–3). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി. പഴയകൂട്ടത്തിലേക്കു പോയാൽ അവർ നമ്മെ നിന്ദിക്കും, ഒറ്റപ്പെടുത്തും, ഓടിക്കും. ആകയാൽ പിളർക്കപ്പെട്ട പാറയായ ക്രിസ്തുവിൽ നാം അഭയം പ്രാപിച്ചിരിക്കുകയാണ്. ലോകപ്രകാരം ഒറ്റപ്പെട്ടെങ്കിലും പ്രാണപ്രിയന്റെ ശബ്ദം നമുക്കു കേൾക്കുവാൻ സാധിക്കും. വിശ്വാസികൾ ലോകത്തോടു അനുരൂപരാകാതിരിക്കുമ്പോൾ ലോകക്കാർ അവരെ പകെക്കും. *"ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ലായ്ക കൊണ്ടു ലോകം അവരെ പകെച്ചു"* (യോഹ.17:14).

**(2) ഉ.ഗീ.2:15 —** *"ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെതന്നേ പിടിച്ചു തരുവിൻ."*

തോട്ടത്തിനു വേലി ഇല്ലെങ്കിൽ കുറുക്കന്മാർ അതിൽ കയറി മുന്തിരി നശിപ്പിക്കും. ഉയരത്തിൽ കെട്ടിയിരിക്കുന്ന മുന്തിവള്ളികൾ പിടിക്കാനായി ചാടി അത് നശിപ്പിക്കും.

ചെറുകുറുക്കന്മാർ വലിയ ദോഷം ചെയ്യും. ഇവ മുന്തിരിവള്ളികൾ മൂടോടെ പിഴുതു തോട്ടത്തിൽ വലിയ നാശം ഉണ്ടാക്കും.

> കുറുക്കന്മാരെപ്പോലെ പാപവും വിശ്വാസിയിൽ ഏറിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു.

> ചെറുകുറുക്കന്മാരെപ്പോലെ കോപം, ക്രോധം, അസൂയ, വഞ്ചന എന്നിവ ചെറുതെന്നു തോന്നിയാലും അവ നമ്മുടെ ആത്മീക ജീവിതത്തിനു ദോഷം ഉണ്ടാക്കും. 1.പത്രൊ.2:1 — *"ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ..."*

**(3) ഉ.ഗീ.4:12 —** *"എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടെച്ചിരിക്കുന്ന ഒരു തോട്ടം. അടെച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു."*

വിശ്വാസിയും സഭയും — കെട്ടി അടെച്ചിരിക്കുന്ന ഒരു തോട്ടം, അടെച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു —

**(1) കെട്ടിയടച്ചിരിക്കുന്ന ഒരു തോട്ടം** (Garden enclosed) —

സഭയും വിശ്വാസിയും കെട്ടിയടച്ചിരിക്കുന്ന ഒരു തോട്ടം.

> ഉല്പത്തി ആരംഭിക്കുന്നത് ഒരു തോട്ടത്തോടു കൂടി — ആദാമും ഹവ്വായും ദൈവത്തോടൊപ്പം വസിച്ചിരുന്ന ഏദെൻ തോട്ടം. തോട്ടത്തിനു ഒരു വാതിൽ മാത്രം. അത് കിഴക്കു വശത്തായിരുന്നു (ഉല്പ.3:24).

> കെട്ടിയടച്ചിരിക്കുന്ന തോട്ടം, തോട്ടത്തിലെ സുരക്ഷിതത്വത്തെ കുറിക്കുന്നു.

> തോട്ടത്തിലേക്കുള്ള പ്രവേശനം കർത്താവിനു മാത്രം.

> വിശ്വാസി കർത്താവിനായി വേർതിരിക്കപ്പെട്ടവൻ.

> ചുറ്റും മതിൽ (വേർപാട്) ഉണ്ടായിരിക്കണം.

> തോട്ടത്തിനു ഒരു ഉടമസ്ഥനുണ്ട്. ക്രിസ്തു നമ്മുടെ നാഥനും, ഉടമസ്ഥനും, രക്ഷിതാവും, വീണ്ടെടുപ്പുകാരനും. യേശുക്രിസ്തു തന്റെ വിലയേറിയ രക്തത്താൽ നമ്മെ വിലെക്കു വാങ്ങി (1.പത്രൊ.1:18,19). നാം കർത്താവിന്റെ വക.

> പല വിധത്തിലുള്ള മരങ്ങൾ, ചെടികൾ തോട്ടത്തിലുണ്ട്. സഭ എന്നത് സർവ്വഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലും നിന്നുള്ളവർ (വെളി.5:9).

> ഉടമസ്ഥൻ തന്റെ തോട്ടത്തിൽ ഫലം അന്വേഷിക്കും. നാം ആത്മീകഫലം പുറപ്പെടുവിക്കണം (ഗലാ.5:22).

**(2) അടെച്ചിരിക്കുന്ന ഒരു നീരുറവു** (Spring shut up) —

സഭയും വിശ്വാസിയും അടെച്ചിരിക്കുന്ന ഒരു നീരുറവ്.

> നീരുറവയ്ക്ക് ശാഖകളില്ല.

> തോട്ടത്തിലെ ആവശ്യത്തിനായുള്ള വെള്ളം ഉള്ളിൽ നിന്നു തന്നെ.

> നീരുറവ് അടെച്ചിരിക്കുന്നത് സ്വർഗ്ഗീയ ആവശ്യങ്ങൾക്കു മാത്രം.

> നീരുറവ് ആത്മീക കാര്യങ്ങൾക്കു മാത്രം.

**യോഹ.4:14 —** *''ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവയായിത്തീരും എന്നു ഉത്തരം പറഞ്ഞു.''*

**(3) മുദ്രയിട്ടിരിക്കുന്ന ഒരു കിണറു** (Fountain sealed) —

> നാം നീരുറവും കിണറുമാണ്. നമ്മെ മുദ്രയിട്ടിരിക്കുന്നു. മുദ്രയിട്ടിരിക്കുന്നത് പരിശുദ്ധാത്മാവിലാണ്. **എഫെ.1:14 —** *''തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.''*

> ദൈവം തന്റെ ഉപയോഗത്തിനായി നമ്മെ സൂക്ഷിച്ചു സംരക്ഷിച്ചിരിക്കുന്നു.

> മുദ്ര ഉടമസ്ഥതയെയും സംരക്ഷണത്തെയും കുറിക്കുന്നു.

> ക്രിസ്തുവിന്റെ കാന്തയായ സഭ മുദ്രയിട്ടിരിക്കുന്ന ഒരു കിണർ അഥവാ മുദ്രയിട്ടിരിക്കുന്ന ഒരു നീരുറവാണ്. സഭയുടെമേലുള്ള ക്രിസ്തുവിന്റെ ഉടമസ്ഥതയെ കുറിക്കുന്നു.
കിണർ മുദ്രയിട്ടതും അടെച്ചതുമാണ് (ഉല്പ.29:3,10).

> കിണറിലുള്ള പാറകളും കല്ലുകളും പൊടികളും മാലിന്യങ്ങളും പുറത്തു കളഞ്ഞ് ശുദ്ധീകരിക്കണം. സാത്താനും കൂട്ടരും കിണറിൽ മണ്ണിട്ടു വെള്ളത്തിന്റെ ലഭ്യത ഇല്ലാതാക്കുന്നത് തടയണം (ഉല്പ.26:15).

# ക്രിസ്തു ഉത്തമഗീതത്തിൽ — പ്രേമകാന്തൻ

(1) ക്രിസ്തു പ്രേമകാന്തൻ/ പ്രാണപ്രിയൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ — ഉ.ഗീ.5:10, 2:16 — എഫെ.5:26,27

(2) ക്രിസ്തു സർവ്വാംഗസുന്ദരൻ. "അവന്റെ വായ് ഏററവും മധുരമുള്ളതു; അവൻ സർവ്വാംഗസുന്ദരൻ തന്നേ. യെരുശലേം പുത്രിമാരേ, ഇവനത്രേ എന്റെ പ്രീയൻ; ഇവനത്രേ എന്റെ സ്നേഹിതൻ" (ഉ.ഗീ.5:16). എന്നതിൽ സർവ്വാംഗസുന്ദരനും, പ്രീയനും, സ്നേഹിതനുമായവൻ കർത്താവായ യേശുക്രിസ്തു വിനെ കുറിക്കുന്നു (എബ്രാ. 7:26 / വെളി. 1: 14 — 16).

(3) പഴയനിയമത്തിൽ യിസ്രായേലിനെ മണവാട്ടിയായി കാണുന്നതുപോലെ പുതിയനിയമത്തിൽ സഭയെ യേശുക്രിസ്തു വിന്റെ മണവാട്ടിയായി കാണുന്നു. ഉത്തമഗീതം ഒരു മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്നു. യേശുക്രിസ്തു സഭയുടെ മണവാളൻ ആണ് (2.കൊരി.11:2/ എഫെ.5:23 — 25 / വെളി.19:7 - 9 / വെളി.21:9).

(4) "എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നേ" (ഉ.ഗീ.5:10) വെണ്മ യേശുക്രിസ്തുവിന്റെ പരിശുദ്ധിയേയും (1.പത്രൊ.2:22/മത്താ.27:19,24/ലൂക്കൊ.23:47); ചുവപ്പു യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പിനെയും (സംഖ്യ.19:2,3), അതിശ്രേഷ്ഠൻ എന്നതു യേശുക്രിസ്തുവിന്റെ ഉന്നതിയേയും (എബ്രാ.7:4/ ഫിലി.2:10,11) കുറിക്കുന്നു.

(5) "കാട്ടുമരങ്ങളുടെ ഇടയിൽ ഒരു നാരകം പോലെ യൗവനക്കാരുടെ ഇടയിൽ എന്റെ പ്രിയൻ ഇരിക്കുന്നു" (ഉ.ഗീ.2:3). നാരകം എന്നതു യേശുക്രിസ്തുവിനെ കുറിക്കുന്നു. കാട്ടുമരങ്ങൾ ഈ ലോകത്തിലെ മഹാന്മാരും, പ്രഭുക്കന്മാരും, ഊമവിഗ്രഹങ്ങളും ആണ്. യേശുക്രിസ്തുവാകുന്ന ഈ നാരകത്തിന്റെ തണലിൽ നിന്നും ലഭിക്കുന്ന ആശ്വാസവും, കുളിർമ്മയും, ദാഹശമനവും അതിശ്രേഷ്ഠമാണ് (ഉ.ഗീ.8:5).

(6) "അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടു ചെന്നു; എന്റെ മീതെ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു'' (ഉ.ഗീ.2:4). ഇത് യേശുക്രിസ്തുമൂലം പാപികളായ മനുഷ്യർക്ക് ലഭിക്കുന്ന സ്നേഹവും, ദൈവിക വിരുന്നുശാലയിലേക്കുള്ള പ്രവേശനവും, കാണിക്കുന്നു (മത്താ.22:10/യോഹ.12:2).

------------------------------------

# (23) യെശയ്യാവു — ISAIAH

പഴയനിയമത്തിലെ പതിനേഴു (17) പ്രവചനഗ്രന്ഥങ്ങളിൽ ആദ്യത്തേതാണ് യെശയ്യാപ്രവചനം. ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള കവിതാഗ്രന്ഥങ്ങൾ യിസ്രായേലിന്റെ സുവർണ്ണ യുഗത്തിൽ രചിക്കപ്പെട്ടതായിരിക്കുമ്പോൾ യെശയ്യാവു മുതൽ മലാഖി വരെയുള്ള പ്രവചനഗ്രന്ഥങ്ങൾ യിസ്രായേൽ ജനതയുടെ അന്ധകാരയുഗവുമായി ബന്ധപ്പെട്ടവയാണ്. യിസ്രായേൽ ജനത വടക്കുള്ള യിസ്രായേൽ രാഷ്ട്രമെന്നും, തെക്കുള്ള യെഹൂദാരാഷ്ട്രമെന്നും രണ്ടായി വിഭജിക്കപ്പെട്ടു. ദൈവഭക്തിയിൽ നിന്നും വിഗ്രഹസേവയിലേക്കു വഴുതി വീണ അവസരത്തിൽ ദൈവം തന്റെ പ്രവാചകന്മാരെ അയച്ചു ജനത്തോട് സംസാരിച്ചു.

പഴയനിയമത്തിൽ 16 പ്രവാചകന്മാരും 17 പ്രവചനങ്ങളുമുണ്ട്. യിരെമ്യാവു രണ്ടു പ്രവചന ങ്ങൾ എഴുതിയതിനാലാണ് വ്യത്യാസം (അവ യിരെമ്യാവിന്റെ പ്രവചനവും, വിലാപങ്ങളും).
16 പ്രവാചകന്മാരിൽ 4 പേരെ വലിയ പ്രവാചകന്മാർ എന്നും, 12 പേരെ ചെറിയപ്രവാചകന്മാർ എന്നും അറിയപ്പെടുന്നു. വേദപഠിതാക്കൾ ഇപ്രകാരം രണ്ടായി തിരിച്ചിരിക്കുന്നതെങ്കിലും തിരുവചന ത്തിന്റെ ആധികതാരികത ഇല്ല. പ്രവചന ഗ്രന്ഥത്തിന്റെ പ്രാധാന്യതയോ, അപ്രധാന്യതയോ, അവ യുടെ ദൈർഘ്യമോ ആശ്രയിച്ചല്ല വേർതിരിച്ചു പറയപ്പെടുന്നത്. പ്രവാചകന്മരുടെ ശുശ്രൂഷാകാലയള വിനെയും പ്രവചന ചുരുളുകളുടെ എണ്ണമനുസരിച്ചോ ആയിരിക്കാം ഇങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നത്.

യെശയ്യാപ്രവചനം പ്രവാസകാലത്തിനു മുമ്പുള്ള പ്രവചനം ആണ് (Prophesy to Judah before thier Captivity ). നാലു വലിയ പ്രവാചകന്മാരിൽ പ്രഥമനാണ് യെശയ്യാവു. ഈ പേരിന്റെ അർത്ഥം **“യഹോവ രക്ഷയാകുന്നു”/ “യഹോവ രക്ഷിക്കുന്നു”**എന്നാണ് (The Lord is Salvation / Salvation of the Lord ). വളരെ ഉയർന്ന ഒരു യഹൂദ കുടുംബത്തിലാണ് യെശയ്യാവുജനിച്ചത്. രാജകുടുംബാം ഗമായ യെശയ്യാവു, യഹൂദാരാജാവായ യോവാശിന്റെ മകനായ ആമോസിന്റെ മകനാണ്. യെശയ്യാവിന്റെ ഭാര്യയും ഒരു പ്രവാചകി ആയിരുന്നു. യെശയ്യാവിനു രണ്ടു മക്കൾ ഉണ്ടായിരുന്നു (യെശ.7:3 /യെശ.8:3/ യെശ.8:18). യെഹൂദയിലെ നാലു രാജാക്കന്മാരായ ഉസ്സീയാവ്, യോഥാം, ആഹാ സ്, ഹിസ്കീയാവ് (യെശ.1:1) എന്നിവരുടെ കാലത്ത് ഏകദേശം 60 വർഷക്കാലം യെശയ്യാവിന്റെ ശു ശ്രൂഷ നീണ്ടു നിന്നു. വടക്കേ രാജ്യമായ യിസ്രായേൽ അടിമകളായി അശ്ശൂരിലേക്കും തെക്കേരാജ്യ മായ യെഹൂദാ സൻഹേരീബിനാൽ ആക്രമിക്കപ്പെട്ടതും ഇക്കാലയളവിലാണ്. 60 വർഷത്തെ ശുശ്രൂഷയ്ക്കു ശേഷം ദുഷ്ടനായ മനശ്ശെരാജാവിന്റെ വാഴ്ചക്കാലത്തു 120 വയസ്സുള്ളപ്പോൾ രക്തസാക്ഷിയായി മരിച്ചു.

ഈ പ്രവചനത്തിന്റെ പ്രതിപാദ്യം രക്ഷ എന്ന വിഷയമാണ്. ബൈബിളിൽ 66 പുസ്തകങ്ങൾ ഉള്ളതുപോലെ ഈ പുസ്തകത്തിൽ 66 അദ്ധ്യായങ്ങൾ ഉണ്ട്. ഈ 66 അദ്ധ്യായങ്ങളിൽ സാദൃശ്യപരമായി മുഴുവൻ ബൈബിളിന്റെയും സന്ദേശം ഉൾക്കൊള്ളുന്നതുകൊണ്ട് ഈ ഗ്രന്ഥത്തെ ബൈബിളിലെ മറെറാരു “ചെറിയ ബൈബിൾ”എന്നു കരുതാം. ഒന്നു മുതൽ 39 വരെയുള്ള ആദ്യത്തെ 39 അദ്ധ്യായങ്ങൾ പഴയനിയമത്തിലെ 39 പുസ്തകങ്ങളെപ്പോലെയും 40 മുതൽ 66 വരെയുള്ള 27 അദ്ധ്യായങ്ങൾ പുതിയനിയമത്തിലെ 27 പുസ്തകങ്ങളെപ്പോലെയും നിലകൊള്ളുന്നു. ദൈവവഴിവിട്ടു സഞ്ചരിച്ച ജനങ്ങൾക്കെതിരായുള്ള ദൈവികന്യായവിധിയെ 39 അദ്ധ്യായങ്ങൾ വിശദീകരിക്കുന്നു. തുടർന്നുള്ള 27 അദ്ധ്യായങ്ങൾ ദൈവവഴിയിൽ സഞ്ചരിച്ചാലുണ്ടാകുന്ന അനുഗ്രഹത്തെ വിശദീകരി ക്കുന്നതും അതു ക്രിസ്തുവിന്റെ രക്ഷണ്യവേലയെ പ്രകടമാക്കുന്നതുമാണ്.

ക്രിസ്തുവിന്റെ ജനനം (യെശ.7:14), ദൈവത്വം (യെശ.9:1-7), ശുശ്രൂഷ (യെശ.9:1,2/42:1-7/61:1,2), പ്രായശ്ചിത്തമരണം (യെശ.52,53), സഹസ്രാബ്ദവാഴ്ച (യെശ.2,11,65) എന്നിവയടങ്ങുന്ന പ്രവചനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിന് **“യെശയ്യാവിന്റെ സുവിശേഷം”** എന്നും, ഗ്രന്ഥകാരനെ **“വീണ്ടെടുപ്പിൻ പ്രവാചകൻ”, “പഴയനിയമത്തിലെ പൗലൊസ് ”, “പഴയനിയമപ്രവാചകന്മാരുടെ പ്രഭു”, “പഴയ നിയമത്തിലെ സുവിശേഷകൻ”, “അഞ്ചാം സുവിശേഷകൻ”** എന്നും പറയപ്പെടുന്നു. ഉസിയാവ്, യോഥാം, ആഹാസ്, ഹിസ്കിയാവ് എന്നീ രാജാക്കന്മാരുടെ കാലത്ത് യെശയ്യാവു പ്രവചനശുശ്രൂഷ നിർവഹിച്ചതായി യെശയ്യാ 1:1 - ൽ പറയുന്നു. യെശയ്യാവിന്റെ ശുശ്രൂഷയുടെ വിജയം എന്നത് അദ്ദേഹ ത്തിനുണ്ടായ ദർശനമാണ്.

യെശയ്യാവു ദൈവമായ കർത്താവിനെ കാണുന്നതായി അദ്ധ്യായം 6:1 -9 ൽ വായിക്കുന്നു. പ്രവാചകന്റെ സമർപ്പണത്തിന്റെ പടികൾ നോക്കുക.

(1) പാപബോധം : യെശ.6:5

(2) മാനസാന്തരം (പാപം ഏററുപറയുന്നു) : യെശ.6:5,6

(3) വിശുദ്ധീകരണം : യെശ.6:7

(4) സമർപ്പണം : യെശ.6:8

(5) വിളി സ്വീകരിക്കൽ, വേലയ്ക്കു പുറപ്പെടൽ : യെശ.6:8.

യഹോവയായ ദൈവത്തെ യെശയ്യാവു വിളിക്കുന്ന സ്നേഹമേറിയ പേരാണ് "യിസ്രായേലിന്റെ പരിശുദ്ധൻ" (The Holy One of Israel). **"പഴയനിയമത്തിലെ പൗലൊസ് അപ്പോസ്തലൻ"** എന്നു വിശേഷിപ്പിക്കപ്പെടുന്ന യെശയ്യാവു അഞ്ചു തരത്തിലുള്ള രക്ഷ കൈകാര്യം ചെയ്യുന്നു.

(1)യഹൂദന്മാർക്കു അവരുടെ രാഷ്ട്രം ഭാവിയിൽ സ്ഥാപിക്ക പ്പെടുമ്പോൾ ലഭിക്കുന്ന രക്ഷ (യെശ.11,12).

(2) ജാതീയ ആക്രമണത്തിൽ നിന്നു യഹൂദാരാഷ്ട്രത്തിനുള്ള രക്ഷ (യെശ.36,37).

(3) ബാബിലോണ്യ അടിമത്വത്തിൽ നിന്നു യഹൂദയുടെ രക്ഷ (യെശ.40).

(4) രക്ഷകനിൽ ആശ്രയം വയ്ക്കുന്ന പാപിക്കു ലഭിക്കുന്ന വ്യക്തിപരമായ രക്ഷ (യെശ.53).

(5) ദൈവരാജ്യം സ്ഥാപിക്കപ്പെടുമ്പോൾ പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള രക്ഷ (യെശ.60).

**എഴുത്തുകാരൻ** : ആമോസിന്റെ മകനായ യെശയ്യാവു

**എഴുതിയ കാലം**: ബി.സി. 700 — 681

**താക്കോൽ വാക്ക്** : രക്ഷ (രക്ഷ യഹോവയുടേതാണ്)

**പ്രധാന വാക്യങ്ങൾ** : യെശ.9:6,7 / യെശ.53:5,6 **പ്രധാന അദ്ധ്യായം** : യെശ.53

**വിഷയം** : ക്രിസ്തുവിലൂടെ മനുഷ്യർക്കായി ദൈവം ഒരുക്കിയ രക്ഷ

**പ്രധാനവ്യക്തികൾ** :

**(1) യെശയ്യാവ്** (Isaiah) — യഹൂദായിലെ നാലു രാജാക്കന്മാരുടെ കാലത്ത് പ്രവചനശുശ്രൂഷ നടത്തിയ പ്രവാചകൻ -- പ്രത്യാശ, രക്ഷ, ന്യായവിധി എന്നിവയടങ്ങിയ ദൂതുകൾ നൽകി

**(2) ശെയാർ-യാശൂബ്** ( Shear-Jashub) — യെശയ്യാവിന്റെ പുത്രൻ - പേരിനർത്ഥം ശേഷിപ്പു മടങ്ങി വരും - ദൈവത്തിനു തന്റെ ജനത്തോടുള്ള വിശ്വസ്തതയെയും ദൈവം തന്റെ ജനത്തോടു പ്രവർത്തിക്കുവാൻ പോകുന്നതും പേരു വെളിപ്പെടുത്തുന്നു (യെശ.7:3).

**(3) മഹേർ-ശലാൽ ഹാശ്-ബസ്** ( Maher- Shalal- Hash- Baz) — യെശയ്യാവിന്റെ പുത്രൻ — ദൈവം നൽകിയ പേര് — കൊള്ള വേഗം വരുന്നു എന്നു പേരിനർത്ഥം — ദൈവത്തിന്റെ വേഗത്തിലുള്ള ന്യായവിധിയെ പേര് വെളിപ്പെടുത്തുന്നു (യെശ.8:1). വേദപുസ്തകത്തിലെ ഏറ്റവവും ദൈർഘ്യമുള്ള നാമമാണ്.+

**പുസ്തക വിഭജനം**: (66 അദ്ധ്യായങ്ങൾ)

(1) 1 — 35 : ന്യായവിധിയുടെ പ്രവചനങ്ങൾ

(2) 36 — 39 : ചരിത്രപരമായ വസ്തുതകൾ

(3) 40 — 66 : പ്രത്യാശയുടെ പ്രവചനങ്ങൾ (രക്ഷ)

**ശ്രദ്ധേയവിഷയങ്ങൾ**:

(1) യിസ്രായേൽ ജനത്തെപ്പറ്റി ദൈവത്തിന്റെ പരിഭവം (യെശ.1:2-9)

(2) യെശയ്യാവിലെ സുവിശേഷ സന്ദേശം (യെശ.1:18-20/1.യോഹ.1:7)

(3) പുതിയ യെരൂശെലേമിനെപ്പറ്റിയുള്ള ദർശനം (യെശ.2:1-4/11:6-9/60:18-21/62:4/65:17,25)

(4) യഹോവയുടെ മുള (യെശ.4:2)

(5) മുന്തിരിത്തോട്ടത്തിന്റെ ഉപമ (യെശ.5:1-7)

(6) യെശയ്യാവിന്റെ ദൈവസിംഹാസന ദർശനം (യെശ.6:1-8)

(7) യേശുക്രിസ്തുവിന്റെ കന്യകാജനനം (യെശ.7:10-16)

(8) ഒരു ശേഷിപ്പു മടങ്ങി വരും (യെശ.10:20-22)

(9) വീണ്ടെടുപ്പിന്റെ സ്തോത്രഗീതം (യെശ.12)

(10) യഹോവയുടെ ദിവസം (യെശ.13:9-13/ 24:17-23/ 43:4/ 51:6/ 66:24)

(11) ലൂസിഫറിന്റെ വീഴ്ച (യെശ.14:12-15)

(12) ദൂമയെക്കുറിച്ചുള്ള പ്രവചനം — കാവൽക്കാരാ, രാത്രി എന്തായി? (യെശ.21:11,12)

(13) ദർശനത്താഴ്വര (യെശ.22)

(14) നിന്റെ മൃതന്മാർ ജീവിക്കും (യെശ.26:19) —> മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? (ഇയ്യോ.14:14/ യോഹ.11:25/1.കൊരി.15:52/1.തെസ്സ.4:16)

(15) നീതിയോടെ വാഴുന്ന രാജാവ് (യെശ.32)

(16) വീണ്ടെടുക്കപ്പെട്ടവരുടെ നിത്യാനന്ദം (യെശ.35)

(17) ഹിസ്കീയാവിന്റെ രോഗസൗഖ്യം (യെശ.38/2.രാജാ.20)

(18) യോഹന്നാൻ സ്നാപകന്റെ സന്ദേശത്തെപ്പററിയുള്ള പ്രവചനം (യെശ.40:3)

(19) ദൈവത്തിന്റെ സ്വഭാവസവിശേഷതകളും ഔന്നിത്യവും (യെശ.40:12-31)

(20) പുഴുവായ യാക്കോബ് (യെശ.41:14)

(21) ഭയപ്പെടേണ്ടാത്ത കാരണങ്ങൾ — അനുഗ്രഹിക്കപ്പെട്ട അവസ്ഥ (യെശ.43:1-7)

(22) കോരെശ് (യെശ.44:28-45:25/ദാനീ.6:28)

(23) സകലഭൂവാസികൾക്കും രക്ഷ (യെശ.45:22/49:6/54:5/55:1/55:5-7/യെശ.66:19)

(24) എല്ലാ മുഴങ്കാലും മടങ്ങും (യെശ.45:23/റോമ.14:11/ഫിലി.2:10)

(25) പഴയനിയമത്തിലെ ത്രിത്വം (യെശ.48:16)

(26) ദൈവവചനം നിഷ്ഫലമാകയില്ല (യെശ.55:11)

(27) രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല (യെശ.59:1,2)

(28) സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവം (യെശ.64:4/1.കൊരി.2:9)

(29) നീതിപ്രവൃത്തികൾ കറ പുരണ്ട തുണി (യെശ.64:6)

(30) ഞങ്ങൾ കളിമണ്ണും ദൈവം മെനയുന്നവനും (യെശ.64:8)

**യെശയ്യാവിലെ ശാസ്ത്രം —**

ഭൂമണ്ഡലത്തിൻ മീതെ അധിവസിക്കുന്നു (He who sits above the cirlcle of the earth) (യെശ.40:22).

# ക്രിസ്തു യെശയ്യാവിൽ — സമാധാന പ്രഭു

(1) വിശുദ്ധമന്ദിരം (യെശ.8:14)

(2) യിസ്രായേൽഗൃഹത്തിനു ഇടർച്ചക്കല്ലും തടങ്ങൽപാറയും (യെശ.8:14)

(3) ക്രിസ്തു ഇരുട്ടിൽ നടന്ന ജനം കണ്ട വലിയോരു വെളിച്ചം (യെശ.9:2)

(4) ക്രിസ്തു സമാധാന പ്രഭു — യെശ. 9:6 — എഫെ.2:14-17

(5) ക്രിസ്തു യിശ്ശായിയുടെ കുറ്റിയിൽനിന്നു പൊട്ടിപ്പുറപ്പെട്ട മുള (യെശ.11:1)

(6) ശോധന ചെയ്ത കല്ല്, വിലയേറിയ മൂലക്കല്ല്, അടിസ്ഥാനക്കല്ല് (യെശ.28:16—> മത്താ.21:42/ മർക്കൊ.12:10/ലൂക്കൊ.20:17/1.പത്രൊ.2:6,7/എഫെ.2:20).)

(7) നല്ല ഇടയൻ (യെശ.40:11)

(8) ക്രിസ്തു കഷ്ടത അനുഭവിക്കുന്ന പകരക്കാരൻ (വ്യസനപാത്രം യെശ.53:3)— യെശ.53

(9) കർത്താവായ യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, ശുശ്രൂഷ, മരണം, അടക്കം എന്നിവ യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാഹരണം ... ക്രിസ്തുവിന്റെ ---->

> കന്യകാ ജനനം — യെശ.7:14 / > കുടുംബം — യെശ.11:1

> അഭിഷേകം —യെശ.11:2

> സ്വഭാവ സവിശേഷത —യെശ.11:3,4

> ജീവിതലാളിത്യം — യെശ.7:15

> യോർദ്ദാനക്കരെയുള്ള ഗലീല പ്രദേശത്തെ ശുശ്രൂഷ — യെശ.9:1,2

> ദൈവത്വവും നിത്യ ആധിപത്യവും — യെശ.9:6,7

> സൗമ്യത — യെശ.42:1 -3

> കഷ്ടത — യെശ.53

> ദുഷ്ടന്മാരോടുകൂടെ മരിക്കും എന്ന പ്രസ്താവന — യെശ.53:9

> സമ്പന്നന്മാരോടു കൂടെ അടക്കപ്പെടും എന്നുള്ള തിരുവെഴുത്ത് യെശ.53:9

> ഉയിർത്തെഴുന്നൽപ്പ് — യെശ.53:10

> മഹത്വകരമായ ഭരണം — യെശ.11:3-16/ 32:1/42:3,4,7/32:1 - 8

(10) യെശയ്യാവു 52:3 മുതൽ 53:12 വരെയുള്ള ഭാഗങ്ങളിൽ ക്രിസ്തുവിന്റെ അഞ്ചു തരത്തിലുള്ള രക്ഷാ പ്രവർത്തനങ്ങൾ കാണാം.

> ക്രിസ്തുവിന്റെ സ്വമേധയായാഗം (യെശ.52:13)

> ക്രിസ്തുവിന്റെ നിഷ്കളങ്ക സ്വഭാവം (യെശ.53:1—3)

> നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിനു ക്രിസ്തു നമുക്കുവേണ്ടി പ്രായശ്ചിത്തമായി. ഇതു സമാധാനയാഗം (യെശ.53:4— 6)

> നമ്മുടെ അകൃത്യങ്ങൾക്കു പകരം വില കൊടുത്തു. ഇതു പാപപരിഹാരയാഗത്തെ കാണിക്കുന്നു യെശ.53:7- 9.

> ക്രിസ്തു നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി മരിച്ചു. ഇതു അകൃത്യയാഗത്തെ കാണിക്കുന്നു യെശ.53:10- 12.

(11) ''ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും. ഓരോരുത്തൻ കാററിനു ഒരു മറവും പിശറിനു ഒരു സങ്കേതവും ആയി വരണ്ട നിലത്തു നീർത്തോടുകൾ പോലെയും ക്ഷീണമുള്ള ദേശത്തു ഒരു വമ്പാറയുടെ തണൽ പോലെയും ഇരിക്കും" (യെശ.32:1,2). തണൽ ആയിരിക്കുന്ന ഈ വമ്പാറ കർത്താവായ യേശുക്രിസ്തുവാണ്. വിശ്വസിക്കുവാൻ കൊള്ളാവുന്ന, അനുഗമിക്കുവാൻ കൊള്ളാവുന്ന, അടിക്കപ്പെട്ട, പിളർക്കപ്പെട്ട പാറയാണത്. (1.കൊരി.10:14)

(12) "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ..." (യെശ.42:1) യേശുക്രിസ്തുവിനെ കുറിക്കുന്നു (മത്താ.12:17/ മർക്കൊ.10:45).

(13) "എന്നാണ എന്റെ മുമ്പിൽ ഏതു മുഴങ്കാലും മടങ്ങും; ഏതു നാവും സത്യം ചെയ്യും..." (യെശ.45:23) ഉന്നതനും, സകല സ്തുതികൾക്കും യോഗ്യനായ യേശുക്രിസ്തുവിനെ കാണിക്കുന്നു (ഫിലി.2:9/ യോഹ.1:14/ യെശ.55:11).

(14) "എന്റെ രക്ഷ ഭൂമിയുടെ അററത്തോളം എത്തേണ്ടതിന്നു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമായി വെച്ചുമിരിക്കുന്നു" (യെശ. 49:6). രക്ഷയുടെയും പ്രകാശത്തിന്റെയും ഉറവിടമായ യേശുക്രിസ്തു വിനെ ഇവിടെ ദർശിക്കുന്നു (ലൂക്കൊ.2:25/ലൂക്കൊ.1:71/യോഹ8:12/യോഹ.9:5).

(15) "അടിക്കുന്നവർക്കു ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്കു എന്റെ കവിളും കാണിച്ചു കൊടുത്തു; എന്റെ എന്റെ മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല'' (യെശ.50:6). --- യേശക്രിസ്തുവിന്റെ കഷ്ടാനുഭവത്തെക്കുറിക്കുന്നു (മത്താ.27:26–44; മർക്കോ. 14:65; 15:16–32).

(16) "അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു"(യെശ.61:10).
— പാപികൾക്കു യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെ കുറിക്കുന്നു (വെളി.19:8/എഫെ.5:27).

(17) ''ഞങ്ങൾക്കു രക്ഷ ഉണ്ടാകുമോ? ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറ പിരണ്ട തുണിപോലെ" (യെശ.64:5,6).
ഈ ചോദ്യത്തിനു യേശുക്രിസ്തുവിൽ ഉത്തരം ലഭിക്കുന്നു (1.കൊരി.1:30/റോമ.4:24,25/റോമ.7:24,25).

(18) "നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും"(യെശ.66:12).
യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന നീതിയും, സമാധാനവും, ആശ്വാസവും കുറിക്കുന്നു (യോഹ.16:33/ യെശ.48:18/അപ്പൊ.10:34/ഫിലി.4:7).

---------------------------------

# (24) യിരെമ്യാവു —JEREMIAH

യിരെമ്യാവു എന്ന പേരിന് അർത്ഥം **"യഹോവയാൽ ഉയർത്തപ്പെട്ടവൻ/യഹോവ ഉയർത്തുന്ന വൻ"** എന്നാണ് (Jehovah establishes / Jehovah appoints / Jehovah sends). യിരെമ്യാവു, യെരുശലേമിനു സമീപത്തുള്ള അനാഥോത്ത് എന്ന ഗ്രാമത്തിലെ ഒരു പുരോഹിതകുടുംബത്തിൽ ഹിൽക്കിയാ പുരോഹിതന്റെ മകനായി ജനിച്ചു (യിരെ.1:1/1.രാജാ.2:26). ചെറുപ്പകാലത്തു ശുശ്രൂഷെക്കായി വിളിച്ചു (യിരെ.1:6), വിവാഹം കഴിയ്ക്കരുതെന്നു വിലക്കി (യിരെ. 16:2). അറിയിക്കേണ്ട സന്ദേശം ഗൗരവമുള്ള താകയാൽ പ്രവാചകൻ ദുഃഖിച്ചു. ന്യായവിധിയുടെ സന്ദേശം തന്റെ ഹൃദയത്തെ തകർത്തു. സ്വന്തകുടുംബക്കാർ(യിരെ.12:6), പട്ടണക്കാർ (യിരെ.11:8), യെരുശലേമ്യർ (യിരെ.18:18) വിരോധികളായി. അവർ പ്രവാചകനെ അടിച്ചു; ആമത്തിൽ ഇട്ടു (യിരെ.20:1- 3); ജീവാപായം വരുത്തുവാൻ ശ്രമിച്ചു(യിരെ.26:15); പലപ്പോഴും കുണ്ടറയിലാക്കി (യിരെ.37:11 15/38:6 8).

യിരെമ്യാപ്രവചനം യഹൂദായോടു പ്രവാസകാലത്തിനു മുമ്പുള്ള പ്രവചനം ആണ് ((Prophesy to Judah before thier Captivity ). യെശയ്യാപ്രവാചകനു ശേഷം ഏകദേശം 100 വർഷങ്ങൾക്കു ശേഷമാണ് യിരെമ്യാപ്രവാചകൻ ശുശ്രൂഷ നിർവഹിച്ചത്. യെശയ്യാവു യെരുശലേമിനെ അശൂർ രാജാക്കന്മാരിൽ നിന്നും വിടുവിച്ചു. യിരെമ്യാവു യെരുശലേമിനെ ബാബിലോൺ രാജാക്കന്മാരുടെ കയ്യിൽ നിന്നും വിടുവിക്കുവാൻ ശ്രമിച്ചു. യിസ്രായേൽജനം പാപത്തിൽ മുഴുകിയതിനാൽ ദൈവം അവരെ ശത്രുക്കളുടെ കൈയ്യിൽ ഏൽപ്പിക്കുമെന്നും, അനുതപിച്ചു തിരികെ വന്നാൽ അവരോടു കരുണ കാണിക്കുമെന്നും പ്രവാചകനിലൂടെ ദൈവം അറിയിച്ചു. എന്നാൽ പ്രവാചകന്റെ വാക്കുകൾ അവർ ഗൗരവമായി എടുത്തില്ല. ആയതിനാൽ യിരെമ്യാപ്രവാചകന്റെ ശുശ്രൂഷ വിജയിച്ചില്ല. ജനത്തിനു വരുന്ന ന്യായവിധിയെ ഓർത്തു പ്രവാചകൻ വിലപിച്ചു. ജനത്തിന്റെ പിൻമാററത്തെയും യെരുശലേമിന്റെ നാശത്തെയും കണ്ടു കരയുന്നതു കൊണ്ടു **"കരയുന്ന പ്രവാചകൻ"** / **"വിലപിക്കുന്ന പ്രവാചകൻ"** (Weeping Prophet) എന്ന അപരനാമവും ലഭിച്ചിട്ടുണ്ട്.

യഹൂദാരാജാവായ യോശീയാവിന്റെ പതിമൂന്നാം ആണ്ട് മുതൽ ബാബേൽ പ്രവാസം ഉൾപ്പെടെ 41 വർഷം യിരെമ്യാവു ജനമദ്ധ്യേ പ്രവചിച്ചു കൊണ്ടിരുന്നു. യെഹൂദാജനതയുടെ ദുർഘടമായ കാലഘട്ടത്തിൽ പ്രവാചക ശുശ്രൂഷയ്ക്കുവേണ്ടി ദൈവം തിരഞ്ഞെടുത്ത പ്രവാചകനായിരുന്നു യിരെമ്യാവു. യെഹൂദായിലെ ജനങ്ങൾ വിഗ്രഹാരാധനയിലേക്കും ദുഷ്ടതയിലേക്കും നീങ്ങുന്നതു കണ്ട പ്രവാചകൻ അവർക്കു ഭാവിയിൽ വരുവാൻ പോകുന്ന ആപത്തിനെപ്പററി താക്കീതു നൽകുകയും ദൈവത്തിലേക്കു മടങ്ങി വരുവാൻ ആഹ്വാനം നൽകുകയും ചെയ്തു. യിരെമ്യാവിന്റെ കാലത്തുതന്നെ യിസ്രായേൽ ജനം ബാബേലിലേക്കു പ്രവാസികളായി കൊണ്ടുപോകപ്പെട്ടു. ബാബിലോൺ രാജാവായ നെബൂഖദ്നേസർ യെരുശലേം ആക്രമിച്ചു പട്ടണം ചുട്ടു നശിപ്പിച്ചു (യിരെ.39:1 -4 / യിരെ.52:1-30).

**എഴുത്തുകാരൻ** : യിരെമ്യാവു (1:1)

**എഴുതിയ കാലം** : ഏകദേശം ബിസി. 600 — 586

**പ്രധാന വാക്ക്** : മടങ്ങി വരവ് (യഹൂദയുടെ അന്ത്യം)

**പ്രധാന അദ്ധ്യായം** : യിരെ.31

**പ്രധാന വാക്യങ്ങൾ** : (1) യിരെ.2:19 (2) യിരെ.7:23, 24 (3) യിരെ.8: 11, 12

**വിഷയം** : ന്യായവിധി സന്ദേശവും ദൈവത്തിന്റെ നിത്യസ്നേഹവും

**പ്രധാനവ്യക്തികൾ** :

(1) **യിരെമ്യാവ്** — പുരോഹിതനും പ്രവാചകനും

(2) രാജാക്കന്മാരായ > **യോശീയാവ്** (യിരെ.1:2), > **യെഹോയാക്കീം** (യിരെ.22:18), > **സിദെക്കീയാവ്** (യിരെ.24:8), > **നെബൂഖദ്നേസർ** (യിരെ.21-52).

(3) **ഏബെദ് മേലെക്ക്** (Ebed-Melech) — (യിരെ.38:1-13) യിരെമ്യാവിനെ മരണക്കുഴിയിൽ നിന്നു രക്ഷിച്ച കൊട്ടാരത്തിലെ ഷണ്ഡൻ — അതിനു ദൈവത്തിൽ നിന്നു പ്രതിഫലം വാഗ്ദത്തം ലഭിച്ചവൻ (യിരെ.39:15 -18)

**പുസ്തക വിഭജനം:** (52 അദ്ധ്യായങ്ങൾ)

(1) 1 : യിരെമ്യാവിന്റെ ദൈവവിളി
(2) 2 — 45 : യഹൂദാ ജനതയോടുള്ള പ്രവചനം
(3) 46 — 51 : പുറജാതികൾക്കുള്ള പ്രവചനം
(4) 52 : യിസ്രായേലിന്റെ നാശവും ബാബിലോണിലെ പ്രവാസവും

**യിരെമ്യാപ്രവാചകന്റെ ദൃഷ്ടാന്തങ്ങൾ:**

(1) ബദാം വൃക്ഷത്തിന്റെ കൊമ്പ് : (യിരെ.1:11)
(2) തിളയ്ക്കുന്ന കലം : (യിരെ.1:13,14)
(3) കേടുവന്ന ചണനൂൽക്കച്ച : (യിരെ.13:1-10)
(4) വീഞ്ഞു നിറഞ്ഞ തുരുത്തി : (യിരെ.13:12 -14)
(5) വരൾച്ച : (യിരെ.14:1)
(6) കുശവന്റെ കളിമൺ പാത്രം : (യിരെ.18:1)
(7) പൊട്ടിയ മൺ കുടം : (യിരെ.19:1,10,11)
(8) രണ്ടു കൊട്ട അത്തിപ്പഴം : (യിരെ.24:1,8)
(9) നുകവും കയറും : (യിരെ.27:2)
(10) അനാഥോത്തിലെ നിലം : (യിരെ.32: 8- 15)
(11) കുളത്തിൽ കുഴിച്ചിട്ട കല്ല് : (യിരെ.43: 8 -12)
(12) ഫ്രാത്ത് നദിയിൽ എറിഞ്ഞ പുസ്തകം : (യിരെ.51:63,64)

**യിരെമ്യാവിന്റെ ശുശ്രൂഷ — വിവിധ തലങ്ങളിൽ —**

(1) നശിപ്പിക്കുന്നവനും പണിയുന്നവനും (യിരെ.1:9,10)
(2) ഉറപ്പുള്ള പട്ടണം, ഇരുമ്പുതൂൺ, താമ്ര മതിൽ (യിരെ.1:7,18)
(3) മുന്തിരിപ്പഴം പറക്കുന്നവൻ, കാവല്ക്കാരൻ (യിരെ.6:9,17)
(4) പരീക്ഷകനും, മാറ്റു നോക്കുന്നവനും (യിരെ.6:27-30)
(5) നല്ല വൈദ്യൻ (യിരെ.8:11/8:21,22)
(6) അറുപ്പാൻ കൊണ്ടുപോകുന്ന കുഞ്ഞാട് (യിരെ.11:19)
(7) ഓട്ടക്കാരൻ (യിരെ.12:5)
(8) ഇടയൻ (യിരെ.13:17/13:20,21/17:16)
(9) കലഹക്കാരനും വിവാദക്കാരനും (യിരെ.15:10/15:15-17)

## ശ്രദ്ധേയവിഷയങ്ങൾ :

(1) യിരെമ്യാവിന്റെ വിളി (യിരെ.1:5-10)
(2) യിരെമ്യാവിന്റെ വിളി ഉറപ്പിക്കുന്ന ദർശനം (യിരെ.1:11-14)
(3) പൊട്ടക്കിണറുകളെ ആശ്രയിക്കുന്ന യിസ്രായേൽ (യിരെ.2:13)
(4) യഹൂദായോടുള്ള ആദ്യസന്ദേശം (യിരെ.2:1-34)
(5) യഹൂദായോടുള്ള രണ്ടാമത്തെ സന്ദേശം (യിരെ.3:6-8)
(6) യഹൂദായും യിസ്രായേലും പുതിയ ബന്ധത്തിൽ (യിരെ.3:14-19)
(7) മുള്ളുകളുടെ ഇടയിൽ വിതയ്ക്കാതെ തരിശുനിലം ഉഴുവിൻ (യിരെ.4:3)
(8) വിശ്വസ്തനായവനെ തിരയുന്നു (യിരെ.5:1/ഉല്പ.18:22-32/23:14)
(9) അവരുടെ 70 വർഷത്തെ പ്രവാസത്തെപ്പറ്റിയുള്ള പ്രവചനം (യിരെ.5:19/20:4/21:1-10/24:5/25:9-11)
(10)ദൈവത്തിന്റെ അനുഗ്രഹത്തെ തടയുന്ന പാപങ്ങൾ (യിരെ.5:24,25)
(11)രാഷ്ട്രത്തിന്മേൽ വരുന്ന ന്യായവിധിയുടെ കാരണം (യിരെ.5:28-31)
(12) ജനത്തിന്റെ മുറിവിന്നു ലഘുവായ ചികിത്സ (യിരെ.6:14)
(13) പഴയപാതകളെ നോക്കി നടന്നാൽ മനസ്സിനു വിശ്രാമം (യിരെ.6:14)
(14) ദൈവാലയവാതിൽക്കൽ നിന്നുകൊണ്ടു അറിയിക്കുന്നത് (യിരെ.7:1)
(15) മാനസാന്തരത്തിനായുള്ള പ്രബോധനം (യിരെ.7:5-7)
(16) ദൈവാലയം കള്ളന്മാരുടെ ഗുഹയെന്നു തോന്നുന്നത് (യിരെ.7:11/മത്താ.21:13)
(17) ആകാശരാജ്ഞി (സ്ത്രീ ദേവതയെ) നമസ്കരിക്കുന്നത് ദൈവം വെറുക്കുന്നു (യിരെ.7:18,19)
(18) ദൈവം അയച്ച പ്രവാചകന്മാരെ തള്ളിക്കളഞ്ഞത് (യിരെ.7:25-28)

(19) കൊലത്താഴ്‌വര (യിരെ.7:31)

(20) യിരെമ്യാവിന്റെ വിലാപം (യിരെ.9:1)

(21) പ്രശംസ ദൈവത്തിൽ (യിരെ.9:23,24/13:11)

(22) യിരെമ്യാവിന്റെ ചോദ്യങ്ങളും ദൈവത്തിന്റെ ഉത്തരങ്ങളും (യിരെ.12)

(23) വിവാഹം നിഷേധിക്കപ്പെട്ട പ്രവാചകൻ (യിരെ.16:2)

(24) കുശവനിൽ നിന്നു ലഭിക്കുന്ന പാഠം (യിരെ.18:1-10)

(25) ശേഷിപ്പിന്റെ മടങ്ങിവരവ് (യിരെ.23:3/29:10-14/30:2,3/33:3-11)

(26) 70 വർഷത്തെ ബാബേൽ പ്രവാസം (യിരെ.25:1-12)

(27) ബാബേൽ രാജാവിനു കീഴടങ്ങി ജീവിക്കുക (യിരെ.27:11/29:1-9/38:20-23/42:11)

(28) കള്ളപ്രവാചകന്മാർക്കെതിരെ സംസാരിക്കുന്നു (യിരെ.28:16,17/29:20-32)

(29) യാക്കോബിന്റെ കഷ്ടകാലം (യിരെ.30:7)

(30) കാളക്കുട്ടിയുടെ പിളർപ്പിൻ നടുവിലൂടെ നടന്നുകൊണ്ടുള്ള ഉടമ്പടി (യിരെ.34:18-20)

(31) യോനാദാബിന്റെ മക്കളുടെ അനുസരണം (യിരെ.35:1-19)

(32) പ്രവചനച്ചുരുൾ കത്തിക്കുന്നു (യിരെ.36)

(33) ബാബേലിന്റെ പതനം (യിരെ.51)

## ക്രിസ്തു യിരെമ്യാപ്രവചനത്തിൽ — നീതിയുള്ള പ്രതിഫലം

(A) യിരെമ്യാ പ്രവചനത്തിൽ ക്രിസ്തുവിന്റെ ചില പ്രതിരൂപങ്ങൾ കാണുന്നു

(1) ജീവജലത്തിന്റെ ഉറവ : യിരെ.2:13 /യോഹ.4:14

(2) മഹാവൈദ്യൻ : യിരെ.8:22 /സങ്കീ.103:3

(3) നല്ല ഇടയൻ : യിരെ.23:4 / യോഹ.10:11,14 /സങ്കീ.23:1/ എബ്രാ.13:20

(4) അറുക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാട് : യിരെ.11:19 — യോഹ.1:29

(5) നീതിയുള്ള മുള : യിരെ.23:5/യെശ.11:1/യെശ.53:2

(6) യഹോവ നമ്മുടെ നീതി : യിരെ.23:6/1.കൊരി.1:30/ റോമ.3:24/റോമ.5:1

(7) ദാവീദ് രാജാവ് : യിരെ.30:9/വെളി.11:15/ 1.തിമൊ.6:15,16/ സങ്കീ.2:6/ യോഹ.18:37/ ലൂക്കൊ.19:38, സെഖ.9:9)

(8) വീണ്ടെടുപ്പുകാരൻ : യിരെ.50:34/എബ്രാ.9:22/ 1.യോഹ.1:7/ എഫെ.2:11 18

(B) യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ, ജനങ്ങൾ യേശുക്രിസ്തുവിനെ യിരെമ്യാപ്രവാചകനായി കാണുന്നു (മത്തായി.16:14).

(C) "അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ, പൊട്ട കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു" (യിരെ.2:13).

യേശുക്രിസ്തുവാണ് ജീവജലത്തിന്റെ ഉറവിടം (യോഹ.4:14/ യോഹ.7:38/ വെളി.7:17/ വെളി.22:17/ 2.പത്രൊ.2:17)

(D) "ഇതാ, ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വെക്കുന്നു" (യിരെ.21:8).

കർത്താവായ യേശുക്രിസ്തു തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ നൽകുന്നു, വിശ്വസിക്കാത്തവരെ ന്യായം വിധിച്ചു നിത്യമരണത്തിനു ഏൽപ്പിക്കുന്നു (വെളി.22:14,15/ റോമ.5:1/റോമ.8:1/ യോഹ.3:18).

(E) "അവയെ മേയിക്കേണ്ടതിനു ഞാൻ ഇടയന്മാരെ നിയമിക്കും; അവ ഇനി പേടിക്കയില്ല, ഭ്രമിക്കയില്ല, കാണാതെ പോകയുമില്ല" (യിരെ.23:4).

യേശുക്രിസ്തു നല്ല ഇടയൻ (യോഹ.10:11,14,15).

(F) "അവനോടു ആദരവായി സംസാരിച്ചു, ....... അവന്റെ കാരാഗൃഹ വസ്ത്രം മാററി, അവൻ ജീവപര്യന്തം നിത്യവും അവന്റെ സന്നിധിയിൽ ഭക്ഷണം കഴിച്ചു പോന്നു" (യിരെ.52:32,33).

മരണത്തിനും, നിത്യദണ്ഡനത്തിനും വിധിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിനു യേശുക്രിസ്തുവിലൂടെ ലഭിച്ച സ്വർഗ്ഗീയ അനുഭവത്തെ കാണിക്കുന്നു (വെളി.19:8/എഫെ.5:27/ഉ.ഗീ.2:4).

------------------------------------

# (25) വിലാപങ്ങൾ — LAMENTATIONS

എബ്രായബൈബിളിൽ "ഏഹാഹ് " എന്നാണ് വിലാപങ്ങളുടെ പുസ്തകത്തിനുള്ള പേര്. ഇതിനർത്ഥം "അയ്യോ, എങ്ങനെ" (Ekah = How / Alas) എന്നാണ്. ഇതിൽ യിരെമ്യാവിന്റെ അഞ്ചു ശോകഗാനങ്ങൾ അടങ്ങിയിരിക്കുന്നു. വിലാപങ്ങൾ ഒരു "വലിയ കരച്ചിലിന്റെ പുസ്തകം" എന്നറിയപ്പെടുന്നു (A book of Loud Cries). ഒരു മഹാനഗരത്തിന്റെ ചരമഗീതമാണ് വിലാപങ്ങൾ (A death song of a big City) എന്ന പുസ്തകം. (A book of funeral dirges written by Jeremiah after the destruction of Jerusalem).

ഒരു കാലത്തു യഹൂദാജനത്തിന്റെ അഭിമാനമായിരുന്ന യെരൂശലേം, ആക്രമണകാരികളായ ബാബിലോണ്യരാൽ ഒരു കൽക്കൂമ്പാരമായി മാററപ്പെട്ടതിനെ കണ്ണുനീരിന്റെ ഭാഷയിൽ ചിത്രീകരിക്കുന്നതാണ് വിലാപങ്ങളുടെ പുസ്തകം. മരണം സംഭവിച്ച ഭവനത്തെപ്പോലെ യെരൂശലേം അനാഥമായി ത്തീർന്നിരിക്കുന്നു. യെരൂശലേമിന്റെ പതനത്തിനു കാരണമായിത്തീർന്നത് അവരുടെ പാപമായിരുന്നു.

ഈ പുസ്തകത്തിന്റെ ആദിമുതൽ അവസാനം വരെ യിരെമ്യാപ്രവാചകൻ വിലപിക്കുകയാണെങ്കിലും അതിന്റെ മദ്ധ്യത്തിൽ താൻ ദൈവത്തിന്റെ വിശ്വസ്തതയെ രേഖപ്പെടുത്തി യിരിക്കുന്നു (വിലാ.3:23 ). അഞ്ചാം അദ്ധ്യായത്തിൽ യെരൂശലേമിന്റെ പതനത്തിനു ശേഷം ഉദ്ധാരണത്തിനു വേണ്ടിയുള്ള പ്രവാചകന്റെ പ്രാർത്ഥന ഉൾക്കൊള്ളുന്നു — *"യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിനു ഞങ്ങളെ നിങ്കലേക്കു മടക്കി വരുത്തേണമേ; ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ"* (വിലാ.5:21).

ബാബിലോണ്യരുടെ ആക്രമണത്താൽ തിരക്കേറിയ യെരൂശലേം ശൂന്യമായിത്തീർന്നിരിക്കുന്നു. ഭർത്താവു നഷ്ടപ്പെട്ട വിധവയെപ്പോലെയും, അടിമയായിത്തീർന്ന ഒരു രാജകുമാരിയെപ്പോലെയും യെരൂശലേം കാണപ്പെട്ടു (വിലാ.1:1). അവളുമായി സ്നേഹബന്ധത്തിലായിരുന്ന സമീപരാജ്യങ്ങൾ ആശ്വസിപ്പിക്കുവാൻ വന്നില്ലെന്നു മാത്രമല്ല ശത്രുക്കളെപ്പോലെ പെരുമാറി അവളോടു ദ്രോഹം ചെയ്തിരിക്കുന്നു(വിലാ.1:2). ബാബിലോണ്യർ യെരൂശലേമിനെ ആക്രമിച്ചപ്പോൾ അവർ ദൈവാലയത്തിൽ പ്രവേശിച്ച് അശുദ്ധമാക്കുകയും സകലതും കൊള്ളയടിക്കുകയും ചെയ്തു (1:10).

യെരൂശലേമിന്റെ നാശത്തെക്കുറിച്ച് 40-ൽ പരം വർഷം യെഹൂദാജനത്തോടു ദൈവത്തിന്റെ ന്യായവിധി അടങ്ങിയ മുന്നറിയിപ്പു നൽകിയെങ്കിലും അവർ പ്രവാചകന്റെ വാക്കുകളെ ശ്രദ്ധിച്ചില്ല. താൻ അറിയിച്ചതുപോലെ ബാബിലോണ്യരാൽ യെരരൂശലേം നഗരം നശിപ്പിക്കപ്പെട്ടപ്പോൾ യഹൂദാജനത്തെ കുറ്റപ്പെടുത്താതെ സ്വജനത്തിന്റെ ദുഃഖത്തിൽ പ്രവാചകനും പങ്കു ചേർന്നു.

വിലാപത്തിലെ പ്രധാന സന്ദേശം : പാപം ദോഷമാണ്; ദൈവം പാപത്തെ ശിക്ഷിക്കുക തന്നെ ചെയ്യും; ദൈവത്തെ അന്വേഷിക്കുന്നവർക്കു ദൈവകരുണ ഒരിക്കലും മുടക്കുകയില്ല എന്നതാണ്.

**എഴുത്തുകാരൻ** : യിരെമ്യാപ്രവാചകൻ (വിലാ.1:1)

**എഴുതിയ കാലം** : ഏകദേശം ബി.സി. 586

**താക്കോൽ വാക്ക്** : വിലാപങ്ങൾ (വ്യസനം)

**താക്കോൽവാക്യങ്ങൾ:** (1) വിലാ.1:12 (2) വിലാ.2:5,6,11 (3) വിലാ.3:22,23

**പ്രധാന അദ്ധ്യായം** : വിലാ.3

**വിഷയം** : യെരൂശലേം നാശത്തിൽ യിരെമ്യാവിന്റെ വിലാപം

**പ്രധാനവ്യക്തികൾ** :

**(1) യിരെമ്യാവ് —** യെരൂശലേമിന്റെ നാശത്തെക്കുറിച്ചു വിലപിച്ചു പ്രവചിച്ച പ്രവാചകൻ. വിലപിക്കുന്ന പ്രവാചകൻ, കണ്ണുനീരിന്റെ പ്രവാചകൻ (Weeping Prophet/ Crying Prophet/ Prophet of Tears) എന്നു യിരെമ്യാപ്രവാചകൻ അറിയപ്പെടുന്നു.

**(2) യെരൂശലേം നിവാസികൾ —** പാപം നിമിത്തം ദൈവം ശിക്ഷിച്ച ദേശവാസികൾ

**പുസ്തക വിഭജനം**: (5 അദ്ധ്യായങ്ങൾ)

(1) അദ്ധ്യായം 1 : യെരൂശലേമിന്റെ നാശം

(2) അദ്ധ്യായം 2 : യഹോവയുടെ കോപം.

(3) അദ്ധ്യായം 3 : കരുണക്കായുള്ള പ്രാർത്ഥന

(4) അദ്ധ്യായം 4 : യെരൂശലേമിന്റെ ഉപരോധം

(5) അദ്ധ്യായം 5 : ഉദ്ധാരണത്തിനായുള്ള അപേക്ഷ

**ശ്രദ്ധേയവിഷയങ്ങൾ :**

(1) പാപം ഹേതുവായി യെരൂശലേമിന്റെ നാശം (വിലാ.1:1-11/4:13)

(2) യിരെമ്യാവിന്റെ ദുഃഖം (വിലാ.1:16)

(3) വിശപ്പുമൂലം മരിക്കുന്ന കുഞ്ഞുങ്ങൾ (വിലാ.2:12-21)

(4) ദൈവത്തിന്റെ വിശ്വസ്തതയും കരുണയും (വിലാ.3:22-32)

(5) ക്ഷാമം മൂലം സ്വന്തമക്കളെ ഭക്ഷിക്കുന്നു (cannibalism) -- വിലാ.4:10

(6) ഉദ്ധാരണത്തിനായുള്ള യിരെമ്യാവിന്റെ പ്രാർത്ഥന (വിലാ.5)

# ക്രിസ്തു വിലാപങ്ങളിൽ — കരയുന്ന പ്രവാചകൻ

(1) വിശ്വസ്തനായ ദൈവം — വിലാ.3:23 — Faithful God — 1.യോഹ.1:9/1.കൊരി.1:9

(2) വിലപിക്കുന്ന പ്രവാചകനായ യിരെമ്യാവ് ക്രിസ്തുവിന്റെ നല്ല ഒരുനിഴലായിരിക്കുന്നു. യിരെമ്യാപ്രവാചകൻ യെരുശലേമിനെ ച്ചൊല്ലി വിലപിക്കുന്നു .ക്രിസ്തു അതേ യെരൂശലേമിനെ ചൊല്ലി വിലപിക്കുന്നതായി കാണുന്നു (മത്തായി.23: 37,38/ ലൂക്കൊ.19:41).

(3) ക്രിസ്തുവിന്റെ ശുശ്രൂഷ, വീണ്ടെടുപ്പു, കഷ്ടാനുഭവം, പീഡകൾ എന്നിവ സാദൃശീകരിക്കുന്ന ഭാഗങ്ങൾ വിലാപങ്ങളുടെ പുസ്തകത്തിൽ കാണുന്നു.

(A) വ്യസനപാത്രം -- വിലാ.1:12,13. "കടന്നു പോകുന്ന ഏവരുമായുള്ളോരേ, ഇതു നിങ്ങൾക്കു ഏതുമില്ലയോ? യഹോവ തന്റെ ഉഗ്രകോപ ദിവസത്തിൽ ദുഖിപ്പിച്ചിരിക്കുന്ന എനിക്കു അവൻ വരുത്തിയ വ്യസനം പോലെ ഒരു വ്യസനം ഉണ്ടോ എന്നു നോക്കുവിൻ'(സങ്കീ.22:1,7/സഭാ.9:15/ ലൂക്കൊ.23:44/മർക്കൊ.15:29/യെശ.53:6,10,12/മത്താ.26:56/ദാനി.9:26).

(B) വിലാ.2:15,16— "കടന്നു പോകുന്ന ഏവരും നിന്നെനോക്കി കൈകൊട്ടുന്നു..." ----> മത്താ.27:29

(C) വിലാ.3:1 — ദൈവകോപത്തിന്റെ വടികൊണ്ടു കഷ്ടം കണ്ട പുരുഷൻ

(D) വിലാ.3:2 — കൈവിടപ്പെട്ടവൻ

(E) വിലാ.3:14 — "ഞാൻ എന്റെ സർവ്വജനത്തിനും പരിഹാസവും ഇടവിടാതെ അവരുടെ പാട്ടും ആയിതീർന്നിരിക്കുന്നു" സങ്കീ.22:7/ ലൂക്കൊ.23:35

(F) വിലാ.3:30 — തന്നെ അടിക്കുന്നവന്നു അവൻ കവിൾ കാണിക്കട്ടെ; അവൻ വേണ്ടുവോളം നിന്ദ അനുഭവിക്കട്ടെ (മത്താ.27:30 മത്താ.26:67 മർക്കൊ.15:19 ലുക്കൊ.22:64 യോഹ.18:22).

(G) വിലാ.3:48 -- യെരൂശലേം പുത്രിമാരുടെ നാശത്തെ ഓർത്തു കരയുന്നു

(H) വിലാ.3:52— കാരണം കൂടാതെ പീഡിപ്പിക്കപ്പെടുന്നു.

(I) വിലാ.3:14— ആഴമുള്ള കുഴിയിൽ നിന്നുള്ള യാചന.

(J) വിലാ 3:58— "കർത്താവേ, നീ വ്യവഹാരം നടത്തി, എന്റെ ജീവനെ വീണ്ടെടുത്തിരിക്കുന്നു" ----> റോമ.7:24,25.

-----------------------------------

# (26)യെഹെസ്കേൽ — EZEKIEL

യഹൂദയുടെ ഇരുണ്ട കാലഘട്ടത്തിൽ പുരോഹിതനായും, പ്രവാചകനായും ശുശ്രൂഷിച്ച വ്യക്തിയാണ് യെഹെസ്കേൽ. യിസ്രായേൽജനതയുടെ എഴുപതു (70) വർഷത്തെ ബാബേൽ പ്രവാസകാലത്ത് അവരുടെ ഇടയിൽ പ്രവർത്തിച്ച പ്രവാചകനായിരുന്നു യെഹെസ്കേൽ (Prophesy during their Captivity in Babylon). യെഹെസ്കേലിനെയും ബാബേലിലേക്കു പിടിച്ചു കൊണ്ടു പോയിരുന്നു. ബാബേൽ പ്രവാസത്തിൽ കെബാർ നദീതീരത്തു താമസിക്കുമ്പോഴാണ് പ്രവാചകശുശ്രൂഷ ആരംഭിക്കുന്നത് (യെഹെ.1:1).

യെരുശലേം നശിപ്പിക്കപ്പെടും മുമ്പു ബാബിലോണിലേക്കു കൊണ്ടുപോകപ്പെട്ട ഈ പ്രവാചകൻ ദർശനങ്ങൾ, ഉപമകൾ, അടയാളങ്ങൾ, ചിഹ്നങ്ങൾ, പ്രതീകങ്ങൾ, പ്രവചനങ്ങൾ എന്നീ വിവിധ മാദ്ധ്യമങ്ങളിലൂടെ ദൈവത്തിന്റെ സന്ദേശം പ്രവാസത്തിൽ കഴിയുന്ന തന്റെ ജനത്തെ അറിയിക്കുന്നു. ഉണങ്ങിയ അസ്ഥികളെപ്പോലെയിരിക്കുന്ന തങ്ങളുടെ തൽക്കാല അവസ്ഥയിൽ നിന്നും ദൈവം അവരെ വീണ്ടും കൂട്ടി ചേർക്കുകയും, ഉള്ളിൽ ജീവശ്വാസം ഊതി ഒരു രാഷ്ട്രമായി വർദ്ധിച്ചു വരുമാറാക്കുകയും ചെയ്യും. അങ്ങനെ ഞാൻ "യഹോവയെന്നു നിങ്ങൾ അറിയും" എന്നതായിരുന്നു സന്ദേശം.

യിരെമ്യാവ് യഹൂദാ ജനത്തിനിടയിൽ ശുശ്രൂഷിച്ചപ്പോൾ, യെഹെസ്കേൽ ബാബിലോണ്യ പ്രവാസത്തിലിരിക്കുന്നവരുടെ ഇടയിൽ ശുശ്രൂഷിച്ചു. എബ്രായഭാഷയിൽ യെഹെസ്കേൽ എന്നും ഗ്രീക്കിൽ എസക്കിയേൽ എന്നും പറയുന്ന ഈ പേരിന്റെ അർത്ഥം ദൈവം എന്റെ ബലം, ദൈവം ശക്തിപ്പെടുത്തും, ദൈവം ശക്തീകരിക്കുന്നു എന്നൊക്കെയാണ്. (God strenghtens / Strenghthened by God).

ബൂസിയുടെ മകനായ യെഹെസ്കേൽ ഒരു പുരോഹിതനായിരുന്നു (യെഹെ.1:3). യെഹെസ്കേലിന്റെ ഭാര്യ യഹൂദാജനത്തിന് ഒരു അടയാളമായി ദൈവകല്പനയാൽ മരണമടഞ്ഞു ( യെഹെ.24:16 -24). ദൈവം യെഹെസ്കേലിനെ മനുഷ്യപുത്രൻ എന്നാണ് പുസ്തകത്തിലുടനീളം സംബോധന ചെയ്തിരിക്കുന്നത്. മത്സരികളായ യിസ്രായേൽമക്കൾ ദൈവത്തിന്റെ അരുളപ്പാടുകൾ അവർ കേട്ടാലും ഇല്ലെങ്കിലും അവരെ ഭയപ്പെടാതെ ദൈവീകാരുളപ്പാടുകൾ ധൈര്യത്തോട് അറിയിക്കണമെന്നായിരുന്നു യെഹെസ്കേലിനു ലഭിച്ച കല്പന (യെഹെ.2:3-7).

ദൈവത്തിന്റെ അരുളപ്പാടുകൾ കേൾക്കാൻ കൂട്ടാക്കാതെ മറുതലിക്കുകയും പ്രവാചകനെ എതിർക്കുകയും ചെയ്ത ജനത്തിന്റെ മുമ്പിൽ യെഹെസ്കേലിനെ ദൈവം ഒരു ഊമനാക്കി (യെഹെ.3:26). തുടർന്നു പ്രവാചകൻ ആംഗ്യഭാഷയിൽ അവരോടു സംസാരിച്ചു. ദൈവം ജനത്തോട് അരുളപ്പാട് വീണ്ടും അറിയിക്കേണ്ട സമയം വന്നപ്പോൾ ദൈവം അവന്റെ വായ് തുറന്നു കൊടുത്തു (യെഹെ.3:27).

യെഹെസ്കേൽ പ്രവാചകന് **"ആത്മാവിന്റെ പ്രവാചകൻ"** (Prophet of Spirit) എന്നു പേരുണ്ട്. കാരണം ഈ പ്രവചനത്തിൽ വളരെ പ്രാവശ്യം ആത്മാവിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു (യെഹെ.2:2/37:14).

| | | |
|---|---|---|
| **യെശയ്യാവ്** | പുത്രന്റെ പ്രവാചകൻ | Prophet of the Son |
| **യിരെമ്യാവ്** | പിതാവിന്റെ പ്രവാചകൻ | Prophet of the Father |
| **യെഹെസ്കേൽ** | ആത്മാവിന്റെ പ്രവാചകൻ | Prophet of Spirit |
| **യോവേൽ** | പെന്തെക്കൊസ്തിന്റെ പ്രവാചകൻ | Prophet of Pentecost |
| **ആമോസ്** | സാമൂഹ്യനീതിയുടെ പ്രവാചകൻ | Prophet of Social Justice |
| **മീഖാ** | ഗ്രാമീണ പ്രവാചകൻ | Prophet of Village |
| **യോനാ** | അനുസരണംകെട്ട പ്രവാചകൻ | Disobedient Prophet |

**എഴുത്തുകാരൻ** : ബൂസിയുടെ മകൻ യെഹെസ്കേൽ (യെഹെ.1:3)

**എഴുതിയകാലം** : ഏകദേശം ബി.സി. 575

**താക്കോൽ വാക്ക്** : ഭാവിമഹത്വം (യഥാസ്ഥാപനം)

**പ്രധാന അദ്ധ്യായം** : യെഹെ.37

**പ്രധാന വാക്യങ്ങൾ** : (1) യെഹെ.36:24—26 (2) യെഹെ.36:33—35

**വിഷയം** : യിസ്രായേലിനും ലോകത്തിനും വരുന്ന ന്യായവിധി

**പ്രധാനവ്യക്തികൾ** :

**(1) യെഹെസ്കേൽ —**

ബാബേൽ പ്രവാസത്തിലായിരുന്ന യിസ്രായേൽ ജനത്തിന്റെ പ്രവാചകൻ — യിസ്രായേൽ ഗൃഹത്തിന്റെ കാവൽക്കാരനായി വിളിക്കപ്പെട്ടവൻ (യെഹെ.2:3/3:17-21/33:2-9).

**(2) യെഹെസ്കേലിന്റെ ഭാര്യ —**

യെഹൂദാജനത്തിനു ഒരു അടയാളമായി ദൈവകല്പനയാൽ മരിച്ചു (യെഹെ.24:15-27).

**(3) നെബൂഖദ്നേസർ —**

ബാബിലോൺ രാജാവ് (യെഹെ.26-30)

**പുസ്തക വിഭജനം** : (48 അദ്ധ്യായങ്ങൾ)

(1) യെഹെ.1 — 3 : യെഹെസ്കേലിനുള്ള ദൈവദർശനം, നിയമനം

(2) യെഹെ.4—24 : യഹൂദയുടെ മേലുള്ള ന്യായവിധി.

(3) യെഹെ.25—32 : ചുററുമുള്ള ജാതികളുടെ മേലുള്ള ന്യായവിധി

(4)യെഹെ.33—48 : യിസ്രായേലിന്റെ ഉദ്ധാരണവും, ദൈവാലയപുനഃനിർമ്മാണവും

**യെരൂശെലേമിന്മേൽ പതിക്കുവാനുള്ള ന്യായവിധിയുടെ അടയാളങ്ങൾ —**

(1) വീടിനകത്തു കതകടച്ചു പാർക്കുക, ബന്ധിതനാകുക, ഊമനാകുക (യെഹെ.3:23-27)

(2) ഇഷ്ടികയുടെ അടയാളം (യെഹെ.4:1,2)

(3) ഇരുമ്പുചട്ടിയുടെ അടയാളം (യെഹെ.4:3)

(4) ഇടതുവശം ചരിഞ്ഞു 390 ദിവസവും വലതുവശം ചരിഞ്ഞു 40 ദിവസവും കിടക്കുക (യെഹെ.4:4-8)

(5) നഗ്നമായ ഭുജത്തിന്റെ അടയാളം (യെഹെ.4:7)

(6) കയറുകൊണ്ടു ബന്ധിക്കപ്പെടുന്നത് (യെഹെ.4:8/3:25)

(7) മലിനമായ അപ്പവും വെള്ളവും 390 ദിവസം അളന്നു കഴിക്കുന്നത് (യെഹെ.4:9-17)

(8) മൂർച്ചയുള്ള വാൾ ക്ഷൗരക്കത്തിയായി ഉപയോഗിച്ചു തലമുടിയും താടിയും വടിക്കുക, രോമം തൂക്കുക (യെഹെ.5:1-4)

(9) യിസ്രായേൽ പർവ്വതങ്ങളോടു പ്രവചിക്കുന്നത് (യെഹെ.6:1-10)

(10) കൈ കൊണ്ടു അടിക്കുന്നതിന്റെയും കാൽ കൊണ്ടു ചവിട്ടുന്നതിന്റെയും അടയാളം (യെഹെ.6:11-14)

(11) ചങ്ങലയുണ്ടാക്കുന്നതിന്റെ അടയാളം (യെഹെ.7:23-27)

(12) മറ്റൊരു സ്ഥലത്തേക്കു യാത്ര പുറപ്പെട്ടുപോയി മതിലിൽ ദ്വാരമുണ്ടാക്കി അതിലൂടെ പുറത്തു പോകുക (യെഹെ.12:1-16)

(13) നടുക്കത്തോടെ അപ്പം തിന്നുക, വിറയലോടും പേടിയോടും വെള്ളം കുടിക്കുക (യെഹെ.12:17-20)

(14) കാട്ടിനോടു പ്രവചിക്കുന്നതും തീയുടെ അടയാളവും (യെഹെ.20:45-49)

(15) ഊരിയ വാൾ (യെഹെ.21:1-5)

(16) കഠിനമായുള്ള നെടുവീർപ്പ് (യെഹെ.21:6,7)

(17) നിലവിളിച്ചു മുറയിടുക (യെഹെ.21:12,13)

(18) പ്രവചിച്ചു കൈകൊട്ടുക (യെഹെ.21:14-17)

(19) ഉലയിൽ ഇട്ടു ഉരുക്കുന്ന യിസ്രായേൽ (യെഹെ.22:17-22)

(20) തിളക്കുന്ന കുട്ടകം (യെഹെ.24:1-14)

(21) യെഹെസ്കേലിന്റെ ഭാര്യയുടെ മരണം — വിലപിക്കരുത് (യെഹെ.24:15-24)

(22) യെഹെസ്കേലിന്റെ മൗനം മാറുന്നത് (യെഹെ.24:25-27)

(23) മിസ്രയീമിനെക്കുറിച്ചുള്ള വിലാപം (യെഹെ.32:17-21)

(24) അസ്ഥികളോടു പ്രവചിക്കുക (യെഹെ.37:1-14)

(25) രണ്ടു കോലുകൾ ഒന്നോടൊന്നു ചേർക്കുക (യെഹെ.37:15-28)

## യെഹെസ്കേലിന്റെ ഉപദേശത്തിലെ സാദൃശ്യങ്ങൾ:

(1) യിസ്രായേൽ ഗൃഹത്തിന്റെ
കാവൽക്കാരൻ — യെഹെ.3:17/33:2—7

(2) ഇടയൻ — യെഹെ.34:2,3

(3) മുന്തിരിവള്ളി — യെഹെ.15:1,2

(4) തള്ളപ്പെട്ട ശിശു — യെഹെ.16:4

(5) അവിശ്വസ്തരായ രണ്ടു ഭാര്യമാർ — യെഹെ.23:4,5

(6) അടുപ്പത്തു വെച്ച കുട്ടകം — യെഹെ.24:3

## യെഹെസ്കേലിന്റെ ദർശനങ്ങൾ:

(1) നാലു ജീവികൾ — മനുഷ്യമുഖം, സിംഹമുഖം, കാളമുഖം , കഴുകുമുഖം (യെഹെ.1)

(2) യെരൂശലേം ദൈവാലയത്തിലെ മ്ലേച്ഛതകളെ വെളിപ്പെടുത്തുന്ന ദർശനം (യെഹെ.8)

(3) ദൈവത്തിന്റെം മുദ്രയില്ലാത്തവരുടെ കൂട്ടക്കൊലയുടെ ദർശനം (യെഹെ.9)

(4) കെരൂബുകൾ, ജീവികൾ, ചക്രം, തീക്കനൽ (യെഹെ.10)

(5) ദുഷ്ടപ്രഭുക്കന്മാരുടെയും കള്ളപ്രവാചകന്മാരുടെയും മേലുള്ള ന്യായവിധി (യെഹെ.11:1-13)

(6) പ്രാവസത്തിലായ വിശ്വസ്തരുടെ ഭാവി യഥാസ്ഥാപനം (യെഹെ.11:14-25)

(7) ഉണങ്ങിയ അസ്ഥികൾ ജീവനിലേക്കു വന്ന താഴ്വര (യെഹെ.37)

(8) മഹത്വകരമായ ദൈവാലയവും നിത്യരാജ്യവും (യെഹെ.40-48)

## പ്രത്യേകത:

ദൈവജനത്തിന്റെ പാപം നിമിത്തം ജനങ്ങൾക്കിടയിൽ നിന്നും ദൈവാലയത്തിൽ നിന്നും ദൈവമഹത്വം അവരെ വിട്ടു ക്രമേണ പോകുന്നതു കാണുന്നു.

(1) ഉമ്മരപ്പടിക്കൽ — യെഹെ.9:3. "യിസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം, അതു ഇരുന്നിരുന്ന കെരൂബിന്മേൽ നിന്നു ആലയത്തിന്റെ ഉമ്മരപ്പടിക്കൽ വന്നിരുന്നു."

(2) ഉമ്മരപ്പടിക്കു മീതെ — യെഹെ.10:4 "യഹോവയുടെ മഹത്വം കെരൂബിന്മേൽനിന്നു പൊങ്ങി ആലയത്തിന്റെ ഉമ്മരപ്പടിക്കു മീതെ നിന്നു."

(3) ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ -- യെഹെ.10:19. "എല്ലാം കൂടെ യഹോവയുടെ ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ ചെന്നു നിന്നു."

(4) പർവ്വതത്തിന്മേൽ — യെഹെ.11:23 — "യഹോവയുടെ മഹത്വം നഗരത്തിന്റെ നടുവിൽ നിന്നു മേലോട്ടു പൊങ്ങി നഗരത്തിന്നു കിഴക്കുവശത്തുള്ള പർവ്വതത്തിന്മേൽ നിന്നു."

നശിപ്പിക്കപ്പെട്ട ദൈവാലയത്തിന്റെ സ്ഥാനത്തു ഒരു പുതിയ ആലയം നിർമ്മിക്കുന്നതിന്റെ വിശദീകരണം യെഹെ.40-- 47 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നു. അവരെ വിട്ടു പോയ ദൈവതേജസ്സു ദേവാലയത്തിലേക്കു മടങ്ങി വരുന്നു.

*യെഹെ.43:2 — "അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയായിരുന്നു; ഭൂമി അവന്റെ തേജസ്സു കൊണ്ടു പ്രകാശിച്ചു."*

## ക്രിസ്തു യെഹെസ്കേലിൽ —
## ദൈവത്തിന്റെ മഹത്വമായവൻ (യെഹെ.1:28)

(1) മനുഷ്യപുത്രൻ (യെഹെ.2:35)

(2) ഉയരമുള്ള ദേവദാരുവിൽ നിന്നു മുറിച്ചെടുത്ത ഒരു ശിഖിരത്തിൽനിന്നു മുളച്ചു, വളർന്നു, ഫലം കായ്ക്കുന്ന മനേഹരമായ ദേവദാരു വൃക്ഷത്തോടാണ് യെഹെ.17:22—24 വാക്യങ്ങളിൽ മശിഹയെ യെഹെസ്കേൽ ഉപമിക്കുന്നത്. യിശ്ശായിയുടെ കുററിയിൽനിന്നും പൊട്ടിപുറപ്പെട്ട ഒരു മുളയായി യെശയ്യാവും, ദാവീദിന്റെ മുളയായി യിരെമ്യാവ്, സെഖര്യാവ് എന്നിവരും ക്രിസ്തുവിനെ വർണ്ണിച്ചിരിക്കുന്നു (യെശ.4:2/യെശ.11:1/യെശ.60:21/യിരെ.23:5/യിരെ.33:15/സെഖ.3:8/സെഖ.6:12)

(3) ഭരിക്കുന്നതിന് സകല അവകാശവും അധികാരവും ലഭിച്ച ഒരു രാജാവായി ചിത്രീകരിച്ചിരിക്കുന്നു (യെഹെ.21:26,27 /വെളി11:15/ 1.തിമൊ.6:15,16/ സങ്കീ.2:6/ യെശ.32:1).

(4) തന്റെ ആട്ടിൻകൂട്ടത്തെ രക്ഷിക്കുകയും, വിടുവിക്കുകയും, മേയിക്കുകയും, വിശപ്പടക്കുകയും ചെയ്യുന്ന ഒരു നല്ല ഇടയനായി (യെഹെ.34:11- 31 /യോഹ.10:11,14) ക്രിസ്തുവിനെ യെഹെസ്കേൽ ചിത്രീകരിക്കുന്നു.

(5) എന്നേക്കുമുള്ള രാജാവ് (യെഹെ.37:24-26)

(6) യെഹെ.43:2 — "അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽ പേലെ ആയിരുന്നു. ഭുമി അവന്റെ തേജസ്സു കൊണ്ടു പ്രകാശിച്ചു." ഇതു യേശുക്രിസ്തുവിനെ കുറിക്കുന്നു. പത്മോസ് ദ്വീപിൽ മഹത്വധാരിയായ കർത്താവിനെ യോഹന്നാൻ ദർശിക്കുന്നതു നോക്കുക (വെളി.1:13-18). അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെ എന്നു യോഹന്നാനും വിവരിക്കുന്നു.

(7) യെഹെസ്കേലിന്റെ ദർശനത്തിൽ, ആലയത്തിന്റെ ഉമ്മരപ്പടിയുടെകീഴെ നിന്നു പുറപ്പെട്ടു ഒഴുകുന്നവെള്ളം (യെഹെ.47:1-5), നദീതീരത്തു ഇക്കരെയും അക്കരെയും ഉള്ള ജീവവൃക്ഷങ്ങൾ (യെഹെ. 47:12) യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന നിത്യജീവന്റെ അനുഭവവും, ദൈവത്തെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിരിക്കുന്ന പുതിയ യെരുശലേം നഗരത്തിന്റെ ചിത്രവും ആണ് (വെളി. 22:15).

(8) യഹോവ ശമ്മാ (യഹോവ അവിടെ/ യഹോവ സന്നിഹിതൻ/ തിരുസാന്നിദ്ധ്യം) — Jehovah-Shammah = The Lord who is there / Jehovah Everpresent -- യെഹെ..48:35 —

യേശുക്രിസ്തു യഹോവ ശമ്മാ ആയിരിക്കുന്നു. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു **"ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ"** എന്നു പേർ വിളിക്കും (മത്താ.1:21,22). ഞാനോ ലോകാവസാനത്തോളം **"എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു"** (മത്താ.28:20). രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും **"ഞാൻ അവരുടെ നടുവിൽ ഉണ്ട"** (മത്താ.18:20). കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; **''നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ"** (സങ്കീ.23:4).

------------------------------------

# (27) ദാനീയേൽ — DANIEL

ദാനീയേൽ എന്ന പേരിന്റെ അർത്ഥം "**ദൈവം എന്റെ ന്യായാധിപതി**" (God is my Judge) എന്നാണ്. ബാബിലോണിലെ 70 വർഷത്തെ പ്രവാസകാലത്തുള്ള ദാനീയേലിന്റെ ശുശ്രൂഷ ഇതിൽ കാണുന്നു (Prophesy during their Captivity in Babylon). 16 വയസ്സുള്ള ദാനീയേൽ തടവുകാരനായി ബാബിലോണിലെത്തുന്നു. രാജ്യസേവനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ദാനീയേലും മൂന്നു സ്നേഹിതന്മാരും സകല ജ്ഞാനത്തിലും നിപുണന്മാരും, രാജസേവനത്തിനു യോഗ്യരുമായിരുന്നു (ദാനീ.1:4). അവർക്കു മൂന്നു വർഷത്തെ പരിശീലനം ലഭിച്ചു. (ദാനീ.1:5). ദാനീയേൽ രാജകുടുംബത്തിൽ പെട്ടവനായിരുന്നു (ദാനീ.1:3,4). ബാബിലോണിലെ ഏറ്റവും വലിയജ്ഞാനിയും, സ്വപ്നവ്യാഖ്യാതാവും, ഭരണതന്ത്രജ്ഞനുമായിരുന്നു ദാനീയേൽ. നെബൂഖദ്നേസർ, ബേൽശസ്സർ, ദാര്യാവേശ്, കോരേശ് എന്നീ നാലു രാജാക്കന്മാരുടെ കാലത്ത് ദാനീയേൽ ശുശ്രൂഷിച്ചു.

"ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ" (ദാനീ.9:23/10:11/10:19) എന്നാണ് ദൈവം ദാനീയേലിനെ സംബോധന ചെയ്തിരുന്നത്. യെഹൂദർക്കും ജാതികൾക്കും ഒരുപോലെ ദൈവത്തിന്റെ വർത്തമാന, ഭാവി സന്ദേശങ്ങളറിയിക്കുവാൻ ദൈവം ഉപയോഗിച്ച പ്രവാചകനായിരുന്നു ദാനീയേൽ. പ്രവാചകന്മാരിൽ ഏററവും അഗ്രഗണ്യനായി നിലകൊള്ളുന്നതും ദാനീയേൽ തന്നേ. പ്രവചനപരമായ വിഷയങ്ങളാണ് ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്ജാതികളുടെ കാലം, അധർമ്മമൂർത്തിയുടെ പ്രത്യക്ഷത, മഹാപീഡനം, കർത്താവിന്റെ രണ്ടാം വരവ്, ഉയിർത്തെഴുന്നേൽപ്പ്, ന്യായവിധി, ദൈവത്തിന്റെ പരമാധികാരം, മദ്ധ്യസ്ഥത, ശക്തി എന്നീ കാര്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

സംഖ്യാക്രമമനുസരിച്ച് പഴയനിയമത്തിലെ ഇരുപത്തിയേഴാമത്തെ പുസ്തകമാണ് ദാനീയേൽ പ്രവചനം. പുതിയ നിയമത്തിലെ ഇരുപത്തിയേഴാമത്തെ പുസ്തകമായ വെളിപ്പാട് പോലെ ഈ പ്രവചനഗ്രന്ഥം ഭാവിയിലുള്ള ദൈവീക ന്യായവിധികളുടെ പ്രദർശനമായി ശോഭിക്കുന്നു. എഴുത്തുകാരെ സംബന്ധിച്ച് ഏററവും പ്രീയപുരുഷനായ ദാനീയേലിനെപ്പോലെ (ദാനീ.9:23 /10:11/ 10:19) ഏററവും പ്രിയശിഷ്യനായ യോഹന്നാൻ ബൈബിളിലെ ഒടുവിലത്തെ എഴുത്തുകാരനായി കാണുന്നു. രണ്ടു പേരെയും വളരെ പ്രായം ചെന്നവരായി ഏകദേശം 90 വയസ്സുള്ളവരായി കണക്കാക്കാം. ദാനീയേൽ പ്രവചനത്തിലെ ഏററവും പ്രധാന സന്ദേശം, മനുഷ്യരുടെ രാജത്വത്തിന്മേൽ ദൈവം വാഴുന്നു എന്നതാണ് (ദാനീ.4:25).

**പ്രത്യേകത:**

"ദൈവം എന്റെ ന്യായാധിപതി" എന്നുള്ള ദാനീയേലിന്റെ പേരിന്റെ അർത്ഥം ഗ്രന്ഥത്തിന്റെ പൊതു സന്ദേശത്തെ വെളിപ്പെടുത്തുന്നു. ഓരോ അദ്ധ്യായത്തിലും ഒന്നുകിൽ ദൈവം കുററക്കാരെ ശിക്ഷിക്കുന്നു, അല്ലെങ്കിൽ നിഷ്കളങ്കനെ നീതീകരിക്കുന്നു. അങ്ങനെ ന്യായാധിപന്റെ കർത്തവ്യം നിർവഹിക്കുന്നു. വ്യക്തികളുടെമേൽ, സമൂഹത്തിന്റെമേൽ, രാഷ്ട്രത്തിന്റെമേൽ ദൈവം നീതിപൂർവ്വമായി ഇടപെടുന്നു.

വിശ്വാസികളുടെ ജീവിതത്തിൽ ഈ പുസ്തകത്തിന്റെ പ്രസക്തി, വിശ്വാസി ഏതു സാഹചര്യത്തിലായാലും ലോകത്തോടു വേർപെട്ടു വിശുദ്ധിയിലും, ദൈവിക ആലോചനകളിലും നടന്നാൽ ദൈവം അവരെ മാനിക്കുകയും ഉയർത്തുകയും ചെയ്യും എന്നതാണ്. കൂടാതെ ലോകവും അവരെ മാനിക്കുവാനിടയാകും; അതിലൂടെ ദൈവനാമം മഹത്വപ്പെടുവാൻ കാരണമാകും.

12 അദ്ധ്യായങ്ങളുള്ള ഈ പ്രവചനപുസ്തത്തിൽ ഉടനീളം ദൈവത്തെ മാനിക്കാത്തവരുടെമേൽ ന്യായവിധി അയെക്കുകയും, ദൈവമക്കളോടു കരുണ കാണിക്കുകയും ചെയ്യുന്നതായി കാണുന്നു.

**എഴുത്തുകാരൻ** : ദാനീയേൽ

**എഴുതിയ കാലം** : ഏകദേശം 536 ബിസി

**പ്രധാന വാക്ക്** : അത്യുന്നതനായ ദൈവം

**പ്രധാന അദ്ധ്യായം** : ദാനീ.9

**പ്രധാന വാക്യങ്ങൾ** : (1) ദാനീ.1:8 (2) ദാനീ.2:20–22 (3) ദാനീ.2:44

**വിഷയം** : ബാബിലോണിലെ ജീവിതവും ഭാവികാലപ്രവചനങ്ങളും

**പ്രധാനവ്യക്തികൾ :**

**(1) ദാനീയേൽ** ( Daniel) — യെരൂശലേമിൽ നിന്നു ബാബിലോണിലേക്ക് നെബൂഖദ്നേസർ അടിമയായി പിടിച്ചു കൊണ്ടു വന്നവൻ — ദൈവത്തിന്റെ പ്രവാചകനും, ദേശത്തിന്റെ ഭരാണാധികാരിയും. ബേൽത്ത്ശസ്സർ (ബേലിന്റെ വത്സലപ്രഭു) എന്ന പേരിലും അറിയപ്പെട്ടു.

**(2) നെബൂഖദ്നേസർ** ( Nebuchadnezzar) — ബാബിലോണ്യരാജാവ് (ദാനീ.1-4)

**(3) ശദ്രക്ക്** ( Shadrach) — ദാനിയേലിനോടൊപ്പം ബാബിലോണിൽ അടിമയായി കൊണ്ടു വരപ്പെട്ടവൻ — തീച്ചൂളയിൽ നിന്നു ദൈവം രക്ഷിച്ചവരിൽ ഒരുവൻ — ഹനന്യാവു എന്നായിരുന്നു ആദ്യപേര് (ദാനീ.1:7/ദാനീ.2:49/ ദാനീ.3:8-10)

**(4) മേശക്ക്** ( Meshach) — ദാനിയേലിനോടൊപ്പം ബാബിലോണിൽ അടിമയായി കൊണ്ടു വരപ്പെട്ടവൻ — തീച്ചൂളയിൽ നിന്നു ദൈവം രക്ഷിച്ചവരിൽ ഒരുവൻ — മീശായേൽ എന്നായിരുന്നു ആദ്യപേര് (ദാനീ.1:7/ ദാനീ.2:49/ദാനീ.3:8-10)

**(5) അബേദ് - നെഗോ** ( Abed-Nego) — ദാനിയേലിനോടൊപ്പം ബാബിലോണിൽ അടിമയായി കൊണ്ടു വരപ്പെട്ടവൻ — തീച്ചൂളയിൽ നിന്നു ദൈവം രക്ഷിച്ചവരിൽ ഒരുവൻ — അസര്യാവു എന്നായിരുന്നു ആദ്യപേര് (ദാനീ.1:7/ദാനീ.2:49/ദാനീ.3:8-10)

**(6) ബേൽശ്ശസർ** ( Belshazzar) — നെബൂഖദ്നേസർ രാജാവിന്റെ പിൻഗാമി- ദാനിയേലിനെ വ്യാഖ്യാതാവായി ഉപയോഗിച്ചവൻ (ദാനീ.5:1-30).

**(7) ദാര്യവേശ്** ( Darius) — ബേൽശ്ശസർ രാജാവിന്റെ പിൻഗാമി - ഉപദേഷ്ടാക്കന്മാരുടെ ഗൂഢാലോചനയാൽ ദാനിയേലിനെ സിംഹക്കുഴിയിലേക്കു അയച്ച രാജാവ് (ദാനീ.5:31-6:28).

**പുസ്തക വിഭജനം:**(12 അദ്ധ്യായങ്ങൾ)

| | |
|---|---|
| അദ്ധ്യാ.1 — | പ്രവാസാനുഭവംദൈവജനത്തിന്റെ ദൈവീക ന്യായവിധിയെ കുറിക്കുന്നു. |
| അദ്ധ്യാ.2 — | ദൈവജനത്തെ കീഴടക്കിയ പുറജാതി രാഷ്ട്രങ്ങളുടെമേൽ ന്യായവിധി അയെക്കുന്നു. |
| അദ്ധ്യാ.3 — | ദൈവത്തെ ബഹുമാനിക്കുന്ന വ്യക്തികളെ ദൈവം നീതീകരിക്കുന്നു, രക്ഷിക്കുന്നു. |
| അദ്ധ്യാ. 4— | നെബൂഖദ്നേസർ രാജാവിന്റെമേൽ ന്യായവിധി. |
| അദ്ധ്യാ. 5 — | ബേൽശസ്സറിന്മേൽ ദൈവിക ന്യായവിധി. |
| അദ്ധ്യാ. 6 — | പ്രാർത്ഥനയിൽ ഉററിരുന്ന ദാനീയേലിനെ സിംഹത്തിന്റെ വായിൽ നിന്നു രക്ഷിക്കുന്നു. |
| അദ്ധ്യാ. 7 — | നാലു വന്യമൃഗങ്ങളെപ്പററി ദാനീയേലിനുണ്ടായ ദർശനം. |
| അദ്ധ്യാ. 8 — | മേദ്യ പാർസി, ഗ്രീസ് രാഷ്ട്രങ്ങളുടെമേൽ ന്യായവിധി. |
| അദ്ധ്യാ. 9 — | ദൈവം തന്റെ ജനത്തിന്റെ ഉദ്ധാരകനായി എഴുന്നേൽക്കുന്നു. |
| അദ്ധ്യാ 10 — | തേജസ്കരിക്കപ്പെട്ട മനുഷ്യപുത്രന്റെ ദർശനം. |
| അദ്ധ്യാ.11 — | അധർമ്മമൂർത്തിയുടെ വംശപാരമ്പര്യവും തകർച്ചയും. |
| അദ്ധ്യാ.12 — | സ്വജനത്തെ ഉയർത്തുകയും, തന്റെ ദാസനായ ദാനീയേലിനെ അനുഗ്രഹ വാഗ്ദത്തത്തോടെ വിശ്രമിക്കുന്നതിനു അനുവദിക്കുകയും ചെയ്യുന്നു. |

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ദാനീയേൽ ബാബേലിൽ — കൊട്ടാരത്തിലെ പരീക്ഷണം, തീരുമാനം (ദാനീ.1:1-16)

(2) വിശ്വസ്തതക്കുള്ള പ്രതിഫലം (ദാനീ.1:17-20 /ദാനീ.3:25-30/ ദാനീ.6:22-28)

(3) നെബൂഖദ്നേസർ രാജാവിന്റെ സ്വപ്നം ദാനീയേൽ വ്യാഖ്യാനിക്കുന്നു (ദാനീ.2)

(4) അന്യരാജാക്കന്മാർ ദൈവത്തെക്കുറിച്ചു സാക്ഷ്യം പറയുന്നു (ദാനീ.2:47/ 3:29/ 4:1-3/ 4:34-37/ 6:25-27)

(5) നെബൂഖദ്നേസർ രാജാവ് ഉണ്ടാക്കിയ സ്വർണ്ണവിഗ്രഹം (ദാനീ.3:1-7)

(6) തീച്ചൂളയിൽ നിന്നുള്ള വിടുതൽ (ദാനീ.3:8-30)

(7) നെബൂഖദ്നേസർ ദർശിച്ച വൻവൃക്ഷം (ദാനീ.4:4-18)

(8) മനുഷ്യരുടെ രാജത്വത്തിന്മേൽ ദൈവത്തിന്റെ പരമാധികാരം (ദാനീ.4:25/ദാനീ.7:13,14)

(9) നെബൂഖദ്നേസർ രാജാവിന്റെ ശിക്ഷയും വിടുതലും (ദാനീ.4:29-37)

(10) ബേൽശസ്സർ രാജാവിന്റെ വിരുന്നും, ചുവരെഴുത്തും (ദാനീ.5:1-31)

(11) ബാബേൽ സാമ്രാജ്യത്തിന്റെ അവസാനവും മേദോ-പാർസ്യ സാമ്രാജ്യത്തിന്റെ ആരംഭവും(5:30,31)

(12) ദാനീയേൽ സിംഹക്കുഴിയിൽ (ദാനീ.6)

(13) ദാനീയേൽ ദൈവദൂതനാൽ സന്ദർശിക്കപ്പെടുന്നു — ഗബ്രീയേൽ (ദാനീ.8:16-19/9:21)

(14) ഏറ്റവും പ്രിയപുരുഷനായ ദാനീയേൽ (ദാനീ.9:23/ ദാനീ.10:11/ ദാനീ.10:19)

(15) ദാനീയേലിന്റെ ദർശനങ്ങൾ (ദാനീ.7-10) —

> നാലു മൃഗങ്ങൾ — (ബാബിലോൺ, മെദോ പാർസ്യ, ഗ്രീക്ക്, റോം) - (ദാനീ.7)

> ആട്ടുകൊറ്റനും കോലാട്ടുകൊറ്റനും (മെദോ-പാർസ്സ, മഹാനായ അലക്സാണ്ടർ — ബേൽശസ്സർ രാജാവിന്റെ ഭരണകാലം) (ദാനീ.8)

> ഏഴു ആഴ്ചവട്ടക്കാലം — ദാര്യവേശിന്റെ ഭരണകാലം (ദാനീ.9)

> ഹിദ്ദേക്കൽ മഹാനദീതീരത്തു ദൈവപുരുഷന്റെ ദർശനം — പാർസിരാജാവായ കോരെശിന്റെ ഭരണകാലം — (ദാനീ.10:4-21)

> തെക്കേ ദേശത്തെ രാജാവും വടക്കെ ദേശത്തെ രാജാവും — (ഈജിപ്റ്റു, സിറിയ) ദാര്യാവേശിന്റെ ഭരണകാലം (ദാനീ.11)

## ക്രിസ്തു ദാനീയേൽ പ്രവചനത്തിൽ — അഗ്നിജ്വാലയിൽ കാണപ്പെട്ട നാലാമൻ

(1) അടിച്ചുതകർക്കുന്ന കല്ല് (He is the smitting Stone)— ദാനീ.2:34

(2) ക്രിസ്തു അഗ്നിജ്വാലയിൽ — ദാനീ.3:24,25 -അപ്പൊ.9:3-6/ വെളി.1:13-16. തീയിലെ നാലാമത്തെ പുരുഷൻ. (The Fourth Man in the Fire ദാനീ.3:25) — അഗ്നിജ്വാലയിലെ കൂട്ടുകാരൻ (The Companion in the furnace of Fire).

(3) സിംഹക്കുഴിയിലെ കൂട്ടുകാരൻ ( The Companion in the den of lions) — ദാനീ.6:22

(4) മഹാസമുദ്രത്തിൽ നിന്നും കയറി വരുന്ന നാലു മഹാമൃഗങ്ങൾ (ദാനി.7:1-7), നദീതീരത്തു നിൽക്കുന്ന രണ്ടു കൊമ്പുള്ള ഒരു ആട്ടുകൊററൻ, പടിഞ്ഞാറു നിന്നു നിലം തൊടാതെ വന്ന ഒരു കോലാട്ടുകൊററൻ (ദാനീ.8:3-5) എന്നീ ദർശനങ്ങളിലൂടെ ദാനിയേൽ ലോകത്തിന്റെ ഭാവിയെ കാണുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനവും, അന്തിക്രിസ്തുവിന്റെ വെളിപ്പെടലും, അന്ത്യന്യായവിധിയും ഇതു സൂചിപ്പിക്കുന്നു.

(5) ക്രിസ്തുവിനെ വിവിധ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.

(a) ലോകരാജ്യങ്ങളുടെ മേൽ ആഞ്ഞടിച്ചു അവയെ തകർക്കുന്ന കല്ല് — ദാനീ.2:34,35,44.

(b) പുരാതനനായവൻ (The Ancient of of Days) — ദാനീ.7:9,10,13,14,22

(c) സർവ്വാധിപത്യം ലഭിച്ച മനുഷ്യപുത്രൻ — ദാനീ.7:13,14.

(d) ഛേദിക്കപ്പെടുന്ന അഭിഷിക്തൻ, അറുക്കപ്പെടുവാനുള്ള കുഞ്ഞാട് — ദാനീ.9:25,26.

(6) ദാനീ. 9:24-27 — എഴുപതു ആഴ്ചവട്ടത്തെകുറിച്ചുള്ള ദർശനം. അറുപത്തുരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; തനിക്കുവേണ്ടി അല്ലതാനും (ദാനീ. 9:26). ഇതിൽ അഭിഷിക്തനായ പ്രഭു അഥവാ യേശുക്രിസ്തു മനുഷ്യരുടെ പാപപരിഹാരത്തിനായി കാൽവറിയിൽ ക്രൂശിക്കപ്പെടുന്നതിനെ കാണിക്കുന്നു (മത്താ.26:58, മത്താ.27:26).

(7) ദാനീയേൽ 10:5-9 വരെയുള്ള വാക്യങ്ങളിൽ കാണുന്ന ദാനീയേലിന്റെ പ്രവചനം, ക്രിസ്തുവിനെ കുറിച്ചുള്ള യോഹന്നാന്റെ ദർശനവുമായി യോജിക്കുന്നു (വെളി 1:12- 16).

------------------------------------

# (28) ഹോശേയ — HOSEA

ചെറിയ പ്രവാചകന്മാരുടെ കൂട്ടത്തിൽ ആദ്യപുസ്തകമാണ് ഹോശേയ. ഹോശേയ എന്ന പേരിന്റെ അർത്ഥം **രക്ഷ** / യഹോവ രക്ഷിക്കുന്നു (Salvation) എന്നാണ്. യോശുവ, ഹോശേയ, യേശു എന്നീ പേരുകളെല്ലാം എബ്രായമൂലപദത്തിൽ നിന്നുത്ഭവിച്ചതാണ്. ശലോമോന്റെ കാലശേഷം കനാൻനാട് യഹൂദാ, യിസ്രായേൽ എന്നു രണ്ടായി വിഭജിക്കപ്പെട്ടു. ഇതിൽ വടക്കുള്ള യിസ്രായേൽ രാജ്യത്തിൽ പ്രവാചകശുശ്രൂഷ നിർവഹിച്ച ഒരുവനായിരുന്നു ഹോശേയ (Prophesy to Israel before Captivity).

ബെയോരിയുടെ മകനായിരുന്നു ഹോശേയ (ഹോശേ.1:1). ദിബ്ളയീമിന്റെ മകളും, ദുർന്നടപ്പുകാരിയുമായ ഗോമർ ആയിരുന്നു ഹോശേയയുടെ ഭാര്യ. യിസ്രായേലിന്റെ അധഃപതിച്ച ആത്മീകസ്ഥിതിയുടെ പ്രതീകമായി ദുർന്നടപ്പിൽ ജീവിച്ച ഗോമർ എന്ന സ്ത്രീയെ ദൈവനിർദ്ദേശപ്രകാരമാണ് ഹോശേയ വിവാഹം കഴിച്ചത് (ഹോശേ.1:3). യിസ്രായേലിന്റെ വിഗ്രഹാരാധനയ്ക്കും, ദൈവത്തോടുള്ള അവിശ്വസ്തതയ്ക്കും പ്രവാചകന്റെ കുടുംബജീവിതം സാധനപാഠമായിത്തീർന്നു.

**ഹോശേയ പ്രവചനത്തിൽ മൂന്നു പ്രധാന ഘടകങ്ങൾ :**

(1) ദൈവം തന്റെ ജനത്തിന്റെ പാപത്തെ വെറുക്കുന്നു

(2) പാപമുള്ള ദേശത്തിന്മേൽ ന്യായവിധി അയെക്കുന്നു

(3) തന്റെ ജനത്തോടുള്ള ദൈവത്തിന്റെ സ്നേഹം മാററമില്ലാതെ തുടരുന്നു.

ഹോശേയയുടെ സ്വന്തജീവിതാനുഭവം പോലെ ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മാത്രം വിശ്വസ്ഥതയിലും, സ്നേഹത്തിലും നിലനിൽക്കുന്ന ഒരവസ്ഥയായിരുന്നു യിസ്രായേലും ദൈവവും തമ്മിലുള്ള ബന്ധത്തിൽ സംഭവിച്ചത്. ഹോശേയയുടെ വ്യക്തിജീവിതത്തിലെ ദുരന്തം യിസ്രായേൽ രാഷ്ട്രത്തിനു സംഭവിച്ച ദുരന്തത്തിന്റെ ദൃഷ്ടാന്തമായിരുന്നു. ഗോമർ അന്യപുരുഷന്മാരെ പിന്തുടർന്നതു പോലെ യിസ്രായേലും അന്യദേവന്മാരെ പിന്തുടർന്നു. മനുഷ്യൻ പാപത്തിൽ അകപ്പെട്ടു അവിശ്വസ്തരായി തീരുമ്പോഴും വിശ്വസ്തതയും, സ്നേഹവും കൈവിടാതെ അവന്റെ ഉദ്ധാരണത്തിനു വേണ്ടി സ്നേഹത്തോടെ കാത്തിരിക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയും, ദയയും ഈ ഗ്രന്ഥത്തിൽ കാണാം. അധർമ്മവും വിഗ്രഹാരാധനയും വിട്ടു യഹോവയുടെ അടുക്കലേക്കു മടങ്ങി വരുവാനുള്ള ആഹ്വാനമാണ് ഈ പ്രവചനത്തിൽ വിഷയമായിരിക്കുന്നത്.

**എഴുത്തുകാരൻ** : ഹോശേയ (1:1)

**എഴുതിയ കാലം** : ഏകദേശം ബി.സി. 715 -ൽ ശമര്യയിൽ വെച്ച്

**താക്കോൽ വാക്ക്** : മടങ്ങി വരവ്

**പ്രധാനവാക്യങ്ങൾ** : (1) ഹോശേ.4:1 (2) ഹോശേ.11:7-9 **പ്രധാന അദ്ധ്യായം** : ഹോശേ.4

**വിഷയം** : വിഗ്രഹാരാധികളായ ജനവും വിശ്വസ്തനായ ദൈവവും — യിസ്രായേലിന്റെ അവിശ്വസ്തത.

**പ്രധാനവ്യക്തികൾ :**

**(1) ഹോശേയാ** (Hosea) — വടക്കുള്ള യിസ്രായേൽ രാജ്യത്ത് പ്രവാചകശുശ്രൂഷ ചെയ്ത പ്രവാചകൻ. പ്രവാചകന്റെ വിവാഹജീവിതം ദൈവവും യിസ്രായേലുമായുള്ള ബന്ധത്തെ ചിത്രീകരിക്കുന്നു.

**(2) ഗോമർ** (Gomer) — ഹോശേയയുടെ ഭാര്യ - ദുർന്നടപ്പുകാരി (ഹോശേ.1:3-9)

**(3) യിസ്രെയേൽ** (Jezreel) — ഹോശേയയുടെ ആദ്യത്തെ മകൻ - ദൈവം വിതെക്കും എന്നർത്ഥം. അതായത് ദൈവം യിസ്രായലിനെ സകലദേശത്തിലും ചിതറിക്കും എന്നു പേരിൽ നിന്നു വെളിപ്പെടുന്നു (ഹോശേ.1:4).

**(4) ലോരൂഹമാ** (Lo-Ruhamah) — ഹോശേയയുടെ മകൾ — കരുണ ലഭിക്കാത്തവൾ എന്നർത്ഥം — ഇനി യിസ്രായേൽ ഗൃഹത്തോടു ക്ഷമിക്കാൻ തക്കവണ്ണം അവരോടു ഒട്ടും കരുണ കാണിക്കുകയില്ലെന്നു മകളുടെ പേരിലൂടെ അർത്ഥമാക്കുന്നു (ഹോശേ.1:6).

**(5) ലോ-അമ്മീ** (Lo-Ammi) - മകൻ - എന്റെ ജനമല്ല —ദൈവത്തിന്റെ ജനം എന്ന നിലയിൽ അവരെ തള്ളിക്കളയുകയും അവരുടെ ദൈവം എന്നു അവർ അറിയപ്പെടുകയുമില്ല (ഹോശേ.1:9).

**പുസ്തക വിഭജനം:** (14 അദ്ധ്യായങ്ങൾ)

(1) 1 — 3 : ദുർമാർഗ്ഗക്കാരിയായ ഭാര്യയും വിശ്വസ്തനായ ഭർത്താവും

(2) 4 — 14 : വിഗ്രഹാരാധികളായ യിസ്രായേൽ ജനവും, വിശ്വസ്തനായ ദൈവവും.

**പ്രത്യേകവിഷയം :**

## ബേത്ത് -ആവെൻ (Beth Aven) -- (ഹോശേ.10:5) —

ബേഥേൽ എന്നാൽ ദൈവഭവനം എന്നും ബേത്ത്-ആവെൻ എന്നാൽ ദുഷ്ടന്മാരുടെ ഭവനം അഥവാ ശൂന്യതയുടെ ഭവനം എന്നുമാണ് അർത്ഥം. യിസ്രായേൽരാഷ്ട്രം തെക്കും വടക്കുമായി രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ വടക്കേരാജ്യത്തിലെ രാജാവായ യോരോബെയാം തന്റെ ജനം യാഗങ്ങൾ കഴിക്കാനും, പെരുന്നാളുകൾ ആചരിക്കാനും യെരുശലേമിലേക്കു പോകാനിടയായാൽ തന്നോടുള്ള കൂറു നഷ്ടപ്പെടാൻ ഇടയാകുമെന്നു ഭയപ്പെട്ട് യെരൂശലേമിനു പകരമായി ബേഥേലിനെ മതപരമായ ആരാധനാകേന്ദ്രമാക്കി. രാജാവു പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടികളെയുണ്ടാക്കി; നിങ്ങൾ യെരൂശലേമിൽ പോയതുമതി; യിസ്രായാലേ, ഇതാ നിന്നെ മിസ്രയീംദേശത്തു നിന്നു കൊണ്ടു വന്ന നിന്റെ ദൈവം എന്നു അവരോടു പറഞ്ഞു. ഈ സ്വർണ്ണക്കാളക്കുട്ടികളിൽ ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. (1.രാജാ.12:27–29). അതിനു ധൂപം കാട്ടിയതിനാൽ ജനം വിഗ്രഹാരാധനയിൽ ചെന്നെത്തി ദൈവകോപത്തിനു പാത്രമായി. വിഗ്രഹസേവയ്ക്കായി ജനത്തെ തള്ളിവിട്ട യൊരോബെയാമിന് ദൈവപുരുഷനിലൂടെ മുന്നറിയിപ്പു നൽകിയിട്ടും ദുർമ്മാർഗ്ഗം വിട്ടുതിരിയാതെ മുന്നോട്ടു സഞ്ചരിച്ചതിനാൽ യൊരോബെയാം ഗൃഹത്തെ ഭൂമിയിൽ നിന്നു ഛേദിച്ചു മുടിച്ചു കളയത്തക്കവണ്ണം ഈ കാര്യം അവർക്കു പാപമായ്ത്തീർന്നു എന്നു ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (1.രാജാ.13:34).

വീണ്ടും ഈ സ്വർണ്ണക്കാളക്കുട്ടിയെക്കുറിച്ചുള്ള പരാമർശം ഹോശേയ പ്രവചനത്തിൽ വായിക്കുന്നു. ഹോശേയ.10:5 — *"ശമര്യാനിവാസികൾ ബേത്ത് - ആവെനിലെ കാളക്കുട്ടിയെക്കുറിച്ചു പേടിക്കുന്നു."* ദൈവജനമായ യിസ്രായേൽ ദൈവത്തെ വിട്ടു അന്യദേവന്മാരുടെ പുറകേ പോകുന്ന അവിശ്വസ്തതയെ ഹോശേയാപ്രവാചകൻ ശാസിക്കുന്നു. ആമോസ്.5:5- ലും ബേഥേലിന്റെ പരിതാപകരമായ സ്ഥിതിയെപ്പറ്റി പറഞ്ഞിരിക്കുന്നു. സത്യദൈവാരാധനയും വിഗ്രഹാരാധനയും ഒന്നിച്ചു ചേർത്തുകൊണ്ടുപോയതുകൊണ്ടാണ് ദൈവത്തിന്റെ ഭവനം (ബേഥേൽ) ദുഷ്ടന്മാരുടെ ഭവനമായി (ബേത്ത് -ആവെൻ) അധഃപതിച്ചത്.

**പ്രത്യേകത :**

(A) ഹോശേയ അനുദിനജീവിതത്തിൽ നിന്നു അനേക **പ്രതിരൂപങ്ങൾ** തന്റെ പ്രവചനത്തിൽ ഉപയോഗിക്കന്നു.

(1) ദൈവത്തെ -—> ഭർത്താവ്, പിതാവ്, സിംഹം, പുലി, പെൺകരടി, മഞ്ഞ്, മഴ, നിശാശലഭം.

(2) യിസ്രായേലിനെ —> ഭാര്യ, രോഗി, അത്തി, മുന്തിരിച്ചെടി, മുന്തിരിങ്ങ, ഒലിവു വൃക്ഷം, അടിമയായ സ്ത്രീ, അടുപ്പ്, പ്രഭാതമഞ്ഞ്, പതിർ, പുക.

(B) യിസ്രായേലിന്റെ പാപത്തിന്റെ അവസ്ഥയെ ചിത്രീകരിക്കുവാൻ പ്രവാചകൻ അനേക ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചിരിക്കുന്നു —

| | |
|---|---|
| (1) അവിശ്വസ്തയായ ഭാര്യ | — ഹോശേ.3:1 |
| (2) മദ്യപാനം | — ഹോശേ.4:11 |
| (3) ദുശ്ശാഠ്യമുള്ള പശുക്കിടാവ് | — ഹോശേ.4:16 |
| (4) കവർച്ചക്കാരുടെ കൂട്ടം | — ഹോശേ.6:9 |
| (5) ദുർന്നടപ്പുകാർ | — ഹോശേ.7:4 |
| (6) ചൂടു പിടിച്ച അപ്പക്കൂട് | — ഹോശേ.7:7 |
| (7) മറിച്ചിടാത്ത ദോശ | — ഹോശേ.7:8 |
| (8) പൊട്ട പ്രാവ്. | — ഹോശേ.7:11 |
| (9) വഞ്ചനയുള്ള വില്ല് | — ഹോശേ.7:16 |

(10) കാററു വിതച്ചു ചുഴലിക്കാററു കൊയ്യുന്നു — ഹോശേ.8:7 (റോമ.6:23/ഗലാ.6:7)
(11) ഇഷ്ടമില്ലാത്ത പാത്രം — ഹോശേ.8:8
(12) കാട്ടുകഴുത — ഹോശേ.8:9

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ഹോശേയായുടെ വിവാഹവും ഭാര്യയുടെ അവിശ്വസ്തതയും (ഹോശേ.1)
(2) യിസ്രായേൽ ദുർന്നടപ്പുകാരിയായ ഭാര്യ (ഹോശേ.2)
(3) പ്രത്യാശയുടെ വാതിലായ ആഖോർ താഴ്‌വര (ഹോശേ.2:15)
(4) യിസ്രായേലിനെ ദൈവം സ്നേഹിക്കുന്നു - യിസ്രായേൽ ദൈവത്തെ ഭയപ്പെടുമ്പോൾ ദാവീദിന്റെ രാജ്യം സ്ഥാപിക്കപ്പെടും (ഹോശേ.3)
(5) യിസ്രായേലിനെതിരായുള്ള കുറ്റങ്ങൾ - വിഗ്രഹാരാധന (ഹോശേ.4)
(6) യിസ്രായേലിനെതിരായി ദൈവീകശിക്ഷകൾ (ഹോശേ.5)
(7) മാനസാന്തരപ്പെടുവാൻ ദൈവം യിസ്രായേലിനോടു ആവശ്യപ്പെടുന്നു (ഹോശേ.6)
(8) എഫ്രയീമിന്റെ കപടഭക്തി (ഹോശേ.7)
(9) യിസ്രായേലിന്റെ ന്യായവിധിയുടെ കാഹളം (ഹോശേ.8)
(10) കാറ്റ് വിതച്ചു ചുഴലിക്കാറ്റു കൊയ്യും (ഹോശേ.8:7)
(11) യിസ്രായേൽ പ്രവാസത്തിലേക്ക് (ഹോശേ.9)
(12) യിസ്രായലിന്റെ വിഗ്രഹാരാധന — ബേത്ത് ആവെനിലെ സ്വർണ്ണക്കാളക്കുട്ടി (ഹോശേ.10)
(13) ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹം —– യിസ്രായേലിന്റെ സ്നേഹമില്ലായ്മ (ഹോശേ.11)
(14) എഫ്രയീമിന്റെയും യെഹൂദായുടെയും പാപങ്ങൾ (ഹോശേ.12)
(15) അധരാർപ്പണമായ കാളകൾ (ഹോശേ.14:2)
(16) അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ദയ പ്രാപിക്കും (ഹോശേ.14:7).

## ക്രിസ്തു ഹോശേയ പ്രവചനത്തിൽ — വിശ്വസ്തനായ കർത്താവ്

(1) രക്ഷ എന്നാണ് ഹോശേയ എന്ന പേരിന്റെ അർത്ഥം. രക്ഷ ലഭിക്കാനായി യിസ്രായേൽ ജനത യഹോവയുടെ അടുക്കലേക്കു മടങ്ങിവരുവാൻ ഹോശേയ ആഹ്വാനം ചെയ്യുന്നു. യേശു എന്നപേരിന്റെയും അർത്ഥം രക്ഷ എന്നാണ്. യേശുക്രിസ്തു സകല മനുഷ്യരുടെയും രക്ഷകനാണ്.
(2) ഭർത്താവ് — ഹോശേ.2:16,19 - എഫെ.5:31,32. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയുടെ കാന്തൻ കർത്താവായ യേശുക്രിസ്തുവാണ്.

(3) “ഞാൻ നിന്നെ സദാകാലത്തേക്കും എനിക്കു വിവാഹത്തിനു നിശ്ചയിക്കും” (ഹോശേ.2:19). എന്നത് പുതിയനിയമ വിശ്വാസികളുടെ സഭയായ മണവാട്ടിയും, സഭാകാന്തനായ യേശുക്രിസ്തുവും തമ്മിലുള്ള വിവാഹ ബന്ധത്തെ സൂചിപ്പിക്കുന്നു (വെളി.19:7,8 / 2.കൊരി.11:2)

(4) അടിമത്തെരുവിൽ നിന്നും ഹോശേയ തന്റെ ഭാര്യ ഗോമറിനെ പതിനഞ്ചു വെള്ളിക്കാശും ഒന്നര ഹോമെർ യവവും നഷ്ടപരിഹാ രമായി വില കൊടുത്തു (ഹോശേ.3:2) വീണ്ടെടുക്കുന്നത് യേശുക്രിസ്തു നമ്മെ സാത്താന്റെ അടിമത്വത്തിൽ നിന്നും തന്റെ രക്തം വിലയായി കൊടുത്തു വീണ്ടെടുക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു (1 പത്രൊ.1:18,19/ഗലാ.4:5).

(5) ദാവീദിനേക്കാളും മഹാനായ രാജാവ് ( Greater King than David) — ഹോശേ.3:5

(6) ഹോശേയ 11:1 — യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു. മത്തായി 2:15 യേശുക്രിസ്തുവിന്റെ ശൈശവകാലം മിസ്രയീമിൽ ആയിരുന്നു.

(7) ഹോശേ.13:4 — ഞാൻ അല്ലാതെ ഒരു രക്ഷിതാവു ഇല്ലല്ലോ.

(8) മരണത്തിൽ നിന്നു വീണ്ടെടുക്കുന്നവൻ. ( Redeemer from death) “ഞാൻ അവരെ പാതാളത്തിന്റെ അധീനതയിൽ നിന്നു വീണ്ടെടുക്കും; മരണത്തിൽ നിന്നു ഞാൻ അവരെ വിടുവിക്കും; മരണമേ, നിന്റെ ബാധകൾ എവിടെ? പാതാളമേ നിന്റെ സംഹാരം എവിടെ?”(ഹോശേ.13:14). ഈ ഭാഗം മരണത്തെ ജയിച്ച നമ്മുടെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവിനെ കാണിക്കുന്നു (1.കൊരി.15:55–57/ റോമ.7:24,25/വെളി.21:5).

-----------------------------------

# (29) യോവേൽ — JOEL

യോവേൽ എന്ന എബ്രായ പേരിന്റെ അർത്ഥം **"യഹോവ തന്നേ ദൈവം"** (The LORD is God) എന്നാണ്. പുസ്തകത്തിലെ വിഷയത്തോട് ഇണങ്ങിച്ചേരുന്ന ഈ നാമധേയം ദൈവത്തിന്റെ സർവ്വാധികാരത്തെ കാണിക്കുന്നു. പ്രകൃതിയുടെമേലും, രാഷ്ട്രത്തിന്റെ മേലും,വ്യക്തികളുടെമേലും അധികാരമുള്ള ഒരുവനാണ് സർവ്വശക്തനായ ദൈവം. യോവേൽ യഹൂദയിലാണ് പ്രവചനശുശ്രൂഷ നടത്തിയത്(Prophecy toJudah before Captivity).

യോവേൽ പെഥൂവേലിന്റെ മകനാണ് (യോവേ.1:1) പെഥൂവേൽ എന്നവാക്കിനു അർത്ഥം ദൈവത്താൽ പ്രേരിതൻ എന്നാണ്. യോവേ.1:13,14/യോവേ.2:17 എന്നീ വാക്യങ്ങൾ പൗരോഹിത്യത്തെ കുറിച്ചു പരാമർശിക്കുന്നതിനാൽ യോവേൽ ഒരു പുരോഹിതനും, പ്രവാചകനും ആയിരുന്നുവെന്നു അനുമാനിക്കാം.

മൂന്നു അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിൽ **"യഹോവയുടെ ദിവസം"** (The Day of the Lord) എന്നു 5 തവണ പറഞ്ഞിരിക്കുന്നു (യോവേ.1:15/യോവേ.2:1/യോവേ.2:11/യോവേ.2:31/യോവേ.3:14). തെക്കേരാജ്യമായ യെഹൂദയിൽ ഭരിച്ചിരുന്ന യോവാശ് രാജാവിന്റെ കാലത്ത് ഒരു വലിയ പററം വെട്ടുക്കിളികളുടെ ആക്രമണം ഉണ്ടായി. ദേശത്തിലെ വിളവുകളും, സസ്യജാലങ്ങളും ആസകലം നശിച്ച് ജനങ്ങൾ വലിയ ക്ഷാമത്തിലായി. ഈ സന്ദർഭത്തിൽ യഹോവയുടെ പ്രവാചകനായിരുന്ന യോവേൽ ജനങ്ങൾക്കു നൽകിയ ദൈവികസന്ദേശമാണിത്. മനുഷ്യന്റെ പാപത്തിന്റെ ഫലമായുണ്ടായ ദൈവികസന്ദർശനമായിരുന്നു ഈ സംഭവം. എന്നാൽ ഈ ആപത്തിനെപ്പോലും നിസ്സാരസംഭവമായി മാററുന്ന ഒന്നായിരിക്കും ഇനി വരുവാൻ പോകുന്ന യഹോവയുടെ ദിവസമെന്ന് പ്രവാചകൻ അറിയിക്കുന്നു. അന്നു ദൈവം തന്റെ ശത്രുക്കളെ നിത്യശിക്ഷാവിധിക്കു വിടുകയും വിശ്വസ്തതയോടെ സേവിച്ചവർക്കു പ്രതിഫലം നൽകുകയും ചെയ്യും.

എലീശയുടെ പിൻഗാമിയായിട്ടാണ് യോവേലിനെ കാണുന്നത്. യഹൂദാജനത്തിന്റെ പാപത്തിനു ദൈവം തക്ക ശിക്ഷ കൊടുക്കുന്നു. ഭാവിയിൽ ക്രിസ്തുവിന്റെ നാളിലും ദൈവം ഇതുപോലെതന്നെ ന്യായം വിധിക്കും. യഹോവയുടെ ദിവസം എന്നത് യെഹൂദാജനത്തിന്റെ പാപം മൂലം അവർ നേരിട്ട ശിക്ഷാവിധിയുടെ ദിവസമായിരുന്നു. അതുപോലെ ആ ദിവസം, വരുങ്കാലത്തു യേശുക്രിസ്തുവിൽ വിശ്വസിക്കാത്തവർക്കുള്ള പ്രതികാരദിവസവുമാണ്. യാക്കോബിന്റെ കഷ്ടകാലം അഥവാ പീഡന കാലം എന്നും ഇതിനെ കരുതുന്നു.

ഭൂമിയിൽ പെന്തെക്കൊസ്തു അനുഭവത്തിൽ പരിശുദ്ധാത്മാവ് വരുന്നതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ (യോവേ.2:28) ഇദ്ദേഹം **"പെന്തെക്കൊസ്തിന്റെ പ്രവാചകൻ** "എന്നു അറിയപ്പെടുന്നു (Prophet of Pentecost).

**എഴുത്തുകാരൻ** : യോവേൽ

**എഴുതിയ കാലം** : ബിസി. 820 510 - യെഹൂദ്യ, ശമര്യ ദേശങ്ങളിൽ വെച്ച് എഴുതി

**പ്രധാന വാക്യങ്ങൾ** : യോവേ.2:11,19,28,29 **മുഖ്യഅദ്ധ്യായം** : യോവേ.2

**മർമ്മ പദം** : യഹോവയുടെ വലിയതും ഭയങ്കരവുമായ ദിവസം

**വിഷയം** : ദൈവകോപത്തിൽ നിന്നു രക്ഷപ്പെടുവാനുള്ള ആഹ്വാനം — യെഹൂദാ ജനത്തിന്റെ പാപം മൂലം അവർക്കു വരുവാനുള്ള ദൈവീകന്യായവിധിയെ അറിയിച്ച് ദൈവത്തിങ്കലേക്കു മടങ്ങി വരുവാൻ ആജ്ഞാപിക്കുന്നു.

**പ്രധാനവ്യക്തികൾ** :

**(1) യോവേൽ —** യെഹൂദായിലെ യോവാശ് രാജാവിന്റെ ഭരണകാലത്ത് പ്രവചനശുശ്രൂഷ ചെയ്ത പ്രവാചകൻ.

**(2) ദേശത്തിലെ നിവാസികൾ —** വെട്ടുക്കിളിയുടെ ആക്രമണത്താൽ ദൈവത്തിന്റെ ന്യായവിധി അനുഭവിച്ച യെഹൂദാ നിവാസികൾ (യോവേ.2:1)

**പുസ്തക വിഭജനം:** (3 അദ്ധ്യായങ്ങൾ)

(1) യോവേ.1 : യഹോവയുടെ ദിവസം — ഭൂതകാലവീക്ഷണം

(2) യോവേ.2—3 : യഹോവയുടെ ദിവസം — ഭാവികാലവീക്ഷണം

**ശ്രദ്ധേയവിഷയങ്ങൾ :**

(1) തലമുറകളോടു ദൈവവചനം അറിയിക്കണം (യോവേ.1:3)

(2) യഹോവയുടെ ദിവസം (യോവേ.1:15/2:1/2:11/2:31/3:14)

(3) വെട്ടുക്കിളിയാലുള്ള ന്യായവിധിയും അനുതപിക്കുന്നവർക്കു വിടുതലും (യോവേ.2)

(4) ഹൃദയങ്ങളെ കീറുവിൻ (യോവേ.2:3)

(5) ഞാൻ സകല ജഡത്തിന്മേലും ആത്മാവിനെ പകരും — പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു — (യോവേ.2:28/അപ്പൊ.2:16-18)

(6) കൊഴുക്കളെ വാളുകളായും വാക്കത്തികളെ കുന്തങ്ങളായും അടിപ്പിൻ (യോവേ.3:10/യെശ.2:4/ മീഖാ.4:3)

(7) യിസ്രായേലിനു ചുറ്റുമുള്ള രാജ്യങ്ങളെ ന്യായം വിധിക്കുന്നു (യോവേ.3:1-21).

(8) അരിവാൾ ഇടുവിൻ; കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്നു (യോവേ.3:13)

(9) വിധിയുടെ താഴ്‌വര (യോവേ.3:14)

(10) യിസ്രായേലിന്റെ യഥാസ്ഥാപനം (യോവേ.3:16-20)

## ക്രിസ്തു യോവേൽ പ്രവചനത്തിൽ — പരിശുദ്ധാത്മസ്നാപകൻ (യോവേ.2:28-32)

(1) "ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തനുമില്ല എന്നു നിങ്ങൾ അറിയും; എന്റെ ജനം ഒരു നാളും ലജ്ജിച്ചു പോകയുമില്ല" (യോവേൽ.2:27). യേശുക്രിസ്തുവിൽ അല്ലാതെ ആരിൽ ആശ്രയം വെച്ചാലും ലജ്ജിക്കേണ്ടിവരും (അപ്പൊ.4:12)

(2) പരിശുദ്ധാത്മാവിനെ നൽകുന്നവൻ (Giver of Spirit — യോവേ.2:28-32). യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിനെ ഭൂമിയിലേക്കു അയെക്കുമെന്നു വാഗ്ദത്തം ചെയ്തിരുന്നു (യോഹ.16:7-15, അപ്പൊ.1:8) പെന്തൊക്കൊസ്തു നാളിൽ ഈ വാഗ്ദത്തം നിറവേറി (അപ്പൊ.1-4). ഇത് യോവേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തിരുന്നതായി പത്രോസ് പറയുന്നു (യോവേ.2:28 —32/അപ്പൊ.2:16,17,18).

(3) "എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും" (യോവേൽ 2:32). പുതിയനിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചാൽ രക്ഷ ലഭിക്കും എന്നതാണ് (റോമർ.10:9,13/ഫിലി.2:10).

(4) സകല ജാതികളെയും യെഹോശാഫാത്ത് താഴ്‌വരയിൽ കൂട്ടിവരുത്തി ന്യായം വിധിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു (യോവേൽ.3:2,12). ഇതു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അന്ത്യന്യായവിധിയെ സൂചിപ്പിക്കുന്നു (മത്താ.25:32/വെളി.19:15)

(5) തന്റെ ജനത്തിനു പ്രത്യാശയായവൻ (He is the Hope of His people) - യോവേ.3:16.

(6) യഹോവ സീയോനിൽ വസിച്ചുകൊണ്ടിരിക്കും (യോവേൽ.3:21/3:16/2:32). യേശുക്രിസ്തുവിന്റെ പുനരാഗമനത്തെയും വാസത്തെയും ആണ് യോവേൽ പ്രവാചകൻ ദർശിക്കുന്നത്. ഒരിക്കൽ കർത്താവ് ബെത്ലഹേമിലേക്കു വന്നു. ഇനി യേശുക്രിസ്തു സീയോനിലേക്കു വരുന്നു (റോമ.11:26/ സങ്കീ.14:7, 53:6, 110:2/ സെഖ.14:4).

-----------------------------------

# (30) ആമോസ് — AMOS

ഭാരം ഉയർത്തുക, ഭാരം വഹിക്കുക എന്നർത്ഥമുള്ള **"ആമാസ് "** എന്ന എബ്രായപദത്തിൽ നിന്നുമാണ് ആമോസ് എന്ന പേര്.മത്സരികളായ യിസ്രായേൽ ജനത്തിന്റെ **"ഭാരം വഹിക്കുന്നവൻ"** -(പാപഭാരം വഹിക്കുന്നവൻ)-( burden bearer) എന്നർത്ഥത്തിൽ തന്റെ പേരിനെ അന്വർത്ഥമാക്കുന്നു.

ആമോസ് 7.14,15 -ൽ തന്റെ പ്രവചന ശുശ്രൂഷയുടെ തിരഞ്ഞെടുപ്പിനെ കുറിച്ചു പറയുന്നു. ദൈവവിളി അനുസരിച്ച് ന്യായവിധി ഓർമ്മിപ്പിക്കുകയും, രാഷ്ട്രത്തെ മാനസാന്തരത്തിലേക്കു ആഹ്വാനം ചെയ്യുകയും ചെയ്തു. ചീഞ്ഞു കൊണ്ടിരുന്ന ഒരു കൊട്ട പഴം പോലെ കപടഭക്തിയും ആത്മീകമായ ഉദാസീനതയും മൂലം രാജ്യം അധഃപതനത്തിലേക്കും, ന്യായവിധിയിലേക്കും നീങ്ങിക്കൊണ്ടിരുന്നു.

ഇദ്ദേഹം ഒരു ആട്ടിടയനും കേവലം സാധാരണക്കാ രനുമായിരുന്നു (ആമോ.7:14). ആമോസ് ജനിച്ചത് യെരൂശലേമിനു തെക്കുള്ള യെഹൂദ്യയിലെ തെക്കോവ ഗ്രാമത്തിലാണ്. ആമോസ് യെഹൂദാദേശക്കാരനായിരുന്നുവെങ്കിലും യിസ്രായേലിന്റെ തെക്കേ അറ്റത്തുള്ള ബെഥേലിൽ യിസ്രാ യേലിനെതിരായിട്ടാണ് പ്രവചിക്കുന്നത് (Prophecy to Israel before their Captivity).

യിസ്രായേലിൽ ദേശീയമായും, രാഷ്ട്രീയമായും അഭിവൃദ്ധി നിലനിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ആമോസ് തന്റെ പ്രവചനശുശ്രൂഷ നിർവ്വഹിക്കുന്നത്. വ്യാപാരം പുരോഗമിക്കുകയും ഐശ്വര്യം വർദ്ധിച്ചു കവിയുകയും ചെയ്ത ഒരു കാലം. എന്നാൽ അനീതിയും, അത്യാഗ്രഹവും വർദ്ധിച്ചിരുന്നു. ധനവാന്മാർ ദരിദ്രരെ ചൂഷണം ചെയ്തു, ആഡംബരത്തിൽ കഴിഞ്ഞു (ആമോ.2:6, 3:10, 8:5,6). വ ിഗ്രഹാരാധനയും അഴിമതിയും യിസ്രായേലിൽ നടമാടി. സത്യാരാധനയുടെ സ്ഥാനത്ത് കപടമതാചാരങ്ങൾ വളർന്നു തുടങ്ങി. ക്ഷാമം, വരൾച്ച, പകർച്ചവ്യാധി, യുദ്ധം, വിനാശം എന്നിവ ഒന്നും ജനങ്ങളിൽ മാനസാന്തരം ഉണ്ടാക്കിയില്ല. ദേശീയമായി, ജാതികളായി ചെയ്യുന്ന പാപങ്ങൾക്കു ജാതികളായി തന്നെ കണക്കു കൊടുക്കേണ്ടി വരുമെന്നു പ്രവാചകൻ അറിയിക്കുന്നു.

ആമോസ് **"സാമൂഹ്യനീതിയുടെ പ്രവാചകൻ"** എന്നും അറിയപ്പെടുന്നു (Prophet of Social Justice). യഹോവഭക്തിയിൽ തുടരാൻ ആഗ്രഹിക്കുന്ന ജനത്തോട് "നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക" എന്നു അറിയിക്കുന്നു (ആമോ.4:12). ന്യായവിധിയെ കുറിച്ചു മാത്രം പറഞ്ഞു നിരാശപ്പെടുത്താതെ വരുവാനുള്ള ദൈവികമഹത്വത്തെയും പ്രവാചകൻ ചിത്രീകരിക്കുന്നു (ആമോ.9:1–15).

**എഴുത്തുകാരൻ** : ആമോസ്

**എഴുതിയ കാലം** : ഏകദേശം ബി.സി. - 750-ൽ ശമര്യയിൽ വെച്ച്

**പ്രധാന വാക്ക്** : യിസ്രായേലിന്റെ ന്യായവിധി

**മുഖ്യ അദ്ധ്യായം** : ആമോ.9

**പ്രധാന വാക്യങ്ങൾ** : (1) ആമോ.3:1,2 (2) ആമോ.4:11,12 (3) ആമോ.5:24 (4) ആമോ.8:11,12

## വിഷയം :

ആത്മീകാധഃപത നവും ദൈവീകന്യായവിധിയും — യിസ്രായേലിന്റെ വിഗ്രഹാരാധനക്കും സാധുക്കളുടെ പീഡനത്തിനും അവരുടെ ദുർമ്മാർഗ്ഗങ്ങൾക്കും ദൈവത്തിന്റെ ന്യായവിധിയുണ്ടാകു മെന്നു അറിയിക്കുന്നു.

## പ്രധാനവ്യക്തി :

**ആമോസ് —** യഹൂദ്യദേശക്കാരനായ പ്രവാചകൻ - വടക്കേ രാജ്യമായ യിസ്രായേലിൽ പ്രവചനശുശ്രൂഷ ചെയ്തവൻ — കൃഷിക്കാരനും ആട്ടിടയനുമായിരുന്നു. വിഗ്രഹാരാധന, സാധുജന പീഡനം, ദുർമ്മാർഗ്ഗങ്ങൾ എന്നിവക്കെതിരായുള്ള ദൈവീകന്യായവിധിയെ ഘോഷിച്ചു.

**പുസ്തക വിഭജനം : ( 9 അദ്ധ്യായങ്ങൾ)**

(1) 1:1 — 1:2 : മുഖവുര

(2) 1:3 — 2:16 : എട്ടു ന്യായവിധികൾ

(3) 3:1 — 6:14 : ന്യായവിധിയെകുറിച്ചുള്ള മൂന്നു സന്ദേശങ്ങൾ

(4) 7:1 — 9:10 : ന്യായവിധിയുടെ അഞ്ചു ദർശനങ്ങൾ

(5) 9:11 — 9:15 : യിസ്രായേലിന്റെ വീണ്ടെടുപ്പിനെപ്പററി അഞ്ചു വാഗ്ദത്തങ്ങൾ

**യിസ്രായേലിന്റെ പാപങ്ങൾ :**

(1) യഹോവയുടെ ന്യായപ്രമാണത്തെ നിരസിച്ചു (ആമോ.2:4)

(2) സാധുക്കളെയും എളിയവരെയും പീഡിപ്പിച്ചു (ആമോ.2:6,7/ആമോ.8:4)

(3) അസന്മാർഗ്ഗിക ജീവിതം (ആമോ.2:7,8)

(4) ദൈവഭയമില്ലായ്മ (ആമോ.2:8)

(5) പ്രവാചകനോടു പ്രവചിക്കരുതെന്നു പറഞ്ഞു (ആമോ.2:12/ആമോ.7:12)

(6) സ്ത്രീകളുടെ മദ്യപാനം (ആമോ.4:1)

(7) കൈക്കൂലി, ദ്രവ്യാഗ്രഹം, ന്യായം മറിച്ചു കളയൽ (ആമോ.5:11,12)

(8) നീതിയും ന്യായവും ദേശത്തില്ലാതായി (ആമോ.5:24/6:12)

(9) വിഗ്രഹാരാധന (ആമോ.5:26)

(10) വഞ്ചന, ചതിവ് (ആമോ.8:4)

**പ്രത്യേകതകൾ:**

ഇടയ കാർഷിക ജീവിതാനുഭവങ്ങളിൽ നിന്നു തിരഞ്ഞെടുത്ത അലങ്കാര പ്രയോഗങ്ങൾ ആമോസ് ഉപയോഗിക്കുന്നു.

(1) കററ കയററിയ വണ്ടി — ആമോ.2:13

(2) ഗർജ്ജിക്കുന്ന സിംഹം — ആമോ.3:8

(3) സിംഹത്തിന്റെ വായിൽ നിന്നുള്ള വിടുതൽ — ആമോ.3:12

(4) കൊഴുപ്പിച്ച ബാശാന്യ പശുക്കൾ — ആമോ.4:1

(5) പഴക്കൊട്ട — ആമോ.8:1,2

**ആമോസിന്റെ ദർശനങ്ങൾ:**

(1) വെട്ടുക്കിളിയാലുള്ള നാശം — ആമോ.7:1-3

(2) അഗ്നിയാലുള്ള നാശം — ആമോ.7:4

(3) തൂക്കുകട്ട — ആമോ.7:8

(4) ഒരുകൊട്ട പഴുത്ത പഴം — ആമോ.8:1,2

(5) കെട്ടിടത്തിന്റെ തകർക്കപ്പെട്ട മേൽക്കൂട് — ആമോ.9:1,2

**ശ്രദ്ധേയവിഷയങ്ങൾ :**

(1) മൂന്നോ നാലോ അതിക്രമം (ആമോ.1:3-15)

(2) യാക്കോബ് ഗൃഹത്തിനുള്ള ശിക്ഷ — ഏഴു ചോദ്യങ്ങൾ (ആമോ.3:1-15)

(3) രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ? (ആമോ.3:3)

(4) നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക (ആമോ.4:12)

(5) അനുതപിച്ചു മടങ്ങി വരുവാനുള്ള ആഹ്വാനം (യോവേ.5:1-15)

(6) ജീവിച്ചിരിക്കേണ്ടതിനു യഹോവയെ അന്വേഷിപ്പിൻ (ആമോ.5:6)

(7) യഹോവയുടെ ദിവസം (ആമോ.5:16-20)

(8) ദൈവം വെറുക്കുന്ന ആരാധന (യോവേ.5:21-27)

(9) ന്യായവിധിയുടെ ദർശനങ്ങൾ — വിട്ടിൽ, തീ, തൂക്കുകട്ട (യോവേ.7:1-9)

(10) ദൈവവചനത്തിനായുള്ള വിശപ്പ് (ആമോ.8:11)

(11) യാഗപീഠത്തിന്നു മീതെ നിൽക്കുന്ന യഹോവ (ആമോ.9)

(12) വീണുപോയ ദാവീദിൻ കൂടാരത്തെ നിവർത്തുന്നു — പുനഃസ്ഥാപനം (ആമോ.9:11-15)

**ആമോസിലെ ശാസ്ത്രം —**

സൃഷ്ടിയുടെ പരിവർത്തനം — ആമോ.5:8

## ക്രിസ്തു ആമോസ് പ്രവചനത്തിൽ —

## സംരക്ഷകൻ - (ആമോ.3:12)

(1) ക്രിസ്തു യിസ്രായേലിന്റെ സംരക്ഷകൻ (He is the Rescuer of Israel) - ആമോ.3:12

(2) "നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക" (ആമോ.4:12). യഹോവയുടെ ദിവസം ദൈവത്തെ മാനിക്കാത്തവർക്കും, മത്സരികൾക്കും ന്യായവിധിയുടെ ദിവസമായിരിക്കുമ്പോൾ ദൈവമക്കളെ സംബന്ധിച്ചു ആശ്വാസത്തിന്റെ ദിനമായിരിക്കും. ഈ ദിനം യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ കുറിക്കുന്നു (വെളി.1:7,22:7,22:12 /2.പത്രൊ.3:11 — 14/ 1.തെസ്സ.4:16).

(3) സൈന്യങ്ങളുടെ ദൈവമായ യഹോവ — ആമോ.4:13 (Lord God of Hosts)

(4) "എന്നാൽ ന്യായം വെള്ളം പോലെയും നീതി വററാത്ത തോടു പോലെയും കവിഞ്ഞൊഴുകട്ടെ" (ആമോസ് 5:24). ന്യായവും, നീതിയും വക്രതയായി വെളിപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്തു വെള്ളം പോലെയും തോടുപോലെയും ന്യായവും നീതിയും ലഭിക്കുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ നീതിയോടുള്ള ഭരണത്തിൻ കീഴിലായിരിക്കും (1.കൊരി.1:30/ റോമ.3:21/ സങ്കീ.98:9).

(5) നമ്മുടെ ഭാരം വഹിക്കുന്നവൻ — ആമോ.7:10-15 / മത്താ.11:28-30

(6) "എടോ ദർശകാ, യെഹൂദാദേശത്തിലേക്കു ഓടിപ്പൊയ്ക്കൊൾക; അവിടെ പ്രവചിച്ചു അഹോവൃത്തി കഴിച്ചുകൊൾക" (ആമോ.7:12)— യഥാർത്ഥപ്രവാചകനെ അമസ്യാപുരോഹിതൻ തള്ളിക്കളയുന്നതു ക്രിസ്തുവിനെ മതനേതാക്കൾ തള്ളിക്കളയുന്നതിനോടു സാമ്യമുണ്ട്.

(7) ആമോസ് 9:12 — ൽ "വീണു പോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവർത്തുകയും, അതിന്റെ പിളർപ്പുകളെ അടെക്കയും, അവന്റെ ഇടിവുകളെ തീർക്കുകയും, അതിനെ പുരാതന കാലത്തിൽ എന്നപോലെ പണിയുകയും ചെയ്യും", ഇത് യേശുക്രിസ്തുവിൽ കൂടെയുള്ള ദൈവജനത്തിന്റെ വീണ്ടെടുപ്പിനെ കാണിക്കുന്നു. തനിക്കു ന്യായം വിധിക്കുവാൻ സകല അധികാരവും ഉണ്ട് (ആമോ.9:1 -9), അതുപോലെ യഥാസ്ഥാനപ്പെടുത്തുവാനും (ആമോ.9:11 -15)

------------------------------------

# (31) ഓബദ്യാവു — OBADIAH

പഴയനിയമത്തിൽ ഒരു അദ്ധ്യായം മാത്രമുള്ളതും 21 വാകൃങ്ങളുമുള്ള ഏററവും ചെറിയപുസ്തകമാണ് ഓബദ്യാവിന്റെ പ്രവചനം. ഓബദ്യാവു എന്ന പേരിന്റെ അർത്ഥം **"യഹോവയുടെ ദാസൻ"/ "യഹോവയെ ആരാധിക്കുന്നവൻ"** എന്നാണ് (Servant of the LORD / One who worship God). ഓബദ്യാവിനെക്കുറിച്ചുള്ള വിവരണങ്ങളൊന്നും പ്രവചനത്തിൽ നിന്നു ലഭിക്കുന്നില്ല. ഈ പ്രവചനത്തിലെ പ്രധാന വിഷയം, ഏദോമ്യരുടെ നാശം എന്നതാണ്. അതായത് യിസ്രായേല്യരെ ഉപദ്രവിച്ച ഏദോമ്യർക്കെതിരേയുള്ള ദൈവികന്യായവിധി ഈ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (Prophecy to Edom before their Judgment).

ഏദോമ്യർ യിസ്രായേൽ മക്കളുടെ സഹോദരന്മാരാണ്. എങ്കിലും അവർ ആത്മശത്രുക്കളാണ്. ഏശാവും, യാക്കോബും ജനിച്ചപ്പോൾ തുടങ്ങിയ മത്സരം അവർ ഇരുവരുടേയും സന്താനങ്ങൾ തമ്മിൽ തുടരുന്നതായി കാണുന്നു. യിസ്രായേൽ മക്കൾ മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നുവിടുതൽ ലഭിച്ചു യാത്ര ചെയ്യുമ്പോൾ ഏശാവിന്റെ പിൻതലമുറയായ ഏദോമ്യരുടെ ദേശത്തുകൂടെ യാത്ര ചെയ്യുവാൻ മോശെ ദൂതന്മാർ വഴി ഏദോം രാജാവിനോടു അനുവാദം ചോദിച്ചപ്പോൾ അതനുവദിച്ചില്ല. രാജാവിന്റെ മറുപടി ഇപ്രകാരമായിരുന്നു. "നീ എന്റെ നാട്ടിൽ കൂടി കടക്കരുതു; കടന്നാൽ ഞാൻ വാളുമായി നിന്റെ നേരെ പുറപ്പെടും" (സംഖ്യാ.20:14 -21). യിസ്രായേലിനെതിരേ ഏദോമ്യർ ധാരാളം ദ്രോഹങ്ങൾ ചെയ്തതായി പ്രവാചകൻ ഈ പുസ്തകത്തിൽ പറയുന്നു.

ഏദോമ്യരുടെ ദ്രോഹങ്ങൾ നിമിത്തം യഹോവയുടെ സന്ദർശന ദിവസത്തിൽ അവർ ശേഷിപ്പില്ലാതെ നശിപ്പിക്കപ്പെടു മെന്നും, യിസ്രായേൽ സംരക്ഷിക്കപ്പെടുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. യാക്കോബിന്റെ സഹോദരൻ ഏശാവ് എന്നതിനു മറുപേരു ഏദോം എന്നാണ്. ഇതിനർത്ഥം ചുവപ്പ് എന്നാണ്. ഏശാവും ചുവപ്പു നിറവുമായി വളരെ ബന്ധമുണ്ട്. അവന്റെ ശരീരം ചുവപ്പ്, ചുവന്ന പായസം ബലഹീനതയായി. ചുവന്നപാറകളുള്ള ദേശമാണ് (സേയീർ)പാർക്കാൻ തിരഞ്ഞെടുത്തത് (ഉല്പ.25:25,30/36:8).ഏദോമ്യർ ഏശാവിന്റെ സന്തതി പരമ്പരകളാണ്. യാക്കോബിന്റെ സന്തതികളായ യിസ്രായേലിനെ സഹായിക്കേണ്ടതിനു പകരം ശത്രുതാ മനോഭാവം പുലർത്തി. യെരുശലേമിനെ ബാബിലോണ്യർ നശിപ്പിച്ചപ്പോൾ ഏദോമ്യർ സന്തോഷിച്ചു, ശത്രുവിനെ സഹായിച്ചു (സങ്കീ.137:7). വാസ്തവത്തിൽ ഇവരുടെ ശത്രുത ഏശാവും യാക്കോബും തമ്മിലുള്ള പഴയപോരാട്ടമാണ്. ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം.

ദൈവജനത്തിനു വിരോധമായി പ്രവർത്തിക്കുകയോ നാശം ആഗ്രഹിക്കുകയോ ചെയ്യുന്നവരെയും ദൈവം ന്യായംവിധിച്ചു ശിക്ഷിക്കും എന്ന പാഠം ഈ പ്രവചനത്തിൽ നിന്നു നമുക്കു ലഭിക്കുന്നു.

**എഴുത്തുകാരൻ** : ഓബദ്യാവു

**എഴുതിയ കാലം** : ഏകദേശം ബി.സി. 585- ൽ യഹൂദയിൽ വെച്ച്

**പ്രത്യേകത:** : യിരെമ്യാവു 49 ഓബദ്യാവിന്റെ പ്രവചന ത്തോടു സാമ്യമുള്ളതായി കാണുന്നു (ഓബ.2-4 —> യിരെ.49:15,16).

**പ്രധാന വാക്ക്** : ഏദോമിന്റെ ന്യായവിധി

**പ്രധാന വാകൃങ്ങൾ** : ഓബ.4, 10, 15, 21

**വിഷയം** : ഏദോമിന്റെ നിഗളത്തിനുള്ള ന്യായവിധി

**പ്രധാനവ്യക്തികൾ** :

**(1) ഓബദ്യാവു —** ഏശാവിന്റെ സന്തതിപരമ്പരകളായ ഏദോമ്യർക്കു വരുന്ന നാശത്തെക്കുറിച്ചു പ്രവചിച്ചയാൾ. പഴയനിയമത്തിൽ ഓബദ്യാവു എന്ന പേരിൽ 13 പേരുണ്ട്. ഇവരിൽ ആരാണ് ഇതിലെ പ്രവാചകൻ എന്നു പറുവാൻ രേഖകളില്ല.

**(2) ഏദോമ്യർ —** യാക്കോബിന്റെ സഹോദരനായ ഏശാവിന്റെ സന്തതികൾ — ഏദോമിന്റെ പാപം അഹങ്കാരമായിരുന്നു.

**പുസ്തക വിഭജനം** : (ഒരു അദ്ധ്യായം)

(1) 1 — 9 : ഏദോമ്യ ന്യായവിധി

(2) 10 — 14 : ഏദോമ്യ ന്യായവിധിയുടെ കാരണങ്ങൾ

(3) 15 — 18 : ഏദോമ്യ ന്യായവിധിയുടെ ഫലങ്ങൾ

(4) 19 — 21 : ഏദോം ദേശം യിസ്രായേൽ സ്വന്തമാക്കുന്നു

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ഏദോമിന്റെ അഹങ്കാരത്താൽ വരുന്ന നാശം (ഓബ.1-9)

(2) ഏദോമിൽ നിന്നു ജ്ഞാനവും വിവേകവും നീക്കുന്നു (ഓബ.8,9)

(3) സഹോദരന്റെ ആവശ്യസമയത്തു സഹായിക്കാതിരുന്നതിനുള്ള ശിക്ഷ (ഓബ.10-14)

(4) യാക്കോബ്ഗൃഹം അവകാശങ്ങളെ കൈവശമാക്കും (ഓബ.17)

(5) ഏശാവു ഗൃഹം താളടിയാകം (ഓബ.18)

(6) തെക്കേ ദേശക്കാർ ഏശാവിന്റെ പർവ്വതം കൈവശമാക്കും (ഓബ.19).

## ക്രിസ്തു ഓബദ്യാവിൽ —
## സീയോൻ പർവ്വതത്തിലെ രക്ഷിതാവ്—(17)

(1) അന്നാളിൽ ഞാൻ ഏദോമിൽ നിന്നു ജ്ഞാനികളെയും ഏശാവിന്റെ പർവ്വതത്തിൽ നിന്നു വിവേകത്തെയും നശിപ്പിക്കും. ഓബ.8.

—> ക്രിസ്തു അഹങ്കാരികളെ നശിപ്പിക്കുന്നവൻ.(Destroyer of the Proud) — വെളി.20:9-15/ ലൂക്കൊ.1:51.

(2) നമ്മുടെ രക്ഷിതാവ്, വീണ്ടെടുപ്പുകാരൻ —

( He is the Deliverer upon Mount Zion) — ഓബ. 17,21 —> മത്താ.1:21.

(3) ഓബദ്യാവിൽ ക്രിസ്തുവിനെപ്പററിയുള്ള നിഴലുകൾ :

(1) ന്യായം വിധിക്കുന്നവൻ (ഓബ.15,16)

(2) യിസ്രായേലിന്റെ രക്ഷകൻ (ഓബ.17 - 20)

(3) രാജ്യത്തെ അവകാശമാക്കുന്നവൻ (ഓബ.21).

-----------------------------------

# (32) യോനാ — JONAH

യോനാ എന്ന പേരിന്റെ അർത്ഥം **"പ്രാവ് "** (Dove) എന്നാണ്. യോനായുടെ ജീവിതചരിത്രം ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. യോനാപ്രവാചകന്റെ സ്വന്തദേശം ഗലീലയിലെ നസ്രേത്തിനടുത്തു ''ഗത്ത്ഹേഫർ'' ആയിരുന്നു (2.രാജാ.14:25). അദ്ദേഹത്തിന്റെ പിതാവ് "അമിത്ഥായി" ആയിരുന്നു. യെഹൂദാ പാരമ്പര്യം അനുസരിച്ച് ഏലിയാവ് ഉയിർപ്പിച്ച സരെപ്ത യിലെ വിധവയുടെ മകനാണ് യോനാ എന്നു അഭിപ്രായമുണ്ട്.

നീനെവേ യിസ്രായേൽ രാജ്യത്തിന്റെ വടക്കു കിഴക്കും, തർശീശ് പടിഞ്ഞാറു ഭാഗത്തും സ്ഥിതിചെയ്യുന്നു. നീനെവേയി ലുള്ള ജനങ്ങളോട് അവർ ദുഷ്ടത വിട്ടു തിരിയുവാൻ പ്രസംഗിക്കണ മെന്നാവശ്യപ്പെട്ടു യോനയെ ദൈവം അയച്ചു (Prophesy to Nineveh before their Judgment). ബാബി ലോണിന്റെ തലസ്ഥാനമായ ബാബേലിന്റെ വടക്കു യൂഫ്രേട്ടീസ്, ടൈഗ്രീസ് നദീതടത്തിൽ പണിയപ്പെട്ട പ്രസിദ്ധ നഗരമായിരുന്നു നീനെവെ. അസ്സീറിയൻ (അശൂർ) സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നീനെവേ പട്ടണം (ഉല്പ.10:11,12). അസ്സീറിയാക്കാർ എന്നും യിസ്രായേലിന് ഭീഷണിയായിരുന്നു. ദൈവ ജനത്തിന്റെ ശത്രുക്കളായതിനാൽ അവർ നശിക്കണമെന്ന് യോനാ ആഗ്രഹിച്ചു. ദൈവകല്പന അനുസരിക്കാതെ യോനാ എതിർ ദിശയിലുള്ള തർശീശിലേക്കുള്ള ഒരു കപ്പലിൽ യാത്ര പുറപ്പെട്ടു. യഹോവയായ ദൈവം സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടിപ്പിച്ചു; കടൽക്ഷോഭമുണ്ടായി.

കടൽക്ഷോഭം യോനാ നിമിത്തം സംഭവിച്ചതെന്നു തിരിച്ചറിഞ്ഞു യോനയുടെ നിർദ്ദേശപ്ര കാരം കപ്പൽക്കാർ യോനയെ കടലിൽ എറിഞ്ഞുകളഞ്ഞു. അപ്പോൾത്തന്നെ കടൽ ശാന്തമായി. എന്നാൽ യോനാ കടലിൽ മുങ്ങി മരണപ്പെടുവാൻ ദൈവം അനുവദിച്ചില്ല. യോനയെ വിഴുങ്ങേണ്ടതിന്നു ഒരു മഹാമത്സ്യത്തെ ദൈവം അവിടെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയററിൽ കിടന്നു.

സമുദ്രത്തിന്റെ അഗാധതയിൽ മത്സ്യത്തിന്റെ വയറ്റിൽ നിന്നും യോനാ ദൈവത്തോടു പ്രാർത്ഥിച്ചു. ലോകത്തിൽ ഒരാളും ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത സ്ഥലത്തു വെച്ചുള്ള പ്രാർത്ഥന യായിരുന്നു അത്. യോനയുടെ പ്രാർത്ഥനെക്കു ദൈവം ഉത്തരം നൽകി. തുടർന്നു യോനാ ദൈവത്തെ അനുസരിക്കുന്നു. ഇനിയും 40 ദിവസം കഴിഞ്ഞാൽ നീനെവേക്കു ഉന്മൂലനാശം ഭവിക്കും എന്നുള്ള യോനയുടെ പ്രസംഗം കേട്ടു ലോകചരിത്രത്തിലെ അസാധരണമായ മാനസാന്തരമുണ്ടായി.

നഗരം ഒന്നാകെ ദൈവത്തിങ്കലേക്കു തിരിഞ്ഞു. പക്ഷേ പ്രാസംഗികൻ നിരാശനായി കുപിതനായി. ദൈവം സ്നേഹവാനാണെന്ന കാര്യം യോനാ വീണ്ടും മറന്നു. ദൈവം തന്റെ കരുണ നീനെവേ പട്ടണത്തോടും, മത്സരിച്ച യോനയോടും കാണിക്കുന്നു. ഈ പുസ്തകത്തിലെ കഥാപാത്രം എന്നത് പ്രവാചകനോ, മത്സ്യമോ, നീനെവേക്കാരോ അല്ല; ദൈവം തന്നെയാണ്. 38 തവണ ദൈവത്തെ കുറിച്ചു പറയുന്നു.

യോനാ മററെല്ലാ പ്രവാചകന്മാരേക്കാളും വ്യത്യസ്തനാണ്. യോനാ ദൈവത്തെ അനുസരിക്കാതെ മറുതലിക്കുന്നു. എന്നാൽ മഹാമത്സ്യം ദൈവം പറഞ്ഞതെല്ലാം അനുസരിക്കുന്നു. രണ്ടാമതൊരു തവണകൂടി ദൈവം യോനെക്കു അവസരം കൊടുത്തു. ദൈവത്തെ അനുസരിച്ചു ദൈവം നല്കിയ ന്യായവിധിയുടെ സന്ദേശം യോനാ അവരെ അറിയിച്ചു. തുടർന്നു നീനെവേയിൽ വലിയൊരു ഉണർവും, മാനസാന്തരവും, ന്യായവിധിയിൽ നിന്നു വിടുതലുമുണ്ടായി.

യോനായെപ്പോലെ യിസ്രായേലിനെയും ദൈവം മററു ജാതികൾക്കു പ്രകാശമായി തിരഞ്ഞെ ടുത്തു അയച്ചു. എന്നാൽ അവർ ദൈവത്തെ അനുസരിക്കാതെ മറുതലിച്ചു. എന്നാൽ ദൈവം അവരെ ഉന്മൂലനാശം വരുത്തിയില്ല. ഒരിക്കൽ യിസ്രായേലിനു യഥാസ്ഥാപനം ഉണ്ടാകും. കർത്താവിന്റെ രണ്ടാം വരവിൽ അവർ ഒരു അനുഗ്രഹവിഷയമായിരിക്കും.

"യിസ്രായേലിന്റെ ഒന്നാമത്തെ വിദേശമിഷനറി" (First Foreign Missionary of Israel) എന്ന സ്ഥാനവും, "അനുസരണം കെട്ട പ്രവാചകൻ" (Disobedient Prophet) എന്ന ദുഷ്പേരും യോനെക്കുണ്ട്. ദൈവത്തിന്റെ വിളിയെ അനുസരിക്കാതെ സ്വന്ത ഇഷ്ടത്തിനു പോയ യോനായെ അനുസരണം പഠിപ്പിക്കുവാൻ ദൈവം തന്റെ കൊടുങ്കാററു അവനു പിന്നാലെ അയച്ചു. കപ്പലിന്റെ അടിത്തട്ടിൽ സുഖമായി ഉറങ്ങുമ്പോൾ ദൈവത്തിന്റെ കൊടുങ്കാററു കരയെയും കടലിനെയും ഇളക്കികൊണ്ടു ആഞ്ഞടിച്ചു.

യോനായെ ദൈവസ്നേഹത്തിന്റെ പാഠം മനസ്സിലാക്കി കൊടുക്കുവാൻ ദൈവം അഞ്ചു കാര്യങ്ങളിലൂടെ പ്രവർത്തിക്കുന്നു.

(1) കൊടുങ്കാറ്റ് — യോനാ.1:4

(2) ഒരു മഹാമത്സ്യം — യോനാ.1:17

(3) ഒരു ആവണക്കുചെടി — യോനാ.4:6

(4) ഒരു പുഴു — യോനാ.4:7

(5) അത്യുഷ്ണമുള്ള കിഴക്കൻ കാററ് — യോനാ.4:8

**എഴുത്തുകാരൻ** : യോനാ (യോനാ 1:1 , 2.രാജാ 14:25)

**എഴുതിയ കാലം** : ഏകദേശം ബി.സി. 760 - ൽ യിസ്രായേലിൽ വെച്ച്

**താക്കോൽ വാക്ക്** : നീനെവേക്കാരുടെ അനുതാപം (മാനസാന്തരം),

**പ്രധാന അദ്ധ്യായം** : യോനാ. 3

**പ്രധാന വാക്യങ്ങൾ** : (1) 1:12 (2) 2:8,9 (3) 4:2,11

**വിഷയം** : സകലജാതികൾക്കും ദൈവത്തിന്റെ ദയയാലുള്ള രക്ഷ.

**പ്രധാനവ്യക്തികൾ** :

**(1) യോനാ —** അശൂർ തലസ്ഥാനമായ നീനെവെയ്ക്കു വിരോധമായി പ്രവചിക്കുവാൻ ദൈവകല്പന ലഭിച്ച പ്രവാചകൻ — ദൈവകല്പന അനുസരിക്കാതെ തർശീശിലേക്കു ഓടിപ്പോയവൻ — അനുസരണം പഠിപ്പിക്കുവാൻ യോനായെ വിഴുങ്ങുവാൻ ദൈവം ഒരു മഹാമത്സ്യത്തെ അയച്ചു.

**(2) യോനാ കയറിയ കപ്പലിലെ കപ്പൽക്കാർ —** യോനായെ കൊല്ലാൻ മനസ്സില്ലാതെ യോനാ പറഞ്ഞതിൻ പ്രകാരം സമുദ്രത്തിലേക്കെറിഞ്ഞവർ — യോനാ നിമിത്തം തങ്ങളെ ശിക്ഷിക്കരുതെന്നു യഹോവയോടു പ്രാർത്ഥിച്ചവർ.

**പുസ്തക വിഭജനം:** (4 അദ്ധ്യായങ്ങൾ)

(1) 1 — 2 : യോനായുടെ ആദ്യനിയോഗം

(2) 3 — 4 : യോനായുടെ രണ്ടാമത്തെ നിയോഗം

**പ്രത്യേകത:**

(1) ദൈവഹിതവും ആലേചനയും അനുസരിച്ചു ജീവിച്ചാൽ നാം അനുഗ്രഹിക്കപ്പെട്ടവരാകും. അനേകർക്കു പ്രയേജനമുള്ള ശുശ്രൂഷകൾ ദൈവം നമ്മിലൂടെ നടത്തും. ദൈവഹിതം അനുസരിക്കാതെ യോനായെപ്പോലെ പോയാൽ ആദ്യം തടസ്സങ്ങൾ ഒന്നും ഉണ്ടാക്കുകയില്ല. എന്നാൽ ദൈവവഴി വിട്ടു തുടർമാനമായി തോന്നിയതുപോലെ നടക്കുവാൻ ദൈവം അനുവദിക്കുകയില്ല. അനുസരണംകെട്ട യാത്രയിൽ ദൈവം അയയ്ക്കുന്ന അനേക കഷ്ടനഷ്ടങ്ങളിലൂടെ കടന്നുപോകേണ്ടി വരും. ദൈവഹിതം പൂർണ്ണമായി മനസ്സിലാക്കി മടങ്ങിവന്നാൽ ദൈവം നമ്മിലൂടെ അനേകം വൻകാര്യങ്ങൾ നടത്തും. അത് ദൈവനാമമഹത്വത്തിനു കാരണമായിത്തീരും.

(2) പാപവഴികൾ മനസ്സിലാക്കി ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെട്ടാൽ ഏതു പാപിക്കും രക്ഷ കൈവശമാക്കുവാൻ സാധിക്കും എന്നതാണ് ഈ പ്രവചനത്തിലെ സന്ദേശം.

**ശ്രദ്ധേയവിഷയങ്ങൾ :**

(1) യഹോവയുടെ സന്നിധിയിൽ നിന്നു ഓടിപ്പോകുന്ന യോനാ (യോനാ.1:3)

(2) യഹോവയുടെ ആജ്ഞയാൽ അടിച്ച കൊടുങ്കാറ്റ് (യോനാ.1:4)

(3) മറ്റുള്ളവർ താന്താങ്ങളുടെ ദേവന്മാരോടു നിലവിളിക്കുന്ന സമയത്തു ഉറങ്ങുന്ന പ്രവാചകൻ (യോനാ.1:4)

(4) യോനാക്കു ചീട്ടു വീഴുന്നു — ദൈവത്തിൽ നിന്നു മറഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല (1:9/സദൃ.16:33)

(5)യോനായുടെ ദൈവം കരയും കടലും ഉണ്ടാക്കിയവൻ (യോനാ.1:9)

(6) ഒരുവന്റെ പാപഫലം മറ്റുള്ളവരും അനുഭവിക്കേണ്ടി വരും (യോനാ.1:5,10)

(7) പാപത്തിന്റെ അനന്തരഫലങ്ങൾ — സമുദ്രത്തിന്റെ കോപം (യോനാ.1:11,15)

(8) യോനായുടെ പ്രാർത്ഥന (യോനാ.2)

(9) യോനായുടെ പ്രസംഗം (യോനാ.3:1-4)

(10) നീനെവേക്കാരുടെ മാനസാന്തരം (യോനാ.3:5-10)

(11) ആവണക്കും യോനായും (യോനാ.4)

## ക്രിസ്തു യോനായിൽ — ക്രിസ്തു യോനായേക്കാൾ വലിയവൻ

(1) യേശുക്രിസ്തു തന്നോടു ഉപമിച്ച ഏക പ്രവാചകൻ യോനാ പ്രവാചകനായിരുന്നു. യേശുക്രിസ്തു ഒരടയാളം ചെയ്തു കാണണമെന്നു ആവശ്യപ്പെട്ട പരീശപ്രമാണികൾക്കു നൽകിയ മറുപടിയാണ് മത്തായി 12:39 — 41 -ൽ കാണുന്നത്. യോനാ കടലാനയുടെ വയററിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതു പോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും.

(2) യോനായ്ക്കു മഹാമത്സ്യത്തിൽ ഉണ്ടായ അനുഭവങ്ങൾ യേശുക്രിസ്തുവിന്റെ മരണം, ശവസംസ്കാരം, ഉയിർത്തെഴുന്നേൽപ്പ് എന്നിവക്ക് നിഴലായിരിക്കുന്നു.

(3) ഗലീലക്കാരനായ (ഗത്ഗേഫർ) പ്രവാചകൻ - (യോനാ.1:1/യോഹ.7:52/2.രാജാ.14:25)

(4) ഇതാ യോനായിലും വലിയവൻ. (യോനാ. 1:17/2:10 /മത്താ.12:38-41/ മത്താ.16:4/ലൂക്കൊ.11:32) പിതാവിന്റെ ഇഷ്ടത്തിനു പൂർണ്ണഹിതത്തോടെ ഈ ലോകത്തിൽ വന്നു മനുഷ്യന്റെ വീണ്ടെടുപ്പ് ഒരുക്കിയ ക്രിസ്തു യോനയിലും വലിയവൻ.

(5) പ്രാണനെ കുഴിയിൽ നിന്നു കയറ്റിയിരിക്കുന്നു (യോനാ.2:6/സങ്കീ.16:10)

(6) യോനാ.3:1,2 "യഹോവയുടെ അരുളപ്പാടു രണ്ടാം പ്രാവശ്യം യോനെക്കു ഉണ്ടായതു എന്തെന്നാൽ; നീ പുറപ്പെട്ടു മഹാനഗരമായ നിനെവേയിലേക്കു ചെന്നു ഞാൻ നിന്നോടു അരുളിചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്ക. "രണ്ടാം പ്രാവശ്യം അവസരം നൽകുന്ന ദൈവം" (God of the Second Chance ) ലൂക്കോ. 13:6-9.

(7) ദൈവത്തിന്റെ പ്രവാചകൻ അതിക്രമികളുടെ ഇടയിൽ (യോനാ.3:3-5/ ലൂക്കൊ.11:30-32).

-----------------------------------

# (33) മീഖാ — MICAH

മീഖാ എന്ന പേരിന്റെ അർത്ഥം **''യഹോവക്കു തുല്യനായ ദൈവം ഉണ്ടോ''/ "യഹോവയെപ്പോലെ ആരുള്ളു"** (who is like the LORD/ who is like Jehovah) എന്നാണ്. മീഖാ.7:18 -ൽ പ്രവാചകൻ തന്നെ തന്റെ പേര് അന്വർത്ഥമാക്കത്തക്ക രീതിയിൽ ദൈവത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു — *"അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു?"* (മീഖാ.7:18).

"മീഖായാവ് " എന്ന എബ്രായ പേരിന്റെ സംക്ഷിപ്ത രൂപമാണ് മീഖാ. ഫെലിസ്ത്യ പട്ടണ മായ ഗത്തിനു സമീപമുള്ള മോരേശെത്ത് എന്ന ഗ്രാമത്തിലായിരുന്നു മീഖായുടെ ജനനം. ഗ്രാമീണ ഭവനത്തിൽ നിന്നും പ്രവാചകനായി വിളിച്ചു വേർതിരിക്കപ്പെട്ട മീഖാ, യെരൂശലേമിലെ രാജകുടുംബാംഗ ങ്ങളോടും, ജനങ്ങളോടും ദൈവീകന്യായവിധി അറിയിച്ചു. ധനികരും, അധികാരശക്തിയുള്ളവരും, സാധു ജനങ്ങളെ പീഡിപ്പിക്കുമ്പോൾ, രാജ്യവാസികളുടെ ദുഷ്ടതയെ ശക്തമായ ഭാഷയിൽ പ്രവാ ചകൻ അപലപിക്കുന്നു. പ്രാഥമിക പ്രവചനം യെരൂശലേമിനെ കേന്ദ്രീകരിച്ചായിരുന്നു. എങ്കിലും ശമര്യരോടും ദൈവിക സന്ദേശമറിയിച്ചു. യെരൂശലേമിൽ ദുർഭരണം നടത്തിയ ചില രാജാക്കന്മാരോട് ദൈവം പ്രത്യേക സന്ദേശവുമായി മീഖായെ അയെക്കുന്നു. തന്റെ പ്രവചനവിഷയത്തെ മൂന്നായി തിരിക്കാം.

(1) ജനസമൂഹത്തിന്റെ പാപവും ദുഷ്ടതയും.
(2) അതിനെതിരേ ദൈവം അയക്കുന്ന ന്യായവിധി.
(3) ദൈവത്തിന്റെ ശിക്ഷണം അവസാനിക്കുമ്പോൾ ഒരു യഥാസ്ഥാനത്തിന്റെ പ്രവർത്തനം.

ഈ മൂന്നു ചിന്തകളിലൂടെ ദൈവജനത്തോടു ആവശ്യപ്പെടുന്നത് "ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരി പ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത് (മീഖാ. 6:8) എന്നതാണ്.

മീഖാ പ്രവാചകൻ സാധാരണ ജനവുമായി ബന്ധപ്പെട്ടിരു ന്നതിനാൽ **"ഗ്രാമീണപ്രവാചകൻ"** (Village Prophet) എന്ന പേരിലറിയപ്പെട്ടു.

യിസ്രായേൽ ദൈവവഴി വിട്ടപ്പോൾ വന്ന ശിക്ഷയും, അനുതപിച്ചു മടങ്ങി വന്നപ്പോൾ ലഭിക്കുന്ന ആശ്വാസവുമാണ് ഇതിലെ പ്രധാന വിഷയം. ദൈവീകശിക്ഷാവിധിയെക്കുറിച്ച് മുന്നറിയിപ്പു നല്കു കയും അനുതപിക്കുന്നവരെ ദൈവം ചേർത്തു കൊള്ളുമെന്നും അവരോടു അറിയിക്കുന്നു.

> യിരെമ്യാപ്രവചനത്തിൽ മീഖായുടെ പേരു പറഞ്ഞു ഉദ്ധരിച്ചിട്ടുണ്ട് (യിരെ.26:18 —> മീഖാ.3:12).

> യേശുക്രിസ്തു മീഖാപ്രവചനത്തിൽ നിന്നുദ്ധരിച്ചിട്ടുണ്ട് (മീഖാ.7:6 —> മത്താ.10:35,36). യേശു ക്രിസ്തു ജനിക്കുന്നത് ബേത്‌ലേഹേമിൽ ആയിരിക്കുമെന്നു മീഖാ പ്രവചിച്ചു (മീഖാ.5:2).

> ക്രിസ്തുവിന്റെ ജനനത്തിനു 700 വർഷങ്ങൾക്കു മുമ്പുള്ള ഈ പ്രവചനത്തെ അടിസ്ഥാനപ്പെ ടുത്തിയാണ് ഹെരോദാവിന്റെ ചോദ്യത്തിനു മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു ഉത്തരം നൽകിയത് (മത്താ.2:5,6).

**എഴുത്തുകാരൻ** : മീഖാ

**എഴുതിയ കാലം** : ഏകദേശം ബി.സി. 695 - ൽ യെഹൂദ്യയിൽ വെച്ച്

**പ്രധാന വാക്ക്** : യഹൂദയുടെ ന്യായവിധിയും യഥാസ്ഥാനവും

**പ്രധാന വാക്യങ്ങൾ** : മീഖാ.6:8 , 7:18,19 **മുഖ്യ അദ്ധ്യായങ്ങൾ** : മീഖാ.6 ,7

**വിഷയം** : പാപം, ദുഷ്ടത — അനുതപിക്കുന്നവർക്കു വിടുതൽ

**പ്രധാനവ്യക്തി** :

**മീഖാ —** യഹൂദാ രാജാക്കന്മാരായ യോഥാം, ആഹാസ്, ഹിസ്ക്കീയാവ് എന്നിവരുടെ കാലത്തു പ്രവചിച്ചു. മീഖാ യെഹൂദാ ദേശക്കാരനായ പ്രവാചകൻ എങ്കിലും എഫ്രയീമിനോടും യെഹൂദയോടും അഥവാ ശമര്യയോടും യെരൂശലേമിനോടും പ്രവചിച്ചു (മീഖാ1:1). (Prophecy to Judah before their Captivity).

**പുസ്തക വിഭജനം** : (7 അദ്ധ്യായങ്ങൾ)

(1) 1 — 3 ന്യായവിധിയെകുറിച്ചുള്ള പ്രവചനം

(2) 4 — 5 യഥാസ്ഥാനത്തിന്റെ പ്രവചനം

(3) 6 — 7 മാനസാന്തരത്തിനുള്ള ആഹ്വാനം

**മീഖായുടെ പ്രഖ്യാപനവും ദൈവത്തിലുള്ള ഉറപ്പും** : മീഖാ.7:7 -- Therefore I will look to the LORD; I will wait for the God of my salvation; My God will hear me --- ( I Will LOOK, WAIT & PRAY)

(1) ഞാൻ യഹോവയിങ്കലേക്കു നോക്കും

(2) എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും

(3) എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും.

**ശ്രദ്ധേയവിഷയങ്ങൾ** :

(1) യിസ്രായേലിന്റെ ന്യായവിധിക്കുള്ള കാരണങ്ങൾ (മീഖാ.2:1-5)
(2) ദൈവജനത്തിന്റെ ഒരു ശേഷിപ്പിനുള്ള വാഗ്ദത്തം (മീഖാ.2:12/4:7/5:3)
(3) അഴിമതി നിറഞ്ഞ നേതാക്കളെ ശാസിക്കുന്നു (മീഖാ.3:1-4)
(4) ജനത്തെ വഴിതെറ്റിക്കുന്ന പ്രവാചകന്മാർ (മീഖാ.3:5-8)
(5) യെരൂശലേമിന്റെ നാശം പ്രവചിക്കുന്നു (മീഖാ.3:12)
(6) യഹോവയുടെ ആലയമുള്ള പർവ്വതം — സീയോൻ (മീഖാ.4:1)
(7) മശീഹയുടെ ജനനം പ്രവചിക്കുന്നു (മീഖാ.5:2)
(8) ദൈവം മനുഷ്യനിൽ നിന്നും ആവശ്യപ്പെടുന്നത് (മീഖാ.6:7,8)
(9) അനുഗ്രഹവും ന്യായവിധിയും - സന്ദേശം (മീഖാ.4:6-13)
(10) വിശ്വസ്തനായ ദൈവം (മീഖാ.7:1-7)
(11) ദൈവത്തിന്റെ ദീർഘക്ഷമയും കരുണയും (മീഖാ.7:18)
(12) പാപങ്ങളെ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും (മീഖാ.7:19).

## ക്രിസ്തു മീഖായിൽ — ബേത്‌ലഹേമിൽ പിറന്ന നിത്യദൈവം

(a) യിസ്രായേലിന്റെ ന്യായാധിപതിയെ അടിക്കുന്നു (മീഖാ.5:1/മത്താ.27:29)
(b) ബേത്‌ലഹേമിൽ പിറന്ന നിത്യദൈവം ( Everlasting God born in Bethlehem) — മീഖാ.5:2
(c) ജാതികളെ ന്യായം വിധിക്കും (മീഖാ.5:15)
(d) നന്മ സുവിശേഷിക്കുന്ന മനുഷ്യൻ — മീഖാ.6:8
(e) ക്ഷമിക്കുന്ന ദൈവം — അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും: അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും. (മീഖാ.7:19). ഈ വാക്യം യേശുക്രിസ്തുവിലൂടെ പാപികൾക്കു ലഭിക്കുന്ന പാപമോചനവും, നിത്യരക്ഷയും ആണ് കാണിക്കുന്നത് (1.യോഹ.1:7 -9/ 1.യോഹ.3:5/ റോമ.10:9).

**((f) ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ :**

(1) ക്രിസ്തു ജനിക്കുന്നത് ബേത്‌ലേഹേമിലാണെന്നു പറഞ്ഞിരിക്കുന്നു. മീഖാ.5:2 (മത്താ.2:1-6)

(2) ക്രിസ്തു രാജാവായി വാഴ്ച നടത്തുമെന്നു പ്രവചിച്ചിരിക്കുന്നു — മീഖാ.2:12,13

(3) ക്രിസ്തു സർവ്വ ഭൂമിയുടെയും രാജാവായി വാഴും — മീഖാ.4:7.

(4) സീയേനിൽ നിന്നു ഉപദേശവും, യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. മീഖാ.4:1,2-- ക്രിസ്തുവിന്റെ ഭരണത്തെയും സുവിശേഷ ഘോഷണത്തെയും കുറിക്കുന്നു. (മർക്കൊ.1:15/സങ്കീ.128:5)

(5) ക്രിസ്തുവിന്റെ ഭരണത്തിൽ നീതി, സമാധാനം — മീഖാ.4:3

(6) ക്രിസ്തുവിന്റെ ഭരണത്തിൽ സമൃദ്ധി, നിർഭയം — മീഖാ.4:4

(7) ക്രിസ്തുവിന്റെ നീതിയുള്ള ഭരണം — മീഖാ.5:4,5

(8) യാക്കോബിന്റെ ദൈവം — മീഖാ.4:2

-----------------------------------

# (34) നഹൂം — NAHUM

നഹൂം എന്ന പദത്തിന് **"ആശ്വാസം" / "യഹോവയുടെ ആശ്വാസം"** ( Comfort / Comfort of Jehovah) എന്നർത്ഥം. എബ്രായനാമമായ നഹൂം, നെഹമ്യാവ് എന്നതിന്റെ സങ്കുചിത രൂപമാണ് (യഹോവയുടെ ആശ്വാസം). എല്ക്കോശ്യനായ നഹൂം (നഹൂം.1:1) എന്നു പുസ്തകാരംഭത്തിൽ പറ ഞ്ഞിരിക്കുന്നതിനാൽ തന്റെ ജന്മദേശം "എല്ക്കോശ് " ആയിരുന്നുവെന്നു കരുതാം. പ്രവാചകനെ ക്കുറിച്ചുള്ള കൂടുതൽ വിവരണങ്ങളൊന്നും പുസ്തകത്തിൽ നിന്നു ലഭിക്കുന്നില്ല.

യോനായുടെ പ്രവചനത്തിന്റെ ഒരു അനുബന്ധമായി നഹൂമിന്റെ പ്രവചനത്തെ കാണാം. യോനായുടെ പ്രസംഗം കേട്ട് നീനെവേ മഹാനഗരം മാനസാന്തരപ്പെട്ടു. ദൈവം തന്റെ മഹാകരുണയാൽ ന്യായവിധിയുടെ കരം പിൻവലിച്ചു. എന്നാൽ അവരുടെ മാനസാന്തരം കേവലം താൽക്കാലികമായിരുന്നു. അവർ തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞു. 100 വർഷങ്ങൾക്കു ശേഷം പ്രവാചകൻ ഇതേ പട്ടണത്തിൽ ന്യായവിധിയെ കുറിച്ചു പ്രസംഗിച്ചു. പഴയ ഉണർവിനെക്കുറിച്ചു അവർ മറന്നു പോയി. അഹങ്കാരം, ക്രൂരത, വിഗ്രഹാരാധന, ദൈവത്തിന്റെ പരമാധികാരത്തെ നിരാകരിക്കുക എന്നീ കുററങ്ങളിലേക്കു അവർ വഴുതി വീണു. ദൈവീകന്യായവിധി അവർക്കു മേലുണ്ടായി.

ഭൂമുഖത്തു ഏററവും പ്രബലമായ രാഷ്ട്രമായിരുന്നു നീനെവേ. ഈ പട്ടണത്തിനു ചുറ്റുമുണ്ടായി രുന്ന കോട്ട 100 അടി ഉയരമുള്ളതും, അതിനു മീതെ ഒരേസമയത്തു മൂന്നു രഥങ്ങൾക്കു നിരന്നു സഞ്ചരിക്കുവാൻ കഴിയുന്ന വീതിയുള്ളതുമായിരുന്നു. ഇതിനു പുറമേ കോട്ടയ്ക്കു ചുററും 150 അടി വീതി, 60 അടി ആഴമുള്ള വെള്ളം നിറഞ്ഞ വലിയ കിടങ്ങും ഉണ്ടായിരുന്നു. നീനെവേ നശിപ്പിക്കപ്പെടുമെന്ന നഹൂമിന്റെ പ്രവചനം അവർ വിശ്വസിച്ചതേയില്ല. വെള്ളപ്പൊക്കംമൂലവും, തീയാലും നിനവേ നശിക്കുമെന്നാണ് നഹൂം പ്രവചിച്ചത് (നഹൂം.1:8 /നഹൂം.1:10). അപ്രകാരം തന്നേ സംഭവിച്ചു.

ടൈഗ്രീസ് നദി കരകവിഞ്ഞൊഴുകി നീനെവേക്കു ചുററുമുള്ള കോട്ടയുടെ ഒരു ഭാഗത്തു വിള്ളലുണ്ടായി. ബി.സി. 612 - ൽ ബാബിലോണിയൻ സൈന്യം കോട്ടയുടെ ഈ വിടവിലൂടെ കയറി അവരെ ആക്രമിച്ചു. നഗരം പിടിച്ചടക്കി. അതിനെ അഗ്നിക്കിരയാക്കി. നാശമടഞ്ഞ നീനെവേയുടെ സ്ഥാനം എവിടെ എന്നുപോലും ലോകത്തിന് അജ്ഞാതമായി. നീനെവേ എന്നന്നേക്കുമായി നശിച്ചു.

ദൈവത്തോടു മത്സരിക്കുന്നവരെ ദൈവം ശിക്ഷിക്കുന്നു, മാത്രമല്ല പാപത്തെ ശിക്ഷിക്കാതെ തുടരുവാൻ അനുവദിക്കുകയില്ല എന്ന പാഠം ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

| | | |
|---|---|---|
| **എഴുത്തുകാരൻ** | : | നഹൂം (1:1) |
| **എഴുതിയ കാലം** | : | ഏകദേശം ബി.സി. 660 - യിസ്രായേലിൽ വെച്ച് |
| **താക്കോൽ വാക്ക്** | : | ന്യായവിധി |
| **താക്കോൽ വാക്യങ്ങൾ** | : | (1) നഹൂം.1:7 -9 |
| | | (2) നഹൂം.3:5-7 |
| **മുഖ്യ അദ്ധ്യായം** | : | നഹൂം.1 |

**വിഷയം** :

വീണ്ടും പാപവഴിയേ പോയ നീനെവേയുടെ നാശം —— നീനെവേരാജ്യത്തിനെതിരായുള്ള ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപിക്കുന്നു.

**പ്രധാനവ്യക്തി** :

**നഹൂം —** അശ്ശൂർ രാജ്യത്തിന്റെ തലസ്ഥാനമായ നീനെവെയ്ക്കെതിരായി ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപിച്ച പ്രവാചകൻ — (Nahum > Prophecy to Nineveh before Judgment).

**പ്രത്യേകത :** ദൈവമക്കൾക്കു ഒരു മുന്നറിയിപ്പു അടങ്ങിയിരിക്കുന്നു. വിശ്വാസികൾ പാപം ചെയ്യാൻ സാദ്ധ്യതയുണ്ട്. എന്നാൽ മാനസാന്തരപ്പെട്ടു ഏററുപറഞ്ഞുപേക്ഷിച്ചാൽ ദൈവം കരുണ കാണിക്കും. പാപത്തിൽ വീണ്ടും തുടർന്നാൽ രോഗം, ബലഹീനത മുതലായവയിലൂടെ ദൈവം ശിക്ഷിക്കും. മരണവും ഉണ്ടാകാം (1.കൊരി 11:30,31).

**പുസ്തക വിഭജനം** : (3 അദ്ധ്യായങ്ങൾ)

(1) അദ്ധ്യായം 1 : നീനെവേയുടെ നാശപ്രഖ്യാപനം

(2) അദ്ധ്യായം 2 : നീനെവേയുടെ നാശം വിശദീകരിക്കുന്നു

(3) അദ്ധ്യായം 3 : നീനെവേ നാശം അർഹിക്കുന്നു

**ശ്രദ്ധേയവിഷയങ്ങൾ :**

(1) നീനെവേയോടുള്ള ദൈവക്രോധം (നഹൂം.1:8-15)

(2) യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ (നഹൂം.1:3/യോനാ.3:10)

(3) യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും (നഹൂം.1:7)

(4) നീനെവേയുടെ നാശം/നാശത്തിന്റെ കാരണം (നഹൂം.1:8-15/2:1-13)

(5) നീനെവേ തങ്ങളുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുന്നു (നഹൂം.3:1-19)

## ക്രിസ്തു നഹൂമിൽ —

## ക്രിസ്തു ദൈവജനത്തിനു വേണ്ടി പ്രതികാരം ചെയ്യുന്നവൻ

(1) ക്രിസ്തു നല്ല ന്യായാധിപൻ -- നഹൂം.1:2-8 വരെയുള്ള വാക്യങ്ങളിൽ ദൈവിക ന്യായവിധിയെപ്പററിയുള്ള പ്രസ്താവനകൾ മശിഹയുടെ രണ്ടാമത്തെ വരവിൽ ലോകരാഷ്ട്രങ്ങളുടെ മേൽ ന്യായം വിധിക്കുന്നതിനെ സൂചിപ്പിക്കുന്നു.

(2) കഷ്ടദിവസത്തിൽ ശരണമായവൻ — നഹൂം.1:7

(3) ന്യായവിധിയുടെ നടുവിൽ സുവാർത്താ ദൂതൻ - നഹൂം.1:15 / യെശ.52:7/റോമ.10:15

(4) കൈവശമാക്കുന്നവൻ. നഹൂം. 1:15 ( Bringer of Good Tidings).

-----------------------------------

# (35) ഹബക്കൂക്ക് — HABAKKUK

ബൈബിളിലെ മുപ്പത്തിയഞ്ചാമത്തെ (35) പുസ്തകമായ ഹബക്കൂക് പ്രവചനം മൂന്നു (3) അദ്ധ്യായങ്ങളിലായി അമ്പത്തിയാറു (17+20+19 = 56) വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹബക്കൂക്. പഴയനിയമത്തിലെ 12 ചെറിയപ്രവാചകന്മാരിൽ എട്ടാമത്തെ പ്രവാചകനും ഏറെ ശ്രദ്ധേയനുമാണ്. ഹബക്കൂക് എന്ന പേരിന് എബ്രായഭാഷയിൽ *ആലിംഗനം ചെയ്യുക, ആലിംഗനം ചെയ്യപ്പെടുക, മല്ലിടുക, കെട്ടിപ്പിടിക്കുക, പററിപ്പിടിക്കുക, ആശ്ലേഷം* എന്നൊക്കെ അർത്ഥം ( To embrace / to wrestle /one who embrace). പ്രവാചകൻ ദൈവത്തെ ആലിംഗനം ചെയ്തവനായിരുന്നു; ദൈവം അവനേയും. അന്യോന്യം കെട്ടിപ്പുണർന്ന ജീവിതമായിരുന്നു ഹബക്കൂക്കിന്റേത്. കൂടാതെ ദൈവവചനത്തെ സ്നേഹിച്ചു അവയെ ആലിംഗനം ചെയ്തവനുമായിരുന്നു.

ഹബക്കൂക്കിന്റെ കുടുംബപശ്ചാത്തലമോ, ചരിത്രവിവരങ്ങളോ ലഭിക്കുന്നില്ല. മൂന്നു അദ്ധ്യായങ്ങളിൽ എഴുതപ്പെട്ട പ്രവചനത്തിലൂടെ പ്രവാചകനെക്കുറിച്ചു ചില വിവരങ്ങൾ ലഭിക്കുന്നു. (1) ഹബക്കൂക് ഒരു പ്രവാചകൻ ആയിരുന്നു —ഹബ.1:1 (2)ഹബക്കൂക് കാവൽക്കാരനായിരുന്നു — ഹബ.2:1. താൻ കൊത്തളം അഥവാ ഗോപുരത്തിൽ കാവൽ നില്കുമ്പോഴുള്ള ഹൃദയവിചാരങ്ങളാണ് ഇതിലുള്ളത്. (3) ഹബക്കൂക് ഒരു സംഗീതജ്ഞൻ ആയിരുന്നു —ഹബ.3:1,19. തന്റെ ഹൃദയവിചാരങ്ങൾ സംഗീതമായി എഴുതി അതു തന്ത്രിനാദത്തിൽ ആലപിക്കുവാനായി ദൈവാലയത്തിലെ സംഗീതപ്രമാണിക്കു സമർപ്പിക്കുന്നു (ഹബ.3:19).

ദൈവജനമായ യിസ്രായേലിന്റെ മദ്ധ്യത്തിൽ സാഹസവും, പീഡനങ്ങളും, കലഹങ്ങളും, ശണ്ഠകളും വർദ്ധിച്ചു വന്ന കാലം. ദൈവത്തിന്റെ ന്യായപ്രമാണത്തിന് ദൈവജനത്തിന്റെ ഹൃദയങ്ങളിൽ യാതൊരു സ്വാധീനതയും ഇല്ല (ഹബ.1:4) ഈ ദുരവസ്ഥ കണ്ട ഹബക്കൂക്ക് പ്രവാചകൻ ചോദിക്കുന്നത് യഹോവേ എത്രത്തോളം ഇത് ഇങ്ങനെ തുടരും (ഹബ.1:2,13,14). ദൈവം തന്റെ ജനത്തെ ശിക്ഷിക്കുവാൻ കല്ദയ ജാതിയെ (ബാബേലിനെ) ഉണർത്തും എന്ന് അരുളിച്ചെയ്തു (ഹബ.1:6) ഇതു കേട്ട പ്രവാചകൻ ഭയപ്പെട്ടു. ഏതു തലമുറയിലും, എന്റെ നീതിമാൻ കാഴ്ചയാലല്ല വിശ്വാസത്താൽ തന്നെ ജീവിക്കും എന്നതായിരുന്നു ദൈവം ഹബക്കൂക്കിന് വ്യക്തമാക്കി കൊടുത്തത് (Prophecy to Judah before their Captivity by Babylon).

ദൈവകരുതലും ദൈവകൃപയും അനുഭവിച്ചശേഷം വീണ്ടും പാപവഴിയിലേക്കു പോയ നീനെവേയുടെ നാശത്തെക്കുറിച്ചു നഹൂം അറിയിക്കുന്നു. ദൈവഴി വിട്ടു സഞ്ചരിച്ച യഹൂദാ ജനം കല്ദയരാൽ ആക്രമിക്കപ്പെട്ടു അടിമകളായി പിടിക്കപ്പെടുമെന്നുള്ള ദൈവത്തിന്റെ ന്യായവിധി ഹബക്കൂക്ക് പ്രസ്താവിക്കുന്നു. പാപവും, ദുഷ്ടതയും, വിഗ്രഹാരാധനയും നിമിത്തം യെഹൂദാജനത്തിന്റെ മേൽ വരുന്ന ദൈവത്തിന്റെ ന്യായവിധിയെ സെഫന്യാവ് അറിയിക്കുന്നു.

ഹബക്കൂക്ക് പ്രവാചകന്റെ ഹൃദയവിചാരങ്ങളും, നിലവിളിയും, ദൈവം അതിനു കൊടുത്ത മറുപടിയുമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. നിലവിളിയിൽ ആരംഭിച്ച് ഉല്ലാസഘോഷത്തിൽ അവസാനിക്കുന്നു എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. പ്രവാചകന്റെ ഹൃദയം ആനന്ദിച്ചു, ഒരു മാൻ പേടയെപ്പോലെ തുള്ളിച്ചാടി, രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിച്ചു.

നീതികേടും വക്രതയും അഹങ്കാരവും നിറഞ്ഞ ലോകത്തിൽ നീതിമാൻ എങ്ങനെ ജീവിക്കും എന്നു ദൈവം ഹബക്കൂക്കിനോടു പറയുന്നു. നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും (ഹബ.2:4). ഇത് പുതിയനിയമത്തിൽ റോമ. 1:17, ഗലാ.3:11, എബ്രാ.10:38 — ൽ ഉദ്ധരിച്ചിട്ടുണ്ട്.

റോമാലേഖനത്തിൽ ദൈവത്തിന്റെ നീതി, സുവിശേഷ ത്തിൽ വെളിപ്പെടുന്നതിനെക്കുറിച്ചും, ഗലാത്യ ലേഖനത്തിൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെക്കുറിച്ചും, എബ്രായ ലേഖനത്തിൽ വിശ്വാസത്തിൽ നിന്നുള്ള പിന്മാററത്തിന്റെ അപകടത്തെക്കുറിച്ചും പറയുമ്പോൾ ആണ് എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു ഉദ്ധരിച്ചിരിക്കുന്നത് ( The theme of Romans is **the just** and how to be justified before God. Galatians tell us how the just **shall live** and the emphasis in Hebrew is on living **by faith** ).

മീഖാ യിസ്രായേലിന്റെ ഒടുവിലത്തെ പ്രവാചകൻ ആയിരുന്നുവെങ്കിൽ ഹബക്കൂക്ക് യെഹൂദയിലെ അവസാനത്തെ പ്രവാചകനായിരുന്നു, ഹബക്കൂക്കിനെ **"നവീകരണത്തിന്റെ പിതാമഹൻ"** (The Father of The Reformation) എന്നു വിളിക്കുന്നു. വിശ്വാസത്താൽ നീതീകരണമെന്ന ആശയം (ഹബ.2:4) ഹബക്കൂക്കിൽ നിന്നും പൗലോസിനും (റോമ 5:1), പൗലോസിൽ നിന്നു ലൂതറിനും ലഭിച്ചതായിരുന്നു കാരണം. ദൈവജനത്തിനിടയിലെ അക്രമങ്ങളും, അനീതികളും ദൈവം എത്രത്തോളം സഹിക്കും, മാത്രമല്ല ഇതെല്ലാം കണ്ടിട്ട് ദൈവം എന്തേ മൗനമായിരിക്കുന്നത് എന്ന സംശയ ചോദ്യങ്ങൾ ചോദിക്കുന്ന തിനാൽ ഹബക്കൂക്കിനെ **"പഴയനിയമത്തിലെ തോമാസ്"** (Thomas of the Old Testament) എന്നും അറിയപ്പെടുന്നു.

> ദ്രവ്യാഗ്രഹം, ദുരാദായം, നീതികേട്, മദ്യപാനം, വിഗ്രഹസേവ എന്നിവക്കെതിരായി അഞ്ചു പ്രാവശ്യം അയ്യോ കഷ്ടം എന്നു പ്രസ്താവിച്ചിരിക്കുന്നു —

(1) പണയം വാങ്ങി ധനം വർദ്ധിപ്പിക്കുന്നവനു *അയ്യോ കഷ്ടം* (ഹബ.2:6)

(2) ദുരാദായം ആഗ്രഹിക്കുന്നവനു *അയ്യോ കഷ്ടം* (ഹബ.2:9)

(3) നീതികേടും രക്തപാതകവും ചെയ്യുന്നവനു *അയ്യോ കഷ്ടം* (ഹബ.2:12)

(4) നഞ്ചു കൂട്ടിക്കലർത്തി ലഹരി പിടിപ്പിക്കുന്നവനു *അയ്യോ കഷ്ടം* (ഹബ.2:15)

(5) ഊമവിഗ്രഹത്തെ സേവിക്കുന്നവനു *അയ്യോ കഷ്ടം* (ഹബ.2:19).

**എഴുത്തുകാരൻ** : ഹബക്കൂക്ക് (ഹബ.1:1, ഹബ.3:1)

**എഴുതിയ കാലം** : ഏകദേശം ബി.സി. 607– യെഹൂദ്യയിൽ വെച്ച്

**പ്രധാന വാക്യങ്ങൾ** : (1) ഹബ.2:4 (2) ഹബ.3:2 (3) ഹബ.3:17,18,19

**പ്രധാന അദ്ധ്യായം** : ഹബ.3

**പ്രധാന പദങ്ങൾ** : നീതിമാൻ വിശ്വാസത്താൽ ജീവിക്കും

## വിഷയം :

(1) ദൈവത്തിന്റെ പരമാധികാരം — ദുഷ്പ്രവൃത്തിക്കാർ ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. തിന്മയാണ് വിജയിക്കുന്നതെന്നു തോന്നിയാലും സകലതും ദൈവം അറിയുന്നു. തക്ക സമയത്തു ദൈവം പ്രവർത്തിക്കും. ദൈവം സകലത്തെയും നിയന്ത്രിക്കുന്നവനാകയാൽ അന്തിമവിജയം നന്മക്കായിരിക്കും. നീതിമാൻ ദൈവത്തിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കണം.

(2) നീതിമാൻ വിശ്വാസത്താൽ ജീവിക്കും — ദൈവം കാണുന്നു

## പ്രധാനവ്യക്തികൾ :

**(1) ഹബക്കൂക്ക്** (Habakkuk) — കല്ദയരാൽ നശിപ്പിക്കപ്പെടുകയും അടിമകളായി പിടിക്കപ്പെടുമെന്നു യെഹൂദായുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധി അറിയിച്ച പ്രവാചകൻ. യെഹൂദയിലെ അവസാനത്തെ പ്രവാചകൻ.

**(2) കല്ദയർ** (The Chaldeans ) — യെഹൂദായെ ശിക്ഷിക്കുവാൻ വരുന്ന ഏറ്റവും ദുഷ്ടജാതികളായ കല്ദയർ അഥവാ ബാബിലോണ്യർ.

## പുസ്തക വിഭജനം : (3 അദ്ധ്യായങ്ങൾ)

(1) അദ്ധ്യായം : 1 — ഹബക്കൂക്കു ദൈവത്തോടു പറയുന്ന ആവലാതികൾ

(2) അദ്ധ്യായം : 2 — ദൈവം ഹബക്കൂക്കിന്റെ ആവലാതികൾക്കു നൽകുന്ന മറുപടികൾ

(3) അദ്ധ്യായം : 3 — ഹബക്കൂക്കിന്റെ സ്തോത്ര ഗാനം

## ഹബക്കൂക്കിന്റെ പ്രഖ്യാപനവും ദൈവത്തിലുള്ള ഉറപ്പും — ഹബ.3:18,19 —

"എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. യഹോവയായ കർത്താവു എന്റെ ബലം ആകുന്നു; അവൻ എന്റെ കാൽ പേടമാൻകാൽപോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു."

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ഹബക്കൂക്കിന്റെ ചോദ്യം —ദൈവജനത്തിന്റെ അനീതി തുടരുവാൻ ദൈവം എന്തുകൊണ്ടു അനുവദിക്കുന്നു? (ഹബ.1:1-4)

(2) ദൈവത്തിന്റെ ഉത്തരം — പ്രവർത്തിക്കുവാൻ പോകുന്നതു വിവരിച്ചു കേട്ടാൽ വിശ്വസിക്കയില്ല (ഹബ.1:5-12)

(3) നിർമ്മലദൃഷ്ടിയുള്ള ദൈവം, ദുഷ്ടന്റെ പ്രവർത്തി കണ്ടു മിണ്ടാതിരിക്കുന്നതെന്ത്? (ഹബ.1:13-17)

(4) ദൈവത്തിന്റെ ഉത്തരം — നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും (ഹബ.2:4)

(5) യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ (ഹബ.2:20)

(6) ഹബക്കൂക്കിന്റെ പ്രാർത്ഥനാഗീതം (ഹബ.3:1-19)

(6) ക്രോധത്തിങ്കൽ കരുണ (ഹബ.3:2)

(7) ഭൗതീകമായതെല്ലാം നഷ്ടപ്പെട്ടാലും ദൈവത്തിന്റെ കരുതലിൽ ഘോഷിക്കുന്നു (ഹബ.3:17-19)

(8) എന്റെ കാൽ പേടമാൻ പോലെ ആക്കുന്നു (ഹബ.3:19 —> യോഹ.13:8 /റോമ.10:15/യെശ.52:7).

## ക്രിസ്തു ഹബക്കൂക്കിൽ —

## പ്രവൃത്തിയെ ജീവിപ്പിക്കുന്നവൻ

(1) "ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരുനാളും വെളിപ്പെട്ടു വരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടു വരുന്നു"(ഹബ.1:4). നീതിമാനായ യേശുക്രിസ്തു വിനു ഈ ലോകത്തിൽ ലഭിക്കാതിരുന്ന നീതിവ്യവസ്ഥയുടെ നിഴൽ കാണുന്നു.

> (1) ന്യായപ്രമാണം അയഞ്ഞിരിക്കുന്നു (മത്താ.15:6).

> (2) ന്യായം വെളിപ്പെട്ടു വരുന്നില്ല (മത്താ. 27:4,19,22,23,24,26 / ലൂക്കൊ.23:15).

> (3) ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു (അപ്പൊ.8:33/ സങ്കീ.22:12/ സങ്കീ136:23).

> (4) ന്യായം വക്രതയായി (ലൂക്കൊ.23:2,4,15,22).

(2)"അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെററുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല" (ഹബ.2:3). കർത്താവായ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെ കുറിക്കുന്നു (എബ്രാ.10:37,38/മത്താ.11:3 /യോഹ.6:14).

(3) വിശ്വാസത്തിന്റെ നങ്കൂരം ( He is the Anchor of our faith ) — ഹബ.2:4

(4)''വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും" (ഹബ.2:14) എന്നതു യേശുക്രിസ്തു ഭൂമിയിൽ വീണ്ടും വരുമ്പോൾ നിവർത്തിയാകും.

(5)''ക്രോധത്തിങ്കൽ കരുണ ഓർക്കേണമേ"(ഹബ.3:2). മനുഷ്യവർഗ്ഗത്തിന്റെമേൽ ചൊരിയേണ്ട ദൈവക്രോധം യേശുക്രിസ്തു കാൽവറിയിൽ അനുഭവിച്ചു. എന്നാൽ ദൈവം യേശുക്രിസ്തുവിനെ ഉയിർപ്പിച്ചതിനാൽ ക്രോധത്തിങ്കൽ കരുണ ചൊരിയുന്നതായി കാണുന്നു (യെശ.53:10/യെശ.54:8/ സങ്കീ.22:1/ഉല്പ.3:21).

(6) അഭിഷിക്തൻ (ഹബ.3:13) -- ( Annointed One )

(7) രക്ഷ എന്നുള്ള വാക്ക് മൂന്നു തവണ ഈ പ്രവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു (ഹബ.3:13,18) യേശു എന്ന പേരിന്റെ അർത്ഥം രക്ഷ എന്നാണ് (മത്തായി 1:21).

-----------------------------------

# (36) സെഫന്യാവു — ZEPHANIAH

സെഫന്യാവു എന്ന പേരിന് **"യഹോവ സംരക്ഷിക്കുന്നു" / "യഹോവ മറയ്ക്കുന്നു"** എന്നർത്ഥം (Jehovah Protects/ Jehovah Hides). മഹാദുഷ്ടരാജാവായ മനശ്ശെയുടെ ക്രൂരതയിൽ നിന്നും യഹോവ പ്രവാചകനെ മറച്ചുസംരക്ഷിച്ചതായി പേരു സൂചിപ്പിക്കുന്നു. ഹിസ്കീയാരാജാവിന്റെ നാലാം തലമുറക്കാരനായിരുന്നു സെഫന്യാവ് (1;1). ഇദ്ദേഹം രാജവംശാവലിയിൽ ഉൾപ്പെട്ടവനും യെഹൂദാരാജാവായ ആമോസിന്റെ മകനായ യോശീയാവിന്റെ ഭരണകാലത്തു പ്രവാചക ശുശ്രൂഷെക്കായി ദൈവം വിളിച്ച പ്രവാചകനുമായിരുന്നു.

യോശീയാ രാജാവിന്റെ ഭരണകാലം ഒരു ഉണർവിന്റെ കാലമായിരുന്നു. എന്നാൽ ഭൂരിപക്ഷ ജനങ്ങളും പുറമേ ഭക്തിയുള്ളവർ എങ്കിലും ആത്മീകമായി അധഃപതിച്ച നിലയിലായിരുന്നു. പാപവും, ദുഷ്ടതയും, മ്ളേച്ഛതയും ദൈവം കഠിനമായി ശിക്ഷിക്കും എന്നു പ്രവചകൻ വിളിച്ചറിയിച്ചു. ദൈവത്തിന്റെ ക്രോധാഗ്നിക്കു യഹൂദയും ചുററുമുള്ള രാജ്യങ്ങളും ഇരയായിത്തീരുമെന്ന് സെഫന്യാവു പറഞ്ഞു (Prophecy to Judah before Judgment). ഈ വിധം ദൈവികന്യായവിധി നിവർത്തിച്ച ശേഷം അതിൽ നിന്നും ഒരു ശേഷിപ്പു മശിഹയിലൂടെ അനുഗ്രഹങ്ങൾ കൈവശമാക്കി സ്േതാത്രവും സന്തോഷവും പുറപ്പെടുവിക്കുമെന്നും സെഫന്യാവു പ്രവചിച്ചു (സെഫ.3:15).

ദൈവികന്യായവിധിയും, ദൈവ കരുണയിലൂടെ ലഭിക്കുന്ന സന്തോഷവുമാണ് ഈ പ്രവചനത്തിലെ പ്രധാനവിഷയങ്ങൾ. യെഹൂദയുടെ പാപവും,വിഗ്രഹാരാധനയും നിമിത്തം ദൈവം അവരെ ശിക്ഷിക്കും. യഹോവയുടെ മഹാദിവസം അഥവാ ന്യായവിധിയുടെ ദിവസം എന്നത് യുദ്ധത്തിന്റെയും, കഷ്ടതയുടെയും നാശത്തിന്റെയും ദിനങ്ങൾ ആയിരിക്കും. ചുററുമുള്ള ജാതീയ രാഷ്ട്രങ്ങളും രക്ഷപ്പെടുകയില്ല (സെഫ.1:3/സെഫ.2:4-7). എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന തന്റെ ജനത്തെ കൂട്ടിച്ചേർത്തു ആശ്വസിപ്പിക്കും. ദൈവം അവരെ ഓർത്തു സന്തോഷിക്കും (സെഫ.3:17).

| | | |
|---|---|---|
| **എഴുത്തുകാരൻ** | : | സെഫന്യാവ് |
| **എഴുതിയ കാലം** | : | ഏകദേശം ബിസി. 621 - ൽ യെരുശലേമിൽ വെച്ച് |
| **പ്രധാന പദം** | : | യഹോവയുടെ ദിവസം |
| **പ്രധാന വാക്യങ്ങൾ** | : | (1) സെഫ.1:14,15 (2) സെഫ.2:3 |
| **പ്രധാന അദ്ധ്യായം** | : | സെഫ.3 |
| **വിഷയം** | : | ദൈവീകന്യായവിധിയും ദൈവ കരുണയും — ദൈവജനം ദൈവത്തിങ്കലേക്കു മടങ്ങി വരുവാൻ ആഹ്വാനം ചെയ്യുന്നു. |

**പ്രധാനവ്യക്തി** :

**സെഫന്യാവ് —** യെഹൂദാജനത്തിന്റെ മേൽ വരുന്ന ന്യായവിധി അറിയിച്ച പ്രവാചകൻ - യെഹൂദാജനത്തെ ഉണർത്തുകയും ദൈവത്തിങ്കലേക്കു മടങ്ങി വരുവാൻ ഉത്സാഹിപ്പിച്ചവനും.

## പുസ്തക വിഭജനം: (3 അദ്ധ്യായങ്ങൾ)

അദ്ധ്യായം 1 — യഹൂദയുടെയും യെരുശലേമിന്റെയും നേർക്കുള്ള യഹോവയുടെ ദിവസത്തിലെ ന്യായവിധി

അദ്ധ്യായം 2 — ജാതീയ രാഷ്ട്രങ്ങളിന്മേലുള്ള ന്യായവിധി

അദ്ധ്യായം 3 — യഹോവയുടെ ദിനത്തിലെ രക്ഷ ശേഷിപ്പുകളോടുള്ള ദൈവകരുണ

**ശ്രദ്ധേയവിഷയങ്ങൾ :**

(1) യെഹൂദയുടെമേലുള്ള ന്യായവിധി (സെഫ.1)

(2) യഹോവയുടെ ദിവസം, യഹോവയുടെ മഹാദിവസം, യഹോവയുടെ ക്രോധദിവസം (സെഫ.1:7-18)

(3) യഹോവയുടെ ദിവസത്തിന്റെ പ്രത്യേകത (സെഫ.1:15-17)

(4) യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാൻ യഹോവയെ അന്വേഷിക്കുക (സെഫ.2:3)

(5) ഭൂമിയിലെ സകലദേവന്മാരെയും ഇല്ലാതാക്കും (സെഫ.2:11)

(6) യെരൂശലേമിലെ പ്രഭുക്കന്മാരെ ശാസിക്കുന്നു (സെഫ.3:1-8)

(7) ഏകമനസ്സോടെ ദൈവത്തെ സേവിച്ചാരാധിക്കുവാൻ നിർമ്മലമായുള്ള അധരങ്ങളെ (ഒരേ ഭാഷ -(ഭാഷ കലക്കൽ ഉല്പ.11:1-9) /സ്നേഹത്തിന്റെ വാക്കുകൾ)കൊടുക്കും (സെഫ.3:9)

(8) യിസ്രായേലിലെ ശേഷിപ്പിനുള്ള അനുഗ്രഹവും യഥാസ്ഥാപനവും (സെഫ.3:12-20).

## ക്രിസ്തു സെഫന്യാവിൽ — രക്ഷിതാവ്

(1) "യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴികയില്ല; സർവ്വഭൂമിയും അവന്റെ തീഷ്ണതാഗ്നിക്കു ഇരയായ്തീരും; സകല ഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും" (സെഫ.1:18) യഹോവയുടെ ക്രോധദിവസം എന്നത് ക്രിസ്തുവിന്റെ പുനരാഗമനത്തെ കുറിക്കുന്നു(സെഫ.1:15/മത്താ.24.29/മലാ.4:1/2.തെസ്സ.1:7,8/2.പത്രൊ.3:710)

(2) സെഫ.3:9-20. ൽ ഉള്ള ഭാഗത്ത് ദൈവം തന്റെ ജനത്തെ കൂട്ടിവരുത്തി ജയത്തോടെ ഭരിക്കുമെന്നു പറഞ്ഞിരിക്കുന്നതിൽ ക്രിസ്തുവിന്റെ പുനരാഗമനത്തെയും, നീതിയുളള ഭരണത്തെയും ദർശിക്കുന്നു (കൊലോ.2:9-15).

(3) ക്രിസ്തുവിന്റെ ഭരണത്തിൽ ഏകമനസ്സോടെ ആരാധിപ്പാൻ നിർമ്മലമായുള്ള അധരങ്ങൾ (സെഫ.3:9)

(3) യിസ്രായേലിന്റെ രാജാവ് (സെഫ.3:15) — King of Israel -- മത്താ.2:2/മത്താ.27:11)

(4) ''യഹോവ നിന്റെ ന്യായവിധികളെ മാററി, നിന്റെ ശത്രുവിനെ നീക്കികളഞ്ഞിരിക്കുന്നു; യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു; ഇനി നീ അനർത്ഥം കാണുകയില്ല" (സെഫ.3:15). ക്രിസ്തുവിന്റെ മഹത്വമേറിയ വരവിനെയും പ്രവർത്തനത്തെയും കാണിക്കുന്നു (യോഹ.3:18/2.തിമൊ.4:1/2.തിമൊ.1:10/റോമ.8:1/ലൂക്കൊ.1:78,79/മത്താ.1:22/എഫെ.2:14,16).

(5) മുടന്തി നടക്കുന്നതിനെ രക്ഷിക്കയും ചിതറിപ്പോയതിനെ ശേഖരിക്കയും ലജ്ജ നേരിട്ടവർക്കു പ്രശംസയും കീർത്തിയും നൽകുന്നവൻ (സെഫ.3:19-20 /യെശ.61:1-3)

------------------------------------

# (37) ഹഗ്ഗായി — HAGGAI

ഹഗ്ഗായി എന്ന പേരിന്റെ അർത്ഥം "**ഉത്സവം**" (ആഹ്ളാദപ്രദം) (festival) എന്നാണ്. ബാബിലോണ്യൻ പ്രവാസത്തിൽ നിന്നും മടങ്ങിവന്ന യഹൂദാജനത്തിനിടയിൽ പ്രവാചക ശുശ്രൂഷെക്കായി വിളിച്ചവരാണ് ഹഗ്ഗായി, സെഖര്യാവു, മലാഖി പ്രവാചകന്മാർ. പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ജനം ആലയപ്പണി നടത്താതിരുന്നപ്പോൾ, പണി ആരംഭിക്കുവാൻ അവർക്കു പ്രോത്സാഹനം നൽകുന്നതിനാണ് ഹഗ്ഗായി ദൂതു നൽകിയത് (Prophecy to Judah after thier Captivity from Babylon).

സെരൂബ്ബാബേലിന്റെയും യോശുവയുടെയും നേതൃത്വ ത്തിൽ ജനം യാത്ര പുറപ്പെട്ടു (2.ദിന.36:22,23). യെരുശലേമിൽ വന്നു രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ആലയപ്പണി ആരംഭിച്ചു. ആലയത്തിന്റെ അടിസ്ഥാനമിട്ടപ്പോൾ അന്യജാതിക്കാർ ശത്രുക്കളായി ദൈവജനത്തെ പേടിപ്പിച്ചു (എസ്രാ.4:4). പണി തടയുവാൻ രാജാവിന്റെ കല്പന വാങ്ങി, 15 വർഷം പണി തടഞ്ഞു (എസ്രാ.4:24). ഈ ഘട്ടത്തിലാണ് ദൈവം യെരുശലേമിലെ യഹൂദന്മാരെ ആലയപ്പണി തുടരുന്നതിന് ഉത്സാഹിപ്പിക്കുവാൻ, ഹഗ്ഗായി പ്രവാചകനെ എഴുന്നേൽപ്പിച്ചത് (എസ്രാ5:1,2). ശത്രുക്കൾ മൂലം പണി തടഞ്ഞുവെങ്കിലും ദൈവജനവും തടസ്സമായിരുന്നു എന്നു കാണുന്നു.

ഹഗ്ഗായി 1:2-ൽ ജനം പറഞ്ഞത് യഹോവയുടെ ആലയം പണിവാനുള്ള കാലം വന്നിട്ടില്ല എന്നാണ്. ഇക്കാലത്തും വിശ്വാസികൾ ഇങ്ങനെ ഒഴികഴിവുകൾ പറയാറുണ്ട് എന്നുള്ള ആത്മീയചിന്ത ഈ പുസ്തകം ചൂണ്ടിക്കാണിക്കുന്നു. യഹോവയുടെ ആലയപ്പണി മുടങ്ങിക്കിടന്നപ്പോൾ ജനം തട്ടിട്ട വീടുകൾ പണിയുകയായിരുന്നു. ദൈവസഭയാകുന്ന ദൈവാലയപണിയിൽ ഓരോ വിശ്വാസിയും ഉത്സാഹിക്കണം, സഹകരിക്കണം, പ്രവർത്തിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു എന്ന പാഠം ഇവിടെ ലഭിക്കുന്നു.

പ്രവാസത്തിൽനിന്നും മടങ്ങിവന്ന ദൈവജനം ദൈവാലയപുനർനിർമ്മാണം ആരംഭിക്കുന്നു. ഹഗ്ഗായിയോടൊപ്പം സെഖര്യാവും ഇവരെ ഉത്സാഹിപ്പിക്കുന്നു. ഹഗ്ഗായി നാലു മാസത്തിനുള്ളിൽ നാലു ദൂതുകൾ നൽകി ദൈവജനത്തെ ഉണർത്തി. ഹഗ്ഗായിയെ തുടർന്നു സെഖര്യാവു ശുശ്രൂഷെക്കായി വന്നു (ഹഗ്ഗാ.1:1, സെഖ.1:1). ശാസനാരൂപത്തിലും കഠിനവാക്കു കളിലൂടെയും ഉള്ള പ്രവചനത്തിനു പകരം, ദേശത്തിന്റെയും തങ്ങളുടെയും ഭാവി ഭദ്രമാക്കുന്നതിന് ദൈവാലയപണിയുടെ ആവശ്യകത, പ്രസക്തി, എന്നിവ ബോദ്ധ്യപ്പെടുത്തി ഹഗ്ഗായി ജനത്തെ ധൈര്യപ്പെടുത്തുന്നു.

**എഴുത്തുകാരൻ** : ഹഗ്ഗായി (1:1)

**എഴുതിയ കാലം** : ഏകദേശം ബി.സി. 520 -ൽ യെരുശെലേമിൽ വെച്ച്

**പ്രധാന വാക്യങ്ങൾ** : (1) ഹഗ്ഗാ.1:7,8 (2) ഹഗ്ഗാ.2:7- 9

**പ്രധാന അദ്ധ്യായം** : ഹഗ്ഗായി. 2

**പ്രധാന പദം** : ദൈവാലയ പുനഃനിർമ്മാണം

**വിഷയം** : മുടങ്ങിക്കിടക്കുന്ന ദൈവാലയ പുനഃനിർമ്മാണം പൂർത്തീകരിക്കുവാൻ ജനത്തെ ഉത്സാഹിപ്പിക്കുന്നു (ഹഗ്ഗാ.1:5,7)

**പ്രധാനവ്യക്തികൾ** :

**(1) ഹഗ്ഗായി —** ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങി വന്ന യഹൂദാജനത്തിനിടയിൽ പ്രവചനശുശ്രൂഷ ചെയ്തവൻ — ദൈവാലയം പണിയുവാൻ ജനത്തെ ഉത്സാഹിപ്പിച്ച പ്രവാചകൻ.

**(2) സെരുബ്ബാബേൽ** — ദാവീദിലൂടെയുള്ള യെഹൂദാരാജവംശത്തിൽപെട്ടവൻ — ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിയ ഒരു കൂട്ടരെ നയിച്ചവൻ — യഹൂദയുടെ ദേശാധിപതി (ഹഗ്ഗാ.1:1) — ദൈവാലയപണിക്കായി ജനത്തെ ഉത്സാഹിപ്പിച്ചവൻ — ദൈവത്തിന്റെ മുദ്രമോതിരം എന്നറിയപ്പെട്ടവൻ (ഹഗ്ഗാ.2:23).

**പുസ്തക വിഭജനം** : (2 അദ്ധ്യായങ്ങൾ)

(1) 1:1 — 1:15 ആലയം പുനർനിർമ്മാണത്തിനുള്ള ആഹ്വാനം

(2) 2:1 — 2:9 പുതിയ ആലയത്തിന്റെ മഹത്വം

(3) 2:10 — 2:19 അനുസരിച്ചതിനാലുള്ള അനുഗ്രഹങ്ങൾ

(4) 2:20 — 2:23. ഭാവി അനുഗ്രഹങ്ങൾ

**ശ്രദ്ധേയവിഷയങ്ങൾ** :

(1) ദൈവാലയം പണിയുന്നതിനായി ഹഗ്ഗായി ജനത്തെ ഉത്സാഹിപ്പിക്കുന്നു (ഹഗ്ഗാ.1)

(2) ദൈവത്തിന്റെ ആലയം ശൂന്യമായിരിക്കുമ്പോൾ ദൈവജനത്തിന്റെ സമ്പത്തും അവരുടെ മനോഭാവവും (ഹഗ്ഗാ.1:4-11/ ഹഗ്ഗാ.2:15-19)

(3) ആലയപണി പ്രോത്സാഹിപ്പിക്കുവാൻ സെരുബ്ബാബേലും, മഹാപുരോഹിതനായ യോശുവയും (ഹഗ്ഗാ.1:14)

(4) ദൈവാലയത്തിന്റെ ഭാവിമഹത്വം (ഹഗ്ഗാ.2:1-9)

(5) ശലോമോന്റെ ദൈവാലയത്തേക്കാൾ ചെറുത് (ഹഗ്ഗാ.2:3 /എസ്രാ.3:12)

(6) സകലസമ്പത്തും ദൈവത്തിനുള്ളത് (ഹഗ്ഗാ.2:8)

(7) സെരുബ്ബാബേലിന്റെ ആലയം ശലോമോന്റെ ആലയത്തേക്കാൾ മഹത്വമുള്ളത് (ഹഗ്ഗാ.2:9)

(8) നന്മയുടെയും തിന്മയുടെയും പ്രസരണം — ദൈവാലയം പണിയിൽ യഹൂദാജനം അനുസരണക്കേടു കാട്ടി പരാജിതരായിത്തീർന്നതിനാൽ അവരുടെ പ്രവൃത്തികളെല്ലാം അശുദ്ധമായിത്തീർന്നു — അവരുടെ സൽപ്രവൃത്തികൾ പോലും അശുദ്ധമുള്ളതായിത്തീർന്നു (ഹഗ്ഗാ.2:11-14)

(9) സെരുബ്ബാബേൽ ദൈവത്തിന്റെ മുദ്രമോതിരം (ഹഗ്ഗാ.2:23 —> ഉത്ത.8:6/യിരെ.22:24/).

## ക്രിസ്തു ഹഗ്ഗായിയിൽ — നഷ്ടപ്പെട്ട അവകാശത്തെ യഥാസ്ഥാനപ്പെടുത്തുന്നവൻ

(1) ജനത്തോടു കൂടെ ഉള്ളവൻ — സാന്നിദ്ധ്യവും ശക്തിയും ഉള്ള ദൈവം — ഹഗ്ഗാ.1:13

(2) സകല ജാതികളുടെയും മനോഹരവസ്തു - Desire of All Nations -- ഹഗ്ഗാ.2:7) “ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും. സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു” (ഹഗ്ഗാ.2:6-10). മനോഹരവസ്തു കർത്താവായ യേശുക്രിസ്തുവിനെയും, ഭാവിയിലെ മഹത്വം എന്നത് ക്രിസ്തുവിന്റെ പ്രത്യക്ഷതയിലുള്ള മഹത്വത്തെയും കുറിക്കുന്നു (വെളി.19:6,11 -16)

(3) ഈ സ്ഥലത്തു ഞാൻ സമാധാനം നൽകും (ഹഗ്ഗാ.2:9) - ക്രിസ്തുവിലൂടെ ലഭിക്കുന്ന നിത്യസമാധാനത്തെ കുറിക്കുന്നു (ലൂക്കൊ.2:14/24:36/ 1.കൊരി.1:3)

(4) സെരൂബ്ബാബേൽ ക്രിസ്തുവിന്റെ ഒരു പ്രതിരൂപമായി ഇതിൽ കാണുന്നു. — “എന്റെ ദാസനായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലേ, ഞാൻ നിന്നെ എടുത്തു മുദ്രമോതിരമാക്കും” (ഹഗ്ഗാ.2:23.). — ദാവീദിന്റെ രാജ്യവും സിംഹാസനവും സെരുബ്ബാബേലിൽ കൂടെ നിലനിർത്തും എന്നു കാണുന്നു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ സെരുബ്ബാബേൽ ഉൾപ്പെട്ടിരിക്കുന്നു (മത്താ.1:12).

-----------------------------------

# (38) സെഖര്യാവു— ZECHARIAH

പുരോഹിത കുടുംബത്തിൽ ജനിച്ച സെഖര്യാവു ബെരെഖ്യാവിന്റെ മകനും ഇദ്ദോപ്രവാചകന്റെ പൗത്രനുമായിരുന്നു. *"ദാര്യാവേശിന്റെ രണ്ടാം ആണ്ടു എട്ടാം മാസത്തിൽ ഇദ്ദോപ്രവാചകന്റെ മകനായ ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്നു യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ..."* (സെഖ.1:1) എന്ന പ്രാരംഭവാകൃത്തിൽ ഈ പ്രവചനത്തിന്റെ സാരാംശം അടങ്ങിയിരിക്കുന്നു. **"ഇദ്ദോ"** എന്നതിനു നിശ്ചയിച്ച സമയത്തിൽ (the appointed time) എന്നും, **"ബെരെഖ്യാവ് "** എന്നതിന് യഹോവ അനുഗ്രഹിക്കുന്നു (Jehovah blesses) എന്നും, **"സെഖര്യാവ് "** എന്നതിനു യഹോവ ഓർക്കുന്നു (Jehovah remembers) എന്നുമാണർത്ഥം. അതായത് — *യഹോവയാം ദൈവത്തെ വിട്ടുപോയ ജനത്തെ നിശ്ചിതസമയത്ത് യഹോവ അനുഗ്രഹിക്കുകയും ഓർക്കുകയും ചെയ്യും.* അവരെ അഭിവൃദ്ധിയിലേക്കു നയിക്കും എന്നു പ്രവാചകൻ മൂലം ദൈവം ഉറപ്പു നൽകി. പൂർവപിതാക്കന്മാരോടു വാഗ്ദത്തം ചെയ്തിട്ടുള്ളത് യഹോവ ഓർത്തിരിക്കുന്നു. അതിനാൽ അവർ അനുഗ്രഹിക്കപ്പെടും എന്നതാണ് വിഷയം (Prophecy to Judah after thier Captivity from Babylon).

മുറവിളിക്കുന്ന ഇടയന്മാർ (Wailing shepherds) (സെഖ.11:1-3) ജനത്തെ നാശത്തിലെത്തിച്ചു. നല്ലിടയനായ മശിഹയുടെ (സെഖ.11:4-14) (True Shepherd / Good Shepherd) -- ഒന്നാം വരവിൽ യിസ്രായേൽ ജനം കർത്താവിനെ തിരസ്കരിച്ചു കൊല്ലുവാൻ ഏൽപ്പിച്ചു. അതുമൂലം അവർക്കു കൃപയും കരുണയും ഒരുമയും നഷ്ടപ്പെട്ടു ലോകമെങ്ങും ചിതറപ്പെടുവാൻ കാരണമായിത്തീർന്നു.

*"അങ്ങനെ അറുപ്പാനുള്ള ആടുകളെ, കൂട്ടത്തിൽ അരിഷ്ടത ഏറിയവയെ തന്നേ, മേയിച്ചു കൊണ്ടിരിക്കുമ്പോൾ ഞാൻ രണ്ടു കോൽ എടുത്തു ഒന്നിന്നു ഇമ്പം (beauty -കൃപ, കരുണ) എന്നും മറ്റേതിന്നു ഒരുമ (bond / union- കൂട്ടായ്മ) എന്നും പേരിട്ടു......അനന്തരം ഞാൻ ഇമ്പം എന്ന കോൽ എടുത്തു: ഞാൻ സകല ജാതികളോടും എന്റെ നിയമത്തെ മുറിക്കേണ്ടതിന്നു അതിനെ മുറിച്ചു കളഞ്ഞു....അനന്തരം ഞാൻ, യഹൂദയും യിസ്രായേലും തമ്മിലുള്ള സാഹോദരത്വം ഭിന്നിപ്പിക്കേണ്ടതിന്നു ഒരുമ എന്ന മറ്റേ കോൽ മുറിച്ചു കളഞ്ഞു"* (സെഖ.11:7,10,14).

ഭാവിയിൽ തുമ്പുകെട്ട ഇടയൻ (സെഖ.11:15-17) (False shepherd) അഥവാ അന്തിക്രിസ്തുവിന്റെ ഭരണത്തിൽ തന്റെ ജനം പീഡിപ്പിക്കപ്പെടുമ്പോൾ (മഹാപീഡനകാലം - Great Tribulation period) കർത്താവു മഹത്വധാരിയായി ഒലിവുമലയിൽ പ്രത്യക്ഷനാകും (സെഖ.14:4). *"തങ്ങൾ കുത്തീട്ടുള്ളവനിലേക്കു അവർ നോക്കും"* (സെഖ.12:10). *"മൂന്നിൽ ഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കയും ഞാൻ അവർക്കു ഉത്തരം അരുളുകയും ചെയ്യും; അവർ എന്റെ ജനം എന്നു ഞാൻ പറയും; യഹോവ എന്റെ ദൈവം എന്നു അവരും പറയും"* (സെഖ.13:9).

ക്രിസ്തുവിനെയും യിസ്രായേലിനെയും കുറിച്ചു ഏറ്റവും അധികം പ്രവചനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. കഴുതപ്പുറത്തു കയറി വരുന്ന സൗമ്യനായ രാജാവ്, ക്രിസ്തുവിന്റെ മടങ്ങിവരവ്, അന്തിക്രിസ്തുവിന്റെ ഭരണം, പീഡനകാലം, ക്രിസ്തുവിന്റെ രാജത്വം, ദൈവത്വം, 30 വെള്ളിക്കാശിനു ഒറ്റിക്കൊടുക്കുന്നത്, പാപപരിഹാരത്തിനായി തുറക്കപ്പെട്ട ഉറവ, വെട്ടേറ്റ ഇടയൻ, ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത, കുത്തീട്ടുള്ളവങ്കലേക്കു യിസ്രായേലിന്റെ നോട്ടം, ശാശ്വതസമാധാനം കൈവരിക്കൽ എന്നിങ്ങനെ അനേക പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നു.

ദൈവജനത്തെ പീഠിപ്പിക്കുന്നവരുടെമേൽ ന്യായവിധി, കപടഭക്തിക്കാരായ ദൈവജനത്തിന് ശിക്ഷ, ദൈവജനത്തിന്റെ ശുദ്ധീകരണം, ശേഷിപ്പു കൂട്ടിച്ചേർക്കൽ, മശിഹയുടെ മഹത്വമേറിയ ഭരണം എന്നീ കാര്യങ്ങളെ വിശദീകരിച്ചു എട്ടു ശ്രേഷ്ഠമായ ദർശനങ്ങളിലൂടെ പ്രവാചകൻ ദൈവത്തിന്റെ ദൂതു അറിയിക്കുന്നു.

## സെഖര്യാവിന്റെ എട്ടു ദർശനങ്ങൾ:

(1) നാലു കുതിരച്ചേവകരുടെ ദർശനം — സെഖ.1:7 -17

(2) നാലു കൊമ്പുകളുടെയും നാലു കൊല്ലന്മാരുടെയും ദർശനം- സെഖ.1:18 -21

(3) അളവു നൂൽ പിടിച്ചിരിക്കുന്ന ദൂതൻ - സെഖ.2:1-5

(4) മഹാപുരോഹിതനായ യോശുവയെ സാത്താൻ കുററം ചുമത്തുന്നത് — സെഖ.3:1-10

(5) വിളക്കു തണ്ടും ഒലിവു വൃക്ഷങ്ങളും — സെഖ.4:1-14

(6) പാറിപ്പോകുന്ന ചുരുൾ — സെഖ.5:1-4

(7) ഏഫയുടെ നടുവിൽ ഇരിക്കുന്ന സ്ത്രീ — സെഖ.5:5-11

(8) നാലു രഥങ്ങൾ — സെഖ.6:1-8

**എഴുത്തുകാരൻ** : സെഖര്യാവ് (1:1)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം ബി.സി. 480 -ൽ യെരുശെലേമിൽ വെച്ച്

**പ്രമേയം** : മശിഹയ്ക്കു വേണ്ടി ഒരുങ്ങുക.

**പ്രധാന അദ്ധ്യായം** : സെഖ.14

**പ്രധാന വാക്യങ്ങൾ** : (1) സെഖ.8:3 (2) സെഖ.9:9,10

**വിഷയം** : സർവ്വഭൂമിക്കും രാജാവായ മശിഹയുടെ പുനരാഗമനം

## പ്രധാനവ്യക്തികൾ :

**(1) സെഖര്യാവ് —** ബാബേൽ പ്രവാസത്തിനു ശേഷമുള്ള കാലത്തെ യഹൂദായുടെ രണ്ടാമത്തെ പ്രവാചകൻ — ദൈവാലയ പുനർനിർമ്മാണം മുതൽ ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചവരെയുള്ള ദൂതു അറിയിച്ച പ്രവാചകൻ —

**(2) സെരുബ്ബാബേൽ —** ബാബേലിൽ നിന്നു മടങ്ങി വന്ന ഒരു കൂട്ടത്തിന്റെ നേതാവ് - യഹൂദായുടെ ദേശാധിപതി — ദൈവാലയപണിക്കു പർവ്വതസമാനമായ പ്രശ്നങ്ങൾ നേരിട്ടപ്പോൾ ദൈവശക്തിയാൽ പൂർത്തീകരിക്കുമെന്നു ദൈവത്തിൽ നിന്നു ഉറപ്പു ലഭിച്ചവൻ (സെഖ.4:6-10).

## പുസ്തക വിഭജനം: (14 അദ്ധ്യായങ്ങൾ)

(1) 1 — 6 : എട്ടു ദർശനങ്ങൾ

(2) 7 — 8 : നാലു സന്ദേശങ്ങൾ

(3) 9 — 14 : രണ്ടു ഹൃദയഭാരങ്ങൾ

## ശ്രദ്ധേയവിഷയങ്ങൾ :

(1) മാനസാന്തരപ്പെടുവാനുള്ള ആഹ്വാനം (സെഖ.1:1-6)

(2) ദർശനം > 1 — ചുവന്ന കുതിര (സെഖ.1:7-17)

(3) ദർശനം > 2 — നാലു കൊമ്പുകളും നാലു കൊല്ലന്മാരും (സെഖ.1:18-21)

(4) ദർശനം > 3 — അളവുനൂൽ പിടിച്ച പുരുഷൻ (സെഖ.2:1-13)

(5) യെരൂശലേം മഹത്വത്തിലേക്ക് — ചുറ്റും തീ മതിൽ, അവരെ തൊടുന്നവൻ ദൈവത്തിന്റെ കണ്മണിയെ തൊടുന്നു (സെഖ.2:4-12)

(6) ദർശനം > 4 — മുഴിഞ്ഞവസ്ത്രം ധരിച്ച യോശുവ — സാത്താനെ ദൈവം ശാസിക്കുന്നു, യോശുവയെ ഉത്സവവസ്ത്രം ധരിപ്പിക്കുന്നു (സെഖ.3:1-7)

(7) തീയിൽ നിന്നു വലിച്ചെടുത്ത കൊള്ളി (സെഖ.3:2)

(8) ദാസനായ മുള (സെഖ.3:8-10 —> സെഖ.3:8/ സെഖ.6:12/യെശ.4:2/യെശ.11:1)

(9) ഏഴു കണ്ണുള്ള കല്ല് (സെഖ.3:9 — വെളി.5:6)

(10) ദർശനം > 5 — പൊന്നുകൊണ്ടുള്ള വിളക്കുതണ്ടും രണ്ടു ഒലിവുമരങ്ങളും (സെഖ.4:1-14)

(11) സൈന്യത്താലല്ല, ശക്തിയാലുമല്ല ആത്മാവിനാലത്രേ; കൃപ, കൃപ എന്ന ആർപ്പോടെ പ്രവർത്തിക്കുക (സെഖ.4:6,7)

(12) രണ്ടു അഭിഷിക്തന്മാർ (സെഖ.4:14 —> വെളി.11:4-6)

(13) ദർശനം > 6 — പാറിപ്പോകുന്ന ചുരുൾ (സെഖ.5:1-4)

(14) ദർശനം > 7 — ഏഫയും സ്ത്രീയും (സെഖ.5:5-11)

(15) ദർശനം > 8 — നാലു രഥങ്ങൾ (സെഖ.6:1-8)

(16) പുരോഹിതനായ യോശുവയുടെ തലയിൽ വെക്കേണ്ടതിന് വെള്ളിയും പൊന്നും കൊണ്ടു നിർമ്മിച്ച കിരീടം (സെഖ.6:9-15)

(17) ഉപവാസത്തിന്റെ പ്രസക്തി, ആവശ്യകത, എങ്ങനെയായിരിക്കണം (സെഖ.7,8)

(18) അനുസരണമില്ലായ്മ അവരെ പ്രവാസത്തിലേക്കു പാറ്റിക്കളഞ്ഞു (സെഖ.7:8-14)

(19) സത്യം പറയുക, സമാധാനത്തോടെ ന്യായപാലനം നടത്തുക, ദോഷം നിരൂപിക്കാതിരിക്ക, കള്ള സത്യം ചെയ്യാതിരിക്ക (സെഖ.8:16,17)

(20) യെരൂശലേം ദൈവത്തെ അന്വേഷിക്കുവാനും പ്രസാദിപ്പിക്കുവാനുമുള്ള ഭാവിയിലെ ആരാധന സ്ഥലം (സെഖ.8:20-23)

(21) കഴുതപ്പുറത്തു കയറി വരുന്ന നീതിമാനും, ജയശാലിയും, താഴ്മയുള്ളവനുമായ രാജാവ് (സെഖ.9:9)

(22) നല്ല ഇടയനായമശീഹാ തിരിസ്കരിക്കപ്പെടുന്നു (സെഖ.11:1-9)

(23) മുറവിളിക്കുന്ന ഇടയൻ (11:1-3), നല്ല ഇടയൻ (സെഖ.11:4-14), തുമ്പുകെട്ട ഇടയൻ (സെഖ.11:15 -17)

(24) ഇമ്പം, ഒരുമ എന്ന രണ്ടു കോലുകൾ (സെഖ.11:10-14)

(25) യെരൂശലേം സകലർക്കും ഭാരമുള്ള കല്ല് (സെഖ.12:1-9)

(26) പാപപരിഹാരത്തിന്റെ ഉറവ (സെഖ.13:1), സ്നേഹിക്കുന്നവരുടെ വീട്ടിൽ വെച്ചു അടി കൊണ്ടവൻ (13:6), വെട്ടേറ്റ ഇടയൻ (സെഖ.13:7)

(27) ദൈവത്തിന്റെ ഒരു ശേഷിപ്പിനെ തീയിൽ കൂടി വെള്ളിയും പൊന്നും ഊതിക്കഴിക്കും പോലെ ശുദ്ധീകരണം (സെഖ.13:9)

(28) യഹോവയുടെ ദിവസം വരുന്നു (സെഖ.14:1-3)

(29) യെരൂശലേമിനെതിരേ സകലജാതികളും ഒന്നിച്ചു കൂടുന്നു (സെഖ.14:2,3)

(30) യെരൂശലേമിനെതിരേ യുദ്ധം ചെയ്യുന്നവർക്കു ദൈവത്തിൽ നിന്നും ബാധ (സെഖ.14:12)

(31) സകലവും യഹോവയ്ക്കു വിശുദ്ധം (സെഖ.14:20,21).

## ക്രിസ്തു സെഖര്യാവിൽ — വെട്ടപ്പെട്ട ഇടയൻ (സെഖ.13:7) ---

(Christ is the smitten Shepherd)

(1) “ഞാൻ അതിനു ചുററിലും തീ മതിൽ ആയിരിക്കും” — (സെഖ.2:5). ക്രിസ്തുവിന്റെ ഭരണത്തിൽ സംരക്ഷണം, സമാധാനം കാണിക്കുന്നു.

(2) ഇതാ, ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേ വസിക്കും എന്നു യഹോവയുടെ അരുളപ്പാട് (സെഖ.2:10) —ക്രിസ്തു തന്റെ ജനത്തോടൊപ്പം വസിക്കും.

(3) പുരോഹിതനും രാജാവുമായവൻ സിംഹാസനത്തിൽ (സെഖ.6:9-13)

(4)‘‘ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുളളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു. (സെഖ.9:9) എന്നത് യേശുക്രിസ്തുവിന്റെ യെരുശലേം പ്രവേശനത്തെകുറിക്കുന്നു” (മത്താ.21:1 -11/ ലൂക്കൊ.19:30-38).

(5)  അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദിമുതൽ ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും (സെഫ.9:10).

(6) നിയമരക്തം ഹേതുവായി ബദ്ധന്മാർക്കു വിടുതലും പ്രത്യാശയുള്ളവർക്കു സംരക്ഷണവും (സെഖ.9:11,12)

(7) മൂലക്കല്ല്, ആണി, പടവില്ല് (സെഖ.10:4—> യെശ.28:16; എഫെ.2:20/ യെശ.22:23/സങ്കീ.45:5)

(8) മുപ്പതു വെള്ളിക്കാശു ഭണ്ഡാരത്തിൽ (സെഖ.11:13 — മത്താ.27:6-10)

(9)  തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും;  ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും  (സെഖ.12:10).

(10)  പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിന്നായി ഒരു ഉറവ (സെഖ.13:1).

(11)“നിന്റെ കയ്യിൽ കാണുന്ന  ഈ മുറിവുകൾ എന്തു എന്നു ചോദിക്കുന്നതിനു അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽ വെച്ചു ഞാൻ അടി കൊണ്ടതാകുന്നു” (സെഖ.13:6).  ക്രിസ്തു നമുക്കായി സഹിച്ച പീഡകളെ കുറിക്കുന്നു. (ലൂക്കൊ.22:63,64/ മത്താ.26:31,67,68).

(12)“ആടുകൾ ചിതറിപ്പോകേണ്ടതിനു ഇടയനെ വെട്ടുക” (സെഖ.13:7). ശിഷ്യന്മാർ കർത്താവിനെ വിട്ടു ഓടിപ്പോകുമെന്നു കർത്താവു പറഞ്ഞു. (മത്താ.26:31 /യോഹ.16:32)

(13) യഹോവയുടെ ദിവസം (സെഖ.14:1-4)

(14) പുനരാഗമനത്തിൽ ഒലിവു മലയിൽ കാലു കുത്തുന്നു — (സെഖ.14:4)

(15) യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും (സെഖ.14:5-9)

(16) സർവ്വഭൂമിക്കും രാജാവ് — സെഖ.14:9. ( King of the Earth )

(17) മശിഹായായ ക്രിസ്തുവിനെയും,  ക്രിസ്തുവിന്റെ വീണ്ടും വരവിനെയും,  ഭരണത്തെയും കുറിച്ചു അനേക കാര്യങ്ങളുടെ നിഴൽ സെഖര്യാപ്രവചനത്തിൽ കാണുന്നു.

- > യഹോവയുടെ ദൂതൻ  — സെഖ.3:1,2
- > നീതിയുള്ള മുള — സെഖ.3:8, 6:12,13 —> യെശ.4:2/യിരെ.23:5
- > ഏഴു കണ്ണോടുകൂടിയകല്ല് -- സെഖ.3:9
- > പുരോഹിതനായ രാജാവ് — സെഖ.6:13
- > താഴ്മയുള്ള രാജാവ് — സെഖ.9:9,10
- > മൂലക്കല്ലു, ആണി, പടവില്ലു — സെഖ.10:4
- > നല്ല ഇടയൻ (സെഖ.11:4-14)
- > 30 വെള്ളിക്കാശിനു വിൽക്കപ്പെട്ട ഇടയൻ — സെഖ.11:12,13
- > കുത്തേൽക്കപ്പെട്ടവൻ  — സെഖ.12:10
- > പാപ പരിഹാരത്തിന്റെ  ശുദ്ധീകരണ ഉറവ (തുറക്കപ്പെട്ട ഉറവ) — സെഖ.13:1
- > വെട്ടേററ ഇടയൻ — സെഖ.13:7
- > വരുവാനിരിക്കുന്ന ന്യായാധിപനും നീതിയുള്ള രാജാവും — സെഖ.14

-------------------------------------

# (39) മലാഖി — MALACHI

പഴയനിയമത്തിലെ അവസാന പുസ്തകമാണ് മലാഖി പ്രവചനം. മലാഖി എന്ന പേരിന്റെ അർത്ഥം **"യഹോവയുടെ ദൂതൻ"** (The LORD'S Messenger / My Messenger — മലാ.3:1) എന്നാണ്. ബാബിലോൺ പ്രവാസത്തിനു ശേഷമുള്ള മൂന്നാമത്തെ പ്രവാചകനാണ് മലാഖി. മറ്റു രണ്ടു പേർ ഹഗ്ഗായിയും സെഖര്യാവും ആണ്. നെഹമ്യാവിന്റെ കാലത്തുജീവിച്ചിരുന്ന മലാഖി പ്രവാചകൻ യിസ്രായേലിന്റെ ആത്മീയ പിന്മാററത്തിനെതിരായി ദൈവത്തിന്റെ അരുളപ്പാട് അറിയിക്കുന്നു (Prophecy after their Captivity).

യെരുശലേംനഗരം പുനസ്ഥാപിക്കപ്പെട്ടു, ദൈവാലയവും മതിലുകളും പുതുക്കിപണിതു, ആരാധനയും, യാഗങ്ങളും ആരംഭിക്കുന്നു. എന്നാൽ ദൈവികകാര്യങ്ങളിൽ ഉദാസീനതയും, അഭക്തിയും ദൈവകോപത്തിനിടയാക്കുന്ന പലതും ജനങ്ങളിലും പുരോഹിത വർഗ്ഗത്തിലും നുഴഞ്ഞു കയറി. മലാഖി അവരുടെ ജീവിതത്തിലെ കപടഭക്തി, അവിശ്വസ്തത, ജാതികളുമായി ദൈവജനത്തിന്റെ വിവാഹബന്ധം, വിവാഹമോചനം, തെററായ ആരാധനാരീതി, നിഗളം, സ്നേഹമില്ലായ്മ, ശുദ്ധിയില്ലാത്ത യാഗാർപ്പണങ്ങൾ, ദശാംശത്തിലും വഴിപാടിലുമുള്ള ക്രമക്കേടുകൾ തുടങ്ങിയ പാപങ്ങളിലേക്കു വിരൽ ചൂണ്ടി ശാസിക്കുന്നു. ദൈവത്തിന്റെ ചട്ടങ്ങൾ പ്രമാണിക്കാതെ തെററി നടക്കുന്നതു, ദൈവത്തെ തോൽപ്പിക്കുന്ന പ്രവണതയാകയാൽ അവർ ശാപഗ്രസ്ഥരായിത്തീരും എന്നറിയിക്കുന്നു.

യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്ന വർക്കും വേണ്ടി ദൈവസന്നിധിയിൽ ഒരു സ്മരണപുസ്തകം ഉണ്ട്. അവർ ദൈവത്തിന്റെ നിക്ഷേപം ആയിരിക്കും. അവരെ ദൈവം ആദരിക്കും എന്നു പ്രവാചകൻ അറിയിക്കുന്നു. പാപത്തെ ദൈവം ശിക്ഷിക്കും എന്നും മാനസാന്തരപ്പെട്ടു അനുതാപത്തോടെ മടങ്ങി വന്നാൽ ദൈവം അവരെ ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമെന്നും ഈ പ്രവചനത്തിലുടനീളം കാണാം.

ദൈവത്തിന്റെ ന്യായവിധിയെ കുറിച്ചു മലാ.4:1-ൽ കാണുന്നു. *"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവർത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."* എന്നാൽ ദൈവജനത്തിനു അത് ആനന്ദത്തിന്റെ ദിവസമായിരിക്കും (മലാ.4:2).

ദൈവവും ദൈവജനവും അന്യോന്യം ചോദ്യങ്ങൾ ചോദിക്കുന്ന രീതിയിലാണ് മലാഖി പ്രവചനം അവതരിപ്പിച്ചിരി ക്കുന്നത്. ദൈവത്തോടു ജനം ചോദിക്കുന്നതും ദൈവം മനുഷ്യനോടു ചോദിക്കുന്നതുമായി 23 ചോദ്യങ്ങൾ മലാഖിയിൽ കാണാം. ദൈവജനം ദൈവത്തോടു ചോദിക്കുന്ന ചില ചോദ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു? — മലാ.1:2

(2) ഏതിനാൽ ഞങ്ങൾ നിന്റെ നാമത്തെ തുച്ഛീകരിക്കുന്നു? - മലാ.1:6

(3) ഏതിനാൽ ഞങ്ങൾ നിന്നെ മലിനമാക്കുന്നു? — മലാ.1:7

(4) ഏതിനാൽ ഞങ്ങൾ അവനെ മുഷിപ്പിക്കുന്നു? — മലാ.2:17

(5) ഏതിൽ ഞങ്ങൾ മടങ്ങി വരേണ്ടു? — മലാ.3:7

(6) ഏതിൽ ഞങ്ങൾ നിന്നെ തോൽപ്പിക്കുന്നു? — മലാ.3:8

(7) ഞങ്ങൾ നിന്റെ നേരെ എന്തു സംസാരിക്കുന്നു? — മലാ.3:13.

ഈ ചോദ്യങ്ങളിലൂടെ ദൈവജനത്തിന്റെ അധഃപതിച്ച ആത്മീകാവസ്ഥയും, ദൈവനിഷേധവും, ദൈവത്തോടുള്ള ആത്മാർഥതയില്ലായ്മയും, സ്നേഹമില്ലായ്മയും ഒക്കെ കാണാം. എന്നാൽ ദൈവം അവരെ സ്നേഹിക്കുന്നുവെന്നു അവർക്കു ഉറപ്പു നൽകുന്നു. അവരുടെ തോൽവികൾ ചൂണ്ടിക്കാണിക്കുന്നു. അവർക്കു വീണ്ടെടുപ്പിന്റെ പ്രത്യാശയും, യഥാസ്ഥാനപ്പെടുത്തലും വാഗ്ദത്തം ചെയ്യുന്നു.

യിസ്രായേൽ ജനത്തിന്റെ അഭക്തി, പുരോഹിതന്മാരുടെ നിന്ദ്യമായ പ്രവർത്തനം, പുരോഹിതന്മാരെ ദൈവം ശാസിക്കുന്നത്, ദൈവജനത്തിനിടയിലെ വിവാഹമോചനങ്ങളും മിശ്രവിവാഹങ്ങളും, ദൈവത്തെ കൊള്ളയടിക്കുന്ന ജനങ്ങൾ എന്നിങ്ങനെ അനേക വിഷയങ്ങൾ പ്രവചനത്തിൽ കാണുന്നു.

മലാഖിയുടെ പ്രവചനത്തിനുശേഷം 400 വർഷത്തേക്ക് ദൈവം തന്റെ ദാസന്മാരിലൂടെയോ, നേരിട്ടോ സംസാരിക്കുന്നില്ല. മലാഖി 3:1 -ൽ എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ഈ നിശബ്ദ കാലഘട്ടത്തിനു (Silent Period) ശേഷം യോഹന്നാൻ സ്നാപകന്റെ വരവിങ്കൽ പ്രവാചക ശബ്ദത്തിലൂടെ ദൈവം തന്റെ ജനത്തോടു സംസാരിക്കുന്നു.

**എഴുത്തുകാരൻ** : മലാഖി (1:1)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം ബി.സി. 425 -ൽ യെരുശെലേമിൽ വെച്ച്

**പ്രധാന വാക്യങ്ങൾ** : (1) മലാ. 2:17 (2) മലാ.3:1 (3) മലാ.3:16 (4) മലാ.4:1,2,5,6

**പ്രധാന അദ്ധ്യായം** : മലാഖി. 3

**താക്കോൽ വാക്ക്** : പിന്മാററക്കാരോടുള്ള താക്കീത്

**വിഷയം, ലക്ഷ്യം** :

(1) ആത്മീകാധഃപതനവും മടങ്ങിവരുവാനുള്ള ആഹ്വാനവും

(2) ദൈവത്തിങ്കലേക്കു മടങ്ങി വരിക, യഹോവയുടെ ദിവസം

(3) ദൈവജനത്തിന്റെ പാപങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തി വീണ്ടും ദൈവീകബന്ധത്തിലേക്കു മടക്കിക്കൊണ്ടു വരിക.

## പ്രധാനവ്യക്തികൾ :

**(1) മലാഖി —** യഹൂദായുടെ പ്രവാചകൻ -- ബാബിലോൺ പ്രവാസത്തിനു ശേഷമുള്ള കാലത്തെ മൂന്നാമത്തെയും ഒടുവിലത്തെയും പ്രവാചകൻ — പഴയനിയമത്തിലെ അവസാനത്തെ പ്രവാചകൻ —

**(2) പുരോഹിതന്മാർ —** ദൈവത്തെയും ദൈവീകശുശ്രൂഷകളെയും നിന്ദിച്ചവർ —

**(3) യിസ്രായേൽ ജനം —** കപടഭക്തി, അവിശ്വസ്തത, വിജാതീയ വിവാഹം, വിവാഹമോചനം, ദൈവീകകാര്യങ്ങൾക്കായി കൊടുക്കുന്നതിലുള്ള പിശുക്ക് എന്നീ പാപങ്ങളിൽ കഴിഞ്ഞവർ — നീ ഞങ്ങളെ ഏതിനാൽ സ്നേഹിക്കുന്നു എന്നു ദൈവത്തോടു ചോദിക്കുന്നവർ.

## പുസ്തക വിഭജനം: (4 അദ്ധ്യായങ്ങൾ)

(1) 1:1 -- 1:5 — ദൈവം അവരുടെ സ്നേഹത്തെ ചോദ്യം ചെയ്യുന്നു

(2) 1:6 — 2:17 —ദൈവം അവരുടെ പാപങ്ങളെ ശാസിക്കുന്നു

(3) 3:1 — 4:6 —ദൈവം അവരുടെ മാനസാന്തരം ആവശ്യപ്പെടുന്നു, അനുഗ്രഹംവാഗ്ദാനം ചെയ്യുന്നു.

## മറ്റൊരു വിഭജനം :

(1) 1:1 — 2:9 — പാപത്തിൽ മുഴുകിയ പുരോഹിന്മാർ --- The Sinful Priests

(2) 2:10 — 3:15 — പാപത്തിൽ മുഴുകിയ ജനങ്ങൾ - -- The Sinful People

(3) 3:16 — 4:6 — വിശ്വസ്തരായ ചുരുക്കം ദൈവമക്കൾ --- The Faithful Few

**ശ്രദ്ധേയവിഷയങ്ങൾ :**

(1) ദൈവസ്നേഹത്തെ തിരിച്ചറിയാത്ത യിസ്രായേൽജനം (മലാ.1:1-5)

(2) പുരോഹിതന്മാരുടെ കപടഭക്തിയും ദൈവീകശുശ്രൂഷയിലുള്ള ഗൗരവമില്ലായ്മയും (മലാ.1:6-14)

(3) ഊനമുള്ളതും തരംതാണതുമായ അർപ്പണങ്ങൾ ദൈവം സ്വീകരിക്കുകയില്ല — മലിനമായത്, കടിച്ചു കീറിയത്, ദീനം പിടിച്ചത്, മുടന്തുള്ളത് (മലാ.1:7-10)

(4) വിശ്വസ്തനായ ദൈവപുരോഹിതനു ഉണ്ടായിരിക്കേണ്ട ഗുണഗണങ്ങൾ (മലാ.2:6,7)

> വായിൽ നേരുള്ള ഉപദേശം

> അധരങ്ങളിൽ നീതികേടു ഉണ്ടായിരിക്കരുത്

> സമാധനമായും പരമാർത്ഥമായും ദൈവത്തോടുകൂടെ നടക്കുക

> പലരെയും അകൃത്യങ്ങളിൽ നിന്നു വിട്ടുതിരിയുമാറാക്കുക

> അധരങ്ങളിൽ പരിജ്ഞാനം സൂക്ഷിച്ചു വെയ്ക്കുക

> ദൈവീകോപദേശങ്ങൾ മറ്റുള്ളവർക്കു കൊടുക്കുവാൻ പ്രാപ്തൻ

(5) ദൈവജനം അവിശ്വാസികളെ വിവാഹം കഴിക്കരുത് (മലാ.2:11)

(6) ഭാര്യ കൂട്ടാളിയും ധർമ്മപത്നിയും (Companion and wife by covenant ) (മലാ.2:14)

(7) വിവാഹമോചനം ദൈവം വെറുക്കുന്നു (മലാ.2:13-16)

(8) യഹോവയുടെ ദൂതൻ — മശീഹയുടെ മുന്നോടിയായ യോഹന്നാൻ സ്നാപകൻ (മലാ.3:1/ മലാ.4:5)

(9)ദൈവത്തെ ഭയപ്പെടാത്തവരെ ദൈവം ന്യായം വിധിക്കും (മലാ.3:5)

(10) യഹോവ മാറാത്തവൻ — യാക്കോബിൻ പുത്രന്മാർ മുടിഞ്ഞു പോകുന്നില്ല (മലാ.3:6)

(11) മനുഷ്യനു ദൈവത്തെ തോൽപ്പിക്കാമോ ? (മലാ.3:8)

(12) ദശാംശം ദൈവത്തിനു കൊടുക്കുന്നവർ അനുഗ്രഹിക്കപ്പെടും (മലാ.3:10-12)

(13) ദൈവത്തിനു ഒരു സ്മരണപുസ്തകം ഉണ്ട്— യഹോവഭക്തന്മാർക്കും യഹോവയെ സ്മരിക്കുന്നവർക്കും - ( Book of Remembrance) (മലാ.3:16)

(14) ദൈവത്തെ അന്വേഷിക്കുന്നവർ ദൈവത്തിന്റെ നിക്ഷേപം (മലാ.3:16,17)

(15) ദൈവത്തെ സേവിക്കുന്നവനും ദൈവത്തെ സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും (മലാ.4:18)

(16) യഹോവയുടെ ദിവസം ചൂളപോലെ കത്തുന്ന ഒരു ദിനമായിരിക്കും. സകലദുഷ്പ്രവൃത്തിക്കാരും തീയ്ക്കിരയാകും (മലാ.4:1)

(17) നീതിസൂര്യൻ ഉദിക്കും ( The Sun of Righteousness shall arise) — (മലാ.4:2).

# ക്രിസ്തു മലാഖിയിൽ — നീതി സൂര്യൻ
## (The Sun of Righteousness )

(1) ഒരു ദൂതന്റെ അകമ്പടിയോടെ ക്രിസ്തുവിന്റെ ഒന്നാം വരവിനെ മലാഖി ദർശിക്കുന്നു. മലാഖി പ്രവചനത്തെ തുടർന്നു 400 വർഷത്തെ നിശബ്ദതയ്ക്കു ശേഷം യോഹന്നാൻ സ്നാപകൻ വരുന്നു.

ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ.1:29) എന്നു യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ കുറിച്ചു പറയുന്നു. മലാഖി 3:1 -ൽ എനിക്കു മുമ്പായി വഴി നിരത്തേണ്ട തിനു ഞാൻ എന്റെ ദൂതനെ അയെക്കും എന്നു പറഞ്ഞത് യോഹന്നാൻ സ്നാപകനെ കുറിച്ചായിരുന്നു. മലാഖി 3:1 -ലെ പ്രവചനം ക്രിസ്തുവിനു വഴി ഒരുക്കിയ യോഹന്നാൻ സ്നാപകനിലൂടെ നിറവേറുന്നു.

(2) "എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും?..." (മലാഖി.3:2-5)

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിക്കുന്നു. അഭക്തരെയും, ദുഷ്പ്രവർത്തിക്കാരെയും ന്യായം വിധിക്കുന്ന ഒരു ദിവസമായിരിക്കും അത് (2.പത്രൊ.3:10,11/സെഫ.1:18).

(3) യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ടു യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞു പോകാതിരിക്കുന്നു (മലാ.3:6).

എല്ലാറ്റിനും എപ്പോഴും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ യാതൊരു മാറ്റവും ഇല്ലാത്തവനായി നിൽക്കുന്ന യേശുക്രിസ്തുവിനെ കുറിക്കുന്നു. തന്റെ വാഗാദത്തങ്ങൾക്ക്, തന്റെ സമാധാനത്തിന്, തന്റെ ശക്തിക്ക് മാറ്റമില്ലാത്തതായി ഇരിക്കുന്നു. *"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ."* (എബ്രാ.13:8).

(4) യഹോവഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവെച്ചിരിക്കുന്നു (മലാ.3:16). (The Book of Remembrance)

പാപികളും, ദോഷികളും, മത്സരികളും,ദൈവത്തെ സ്നേഹിക്കാതിരുന്നവരുമായ നമുക്കു യേശു ക്രിസ്തുവിലൂടെ ലഭിച്ച നീതീകരണത്താൽ ജീവന്റെ പുസ്തകത്തിൽ പേരെഴുതിയവരായി ഓർമ്മി ക്കപ്പെടുവാൻ കാരണമായി. ദൈവമക്കളുടെ സേവനങ്ങൾ ഒരുനാൾ ദൈവം ഓർമ്മിച്ചു മാനിക്ക പ്പെടും. അന്നു അവർക്കു കിരീടങ്ങൾ ലഭിക്കും (വെളി.20:15/വെളി.21:27/2.കൊരി.5:10/മത്താ.10:42).

(5) നീതി സൂര്യൻ — ( He is the Sun of Righteousness — മലാ.4:2/വെളി.1:16)

നീതിസൂര്യനായ ക്രിസ്തുവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയെ മലാഖി ദർശിക്കുന്നു.

ചൂളപോലെ കത്തുന്ന ഒരു ദിവസം വരും (മലാ.4:1) എന്നത് ന്യായവിധിയുടെ ദിവസമായിരിക്കുന്നു.

നീതിമാന്മാർക്കു സന്തോഷ ദിവസവും (മലാ.4:2,3), ദൈവത്തെ ഭയപ്പെടാത്ത അഹങ്കാരികളെ ഉന്മൂലനാശം വരുത്തി ദഹിപ്പിച്ചു കളയുന്ന ദിവസവും ആയിരിക്കും (മലാ.4:1,3/വെളി.1:7/ വെളി.20:10,14,15/ വെളി.21:8/മത്താ.13:42,43,49,50/ മത്താ.5:22/മത്താ.18:8,9/മത്താ.25:41/ 2.തെസ്സ.1.7,8).

---------------- *( The End of the Old Testament )* ----------------

# പുതിയനിയമം — NEW TESTAMENT

പഴയനിയമവും പുതിയനിയമവും ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയെ വെളിപ്പെടുത്തുന്നു. പഴയനിയമം മോശെ മുഖാന്തരം ദൈവം യിസ്രായേലിനോടും ചെയ്ത ഉടമ്പടിയാണ്. എന്നാൽ പുതിയ നിയമം യേശുക്രിസ്തു മുഖാന്തരം ദൈവം സകല മനുഷ്യരോടും ചെയ്ത ഉടമ്പടിയാണ്. പഴയനിയമത്തിൽ ന്യായപ്രമാണങ്ങളും പുതിയനിയമത്തിൽ യേശുക്രിസ്തു മൂലമുള്ള രക്ഷയുടെ സുവിശേഷവുമാണ് കേന്ദ്രവിഷയങ്ങൾ. പഴയനിയമ ത്തിൽ ആരംഭിച്ച ദൈവികവെളിപ്പാടുകൾ പുതിയ നിയമത്തിൽ പര്യവസാനിക്കുന്നു. യേശുക്രിസ്തുവിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമത്തിലെ പ്രവചനങ്ങൾ പുതിയനിയമത്തിൽ നിറവേറിയിരിക്കുന്നു. പാപം ചെയ്ത് ദൈവതേജസ്സും കൂട്ടായ്മയും നഷ്ടപ്പെട്ട മനുഷ്യന്റെ വീണ്ടെടുപ്പും നീതീകരണവും യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടുന്നു എന്നതാണ് പഴയപുതിയനിയമ തിരുവെഴുത്തുകളുടെ പ്രധാന സന്ദേശം.

പുതിയ നിയമത്തിലുള്ള 27 പുസ്തകങ്ങളെ നാലായി തിരിക്കാം.

| | | |
|---|---|---|
| 1 | സുവിശേഷങ്ങൾ | 4 |
| 2 | ചരിത്രഗ്രന്ഥം (സഭാചരിത്രം) | 1 |
| 3 | ലേഖനങ്ങൾ | 21 |
| 4 | പ്രവചനം അഥവാ വെളിപ്പാട് | 1 |

പുതിയനിയമത്തിലൂടെ യേശുക്രിസ്തുവും അപ്പൊസ്തല ന്മാരും ഇന്നും മനുഷ്യരോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. എഴുതപ്പെട്ട വചനം ഓരോരോ കാലയളവുകളിലെ ആവശ്യങ്ങൾക്കും വ്യക്തികൾക്കും സഭകൾക്കും എഴുതിയതാണെ ങ്കിലും ഏതു കാലത്തേക്കും ഏതു മനുഷ്യനും ആവശ്യമായ ജീവന്റെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നു. പുതിയനിയമം യേശുക്രിസ്തുവിന്റെ ദൈവത്വവും, മനുഷ്യത്വവും, വ്യക്തിത്വവും സമ്പൂർണ്ണമായി പ്രദർശിപ്പിക്കുന്നു.

## സുവിശേഷങ്ങൾ —

നാലു സുവിശേഷങ്ങൾ കർത്താവായ യേശുക്രിസ്തു വിനെ നാലു വീക്ഷണത്തിലൂടെ അവതരിപ്പിക്കുന്നു. സുവിശേഷഎഴുത്തുകളുടെ പ്രാധാന്യം എന്നത് യേശുക്രിസ്തു എന്ന വീണ്ടെടുപ്പുകാരനായ രക്ഷകന്റെ നല്ലവിശേഷം അറിയിക്കുക എന്നതാണ്. യേശുക്രിസ്തു മശിഹയാണ്, ദൈവപുത്രനാണ്, ലോകരക്ഷകനാണ്. *"യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും, വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു"* **(യോഹ 20:31)**.

പുതിയ നിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സാരസംഗ്രഹം അഥവാ **സമവീക്ഷണ സുവിശേഷങ്ങൾ** ( Synoptic Gospels > syn = with, optic= see > meaning --- see together) എന്നു വിളിക്കുന്നു. കാരണം ഇവയിൽ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തെയും, ശുശ്രൂഷയെയും സമാനചിന്താഗതിയിൽ അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യത്തെ വ്യക്തമാക്കുകയും, മറ്റു മൂന്നു സുവിശേഷങ്ങളുടെ ഒരു അനുബന്ധമായും കാണാം. യോഹന്നാന്റെ സുവിശേഷത്തെ തനിയേ അഥവാ പ്രത്യേകിച്ചു കാണേണ്ട സുവിശേഷം എന്ന നിലയിൽ ഉൾപ്പെടുത്താം. (Autoptic Gospel > aut= self, optic= see > meaning see seperate). സമവീക്ഷണസുവിശേഷത്തിലില്ലാത്ത പലപ്രധാന ഭാഗങ്ങളും യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സമവീക്ഷണസുവിശേഷങ്ങൾ ക്രിസ്തുവിന്റെ ഗലീലയിലുള്ള ശുശ്രൂഷകൾക്കും, യോഹന്നാൻ യെഹൂദ്യയിലെ ശുശ്രൂഷകൾക്കുമാണ് പ്രാധാന്യം കൊടുത്തെഴുതിയിരിക്കുന്നത്. സമവീക്ഷണസുവിശേഷങ്ങൾ കർത്താവിന്റെ പ്രവർത്തനങ്ങളും ശുശ്രൂഷകളും സമാനരൂപത്തിൽ അവതരിച്ചിരിക്കുമ്പോൾ യോഹന്നാന്റെ സുവിശേഷം കർത്താവിന്റെ പ്രവർത്തനത്തെ ഒരു പ്രത്യേക കാഴ്ചപ്പാടിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതായത് ആദ്യത്തെ മൂന്നു സമവീക്ഷണ സുവിശേഷങ്ങൾ നസ്രേത്തിൽ ജാതനായ യേശു തന്നേ യിസ്രായേലിന്റെ വാഗ്ദത്ത മശിഹാ എന്നു ചിത്രീകരിക്കുമ്പോൾ യോഹന്നാന്റെ സുവിശേഷം ചിത്രീകരിക്കുന്നത് സാക്ഷാൽ വചനം (ദൈവം) ജഡശരീരമെടുത്തു ഭൂമിയിൽ വന്നു മനുഷ്യരോടൊപ്പം താമസിച്ച ദൈവത്തെയാണ്.

നാലു സുവിശേഷങ്ങളിലൂടെ യേശുക്രിസ്തുവിന്റെ നാലു വ്യക്തിത്വവും, ശുശ്രൂഷകളും പരിശുദ്ധാത്മാവു രേഖപ്പെടുത്തി യിരിക്കുന്നു.

മത്തായി കർത്താവിനെ രാജാവായ മശിഹയായും, മർക്കൊസു പ്രവർത്തന നിരതനായ ദാസനായും, ലൂക്കൊസു സമ്പൂർണ്ണ മനുഷ്യനായും, യോഹന്നാൻ ദൈവപുത്രനായും ചിത്രീകരിച്ചിരിക്കുന്നു.

സുവിശേഷം എന്നാൽ നല്ല വർത്തമാനം, സുവാർത്ത, നല്ല വിശേഷം എന്നൊക്കെ അർത്ഥം. ഇതു ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്തയാണ്. മനുഷ്യന്റെ ആത്മീയ, നിത്യതയുടെ വിശേഷങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

## നാലു സുവിശേഷങ്ങൾ തമ്മിലുള്ള താരതമ്യം —

| | **മത്തായി** | **മർക്കൊസ്** | **ലൂക്കൊസ്** | **യോഹന്നാൻ** |
|---|---|---|---|---|
| **യേശുക്രിസ്തു** | രാജാവ് | ദാസൻ | മനുഷ്യൻ | ദൈവപുത്രൻ |
| **സാദൃശം** | സിംഹമുഖം | കാളമുഖം | മനുഷ്യമുഖം | കഴുകുമുഖം |
| **എഴുതിയത്** | യെഹൂദന് | റോമർക്ക് | യവനർക്ക് | സഭയ്ക്ക് |
| **അവതരണം** | പ്രവചനപരം | പ്രായോഗികം | ചരിത്രപരം | ആത്മീകം |
| **പ്രാകാരവാതിൽ നിറം (പുറ.27:16)** | ധൂമ്രനൂൽ | ചുവപ്പുനൂൽ | പിരിച്ചപഞ്ഞിനൂൽ | നീലനൂൽ |

## യെഹെസ്കേൽ പ്രവചനത്തിൽ കാണുന്ന നാലു ജീവികൾ —

**യെഹെ.1:10 —** *"അവയുടെ മുഖരൂപമോ: അവെക്കു മനുഷ്യമുഖം ഉണ്ടായിരുന്നു; നാലിന്നും വലത്തു ഭാഗത്തു സിംഹമുഖവും ഇടത്തു ഭാഗത്തു കാളമുഖവും ഉണ്ടായിരുന്നു; നാലിന്നും കഴുകു മുഖവും ഉണ്ടായിരുന്നു."*

| | | |
|---|---|---|
| മനുഷ്യമുഖം | ലൂക്കൊസ് | മനുഷ്യൻ |
| സിംഹമുഖം | മത്തായി | രാജാവ് |
| കാളമുഖം | മർക്കൊസ് | ദാസൻ |
| കഴുകുമുഖം | യോഹന്നാൻ | ദൈവം |

## വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ കാണുന്ന നാലു ജീവികൾ —

**വെളി.4:6,7 —** *"സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ; സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്കും മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു. ഒന്നാം ജീവി സംഹത്തിന്നു സദൃശം; രണ്ടാം ജീവി കാളെക്കു സദൃശം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതു; നാലാം ജീവി പറക്കുന്ന കഴുകിന്നു സദൃശം."*

| | | |
|---|---|---|
| ഒന്നാം ജീവി | സിംഹത്തിന്നു സദൃശം | മത്തായി |
| രണ്ടാം ജീവി | കാളെക്കു സദൃശം | ലൂക്കൊസ് |
| മൂന്നാം ജീവി | മനുഷ്യനെപ്പോലെ മുഖമുള്ളതു | മർക്കൊസ് |
| നാലാം ജീവി | പറക്കുന്ന കഴുകിന്നു സദൃശം | യോഹന്നാൻ |

## പുതിയനിയമത്തിൽ സുവിശേഷത്തെ കുറിച്ചു പറഞ്ഞിരിക്കുന്നത് ––

| | |
|---|---|
| 1 | **സത്യത്തിന്റെ** നല്ല വർത്തമാനമാണ്<br>സത്യത്തിന്റെ സുവിശേഷം<br>It is a Goodnews of Truth -- ഗലാ.2:5/കൊലൊ.1:3 |
| 2 | **പ്രത്യാശയുടെ** നല്ല വർത്തമാനമാണ്<br>പ്രത്യാശയുടെ സുവിശേഷം<br>It is a Goodnews of Hope -— കൊലൊ.1:23 |
| 3 | **സമാധാനത്തിന്റെ** നല്ല വർത്തമാനമാണ്<br>സമാധാന സുവിശേഷം<br>It is a Goodnews of Peace -- എഫെ. 6:15/ഫിലി. 4:6,7 |
| 4 | **വാഗ്ദത്തങ്ങളുടെ** നല്ല വർത്തമാനമാണ്<br>വാഗ്ദത്തത്തിന്റെ സുവിശേഷം<br>It is a Goodnews of Promise — എഫെ.3:6 |
| 5 | **അമർത്യതയുടെ** നല്ല വർത്തമാനമാണിത്<br>അമർത്യതയുടെ സുവിശേഷം<br>It is a Goodnews of Immortality --- 2.തിമൊ. 1:10 |
| 6 | **രക്ഷയുടെ** നല്ല വർത്തമാനമാണ്<br>രക്ഷയുടെ സുവിശേഷം<br>It is a Goodnews of Salvation --- എഫെ.1:13 |
| 7 | **തേജസ്സിന്റെ** നല്ല വർത്തമാനമാണ്<br>തേജസ്സിന്റെ സുവിശേഷം<br>It is a Goodnews of Light --- 2.കൊരി.4:4 |
| 8 | **ദൈവകൃപയുടെ** നല്ല വർത്തമാനമാണ്<br>ദൈവ കൃപയുടെ സുവിശേഷം<br>It is a Goodnews of Grace --- അപ്പൊ.20:24 |
| 9 | **യേശുക്രിസ്തുവിനെക്കുറിച്ചുള്ള** നല്ല വർത്തമാനമാണ്.<br>യേശുക്രിസ്തുവിന്റെ സുവിശേഷം<br>It is a Goodnews of Jesus Christ -2.തിമൊ.2:8/2.തെസ്സ.1:7 |
| 10 | സകല മനുഷ്യർക്കുമുള്ള നല്ല വർത്തമാനമാണ്<br>**സകലമനുഷ്യർക്കുമുള്ള സുവിശേഷം**<br>It is a Goodnews for all men --- റോമ.16:24-26 |

# NT -1

# (40) മത്തായി — MATTHEW

മത്തായിയുടെ സുവിശേഷം **"രാജാവിന്റെ സുവിശേഷം"** എന്നറിയപ്പെടുന്നു (Gospel of the KING). യേശുക്രിസ്തുവിനെ യഹൂദന്മാരുടെ രാജാവായ മശിഹയായി അവതരിപ്പിച്ചിരിക്കുന്ന സുവിശേഷമാണിത്. യേശുക്രിസ്തുവിനെ ദാവീദിന്റെ പുത്രനായും അബ്രഹാമിന്റെ പുത്രനായും വിശേഷിപ്പിച്ചുകൊണ്ടാണ് സുവിശേഷം ആരംഭിക്കുന്നത്. പഴയനിയമവും പുതിയനിയമവും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു പാലമായിരിക്കുന്നു ഈ സുവിശേഷം. മശിഹായ്ക്കു വേണ്ടി കാത്തിരുന്ന യഹൂദന്മാർക്കു യേശുക്രിസ്തുവിനെ അവരുടെ രാജാവായി, മശിഹായായി അവതരിപ്പിച്ചിരിക്കുന്നു. ആകയാൽ ഇതു രാജ്യത്തിന്റെയും സുവിശേഷമാണ്. രാജ്യം, സ്വർഗ്ഗരാജ്യം എന്നീ പദങ്ങൾ അനേക തവണ ഉപയോഗിച്ചിരിക്കുന്നു.

പഴയനിയമപ്രവചനങ്ങളുടെ നിവൃത്തിയായി ക്രിസ്തു ജനിച്ചിരിക്കുന്നു എന്നു ഈ സുവിശേഷത്തിൽ പ്രസ്താവിക്കുന്നു. ദാവീദിന്റെ ജന്മസ്ഥലമായ ബേത്ലേഹേമിൽ തന്നെയാണ് ക്രിസ്തു ജനിച്ചതെന്നു മത്തായി പറഞ്ഞിരിക്കുന്നു (മത്താ.2:1,5,6). യേശുക്രിസ്തുവിന്റെ വംശാവലി, ജനനം, ആദ്യകാലജീവിതം, സ്നാനം, ഗിരിപ്രഭാഷണങ്ങൾ, അത്ഭുതപ്രവൃത്തികൾ, ശുശ്രൂഷകൾ, പന്തിരുവരോടുള്ള പ്രബോധനങ്ങൾ, സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ, ക്രൂശുമരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, സുവിശേഷം അറിയിക്കുവാൻ ശിഷ്യന്മാർക്കുളള കല്പന, ശിഷ്യന്മാരെ ധൈര്യപ്പെടുത്തൽ എന്നിവയൊക്കെ അടങ്ങിയി രിക്കുന്നു.

"അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേററു, അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ..." (മത്തായി 28:6) എന്നത് യേശുക്രിസ്തു ജീവിക്കുന്ന രാജാവാകുന്നു എന്നു തെളിയിക്കുന്നു. യേശുക്രിസ്തുവിന്റെ രാജകീയവംശാവലി ചേർത്തിരിക്കുന്നത് അവൻ ദാവീദിന്റെ സിംഹാസനത്തിൽ നിത്യരാജാവാണന്നു കാണിക്കുന്നു.

യെഹസ്കേൽ.1:10-ൽ കാണുന്ന നാലു ജീവികളുടെ സാദൃശ്യത്തിലുള്ള സിംഹമുഖം ഈ സുവിശേഷത്തിന്റെ നിഴലാണ്. പ്രാകാര വാതിലിന്റെ മറശ്ശീലയിൽ കാണുന്ന ധൂമ്രനൂൽ (പുറ.27:16) യേശുക്രിസ്തുവിന്റെ രാജത്വത്തെ കുറിക്കുന്നു.

**എഴുത്തുകാരൻ** : മത്തായി

റോമാ ഗവണ്മെന്റിനു വേണ്ടി നികുതി പിരിക്കുന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു. മത്തായി ഒരു യഹൂദനും, ചുങ്കം പിരിക്കുന്നവനും (മത്താ.10:3), അപ്പൊസ്തലന്മാരിൽ ഒരാളുമായിരുന്നു (മത്തായി 9:9—13/ മർക്കൊ.3:18 10:2—3 / ലൂക്കൊ.6:15/ അപ്പൊ.1:13). മത്തായി എന്ന പേരിന്റെ അർത്ഥം **"ദൈവത്തിന്റെ ദാനം"** (Gift of God). ഇദ്ദേഹത്തിനു ലേവി എന്നൊരു മറുപേരു കൂടിയുണ്ട്. മത്ഥഥ്യാവ് എന്ന പേരിന്റെ സംക്ഷിപ്തരൂപമാണ് മത്തായി. അല്ഫായി എന്നായിരുന്നു മത്തായിയുടെ പിതാവിന്റെ പേര്. യഹൂദന്മാർ ചുങ്കം പിരിക്കുന്നവരെ വെറുത്തിരുന്നു. കർത്താവ് മത്തായിയെ വിളിച്ചപ്പോൾ തനിക്കുണ്ടായിരുന്ന ജോലി വിട്ടു കർത്താവിനെ അനുഗമിച്ചു (ലൂക്കൊ.5:27,28).

**ലക്ഷ്യം** : നിത്യരാജാവായ മശിഹയാണ് യേശുക്രിസ്തു എന്നു തെളിയിക്കുക.

**ആർക്കെഴുതി** : യഹൂദനായ മത്തായി യഹൂദന്മാർക്കായി എഴുതി

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 58 —ൽ യെഹൂദ്യയിൽ വെച്ച്

**മർമ്മ പദം** : യേശുക്രിസ്തു രാജാവ്.

**പ്രധാന അദ്ധ്യായം** : മത്താ.12

**മർമ്മ വാകൃങ്ങൾ** : (1) മത്താ.5:17 (2) മത്താ.16:16– 19 (3) മത്താ.28:18– 20

**പുസ്തക വിഭജനം:** (28 അദ്ധ്യായങ്ങൾ)

(1) 1 — 4 — രാജാവിന്റെ ആഗമനം :

(2) 5 — 7 — രാജാവിന്റെ ശുശ്രൂഷ — ഗിരിപ്രഭാഷണങ്ങൾ

(3) 8 — 12 — രാജാവിന്റെ അധികാരം

(4) 13 — രാജാവിന്റെ ശുശ്രൂഷ — ദൈവരാജ്യമർമ്മങ്ങൾ

(5) 14— 23 — രാജാവിന്റെ ശുശ്രൂഷ —തിരിസ്കരിക്കപ്പെടൽ

(6) 24— 25 — രാജാവിന്റെ ഒലിവുമലപ്രഭാഷണം -മഹത്വപ്രത്യക്ഷത

(7) 26 — 28 — രാജാവിന്റെ ക്രൂശീകരണവും പുനരുത്ഥാനവും

**പ്രത്യേകതകൾ —**

(1) പുതിയനിയമത്തിലെ ആരംഭപുസ്തകം

(2) യേശുക്രിസ്തുവിനെ ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു വിളിച്ചിരിക്കുന്നു (മത്താ.1:21 > യെശ.7:14/ യെശ.8:8)

(3) അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി എന്നു സുവിശേഷം ആരംഭിക്കുന്നതിനാൽ യേശുക്രിസ്തു രാജവംശത്തിലുള്ളതാണെന്നു സൂചിപ്പിക്കുന്നു.

(4) സുവിശേഷം അറിയിക്കുവാനും സ്നാനപ്പെടുത്തുവാനുമുള്ള കല്പന (മത്താ.28:19,20).

## ക്രിസ്തു മത്തായിയിൽ —

### ക്രിസ്തു വാഗ്ദത്ത മശിഹാരാജാവ് (മത്താ.2:1–6)

(1) മൃഗങ്ങളുടെ രാജാവായ സിംഹത്തോടാണ് മത്തായി ക്രിസ്തുവിനെ ഉപമിച്ചിരിക്കുന്നത്. യഹൂദാഗോത്രത്തിലെ സിംഹമാണു ക്രിസ്തു എന്നു വെളിപ്പാടു 5:5-ൽ കാണാം. ഉല്പ.49:9–12-ൽ യഹൂദാഗോത്രത്തിനു രാജത്വം വാഗ്ദത്തം ചെയ്തിരിക്കുന്നു.

(2) യേശുക്രിസ്തുവിനെ കുറിച്ചു പറഞ്ഞിരിക്കുന്ന മററു ഭാഗങ്ങൾ —

(i) ക്രിസ്തു യിസ്രായേലിന്റെ പ്രത്യാശയായ മശിഹയായ രാജാവ് (മത്താ.1:23/മത്താ.2:2,6./മത്താ.3:17/മത്താ.4:15–17/മത്താ.21;5,9/ മത്താ.22:44,45/മത്താ.26:64/മത്താ.27:11,37)

(ii) യേശുക്രിസ്തു പ്രവാചകന്മാരിൽ അവസാനത്തെ കണ്ണി (മത്താ.12:39,40/13:13–15/മത്താ.17:5– 13)

(iii) മനുഷ്യപുത്രൻ (മത്താ.24:30)

(iv) യഹോവയുടെ ദാസൻ (മത്താ.12:17 –21)

(v) ദാവീദുപുത്രൻ (മത്താ.1:1 / മത്താ.21:9)

(vi) യഹൂദന്മാരുടെ രാജാവ് — (മത്താ.2:2/മത്താ.27:37)

------------------------------------

# NT -2

# (41) മർക്കൊസ് — MARK

“ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം” (മർക്കൊ.1:1) എന്നു പറഞ്ഞുകൊണ്ടാണ് മർക്കൊസ് എഴുതുവാൻ തുടങ്ങുന്നത്. ക്രിസ്തുവിന്റെ വംശാവലിയോ, ജനന മോ, വിദ്വാന്മാരുടെ സന്ദർശനമോ വിവരിക്കാതെ ലോകരക്ഷിതാവും ദൈവത്തിന്റെ ദാസനുമായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു പ്രാധാന്യം കൊടുത്തു ആരംഭിക്കുന്നു. യേശുക്രിസ്തു ദൈവ പുത്രനെങ്കിലും മർക്കൊസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തു വിനെ ഒരു ദാസനായിട്ടു ചിത്രീകരിച്ചിരിക്കുന്നു. പിതാവിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടു പ്രവർത്തനങ്ങളിൽ മുഴുകി നീങ്ങുന്നു. വചനം പ്രസംഗിച്ചും, ഉപദേശിച്ചും, രോഗസൗഖ്യം നൽകിയും, മരണം വരെ മററുള്ളവരുടെ ആവശ്യങ്ങൾ നിറവേററി ശുശ്രൂഷിക്കുന്ന ഒരു ദാസനായി കാണാം. ഈ പുസ്തകത്തിലെ സന്ദേശം എന്നത് മർക്കൊസ് 10:45. ൽ കാണുന്നു — **“മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്.”**

ഈ സുവിശേഷം റോമിൽവച്ചു റോമൻ ക്രിസ്താനിക ൾക്കായി എഴുതി. അനേക ദൈവങ്ങളെ ആരാധിച്ചിരുന്ന റോമാക്കാർ, യേശുക്രിസ്തു ദൈവപുത്രനാണന്നും, ഈ ഭൂമിയിൽ വന്നതു ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവൻ മറുവിലയായി കൊടുക്കുവാനും ആണെന്നു അവർ അറിയണം. നാലു സുവിശേഷങ്ങളിൽ വച്ച് ആദ്യമായി എഴുതിയതാണിത്.

നാലു സുവിശേഷങ്ങളിൽ മർക്കൊസിന്റെ സുവിശേഷം ചെറുതെങ്കിലും മററു സുവിശേഷങ്ങളേക്കാൾ കൂടുതൽ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കന്നു എന്നത് ഇതിന്റെ പ്രത്യേകതയാണ് (18 അത്ഭുതങ്ങൾ, 18 ഉപമകൾ). യെഹെ.1:10-ൽ കാണുന്ന നാലു ജീവികളുടെ സാദൃശ്യത്തിലുള്ള കാളമുഖം ഈ സുവിശേഷത്തിന്റെ നിഴലാണ്. യഹോവയുടെ ദാസൻ എന്നതാണ് ഇതിൽ നിറഞ്ഞു നിൽക്കുന്നത്. പ്രാകാര വാതിലിന്റെ മറശ്ശീലയിൽ കാണുന്ന ചുവപ്പുനൂൽ (പുറ.27:16) മാനവജാതിയുടെ വീണ്ടെടുപ്പിനായി യേശുക്രിസ്തു കാൽവറിയിൽ ചൊരിഞ്ഞ രക്തത്തെ വെളിപ്പെ ടുത്തുന്നു. ഉപദേശങ്ങളേക്കാൾ ഭൂമിയിൽ കർത്താവിന്റെ സേവനങ്ങൾക്ക് ഇതിൽ പ്രാധാന്യം നല്കി യിരിക്കുന്നു.

മത്തായി ക്രിസ്തുവിനെ രാജാവായി ചിത്രീകരിക്കുമ്പോൾ മർക്കൊസ് ക്രിസ്തുവിനെ ദാസ നായി പറയുന്നു. മത്തായി യേശുക്രിസ്തുവിന്റെ ഉയർച്ചയെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ മർക്കൊസ് ക്രിസ്തുവിന്റെ താഴ്ചയെ വിശദീകരിക്കുന്നു.

**എഴുത്തുകാരൻ** :

മർക്കൊസിന്റെ ജന്മസ്ഥലം യെരൂശലേം ആയിരുന്നു. മർക്കൊസ് (യോഹന്നാൻ എന്നൊരു മറുപേരുകൂടിയുണ്ട്. അപ്പൊ.12:12,25) മർക്കൊസ് എന്ന വാക്കിനു അർത്ഥം വലിയ ചുറ്റിക എന്നാ ണ്. വിനയമുള്ള എന്നുമർത്ഥമുണ്ട്. മർക്കൊസിന്റെ അമ്മയുടെ പേര് മറിയ (അപ്പൊ.12:12). ഭവനം യെരുശലേം. മർക്കൊസ് കർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവനല്ലായിരുന്നു. ശ്രേഷ്ഠ അപ്പൊസ്തലനായ പത്രോസിനോ ടൊപ്പം സുവിശേഷ വേലയിൽ പ്രവർത്തിച്ചതിനാൽ പത്രോസ് അനുസ്മരിക്കുന്നത് എനിക്കു മകനായ മർക്കൊസ് എന്നാണ്. (1.പത്രൊ.5:13, ഫിലേ.24). കൂടാതെ പൗലോസിന്റെ ഒന്നാം മിഷനറി യാത്രയിലും മർക്കോസ് അനുഗമിച്ചിരുന്നു. (അപ്പൊ.13.13). ബർന്നബാസിന്റെ മച്ചുനൻ (സ ഹോദരീപുത്രൻ) ആയിരുന്നു മർക്കോസ് (കൊലൊ.4:10). മർക്കൊസ് യെഹൂദനായിരുന്നു (കൊലൊ.4:11).

**ആർക്കെഴുതി** : റോമൻ ജനതയ്ക്കായി

**എഴുത്തുകാരൻ** : യോഹന്നാൻ എന്നു മറുപേരുള്ള മർക്കൊസ്

**ലക്ഷ്യം** : പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റുന്ന വിശ്വസ്ത ദാസനാണ് യേശു എന്നു തെളിയിക്കുക

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 55 -ൽ റോമിൽ വെച്ച് എന്നു കരുതപ്പെടുന്നു

**മർമ്മപദം** : ദാസനായ യേശു

**മർമ്മവാകൃങ്ങൾ** : (1) മർക്കൊ.8:34- 37
(2) മർക്കൊ.10:43-45

**പ്രധാനഅദ്ധ്യായം** : മർക്കൊ.8

**പുസ്തകവിഭജനം** :

| | |
|---|---|
| 1:1 — 1:13 | — ദാസന്റെ ഒരുക്കം |
| 1:14 — 3:12 | — ദാസന്റെ ഗലീലിയൻ ശുശ്രൂഷ |
| 3:13 — 8:38 | — ദാസന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത് |
| 9 — 10 | — ദാസന്റെ യെരുശലേം യാത്ര |
| 11 — 12 | — ദാസന്റെ യെരുശലേം ശുശ്രൂഷ |
| 13 | — ദാസന്റെ ഒലിവു മല പ്രഭാഷണം |
| 14 — 15 | — ദാസന്റെ യാഗവും മരണവും |
| 16 | — ദാസന്റെ വിജയം (പുനരുത്ഥാനം) |

## ക്രിസ്തു മർക്കോസിൽ —
## ശുശ്രൂഷിക്കുന്ന ദാസൻ

(1) ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം എന്നുളള വാക്കുകളോടെയെണ് മർക്കൊസ്, സുവിശേഷം ആരംഭിക്കുന്നത് (മർക്കൊ.1:1) ക്രിസ്തു ദൈവപുത്രൻ.

(2) പിതാവായ ദൈവത്തിന്റ ഇഷ്ടം ചെയ്തു മുന്നേറുന്ന ഒരു ദാസനായി യേശുക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു (മർക്കൊ.10:45) ക്രിസ്തു ശുശ്രൂഷിക്കുന്ന ദാസൻ.

(3) മനുഷ്യനായി ഈ ലോകത്തിലേക്കു വന്ന യേശുവിന്റെ വംശാവലി, ജനനം, ബാല്യകാലം ഇവ രേഖപ്പെടുത്തിയിട്ടില്ല. കാരണം ഒരു ദാസനെ സംബന്ധിച്ചിടത്തോളം ഇവയ്ക്കു പ്രസക്തിയില്ല. ക്രിസ്തു മനുഷ്യപുത്രൻ.

(4) ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നതും പ്രവാചകന്മാർ ദർശിച്ചതും ആയ യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനു വഴി നിരത്തുന്നതായി കാണുന്നു (മലാഖി.3:1, യെശ.40:3, മർക്കൊസ്.1:1-8 ).

(5) ക്രിസ്തു ദൈവപുത്രൻ എന്നു സാക്ഷ്യം വഹിച്ച സന്ദർഭമായിരുന്നു ( നീ എന്റെ പ്രിയപുത്രൻ) യോർദ്ദാനിൽ യേശുവിന്റെ സ്നാനം ( മർക്കൊസ് 1:9- 11).

(6) ക്രിസ്തു പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ (മർക്കൊസ്.1:8).

------------------------------------

# NT -3

# (42) ലൂക്കൊസ് — LUKE

ലൂക്കൊസ്  മനുഷ്യപുത്രനായ യേശുക്രിസ്തുവിന്റെ പൂർണ്ണ മനുഷ്യത്വം ചിത്രീകരിക്കുന്നു (Perfect Son of Man ). പാപികളെ തേടി വരികയും, അവരോടൊപ്പം താമസിക്കുകയും, അവരെ സ്നേഹിക്കുകയും, സഹായിക്കുകയും, അവർക്കായി മരിക്കുകയും ചെയ്ത സമ്പൂർണ്ണ മനുഷ്യനായി അവതരിപ്പിച്ചിരി ക്കുന്നു. ഈ സുവിശേഷത്തിന്റെ പ്രധാന സന്ദേശം, ലൂക്കൊസ് 19:10 -ൽ കാണാം. *"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു."*

മത്തായിയുടെ  സുവിശേഷത്തിൽ വംശാവലി അബ്രഹാമിൽ നിന്നും യേശുവിലേക്കും (42 തലമുറകൾ), ലൂക്കൊസിൽ യേശുവിൽ നിന്നും ആദാമിലൂടെ (74 തലമുറകൾ) ദൈവത്തിൽ അവസാനിക്കുന്നു (ലൂക്കൊ.3:23- 38). മത്തായി യേശുവിനെ രാജാവായി ചിത്രീകരിക്കുമ്പോൾ രാജാക്കന്മാരുടെ നിരകൾ കാണാം. ലൂക്കൊസിൽ ഒന്നാം മനുഷ്യനായ ആദാമിനെ ബന്ധപ്പെടുത്തുന്നതിനാൽ, ലൂക്കൊസ് യേശുക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി അവതരിപ്പിച്ചിരിക്കുകയാണ്. യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും ജനനത്തെപ്പറ്റി ലൂക്കൊസ് വിവരിക്കുന്നു. യേശുവിന്റെ ബാല്യകാല ചരിത്രം ലൂക്കൊസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കെരൂബിന്റെ നാലു മുഖങ്ങളിൽ ഒന്നായ മനുഷ്യമുഖം നിഴലായുള്ള സുവിശേഷമാണിത് (യെഹെ.1:10) പ്രാകാര വാതിലിന്റെ മറശ്ശീലയിൽ കാണുന്ന പിരിച്ച പഞ്ഞിനൂൽ (പുറ.27:16) യേശുവിന്റെ പാപരഹിതമായ മനുഷ്യജീവിതത്തെ ചിത്രീകരിക്കുന്നു. പാപത്തിൽ മുഴുകിയ ലോകത്തോടുള്ള ദൈവത്തിന്റെ നിത്യ സ്നേഹം വെളിപ്പെടുത്തുന്ന സുവിശേഷമാണിത്. ലൂക്കൊസ് യേശുക്രിസ്തു വിന്റെ പ്രാർത്ഥനയെപ്പററി വിവിധ സന്ദർഭങ്ങളിൽ വിവരിച്ചിരിക്കുന്നു (ലൂക്കൊ.5:16/6:12/9:18,28,29/11:1/ 22:42/23:34,46). പിതാവായ ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിച്ച് തന്റെ ആവശ്യങ്ങൾ അറിയിക്കുന്ന മനുഷ്യപുത്രനായി ഇതു കണക്കാക്കാം.

നഷ്ടപ്പെട്ടു വഴിതെറ്റിയ മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള കർത്താവിന്റെ ചിന്ത ഇതിലെ പല ഉപ മകളിലൂടെ വെളിപ്പെടുന്നു. കാണാതെപോയ ആട്, കാണാതെപോയ ദ്രഹ്മ, കാണാതെപോയ അഥവാ വഴിതെറ്റിപ്പോയ മകൻ, നല്ല ശമര്യക്കാരൻ, ചുങ്കക്കാരന്റെയും പരീശന്റെയും പ്രാർത്ഥന, സക്കായി യുടെ മാനസാന്തരം എന്നിവയെല്ലാം ശ്രദ്ധേയമായതാണ്.

**എഴുത്തുകാരൻ** :

യവനനും വൈദ്യനുമായ ലൂക്കൊസ് (Luke the beloved physician) (കൊലൊ.4:14). ലൂക്കൊസ് എന്നപേരിനർത്ഥം വെളിച്ചം (Light) / പ്രകാശം/പ്രകാശമുള്ള എന്നാണ്. ഈ സുവിശേഷവും അപ്പൊ സ്തലപ്രവൃത്തികളും എഴുതിയത് ലൂക്കൊസാണ്. പൗലൊസിന്റെ സുവിശേഷ ദൂതിൽക്കൂടെയാകാം വിശ്വാസത്തിലേക്കു വന്നത്. ലൂക്കൊസ് പൗലൊസിന്റെ സുവിശേഷ യാത്രയിൽ സന്തതസഹചാരിയും ആയിരുന്നു.

**എഴുതിയ കാലം, സ്ഥലം** :

ഏകദേശം  എ.ഡി. 61 - ൽ റോമിൽ വെച്ച് (പൗലോസിനോടൊപ്പം കാരാഗൃഹത്തിൽ ആയി രുന്നപ്പോൾ) ശ്രീമാനായ തെയോഫിലോസിനും, പുറജാതികൾക്കും. ക്രിസ്തു ശിഷ്യനായ റോമൻ ഉദ്യോഗസ്ഥ പ്രധാനിയും, ലൂക്കൊസിന്റെ സേ്നഹിതനുമായ തെയോഫിലോ സിന് എഴുതിയ ഈ സുവിശേഷത്തിന്റെ ഉദ്ദേശ്യം താൻ ക്രിസ്തുവിനെക്കുറിച്ചു അറിഞ്ഞ കാര്യങ്ങൾ സത്യമാണന്നു ഗ്രഹിപ്പിക്കുകയാണ്. (ലൂക്കൊ.1:2,3).  തെയോഫിലോസ് എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ സ്നേഹിതൻ എന്നാണ്. യെഹൂദനല്ലാത്ത ലൂക്കൊസ് യെഹൂദന്മാരല്ലാത്തവരെ ഉദ്ദേശിച്ചാണ് എഴുതി യിരിക്കുന്നത്.

**പ്രധാന പദം** : മനുഷ്യപുത്രനായ യേശു

**പ്രധാന വാക്യങ്ങൾ** : ലൂക്കൊ.1:3,4/ ലൂക്കൊ.19:10 / ലൂക്കൊ.24:27

**പ്രധാന അദ്ധ്യായം** : ലൂക്കൊ.15

1. കാണാതെപോയ ആട്
2. കാണാതെപോയ ദ്രഹ്മ
3. കാണാതെപോയ മകൻ

**പുസ്തക വിഭജനം** : (24 അദ്ധ്യായങ്ങൾ)

| | | |
|---|---|---|
| 1. | മനുഷ്യപുത്രന്റെ ആഗമനം (സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു) | 1:1. — 4:13 |
| 2. | മനുഷ്യപുത്രന്റെ ശുശ്രൂഷ | 4:14 — 9:50 |
| 3. | മനുഷ്യപുത്രൻ നിരസിക്കപ്പെടുന്നു | 9:51 — 19:27 |
| 4. | മനുഷ്യപുത്രന്റെ ക്രൂശുമരണവും, പുനരുത്ഥാനവും | 19:28 — 24:53 |

## ക്രിസ്തു ലൂക്കൊസിൽ —

### ക്രിസ്തു പൂർണ്ണമനുഷ്യൻ (ലൂക്കൊ.9:58/19:10)

1. കാണാതെ പോയ ആട്, കാണാതെ പോയ നാണയം, കാണാതെ പോയ മകൻ എന്നീ ഉപമകളിൽ കർത്താവായ യേശുക്രിസ്തു കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ വന്ന മനുഷ്യപുത്രനായി ദർശിക്കുന്നു (ലൂക്കൊ.15).
2. ക്രിസ്തുവിനെ സാത്താന്റെ മേലും, രോഗത്തിന്മേലും, പ്രകൃതിശക്തിയുടെ മേലും, പാപത്തിന്മേലും, മരണത്തിന്മേലും, അധികാരമുള്ളവനായി ചിത്രീകരിച്ചിരിച്ചിരിക്കുന്നു.
3. യേശുവിന്റെ മനുഷ്യത്വവും, മനസ്സലിവും, സഹതാപവും ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിന്റെ വംശാവലി, ജനനം, വളർച്ച എന്നിവ പ്രതിപാദിച്ചിരിക്കുന്നു (ലൂക്കൊ.3:21 –38) പാപികളായ മനുഷ്യരെ തേടി വന്നു, അവരോടൊപ്പം വസിച്ചു, അവരുടെ വേദനകളിൽ ഏകീഭവിച്ചു, അവരെ രക്ഷിക്കുന്ന മനുഷ്യപുത്രനായി ക്രിസ്തുവിനെ ഈ സുവിശേഷത്തിൽ കാണാം.
4. ക്രിസ്തു പരിശുദ്ധാത്മാവു കൊണ്ടും, തീ കൊണ്ടും സ്നാനം കഴിപ്പിക്കുന്നവൻ (ലൂക്കൊ.3:16).

-----------------------------------

# NT -4

# (43) യോഹന്നാൻ — JOHN

മത്തായി യേശുക്രിസ്തുവിനെ രാജാവായും, മർക്കൊസ് ദാസനായും, ലൂക്കൊസ് സമ്പൂർണ്ണ മനുഷ്യനായും അവതരിപ്പിക്കുമ്പോൾ യോഹന്നാൻ യേശുക്രിസ്തുവിനെ **ദൈവപുത്രനായി** ചിത്രീകരിക്കുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്ന സുവിശേഷമാണിത്.

ഈ സുവിശേഷത്തിന്റെ ഉദ്ദേശ്യം യോഹ.20:30,31 വാക്യങ്ങളിൽ കാണാം. *"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന തല്ലാതെ മററു അനേക അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു."* ഈ വാക്യങ്ങളിൽ മൂന്നു മർമ്മവാക്കുകളുണ്ട്. (1) അടയാളങ്ങൾ (2) വിശ്വാസം (3) ജീവൻ.

**'അടയാളങ്ങൾ'** എന്ന വാക്ക് — യേശുക്രിസ്തു ചെയ്ത അടയാളങ്ങൾ, അത്ഭുതപ്രവൃത്തികൾ — താൻ ദൈവപുത്രൻ എന്നും, ത്രിത്വത്തിൽ രണ്ടാമൻ എന്നും തെളിയിക്കുന്നവയായി രിക്കുന്നു. (യോഹ.2:2 -11 / യോഹ.4:46- 54/ യോഹ.5:1 -5/ യോഹ.6:1 -14/ യോഹ.6:15- 21/ യോഹ.9:1-41/ യോഹ.11:1-44/ യോഹ.21:6- 11).

**'വിശ്വാസം'** എന്ന വാക്കു അർത്ഥമാക്കുന്നതു ആശ്രയി ക്കകയും സമർപ്പിക്കുകയും ചെയ്യുന്നതിനെയാണ്. യേശുക്രിസ്തു ചെയ്ത അടയാളങ്ങൾ കണ്ടു യേശു ദൈവപുത്രനായ ക്രിസ്തു എന്നു വിശ്വസിക്കേണം.

**'ജീവൻ'** എന്ന വാക്കു അർത്ഥമാക്കുന്നത് യേശുക്രിസ്തു വിൽ വിശ്വസിക്കുന്നവനു ലഭിക്കുന്ന ഫലവും യേശുക്രിസ്തുവിന്റെ പ്രവർത്തനവുമാണ്. അതായതു ക്രിസ്തുവിൽ വിശ്വസിക്കുന്ന വർക്കു നിത്യജീവൻ ലഭിക്കും.

യോഹന്നാന്റെ സുവിശേഷത്തിന്റെ രത്നച്ചുരുക്കം യോഹ.3:16 -ൽ കാണാം. നമ്മുടെ പാപങ്ങൾക്കു സകല വിലയും കൊടുത്തു, നമുക്കു പകരക്കാരനായി മരിച്ച, ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിത്യജീവൻ ലഭിക്കുന്നു. കെരൂബിന്റെ നാലു മുഖങ്ങളിൽ ഒന്നായ കഴുകുമുഖവും (യെഹെ.1:10), സമാഗമനകൂടാരത്തിന്റെ പ്രാകാരവാതിൽക്കലുള്ള മറശ്ശീലയിലെ നീലനൂലും (പുറ.27:16) യേശുവിന്റെ ദൈവത്വത്തിന്റെ നിഴലാണ്.

**എഴുത്തുകാരൻ** : യോഹന്നാൻ. (സെബദിയുടെ മകനും,യാക്കോബിന്റെ സഹോദരനും ആയിരുന്നു) അപ്പൊസ്തലനായ യോഹന്നാൻ, യേശുക്രിസ്തുവിന്റെ പ്രിയ ശിഷ്യനായിരുന്നു. സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്ന അപരനാമം ലഭിച്ചിട്ടുണ്ട്. യോഹന്നാന്റെ മൂന്നു ലേഖനങ്ങളും പ്രവചന പുസ്തകമായ വെളിപ്പാടും യോഹന്നാൻ ആണ് എഴുതിയത് യോഹന്നാൻ എന്ന പേരിനർത്ഥം ദൈവം കൃപാലുവാകുന്നു (God is gracious) എന്നാണ്.

**ആർക്കെഴുതി** : മത്തായി യെഹൂദന്മാർക്കും, മർക്കൊസ് റോമൻ ജനതയ്ക്കും, ലൂക്കൊസ് യവനർക്കും (പുറജാതികൾ) എഴുതിയപ്പോൾ യോഹന്നാൻ ക്രിസ്തീയ വിശ്വാസികൾക്കായി എഴുതി.

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 90 -ൽ എഫെസൊസിൽ വെച്ച്

**പ്രമേയം** : യേശു ദൈവപുത്രൻ എന്നു വിശ്വസിച്ചു നിത്യജീവൻ പ്രാപിക്കുക.

**മർമ്മ വാക്യങ്ങൾ** : യോഹ.1:11- 13 /യോഹ.20:30 ,31

**പ്രധാന അദ്ധ്യായം** : യോഹ.3

## പുസ്തക വിഭജനം: (21 അദ്ധ്യായങ്ങൾ)

1. ദൈവപുത്രന്റെ അവതാരം : 1:1 — 1:18
2. ദൈവപുത്രന്റെ പരസ്യശുശ്രൂഷ : 1:19 — 4:54
3. ദൈവപുത്രനോടുള്ള എതിർപ്പു : 5 — 12
4. ദൈവപുത്രൻ ശിഷ്യന്മാരെ പ്രവർത്തനത്തിനു തയ്യാറാക്കുന്നു : 13 — 17
5. ദൈവപുത്രന്റെ ക്രൂശുമരണവും, പുനരുത്ഥാനവും : 18 — 21

**യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ —**

(1) കാനാവിലെ കല്യാണത്തിൽ വെള്ളം വീഞ്ഞാക്കി (2:1–11) -
(യേശുവിന്റെ ഒന്നാമത്തെ അത്ഭുതപ്രവൃത്തി)

(2) കഫർന്നഹൂമിലെ രാജഭൃത്യന്റെ മകനു സൗഖ്യം നല്കിയത് (4:46–54)

(3) ബേഥെസ്ദാ കുളക്കരയിലെ രോഗിക്കു സൗഖ്യം (5:1–9)

(4) അഞ്ചു അപ്പവും രണ്ടു മീനുംകൊണ്ടു 5000–ത്തെ പോഷിപ്പിക്കുന്നു (6:1–14)

(5) കടലിന്മേൽ നടക്കുന്നത് (6:16–21)

(6) പിറവി കുരുടനു കാഴ്ച (9:1–7)

(7) ലാസറിനെ ഉയിർപ്പിച്ചു (11:17–44)

(8) അത്ഭുതകരമായ മീൻ പിടുത്തം (21:1–14)

**മരണാന്തര ജീവിതം —**

മനുഷ്യൻ മരിച്ചാൽ ജീവിക്കുമോ? (ഇയ്യോബ്.14:14)

ഉത്തരം > യോഹ.11:25 — ‘‘*ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.*”

## ക്രിസ്തു യോഹന്നാനിൽ — ക്രിസ്തു സമ്പൂർണ്ണദൈവം

1. ക്രിസ്തു ദൈവപുത്രൻ — യോഹ.1:1–3/ യോഹ.9:35–38/ യോഹ.10:29/ യോഹ.14:7–11/യോഹ.15:1
2. ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? 1. രാജാ.8:27.ൽ ശലോമോൻ രാജാവു ദേവാലയം പണിതു സമർപ്പിച്ചപ്പോൾ ചോദിച്ചതാണിത്. ദൈവത്തിന്റെ തേജസ്സ് അഥവാ ഷെക്കിനാ സമാഗമന കൂടാരത്തിലും (പുറ.40:34), ദൈവത്തിന്റെ ആലയത്തിലും (1.രാജാ.8 :10, 11), നിറഞ്ഞിരുന്നു. ദൈവത്തെ അനുസരിക്കാതെ യിസ്രായേൽ ജനം മറുതലിച്ചപ്പോൾ ഈ ദൈവതേജസ്സു അവരിൽ നിന്നും സാവധാനം അപ്രത്യക്ഷമാകുന്നു (യെഹെ.9:3/10:4/10:19/11:23). എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ദൈവം വീണ്ടും തന്റെ ജനത്തിനിടയിൽ ദൈവപുത്രനായ യേശുക്രിസ്തു വിലൂടെ പാർക്കുവാൻ പ്രസാദമായി (യോഹ.1:1,2/യോഹ.1:14)
3. യോഹ.1 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന 7 അടയാളങ്ങളും, ഞാൻ ആകുന്നു എന്ന യേശുവിന്റെ 7 പ്രസ്താവനകളും, യോഹ.5:30–40 വരെ കാണുന്ന 5 സാക്ഷ്യങ്ങളും യേശു ദൈവപുത്രനെന്നും, ത്രിത്വത്തിൽ രണ്ടാമനെന്നും ഉറപ്പിക്കുന്ന തെളിവുകളുമാണ്.
    1. ഞാൻ ജീവന്റെ അപ്പം ആകുന്നു — യോഹ.6:35,48
    2. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു —യോഹ.8:12/9:5
    3. ഞാൻ വാതിൽ ആകുന്നു — യോഹ.10:7,9
    4. ഞാൻ നല്ല ഇടയൻ ആകുന്നു — യോഹ.10:11,14
    5. ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു— യോഹ.11:25
    6. ഞാൻ തന്നേ വഴിയും സത്യവും, ജീവനും ആകുന്നു— യോഹ.14:6

7. ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു — യോഹ.15:1—5

4. സമാഗമന കൂടാരത്തിലെ ഭാഗങ്ങളോടു ഈ സുവിശേഷത്തെയും ക്രിസ്തുവിന്റെ ശുശ്രൂഷയെയും ബന്ധപ്പെടുത്താം. ആദ്യത്തെ 11 അദ്ധ്യായങ്ങളിൽ മറശ്ശീലയ്ക്കു വെളിയിൽ പ്രാകാരത്തിൽ എന്നതു പോലെ യേശു ജനമദ്ധ്യത്തിൽ തന്റെ പരസ്യശുശ്രൂഷ നടത്തുന്നു. 12 -ൽ യേശു തന്റെ മരണത്തെ 4 പ്രാവശ്യം പ്രസ്താവിക്കുന്നു. ഇതു താമ്രയാഗപീഠമായി കാണാം. 13 - ൽ ശിഷ്യന്മാരുടെ കാൽ കഴുകുന്നത് താമ്രത്തൊട്ടിയുടെ ഉപയോഗമാണ്. 14 മുതൽ 17 വരെ അതിവിശുദ്ധമന്ദിരത്തിലെ ശുശ്രൂഷയുടെ നിഴൽ കാണുന്നു. 18 മുതൽ 21 വരെ യേശു സ്വന്തരക്തത്താൽ വീണ്ടെടുപ്പു ഉറപ്പാക്കുന്നു.

---------------------------------

# NT -5

# (44)അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ
# (ACTS OF THE APOSTLES)

പുതിയനിയമത്തിലെ ചരിത്രമാണ് (സഭാചരിത്രം) അപ്പൊസ്തലപ്രവൃത്തികൾ. സുവിശേഷങ്ങളിൽ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു പറയുന്നെങ്കിൽ അപ്പൊസ്തല പ്രവൃത്തികളിൽ സഭയുടെ ആരംഭപ്രവർത്തനങ്ങളെക്കുറിച്ചു പറയുന്നു. നാലു സുവിശേഷങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ജീവിതത്തെയും, ശുശ്രൂഷകളെയും പ്രതിപാദിക്കുമ്പോൾ പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തുന്നത്, യേശുക്രിസ്തുവിനെ അനുഗമിച്ചവരിൽ ഈ സുവിശേഷത്തിന്റെ സ്വാധീനതയെയാണ്. ലൂക്കൊസിന്റെ സുവിശേഷത്തിന്റെ ഒരു അനുബന്ധമാണ് അപ്പൊസ്തലപ്രവൃത്തികൾ. ലൂക്കൊ.24:50 —53-ൽ വിശ്വാസികൾ ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു എന്നു പറഞ്ഞുകൊണ്ടാണ് ലൂക്കൊസ് തന്റെ സുവിശേഷം അവസാനിപ്പിച്ചിരിക്കുന്നത്. ഈ വിശ്വാസികളുടെ തുടർന്നുള്ള പ്രവർത്തനത്തെ കാണിക്കുന്ന പുസ്തകമാണ് അപ്പൊസ്തലപ്രവൃത്തികൾ.

സുവിശേഷത്തിലൂടെ താൻ അവതരിപ്പിച്ചത് കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ തന്റെ ശാരീരികസാന്നിദ്ധ്യത്തിൽ ചെയ്ത കാര്യങ്ങളാണെങ്കിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നത് ക്രിസ്തു സ്വർഗ്ഗത്തിൽ ഇരുന്നു കൊണ്ട് തന്റെ ആത്മീയശരീരത്താൽ (പരിശുദ്ധാത്മാവിനാൽ) സഭയെ നടത്തുന്നതാണ്. ലൂക്കൊസിന്റെ സുവിശേഷം ചിത്രീകരിക്കുന്നത് മനുഷ്യപുത്രന്റെ പ്രവർത്തനങ്ങൾ ആണെങ്കിൽ, പ്രവൃത്തികളുടെ പുസ്തകം ചിത്രീകരിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ആണ്. ആയതിനാൽ ഈ പുസ്തകത്തെ **"പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ "** എന്നും അറിയപ്പെടുന്നു (The Acts of the Holy Spirit).

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്നു നാമകരണം ചെയ്തിരിക്കുന്നതെങ്കിലും പ്രധാന മായും പത്രൊസിന്റെയും (അപ്പൊ.1-12),പൗലൊസിന്റെയും (അപ്പൊ.13-28) പ്രവർത്തനങ്ങളുടെ വിവ രണം ഇതിൽ കാണുന്നു. ക്രിസ്തീയ സഭകളുടെ ആരംഭം, പ്രവർത്തനങ്ങൾ, സഭകളുടെ വളർച്ച, എതിർപ്പുകൾ എന്നിവയെല്ലാം ഇതിൽ വിവരിക്കുന്നുണ്ട്.

ഈ പുസ്തകത്തിന്റെ പ്രധാന സന്ദേശം അപ്പൊ.1:8— ൽ കാണുന്നു. *"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികൾ ആകും."* മത്തായി തന്റെ സുവിശേഷം അവസാനിപ്പിച്ചിരിക്കുന്നതും യേശുക്രിസ്തുവിന്റെ ഈ സ്വർഗ്ഗാരോഹണ മൊഴികളിലൂടെയാണ് (മത്താ.28:19,20).

**എഴുത്തുകാരൻ** : പുതിയനിയമത്തിലെ മൂന്നാമത്തെ സുവിശേഷമായ ലൂക്കൊസിന്റെ സുവിശേഷവും അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകവും എഴുതിയത് വൈദ്യനായ ലൂക്കൊസ് ആണ് (ലൂക്കൊ.1:3/അപ്പൊ.1:1).ഇദ്ദേഹം പൗലൊസിന്റെ സന്തത സഹചാരിയുമായിരുന്നു (ഫിലേ.24 / 2.തിമൊ.4:11 / കൊലൊ.4.14).

**ആർക്കെഴുതി** : തെയോഫിലോസിന്

തെയോഫിലോസ് എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ സ്നേഹിതൻ. ലൂക്കൊസിന്റെ സ്നേഹിതനും, റോമൻ ഉദ്യോഗസ്ഥ പ്രധാനിയും ആയിരുന്നു.

ക്രിസ്തീയ സഭയുടെ ജനനവും, വളർച്ചയും, പ്രവർത്തന ങ്ങളും വിവരിക്കുകയായിരുന്നു ലക്ഷ്യം

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 62 -ൽ റോമിൽ വെച്ച്

**പ്രമേയം** : സഭയുടെ വളർച്ച

**മർമ്മവാക്യങ്ങൾ** : അപ്പൊ.1:8/ അപ്പൊ.2:42 —47

**പ്രധാനഅദ്ധ്യായം** : അപ്പൊ.2

**പ്രത്യേകത** : പുതിയനിയമം പഠിക്കുമ്പോൾ രക്ഷ എന്നുള്ളത് യഹൂദന് ആദ്യം എന്നതായിരുന്നു. യേശു ക്രിസ്തുവിന്റെ ദൗത്യം യഹൂദന്മാരുടെ ഇടയിൽ ആരംഭിച്ചു. തന്റെ ശിഷ്യഗണത്തെ ദൂതുമായി അയച്ചപ്പോൾ ജാതികളുടെ അടുക്കലോ, ശമര്യ പട്ടണങ്ങളിലോ പോകരുത് എന്നു വിലക്കിയിരുന്നു (മത്താ.10:1-6). തന്റെ പുനരുദ്ധാനശേഷം ശിഷ്യന്മാർ യെരുശലേമിൽ കാത്തിരിക്കുവാനും, അവിടെ വേല ആരംഭിക്കുവാനും കല്പന കൊടുത്തു (ലൂക്കൊസ്.24:46-49).

അപ്പൊസ്തലപ്രവൃത്തികളിൽ ആദ്യത്തെ ഏഴു അദ്ധ്യായങ്ങളിൽ ശിഷ്യന്മാരുടെ പ്രവർത്തനം യഹൂദന്മാരുടെ ഇടയിലായിരുന്നു. രണ്ടാം അദ്ധ്യായത്തിൽ കാര്യസ്ഥനായ പരിശുദ്ധാത്മാവു വരുന്നു. യഹൂദന്മാർക്കു സഭയിലേക്കു പ്രവേശനം ലഭിക്കുന്നു. ജാതികൾക്കു പ്രവേശനമില്ല. യഹൂദന്മാർ, യിസ്രായേൽ രാഷ്ട്രം, സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നു (അപ്പൊ.7:54-60). തുടർന്നു എട്ടാം അദ്ധ്യായത്തിൽ ശമര്യരെ സഭയിലേക്കു പ്രവേശിപ്പിക്കുന്നു (അപ്പൊ.8:1-8). പത്താം അദ്ധ്യായത്തിൽ ജാതികൾക്കു പ്രവേശനം ലഭിക്കുന്നു. അങ്ങനെ പുറജാതികളായ നമുക്കു ദൈവസഭയിലേ യ്ക്കു പ്രവേശനം ലഭിച്ച അതിശ്രേഷ്ഠമായ അവകാശത്തെ കുറിക്കുന്ന പുസ്തകമാണിത്.

**പന്ത്രണ്ടു അപ്പൊസ്തലന്മാർ** — (അപ്പൊ.1:13) —

(1) പത്രൊസ് (2) യോഹന്നാൻ (3) യാക്കോബ് (4) അന്ത്രെയാസ് (5) ഫിലിപ്പോസ് (6) തോമസ് (7) ബർത്തൊലൊമായി (8) മത്തായി (9) അല്പായുടെ മകനായ യാക്കോബ് (10) എരിവുകാരനായ ശീമോൻ (11) യാക്കോബിന്റെ സഹോദരനായ യൂദാ (12) ഈസ്കര്യോത്താ യൂദാ —

(ഈസ്കര്യോത്താ യൂദായുടെ പേര് ഈ ഭാഗത്ത് ചേർത്തിട്ടില്ല. കർത്താവിനെ ഒറ്റിക്കൊടുത്ത് പുറത്ത് പോയതിനാലാവാം — പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തു — അപ്പൊ.1:21-26)

**പുസ്തക വിഭജനം**: (28 അദ്ധ്യായങ്ങൾ)

(1) പത്രൊസിന്റെ ശുശ്രൂഷകൾ (1 — 12)

യെരുശലേമിലും, ശമര്യയിലും ക്രിസ്തുവിന്റെ സാക്ഷ്യം.

(2) പൗലൊസിന്റെ ശുശ്രൂഷകൾ (13 — 28)

ഭൂമിയുടെ അററത്തോളം ക്രിസ്തുവിന്റെ സാക്ഷ്യം.

# അപ്പൊസ്തലപ്രവൃത്തികളിൽ ക്രിസ്തു - പരിശുദ്ധാത്മസ്നാപകൻ

1. ആരോഹണം ചെയ്ത കർത്താവ് - അപ്പൊ.1:9 - ( Ascended Lord)
2. കർത്താവായ യേശുക്രിസ്തു മനുഷ്യപുത്രനായി ഈ ലോകത്തിലേക്കു വന്നു; പാപപരിഹാരത്തിനായി ക്രൂശിൽ മരിച്ചു; അടക്കപ്പെട്ടു; മൂന്നാം നാൾ ഉയിർത്തെഴുന്നേററു; ഈ യേശുക്രിസ്തുവാണ് ഇതിലെ കേന്ദ്ര വിഷയം. പഴയനിയമത്തിൽ ദൈവം മനുഷ്യനു വേണ്ടി പ്രവർത്തിക്കുന്നു. സുവിശേഷത്തിൽ ക്രിസ്തു മനുഷ്യരുടെ കൂടെ പ്രവർത്തിക്കുന്നു. എന്നാൽ പ്രവൃത്തികളിൽ പരിശുദ്ധാത്മാവ് മനുഷ്യരിൽ വസിച്ചു പ്രവർത്തിക്കുന്നു.
3. ഇതിലെ പഴയനിയമത്തിലെ ഉദ്ധരണികൾ, യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്, അപ്പൊസ്തലന്മാരുടെ സാക്ഷ്യങ്ങൾ, പരിശുദ്ധാത്മശക്തിയും പ്രവർത്തനവും, എല്ലാം യേശുക്രിസ്തു തന്നെയാണ് ഏകരക്ഷകൻ എന്നു കാണിക്കുന്നു (അപ്പൊ.2:22-36 /അപ്പൊ.10:34-43). "മററൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ.4:12) എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു.
4. യേശുക്രിസ്തുവിലൂടെ, വിശ്വാസികളുടെ പ്രത്യാശ ഈ പുസ്തകത്തിൽ കാണാം. സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു വീണ്ടും വരും എന്ന ഉറപ്പേറിയ പ്രഖ്യാപനം ഇതിൽ ഉണ്ട്. (അപ്പൊ.1:9-11).

----------------------------------

# ലേഖനങ്ങൾ (THE EPISTLES)

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കഴിഞ്ഞാൽ അപ്പൊസ്തലിക എഴുത്തുകളാണുള്ളത്. അപ്പൊസ്തലിക എഴുത്തുകളെ രണ്ടായി തിരിക്കാം.

| |
|---|
| (1) **അപ്പൊസ്തലപ്രവൃത്തികൾ** (2) **അപ്പൊസ്തലിക എഴുത്തുകൾ** അഥവാ **ലേഖനങ്ങൾ** |
| അപ്പൊസ്തല പ്രവൃത്തികൾ സഭാചരിത്രപുസ്തകമായിരിക്കുമ്പോൾ അപ്പൊസ്തലിക ലേഖനങ്ങൾ സഭകൾക്കും വ്യക്തികൾക്കുമുള്ള ഉപദേശവിഷയങ്ങളാണ്. |

അപ്പൊസ്തലികലേഖനങ്ങളെ രണ്ടായി തിരിക്കാം —

(1)പൗലൊസിന്റെ ലേഖനങ്ങൾ

(2)സാർവത്രികലേഖനങ്ങൾ

| |
|---|
| (1) **പൗലൊസിന്റെ ലേഖനങ്ങൾ** — 14 എണ്ണം |
| (1) റോമർ (2) 1.കൊരിന്ത്യർ (3) 2.കൊരിന്ത്യർ (4) ഗലാത്യർ (5) എഫെസ്യർ |
| (6) ഫിലിപ്പിയർ (7) കൊലൊസ്സ്യർ (8) 1.തെസ്സലൊനിക്യർ (9) 2.തെസ്സലൊനിക്യർ |
| (10) 1.തിമൊഥെയൊസ് (11) 2.തിമൊഥെയൊസ് (12) തീത്തൊസ് (13) ഫിലേമോൻ (14) എബ്രായർ |
| എബ്രായലേഖനമെഴുതിയത് പൗലൊസ് എന്നു പൊതുവേ കരുതപ്പെടുന്നു |

**(2) സാർവത്രികലേഖനങ്ങൾ** (പൊതുലേഖനങ്ങൾ) — 7 എണ്ണം

| |
|---|
| (1) യാക്കോബ് (2) 1.പത്രൊസ് (3) 2.പത്രൊസ് (4) 1.യോഹന്നാൻ (5) 2.യോഹന്നാൻ |
| (6) 3.യോഹന്നാൻ (7) യൂദാ |

എബ്രായലേഖനം ഉൾപ്പെടെ 14 ലേഖനങ്ങൾ അപ്പൊസ്തലനായ പൗലൊസ് എഴുതി. എബ്രായലേഖനം പൗലൊസ് എഴുതിയതല്ല എന്നു ചിലർ അഭിപ്രായപ്പെടുന്നു. എങ്കിലും ഇതിലെ ശൈലികളും അവതരണത്തിലെ സാമ്യവും, മറ്റു തെളിവുകളുടെയും അടിസ്ഥാനത്തിൽ ഇതിന്റെ എഴുത്തുകാരൻ പൗലൊസ് എന്നു പൊതുവേ കരുതപ്പെടുന്നു.

അപ്പൊസ്ഥലന്മാരിൽ ഏററവും അധികം അദ്ധ്വാനിച്ചതു പൗലൊസാണ്. ലേഖനങ്ങളിൽ 9 എണ്ണം സഭകൾക്കും, 5 എണ്ണം വ്യക്തികൾക്കും എഴുതി. എഴുതിയ കാലക്രമമനുസരിച്ചു 1.തെസ്സലൊനിക്യർ ആണ് ആദ്യം എഴുതിയത്. എന്നാൽ റോമർക്കു എഴുതിയ ലേഖനമാണ് പുതിയനിയമത്തിൽ ആദ്യം ചേർത്തിരി ക്കുന്നത്. ഇതിൽ രക്ഷയുടെ ഉപദേശം അടങ്ങിയിരി ക്കുന്നു. ആയതിനാൽ ഈ ലേഖനം ആദ്യം ചേർത്തിരിക്കുന്നത് യുക്തമായിരിക്കുന്നു.

ഉപദേശവിഷയങ്ങൾ അനുസരിച്ചു പരിശുദ്ധാത്മാവു ലേഖനങ്ങളെല്ലാം പടിപടിയായി ക്രമീകരിച്ചിരിക്കുന്നു. രക്ഷ തുടങ്ങി കർത്താവിന്റെ വരവുവരെ ക്രമാമായി രേഖപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| 1 | റോമർ | രക്ഷയും സ്നാനവും |
| 2 | കൊരിന്ത്യർ | വിശുദ്ധിയും, വേർപാടും |
| 3 | ഗലാത്യർ | ആത്മാവിന്റെ ഫലം |
| 4 | എഫെസ്യർ | വിശ്വാസി ശത്രുവിനെതിരേ പോരാടേണ്ട ആവശ്യവും വിധവും |
| 5 | ഫിലിപ്പിയർ | ആത്മാവിന്റെ സന്തോഷം |
| 6 | കൊലൊസ്സ്യർ | ക്രിസ്തുവിൽ ജീവിക്കുക, പൂർണ്ണത പ്രാപിക്കുക |
| 7 | തെസ്സൊലൊനിക്യർ | കർത്താവിന്റെ പുനരാഗമനം. |

# NT -6

## (45) റോമർ — ROMANS

പൗലൊസിന്റെ ഏററവും മഹത്തായ രചനയാണ് റോമർക്കു എഴുതിയ ലേഖനം. മററു ലേഖനങ്ങൾ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തെയും, ഉപദേശത്തെയും കുറിച്ചു പറയുമ്പോൾ റോമാലേഖനം ക്രിസ്തുവിന്റെ യാഗമരണത്തെ ചൂണ്ടിക്കാ ണിക്കുന്നു. ഇതിലെ വിഷയം **"വിശ്വാസത്താൽ നീതീകരണം"** എന്നതാണ് (Justification by Faith). റോമാലേഖനത്തിലൂടെ പൗലൊസ് അറിയിക്കുന്ന സന്ദേശം നാം ദൈവത്തോട്, നമ്മോട്, മററുളളവരോട് നേരായിരിക്ക എന്നതാണ് ( Be Right with God, Ourselves and Others). റോമാലേഖനം സത്യവേദപുസ്തകം മുഴുവനായി മനസ്സിലാക്കുവാനുളള ഒരു താക്കോലാണ്. ക്രിസ്തീയ ജീവിതം വിജയകരമായി തുടരുവാൻ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ഉല്പത്തിപ്പുസ്തകത്തിൽ പറുദീസാ (സ്വർഗ്ഗരാജ്യം) നഷ്ടപ്പെട്ടതു പറയുന്നു (Paradise Lost). വെളിപ്പാടുപുസ്തകത്തിൽ പറുദീസ വീണ്ടെടുക്കുന്നതു പറയുന്നു (Paradise Regained). ഉല്പത്തി പഴയ അവസ്ഥ കാണിക്കുമ്പോൾ വെളിപ്പാട് ഭാവിയിലെ പ്രത്യാശ ഉണർത്തുന്നു. നാം പഴയനഷ്ടത്തിലേക്കു നോക്കി നെടുവീർപ്പിട്ടു ദുഖിക്കുകയല്ല, മുന്നോട്ടു നോക്കി മഹത്വകരമായ ഭാവിപ്രത്യാശ ആഗ്രഹിച്ചു കഴിയുകയാണു വേണ്ടത്. എന്നാൽ ഇതിനു മദ്ധ്യേ വസിക്കുന്ന നാം ഉല്പത്തിയിൽ നഷ്ടപ്പെട്ട സ്വർഗ്ഗം, വെളിപ്പാടിൽ ലഭിക്കാൻ പോകുന്ന സ്വർഗ്ഗം, ഭൂമിയിൽ വച്ചു തന്നെ ആസ്വദിക്കുന്നതാണ് റോമാലേഖനത്തിലെ ആശയം (Paradise Enjoying). വിശ്വാസത്താൽ നീതീകരണം ലഭിച്ച ദൈവമക്കളുടെ ഈ ഭൂമിയിലെ വാസം, ദൈവത്തോടു സഹവസിച്ചു നടക്കുമ്പോൾ ലഭിക്കുന്ന കൂട്ടായ്മബന്ധം സ്വർഗ്ഗതുല്യം തന്നേ (സങ്കീ.73:25). മനുഷ്യന്റെ വീഴ്ചയെകുറിച്ചും, വീണ്ടും ലഭിച്ച ദൈവിക കൂട്ടായ്മബന്ധത്തെ കുറിച്ചും സവിസ്തരമായി റോമാലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

**പ്രത്യേകതകൾ** :

ക്രിസ്തീയ വിശ്വാസത്തിന്റെ ആഴമേറിയ സത്യങ്ങൾ, അടിസ്ഥാനങ്ങൾ ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നു. റോമാലേഖനത്തെ താഴെ പറയുന്ന വിധത്തിൽ അറിയപ്പെടുന്നു.

1. ക്രിസ്തീയ ഭരണഘടന (The Constitution of Christianity)
2. ക്രീസ്തീയ പ്രകടനപത്രിക (The Christian Manifesto)
3. ക്രിസ്തീയ വിശ്വാസത്തിന്റെ ഭദ്രാസനം (The Cathedral of Christian Faith)

**എഴുത്തുകാരൻ** : അപ്പൊസ്തലനായ പൗലൊസ്

**ആർക്കെഴുതി** : റോമയിലെ ക്രിസ്താനികൾക്കും മററെല്ലായിടത്തുമുളള വിശ്വാസികൾക്കും

**എഴുതിയ കാലം, സ്ഥലം** :

ഏകദേശം എ.ഡി.58-ൽ കൊരിന്തിൽ നിന്നും പൗലൊസ് യെരുശലേമിലേക്കു പോകുവാൻ തയ്യാറെടുക്കുമ്പോൾ കൊരിന്തിൽവെച്ചു എഴുതി.

**പ്രധാന വാക്ക്** : ദൈവനീതി (റോമ.1:16,17)

**പ്രധാന വാക്യങ്ങൾ** : (1) റോമ.1:16,17 / റോമ.3:21 — 25 / റോമ.5:1.

**പ്രധാന അദ്ധ്യായങ്ങൾ** : റോമ.6,7,8

**പുസ്തക വിഭജനം**: (16 അദ്ധ്യായങ്ങൾ)

| | |
|---|---|
| (1) ആമുഖം | റോമ.1:1 — 1:17 |
| (2) പാപം (Sin) | റോമ.1:18 — 3:20 |
| (3) രക്ഷ (Salvation) | റോമ.3:21 —5:21 |
| (4) വിശുദ്ധീകരണം (Sanctfication) | റോമ.6 — 8 |
| (5) ദൈവികപരമാധികാരം (Sovereignty) | റോമ. 9 — 11 |
| (6) നീതീകരണം ലഭിച്ചവന്റെ നടപ്പു (സേവനം) (Service) | റോമ.12 — 16 |

## ക്രിസ്തു റോമാലേഖനത്തിൽ —
## ക്രിസ്തു നീതീകരിക്കുന്നവൻ(റോമ.3:24)

(1) ദൈവം തയ്യാറാക്കിയതും, ക്രിസ്തുയേശുവിന്റെ ക്രൂശുമരണം മൂലം ലഭിച്ചിരിക്കുന്നതുമായ വീണ്ടെടുപ്പ് ഒരുവനു അവകാശമാക്കുവാൻ സാധിക്കുന്നത് ക്രിസ്തുവിൽ വിശ്വസിച്ചു, ക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ അംഗീകരിക്കു മ്പോഴാണ് (റോമ.3:25/ റോമ.4:5/ റോമ.10:9:10,11).

(2) ക്രിസ്തുവിന്റെ മരണം പ്രായശ്ചിത്ത മരണമായിരുന്നു (റോമ.3:25).

(3) ക്രിസ്തുവിന്റെ ചൊരിയപ്പെട്ട രക്തമാണ് പാപികളുടെ വീണ്ടെടുപ്പിനു മറുവിലയായി തീർന്നിരിക്കുന്നത്. സൗജന്യമായ നീതീകരണവും ലഭിച്ചു (റോമ.3:24,25 )

(4) ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണത്തിനു സാദ്ധ്യത ഉണ്ടായി (റോമ.5:18,19). എല്ലാവർക്കും നീതീകരണം നേടിക്കൊടുക്കുന്ന രണ്ടാമത്തെ ആദാം ആയി യേശുക്രിസ്തുവിനെ ചിത്രീകരിച്ചി രിക്കുന്നു.

(5) ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല (റോമ.8:1).

(6) മനുഷ്യൻ ദൈവമുമ്പാകെ ചെയ്യേണ്ടിയിരുന്നവ എല്ലാം ചെയ്തു തീർക്കുവാൻ ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ വന്നു( റോമ.8:3).

(7) പാപിയായ മനുഷ്യനു ദൈവം ക്രിസ്തുവിലൂടെ നൽകുന്ന രക്ഷയുടെ വിവിധ അനുഭവങ്ങളെ ഈ ലേഖനത്തിൽ കാണാം.

| | |
|---|---|
| (1) രക്ഷ | : റോമ.1:6/ റോമ.10:9,10 |
| (2) വീണ്ടെടുപ്പ് | : റോമ.3:24 |
| (3) നീതീകരണം | : റോമ.5:1,9,19 |
| (4) പാപമോചനം | : റോമ.6:7 |
| (5) നിത്യജീവൻ | : റോമ.6:22,23 |

-----------------------------------

# NT -7

# (46) 1.കൊരിന്ത്യർ — 1. CORINTHIANS

ഗ്രീസിലെ ഒരു പ്രധാന നഗരമായിരുന്നു കൊരിന്ത്. റോമാ സാമ്രാജ്യത്തിലെ മായച്ചന്ത എന്ന പേരിൽ അറിയത്തക്കവിധം ആ പട്ടണവാസികൾ ദുർന്നടപ്പുകാരും, മ്ളേഛന്മാരുമായിരുന്നു (1.കൊരി.6:9 —11). കൊരിന്ത് ലോകപ്രസിദ്ധമായ വ്യാപാര കേന്ദ്രമാണെങ്കിലും ധാർമ്മികാധഃപതനത്തിന്റെയും വിഗ്രഹാരാധന യുടെയും കേന്ദ്രമായിരുന്നു. കൊരിന്ത്യർ എന്ന പദം വ്യഭിചാര ത്തിന്റെയും, ദുർമ്മാർഗ്ഗത്തിന്റെയും പര്യായമായി പുരാതന ലോകത്തിൽ അറിയപ്പെട്ടിരുന്നു. പൗലൊസ് ഈ പട്ടണത്തിലും സുവിശേഷം അറിയിച്ചു. 18 മാസം അദ്ധ്വാനിച്ചതിന്റെ ഫലമായി (അപ്പൊ.18:1–7) ഈ ദുഷിച്ച മനുഷ്യരിൽ നിന്നു ഒരു കൂട്ടർ കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാനിടയായി (1.കൊരി 1:26–28).

ഒന്നാം ലേഖനം എഴുതുവാനായി പൗലൊസിനെ പ്രേരിപ്പിച്ച രണ്ടു പ്രധാനകാരണങ്ങൾ ഈ ലേഖനത്തിൽ തന്നെ കാണുന്നു. ഒന്നാമതായി, ക്ലോവയിൽ നിന്നും സഭയിലെ അനാത്മീകതെയും വിശ്വാസികളിലുള്ള ഭിന്നതയെയും കുറിച്ചു പൊലൊസ് കേൾക്കുവാനിടയായി (1.കൊരി.1:11). ഇപ്രകാരമുള്ള ഭിന്നതകളും ദുർന്നടപ്പുകളുമൊക്കെ വിട്ടൊഴിയണമെന്നും വിശ്വാസികൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആയിരിക്കയാൽ വിശുദ്ധിയോടെ ജീവിക്കണമെന്നും ആദ്യത്തെ ആറു അദ്ധ്യായങ്ങളിൽ പ്രബോധിപ്പിക്കുന്നു.

ഏഴു മുതലുള്ള അദ്ധ്യായങ്ങളിൽ കൊരിന്തിലെ വിശ്വാസികൾ പൗലൊസിനോടു എഴുതി ചോദിച്ച (1.കൊരി.7:1/8:1–13) അനേക വിഷയങ്ങൾക്കു മറുപടി പറയുന്നതായി കാണുന്നു. വിവാഹം, ക്രിസ്തീയസ്വാതന്ത്ര്യം, ക്രിസ്തീയ മാതൃക, തിരുവത്താഴം, ആത്മീയകൃപാവരങ്ങൾ ഉപയോഗിക്കൽ, മരിച്ചവരുടെ പുനരുത്ഥാനം എന്നിവയെപ്പറ്റിയുള്ള ചോദ്യങ്ങളായിരുന്നു അവ. വിഗ്രഹങ്ങൾക്കു അർപ്പിച്ച ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചും, ജാതീയ ചുററുപാടുകളിൽ നിന്നും വിശ്വാസ ജീവിതത്തിലേക്കു വന്ന സഭാവിശ്വാസികളിലെ ക്രമക്കേടു, കക്ഷിത്വം, ഭിന്നത, വ്യവഹാരങ്ങൾ, ദുർന്നടപ്പു, കർത്താവിന്റെ മേശയിൽ പങ്കെടുക്കന്നതിലുള്ള ഗൗരമില്ലായ്മ, അലക്ഷ്യഭാവം, കൃപാവരങ്ങൾ ദുരുപയോഗപ്പെടുത്തൽ, കുടുംബ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയൊക്കെ വിശദമായി കൈകാര്യം ചെയ്തിരിക്കുന്നു. ഇതുമൂലം സഭയ്ക്കുണ്ടാകുന്ന പ്രതിബന്ധങ്ങൾ, ഞെരുക്കങ്ങൾ, പ്രയാസങ്ങൾ, പോരാട്ടങ്ങൾ, സമ്മർദ്ദങ്ങൾ, ആത്മീയശോഷണം ഒക്കെ വിവരിക്കുകയും, അതിനുള്ള ശിക്ഷണനടപടികളും, ശാസനകളും നിർദ്ദേശിക്കുകയും ചെയ്യുന്നു. സകലവും ക്രമമായും, ഉചിതമായും ചെയ്യണമെന്നും (14:39), ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യണമെന്നും (അദ്ധ്യാ.13) പ്രബോധിപ്പിക്കുന്നു.

**“വിശുദ്ധിയും വേർപാടും”** എന്നതാണ് ഇതിലെ പ്രധാന വിഷയം.

**എഴുത്തുകാരൻ** : പൗലൊസ്.

**എഴുതിയ കാലം, സ്ഥലം** : എ.ഡി. 56– ൽ എഫെസൊസിൽ മൂന്നു വർഷം താമസിച്ച കാലയളവിൽ.

**ആർക്കെഴുതി** : കൊരിന്തിലെ ദൈവ സഭയ്ക്കും, എവിടെയും ഉള്ള വിശ്വാസികൾക്കും.

**താക്കോൽ വാക്കുകൾ** :

(1) കർത്തൃത്വം
(2) ദൈവികജ്ഞാനം
(3) ജഡികജീവിതം എന്ന തെററു തിരുത്തുക

**പ്രധാന വാക്യങ്ങൾ** : 1. കൊരി.1:10 /1.കൊരി.2:6–8/ 1.കൊരി.6:19,20/ 1.കൊരി.10:12,13

**പ്രധാന അദ്ധ്യായം** : 1. കൊരി.13

**പ്രത്യേകത** : യേശുക്രിസ്തുവിന്റെ നാമം അനേകപ്രവശ്യം ആവർത്തിച്ചിരിക്കുന്ന പുസ്തകമാണ് 1. കൊരിന്ത്യർ

**പുസ്തക വിഭജനം:** (16 അദ്ധ്യായങ്ങൾ)

(1) ആമുഖവും അഭിവാദനവും — 1. കൊരി.1:1 — 1:9

(2) കൊരിന്തുസഭയിലെ ഭിന്നതകൾ — 1. കൊരി.1:10 — 4:21

(3) ദുർന്നടപ്പ് വിട്ടൊഴിയുക — 1. കൊരി.5:1 — 6:8

(4) ശരീരത്തിന്റെ വിശുദ്ധി — 1. കൊരി.6:9 — 6:20

(5) വിവാഹം — 1. കൊരി.7

(6) ക്രിസ്തീയസ്വാതന്ത്ര്യം — 1. കൊരി.8 — 10

(7) ക്രിസ്തീയ മാതൃക, തിരുവത്താഴം — 1. കൊരി.11

(8) ആത്മീയകൃപാവരങ്ങൾ — 1. കൊരി.12 — 14

(9) മരിച്ചവരുടെ പുനരുത്ഥാനം — 1. കൊരി.15

(10) ധർമ്മശേഖരം, അഭിവാദനങ്ങൾ — 1. കൊരി.16

## ക്രിസ്തു 1.കൊരിന്ത്യരിൽ —

**ക്രിസ്തു വിശുദ്ധീകരിക്കുന്നവൻ** (1.കൊരി.1:30)

(1) ക്രിസ്തു ഉയിർത്തെഴുന്നേറ്റവൻ (1.കൊരി.15)

(2) പാപികൾക്കു പകരക്കാരനായി ക്രൂശിൽ മരിച്ചു അടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേററു. ഇതു തിരുവെഴുത്തു കളിൻ പ്രകാരം ആയിരുന്നു (1.കൊരി.15:3,4) ആദാമിൽ എല്ലാവരും മരിക്കുന്നതു പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും (1.കൊരി.15:22).

(3) ക്രിസ്തുവിനെ രണ്ടാം മനുഷ്യനായി സ്വർഗ്ഗത്തിൽ നിന്നുളളവനായി ചിത്രീകരിച്ചിരിക്കുന്നു (1.കൊരി.15:47).

(4) വിശ്വാസിയുടെ രക്ഷയും, വിജയവും, ലക്ഷ്യവും, പ്രത്യാശയും ആയി ക്രിസ്തുവിനെ കാണുന്നു.

> യേശുക്രിസ്തു സമ്പന്നൻ (1.കൊരി.1:6)

> ജ്ഞാനവും,നീതിയും, ശുദ്ധീകരണവും വീണ്ടെടുപ്പുമായവൻ (1.കൊരി.1:30).

> തേജസ്സിന്റെ കർത്താവ് (1.കൊരി.2:8).

> യേശുക്രിസ്തു അടിസ്ഥാനം (1.കൊരി.3:11)

> യേശുക്രിസ്തു എന്ന ഏക കർത്താവ് (1.കൊരി.8:6).

> ക്രിസ്തു പാറ (1.കൊരി.10:4).

> യേശുക്രിസ്തു മുഖാന്തരം ജയം (1.കൊരി.15:57). -

---

# NT -8

# (47) 2. കൊരിന്ത്യർ — 2.CORINTHIANS

കൊരിന്ത്യവിശ്വാസികളുടെ ഇടയിൽ ദുരുപദേഷ്ടാക്കൾ കടന്നു ചെന്നു പൗലൊസിനെതിരെ അപവാദങ്ങൾ പറഞ്ഞു പരത്തി. പൗലൊസ് നിഗളിയും, കപടസ്വഭാവിയും, അസ്ഥിരനും, യേശു ക്രിസ്തുവിന്റെ അപ്പൊസ്തലനായി എണ്ണപ്പെടുവാൻ യോഗ്യനുമല്ല എന്നതായിരുന്നു ആരോപണം. തനിക്കെതിരേ വന്ന ഈ അപവാദ പ്രചരണത്തിന്റെ നിജസ്ഥിതി അറിയുവാൻ പൗലൊസ് തീത്തൊസിനെ കൊരിന്തിലേക്കയച്ചു. തിരികെ വന്ന തീത്തൊസിൽ നിന്നും ലഭിച്ച വിവരങ്ങൾ തന്റെ ഹൃദയത്തെ തണുപ്പിക്കുന്നതും, ആശ്വാസം നൽകുന്നതും ആയിരുന്നു. ഒന്നാം ലേഖനം വായിച്ചു അവർ ദൈവമുമ്പാകെ തങ്ങളെത്തന്നെ സമർപ്പിക്കുകയും, ദുരുപദേഷ്ടാക്കന്മാർക്കെതിരായി അവർ പ്രവർത്തിക്കുകയും ചെയ്തു. കൊരിന്ത്യർക്കുണ്ടായ ഈ നല്ല മാറ്റത്തെയും, ഹൃദയപരിവർത്തനത്തെയും കേട്ടു പൗലൊസ് സന്തോഷിച്ചു. ഈ സന്തോഷം അവരെ അറിയിക്കുകയും, അഭിനന്ദിക്കുകയും, അതേ സമയം ചെറിയ ഒരു കൂട്ടർക്കു മാനസാന്തരം ഇല്ലാത്തതിനാൽ അവരെ ന്യായവാദം ചെയ്യുകയും, ദുരുപദേഷ്ടാക്കന്മാരെ ശാസിക്കുകയും ചെയ്യുന്ന ലേഖനമാണ് 2. കൊരിന്ത്യർ. പൗലൊസ് ഇവിടത്തെ സഭയെ പ്രോത്സാഹിപ്പിക്കുകയും, ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. അപ്പൊസ്തലൻ സഹിച്ച കഷ്ടവും, നിരാശയും, ദുഖവും ഇതിൽ കാണാം (2 കൊരി.11:23, 33).

**എഴുത്തുകാരൻ** : പൗലൊസ് (2 കൊരി.1:1) **പ്രധാന അദ്ധ്യായങ്ങൾ** : 2.കൊരി.8 / 2.കൊരി.9

**ആർക്കെഴുതി** : കൊരിന്തിലെസഭെക്കും എല്ലായിടത്തുമുള്ള ക്രിസ്തീയവിശ്വാസികൾക്കും.

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി.57 -ൽ മാസിഡോണിയയിൽ വെച്ച്

**മർമ്മ പദം** : ആശ്വാസം **പ്രധാന വാക്യങ്ങൾ** : 2.കൊരി.4:5,6 / 5:17– 20 / 7:6,7

**പുസ്തക വിഭജനം** : (13 അദ്ധ്യായങ്ങൾ)

1. പൗലൊസിന്റെ ശുശ്രൂഷയുടെ : 2.കൊരി.1— 7
2. വിശുദ്ധന്മാർക്കുള്ള ധർമ്മശേഖരണത്തിൽ അവരെ പ്രോത്സാഹിപ്പിക്കുന്നു : 2.കൊരി.8 — 9
3. പൗലൊസ് തന്റെ അപ്പൊസ്തലത്വത്തെ സ്ഥിരീകരിക്കുന്നു 2.കൊരി.10— 13

## ക്രിസ്തു 2. കൊരിന്ത്യരിൽ — പാപം അറിയാത്തവനും, നമുക്കുവേണ്ടി പാപം ആക്കപ്പെട്ടവനും (2.കൊരി.5:21)

(1) ദരിദ്രരായവരെ സമ്പന്നർ ആക്കുവാൻ സമ്പന്നനായിരുന്ന ക്രിസ്തു ദരിദ്രനായി ജനിച്ചു. പാപം നിമിത്തം ദരിദ്രരായ മാനവജാതിക്ക് നീതിയും, തേജസ്സും ലഭിക്കുവാനായി ക്രിസ്തു ലോകത്തിൽ വന്നു. ഇതു അതിശ്രേഷ്ടമായ ദൈവകൃപയാണ് (2.കൊരി.8:9).

(2) ഈ ലേഖനത്തിൽ (2.കൊരി.) ക്രിസ്തുവിനെ കുറിച്ചു ചിത്രീകരിച്ചിരിക്കുന്ന ഭാഗങ്ങൾ —

> കൃപയുടെയും സമാധാനത്തിന്റെയും ഉറവിടം— 2.കൊരി.1:2
> സർവ്വാശ്വാസത്തിന്റെയും ദൈവം — 2.കൊരി.1:2
> വിശ്വാസിയുടെ ആശ്വാസം — 2.കൊരി.1:5
> ജയോത്സവമായി നടത്തുന്നവൻ. — 2.കൊരി.2:14
> ദൈവപ്രതിമയായ ക്രിസ്തു — 2.കൊരി.4:4
> ക്രിസ്തു കർത്താവ് — 2.കൊരി.4:5, 2.കൊരി.4:14
> ക്രിസ്തു വെളിച്ചം — 2.കൊരി.4:6.
> ക്രിസ്തു ന്യായാധിപൻ — 2.കൊരി.5:10.
> ക്രിസ്തു നിരപ്പു നൽകുന്നവൻ — 2.കൊരി.5:19
> ക്രിസ്തു പാപം അറിയാത്തവൻ — 2.കൊരി.5:21
> നമുക്കായി പാപം ആക്കപ്പെട്ടവൻ —2.കൊരി.5:21
> ക്രിസ്തു സമ്പന്നൻ — 2.കൊരി.8:9
> ദൈവത്തിന്റെ ദാനം — 2.കൊരി.9:15
> ഉടമസ്ഥൻ — 2.കൊരി.10:7
> കൃപ, ശക്തി — 2.കൊരി.12:9

-----------------------------------

**NT -9**

# (48) ഗലാത്യർ — GALATIANS

പൗലൊസിന്റെ രണ്ടാം മിഷനറിയാത്രയിൽ ഗലാത്യ പ്രദേശങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെട്ടു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിച്ചവർ, പൗലൊസിനെ ഒരു ദൈവദൂതനെ പ്പോലെ ആദരിച്ചിരുന്നതായി കാണാം (ഗലാ. 4:14). ചില കാലങ്ങൾക്കു ശേഷം യെരുശലേമിൽ നിന്നു ചില ദുരുപദേഷ്ടാ ക്കന്മാർ ഗലാത്യയിൽ ചെന്നു പൗലൊസിന്റെ വ്യക്തിത്വത്തെയും, ദൂതിനെയും കുറിച്ചു അപവാദങ്ങൾ പറഞ്ഞു പരത്തി; ചില ദുരുപദേശങ്ങൾ അവരുടെ ഇടയിൽ പ്രചരിപ്പിച്ചു. പൗലൊസ് പന്തിരുവരിൽ ഒരുവനല്ലാത്തതുകൊണ്ട് തന്റെ അപ്പൊസ്തലിക സ്ഥാനം കർത്താവിൽ നിന്നും തനിക്കു നേരിട്ടു ലഭിച്ചതല്ലെന്നും, ആ കാരണത്താൽ തന്നെ പൗലൊസിന്റെ ദൂതുകൾ അധികാരമുള്ള തല്ല എന്നും പറഞ്ഞു. കൂടാതെ പൗലൊസിന്റെ ദൂതിനോടുള്ള ബന്ധത്തിൽ വിശ്വാസത്താൽ മാത്രം രക്ഷ ലഭിക്കുന്ന സന്ദേശം അപൂർണ്ണമാണന്നും, രക്ഷയ്ക്ക് മോശയുടെ ന്യായപ്രമാണം കൂടെ ആചരിക്കേണ്ടതു ആവശ്യമാണന്നും അവർ ഉപദേശിച്ചു.

ഗലാത്യ വിശ്വാസികൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിലേക്കു കടന്നു വന്നശേഷം തങ്ങളുടെ വിശ്വാസയാത്രയിൽ ഇവരുടെ ഉപദേശത്താൽ പ്രവൃത്തികളിലൂടെ യുള്ള യാത്ര കാണുന്നു. ഒരു അപ്പൊസ്തലൻ എന്ന നിലയിൽ ദൈവത്തിൽ നിന്നും ലഭിച്ച അപ്പൊസ്തലിക അധികാരത്തെയും, ദൈവം തനിക്കു ഉറപ്പിച്ചു നൽകിയ സന്ദേശത്തെയും പററി പ്രസ്താവിച്ചു കൊണ്ടു ഗലാത്യ വിശ്വാസികൾക്കായി ഈ ലേഖനം എഴുതി.

പുറജാതികളിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേക്കു വന്നവർ, രക്ഷിക്കപ്പെടണമെങ്കിൽ വിശ്വാസം മാത്രം പോരാ ന്യായപ്രമാണകല്പനകൾ കൂടെ അനുസരിക്കണമെന്ന യഹൂദാമതനേതാക്കളായ ദുരുപദേഷ്ടാക്കളുടെ അഭിപ്രായത്തെ ഈ ലേഖനത്തിലൂടെ പൗലൊസ് എതിർക്കുന്നു. ആദ്യകാല ക്രിസ്തീയസഭയിലുണ്ടായ ഈ പ്രശ്നം (രക്ഷെക്ക് വിശ്വാസം മാത്രം പോരാ, പ്രവൃത്തിയും, ന്യായപ്രമാണ ആചരണവും വേണമെന്ന പഠിപ്പിക്കൽ) യെരുശലേം സഭാനേതാക്കന്മാർ ഒന്നിച്ചു കൂടി പരിഹരിക്കുന്നതായി (അപ്പൊ.15:22 -29) കാണുന്നു. ഒരുവൻ യഹൂദനാകട്ടെ, പുറജാതിക്കാരനാകട്ടെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ മാത്രമാണ് കൃപയാലുള്ള രക്ഷക്ക് ആധാരം എന്നത് പ്രഖ്യാപിക്കപെട്ടു. ന്യായപ്രമാണത്തിന്റെ അനേക ന്യൂനതകളെയും കൃപ യാലുള്ള സുവിശേഷത്തിന്റെ ശ്രേഷ്ടതകളെയും ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**എഴുത്തുകാരൻ** : പൗലൊസ് (ഗലാ.1:1 /ഗലാ.5:2 /ഗലാ.6:11)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 49 - ൽ സിറിയയിലെ അന്ത്യോക്യയിൽ വെച്ച്

**ആർക്കെഴുതി** : ഗലാത്യയിലുള്ള സഭകൾക്ക്
(പൗലൊസിന്റെ ഒന്നാം മിഷനറി യാത്രയിൽ സ്ഥാപിക്കപ്പെട്ടവ)

**താക്കോൽ വാക്ക്** : സ്വാതന്ത്ര്യം (ന്യായപ്രമാണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം)

**പ്രധാന വാക്യങ്ങൾ** : (1) ഗലാ.2:20,21 (2) ഗലാ.5:1

**പുസ്തക വിഭജനം** : ( 6 അദ്ധ്യായങ്ങൾ)

1. സ്വാതന്ത്ര്യത്തിന്റെ സുവിശേഷം 1 — 2
   (കൃപയുടെ സുവിശേഷം ഉറപ്പിക്കുന്നു)
2. സ്വാതന്ത്ര്യത്തിന്റെ ഉപദേശം 3 — 4
   (കൃപയുടെ സുവിശേഷം ഉപദേശിക്കുന്നു)
3. സ്വാതന്ത്ര്യത്തിന്റെ ജീവിതം 5 — 6
   (കൃപയുടെ സുവിശേഷത്തിന്റെ പ്രായോഗികത)

## ന്യായപ്രമാണത്തിന്റെ ബലഹീനതകൾ ഗലാത്യലേഖനത്തിൽ —

(1) ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നില്ല —> ഗലാ.2:16/ഗലാ.3:11

(2) ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവൻ ശാപത്തിൻ കീഴാകുന്നു —> ഗലാ.3:10

(3) ന്യായപ്രമാണത്തിനു വിശ്വാസമല്ല ആധാരം —> ഗലാ.3:12

(4) ന്യായപ്രമാണം ലംഘനം നിമിത്തം കൂട്ടിച്ചേർത്തത് —> ഗലാ.3:19

(5) ന്യായപ്രമാണം വാഗ്ദത്ത സന്തതി വരുന്നതു വരെ —> ഗലാ.3:19

(6) ന്യായപ്രമാണം ക്രിസ്തുവിലേക്കു നടത്തുന്ന ശിശുപാലകൻ —> ഗലാ.3:24

(7) ന്യായപ്രമാണത്തിൽ കീഴുള്ളവരെ സ്വതന്ത്രരാക്കുവാൻ ക്രിസ്തു ജനിച്ചു —> ഗലാ.4:5

(8) ന്യായപ്രമാണം അടിമനുകം (അടിമകളാക്കുന്നു) —> ഗലാ.4:9 / ഗലാ.5:1

(9) ന്യായപ്രമാണം ആചാരങ്ങൾ പ്രമാണിക്കുവാൻ പ്രേരിപ്പിക്കുന്നു —> ഗലാ.4:10

(10) ന്യായപ്രമാണം ആത്മപ്രകാരം ജനിച്ചവരെ ഉപദ്രവിക്കുന്നു —> ഗലാ.4:29

(11) ന്യായപ്രമാണം പരിഛേദന ആവശ്യപ്പെടുന്നു —> ഗലാ.5:2,3

(12) ന്യായപ്രമാണം ക്രിസ്തുവിൽ നിന്നു വേർപെടുത്തുന്നു —> ഗലാ.5:4

# ക്രിസ്തു ഗലാത്യലേഖനത്തിൽ —

### ക്രിസ്തു ന്യായപ്രമാണത്തിൽ നിന്നും സ്വതന്ത്രനാക്കുന്നവൻ

1. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ദൈവം കൃപയാൽ സൗജന്യമായി നൽകുന്ന നീതീകരണവും, രക്ഷയും, മനുഷ്യനെ ന്യാപ്രമാണത്തിന്റെയും പാപത്തിന്റെയും ബന്ധനത്തിൽ നിന്നു വിടുവിച്ചു ആത്മീക സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നു (ഗലാ. 5:1). നമ്മുടെ സ്വാതന്ത്ര്യദാതാവ്.

2. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നത് ക്രിസ്തു നമുക്കു വേണ്ടി ശാപമായി ക്രൂശിൽ മരണം വരിച്ചതിനാലാണ് (ഗലാ. 3:13). ഈ ക്രൂശ് പാപത്തിന്റെയും,സ്വാർത്ഥതയുടെയും, ന്യായപ്രമാണത്തി ന്റെയും, ശാപത്തിൽ നിന്നു ഒരു പാപിയെ വിടുവിച്ചു സ്വാതന്ത്ര്യം കൊടുക്കുന്നു (ഗലാ 1:3, 2:20, 3:13, 4:5, 5:24, 6:14).

-----------------------------------

# NT -10

# (49) എഫെസ്യർ — EPHESIANS

പൗലൊസ് റോമയിൽ തടവുകാരനായി കഴിയുമ്പോൾ എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ് എഫെസ്യലേഖനം. എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ് കാരാഗൃഹ ലേഖനങ്ങൾ. ഈ നാലു ലേഖനങ്ങളും പൗലൊസ് റോമൻ കാരാഗൃഹത്തിൽ ഒന്നാം പ്രാവശ്യം രണ്ടു വർഷങ്ങൾ കിടന്നപ്പോൾ എഴുതിയവയാണ്. എഴുതിയ ക്രമം നോക്കുമ്പോൾ ഒന്നാമതായി എഫെസ്യർ, രണ്ടാമതായി കൊലൊസ്യർ, മൂന്നാമതായി ഫിലേമോനും അവസാനമായി ഫിലിപ്പിയലേഖനവും ആണ് എഴുതിയത്. റോമൻ കാരാഗൃഹത്തിൽ വെച്ച് തനിക്കു ലഭിച്ച വിശ്രമവേളകളിൽ യേശുക്രിസ്തുവിനെ കുറിച്ചുള്ള നിരന്തരമായ ചിന്തയിൽ നിന്നും ഉടലെടുത്തതാണിത്.

യഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ലാതെ ക്രിസ്തു ശിരസ്സായുള്ളതും ക്രിസ്തുവിന്റെ മാർമ്മികശരീരമായി നിലകൊള്ളുന്നതും ആയ സാർവ്വത്രിക സഭയെക്കുറിച്ചുള്ള ഈ ചിന്തകൾ പ്രദേശിക സഭയിൽ വായിച്ച്, വിശ്വാസികൾ ക്രിസ്തുവിന്റെ ജ്ഞാനത്തിലും, സഭാവിജ്ഞാനത്തിലും പ്രബുദ്ധരാകുവാൻ വേണ്ടിയാണ് തിഹിക്കോസ്വശം കൊടുത്തയച്ചതായ എഫെസ്യർക്കെഴുതിയ ലേഖനം. പൗലൊസിന്റെ ലേഖനങ്ങളിൽ വെച്ച് അതിശ്രേഷ്ഠമായതിനാൽ എഫെസ്യ ലേഖനത്തെ **"ലേഖനങ്ങളുടെ റാണി"** (The Queen of the Epistles) എന്നറിയപ്പെടുന്നു.

## എഫെസൊസ് പട്ടണം —

ഫലഭൂയിഷ്ഠമായ ഭൂപ്രദേശവും, നല്ല കാലാവസ്ഥയുമുള്ള എഫെസൊസ്, ഏഷ്യാമൈനറിലെ (ചിറ്റാസ്യ) ഏറ്റവും പ്രസിദ്ധമായ തുറമുഖ പട്ടണവുമായിരുന്നു. സ്മുർന്നയിൽ നിന്നു ഏകദേശം 40 മൈൽ തെക്കായി എഫെസൊസ് സ്ഥിതി ചെയ്തിരുന്നു. നാലു പ്രധാനറോഡുകൾ എഫെസൊസിൽ കൂടി കടന്നു പോകുന്നതിനാൽ ഇതിനെ ഏഷ്യയുടെ പ്രവേശന കവാടം (The Gateway to Asia) എന്നറിയപ്പെട്ടിരുന്നു. കൂടാതെ ഏഷ്യയിലെ മിക്ക സ്ഥലങ്ങളുമായി റോഡ് മാർഗ്ഗം എഫെസൊസ് ബന്ധപ്പെട്ടിരുന്നതിനാൽ പല നഗരങ്ങളിലെയും ഉല്പന്നങ്ങൾ ഇവിടെ വിപണനത്തിനായി എത്തിയിരുന്നു. ആയതിനാൽ എഫെസൊസിനെ ഏഷ്യയിലെ കമ്പോളം (The Market of Asia) എന്നപേരിലും അറിയപ്പെട്ടിരുന്നു. എഫെസൊസ് റോമൻ സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയെങ്കിലും അതിന്റെ വിശ്വസ്തമായ വിധേയത്വവും കൂറും നിമിത്തം എഫെസൊസിനെ ഒരു സ്വതന്ത്രനഗരമായി ( Free City ) റോമൻ ഭരണാധികാരികൾ അംഗീകരിച്ചിരുന്നു. മതപരമായും എഫെസൊസ് പ്രസിദ്ധനഗരമായിരുന്നു. ഡയാന എന്നറിയപ്പെട്ട അർത്തെമിസ് മഹാദേവിയുടെ മനോഹരവും പ്രസിദ്ധമായ ദേവാലയം ഇവിടെ ഉണ്ടായിരുന്നു. പുരാതനലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണ് അർത്തെമിസ്ദേവിയുടെ ദേവാലയം.

വിഗ്രഹാരാധനയുടെയും, മന്ത്രവാദങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കേന്ദ്രമായിരുന്നു എഫെസൊസ്. ദേശവാസികളെ കൂടാതെ യവനന്മാർ, അഥേനയിൽ നിന്നു കുടിയേറിപ്പാർത്തവർ, യെഹൂദന്മാരിൽ നിന്നു വേർപെട്ടു വന്നവർ തുടങ്ങി ആറു ഗോത്രങ്ങളിലെ സമ്മിശ്രജാതികളായിരുന്നു ഇവിടത്തെ നിവാസികൾ. കുറ്റകൃത്യങ്ങൾക്കും, അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്കും പ്രസിദ്ധി നേടിയിരുന്നു. അർത്തെമിസ് ദേവിയുടെ ക്ഷേത്രവളപ്പിലെത്തുന്ന ഏതു കുറ്റവാളികളും സങ്കേതനഗരമെന്ന വണ്ണം സുരക്ഷിതരായിരുന്നു. അവരെ അവിടെനിന്നു പിടിക്കുവാനോ, ശിക്ഷിക്കുവാനോ കഴിയുകയില്ലായിരുന്നു. അനാശാസ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ആയിരക്കണക്കിനു സ്ത്രീകളുടെ വിഹാരകേന്ദ്രമായിരുന്നു ക്ഷേത്രപരിസരം. ഇങ്ങനെ മതപരമായും, സാന്മാർഗ്ഗികമായും ഏറ്റവും അധഃപതിച്ച നഗരമായിരുന്നു എഫെസൊസ്.

## എഫെസൊസ് സഭ —

എഫെസൊസ് എന്ന പദത്തിനു ആഗ്രഹിക്കത്തക്ക/അഭികാമ്യം (desirable) എന്നും അയഞ്ഞത് (loose) എന്നും അർത്ഥമുണ്ട്. വിഗ്രഹാരാധനയിലും, ജഡികോല്ലാസങ്ങളിലും മുങ്ങിക്കുളിച്ച പട്ടണമായിരുന്നു എഫെസൊസ്. കൂടാതെ മന്ത്രവാദത്തിന്റെയും, വിഗ്രഹനിർമ്മാണത്തിന്റെയും കേന്ദ്രവുമായിരുന്നു. പൗലൊസിന്റെ രണ്ടാംമിഷനറി യാത്രയിൽ ഒരാഴ്ചയും (അപ്പൊ.18:18-21), മൂന്നാം മിഷനറി യാത്രയിൽ മൂന്നു വർഷവും (അപ്പൊ.20:21), എഫെസൊസിൽ താമസിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ഇതുമൂലം അവിടത്തെ വിഗ്രഹരൂപമുണ്ടാക്കുന്നവർക്കും, അർത്തെമിസ് ദേവിയുടെ ആരാധകർക്കും

ഏറെ പ്രശ്നങ്ങളുണ്ടാകുകയും അവർ പൗലൊസിനെതിരെ കലാപമുണ്ടാക്കുകയും ചെയ്തു(അപ്പൊ.19:21-41). പൗലൊസിന്റെ എഫെസൊസിലെ പ്രവർത്തനത്താൽ അനേകർ രക്ഷിക്കപ്പെട്ടു. തൽഫലമായി എഫെസൊസിലും പരിസരപ്രദേശങ്ങളിലും സഭകൾ സ്ഥാപിതമായി. ഇവിടെ അക്വിലാസ്, പ്രിസ്കില്ലാ, അപ്പൊല്ലോസ് എന്നിവർ പൗലൊസിനോടു ചേർന്നു അദ്ധ്വാനിച്ചതായും കാണുന്നു (അപ്പൊ.18:18-26).

രക്ഷിക്കപ്പെട്ട വിശ്വാസികൾ യേശുക്രിസ്തുവിൽ അനവധി ആത്മികസമ്പത്തുകൾക്കു ഉടമകളാണ്. എങ്കിലും ഈ ധനത്തെപ്പററി അറിവില്ലാതെ ആത്മിയദാരിദ്രത്തിൽ കഴിയുന്ന ഒരു കൂട്ടം വിശ്വാസികൾക്കാണിത് എഴുതിയത്. അവർ യേശുക്രിസ്തുവിൽ സമ്പന്നരാണെന്നു ബോദ്ധ്യമുണ്ടായി സകല അനുഗ്രഹങ്ങളും അവകാശമാക്കി ദൈവകൃപാമഹത്വത്തിനു പുകഴ്ചയായി ജീവിക്കുവാൻ ഉത്സാഹിപ്പിക്കുന്നതാണ് ഈ ലേഖനം. വിശ്വാസി ശത്രുവിനെതിരേ പോരാടേണ്ടതിന്റെ ആവശ്യകതയും, വിധവും വിവരിച്ചിട്ടുണ്ട്. സ്വർഗ്ഗസ്ഥലങ്ങളിൽ വിശ്വാസികളായ നമ്മെ ക്രിസ്തുവിൽ ഇരുത്തിയിരിക്കുന്നു (എഫെ.2:6,7) എന്നു കാണുന്നു.

ആദ്യത്തെ മൂന്നു അദ്ധ്യായങ്ങൾ ദൈവം നമുക്കുവേണ്ടി ചെയ്തതെന്താണന്നും, ഒടുവിലത്തെ മൂന്നു അദ്ധ്യായങ്ങൾ ദൈവത്തിനു വേണ്ടി നാം എന്തു ചെയ്യണമെന്നും വിവരിക്കുന്നു. അതായത് എനിക്കായി ദൈവം എന്താണു ചെയ്തതെന്നു അറിയണം. അറിഞ്ഞശേഷം ഞാൻ ദൈവത്തിനായി ജീവിക്കണം.

ഈ ലേഖനത്തിൽ സഭയെ ക്രിസ്തുവിന്റെ ശരീരത്തോടു ഉപമിച്ചിരിക്കുന്നു. ഈ ലേഖനത്തിന്റെ പ്രധാന വിഷയം ക്രിസ്തുവിൽ വിശ്വാസിയുടെ സ്ഥാനവും, വിശ്വാസിയിൽ ക്രിസ്തുവിന്റെ സ്ഥാനവും എന്നതാണ്. സഭയെകുറിച്ചുള്ള ദൈവത്തിന്റെ അതിശ്രേഷ്ഠമായ ചിന്ത ഈ ലേഖനത്തിൽ കാണുന്നു.

**എഴുത്തുകാരൻ** : പൗലൊസ്

**ആർക്കെഴുതി** : എഫെസൊസിലും മറെറല്ലായിടത്തുമുള്ള വിശ്വാസികൾക്കുമായി

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 60 -ൽ റോമിൽ കാരാഗൃഹവാസത്തിനിടയിൽ

**താക്കോൽ വാക്ക്** : കൃപ

**താക്കോൽ വാക്യങ്ങൾ** : എഫെ.2:8-10/4:13/5:31,32

**പ്രധാന അദ്ധ്യായം** : എഫെ. 6

**പുസ്തക വിഭജനം** : (6 അദ്ധ്യായങ്ങൾ)

(1) വിശ്വാസിയുടെ സ്ഥാനം : 1 — 3

(2) വിശ്വാസിയുടെ പ്രായോഗിക ജീവിതം : 4 — 6

## എഫെസ്യലേഖനത്തിലെ ധനം —

**(1) കൃപാധനം** — എഫെ.1:7,8 — കൃപാധനത്താൽ അവൻ നമ്മെ വീണ്ടെടുത്തു.

**(2) മഹിമാധനം** — എഫെ.1:17,18—മഹിമാധനത്താൽ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചു.

**(3) കൃപയുടെ അത്യന്തധനം**—എഫെ.2:4-7 —കൃപയുടെ അത്യന്തധനത്താൽ നമ്മെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു.

**(4) അപ്രമേയധനം** — എഫെ.3:8,9 — ജാതികളോടു സുവിശേഷം അറിയിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു.

**(5) മഹത്വത്തിന്റെ ധനം** —എഫെ.3:16-19 —മഹത്വത്തിന്റെ ധനത്താൽ അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടേണം, ക്രിസ്തു ഹൃദയങ്ങളിൽ വസിക്കണം, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിയണം, ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരണം.

**എഫെസ്യലേഖനത്തിലെ ഒന്നുകൾ** — (എഫെ.4:4-6)

| | | |
|---|---|---|
| 1 | ഒരു പ്രത്യാശ | വിശുദ്ധവിളി |
| 2 | ഒരു ശരീരം | വിശ്വാസികളുടെസഭ |
| 3 | ഒരു ആത്മാവു | പരിശുദ്ധാത്മാവ് |
| 4 | ഒരു കർത്താവു | യേശുക്രിസ്തു |
| 5 | ഒരു വിശ്വാസം | ക്രിസ്തുവിന്റെ കൃപയുടെ സുവിശേഷം |
| 6 | ഒരു സ്നാനം | വിശ്വാസസ്നാനം |
| 7 | ഒരു ദൈവവും പിതാവും | സർവ്വശക്തനായ ദൈവം |

**എഫെസ്യലേഖനത്തിൽ പുതിയനിയമസഭയിലെ ശുശ്രൂഷകന്മാർ** — (എഫെ.4:11)

| | |
|---|---|
| 1 | അപ്പൊസ്തലന്മാർ (Apostles) |
| 2 | പ്രവാചകന്മാർ (Prophets) |
| 3 | സുവിശേഷകന്മാർ (Evangelists) |
| 4 | ഇടയന്മാർ (Pastors) |
| 5 | ഉപദേഷ്ടാക്കന്മാർ (Teachers) |

**എഫെസ്യലേഖനത്തിൽ വിശ്വാസിയുടെ നടപ്പ്** —

(1) വിളിക്കു യോഗ്യമാം വണ്ണം നടക്കുക —> എഫെ.4:1 — (Walk worthy of the calling)

(2) പൂർണ്ണവിനയത്തോടെ നടക്കുക —> എഫെ.4:2 — (Walk with all lowliness)

(3) സൗമ്യതയോടെ നടക്കുക —> എഫെ.4:2 — (Walk with all gentleness)

(4) ദീർഘക്ഷമയോടെ നടക്കുക —> എഫെ.4:2 — (Walk with all longsufferings)

(5) ജാതികളെപ്പോലെ നടക്കരുത് —> എഫെ.4:17 — (No longer walk as the Gentiles)

(7) സ്നേഹത്തിൽ നടക്കുക —> എഫെ.5:2 — (Walk in Love)

(8) വെളിച്ചത്തിലുള്ളവരായി നടക്കുക —> എഫെ.5:9 — (Walk as children of light)

(9)സൂക്ഷ്മത്തോടെ ജ്ഞാനികളായി നടക്കുക —> എഫെ.5:15 — (Walk with great care as wise)

**എഫെസ്യലേഖനത്തിൽ വിശ്വാസിയുടെ സർവ്വായുധവർഗ്ഗം** — (എഫെ.6:13-20)

(1) അരെക്കു സത്യം കെട്ടുക — (The girdle of **TRUTH**)

(2) നീതി എന്ന കവചം — ( The breastplate of **RIGHTEOUSNESS** )

(3) സമാധാനസുവിശേഷം കാലിനു ചെരിപ്പ് — (The sandals of **GOSPEL**)

(4) വിശ്വാസം എന്ന പരിച — (The shield of **FAITH**)

(5) രക്ഷ എന്ന ശിരസ്ത്രം — (The helmet of **SALVATION**)

(6) ദൈവവചനം എന്ന ആത്മാവിന്റെ വാൾ — (The sword of the **SPIRIT**)

(7) പ്രാർത്ഥന — ദൈവത്തോടുള്ള അറിയിപ്പ് — (Communication instrument by **PRAYER**)

# ക്രിസ്തു എഫെസ്യലേഖനത്തിൽ —

## ക്രിസ്തു അപ്രമേയധനമാഹാത്മ്യമുള്ളവൻ

(A) യഹൂദാജനംദൈവത്തിന്റെ ജനമായി സമീപസ്ഥരായിരിക്കു മ്പോൾ പുറജാതികൾ സത്യദൈവത്തെ അറിയാത്തവരാ കയാൽ ദൈവത്തിൽ നിന്നു അകന്നവർ; എങ്കിലും ഈ ഇരുപക്ഷക്കാരും ക്രിസ്തു യേശുമൂലം ഒരേ രക്ഷയുടെ പങ്കാളികളും ഒരു സഭയുടെ അംഗങ്ങളും ആയിത്തീരുന്നു (എഫെ 2:11 –22).

(B) സഭയാകുന്ന ശരീരത്തിന്റെ തല (എഫെ.1:22,23).

(C) ക്രിസ്തു മൂലക്കല്ലു (എഫെ.2:20).

(D) ക്രിസ്തുവിൽ എന്നതോ അതിനു സാമ്യമായ പദങ്ങളോ ഈ ലേഖനത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

(1) വിശ്വാസി ക്രിസ്തുയേശുവിൽ — എഫെ.1:1

(2) ക്രിസ്തുവിൽ അനുഗ്രഹിക്കപ്പെട്ടു — എഫെ.1:3

(3) ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ടു — എഫെ.1:5

(4) ക്രിസ്തുവിൽ ദത്തെടുക്കപ്പെട്ടു - എഫെ.1:6.

(5) വിശ്വാസി പ്രിയനായവനിൽ മുന്നിയമിക്കപ്പെട്ടു — എഫെ.1:6

(6) ക്രിസ്തുവിൽ വീണ്ടെടുക്കപ്പെട്ടു — എഫെ.1:7

(7) ക്രിസ്തുവിൽ അവകാശം പ്രാപിച്ചു — എഫെ.1:11

(8) ക്രിസ്തുവിൽ ആശ വെച്ചവർ — എഫെ.1:12

(9) ക്രിസ്തുവിൽ മുദ്രയിട്ടിരിക്കുന്നു — എഫെ.1:14

(10) ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു — എഫെ.2:5

(11) ക്രിസ്തുയേശുവിൽ വാത്സ്യല്യം — എഫെ.2:6.

(12) ക്രിസ്തുയേശുവിൽ ഉയിർത്തെഴുന്നേൽപ്പിച്ചു
സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു— എഫെ.2:7

(13) ക്രിസ്തുവിൽ സമീപസ്ഥർ — എഫെ.2:13

(14) ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവർ — എഫെ.2:10

(15) കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു—എഫെ.2:21

(16) ക്രിസ്തുയേശുവിൽ കൂട്ടവകാശികൾ — എഫെ.3:6

(17) ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ധൈര്യവും പ്രവേശനവും — എഫെ.3:12

-----------------------------------

## NT -11

# (50) ഫിലിപ്പിയർ — PHILIPPIANS

മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവായ മാസിഡോണിയായിലെ ഫിലിപ്പു രാജാവു ബി.സി. 353ൽ 'ക്രെനിഡസ് ' (Krenides) എന്ന പട്ടണം പിടിച്ചെടുത്തു; അതു പുതുക്കി പണിത് അതിന് തന്റെ പേരു നാമകരണം ചെയ്തു — 'ഫിലിപ്പി' (Philippi). പഴയ പേരായ ക്രെനിഡസ് എന്നതിന്റെ അർത്ഥം ചെറിയ നീരുറവ (The Little Fountains) എന്നാണ്.

പൗലൊസ് തന്റെ മിഷനറി യാത്രയിൽ ഫിലിപ്പിപ്പട്ടണം സന്ദർശിച്ചിരുന്നു. കൂട്ടുപ്രവർത്തകനായ ശീലാസും ഉണ്ടായിരുന്നു. യൂറോപ്പിൽ ആദ്യമായി സുവിശേഷം അറിയിച്ചതും, സഭ സ്ഥാപിച്ചതും ഫിലിപ്പി പട്ടണത്തിലാണ്. ഇവിടെ പുഴവക്കത്തു ഒരു പ്രാർത്ഥനാലയം കാണുമെന്നു കരുതി അവിടെ ചെന്നു. ഈ പുഴവക്കത്തുള്ള സ്ത്രീകളോടു പൗലൊസും കൂട്ടുകാരും സുവിശേഷം അറിയിച്ചു. ഏഷ്യാമൈനറിലെ തുയത്തൈരാ പട്ടണക്കാരിയും രക്താംബരം വിൽക്കുന്നവളുമായ ലുദിയ എന്ന സ്ത്രീയാണ് ആദ്യമായി സുവിശേഷത്തിൽ വിശ്വസിച്ചത്. ലുദിയ ദൈവഭക്തയായൊരു സ്ത്രീ എന്നു പറഞ്ഞിരിക്കുന്നതിനാൽ (അപ്പൊ.16:14) അവൾ ജാതീയ വിശ്വാസത്തിൽ നിന്നു യഹൂദമതത്തിലേക്കു മതപരിവർത്തനം ചെയ്യപ്പെട്ടവളായിരിക്കാം എന്നുപറയപ്പെടുന്നു. ലുദിയായും കുടുംബവുമാണ് ആദ്യവിശ്വാസികൾ (അപ്പൊ.16:11-15).

സുവിശേഷം അറിയിച്ചതിന്റെ ഫലമായി പൗലൊസും ശീലാസും അടിയേററു; തടവിൽ അടയ്ക്കപ്പെട്ടു. അർദ്ധരാത്രിയിൽ അതിവേദനയുടെ മദ്ധ്യേ അവർ പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു. തൽഫലമായി ദൈവത്തിന്റെ പ്രവർത്തനങ്ങൾ കാണുവാൻ സാധിക്കുകയും തുടർന്നു അനേകം പേർ കർത്താവിൽ വിശ്വസിക്കുവാനും ഇടയായി (അപ്പൊ.16:22 -34).

സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം (1.കൊരി.9:14) എന്നു പൗലൊസ് ഉപദേശിക്കുന്നു എങ്കിലും താൻ കൂടാരപ്പണിലൂടെയും തന്റെ ദൈനംദിന ആവശ്യങ്ങൾ നിറവേററിയിരുന്നു. ഫിലിപ്പിയസഭയിൽ നിന്നും പലപ്പോഴായി അവരുടെ കൂട്ടായ്മ സ്വീകരിച്ചിട്ടുണ്ട് (ഫിലി. 4:15,16). സുവിശേഷം നിമിത്തം റോമയിൽ തടവുകാരനായി പൗലൊസ് കഴിയുന്നു എന്നറിഞ്ഞ ഫിലിപ്പിയ സഭ എപ്പഫ്രൊദിത്തോസ് വശം ധനപരമായ ഒരു കൂട്ടായ്മ കൊടുത്തയച്ചു. ഈ ദാനം പൗലൊസ് വളരെ വിലമതിച്ചു. എപ്പഫ്രൊദിത്തോസിനെ കണ്ടതിലും, സഭയുടെ സ്നേഹകൂട്ടായ്മ ലഭിച്ചതിലും തനിക്കുള്ള സന്തോഷവും, നന്ദിയും രേഖപ്പെടുത്തി കൊടുത്തയക്കുന്നതാണ് ഫിലിപ്പിയർക്കു എഴുതിയ ലേഖനം (ഫിലി.4:10-14).

ക്രിസ്തുവിനോടൊപ്പമുള്ള ക്രിസ്തീയജീവിതം സന്തോഷവും ശക്തിയും നിറയപ്പെടുന്നതാണെന്നു ഫിലിപ്പിയലേഖനത്തിലൂടെ പൗലൊസ് പ്രസ്താവിക്കുന്നു. **ഫിലി.4:4 —** "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു." **ഫിലി.4:13 —** "എന്നെ ശക്ത നാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു."

**എഴുത്തുകാരൻ** : പൗലൊസ് (ഫിലി.1:1)

**ആർക്കെഴുതി** : ഫിലിപ്പിയിലുള്ള ക്രിസ്താനികൾക്കും മററെല്ലായിടത്തുമുള്ള വിശ്വാസികൾക്കും

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി.61- ൽ റോമൻ കാരാഗ്രഹത്തിൽ വെച്ച്

**താക്കോൽ പദങ്ങൾ** : (1) സന്തോഷിപ്പിൻ (2) ജീവിക്കുന്ന ക്രിസ്തു

**താക്കോൽ വാക്യങ്ങൾ** : (1) ഫിലി. 1:21 (2) ഫിലി.4:4,12,13

**പ്രധാന അദ്ധ്യായം** : ഫിലി. 2

**പുസ്തക വിഭജനം** : (4 അദ്ധ്യായങ്ങൾ)

(1) സാഹചര്യങ്ങളുടെ വിവരണം — അദ്ധ്യാ. 1
(2) ക്രിസ്തുയേശുവിന്റെ മനസ്സ് — അദ്ധ്യാ. 2
(3) ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനം — അദ്ധ്യാ. 3
(4) ക്രിസ്തുവിന്റെ സമാധാനം — അദ്ധ്യാ. 4

**ഫിലിപ്പിയ ലേഖനത്തിൽ യേശുക്രിസ്തുവിന്റെ താഴ്മയുടെ ഏഴു പടികൾ —**
(ഫിലി.2:5-8) —

(1) ദൈവത്തോടുള്ള സമത്വം മുറുടെ പിടിച്ചുകൊള്ളണമെന്നു വിചാരിച്ചില്ല

(2) ദാസരൂപമെടുത്തു

(3) മനുഷ്യ സാദൃശത്തിലായി

(4) തന്നെത്താൽ ഒഴിച്ചു > മഹത്വം അല്പ സമയത്തേക്കു മാറ്റിവെച്ചു

(5) തന്നെത്താൻ താഴ്ത്തി

(6) ക്രൂശിലെ മരണത്തിനായി ഏല്പിച്ചു

(7) അനുസരണമുള്ളവനായിത്തീർന്നു

## ക്രിസ്തു ഫിലിപ്പിയലേഖനത്തിൽ —
## ക്രിസ്തു സന്തോഷദായകൻ

(1) ക്രിസ്തു ദൈവത്തോടു സമത്വം മുറുകെ പിടിക്കാതെ ദാസരൂപമെടുത്തു മനുഷ്യനായിവന്നു (ഫിലി.2:1-11)

(2) യഥാർത്ഥ താഴ്മയുടെ ഉത്തമമാതൃകയായി ക്രിസ്തുവിനെ കാണുന്നു (ഫിലി.2:5)

(3) ക്രിസ്തു ഉയർത്തപ്പെട്ട കർത്താവ് (ഫിലി.2:9) ( Exalted Lord) സകലനാമത്തിനും മേലായി ഉയർത്തപ്പെട്ടവൻ.

(4) നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂമാക്കി രൂപാന്തരപ്പെടുത്തും (ഫിലി.3:21).

(5) എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി.4:13) എന്നതു ക്രിസ്തു ശക്തിയുടെ ഉറവിടം എന്നതിനെ കുറിക്കുന്നു.

(6) ക്രിസ്തുവും വിശ്വാസിയും തമ്മിലുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെ ആളത്വം, ദൈവത്വം, ശുശ്രൂഷ, എന്നിവ വിവിധ നിലകളിൽ കാണാം.

(a) ക്രിസ്തു ത്രിത്വത്തിൽ രണ്ടാമൻ ( In Christ God' s diety) — ഫിലി.1:2/2:6-11

(b) ക്രിസ്തുവിൽ ദൈവമഹത്വം ( In Christ God ' s Glory) — ഫിലി.1:11 / 2:11

(c) ക്രിസ്തു വിശ്വാസികളുടെ നീതിഫലം -(Christ, believers fruit of Righteousness) - ഫിലി.1:11

(d) ക്രിസ്തു വിശ്വാസിയുടെ ജീവൻ ( Christ believers Life) — ഫിലി.1:20,21

(e) ക്രിസ്തുവിന്റെ യാഗമരണം (Christ 's Atonement) — ഫിലി.2:8

(f) ക്രിസ്തു ആരാധനയ്ക്കു യോഗ്യൻ ( Christ worth of worship) — ഫിലി.2:10.

(g) ക്രിസ്തുവിന്റെ അനുസരണം (Christs obedience) — ഫിലി.2:12

(h) ക്രിസ്തുവിൽ ദൈവമക്കൾ ( In Christ God ' s children) ഫിലി.2:14

(i) ക്രിസ്തുവിൽ മനുഷ്യനു ദൈവസമാധാനം - ( In Christ God ' s Peace to men) — ഫിലി.4:7

(j) ക്രിസ്തുവിന്റെ കൃപ (Christ ' s Grace) — ഫിലി.4:23

-----------------------------------

## NT -12

# (51)കൊലൊസ്സ്യർ — COLOSSIANS

ഏഷ്യമൈനറിലെ 'ഫ്രുഗ്യ' (Phrygia) പ്രദേശത്തിലെ ഒരു പട്ടണമായിരുന്നു കൊലൊസ്യ. അതിന്റെ സമീപ പട്ടണങ്ങളാ യിരുന്നു ലവുദിക്യയും, ഹിയരപൊലിസും (കൊലൊ.4:13,16). കൊലേസ് എന്ന വാക്കിനു അർത്ഥം തിരുത്തൽ. പൗലൊസ് കൊലൊസ്സ്യയിൽ പോയി സുവിശേഷം അറിയിച്ചിരുന്നില്ല (കൊലൊ.2:1). എന്നാൽ പൗലൊസിന്റെ സഹഭൃത്യനും കർത്താവിന്റെ ദാസനുമായ എപ്പഫ്രാസിനെ കൊലൊസ്സ്യ സഭയുടെ ആരംഭത്തിനു ദൈവം ഉപയോഗിച്ചിരുന്നു എന്നു കരുതാം (കൊലൊ.1:6-8). കൂടാതെ അടുത്ത പട്ടണങ്ങളായ ലവുദിക്യയിലും, ഹിയരപൊലിസിലും എപ്പഫ്രാസ് ശുശ്രൂഷിച്ചിരുന്നു (കൊലൊ.4:12,13). ഒരു പക്ഷേ പെന്തെക്കൊസ്തു ദിനത്തിൽ യെരുശലേമിൽ വെച്ചു സുവിശേഷം കേട്ടു വിശ്വസിച്ചവരായിരിക്കാം കൊലൊസ്സ്യ സഭയിലെ ആദ്യവിശ്വാസികൾ.

കൊലൊസ്യർക്കുള്ള ലേഖനം എഴുതുമ്പോൾ പൗലൊസ് റോമൻ കാരാഗ്രഹത്തിൽ ബന്ധിത നാണ്. തന്റെ ബന്ധനങ്ങളെ ഓർത്തുകൊൾവാൻ എന്ന് കൊലൊസ്യവിശ്വാസികളെ അറിയിച്ചാണ് ലേഖനം അവസാനിപ്പിക്കുന്നത് (കൊലൊ.4:18).

പൗലൊസ് റോമിലെ കാരാഗ്രഹത്തിൽ കഴിയുമ്പോൾ കൊലൊസ്സ്യയിൽ നിന്നും എപ്പഫ്രാസ് പൗലൊസിനെ കാണാൻ റോമിൽ ചെന്നു. കൊലൊസ്സ്യസഭയിൽ കടന്നു കൂടിയ അപകടകരമായ ദുരുപദേശത്തെക്കുറിച്ചു എപ്പഫ്രാസിൽ നിന്നും പൗലൊസ് മനസ്സിലാക്കി. ന്യായപ്രമാണാചാരം, കർത്താവിന്റെ ആളത്വത്തിന്റെ മഹത്വത്തെ തരംതാഴ്തുന്ന തത്വജ്ഞാനം ഒക്കെയായിരുന്നു ദുരുപദേശങ്ങൾ. പുറജാതി തത്വജ്ഞാനവും, യഹൂദാ കർമ്മാചാരങ്ങളും സഭയിലേക്കു പ്രവേശിച്ചു. ഇതു മനസ്സിലാക്കിയ പൗലൊസ് ക്രിസ്തുവിന്റെ സ്വർഗ്ഗീയ ഉയർച്ചയെയും, ആളത്വത്തിന്റെ നിസ്തുല്യതയെയും പ്രതിപാദിച്ചുകൊണ്ടു വിശ്വാസികൾക്കു ആവശ്യമായതെല്ലാം ക്രിസ്തുവിലൂടെ ലഭിച്ചിട്ടുണ്ടെന്നും, ഈ അപകടകരമായ ദുരുപദേശത്തിൽ നിന്നും വിശ്വാസികൾ മാറിക്കൊള്ളണ മെന്നും മുന്നറിയിപ്പു നൽകിയിരിക്കുന്നു.

പൂർവ്വകാലങ്ങൾക്കും, തലമുറകൾക്കും മറഞ്ഞിരുന്ന സഭയെക്കുറിച്ചുള്ള മർമ്മം കൊലൊസ്യലേഖ നത്തിൽ കാണാം (കൊലൊ.1:26,27). ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും, സർവ്വസൃ ഷ്ടിക്കും ആദ്യജാതനും (കൊലൊ.1:15) സഭ എന്ന ശരീരത്തിന്റെ തലയും (കൊലൊ.1:18), ദൈവ ത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നവനും (കൊലൊ.2:9) ആയി രേഖപ്പെടുത്തി യിരിക്കുന്നു. ശിരസ്സായ ക്രിസ്തുവിൽ നിന്നും ശരീരമായ സഭയിലേക്കു ഒഴുകുന്ന ശക്തിയും മഹ ത്വവും ഈ ലേഖനത്തിൽ കാണുന്നു.

ഒന്നും രണ്ടും അദ്ധ്യായങ്ങൾ ഉപദേശപരമായവയും, മൂന്നും നാലും അദ്ധ്യായങ്ങൾ വിശ്വാസി യുടെ പ്രായോഗിക ജീവിതത്തെയും കുറിക്കുന്നു. ക്രിസ്തുവിനോടുകൂടെ മരിച്ചു (കൊലൊ.3:3), ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റു (കൊലൊ.3:2) ക്രിസ്തുവിനോടുകൂടെ ഇരുത്തുകയും (കൊലൊ.3:2), ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നവർ (കൊലൊ.3:3), ക്രിസ്തുവിനോടുകൂടെ തേജസ്സിൽ വെളിപ്പെടേണ്ടാതാകുന്നു (കൊലൊ.3:4). ആകയാൽ അവർ ഭൂമി യിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ അന്വേഷിക്കുകയും ചിന്തിക്കുകയും വേണം (കൊലൊ.3:2)

### എഫെസ്യർ, കൊലൊസ്സ്യർ ലേഖനങ്ങളുടെ സാമ്യങ്ങളും, വ്യത്യാസങ്ങളും —

(1)എഫെസ്യലേഖനവും,കൊലൊസ്സ്യലേഖനവും ഉപദേശ പ്രാധാന്യമുള്ള കാരാഗൃഹലേഖനങ്ങളാണ്.

(2)ക്രിസ്തുവും,സഭയും എന്നതാണ് രണ്ടിന്റെയും വിഷയങ്ങൾ.

(3) എഫെസ്യലേഖനത്തിൽ സഭയെ ക്രിസ്തുവിന്റെ ശരീരമായും, കൊലൊസ്യലേഖനത്തിൽ ക്രിസ്തു സഭയുടെ ശിരസ്സായും ചിത്രീകരിച്ചിരിക്കുന്നു.

(4)എഫെസ്യലേഖനം ഒരു സർക്കുലർ ലേഖനമാണെങ്കിൽ, കൊലൊസ്സ്യർ, കൊലൊസ്സ്യസഭയെ ഉദ്ദേശിച്ചുള്ളതാണ്.

(5)എഫെസ്യലേഖനം സഭയുടെ സ്വഭാവത്തിനും, ഐക്യത്തിനും ഊന്നൽ കൊടുക്കുമ്പോൾ കൊലൊസ്സ്യലേഖനം ക്രിസ്തുവിന്റെ കർത്തൃത്വത്തിന് ഊന്നൽ കൊടുക്കുന്നു.

(6) എഫെസ്യലേഖനത്തിൽ ദുരുപദേശങ്ങളെ എതിർക്കുന്നതായി കാണുന്നില്ല. എന്നാൽ കൊലൊസ്സ്യലേഖനത്തിൽ ദുരുപദേശത്തെ എതിർക്കുകയും, അവയിൽ നിന്നും വിശ്വാസികൾ ഒഴിഞ്ഞു നിൽക്കുവാനും പ്രബോധിപ്പിക്കുന്നു.

(7)എഫെസ്യലേഖനത്തിൽ വ്യക്തികൾക്കു വന്ദനം പറയുന്നതായി വന്ദനം പറയുന്നതായി കാണുന്നില്ല. കൊലൊസ്യലേഖനത്തിൽ പല വ്യക്തികൾക്കു വന്ദനം പറയുന്നു.

**എഴുത്തുകാരൻ** : പൗലൊസ് (കൊലൊ.1:1)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 60- ൽ റോമൻ കാരാഗൃഹവാസത്തിനിടയിൽ.

**ആർക്കെഴുതി** : ഏഷ്യാമൈനറിലെ കൊലൊസ്സ്യസഭെക്കും, എല്ലായിടത്തുമുള്ള വിശ്വാസികൾക്കും

**മർമ്മ പദങ്ങൾ** : (1) സകലത്തിനും മുമ്പായ ക്രിസ്തു (2) നിറവ്

**മർമ്മ വാക്യങ്ങൾ** : (1) കൊലൊ.2:9,10 (2) കൊലൊ.3:12,13 (3) കൊലൊ.4:6

**പ്രധാന അദ്ധ്യായം** : കൊലൊ. 3

**പുസ്തക വിഭജനം** : (4 അദ്ധ്യായങ്ങൾ)

(1) ക്രിസ്തുവിന്റെ പരമാധികാരം. 1 — 2 (സൃഷ്ടാവ്, രക്ഷകൻ, കർത്താവ്)

(2) ക്രിസ്തുവിലുള്ള സമർപ്പണം. 3 — 4 (വിശ്വാസിയുടെ പ്രായോഗികജീവിതം)

**വിശ്വാസികൾ മരിപ്പിക്കേണ്ടതും, വിട്ടു കളയേണ്ടുന്നതും. ധരിക്കേണ്ടതുമായ അഞ്ചു കാര്യങ്ങൾ** (കൊലൊ.3:5,8,12).

**(1) മരിപ്പിക്കേണ്ടത്** — ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം (കൊലൊ.3:5).

**(2) വിട്ടു കളയേണ്ടത്** — കോപം, ക്രോധം, ഈർഷ്യ, ദൂഷണം, ദുർഭാഷണം (കൊലൊ.3:8).

**(3) ധരിക്കേണ്ടത്** — മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ (കൊലൊ.3:12).

## ക്രിസ്തു കൊലൊസ്സ്യലേഖനത്തിൽ — ക്രിസ്തു നമ്മുടെ ജീവൻ

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിന്റെ അനേക വിശേഷണങ്ങൾ ഇതിൽ കാണാം.

1. പിതാവിന്റെ സ്നേഹസ്വരൂപനായ പുത്രൻ — കൊലൊ.1:13
2. വീണ്ടെടുപ്പുകാരൻ — 1:14
3. അദൃശ്യനായ ദൈവത്തിന്റെ പ്രതിമ — 1:15
4. സർവ്വ സൃഷ്ടിക്കും ആദ്യജാതൻ — 1:15
5. സകലത്തിന്റെയും സ്രഷ്ടാവായ ക്രിസ്തു — 1:16
6. സഭയുടെ ശിരസ്സ് — 1:18
7. ആദ്യമായി ഉയിർത്തെഴുന്നേററവൻ — 1:18
8. സമ്പൂർണ്ണതയുള്ള ദൈവശിരസ്സ് — 1:19
9. നിരപ്പിന്റെ കാരണക്കാരൻ — 1:22
10. മഹത്വത്തിന്റെ പ്രത്യാശ — 1:27
11. ജ്ഞാനത്തിന്റെയും,പരിജ്ഞാനത്തിന്റെയും ഉറവ — 2:3
12. ദൈവത്തിന്റെ നിറവായ ക്രിസ്തു — 2:9
13. ക്രിസ്തു ദൈവവലത്തു ഭാഗത്തിരിക്കുന്നവൻ — 3:1
14. ജീവനായ ക്രിസ്തു — 3:4
15. ക്രിസ്തു പരമോന്നതൻ — 3:11
16. ക്രിസ്തു ക്ഷമിക്കുന്നവൻ — 3:13
17. ക്രിസ്തു സമാധാനം — കൊലൊ.3:15

---

## NT -13

# (52) 1.തെസ്സലൊനിക്യർ — 1.THESSALONIANS

മാസിഡോണിയായിലെ ഒരു പ്രധാന പട്ടണമായിരുന്നു തെസ്സലോനിക്യ. അനേകം ചൂടുറവകൾ ഉള്ളതിനാൽ 'തെർമെ' (Therma) എന്നറിയപ്പെട്ട ഈ പട്ടണം കസാണ്ടർ ( Cassader) എന്ന മാസിഡോണിയൻ രാജാവ് പുതു ക്കിപ്പണിതു. മഹാനായ അലക്സാണ്ടറുടെ സഹോദരിയും, കസാണ്ടറുടെ ഭാര്യയുമായ തെസ്സലൊനിക്യയുടെ പേരു ഈ പുതുക്കിപ്പണിത തെർമ്മ പട്ടണത്തിനു നൽകി 'തെസ്സലൊനിക്യ'. ഇന്നു 'സലോനിക്യ' (Salonika) എന്നറിയപ്പെടുന്ന ഈ പട്ടണം ടർക്കിരാജ്യ ത്തിൽ ഉൾപ്പെടുന്നു. പൗലൊസ് തന്റെ രണ്ടാം മിഷനറി യാത്രയിൽ മാസിഡോണിയാ സംസ്ഥാനത്തിലെ ഈ പട്ടണത്തിലും ചെന്നു പ്രവർത്തിച്ചു (അപ്പൊ.17.1-9). ഇവിടത്തെ വിശ്വാസികളുടെ കൂട്ടത്തെ തെസ്സലൊനിക്യസഭ എന്നറിയപ്പെടുന്നു.

പൗലൊസിന്റെ ലേഖനങ്ങളിൽ ആദ്യലേഖനമാണിത്. പൗലൊസ് മൂന്നാഴ്ചക്കാലം യഹൂദന്മാരുടെ പള്ളിയിൽ പ്രസംഗിച്ചു. യഹൂദന്മാരിൽ ചിലരും വിഗ്രഹാരാധികളായ പുറജാതികളിൽ ഒരു കൂട്ടവും രക്ഷിക്കപ്പെട്ടു. തെസ്സലൊനിക്യയിലുള്ള മൂന്നാഴ്ചത്തെ പ്രവർത്തനത്തിനുശേഷം അഥേനയിൽ എത്തിയ പൗലൊസിന് തെസ്സലൊനിക്യ വിശ്വാസികളെക്കുറിച്ചുള്ള ചിന്തയുണ്ടായി. അവരുടെ വിവരങ്ങൾ അറിയുവാനായി തിമൊഥെയോസിനെ അയച്ചു. മടങ്ങി വന്ന തിമൊഥെയോസിൽ നിന്നും ഇവരുടെ വിശ്വാസം, സ്നേഹം, പ്രത്യാശ, പ്രതികൂലതകളുടെ മദ്ധ്യേ ഇവരുടെ സ്ഥിരത എന്നിവ കേട്ടു പൗലൊസ് സന്തോഷിച്ചു; അവരെ പ്രോത്സാഹിപ്പിച്ചു എഴുതുന്നതാണ് ഈ ലേഖനം. അവർ മററുള്ളവരാൽ പ ീഡിപ്പിക്കപ്പെട്ടു; എങ്കിലും വിശ്വാസത്തിൽ ഉറച്ചു നിന്നു. അവർ സ്നേഹത്തിലും വിശ്വാസത്തിലും വർദ്ധിച്ചു വന്നു (1.തെസ്സ.1:2- 8/3:1-10).

<u>കർത്താവിന്റെ പ്രത്യക്ഷതയെ സംബന്ധമായി ഉണ്ടാകാവുന്ന താഴെപ്പറയുന്ന പല സംശയങ്ങൾക്കും ഇതിൽ ഉത്തരം കാണാം ——</u>

(1) കർത്താവു വരുമ്പോൾ എന്തൊക്കെ സംഭവിക്കും?

(2) മരിച്ച വിശുദ്ധന്മാർ ശവക്കല്ലറകളിൽ തന്നെ എന്നേക്കും ഇരിക്കുമോ? കർത്താവിന്റെ വരവിൽ ഇവർ ഒഴിവാക്കപ്പെടുമോ?

(3)നമ്മുടെ മരിച്ച പ്രിയപ്പെട്ടവർ പുനരുത്ഥാനത്തിൽ അംഗഹീനരാ യിരിക്കുമോ?

(4)കർത്താവു വരുമ്പോൾ അന്നു ജീവിച്ചിരിക്കുന്ന വിശ്വാസികൾക്കു എന്തു സംഭവിക്കും? അവർക്കു എന്തെങ്കിലും പ്രത്യേകത ലഭിക്കുമോ?

കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ചുള്ള കാര്യങ്ങൾ വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. മരിച്ച വിശുദ്ധന്മാരായ പ്രിയപ്പെട്ടവരെ കുറിച്ചു ജീവിച്ചിരിക്കുന്നവർക്കുള്ള പ്രത്യാശയും, ആശ്വാസവും നൽകുന്നതോടൊപ്പം ജീവിച്ചിരിക്കുന്ന വിശ്വാസികൾക്കു ലഭിക്കുന്ന ശോഭനമേറിയ ഭാവിയും ദർശനം നൽകുന്നു (1.തെസ്സൊ.4:13-18). കർത്താവിന്റെ പ്രത്യക്ഷതയും, വിശ്വാസികളുടെ ജീവിതത്തിലെ പ്രായോഗികതയുമാണ് ഇതിലെ പ്രധാന വിഷയം.

**എഴുത്തുകാരൻ** : പൗലൊസ്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 51 - ൽ കൊരിന്തിൽ വെച്ച്

**ആർക്കെഴുതി** : തെസ്സലൊനിക്യസഭക്കും മറ്റെല്ലായിടത്തുമുള്ള വിശ്വാസികൾക്കും.

ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചു ഇതിലെ ഓരോ അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്നു (1.തെസ്സ.1:10 / 1.തെസ്സ.2:19 /1.തെസ്സ.3:13/ 1.തെസ്സ.4:16–18 / 1.തെസ്സ.5:9,10,23).

**പ്രമേയം** : ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ ലഭിക്കുന്ന ആശ്വാസം

**പ്രധാന വാക്യങ്ങൾ** : 1.തെസ്സ. 3:12,13 / 1.തെസ്സ.4:14–18

**പ്രധാന അദ്ധ്യായം** : 1.തെസ്സ. 4

**പുസ്തക വിഭജനം** : (5 അദ്ധ്യായങ്ങൾ)

1. തെസ്സൊലൊനിക്യരെപ്പററി പൗലൊസിന്റെ ഓർമ്മകൾ 1 — 3
2. പൗലൊസ് സഭക്കു നൽകുന്ന ഉപദേശങ്ങൾ 4 — 5

**ലേഖനത്തിന്റെ ലക്ഷ്യങ്ങൾ —**

(1) മുമ്പു ഉപദേശിച്ചതും പഠിപ്പിച്ചതുമായ വിഷയങ്ങൾ യുവശിഷ്യരെ ഓർമ്മിപ്പിച്ചു അതിൽ ഉറപ്പിക്കുക.

(2) അവർ കേട്ട വചനത്തിൻ പ്രകാരം വിശുദ്ധിയിൽ നടക്കുക.

(3) തങ്ങൾക്കു മുമ്പായി വിശ്വാസത്തിൽ മരിച്ചവരുടെ ഭാഗ്യാവസ്ഥ അവർ വ്യക്തമായി മനസ്സിലാക്കി പ്രത്യാശയുള്ളവരായിരിക്കുക.

# ക്രിസ്തു 1.തെസ്സൊലൊനിക്യലേഖനത്തിൽ

## — ക്രിസ്തു വേഗം വരുന്ന കർത്താവ് (1.തെസ്സ.4:16)

(1) വിശ്വാസിയുടെ രക്ഷാകേന്ദ്രമായ ക്രിസ്തുവിലൂടെ വിശ്വാസവും സ്നേഹവും പ്രത്യാശയും സ്ഥിരതയും ലഭിക്കുന്നു — 1.തെസ്സ.1:2,3

(2) യേശുക്രിസ്തു ദൈവപുത്രൻ — 1.തെസ്സ.1:9

(3) വരുവാനുള്ള കോപത്തിൽ നിന്നു വിടുതൽ — 1.തെസ്സ.1:9,10/ 5:9

(4) ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുന്നവൻ — 1.തെസ്സ.3:13.

(5) ക്രിസ്തു മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കുന്നവൻ — 1.തെസ്സ.4:16

(6) ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്നവൻ — 1.തെസ്സ.4:16.

(7) ജീവനോടിരിക്കുന്നവരെ തന്റെ വരവിൽ മരണം കാണാതെ എടുക്കുന്നവൻ — 1.തെസ്സ.4:17

(8) നമുക്കുവേണ്ടി മരിച്ച കർത്താവായ യേശുക്രിസ്തു മൂലം രക്ഷ — 1.തെസ്സ.5:10

(9) ക്രിസ്തുവിൽ ദൈവേഷ്ടം എന്നത് സന്തോഷിക്കുക, പ്രാർത്ഥിക്കുക, സ്തോത്രം ചെയ്യുക എന്നാണ്— 1.തെസ്സ.5:16—18.

-----------------------------------

## NT -14

# (53) 2.തെസ്സോലൊനിക്യർ — 2.THESSALONIANS

തെസ്സൊലൊനിക്യസഭെക്കു ലഭിച്ച പൗലൊസിന്റെ ഒന്നാം ലേഖനം വിശ്വാസികൾക്കു ധൈര്യം പകരുന്നതിനും, ദൈവനാമമഹത്വത്തിനും കാരണമായി. എന്നാൽ ചില ദുരുപദേശങ്ങൾ അവിടെ കടന്നു വന്നു. ഒന്നാം ലേഖനത്തിൽ കർത്താവിന്റെ വരവിനെ കുറിച്ചു പറഞ്ഞിരുന്ന കാര്യങ്ങൾ ചില തെസ്സൊലൊനിക്യർ തെററായി ധരിച്ചു. തന്മൂലം അവർ ഇപ്പോൾ അനുഭവിക്കുന്ന പീഡകളും, കഷ്ടതകളും, കർത്താവിന്റെ പ്രത്യക്ഷതയോടു ബന്ധപ്പെടുത്തി ചിന്തിച്ചു. കർത്താവു ഉടനെ വരുമെന്നുള്ള ധാരണയിൽ ചിലർ ജോലി ചെയ്യുവാൻ പോലും കൂട്ടാക്കിയില്ല. വസ്തു വകകളും, വീടുകളും വിറ്റ്, ജോലി ഉപേക്ഷിച്ച്, കുന്നുകളിലേക്കു ചെന്നു ക്രിസ്തുവിന്റെ വരവിനായി നോക്കി ഇരുന്നു. ഈ സംഗതി മൂലം സഭയിൽ നിർവീര്യതയും, യേശുക്രിസ്തുവിന്റെ നാമത്തിനു ക്ഷതവും സംഭവിക്കുന്നതായി പൗലൊസ് മനസ്സിലാക്കി.

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചു കുറേക്കൂടി അവരെ പ്രബോധിപ്പിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നി. കർത്താവു തന്റെ വിശുദ്ധന്മാരോടു കൂടെ വെളിപ്പെടുന്ന മഹത്വപ്രത്യക്ഷതെക്കു മുമ്പായി ഭൂമിയിൽ വിശ്വാസത്യാഗം സംഭവിക്കുമെന്നും, നാശയോഗ്യനും, അധർമ്മമൂർത്തിയുമായ അന്തിക്രിസതു വെളിപ്പെടുമെന്നും അവരെ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള കാര്യങ്ങൾ തെററായി ചിന്തിക്കാതെയും, ദുരുപദേശങ്ങളിൽ കുടുങ്ങാതെയും, ആത്മാവിൽ ഉത്സാഹമുള്ള വരായി അലസമായ നിഷ്ക്രീയാവസ്ഥയിൽ നിന്നുണർന്നു സുവിശേഷത്തിനായി അദ്ധ്വാനിക്കുവാനും പ്രബോധിപ്പിക്കുന്നു. കൂടാതെ ഇപ്പോൾ അവർ ക്രിസ്തുവിൽ സഹിക്കുന്ന സകല ഉപദ്രവങ്ങളും, കഷ്ടതകളും, പീഡനങ്ങളും ഭാവിയിൽ ആശ്വാസകാരണമായതിനാൽ വിശ്വാസത്തിലും, പ്രത്യാശയിലും സ്ഥിരതയുള്ളവരായിരിപ്പാനും അവരെ ഉത്സാഹിപ്പിക്കുന്നു.

| | | |
|---|---|---|
| **എഴുത്തുകാരൻ** | : | പൗലൊസ് |
| **എഴുതിയ കാലം, സ്ഥലം** | : | ഏകദേശം എ.ഡി. 51 -ൽ കൊരിന്തിൽ വെച്ച് |
| **ആർക്കെഴുതി** | : | തെസ്സൊലൊനിക്യസഭയ്ക്കും എല്ലായിടത്തുമുള്ള വിശ്വാസികൾക്കും |
| **മർമ്മ പദം** | : | കർത്താവിന്റെ നാൾ |
| **പ്രധാന വാക്യങ്ങൾ** | : | (1)2.തെസ്സ.2:2,3 (2) 2.തെസ്സ.3:5,6 **പ്രധാന അദ്ധ്യായം** : 2.തെസ്സ.2 |

**പുസ്തക വിഭജനം** : (3 അദ്ധ്യായങ്ങൾ)

(1) വിശ്വാസികളെ കഷ്ടതയിൽ ധൈര്യപ്പെടുത്തുന്ന : അദ്ധ്യായം - 1

(2) കർത്താവിന്റെ നാൾ വിശദീകരിക്കുന്നു : അദ്ധ്യായം - 2

(3) പ്രായോഗിക ജീവിതത്തിനുള്ള ഉപദേശം : അദ്ധ്യായം - 3

## ക്രിസ്തു 2.തെസ്സൊലൊനിക്യരിൽ —

### — ക്രിസ്തു വേഗം വരുന്ന കർത്താവ്

(1) കർത്താവായ യേശുക്രിസ്തു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി പീഡിതരായ തന്റെ മക്കളെ ആശ്വസിപ്പിക്കും. അവരെ പീഡിപ്പിച്ചവരുടെയും, സുവിശേഷം അനുസരിക്കാത്തവരുടെയും മേൽ പ്രതികാരവും ന്യായവിധിയും നടത്തും. -- മഹത്വസമ്പൂർണ്ണനായ ക്രിസ്തു (2.തെസ്സ.1:6 — 10).

(2) ക്രിസ്തു അഗ്നിജ്വാലയിൽ വരുന്നവൻ (2.തെസ്സ.1:6).

(3) അധർമ്മമൂർത്തി വെളിപ്പെട്ടു വരുമ്പോൾ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും (2.തെസ്സ.2:8). വെളി 1:16.

(4) സുവിശേഷ ഘോഷണത്താൽ രക്ഷെക്കു വിളിച്ചത്, കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനാണ് (2.തെസ്സ.2:14)

(5) ക്രിസ്തു വിശ്വസ്തൻ (2.തെസ്സ.3:3)

(6) ക്രിസ്തു സമാധാനത്തിന്റെ കർത്താവ് (2.തെസ്സ.3:16).

---

# NT -15

# (54) 1.തിമൊഥെയൊസ് — 1. TIMOTHY

പൌലൊസ് എഴുതിയ തിമൊഥെയൊസിനുള്ള രണ്ടു ലേഖനങ്ങളും, തീത്തൊസിന്റെ ലേഖനവും ഉൾപ്പെടെയുള്ള ഈ മൂന്നു ലേഖനങ്ങളെ **"ഇടയ ലേഖനങ്ങൾ"** (Pastoral Epistles) എന്നറിയപ്പെടുന്നു ദൈവസഭയുടെ നടത്തിപ്പു, ക്രമീകരണം, ഇടയന്മാരുടെ ശുശ്രൂഷകൾ, ദൈവജനമായ ആട്ടിൻകൂട്ടത്തിന്റെ പരിപാലനം, ശിക്ഷണം, സംരക്ഷണം മുതലായവ ബന്ധപ്പെടുത്തി ഇടയശുശ്രൂഷയുടെ വിവിധവശങ്ങളെ കുറിച്ചു പ്രതിപാദിക്കുന്ന തിനാലാണ് ഇടയലേഖനങ്ങൾ എന്ന പേരു ലഭിച്ചത്.

ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശ്യം 1.തിമൊ.3:15 - ൽ കാണുന്നു. "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു." യുവാവും എഫെസൊസിലെ സഭയുടെ ശുശ്രൂഷകനുമായിരുന്നു തിമൊഥെയൊസ്. യൗവനക്കാരനായ ഇടയൻ എന്ന നിലയിൽ ഇദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുവാനും, ദൈവസഭയിൽ വിശ്വസ്ഥതയോടെ ദൈവജനത്തെ ശുശ്രൂഷിപ്പാനും ഉപദേശിക്കുന്ന ലേഖനമാണിത്. എഫെസൊസ് സഭയിൽ ദുരുപദേഷ്ടാക്കന്മാർ വരുവാനുള്ള സാദ്ധ്യത പൗലൊസ് മുന്നമേ കണ്ടിരുന്നു. (അപ്പൊ.20: 28-30). ഇവരെ "കൊടിയ ചെന്നായ്ക്കൾ" എന്നു പറഞ്ഞിരുന്നു. ദൈവത്തിനും, മനുഷ്യർക്കും മദ്ധ്യേ പല മദ്ധ്യസ്ഥന്മാർ ഉണ്ടന്നു പഠിപ്പിക്കുന്നവരുണ്ടായിരുന്നു. ഈ വക കാര്യങ്ങളിൽ ജാഗ്രത പുലർത്തുവാനും, വിശുദ്ധിയോടെ ജീവിച്ചു സഭയിൽ ഉത്തരവാദിത്വബോധത്തോടെ ശുശ്രൂഷിക്കുവാൻ തിമൊഥെയൊസിനെയും മററുള്ളവരെയും തയ്യാറാക്കുവാനാണ് ഈ ലേഖനം എഴുതിയത്.

**എഴുത്തുകാരൻ** : പൗലൊസ്

**ആർക്കെഴുതി** : തിമൊഥെയൊസിനു.

തിമൊഥെയൊസ് എന്ന വാക്കിനു അർത്ഥം **"ദൈവത്തെ ബഹുമാനിക്കുക"** അഥവാ **"ദൈവത്താൽ മാനിക്കപ്പെട്ട"** എന്നാണ്. അപ്പൻ യവനനും (Greek അപ്പൊ. 16:1-3), അമ്മ യുനീക്ക (2.തിമൊ.1:5) യഹൂദാസ്ത്രീയും (Jews) ആയിരുന്നു. ചെറുപ്പകാലം മുതൽ തിമൊഥെയൊസിനെ തിരുവെഴുത്തുകൾ പഠിപ്പിച്ചിരുന്നു (2.തിമൊ. 1:5, 3:14,15). തിരുവചനത്തോടുള്ള വിശ്വാസം അവന്റെ അമ്മയിലും, വലിയമ്മ ലോവീസിലും ഉണ്ടായിരുന്നു. കർത്താവായ യേശുക്രിസ്തു രക്ഷകൻ എന്ന നിലയിൽ തിമൊഥെയൊസ് ലുസ്ത്രയിൽ വച്ചു പൗലൊസിൽ നിന്നു കേൾക്കുവാനിടയായി (അപ്പൊ.14:8 -20). തുടർന്നു രക്ഷിക്കപ്പെട്ടു പൗലൊസിന്റെ സുവിശേഷയാത്രയിൽ തിമൊഥെയൊസും അനുഗമിക്കുന്നതായി കാണുന്നു (അപ്പൊ.16:1-5). തിമൊഥെയൊസ് വിശ്വസ്തനായ ദൈവമകനും (1.കൊരി.4:17), പൗലൊസിനോടു കൂടെ സുവിശേഷഘോഷണത്തിൽ സേവിച്ചവനും ആയിരുന്നു (ഫിലി.2:19-22).

**എഴുതിയ സ്ഥലം, കാലം** : ഏകദേശം എ.ഡി. 64-ൽ ഫിലിപ്പിയിൽ വെച്ചു എഴുതി

**മർമ്മ പദം** : സഭാനേതൃത്വം

**പ്രധാന വാക്യങ്ങൾ** : 1.തിമൊ. 3:15,16 /1.തിമൊ.4:12/6:11,12

**പ്രധാന അദ്ധ്യായം** : 1.തിമൊ.3

**പുസ്തക വിഭജനം** : ( 6 അദ്ധ്യായങ്ങൾ )

(1) സഭയും അതിന്റെ ഉപദേശവും — അദ്ധ്യായം. 1

(2) സഭയും വിശ്വാസികളും — അദ്ധ്യായം. 2, 3

(3) സഭയും ഇടയന്മാരും — അദ്ധ്യായം. 4

(4) സഭയും അതിന്റെ ദൗത്യവും — അദ്ധ്യായം. 5, 6

**ആറ് അദ്ധ്യായങ്ങളിലെ ഉപദേശ വിഷയങ്ങൾ —**

(1) സഭക്കുള്ള  ഉപദേശങ്ങൾ (അദ്ധ്യായം -1)

(2) ആരാധനയെപ്പറ്റിയുള്ള ഉപദേശങ്ങൾ (അദ്ധ്യായം -2,3)

(3) ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിക്കുക (അദ്ധ്യായം -4)

(4) സഭാശിക്ഷണ നടപടികൾ (അദ്ധ്യായം -5)

(5) ദൈവസേവയിലുള്ളവരുടെ സ്വഭാവം (അദ്ധ്യായം -6)

## ക്രിസ്തു 1. തിമൊഥെയൊസിൽ —

**ക്രിസ്തു മദ്ധ്യസ്ഥൻ (1.തിമൊ.2:5,6)**

1. വിശ്വാസികളുടെ പ്രത്യാശയായ ക്രിസ്തു — (1.തിമൊ.1:1)

2. കൃപ, കരുണ, സമാധാനം എന്നിവയുടെ ഉറവ — (1.തിമൊ.1:2)

3. ക്രിസ്തുയേശു നമ്മുടെ കർത്താവ് — (1.തിമൊ.1:12)

4. ക്രിസ്തു സ്തുതിക്കു യോഗ്യൻ — (1.തിമൊ.1:12)

5. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു — (1.തിമൊ.1:15)

6. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ — (1.തിമൊ.2:5)

7. എല്ലാവർക്കും മറുവിലയായി തന്നത്താൻ ഏല്പിച്ചവൻ — (1.തിമൊ.2:5)

8. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു — (1.തിമൊ.3:16)

9. സകല മനുഷ്യരുടെയും രക്ഷകൻ — (1.തിമൊ.4:10)

10. യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും, ഭക്തിക്കൊത്ത ഉപദേശവും — (1.തിമൊ.6:3)

11. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതവരെ പ്രമാണിക്കേണ്ട കല്പന — (1.തിമൊ.6:13)

12. പീലാത്തോസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ചവൻ — (1.തിമൊ.6:14)

13. രാജാധിരാജാവും, കർത്താധികർത്തവും — (1.തിമൊ.6:16)

14. വെളിച്ചത്തിൽ വസിക്കുന്നവൻ — (1.തിമൊ.6:16).

-----------------------------------

# NT -16

# (55) 2.തിമൊഥെയൊസ് — 2. TIMOTHY

2.തിമൊഥെയൊസ് പൊലൊസിന്റെ ഇടയലേഖനങ്ങളിൽ ഉൾപ്പെട്ടതും, കാരാഗൃഹത്തിൽ കിടന്നുകൊണ്ടു തിമൊഥെയൊ സിനു എഴുതുന്ന ലേഖനവും ആണ്. അതിശ്രേഷ്ഠനായ ഒരു അപ്പൊസ്തലന്റെ അന്ത്യസന്ദേശമാണിത്. പൗലൊസിന്റെ റോമിലെ രണ്ടാം കാരാഗൃഹവാസക്കാലത്താണ് ഈ ലേഖനം എഴുതിയത്. റോമിൽ പൗലൊസിന്റെ ഒന്നാം കാരാഗൃഹ വാസത്തിൽനിന്നും വ്യത്യസ്ത സാഹചര്യമായിരുന്നു റോമിലെ രണ്ടാമത്തെ കാരാഗൃഹവാസം. ഒന്നാ മത്തേതിൽ വീട്ടുതടങ്കൽ ആയിരുന്നു എങ്കിൽ രണ്ടാമത്തേതു ഒരു ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ പീഡകളും അനേക കഷ്ടങ്ങളും സഹിക്കേണ്ട സാഹചര്യമായിരുന്നു (തിമൊഥെയോസിനുള്ള ഒന്നാം ലേഖനം എഴുതുമ്പോൾ പൗലൊസ് തടവിൽ ആയിരുന്നില്ല).

ഒന്നാം കാരാഗൃഹവാസത്തിൽ കൂലിക്കെടുത്തൊരു വീട്ടിൽ തടവുകാരനായി കഴിഞ്ഞു (അപ്പൊ. 28:29). രണ്ടാം കാരാഗൃഹ വാസത്തിൽ സാധാരണ കാരാഗൃഹ മുറിയാണ് ലഭിച്ചത്. ഇതിനെ കുണ്ടറ എന്നും, ശവക്കുഴി എന്നും വിളിച്ചിരുന്നു. ഇവ ഏററവും വൃത്തിഹീനമായ ഇരുട്ടറകൾ ആയിരുന്നു.

റോമാനഗരം പുതുക്കി പണിയുവാനുള്ള ആഗ്രഹത്തിൽ എ.ഡി.64 ൽ നീറോ ചക്രവർത്തി നഗരം തീ വെച്ചു നശിപ്പിച്ചു. ജനരോഷം ഇല്ലാതാക്കുവാൻ നഗരം അഗ്നിക്കിരയാക്കിയതു ക്രിസ്താനികൾ ആണെന്നു പറഞ്ഞു പരത്തി. തുടർന്നു ക്രിസ്താനികൾക്കെതിരേ അതിക്രൂരമായ പീഡകൾ ഉണ്ടായി. ഇക്കാലത്താണ് പൗലൊസ് തടവുകാരനായത്. ഈ അവസരത്തിൽ പലരും തന്നെ വിട്ടുപോയി. തിരക്കേറിയതും, സംഭവബഹുലമായതും ആയ ജീവിതത്തിന്റെ ഉടമയായ ശ്രേഷ്ഠ അപ്പൊസ്ഥലൻ തന്റെ ഈലോകജീവിത ശുശ്രൂഷകൾ അവസാനിക്കുന്നതായി മനസ്സിലാക്കുന്നു(2.തിമൊ.4:6).

താൻ പ്രിയം വെച്ച സ്വർഗ്ഗീയ ഭവനത്തിൽ കർത്താവിന്റെ സന്നിധിയിലേക്കു വളരെ വേഗം സമീപിക്കുന്നതായി അറിയുന്നു. ഈ സമയത്തു വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസിനു ചില പ്രത്യേക കാരണങ്ങളാൽ എഴുതുന്നു.

(1) യുവാവായ തിമൊഥെയൊസ് ധീരനായി മുമ്പോട്ടു പോകണം, ശുശ്രൂഷയിൽ ധൈര്യപ്പെടണം, വിശ്വാസജീവിതത്തിൽ സ്ഥിരത ഉണ്ടാകണം, കഷ്ടതയുടെ മദ്ധ്യേ ഉറച്ചു നിൽക്കണം(2.തിമൊ.1:8 /2:1,3 /3:15 / 4:5)

(2) എത്രയും പെട്ടന്നു തിമൊഥെയൊസ് റോമിലേക്കു വരുവാനും, വരുമ്പോൾ തനിക്കു ആവശ്യമായ ചില സാധനങ്ങൾ കൂടി കൊണ്ടു വരുന്നതിനും നിർദ്ദേശിക്കുന്നു. താൻ ഇനി ഒരിക്കലും ഈ കാരാഗൃഹത്തിൽ നിന്നും മോചിക്കപ്പെടുകയില്ല എന്നുള്ള ചിന്തയാൽ താൻ മരിക്കുന്നതിനു മുമ്പു താൻ സ്നേഹിച്ച ഈ പ്രിയ മകനെ ഒരു തവണ കൂടി മുഖാമുഖമായി കാണുവാൻ ആഗ്രഹിക്കുന്നു. (2.തിമൊ.4:9,13,21).

**എഴുത്തുകാരൻ** : പൗലൊസ്

**എഴുതിയ കാലം, സ്ഥലം** :ഏകദേശം എ.ഡി. 67-ൽ റോമിലെ രണ്ടാം കാരാഗൃഹവാസക്കാലത്ത്.

**ആർക്കെഴുതി** : തിമൊഥെയൊസിന്

**മർമ്മ പദങ്ങൾ** : (1) കഷ്ടം സഹിക്കുക (2) വിശ്വസ്ഥത

**പ്രധാന വാക്യങ്ങൾ** : 2.തിമൊ. 2:3,4,15 /2.തിമൊ.3: 14-17.

**പ്രധാന അദ്ധ്യായം** : 2. തിമൊ.2

**പുസ്തക വിഭജനം** : (4 അദ്ധ്യായങ്ങൾ)

(1) ധൈര്യത്തിനുള്ള വിളി അദ്ധ്യായം - 1 — Call to Courage

(2) സേവനത്തിനുള്ള വിളി അദ്ധ്യായം - 2 — Call to Service

(3) വിശ്വസ്തതയ്ക്കായുള്ള വിളി അദ്ധ്യായം - 3 — Call to Faithfulness

(4) ശുശ്രൂഷക്കായുള്ള വിളി അദ്ധ്യായം - 4 — Call to Ministry

**പൗലൊസിന്റെ അവസാന നാളുകൾ —**

രണ്ടാം കാരഗൃഹവാസത്തിൽ എഴുതിയ ഈ ലേഖനത്തിലൂടെ പൗലൊസിന്റെ അന്ത്യനാളുകളെ കുറിച്ചു താൻ തന്നെ എഴുതിയ പ്രത്യാശയുടെ വാക്കുകൾ കാണുന്നു (2 തിമോ.4:6-8). താൻ ചെയ്തിട്ടില്ലാത്ത കുറ്റത്തിനു രാജ്യദ്രോഹ കുറ്റം ചുമത്തി മരണശിക്ഷയേൽക്കുവാൻ പോകുന്നു. തദവസരത്തിൽ തന്റെ ഉറ്റ സ്നേഹതർ പോലും കൈവിടുന്നു. ഭൂമിയിൽ നിന്നും മാറ്റപ്പെടുവാൻ പോകുന്നുവെന്നു അറിയാമെങ്കിലും പരാതിയോ, പരിഭവമോ, ഭയമോ ഇല്ലാതെ തന്നെ വിളിച്ചു വഴി നടത്തിയ ദൈവത്തിൽ ആശ്രയിച്ചു. തിമൊഥെയൊസ് തനിക്കു ലഭിച്ച ഈ ലേഖനവുമായി റോമിലെ കാരഗൃഹത്തിൽ എത്തിയപ്പോഴേക്കും പൗലൊസ് ശിരച്ഛേദനം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു എന്നു പറയപ്പെടുന്നു.

ഈ ലോകത്തിൽ ജീവിക്കുന്ന ഒരു ക്രിസ്തീയവിശ്വാസി എങ്ങനെ ആയിരിക്കേണമെന്നു ഏഴു ദൃഷ്ടാന്തങ്ങളിലൂടെ രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നു (2.തിമൊ.2).

| | | | |
|---|---|---|---|
| 1 | മകൻ | As a SON | കൃപയാൽ ശക്തിപ്പെടണം (2:1,2) |
| 2 | ഭടൻ | As a SOLDIER | കഷ്ടം സഹിക്കണം (2:3) |
| 3 | കളിക്കാരൻ | As an ATHLET | ചട്ടപ്രകാരം പോരാടണം (2:5) |
| 4 | കൃഷിക്കാരൻ | As a FARMER | അദ്ധ്വാനിക്കണം (2:6-13) |
| 5 | വേലക്കാരൻ | As a WORKMAN | സത്യവചനം പ്രസംഗിക്കണം (2:14-19) |
| 6 | പാത്രം | As a VESSEL | വെടിപ്പാക്കണം (2:20-22) |
| 7 | ദാസൻ | As a SERVANT | ദോഷം സഹിക്കണം (2:23-26) |

**ദൈവദാസ ന്മാർക്കുള്ള ഉപദേശങ്ങൾ** (2.തിമൊ.2:22-26)

(1) യൗവ്വനമോഹങ്ങൾ വിട്ടോടണം (2:22)

(2) നീതിയും, വിശ്വാസവും, സ്നേഹവും, ശുദ്ധഹൃദയവും, സമാധാനവും പിന്തുടരുകയും അങ്ങനെയുള്ളവരുമായി കൂട്ടായ്മ ആചരിക്കയും ചെയ്യുക (2:22)

(3) ശണ്ഠ ഇടാത്തവനും, ശാന്തനും, ഉപദേശിപ്പാൻ സമർത്ഥനും, ദോഷം സഹിക്കുന്നവനുമായിരിക്കണം (2:24).

(4) വിരോധികളെ സത്യത്തിന്റെ പരിജ്ഞാനത്തിലേക്കു നടത്തുകയും സൗമ്യതയോടെ അവരെ പഠിപ്പിക്കുന്നനും ആയിരിക്കണം (2:25,26).

## ക്രിസ്തു 2. തിമൊഥെയൊസിൽ —

### ക്രിസതു നമ്മോടു കൂടെ നിൽക്കുന്നവൻ

1. യേശുക്രിസ്തുവിൽ നിന്നും കൃപയും, കനിവും, സമാധാനവും — 2.തിമൊ.1:2
2. ക്രിസ്തു രക്ഷിച്ചു, വിശുദ്ധവിളിയാൽ വിളിച്ചു — 2.തിമൊ.1:9
3. യേശുക്രിസ്തു മരണം നീക്കി; സുവിശേഷംകൊണ്ടു ജീവനും, അക്ഷയതയും - വെളിപ്പെടുത്തി-1:10
4. ക്രിസ്തു ഉപനിധി സൂക്ഷിപ്പാൻ ശക്തൻ — 2.തിമൊ.1:12
5. പടനായകനായ ക്രിസ്തു — 2.തിമൊ.2:4
6. ദാവീദിന്റെ സന്തതിയായി ജനിച്ചു; മരിച്ചിട്ടു, ഉയിർത്തെഴു ന്നേററവൻ — 2.തിമൊ.2:8
7. വിശ്വാസി ക്രിസ്തുവിനോടു കൂടെ മരിക്കുകയും, അതിനാൽജീവിക്കുകയും ചെയ്യുന്നു- 2.തിമൊ.2:11.
8. ക്രിസ്തു വിശ്വസ്തൻ — 2.തിമൊ.2:13
9. ക്രിസ്തു തനിക്കുള്ളവരെ അറിയുന്നു — 2.തിമൊ.2:1910. ജീവികൾക്കും, മരിച്ചവർക്കും ന്യായവിസ്താരം നടത്തുന്നവൻ — 2.തിമൊ.4:1
11. പ്രത്യക്ഷതയിൽ പ്രിയം വെച്ച എല്ലാവർക്കും നീതിയുടെ കിരീടം നൽകുന്നവൻ — 2.തിമൊ.4:8
12. നീതിയുള്ള ന്യായാധിപതി — 2.തിമൊ.4:8
13.കർത്താവുനമ്മോടുകൂടെ നിൽക്കുന്നവനും, ശക്തീകരിക്കുന്നവനും — 2.തിമൊ.4:17.

-----------------------------------

# NT -17

# (56) തീത്തൊസ് — TITUS

തീത്തോസിന്ന് എഴുതിയ ലേഖനം വേദപുസ്തകത്തിലെ അൻപത്തി ആറാമത്തെ പുസ്തകവും പുതിയനിയമത്തിൽ പതിനേഴാമത്തതുമാണ്. മൂന്നു അദ്ധ്യായങ്ങളും നാല്പ്പത്തിയഞ്ചു വാക്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. പൗലൊസിന്റെ ഇടയലേഖനങ്ങളിൽ ഉൾപ്പെട്ടതാണ് തീത്തൊസിനു എഴുതിയ ലേഖനം. തീത്തൊസിനു എഴുതിയ ലേഖനം. 1. തിമൊഥെയൊസ്, 2.തിമൊഥെയൊസ്, തീത്തോസ് എന്നീ മൂന്നു ലേഖനങ്ങളാണ് ഇടയലേഖനങ്ങൾ (The Pastoral Epistles) എന്ന പേരിൽ അറിയപ്പെടുന്നത്. ഇവ മൂന്നും പൗലൊസിന്റെ ശുശ്രൂഷയുടെ അവസാനകാലയളവിൽ തനിക്കു ശേഷം വരുന്ന സഭാശുശ്രൂഷകരെ മുന്നിൽ കണ്ടുകൊണ്ടു സഭയുടെ സുഗമമായ നടത്തിപ്പിനും കർത്തൃശുശ്രൂഷയിലെ അവരുടെ സഹായത്തിനും വിജയത്തിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നു.

തിമൊഥെയൊസ് എഫെസോസ് പട്ടണത്തിൽ പ്രവർത്തിച്ച പ്പോൾ തീത്തൊസ് മെഡിററേനിയൻ ദ്വീപായ ക്രേത്തയിൽ ശുശ്രൂഷ ചെയ്തു. ക്രേത്തയിലെ ജനങ്ങൾ അധാർമ്മിക ജീവിതത്തിലും, സാമൂഹ്യമായി അധഃപധിച്ച നിലയിലും, അസത്യവാദികളുമായി കഴിഞ്ഞവരായിരുന്നു.(തീത്തൊസ്.1:12) റോമിലെ ഒന്നാ മത്തെ കാരാഗൃഹവാസത്തിനു ശേഷം പൗലൊസ് ക്രേത്തയിൽ എത്തി സുവിശേഷം അറിയിച്ചതിനാൽ അവിടെ ഒരു സഭാകൂടിവരവുണ്ടായി. തുടർന്നു അവിടത്തെ സഭയുടെ ചുമതല തീത്തൊസിനെ ഏൽപ്പിച്ച ശേഷം പൗലൊസ് അവിടെ നിന്നും പോയി (തീത്തൊ.1:5).

ക്രേത്തയിലെ സഭയെ പരിപാലിച്ചു കൊണ്ടു പോകേണ്ട ഭാരിച്ച ഉത്തരവാദിത്തം തീത്തൊസിനുണ്ടായിരുന്നു. ഈ അവസരത്തിൽ അപ്പൊസ്തലൻ ഈ സഭയുടെ അഭിവൃദ്ധിക്കും, മുന്നേററത്തിനും ആവശ്യമായ കാര്യങ്ങളും, തീത്തൊസ് ചെയ്യേണ്ടതായ ചുമതലകളും, സഭാവിശ്വാസികൾ അവർ കേട്ടറിഞ്ഞ സത്യങ്ങൾ പ്രായോഗിക ജീവിതത്തിൽ ഉൾക്കൊള്ളേണ്ട ആവശ്യകതയും അറിയിക്കുവാനാണ് ഈ ലേഖനം എഴുതിയത്.

## ലേഖനത്തിലെ ഉദ്ദേശ്യങ്ങളും, നിർദ്ദേശങ്ങളും ––

(1) പട്ടണം തോറും സ്വഭാവശുദ്ധിയുള്ളവരും, കുററമില്ലാത്തവരും, അനിന്ദ്യരും, സൽഗുണപ്രിയരും, തിരുവചന ഉപദേശങ്ങൾ പ്രബോധിപ്പിക്കാൻ പക്വതയുള്ളവരുമായ മൂപ്പന്മാരെ സഭയുടെ ഇടയപരിപാലനത്തിനും, ഉന്നമനത്തിനായും ചുമതല ഏൽപ്പിക്കണം (തീത്തൊ.1:5-9).

(2) ഒരു പററം ദുരുപദേഷ്ടാക്കൾ കൃപയുടെ സുവിശേഷത്തോടു യഹൂദാനിയമങ്ങൾ കൂട്ടിക്കലർത്താൻ ശ്രമിക്കുന്നതു തടയുക (തീത്തൊ.1:10-14)

(3) ജാതികളിൽ നിന്നും വന്ന ഒരു ചെറിയ കൂട്ടം വിശ്വാസികൾ ഈ കൃപയുടെ പ്രമാണങ്ങളെ ദുരുപയോഗപ്പെടുത്തി പാപം ചെയ്യാനുള്ള അനുമതിയായി കാണുന്ന പ്രവണത തടയുക (തീത്തൊ.2:12-15)

(4) പ്രകൃതിയാൽ അധാർമ്മിക ജീവിതത്തിലും, ദുഷിച്ച ജീവിതസാഹചര്യത്തിലും കഴിയുന്ന ഈ ജനത്തോടൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ തീത്തൊസിന് അവഗാഹമായ ക്ഷമയും, സ്നേഹവും ആവശ്യമാണ് (തീത്തൊ.1:12,13 / തീത്തൊ.2:15). കൂടാതെ സഭയിൽ നുഴഞ്ഞു കയറുന്ന ജഡിക പ്രവർത്തനത്തെ എങ്ങനെ നേരിടേണം എന്നും നിർദ്ദേശിച്ചിരി ക്കുന്നു.

(5) തീത്തൊസിനെ നേരിൽ കാണുവാൻ പൗലൊസ് ആഗ്രഹിക്കുന്നു. അതിനായി നിക്കൊപ്പൊലിസിൽ വരുവാൻ നിർദ്ദേശിക്കുന്നു (തീത്തൊ.3:12).

**എഴുത്തുകാരൻ** : പൗലൊസ്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി.64-ൽ രണ്ടു പ്രാവശ്യത്തെ കാരാഗൃഹ വാസത്തിനിടയിൽ മാസിഡോണിയയിൽ നിന്നു എഴുതി എന്നു പറയപ്പെടുന്നു.

**ആർക്കെഴുതി** : തീത്തൊാസിന് —

തീത്തൊാസ് എന്ന പേരിനു അർത്ഥം "സംരക്ഷിക്കപ്പെട്ടവൻ" എന്നാണ്. തീത്തൊാസ് ഒരു യവനപുറജാതിക്കാരനായിരുന്നു(ഗലാ.2:3) പൗലൊസിന്റെ സുവിശേഷവേലയിലൂടെ ആയിരിക്കണം തീത്തൊാസ് കർത്താവിനെ കണ്ടുമുട്ടിയത് (തീത്തൊാസ് 1:4).

2.കൊരി 8:23-ൽ പൗലൊസ് പറയുന്നത് തീത്തൊാസ് എനിക്കു കൂട്ടാളിയും നിങ്ങളുടെ കൂട്ടുവേലക്കാരനും ആകുന്നു എന്നാണ്. കൊരിന്തുസഭയോടുള്ള ബന്ധത്തിൽ പ്രത്യേക ദൗത്യവുമായി തീത്തൊാസിനെ വിടുന്നതായി കാണുന്നു (2.കൊരി.7:13,14/8:6,16/12:18).

**മർമ്മപദങ്ങൾ** : (1) സഭാജീവിതത്തിലെ പെരുമാററച്ചട്ടം

(2) സഭയിലെ ക്രമീകരണം

(3) ഉത്തരവാദിത്തം

**പ്രധാന വാക്യങ്ങൾ** : തീത്തൊ.1:5 / തീത്തൊ.3:8

**പ്രധാന അദ്ധ്യായം** : തീത്തൊ.2

## പുസ്തക വിഭജനം : ( 3 അദ്ധ്യായങ്ങൾ )

വിജയകരമായ ക്രിസ്തീയ ജീവിതത്തോടു ബന്ധത്തിൽ ഒരു വിശ്വാസി സഭയിൽ, ഭവനത്തിൽ ലോകത്തിൽ എപ്രകാരമായിരിക്കണമെന്നു മൂന്നു അദ്ധ്യായങ്ങളിലൂടെ —

| | |
|---|---|
| അദ്ധ്യായം —1 | ഉപദേശവും ഉത്തരവാദിത്തവും സഭയിൽ<br>(Doctrine and responsiblity in the Church) |
| അദ്ധ്യായം —2 | ഉപദേശവും ഉത്തരവാദിത്തവും ഭവനത്തിൽ<br>(Doctrine and responsiblity in the Home) |
| അദ്ധ്യായം —3 | ഉപദേശവും ഉത്തരവാദിത്തവും ലോകത്തിൽ<br>(Doctrine and responsibility in the World) |

*മറ്റൊരു വിഭജനം —*

ദൈവത്തോടും ദൈവവചനത്തോടും ബന്ധത്തിൽ ഒരു വിശ്വാസിയുടെ ജീവിതവും അനുസരണവും എപ്രകാരമായിരിക്കണെന്നു മൂന്നു അദ്ധ്യായങ്ങളിലൂടെ —

| | |
|---|---|
| അദ്ധ്യായം — 1 | സഭയിലെ ക്രമീകരണം (Order in the Church) |
| അദ്ധ്യായം —2 | സഭയിലെ അനുസരണം (Obedience in the Church) |
| അദ്ധ്യായം —3 | ലോകത്തിലെ അനുസരണം (Obedience in the World) |

## വിശ്വാസിയും സൽപ്രവൃത്തിയും തീത്തോസിൽ —

സൽപ്രവൃത്തികളിൽ >

| |
|---|
| (1) വർദ്ധിക്കണം (തീത്തൊ.1:16) |
| (2) മാതൃകയാക്കണം (തീത്തൊ.2:7) |
| (3) ശുഷ്കാന്തിയുള്ളവരാകണം (തീത്തൊ.2:14) |
| (4) ഒരുങ്ങിയിരിക്കണം (തീത്തൊ.3:1) |
| (5) ഉത്സാഹികളാകണം (തീത്തൊ.3:8) |
| (6) മുമ്പരായിരിക്കണം (തീത്തൊ.3:14). |

**ദൈവത്തിൽ വിശ്വസിച്ചവർ ഓർക്കേണ്ടത് —** (തീത്തൊ.3:8)

| | |
|---|---|
| (1) | ലോകത്തോടുള്ള ഉത്തരവാദിത്തങ്ങൾ ഓർക്കണം — 3:1,2<br>(Remember our duty to the World) |
| (2) | അവിശ്വാസത്തിലും പാപത്തിലുമുള്ള കഴിഞ്ഞകാല ജീവിതം ഓർക്കണം — 3:3<br>(Remember our old life in sin) |
| (3) | യേശുക്രിസ്തുവിലൂടെയുള്ള രക്ഷയാൽ ലഭിച്ച അനുഗ്രഹങ്ങൾ ഓർക്കണം — 3:4-7<br>(Remember our present blessings through Jesus Christ). |
| (4) | സൽപ്രവൃത്തികളിൽ ഉത്സാഹികളാകുവാൻ ഓർക്കണം — 3:8<br>(Remember to increase in good works). |

## ക്രിസ്തു തീത്തൊസിൽ —

## —ക്രിസ്തു വിശ്വസ്തനായ ഇടയൻ

1. ക്രിസ്തുയേശുവിൽ നിന്നും കൃപയും സമാധാനവും — തീത്തൊ.1:4

2. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചു എന്നതു ക്രിസ്തുവിനെ കുറിക്കുന്നു - തീത്തൊ.2:11

3. യേശുക്രിസ്തു നമ്മുടെ രക്ഷിതാവ് — തീത്തൊ.2:12 /തീത്തൊ.3:7

4. യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷത — തീത്തൊ.2:12

5 മഹാദൈവവും രക്ഷിതാവും — തീത്തൊ.2:12-14

6. ക്രിസ്തു നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു — തീത്തൊ.2:14

---------------------------------

## NT -18

# (57) ഫിലേമോൻ — PHILEMON

അറുപത്തിയാറു പുസ്തകങ്ങളുള്ള ബൈബിളിൽ അൻപത്തിയേഴാമത്തെ പുസ്തകവും (57) പുതിയനിയമത്തിൽ പതിനെട്ടാമത്തെ പുസ്തകവുമാണ് (18) ഫിലേമോന്നു എഴുതിയ ലേഖനം. ഒരു അദ്ധ്യായം മാത്രമുള്ള ഈ ലേഖനം പൗലൊസ് റോമയിലെ ഒന്നാം പ്രാവശ്യത്തെ രണ്ടു വർഷത്തെ കാരാഗൃഹവാസകാലത്തു എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. (കാരാഗൃഹലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്). കൊലോസ്സി പട്ടണത്തിൽ താമസിച്ചിരുന്ന ഒരു ധനികനായിരുന്നു ഫിലേമോൻ. ഫിലേമോൻ എന്നവാക്കിനു അർത്ഥം പ്രിയമുള്ള അഥവാ സ്നേഹിക്കുന്നവൻ എന്നാണ്. ഇദ്ദേഹത്തിന്റെ ഭാര്യ അപ്പിയ, മകൻ അർക്കിപ്പൊസു. (ഫിലേ.2). ഇവരുടെ ഭവനത്തിൽ ഒരു സഭാകൂടിവരവുണ്ടായിരുന്നു (ഫിലേ.2). കൊലൊസ്സിയിലുള്ള ഈ സഭ പൗലൊസ് സ്ഥാപിച്ചതല്ല. അവിടെ സന്ദർശിച്ചിട്ടും ഇല്ല (കൊലൊ.1:1-8/കൊലൊ.2:1). ഒരുപക്ഷേ എഫസോസിലുളള പൗലൊസിന്റെ പ്രവർത്തനഫലമായി (അപ്പൊ.19:10,20,26) രക്ഷിക്കപ്പെട്ടവരായിരിക്കാം. എപ്പഫ്രാസായി രുന്നു ഈ സഭ സ്ഥാപിച്ചത്.

റോമൻസാമ്രാജ്യത്തിൽ നിയമപ്രകാരം അടിമത്വം അനുവദിച്ചിരുന്നു. സഭയിലെ പല വിശ്വാസികൾക്കും അടിമകൾ ഉണ്ടായിരുന്നു. കൊലൊസ്സ്യസഭയിലെ വിശ്വാസിയായ ഫിലേമോന്റെ അടിമകളിൽ ഒരുവനായിരുന്നു ഒനേസിമൊസ് (അർത്ഥം പ്രയോജനമുള്ള). യജമാനന്റെ ഭവനത്തിൽ നിന്നും ഏതോ അപഹരിച്ചു കുററം ചെയ്തു ഓടിപ്പോയി ജനബാഹുല്യമുള്ള റോമിൽ എത്തി. അവിടെ കാരാഗൃഹത്തിലായിരുന്ന പൗലൊസിനെ എങ്ങനെയോ ഒനേസിമൊസ് കാണുവാൻ ഇടയായി. തുടർന്നു മാനസാന്തരപ്പെട്ടു ഒരു പുതിയ മനുഷ്യനായിത്തീർന്നു. പൗലൊസിനു വളരെ പ്രയോജനമുള്ള ഒരുവനായി പൗലൊസിനെ ശുശ്രൂഷിച്ചു റോമിൽ പാർത്തു. അവനെ തിരികെ യജമാനന്റെ അടുക്കൽ അയെക്കണമെന്നു പൗലൊസു ആഗ്രഹിച്ചു. ഒനേസിമോസിനും തിരികെ പോകാൻ ആഗ്രഹം ഉണ്ടായി. കൊലൊസ്സ്യർക്കുള്ള ഒരു ലേഖനം എഴുതി തിഹിക്കോസിന്റെ പക്കൽ കൊടുത്തയെക്കുമ്പോൾ, തിഹിക്കോസിനോടൊപ്പം ഒനേസിമോസിനെയും ഫിലേമോനു ഒരു കത്തുമായി അയച്ചു. ഒനേസിമൊസിനെ ഒററയ്ക്കു തിരികെ അയയ്ക്കാഞ്ഞതിനു പല കാരണങ്ങളുണ്ടായിരുന്നു.

അക്കാലങ്ങളിൽ അടിമകളുടെ ജീവിതം ഏററവും ദുഷ്ക്കരമായിരുന്നു. ജീവനില്ലാത്ത ഒരു വസ്തുവിനെപ്പോലെ അടിമകളെ യജമാനനു തന്റെ ഇഷ്ടംപോലെ വാങ്ങുവാനും, വിൽക്കുവാനും, ഏതു ഹീനകാര്യങ്ങൾക്കും ഉപയോഗിക്കുവാനും സ്വാതന്ത്രം ഉണ്ടായിരുന്നു. ചെറിയ തെററുകൾക്കു പോലും നിർദ്ദയമായി ശിക്ഷിക്കുകയും, ക്രൂശിൽ തറച്ചു കൊല്ലുകയും ചെയ്യുക പതിവായിരുന്നു. ഓടിപ്പോയ അടിമയെ സംബന്ധിച്ചു രണ്ടു പോംവഴികളേ ജീവിതത്തിൽ പ്രതീക്ഷിക്കേണ്ടതുള്ളൂ. ഒന്നുകിൽ മരണം വരെ ഏതെങ്കിലും ഇരുട്ടറയിൽ ഒളിച്ചു കഴിയുക. അല്ലെങ്കിൽ യജമാനന്റെ നിർദ്ദേശപ്രകാരം റോമൻ പടയാളികളാൽ വേട്ടയാടപ്പെട്ടു അതിക്രൂരമായ മരണം വരിക്കുക. ആയതിനാൽ പൗലൊസ് ഒനേസിമൊസിന്റെ യജമാനനായ ഫിലേമോനു ഒരു കത്തെഴുതി തിഹിക്കൊസു വശം അവനെ സുരക്ഷിതനായി മടക്കി അയക്കുന്നതാണീ ലേഖനം.

ഓടിപ്പോയ അടിമയായ ഒനേസിമൊസിനോടു ക്ഷമിക്കുക മാത്രമല്ല ക്രിസ്തീയ ബന്ധത്തിൽ ഒരു സഹോദരനായി കാണണമെന്നും അഭ്യർത്ഥിക്കുന്നു. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടം പെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക എന്നു പൗലൊസു ഒനേസിമൊസിനു വേണ്ടി അപേക്ഷിക്കുന്നു(വാക്യം.18). റോമൻ ഭരണഘടന അടിമകളോടു ക്രൂരത പ്രദർശിക്കുമ്പോൾ ബൈബിൾ ഇവരോടു ദയയും സ്നേഹവും കാണിക്കുന്നു (ലേവ്യ 25:53, ഉല്പത്തി 17:27, പുറ.21:2,20, ആവ.23 :15,16). രക്ഷിക്കപ്പെട്ടവർ ലോകപ്രകാരം എത്ര ഉന്നതരോ, താഴ്ന്നവരോ ആയിരുന്നാലും അവർ ക്രിസ്തുവിൽ ഒന്നാണ്, ദൈവമക്കളാണ്, സഹോദരീ സഹോദരന്മാരാണ് (ഗലാ 3:26-29).

ജാതീയചുറ്റുപാടുകളിൽ വസിക്കുന്ന വിശ്വാസികൾ അവരുടെ ലോകജീവിതത്തിൽ മറ്റുള്ളവ രോടു കരുണ കാണിക്കുകയും ക്രിസ്തീയസ്വഭാവം വെളിപ്പെടുത്തുകയും വേണമെന്നു ഫിലേമോനു എഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നു. "ആകയാൽ നീ എന്നെ കൂട്ടാളി എന്നു കരുതുന്നു എങ്കിൽ അവനെ എന്നെപ്പോലെ ചേർത്തുകൊൾക. അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അതു എന്റെ പേരിൽ കണക്കിട്ടുകൊൾക" (**ഫിലേ.17,18**).

**എഴുത്തുകാരൻ** : പൗലൊസ്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 60- ൽ റോമൻ കാരാഗൃഹത്തിൽ നിന്നും

**ആർക്കെഴുതി** : ഫിലേമോന് — അടിമകളുടെ യജമാനൻ എങ്കിലും സുവിശേഷത്താൽ ദൈവമകനായിത്തീർന്ന കൊലൊസ്സി പട്ടണത്തിലെ ഒരു ധനികൻ ആയിരുന്നു ഫിലേമോൻ

**പ്രധാന പദങ്ങൾ** : (1) ക്രിസ്തീയ ക്ഷമ (2) മോചനം (3) സാഹോദര്യം

**പ്രധാന വാക്യങ്ങൾ** : ഫിലേ. 15, 16, 17

## പുസ്തക വിഭജനം : ( ഒരു അദ്ധ്യായം )

| | | |
|---|---|---|
| 1. | ഫിലേമോനെ ഓർത്തു പ്രാർത്ഥന, സ്തുതി | 1 — 7 |
| 2. | ഒനേസിമൊസ്, പ്രയോജനമുള്ളവൻ, അവനായുള്ള അപേക്ഷ | 8 — 16 |
| 3. | ഫിലേമോനുള്ള വാഗ്ദാനം (ഞാൻ തന്നു തീർക്കാം) | 17 — 25 |

## പ്രത്യേകത —

(1) ബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങളിൽ ഒരദ്ധ്യായം മാത്രമുള്ളത് പഴയനിയമത്തിൽ ഒന്നും പുതിയനിയമത്തിൽ നാലും ഉൾപ്പെടെ ആകെ അഞ്ചു പുസ്തകങ്ങളാണ്. അവ —

(a) ഓബദ്യാവ് (b) രണ്ടു യോഹന്നാൻ (c) മൂന്നു യോഹന്നാൻ (d) യൂദാ (e) ഫിലേമോൻ

(2) പൗലൊസിന്റെ ലേഖനങ്ങളെല്ലാം സഭകൾക്കോ വ്യക്തികൾക്കോ ഉപദേശപരമായ കാര്യങ്ങളുൾക്കൊള്ളിച്ചാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഫിലേമൊനെഴുതിയ ലേഖനം ഒരു വ്യക്തിപരമായ കത്താണ് എന്നുള്ള പ്രത്യേകതയുണ്ട്. തികെച്ചും വ്യക്തിപരമായ കത്തെങ്കിലും പരിശുദ്ധാത്മാവ് ഇതിനെയും തിരുവെഴുത്തുകളോടൊപ്പം കൂട്ടിച്ചേർത്തു.

(3) പൗലൊസിന്റെ ലേഖനങ്ങളിൽ ഏറ്റവും ചെറുത് ഫിലേമോനു എഴുതിയ ലേഖനമാണ്. ഒരു അദ്ധ്യായമുള്ള ലേഖനത്തിൽ ഇരുപത്തിയഞ്ചു വാക്യങ്ങൾ ഉൾക്കൊള്ളുന്നു.

(4) ഫിലേമോനെഴുതിയ ലേഖനം റോമയിലെ കാരാഗൃഹവാസകാലത്തു പൗലൊസ് എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. കാരാഗൃഹലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്. ഇവ നാലും ക്രിസ്തുവും, വിശ്വാസികളും, സഭയും തമ്മിലുള്ള ബന്ധത്തെ കുറിക്കുന്നു. കൊലൊസ്യർ ശിരസ്സായ ക്രിസ്തുവിനെയും, എഫെസ്യർ ശിരസ്സിനോടു ബന്ധപ്പെട്ട ശരീരമാകുന്ന സഭയെയും കുറിക്കുന്നു. ശരീരത്തോടു ചേർന്നു ഇരുവശങ്ങളിലായി ഫിലിപ്പിയലേഖനം —> ക്രിസ്തു, സന്തോഷദായകൻ എന്നും ഫിലേമോന്റെ ലേഖനം —> ക്രിസ്തു, നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ എന്നും വെളിപ്പെടുത്തുന്നു.

(5) ഫിലേമോൻ, പൗലൊസു, ഒനേസിമൊസ് എന്നിവർ യഥാക്രമം പിതാവായ ദൈവത്തിന്റെയും, പുത്രനായ ക്രിസ്തുവിന്റെയും, പാപികളായ മനുഷ്യരുടെയും നിഴലുകളായിരിക്കുന്നു.

**ഫിലേമോൻ:** പിതാവായ ദൈവത്തിന്റെ നിഴൽ. ഫിലേമോൻ ഒനേസിമൊസിൽ അതിക്രമം കാണുന്നു. ഫിലേമോൻ യജമാനൻ എന്ന നിലയിൽ നീതി നടത്തുന്നവൻ. ദൈവം നീതിമാൻ.

**പൗലൊസ്:** കർത്താവായ യേശുക്രിസ്തുവിന്റെ നിഴൽ. യജമാനനായ ഫിലേമോന്റെയും, കുററക്കാരനായ ഒനേസിമൊസിന്റെയും ഇടയിൽ പക്ഷവാദം ചെയ്യുന്ന പൗലൊസ്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഏക മദ്ധ്യസ്ഥൻ, പാപക്കടം കൊടുത്തു തീർത്തവൻ.

**ഒനേസിമൊസ്:** പാപികളായ മനുഷ്യരുടെ നിഴൽ. കുററം ചെയ്തു, വീടു വിട്ടോടി, മരണശിക്ഷെക്കു അർഹരായവൻ. ഇനി എങ്ങനെ യജമാനന്റെ മുമ്പിൽ നിൽക്കാം. എന്നാൽ ഇപ്പോൾ യേശുക്രിസ്തുമൂലം യജമാനനോടു നിരപ്പു ലഭിച്ചവനായി മകനായി, സഹോദരനായി, അവകാശിയായി ഭവനത്തിലേക്കു എത്തിചേർന്നു.

**ഫിലേമോന്റെ പ്രത്യേകതകൾ —**

(1) വീട്ടിൽ സഭാകൂടിവരവുള്ളവൻ (കുടുംബമായി ദൈവത്തെ ആരാധിക്കുന്നവൻ (ഫിലേ.2)

(2) കർത്താവിനോടും വിശ്വാസികളോടും സ്നേഹവും വിശ്വാസവുമുള്ളവൻ (ഫിലേ.4)

(3) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവനെക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ (ഫിലേ.6)

(4) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7)

(5) അനുസരണയുള്ളവൻ (ഫിലേ.21)

## ക്രിസ്തു ഫിലേമോനിൽ —

### ക്രിസ്തു നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ

(1) ക്രിസ്തു സ്നേഹസമ്പൂർണ്ണൻ (ഫിലേ.7)

(2) ക്രിസ്തു നമ്മുടെ കടങ്ങൾ വീട്ടുന്നവൻ (ഫിലേ.18)

(3) കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് കൃപയും സമാധാനവും ലഭിക്കുന്നത്(ഫിലേ.3)

> യേശുക്രിസ്തു മൂലം ലഭിക്കുന്ന പാപക്ഷമ ഫിലേമോന്റെ ലേഖനത്തിലൂടെ വെളിപ്പെടുന്നു.

> ഒനേസിമൊസിന്റെ കടം കൊടുത്തു തീർക്കുന്ന ബാദ്ധ്യത പൗലൊസ് ഏറ്റെടുക്കുന്നു.

> നാം ഓരോരുത്തരും ഒനേസിമൊസിനെപ്പോലെയുള്ളവരായിരുന്നു.

> ഫിലേമോന്റെ മുമ്പാകെ പൗലൊസ് അഭയ യാചന ചെയ്യുന്നതുപോലെ ക്രിസ്തു നമുക്കു വേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നു.

> ഒനേസിമൊസ് ന്യായപ്രമാണപ്രകാരം ശിക്ഷാർഹനെങ്കിലും കൃപയാൽ മോചിക്കപ്പെടുന്നു.

> മുടിയൻ പുത്രനെപ്പോലെ നാമും പിതാവായ ദൈവത്തെ അനുസരിക്കാതെ ലക്ഷ്യംവിട്ടു സഞ്ചരിച്ചിരുന്നു.

> എന്നാൽ ദൈവസ്നേഹം തിരിച്ചറിഞ്ഞു തിരികെ വന്നപ്പോൾ ക്രിസ്തുവിലൂടെ ലഭിക്കുന്ന സമാധാനം ഇവിടെ വെളിപ്പെടുന്നു.

> എന്നേക്കും അന്ധകാരത്തിലും മരണഭീതിയിലും കഴിയേണ്ടിയിരുന്ന നമ്മെ ക്രിസ്തുവിൽ സ്വതന്ത്രരാക്കി.

----------------------------------

# NT -19

# (58) എബ്രായർ — HEBREW

പലസ്ററീനിലെ യഹൂദാ അഥവാ എബ്രായരിൽ നിന്നും ചിലർ ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടെ സഭ ഉണ്ടാകുകയും ചെയ്തു. തുടർന്നു അനേകർ യഹൂദാമതം ഉപേക്ഷിച്ചു വിശ്വാസത്തിലേക്കു വന്നു. ഇവരെകുറിച്ചു യഹൂദന്മാരുടെ ഇടയിൽ വെറുപ്പുണ്ടായി. അവർ യഹോവയെയും, ന്യായപ്രമാണങ്ങളെയും ഉപേക്ഷിച്ചവർ, ശപിക്കപ്പെട്ട അവസ്ഥയിൽ മരത്തിന്മേൽ തൂങ്ങിയവന്റെ പുറകേ പോയവർ, പഴയനിയമ ത്തിലൂടെ ദൈവം നൽകിയ വാഗ്ദത്തം നഷ്ടപ്പെടുത്തിയവർ എന്നൊക്കെയുള്ള ചിന്തയായിരുന്നു ഈ യഹൂദന്മാർക്ക്. കൂടാതെ യഹൂദാമതത്തിൽ നിന്നും വിശ്വാസത്തിലേക്കു വന്നവർക്കു പലവിധത്തിലുള്ള പീഡകളും അനുഭവിക്കേണ്ടിവന്നപ്പോൾ ചിലർ തിരികെപോകുവാൻ ആഗ്രഹിച്ചു. വലിയ ദൈവാലയങ്ങൾ, അണിഞ്ഞൊരുങ്ങിയ പുരോഹിതവർഗ്ഗം, വഴിപാടുകൾ, യാഗങ്ങൾ ഇവയൊക്കെ വിട്ടു, ഇവയൊന്നുമില്ലാത്ത പുതിയവിശ്വാസം ചില വിശ്വാസികൾക്കു മനം മടുപ്പിക്കുന്നതും, ന്യൂനതയുള്ളതും ആയി തോന്നി. ഈ പ്രത്യേക പരിതസ്ഥിതിയിൽ ഈ വിശ്വാസത്തിന്റെ മേന്മയും, മഹത്വവും അവരെ പറഞ്ഞുമനസ്സിലാക്കി കൊടുത്തു വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതായി വന്നു.

പുതിയനിയമത്തിന്റെ മഹത്വവും, ക്രിസ്തുവിന്റെ നിസ്തുല്യതയും തെളിയിച്ചു അവരെ വിശ്വാസത്തിൽ നില നിറുത്തുവാനാണ് ഈ ലേഖനം എഴുതിയത്. ഈ ശ്രേഷ്ഠത ലേഖനത്തിലുടനീളം കാണാം.

1. യേശുക്രിസ്തുവിന്റെ രക്തം മൂലമുള്ള പുതിയനിയമം, മൃഗങ്ങളുടെ രക്തം മൂലമുള്ള ആദ്യനിയമത്തേക്കാൾ (പഴയനിയമത്തേക്കാൾ)ശ്രേഷ്ഠവും അതു മാററി സ്ഥാപിക്കുന്നതുമാണ് (എബ്രാ.7:22/എബ്രാ.8:6-8 /എബ്രാ.10:19).
2. ലേവ്യായാഗങ്ങളേക്കാൾ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗം ശ്രേഷ്ഠവും അതു എന്നേക്കും ഒരിക്കലായിട്ടും മാത്രമുള്ളതും. ഇനി യാഗങ്ങളുടെ ആവശ്യമില്ല (എബ്രാ. 9:25,26/ എബ്രാ.10:4-10).
3. അഹരോന്റെ പൗരോഹിത്യവും പഴയനിയമവും, മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള ക്രിസ്തുവിന്റെ പൗരോഹിത്യത്തിനും പുതിയ നിയമത്തിനും വഴി മാറി കൊടുത്തിരിക്കുന്നു (എബ്രാ. 6:20).

**അപകട മുന്നറിയിപ്പുകൾ —**

1. വിശ്വാസത്തിൽ നിന്നും ഒഴുകിപ്പോകാതിരിപ്പാൻ—(എബ്രാ.2:1 -4)
2. ഹൃദയം കഠിനമാക്കുന്നതിനെതിരായി— (എബ്രാ.3:7-19)
3. പിന്മാറിപ്പോകുന്നതിനെതിരായി — (എബ്രാ.5:11 — 6:12)
4. ദൈവപുത്രനെ ചവിട്ടിക്കളയുന്നതിനെതിരാ—(എബ്രാ.10:26-29)

**എഴുത്തുകാരൻ** : പൗലൊസ്(ശീലാസ്, തീത്തൊസ്, മർക്കൊസ്, ബർന്നബാസ്, അപ്പൊല്ലൊസ്, ക്ലെമന്ത്, ലൂക്കൊസ്, അക്വില, പ്രിസ്ക്കില്ല, ഇങ്ങനെ പല പേരുകൾ പറയുന്നു എങ്കിലും ഈ ലേഖനം എഴുതിയത് പൗലൊസ് എന്നു പൊതുവേ കരുതപ്പെടുന്നു).

**എഴുതിയകാലം, സ്ഥലം** : ഏകദേശം എ.ഡി. 65ൽ റോമിൽ വെച്ച് (13:24) (യെരുശലേം ദൈവാലയം എ.ഡി.70 - ൽ നശിപ്പിക്കപ്പെടുന്നതിനു മുമ്പു എന്നുചിന്തിക്കാം. കാരണം ദൈവാലയവും, അതിൽ ശുശ്രൂഷിക്കുന്ന പുരോഹിതന്മാരെയും എബ്രാ. 10:11 ൽ കാണുന്നു)

**ആർക്കെഴുതി** : പലസ്തീനിലെ യഹൂദാ (എബ്രായ) ക്രിസ്ത്യാനികൾക്ക്

**പ്രധാനപദം** : ക്രിസ്തുവിന്റെ ശ്രേഷ്ഠത

**പ്രധാന വാക്യങ്ങൾ**: എബ്രാ.1:3/എബ്രാ.4:14-16/ എബ്രാ.11:6/12:12

**പ്രധാന അദ്ധ്യായം** : എബ്രാ. 11

**പുസ്തക വിഭജനം** : (13 അദ്ധ്യായങ്ങൾ)

| | | | |
|---|---|---|---|
| 1. ശ്രേഷ്ഠവ്യക്തി | — ക്രിസ്തു | എബ്രാ.1 — 6 | — Super Person |
| 2. ശ്രേഷ്ഠപൗരോഹിത്യം | — മൽക്കിസെദെക്ക് | എബ്രാ.7 — 10 | — Super Priest-hood |
| 3. ശ്രേഷ്ഠപ്രമാണം | — വിശ്വാസം | എബ്രാ.11 — 13 | — Super Principle |

# എബ്രായലേഖനത്തിൽ യേശുക്രിസ്തുവിന്റെ ഉന്നതി —

യേശുക്രിസ്തുവിന്റെ ജീവിതം മഹത്വമേറിയതാണെന്നു തിരുവചനം സാക്ഷീകരിക്കുന്നു. *"ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ"* (എബ്രാ.7:4) എന്നു തന്റെ പൗരോഹിത്യത്തോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കർത്താവിന്റെ ഉന്നതി, മഹത്വം, ശുശ്രൂഷ എന്നിവയെ അടിസ്ഥാനപ്പെടുത്തി എബ്രായലേഖനത്തിലെ പതിമൂന്നു അദ്ധ്യായങ്ങളിലും ക്രിസ്തുവിന്റെ ശ്രേഷ്ഠത കാണാം —

| അദ്ധ്യായം | ശ്രേഷ്ഠത | വാക്യം |
|---|---|---|
| 1 | പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠൻ | എബ്രാ.1:1–3 |
| | ദൈവദൂതന്മാരേക്കാൾ ശ്രേഷ്ഠൻ | എബ്രാ.1:4 |
| 2 | ആദാമിനേക്കാൾ വലിയവൻ | എബ്രാ.2:6–8 |
| 3 | മോശെയേക്കാൾ മഹത്വമേറിയവൻ | എബ്രാ.3:3 |
| 4 | യോശുവയേക്കാൾ വലിയവൻ | എബ്രാ.4:8 |
| 5 | അഹരോനേക്കാൾ വലിയവൻ | എബ്രാ.5:4 |
| 6 | അബ്രാഹാമിനേക്കാൾ വലിയവൻ | എബ്രാ.6:13,16 |
| 7 | മല്ക്കീസേദെക്കിനേക്കാൾ വലിയവൻ | എബ്രാ.7 |
| 8 | ന്യായപ്രമാണത്തേക്കാൾ വലിയവൻ | എബ്രാ.8 |
| 9 | സമാഗമനകൂടാരത്തേക്കാൾ വലിയവൻ | എബ്രാ.9 |
| 10 | ലേവ്യയാഗങ്ങളേക്കാൾ ശ്രേഷ്ഠയാഗം കഴിച്ച ഉന്നതൻ | എബ്രാ.10 |
| 11 | വിശ്വാസവീരന്മാരേക്കാൾ ഉന്നതൻ | എബ്രാ.11 |
| 12 | വിശ്വാസത്തിന്റെ നായകൻ | എബ്രാ.12:2 |
| | പുതിയനിയമ മദ്ധ്യസ്ഥൻ | എബ്രാ.12:24 |
| | ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം | എബ്രാ.12:24 |
| 13 | ആടുകളുടെ വലിയ ഇടയൻ | എബ്രാ.13:20 |

## ക്രിസ്തു എബ്രായരിൽ — ക്രിസ്തു സ്വർഗ്ഗാരൂഢൻ

1. ക്രിസ്തു പ്രവാചകന്മാരേക്കാൾ (എബ്രാ.1:1–3), ദൂതന്മാരേക്കാൾ (എബ്രാ.1:4), മോശയേക്കാൾ (എബ്രാ.3:1–19), യോശുവയേക്കാൾ (എബ്രാ.4:8), അഹരോനേക്കാൾ (എബ്രാ.5:4) വലിയവൻ.
2. ക്രിസ്തു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനാണ് (എബ്രാ.5:6/6:20) ഇതിലൂടെ ക്രിസ്തു പ്രവാചകനും, പുരോഹിതനും, രാജാവും ആയി കാണുന്നു.
3. ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും (എബ്രാ.2:9,14,17,18), ദൈവത്വത്തെയും (എബ്രാ.1:1,2,3,8) കുറിച്ചു പറഞ്ഞിരിക്കുന്നു.
4. ക്രിസ്തു പ്രവാചകന്മാരിൽ ശ്രേഷ്ഠൻ (എബ്രാ.1:1,2)
5. ക്രിസ്തുവിന്റെ വ്യക്തിത്വം. മഹത്വം, സ്വഭാവവിശേഷതകൾ, ഉന്നതി എന്നിവ ലേഖനത്തിലുടനീളം പറഞ്ഞിരിക്കുന്നതു നോക്കുക.

(a) സകലത്തിനും അവകാശി, തേജസ്സിന്റെ പ്രഭ, തത്വത്തിന്റെ മുദ്ര, മഹിമയുടെ വലത്തുഭാഗത്തിരിക്കുന്നവൻ (എബ്രാ.1:3)

(b) സകലത്തിന്റെയും ലാക്കും, കാരണഭൂതനും, രക്ഷാനായകനും (എബ്രാ.2:10)

(c) അപ്പൊസ്തലൻ, മഹാപുരോഹിതൻ (എബ്രാ.3:1)

(d) ദൈവപുത്രൻ (എബ്രാ.4:14)

(e) എത്രയോ മഹാൻ (എബ്രാ.7:4)

(f) മദ്ധ്യസ്ഥൻ (എബ്രാ.7:25)

(g) പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതൻ (എബ്രാ.7:26)

(h) വിശ്വാസത്തിന്റെ നായകൻ, പൂർത്തിവരുത്തുന്നവൻ (എബ്രാ.12;2)

(i) എന്നെന്നേക്കും അനന്യൻ (എബ്രാ.13:8).

---------------------------------

# NT -20

# (59) യാക്കോബ് — JAMES

പൗലൊസിന്റെ ലേഖനങ്ങൾ ഏതെങ്കിലും സ്ഥലംസഭകൾക്കോ, വ്യക്തികൾക്കോ ആണ് എഴുതിയിരിക്കുന്നത്. ഇതല്ലാതെ എല്ലാസ്ഥലത്തുമുള്ള സഭകളെയും വിശ്വാസികളെയും ഉൾക്കൊള്ളിച്ചു എഴുതിയ ലേഖനങ്ങളും ഉണ്ട്. അവയെ **"സാർവ്വത്രിക (പൊതു)ലേഖനങ്ങൾ"** എന്നുവിളിക്കുന്നു. യാക്കോബ്, പത്രൊസ്, യൂദാ, യോഹന്നാൻ എന്നീ നാലു പേരുടെ ഏഴു ലേഖനങ്ങൾ ക്രിസ്തീയ വിശ്വാസികളെ പൊതുവേ ലക്ഷ്യമാക്കി എഴുതിയവയാണ്. ഈ ലേഖനങ്ങളിൽ ചിലതിൽ ചില വ്യക്തികളുടെ പേരുണ്ടെങ്കിൽ തന്നെ അവ പൊതുവേ എല്ലാ സഭകൾക്കായും വ്യക്തികൾക്കായും എഴുതപ്പെട്ടവയാണ്.

**സാർവ്വത്രിക (പൊതു) ലേഖനങ്ങൾ മുഖ്യപ്രമേയം ——**

| | |
|---|---|
| യാക്കോബ് | വിശ്വാസവും പ്രവൃത്തിയും |
| പത്രൊസ് | പ്രത്യാശയും പരിജ്ഞാനവും |
| യൂദാ | വിശ്വാസവും പോരാട്ടവും |
| യോഹന്നാൻ | സ്നേഹവും സത്യവും |

യാക്കോബിന്റെ ലേഖനം വിശ്വാസത്തിലൂടെ രക്ഷയിലേക്കു വന്ന ഒരു ദൈവപൈതലിന്റെ ദൈനംദിന ജീവിതത്തിൽ അവന്റെ പ്രവൃത്തിക്കു ഊന്നൽ കൊടുക്കുന്നു. ആയതിനാൽ യാക്കോബിന്റെ ലേഖനം **"പുതിയനിയമത്തിലെ സദൃശ്യവാക്യങ്ങൾ"** (Proverbs of the New Testament) എന്നറിയപ്പെടുന്നു. സഭാപ്രസംഗിയോടും ഇതിനു സാമ്യമുണ്ട്. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലെ ഉപദേശത്തോടും ചേർന്നു വരുന്നു. ഇതിലെ പ്രധാന വിഷയം രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയുടെ **"വിശ്വാസവും പ്രവൃത്തിയും"** (Faith and deeds) എന്നതാണ്. അധർമ്മത്തിനും, അനീതിക്കും, അന്യായത്തിനുമെതിരേ അപ്പൊസ്തലന്റെ ഉറച്ച നിലപാടും, മുഖം നോക്കാതെയുള്ള ശാസനയും കാരണം യാക്കോബിനെ **"പുതിയനിയമത്തിലെ ആമോസ് "** ( The Amos of the New Testament ) എന്നും അറിയപ്പെടുന്നു.

പ്രവൃത്തിയില്ലാത്ത വിശ്വാസത്തെ വിശ്വാസം എന്നു വിളിക്കാനാവില്ല. കാരണം പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവവും നിഷ്ഫലവും ആണ് (യാക്കോ.2:17,20,26). വിശ്വാസം പ്രവൃത്തിയിലൂടെ പ്രദർശിപ്പിക്കപ്പെടണം. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു നീതീകരണം പ്രാപിച്ചവർ അതിനനുസരണമായ പ്രവൃത്തികളിൽ അവരുടെ വിശ്വാസ ത്തെയും, അവർക്കു ലഭിച്ച നീതീകരണത്തെയും ജീവിതത്തിൽ വെളിപ്പെടുത്തണം എന്നു അപ്പൊസ്തലൻ പറയുന്നു.

യാക്കോബിന്റെ ലേഖനം പഠിക്കുമ്പോൾ അന്നത്തെ യഹൂദാവിശ്വാസികളുടെ വ്യക്തിപരമായ ജീവിതത്തിലും, സഭാകൂട്ടായ്മ ബന്ധത്തിലും ചില പ്രശ്നങ്ങൾ കാണുന്നു. അവർ പല പരിശോധനകളിലും പീഡകളിലും കൂടെ കടന്നു പോകുന്നു. പാപത്തിൽ വീണുപോകാവുന്ന പരീക്ഷകൾ ഉണ്ടാകുന്നു, പരീക്ഷകളിൽ സഹിക്കുന്നതിനുള്ള ക്ഷമയില്ലായ്മ നേരിടുന്നു. (യാക്കോ.1:1–4,12). ഒരു കൂട്ടം വിശ്വാസികളിൽ ധനികരായവർ ഉന്നതഭാവം പുലർത്തുകയും, പാവപ്പെട്ട വിശ്വാസികളെ മാനിക്കാതിരിക്കുകയും ചെയ്യുന്നു. മററൊന്നു, വിശ്വാസികൾ വിശ്വസിച്ച കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ തോൽവി അടയുന്നു. കൂടാതെ അവരുടെ നാവിനെ അടക്കുവാൻ കഴിയാത്തതിനാൽ സഭയിൽ വഴക്കുകൾ, യുദ്ധങ്ങൾ, ഭിന്നതകൾ ഉണ്ടാകുന്നു.

ഇതിനു പുറമേ ലോകവും, ജഡവും ചില വിശ്വാസികളിലൂടെ സഭക്കുള്ളിലേക്കു കയറുന്നതുമൂലം ചിലർ ദൈവവചനം അനുസരിക്കാതെ ദൈവത്തിൽ നിന്നും സഭാകൂട്ടായ്മബന്ധത്തിൽ നിന്നും അകന്നു പിൻമാററക്കാരായി. ചുരുക്കിപ്പറഞ്ഞാൽ സഭ വിശ്വാസികളുടെപരാതികേൾക്കുവാനും,ഒത്തുതീർപ്പിനുമുള്ള ഒരു വേദിയായിത്തീർന്നു. ഇതിന്റെ ഒക്കെ കാരണം ആത്മീയവളർച്ചയില്ലായ്മയാണ് എന്നു യാക്കോബ് അപ്പൊസ്തലൻ പറയുന്നു. ആധുനിക യുഗത്തിലും നമ്മുടെ പ്രാദേശിക സഭകൾ അനുഭവിക്കുന്നതും കൈകാര്യം ചെയ്യുന്നതുമായ വിഷയങ്ങൾ തന്നെയാണിതെന്നു ഈ ലേഖനത്തിലൂടെ മനസ്സിലാക്കാം. വിശ്വാസികൾ ക്രിസ്തുവിൽ വളരണം. ഒന്നിലും കുറവില്ലാതെ തികഞ്ഞവരും, സമ്പൂർണ്ണരും, ആകേണ്ടതിനു സ്ഥിരതെയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകണം. വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരു മായിരിക്കണം എന്നു അപ്പൊസ്തലൻ ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (യാക്കോ.1:22).

**എഴുത്തുകാരൻ** : യാക്കോബ് (കർത്താവിന്റെ സഹോദരന്മാരിൽ ഒരുവൻ (മർക്കൊ.6:3, മത്താ.13:55, ഗലാ.1:19).

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 48 – ൽ യെരുശലേമിൽ വെച്ച്

**ആർക്കെഴുതി** : പലസ്തീൻ രാജ്യത്തിനു വെളിയിൽ ജാതികളുടെ ഇടയിൽചിതറിപ്പാർക്കുന്ന 12 ഗോത്രങ്ങളിലുള്ള യഹൂദാക്രിസ്തുവിശ്വാസികൾക്ക് (യാക്കോ.1:1).

**ലക്ഷ്യം** : (1) സഭകളിലേക്കു നുഴഞ്ഞു കയറിയ അനാചാരങ്ങളെ വെളിപ്പെടുത്തുക (2) രക്ഷിക്കപ്പെട്ടവർ അവരുടെ വിശ്വാസം പ്രവൃത്തിയിലൂടെ പ്രദർശിപ്പിക്കുക (3) ആത്മീയ പക്വത പ്രാപിക്കുക (4) ക്രിസ്തീയ പെരുമാറ്റച്ചട്ടം മനസ്സിലാക്കി ജീവിക്കുക.

**പ്രധാന പദം** : പ്രവൃത്തിയാലുള്ള വിശ്വാസം

**പ്രധാന സന്ദേശം** : ആത്മീയപക്വത

**പ്രധാന വാക്യങ്ങൾ** : യാക്കോ.1:4/യാക്കോ.1:19 –22/ യാക്കോ.2:14–18

**പ്രധാന അദ്ധ്യായം** : യാക്കോ. 1

**പുസ്തക വിഭജനം** : (5 അദ്ധ്യായങ്ങൾ)

| | | |
|---|---|---|
| (1) | വിശ്വാസി പരിശോധനയിൽ ക്ഷമയുള്ളവൻ | യാക്കോ.1 |
| (2) | വിശ്വാസി അറിഞ്ഞ സത്യം പാലിക്കുന്നവൻ | യാക്കോ.2 |
| (3) | വിശ്വാസി നാവിന്മേൽ നിയന്ത്രണമുള്ളവൻ | യാക്കോ.3 |
| (4) | വിശ്വാസി സമാധാനമുണ്ടാക്കുന്നവൻ | യാക്കോ.4 |
| (5) | വിശ്വാസി കഷ്ടങ്ങളിൽ പ്രാർത്ഥിക്കുന്നവൻ | യാക്കോ.5 |

## ക്രിസ്തു യാക്കോബിൽ — ക്രിസ്തു വരുവാനുള്ള ന്യായാധിപതി (യാക്കോ.5:9)

1. യേശുക്രിസ്തു കർത്താവ്. പിതാവായദൈവവും പുത്രനായ യേശുക്രിസ്തുവും സമത്വത്തിലും, മഹത്വത്തിലും തുല്യരെന്നു കാണുന്നു(യാക്കോ. 1:1).
2. കർത്താവു ജീവകിരീടം നൽകും (യാക്കോ.1:12).
3. കർത്താവു തേജോമയനായ ദൈവപുത്രൻ, മുഖപക്ഷം കാണിക്കാത്തവൻ (യാക്കോ.2:1).
4. കർത്താവിൽ സമാധാനം, ശാന്തത, സൽഫലങ്ങൾ നിറഞ്ഞിരിക്കുന്നു. (യാക്കോ.3:17,18).
5. കർത്താവു താഴ്മയുള്ളവരെ ഉയർത്തുന്നവൻ (യാക്കോ.4:10).
6. കർത്താവു വരുന്ന ഒരുവൻ, കർത്താവു ദീർഘക്ഷമയുള്ള കൃഷിക്കാരൻ (യാക്കോ.5:7).
7. കർത്താവു മഹാ കരുണയും മനസ്സലിവുമുള്ളവൻ (യാക്കോ.5:11).
8. കർത്താവു പ്രാർത്ഥന കേൾക്കുന്നവൻ (യാക്കോ.5:14,15).
9. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളിലെ ഉപദേശത്തോടു ഇതിലെ പല വാക്യങ്ങൾക്കും സാമ്യമുണ്ട്.

| | |
|---|---|
| മത്തായി. 5:48 | യാക്കോബ് — 1:4 |
| മത്തായി. 5:34–37 | യാക്കോബ് — 5:12 |
| മത്തായി. 7:7 | യാക്കോബ് — 1:5 |
| മത്തായി. 7:1 | യാക്കോബ് — 4:11,12 |
| മത്തായി. 7:16 –20 | യാക്കോബ് — 3:12 |
| മത്തായി. 7:24,26 | യാക്കോബ് — 1:22 |
| മർക്കൊസ്.11:23 | യാക്കോബ് — 1:6 |
| ലൂക്കൊസ്. 6:20 | യാക്കോബ് — 2:5 |
| ലൂക്കൊസ്. 6:24,25 | യാക്കോബ് — 5:1 |
| യോഹന്നാൻ.13:17 | യാക്കോബ് — 1:25 |

-----------------------------------

## NT -21

# (60) 1.പത്രൊസ് — I. PETER

പത്രൊസിന്റെ ഒന്നാം ലേഖനം സങ്കീർത്തനങ്ങളെപ്പോലെ സ്തുതിയുടെയും സ്തോത്രത്തിന്റെയും ലേഖനമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞുകൊണ്ടു ആരംഭിക്കുന്നു (1.പത്രൊ.1:3). കഷ്ടതയുടെയും, പരീക്ഷയുടെയും, അഗ്നിശോധനയുടെയും മദ്ധ്യേ വിശ്വാസി പതറി അതിശയിച്ചു പോകയല്ല (1.പത്രൊ.4:12), മറിച്ചു ദൈവത്തെ സ്തുതിക്കുകയും പ്രത്യാശയിൽ മുഴുകി, ദൈവകരങ്ങളിൽ താണിരുന്നു സകല ചിന്താകുലവും ദൈവത്തിന്റെ കരങ്ങളിലേക്കു ഏൽപ്പിച്ചു കൊടുക്കുകയുമാണ് ദൈവേഷ്ടം (1.പത്രൊ.5:6,7). ഒന്നാം നൂററാണ്ടു ക്രിസ്താനികൾക്കു പൊതുവേ പീഡകളും, ഉപദ്രവങ്ങളും ഉണ്ടായിരുന്ന കാലമായിരുന്നു. പത്രൊസ് യഹൂദന്മാരുടെ അപ്പൊസ്തലനായിരുന്നു. ക്രിസ്തുവിൽ വിശ്വസിച്ച ഒരു പററം യഹൂദന്മാർ യെരുശലേമിൽ നിന്നും വളരെ അകലെ ചിതറിപ്പാർക്കുമ്പോൾ ഇവരെ ധൈര്യപ്പെടുത്തുവാനും, ആശ്വസിപ്പിക്കുവാനും, പ്രത്യാശയിൽ സ്ഥിരപ്പെടുത്തുവാനും, അനുസരണവും ക്ഷമയും ഉള്ളവരായിരിപ്പാനും പ്രബോധിപ്പിക്കു ന്നതാണ് ഈ ലേഖനം.

റോമാ ചക്രവർത്തി റോമിലും ചുററുപാടുമുള്ള ക്രിസ്ത്യാനികളുടെ നേരേ കഠിനമായ ആക്രമണങ്ങൾ ആരംഭിച്ചു. അനേകരെ പീഡിപ്പിക്കുകയും, ക്രൂശുമരണത്തിനു വിധേയരാക്കു കയും ചെയ്തു. ഈ നാളുകളിൽ അവരെ ധൈര്യപ്പെടുത്തേണ്ടതു ആവശ്യമായിരുന്നു. കഷ്ടമനുഭവിക്കുന്നവർ ദിനംതോറും ശുദ്ധീകരണം പ്രാപിച്ചു മാറ്റേറിയ വിശുദ്ധന്മാരായി ശോഭിക്കും. കർത്താവിന്റെ പ്രത്യക്ഷതയിൽ അവർ പുകഴ്ചയും തേജസ്സുമുള്ളവരായി വെളിപ്പെടും. ഭൂമിയിൽ വെച്ചു എന്തെല്ലാം സംഭവിച്ചാലും ദൈവജനം സ്വർഗ്ഗീയവും വിലയേറിയതുമായ അവകാശത്തിനായി വീണ്ടും ജനിപ്പിക്കപ്പെട്ടവരാണ്. ഈ വിധത്തിലുള്ള വിലയേറിയ വസ്തുതകൾ പത്രോസു അവരെ ഓർമ്മിപ്പിച്ചു ഭാവിയിലേക്കു ഉററു നോക്കുവാൻ ആഹ്വാനം ചെയ്യുന്നു. കഷ്ടത, പ്രതികൂലത, എന്നിവയിൽ വിശ്വാസികളെ പ്രത്യാശയിൽ ഉറപ്പിക്കാനാണ് പ്രധാനമായും ഈ ലേഖനം എഴുതിയത്.

പത്രോസു തന്റെ യജമാനനായ കർത്താവിന്റെ ആജ്ഞ — "എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക."(ലൂക്കൊ.22:32) / *"......... എന്റെ കുഞ്ഞാടുകളെ മേയ്ക്ക. ........ എന്റെ ആടുകളെ പാലിക്ക ............എന്റെ ആടുകളെ മേയ്ക്ക"* (യോഹ 21 :15- 17) നിറവേററുന്നതായി ഈ ലേഖനത്തിലൂടെ കാണുന്നു. കഷ്ടങ്ങളിലും, പ്രതികൂലതകളിലും വിശ്വാസിയെ ഉറപ്പിക്കുന്ന ലേഖനമാണ് 1. പത്രൊസ്.

**എഴുത്തുകാരൻ** : പത്രൊസ്.

> കർത്താവിന്റെ അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്നു.

> ബെത്ത്സയിദക്കാരനായിരുന്നു. (യോഹ.1:44).

> ആദ്യപേര് ശീമോൻ എന്നായിരുന്നു (യോഹ.1:41).

> കർത്താവു കേഫാ(പത്രോസു) എന്നു പേരിട്ടു (യോഹ.1:42).

> ശീമോൻ എന്നത് എബ്രായ നാമവും, പത്രോസ് എന്നതു ഗ്രീക്കു നാമവും ആയിരുന്നു. കേഫാ എന്ന അരാമ്യപദത്തിന്റെ ഗ്രീക്കു പരിഭാഷയാണ് പത്രോസ്.

> മീൻപിടുത്തമായിരുന്നു ആദ്യത്തെ തൊഴിൽ (മത്തായി.4:18).

> പത്രോസു വിവാഹിതനായിരുന്നു എന്നു മത്തായി 8:14, 1.കൊരി. 9 :5 എന്നീ വാക്യങ്ങൾ പ്രകാരം അനുമാനിക്കാം.

> ഇദ്ദേഹം ഒരു ധൃതഗതിക്കാരനും പരമാർത്ഥിയും ആയിരുന്നു.

**ആർക്കെഴുതി** : യെരുശലേമിൽ നിന്നും ആസ്യയിലും മററുമായി ചിതറിപ്പാർക്കുന്ന വിശുദ്ധന്മാർക്ക്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 65 ൽ ബാബിലോ ണിൽ വെച്ച് (1.പത്രൊ.5:13).

**പ്രമേയം** : (1) ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിക്കുക (കഷ്ടത)

(2) പ്രത്യാശയോടിരിക്കുക (പ്രത്യാശ).

**പ്രധാന വാക്യങ്ങൾ** : 1.പത്രൊ.1:7,10,12/1.പത്രൊ.4:1/1.പത്രൊ.4:12,13,16

**പ്രധാന സന്ദേശം** : ദൈവകൃപയും ജീവനുള്ള പ്രത്യാശയും

**പ്രധാന അദ്ധ്യായം** : 1.പത്രൊ. 4

**പുസ്തക വിഭജനം** : ( 5 അദ്ധ്യായങ്ങൾ )

| | | |
|---|---|---|
| I | രക്ഷയുടെ മഹത്വം | 1:1 — 1:12 |
| II | വിശുദ്ധീകരണത്തിനുള്ള പ്രബോധനം | 1.13 — 1:25 |
| III | കർത്താവിലുള്ള സമർപ്പണം | 2:1 — 2:8 |
| IV | വിശ്വാസിയുടെ നടപ്പ് | 2:9 — 3:12 |
| V | കഷ്ടതയോടു വിശ്വാസിയുടെ സമീപനം | 3:13 — 4:19 |
| VI | വിശ്വാസിയും കർത്താവിന്റെ വരവും | 5:1 — 5:14 |

## ക്രിസ്തു 1. പത്രൊസിൽ —

### ക്രിസ്തു ശ്രേഷ്ഠ ഇടയൻ (1.പത്രൊ.5:4)

(1) ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും പുനരുത്ഥാനം ചെയ്തുവെന്നും, പാപികൾ വിശ്വാസത്താലുള്ള രക്ഷയിലൂടെ ക്ഷയം, മാലിന്യം, വാട്ടം, എന്നിവയില്ലാത്ത നല്ലൊരു അവകാശ ത്തിനു പങ്കാളികളാകും എന്നും പറഞ്ഞിരിക്കുന്നു (1.പത്രൊ.1:3,4). എന്നാൽ പഴയനിയമപ്രവാചകന്മാർക്കു ഈ രക്ഷയെപ്പററി ഗ്രഹിക്കുന്നതിനു കഴിഞ്ഞില്ല. മാത്രമല്ല ദൂതന്മാർക്കു പോലും ആശ്ചര്യവിഷയമായി തീർന്നതാണ് യേശുക്രിസ്തുവിലൂടെയുള്ള രക്ഷ (1.പത്രൊ.1:11,12).

(2) ക്രിസ്തു എന്ന നിർദ്ദോഷവും, നിഷക്ളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലാണ് നമ്മെ വീണ്ടെടുത്തിരിക്കുന്നത് (1.പത്രൊ.1:18,19).

(3) കർത്താവു ദയാലു (1.പത്രൊ.2:3), ജീവനുള്ള കല്ല് (1.പത്രൊ.2:4), മനുഷ്യർ തള്ളിക്കളഞ്ഞ കല്ല് (1.പത്രൊ.2:4), മൂലക്കല്ല് (1.പത്രൊ.2:7).

(4) ക്രിസ്തു നമുക്കായി കഷ്ടം അനുഭവിച്ചു (1.പത്രൊ.2:21), വിശ്വാസി ക്രിസ്തുവിൽ നിത്യതേജസ്സിനായി വിളിക്കപ്പെട്ടവൻ (1.പത്രൊ.5:10).

(5) ക്രിസ്തു പാപം ചെയ്തിട്ടില്ല, വായിൽ വഞ്ചന ഇല്ല (1.പത്രൊ.2:22), നമ്മുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമാണ് (1.പത്രൊ.2:25).

(6) ക്രിസ്തു വിശ്വാസികളുടെ മാതൃകയാണ്, പ്രത്യാശയാണ് (1.പത്രൊ.1:3,4). തന്നിൽ വിശ്വസിക്കുന്നവരുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, നീതീകരണം പ്രാപ്തമാക്കി (1.പത്രൊ.2:24/ 1.പത്രൊ.3:18).

(7) ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നവൻ, സകല അധികാരവും ലഭിച്ചവൻ (1.പത്രൊ.3:22).

---

# NT -22

# (61) 2 പത്രൊസ് — II PETER

പത്രൊസു തന്റെ ഒന്നാം ലേഖനം എഴുതി ഏറെ കഴിയുന്നതിനു മുമ്പു ആസ്യയിലും മറ്റുമായി ചിതറിപ്പാർക്കുന്ന വിശ്വാസികളുടെ ഇടയിൽ ദുരുപദേഷ്ടാക്കൾ കടന്നുവന്നു പ്രവർത്തിക്കുന്നതായി പത്രൊസ് അപ്പൊസ്തലൻ അറിഞ്ഞു. അനവധി പീഡകളിൽ കൂടി വിശ്വാസജീവിതത്തിൽ തുടരുന്ന ഈ വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും, ദുരുപദേഷ്ടാക്കന്മാരെയും അവരുടെ ഉപദേശങ്ങളെയും സൂക്ഷിച്ചു ഒഴിഞ്ഞു കൊള്ളുന്നതിനും, ദൈവിക പരിജ്ഞാനത്തിൽ വളർന്നു വരുന്നതിനും ആണ് ഈ ലേഖനം എഴുതിയത്.

ഒന്നാം ലേഖനത്തിൽ കഷ്ടതയെ കുറിച്ചു പറഞ്ഞിരിക്കുന്നു എങ്കിൽ രണ്ടാം ലേഖനത്തിൽ പല കാര്യങ്ങളുടെ മുന്നറിയിപ്പാണ്. ഒന്നാം ലേഖനത്തിൽ പുറമേ നിന്നുമുള്ള ഉപദ്രവങ്ങളുടെയും, കഷ്ടപ്പാടുകളുടെയും മദ്ധ്യേ പ്രത്യാശയുള്ളവരായി ഉറച്ചു നിൽക്കുവാൻ ആഹ്വാനം ചെയ്യുന്നു. രണ്ടാം ലേഖനത്തിൽ സഭെക്കുള്ളിൽ നിന്നുമുണ്ടാകുന്ന വിഷമതകൾക്കും, വ്യാജ ഉപദേശങ്ങൾക്കുമെതിരേ ജാഗ്രതയുള്ളവരായി അതിൽ കുടുങ്ങിപ്പോകാതെ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുവാൻ ഉത്സാഹിപ്പിക്കുന്നു.

വിശ്വാസികൾ ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞു, ദിവ്യസ്വഭാവത്തിനു കൂട്ടാളികളായി തീരുകയും, വിശ്വാസത്തോടു വീര്യവും, പരിജ്ഞാനവും, ഇന്ദ്രിയജയവും, സ്ഥിരതയും, ഭക്തിയും, സഹോദരപ്രീതിയും, സ്നേഹവും കൂട്ടി കൊൾവാൻ ഉപദേശിക്കുന്നു (2.പത്രൊ.1:4,5,6,7,12).

രണ്ടാം അദ്ധ്യായത്തിൽ പഴയനിയമത്തിലെ ചില ദൃഷ്ടാന്തങ്ങളിലൂടെ ദുരുപദേശങ്ങളിൽ കുടുങ്ങിപ്പോകാതെ വിശ്വാസികൾക്കു ഭയനിർദ്ദേശങ്ങളായി മുന്നറിയിപ്പുകൾ രേഖപ്പെടുത്തിയിരിക്കുന്നു (2.പത്രൊ.2:1– 22). ഭക്തികെട്ട മനുഷ്യർക്കു നാശം സംഭവിക്കുന്ന ന്യായവിധി ദിവസത്തെ കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു (2.പത്രൊ.3:1–10). ദൈവമക്കൾ വിശുദ്ധിയും, ദൈവഭക്തിയും, സമാധാനവും ഉള്ളവരായി ജീവിച്ചു ദൈവദിവസത്തിന്റെ വരവു കാത്തിരിക്കുവാൻ ഉത്സാഹിപ്പിക്കുന്നു (2.പത്രൊ.3 :11 –18). ഈ ലേഖനത്തിന്റെ ലക്ഷ്യവും, വിഷയവും 2.പത്രൊ.1 :12 –15 വരെയുള്ള വാക്യങ്ങളിൽ കാണാം.

**എഴുത്തുകാരൻ** : പത്രൊസ്

**ആർക്കെഴുതി** : ആസ്യയിലും മററുമായി ചിതറിപ്പാർ ക്കുന്ന വിശ്വാസികൾക്ക്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 66 –ൽ ബാബിലോണിൽ വെച്ച് ഈ ലേഖനം എഴുതി

**പ്രമേയം** : ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിക്കുക

**ലേഖനത്തിന്റെ ലക്ഷ്യം** :

ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചു മുന്നറിയിപ്പു നല്കുക, വിശ്വാസത്തിലും കർത്താവിന്റെ പരിജ്ഞാനത്തിലും വളരുവാൻ വിശ്വാസികളെ പ്രബോധിപ്പിക്കുക.

**പ്രധാന വാക്യങ്ങൾ** : (1) 2.പത്രൊ.1:3 (2) 2.പത്രൊ.1:20,21 (3) 2.പത്രൊ.3 :9 – 11

**പ്രധാന അദ്ധ്യായം** : 2.പത്രൊ. 1

**പുസ്തക വിഭജനം** : (3 അദ്ധ്യായങ്ങൾ)

| | | |
|---|---|---|
| 1 | വിശ്വാസിയുടെ വളർച്ച | 2.പത്രൊ. 1 |
| 2 | വിശ്വാസിക്കുള്ള അപകടമുന്നറിയിപ്പുകൾ | 2.പത്രൊ. 2 |
| 3 | വിശ്വാസിയുടെ പ്രത്യാശ | 2.പത്രൊ. 3 |

**പത്രൊസിന്റെ രണ്ടാം ലേഖനവും**

**യൂദായുടെ ലേഖനവും —**

പത്രൊസിന്റെ രണ്ടാം ലേഖനവും യൂദായുടെ ലേഖനവും തമ്മിൽ സാമ്യമുണ്ട്. ഇരുവരും ദുരുപദേശങ്ങളെയും ദുരുപദേഷ്ടാക്കന്മാരെയും കുറിച്ചു മുന്നറിയിപ്പു നല്കി വിശ്വാസികളെ ജാഗ്രതയുള്ളവരായിരിക്കുവാൻ പ്രബോധിപ്പിക്കുന്നു. ഒന്നാം നൂററാണ്ടിൽ സഭയിലും വിശ്വാസികളുടെ ഇടയിലും അവരെ വിഴുങ്ങിക്കളയുന്ന ദുരുപദേഷ്ടാക്കളെക്കുറിച്ചു പത്രൊസിന്റെ രണ്ടാം ലേഖനത്തിലെന്ന പോലെ യൂദായും വിശദീകരിക്കുന്നു. ജീവൻ നല്കി തങ്ങളെ വീണ്ടെടുത്ത നാഥനെ തള്ളിപ്പറഞ്ഞു ദുരുപദേശം പരത്തുന്നവർ സഭയിലേക്കു പ്രവേശിക്കുമെന്നു പത്രൊസു മുന്നറിയിപ്പു നല്കിയെങ്കിൽ (2.പത്രൊ.2:1,2), അങ്ങനെയുള്ളവർ വിശ്വാസികളുടെ കൂട്ടങ്ങളിലേക്കു നുഴഞ്ഞു കയറിയതായി യൂദാ (യൂദാ.4) വെളിപ്പെടുത്തുന്നു.

**വിശ്വാസത്തോടു കൂട്ടി ചേർക്കേണ്ട ഏഴു കാര്യങ്ങൾ —**(2.പത്രൊ.1:5-7)

(1) വീര്യം
(2) പരിജ്ഞാനം
(3) ഇന്ദ്രിയജയം
(4) സ്ഥിരത
(5) ഭക്തി
(6) സഹോദരപ്രീതി
(7) സ്നേഹം.

## ക്രിസ്തു 2. പത്രൊസിൽ —

### ക്രിസ്തു ഉദയ നക്ഷത്രം – (2.പത്രൊ.1:19)

(1) യേശുക്രിസ്തു ദൈവപുത്രൻ, പിതാവായ ദൈവത്തിൽ നിന്നും മാനവും തേജസ്സും ലഭിച്ചവൻ (2.പത്രൊ.1:17)

(2) കർത്താവു ദീർഘക്ഷമയുള്ളവൻ, എല്ലാവരും മാനസാന്തര പ്പെടണമെന്നു ആഗ്രഹിക്കുന്നു (2. പത്രൊ.3:9,10) ക്രിസ്തുവിന്റെ ദീർഘക്ഷയെ രക്ഷ എന്നു വിചാരിക്കുക (2.പത്രൊ.3 :14)

(3) കർത്താവിന്റെ നാൾ അഥവാ കർത്താവിന്റെ പ്രത്യക്ഷത എങ്ങനെ ആയിരിക്കും? അന്നു എന്തൊക്കെ സംഭവിക്കും? ഈ ആകാശവും, ഭൂമിയും, മൂലപദാർത്ഥങ്ങളും നിലനിൽക്കുമോ? വിശ്വാസികൾ ഏതിനായി കാത്തിരിക്കേണം? എന്നുള്ള ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു (2.പത്രൊ.3:10-13).

(4) ഒരു മുക്കുവദരിദ്രനായ പത്രൊസ് ക്രിസ്തുവിന്റെ ശിഷ്യനായി ജീവിച്ചു. ക്രിസ്തുവിൽ ഏററവും സമ്പന്നനായി. ഈ ക്രിസ്തുവിനെ പരിജ്ഞാനത്തിന്റെയും, ശക്തിയുടെയും, ദീർഘക്ഷമയുടെയും ഉറവിടമായി പത്രൊസ് ചിത്രീകരിച്ചിരിക്കുന്നു (2.പത്രൊ.1:2,3,16 / 2.പത്രൊ.2:20 /2.പത്രൊ.3:14,18).

------------------------------------

## NT -23

# (62) 1.യോഹന്നാൻ —1.JOHN

പഴയനിയമത്തിൽ മോശയുടെ പഞ്ചഗ്രന്ഥങ്ങൾ ഉള്ളതുപോലെ പുതിയ നിയമത്തിൽ യോഹന്നാന്റെ പഞ്ചഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടതാണീ ലേഖനം. യോഹന്നാന്റെ സുവിശേഷം, 1,2,3 യോഹന്നാന്റെ ലേഖനങ്ങൾ, വെളിപ്പാട് എന്നീ അഞ്ചു പുസ്തകങ്ങളാണ് യോഹന്നാന്റെ എഴുത്തുകൾ. സുവിശേഷത്തിലൂടെ വീണ്ടും ജനനം പ്രാപിച്ച ദൈവപൈതൽ, ലേഖനത്തിൽ ദൈവത്തെ കൂടുതൽ അറിയുന്നു; ദൈവത്തെ സ്നേഹിക്കുന്നു; ദൈവത്തെ അനുസരിക്കുന്നു; തുടർന്നു പാപം ചെയ്യുന്നില്ല എന്നതാണ് രത്നചുരുക്കം. ദൈവത്തെ കൂടുതൽ അറിയുക, ദൈവവുമായി ഒത്തു നടക്കുക, പാപം ചെയ്യാതിരിക്കുക, വിഗ്രഹങ്ങളോടും, ദുരുപദേഷ്ടാക്കന്മാരോടും അകന്നു ജീവിക്കുക, അത്മീയ കൂട്ടായ്മയിൽ വർദ്ധിച്ചു വരിക എന്നിങ്ങനെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു.

ഇരുട്ടിൽ നടക്കുന്നത് (1.യോഹ.1:6), ലോകത്തെ സ്നേഹിക്കുന്നത് (1.യോഹ.2:15), കള്ളപ്രവാചകന്മാരുടെ വരവ് (1.യോഹ.4:1), അഭിഷേകത്തെ കുറിച്ചുള്ള തർക്കങ്ങൾ (1.യോഹ.2:20,27), വിഗ്രഹങ്ങളോടുള്ള അടുപ്പം (1.യോഹ.5:21) തുടങ്ങി സഭയിലുള്ള ചില ക്രമക്കേടുകൾ ഈ ഒന്നാം ലേഖനത്തിൽ തന്റെ ചിന്തയിൽ വരുന്നതായി കാണുന്നു. കൂടാതെ ക്രിസ്തുവിന്റെ മനുഷ്യാവതാരം, ക്രിസ്തു ത്രിത്വത്തിൽ രണ്ടാമൻ, യേശുവാണ് ക്രിസ്തുവായ മശീഹ എന്നീ കാര്യങ്ങൾ നിഷേധിക്കുന്നതിലുള്ള ദുരുപദേശങ്ങളെ ഖണ്ഡിക്കുന്നു. ഈ കൂട്ടർ യേശുവിനെയും ക്രിസ്തുവിനെയും രണ്ടായി കാണുകയും, ക്രൂശീകരണ സമയത്തു മരിച്ചതു യേശുവാണെന്നും, ക്രിസ്തു മരിച്ചില്ല എന്നും പറഞ്ഞുപരത്തിയ ദുരുപദേശങ്ങൾ ഈ ലേഖനത്തിലൂടെ യോഹന്നാൻ എതിർക്കുന്നു (1.യോഹ.2:22—24). യേശുവാണ് ക്രിസ്തുവായി ജഡത്തിൽ വെളിപ്പെട്ട ദൈവം എന്നും (1.യോഹ.4:14), പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ വന്ന ദൈവപുത്രൻ എന്നും പറയുന്നു (1.യോഹ.3:8).

ദൈവമക്കൾ പാപങ്ങൾ ഏററു പറഞ്ഞു, സ്നേഹത്തിൽ വസിക്കണം, വെളിച്ചത്തിലും, വിശുദ്ധിയിലും നടക്കണം എന്നുപദേശിക്കുന്നു. ഇങ്ങനെ ജീവിതം തുടർന്നാൽ അവർ ദൈവത്തെ സ്നേഹിക്കും, സഹോദരന്മാരെ സ്നേഹിക്കും, ദൈവകല്പനകളെ പ്രമാണിച്ചുകൊണ്ടു ലോകത്തെ ജയിക്കുന്ന ജയാളികളായിത്തീരും എന്നു സമർത്ഥിക്കുന്നു. ഈ ലേഖനത്തിന്റെ ഉദ്ദേശ്യം 1.യോഹ.1:4.ലും, 1.യോഹ.5:13.ലും കാണുന്നു. ഇതിലെ പ്രധാന വിഷയങ്ങൾ വെളിച്ചം, സ്നേഹം, ജീവൻ എന്നിവയാണ്. ദൈവം വെളിച്ചമാണ് (1.യോഹ.1:5), ദൈവം സ്നേഹമാണ് (1.യോഹ.4:9), ദൈവം ജീവനാണ് (1.യോഹ.5:12).

**എഴുത്തുകാരൻ** :

അപ്പൊസ്തലനായ യോഹന്നാൻ. സ്വന്ത സ്ഥലം ബെത്ത്സെയിദാ. (യോഹ. 1:44). സെബദിയും ശലോമയും ആയിരുന്നു മാതാപിതാക്കൾ (മർക്കൊ.1:19,20/15:40). മീൻ പിടുത്തമായിരുന്നു ആദ്യത്തെ തൊഴിൽ (മത്തായി.4:21). ആരംഭത്തിൽ യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു (യോഹ.1:35,40). പിന്നീടു ക്രിസ്തുവിന്റെ ശിഷ്യനായിത്തീർന്നു (യോഹ.1:40/ മത്തായി.4:21,22).

അപ്പൊസ്തലനായ യോഹന്നാൻ കർത്താവിനോടുകൂടെ ചില പ്രത്യേക സന്ദർഭങ്ങളിൽ അനുഗമിക്കുവാൻ ഭാഗ്യം ലഭിച്ച മൂവരിൽ ഒരുവനായിരുന്നു (മർക്കൊസ്.5:37/ മത്തായി.17:1 / മത്തായി.26:37). കർത്താവിന്റെ മാറോടു ചാരിയിരുന്നവൻ, യേശു സ്നേഹിച്ച ശിഷ്യൻ (യോഹ.13:23/ 20:2/21:7,20), സഹോദരനായ യാക്കോബിനെ ചേർത്തു "ഇടിമക്കൾ" എന്നും അറിയപ്പെട്ടിരുന്നു. സുവിശേഷത്തിലും, ലേഖനങ്ങളിലും സ്നേഹത്തെക്കുറിച്ചു വളരെ കാര്യങ്ങൾ യോഹന്നാൻ പറഞ്ഞിരിക്കുന്നതിനാൽ **"സ്നേഹത്തിന്റെ അപ്പൊസ്തലൻ"** എന്നും അറിയപ്പെടുന്നു.

**ആർക്കെഴുതി** : ഒരു പ്രത്യേക സഭെക്കു എഴുതിയതല്ല. എല്ലായിടത്തുമുള്ള വിശ്വാസികൾക്കായി എഴുതിയത്

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി.90 – ൽ എഫെസൊസിൽ വെച്ച്

**പ്രധാന പദം** : കൂട്ടായ്മ

**പ്രധാന വാക്യങ്ങൾ** : 1.യോഹ.1:3,4 /1.യോഹ.5:11 -13

**പ്രധാന അദ്ധ്യായം** : 1.യോഹ. 1

**ലക്ഷ്യം** : ക്രിസ്ത്യാനികളെ വിശ്വാസത്തിൽ ഉറപ്പിക്കുക, ദുരുപദേശങ്ങളെ എതിർക്കുക, അവയിൽ നിന്നു ഒഴിഞ്ഞിരിക്ക. വിഗ്രഹങ്ങളോടു അകന്നു ജീവിക്കുക.

**പുസ്തക വിഭജനം** : ( 5 അദ്ധ്യായങ്ങൾ )

| | | |
|---|---|---|
| 1 | കൂട്ടായ്മ ദൈവവുമായി | 1:1 — 2:8 |
| 2 | കൂട്ടായ്മ ഇരുളും വെളിച്ചവുമായി | 2:9 — 2:29 |
| 3 | കൂട്ടായ്മയും സ്നേഹവും | 3:1 — 4:21 |
| 4 | കൂട്ടായ്മയും പ്രത്യാശയും | 5:1 — 5:21 |

**പ്രധാന വിഷയങ്ങൾ —**

**(1) ദൈവം വെളിച്ചമാണ് —** (1.യോഹ.1:5) — ആയതിനാൽ ദൈവത്തോടു കൂട്ടായ്മ നിലനിറുത്തുവാൻ നാം ഇരുട്ടിൽ നടക്കാതെ വെളിച്ചത്തിൽ നടക്കണം.

**(2) ദൈവം സ്നേഹമാണ് —** (1.യോഹ.4:9) — നാം ദൈവമക്കൾ ആകയാൽ നാമും സ്നേഹത്തിൽ നടക്കണം. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. സ്നേഹം എന്നത് വാങ്ങലല്ല, കൊടുക്കലാണ്. വ്യവസ്ഥയോ പരിധിയോ ഇല്ലാത്ത സ്നേഹമാണ് ദൈവസ്നേഹം.

**(3) ദൈവം ജീവനാണ് —** (1.യോഹ.5:12) — സത്യദൈവവും നിത്യജീവനുമായ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ജീവിക്കുന്ന ഒരുവനിൽ ദൈവത്തിന്റെ ജീവന്റെ അഥവാ ദൈവസ്വഭാവത്തിന്റെ സവിശേഷതകൾ ഉണ്ടായിരിക്കും.

## ക്രിസ്തു 1. യോഹന്നാനിൽ — ക്രിസ്തു സ്നേഹം

(A) ക്രിസ്തു ജീവന്റെ വചനം (Word of Life). 1.യോഹ. 1:1 - 4 വരെയുള്ള വാക്യങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ വെളിപ്പെടുത്തുന്നു. ഞങ്ങൾ കേട്ടതും, കണ്ടതും, നോക്കിയതും, തൊട്ടതും ആയ ജീവന്റെ വചനം ഞങ്ങൾ സാക്ഷീകരിച്ചു. പിതാവിനോടു കൂടെയിരുന്നവൻ നിത്യജീവനായി പ്രത്യക്ഷപ്പെട്ടു. അപ്പൊസ്തലന്മാർ എന്ന നിലയിൽ ഞങ്ങൾ സാക്ഷികളാണ്, യേശുക്രിസ്തുവിനോടു കൂട്ടായ്മയുള്ളവരാണ് എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

(B) യേശുക്രിസ്തുവിന്റെ സ്വഭാവശ്രേഷ്ഠതകളും, വിശ്വാസികൾക്കായി സ്വർഗ്ഗത്തിൽ നിവർത്തിച്ചു കൊണ്ടിരിക്കുന്ന ശുശ്രൂഷകളും, ഈ ലേഖനത്തിലുടനീളം കാണാം.

(1)യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു — (1.യോഹ.1:7)
(2) പാപങ്ങളെ ക്ഷമിക്കുന്നവൻ, സകല അനീതിയും പോക്കി ശുദ്ധീകരിക്കുന്നവൻ—1.യോഹ.1:9)
(3) നീതിമാനായ യേശുക്രിസ്തു — (1.യോഹ.2:1)
(4)നമ്മുടെയും, സർവ്വലോകത്തിന്റെയും പാപങ്ങൾക്കു പ്രായശ്ചിത്തം — (1.യോഹ.2:2)
(5) പരിശുദ്ധനായ ക്രിസ്തുവിനാൽ അഭിഷേകം —(1.യോഹ.2:20)
(6) ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ വിശ്വാസികൾ കർത്താവിനോടു സദൃശ്യന്മാരാകും— (1.യോഹ.3:2)
(7)പാപങ്ങളെ നീക്കുവാൻ ക്രിസ്തു പ്രത്യക്ഷനായി —(1.യോഹ.3:5)
(8) പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ വന്ന ദൈവപുത്രൻ— (1.യോഹ.3:8, 5:5,5:20)
(9) ക്രിസ്തു നമുക്കുവേണ്ടി പ്രാണനെവെച്ചുകൊടുത്തതിനാൽ സ്നേഹം എന്തെന്നറിഞ്ഞു —(1.യോഹ.3:16)
(10) യേശുക്രിസ്തു ജഡത്തിൽ വന്നവൻ —(1.യോഹ.4:2)
(11)ഏകജാതനായ ദൈവപുത്രൻ, ലോകരക്ഷിതാവ്-(1.യോഹ.4:9,14)
(12)ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ — (1.യോഹ.5:13)
(13) സത്യദൈവവും, നിത്യജീവനും — (1.യോഹ.5:20).

--------------------------------

## NT -24

# (63) 2.യോഹന്നാൻ — 2.JOHN

ഓരോ അദ്ധ്യായങ്ങൾ മാത്രമുള്ള യോഹന്നാന്റെ രണ്ടും, മൂന്നും ലേഖനങ്ങൾ അടിയന്തിര സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന വയും, ക്രിസ്തീയ ആതിഥ്യമര്യാദയിലേക്കു വിരൽ ചൂണ്ടുന്ന വയുമാണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു, ദൈവസ്നേഹത്തിൽ വളർന്നു വന്നപ്പോൾ ദുരുപദേശങ്ങളും, ദുരുപദേഷ്ടാക്കന്മാരും പ്രവേശിച്ചു തുടങ്ങി. ഇവർ സഭകൾക്കെതിരായി പ്രവർത്തിക്കുക മാത്രമല്ല അവസരം കിട്ടുമ്പോഴൊക്കെ വിശ്വാസികളുടെ ഭവനങ്ങളിലും സ്വാധീനം ചെലുത്താൻ തുടങ്ങി. ഇവർ ക്രിസ്തുവിന്റെ ഉപദേശം വിട്ടു വേറൊരു സുവിശേഷം പരത്തുന്നവരാണെന്നു പൗലൊസു ഗലാത്യർ 1:6-ൽ പറയുന്നു.

ഇത്തരക്കാർ വീടുകളിൽ കയറി പ്രവർത്തിച്ചിരുന്നതായി പൗലൊസ് തിമൊഥെയൊസിനെയും (2.തിമൊ.3:6), തീത്തൊസി നെയും (തീത്തൊസ്. 1:10,11) അറിയിച്ചിരുന്നതായി കാണുന്നു. ആദ്യ നൂററാണ്ടുകളിൽ യാത്രചെയ്തു പ്രവർത്തിച്ച സുവിശേഷക ന്മാർക്കും, ദൈവമക്കൾക്കും വഴിയാത്രയിൽ താമസിക്കുവാനുള്ള സത്രങ്ങൾ കുറവായിരുന്നു. ആയതിനാൽ അവർ വിശ്വാസിക ളുടെ ഭവനങ്ങളിലായിരിക്കും ചിലപ്പോൾ താമസിക്കുക. ഉദാഹരണമായി ലുദിയയുടെ വീട് (അപ്പൊ16:15), തെസ്സലൊനിക്യയിലെ യാസോന്റെ വീട് (അപ്പൊ.17:7), കൈസര്യയിൽ ഫിലിപ്പൊസിന്റെ വീട് (അപ്പൊ.21:8), യെരുശലേമിൽ കുപ്രൊസുകാരനായ മ്നാസോന്റെ വീട് (അപ്പൊ.21:16), അതിഥി സൽക്കാരപ്രിയനായ ഗായോസ്. (റോമർ.16:23.).

സഞ്ചാരികളായ ഈ ഉപദേഷ്ടാക്കന്മാരിൽ ചിലർ ചിലപ്പോൾ ദുരുപദേശം പരത്തുന്നവരായിരിക്കാം. ഭവനങ്ങളിൽ ഈ കൂട്ടർ സ്വാധീനം ചെലുത്തിക്കഴിഞ്ഞാൽ അതു ക്രമേണ സഭയേയും ബാധിക്കും എന്നു അപ്പൊസ്തലനായ യോഹന്നാന്റെ മനസ്സിൽ ചിന്തയുണ്ടായി. താൻ സ്നേഹിക്കുന്ന തന്റെ ഏററവും പ്രിയ വിശ്വാസികളുടെ ഭവനങ്ങളിൽ ഇവർ നശീകരണം നടത്തുന്നതിനെതിരേ ജാഗ്രതയുള്ളവരായിരിപ്പാൻ പ്രബോധിപ്പിക്കുകയാണ് ഈ ലേഖനം. വിശ്വാസികൾ സത്യത്തിലും സ്നേഹത്തിലും വളർന്നു വരിക, ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചു വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുക എന്നതാണ് പ്രധാനമായും ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**എഴുത്തുകാരൻ** : യോഹന്നാൻ (യേശുക്രിസ്തുവിന്റെ ശിഷ്യനും, അപ്പൊസ്തലനുമായ യോഹന്നാൻ)

**ആർക്കെഴുതി** :

യോഹന്നാനു സുപരിചിതയും, മാന്യയും, ദൈവഭക്തയുമായ ഒരു സഹോദരിക്കും അവരുടെ മക്കൾക്കും. ഒരു പക്ഷേ പ്രാദേശിക സഭാഗംങ്ങളെ ഉദ്ദേശിച്ചു കൂടി ആയിരിക്കാം

**എഴുതിയ കാലം, സ്ഥലം** :ഏകദേശം എ.ഡി. 90-ൽ എഫെസൊസിൽ വെച്ച്

**പ്രധാന പദങ്ങൾ** : (1) സത്യം (2) ദുരുപദേഷ്ടാക്കന്മാരുമായി കൂട്ടായ്മ പാടില്ല

**പ്രധാന വാക്യങ്ങൾ** : 2.യോഹന്നാൻ. 4,6,9,10

**പുസ്തക വിഭജനം** : (ഒരു അദ്ധ്യായം)

| | | |
|---|---|---|
| 1 | സത്യത്തെ അറിയുക | 2. യോഹ. 1 — 3 |
| 2 | സത്യത്തിൽ നടക്കുക | 2. യോഹ. 4 — 6 |
| 3 | സത്യത്തിൽ വസിക്കുക | 2. യോഹ. 7 — 13 |

**മററൊരു വിഭജനം:**

(1) ***വിശ്വാസിയുടെ വഴി*** : 2. യോഹ. 1—6

1. സത്യത്തിൽ നടക്കുക : 2. യോഹ. 4

2. സ്നേഹത്തിൽ നടക്കുക : 2. യോഹ. 5,6

(2) ***വിശ്വാസിയുടെ അപകടം.***: 2.യോഹ. 7 — 13

1. അപകടസ്വഭാവം : 2.യോഹ. 7

2. അപകടത്തോടുള്ള ബന്ധം : 2.യോഹ. 8-11

3. ഉപസംഹാരം : 2.യോഹ. 12-13

## ക്രിസ്തു 2. യോഹന്നാനിൽ — ക്രിസ്തു ജഡത്തിൽ വന്നവൻ

(1) യേശുക്രിസ്തു പിതാവിന്റെ പുത്രൻ (2.യോഹ.3)

(2) യോഹന്നാന്റെ സുവിശേഷത്തിലും, ഒന്നാം ലേഖനത്തിലും കാണുന്ന ക്രിസ്തുസ്നേഹം എന്ന വിഷയം ഇതിലും കാണുന്നു. സത്യം, സ്നേഹം ഇവ രണ്ടുമാണ് ഈ ലേഖനത്തിലെ പ്രധാന വാക്കുകൾ (2.യോഹ.1,2,6).

(3) നമ്മിൽ വസിക്കുന്ന, ഇരിക്കുന്ന, അറിഞ്ഞിരിക്കുന്ന, സ്നേഹിക്കുന്ന എന്നീ വാക്കുകൾ ( 2 . യോഹ.1:2). ദൈവം മനുഷ്യനായി നമ്മോടൊപ്പം വസിച്ചു, ഇരുന്നു, അറിഞ്ഞു, നമ്മെ സ്നേഹിക്കുന്ന യേശുക്രിസ്തുവിനെ കുറിക്കുന്നു.

(4) യേശുക്രിസ്തു ജഡത്തിൽ വന്നവൻ (2.യോഹ.7). യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നു (1.തിമൊ.1:15).

(5) ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കണം. ഈ ഉപദേശവുംകൊണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നവരോടു അകന്നു നിൽക്കണം (2.യോഹ.9,10).

-----------------------------------

## NT -25

# (64) 3.യോഹന്നാൻ – 3.JOHN

ഒരദ്ധ്യായം മാത്രമുള്ള, 15 വാക്യങ്ങൾ അടങ്ങിയ യോഹന്നാന്റെ മൂന്നാം ലേഖനം ബൈബിളിലെ അറുപത്തിനാലാ മത്തെ പുസ്തകവും, ക്രിസ്തീയ ആതിഥ്യമര്യാദയെകുറിച്ചു പറയുന്നതുമാണ്. നന്മയുടെ പ്രതീകങ്ങളായ രണ്ടു വ്യക്തികളേയും, തിന്മയുടെ വഴിയേ പോയ ഒരു വ്യക്തിയെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു.

ഏഷ്യാമൈനറിലെ എഫെസോസിൽ കർത്താവിന്റെ വേലയിൽ പ്രവർത്തിച്ചിരുന്ന പല സുവിശേഷക ന്മാരെയും ചുററുപാടുമുള്ള സഭകളിൽ സന്ദർശിച്ച് അവയെ ആത്മീകമായി ശക്തിപ്പെടുത്തുവാനും, ഉണർത്തുവാനും, ഉറപ്പിക്കുവാനും നിയോഗിച്ചിരുന്നു. ഈ സഞ്ചാര സുവിശേഷക ന്മാരിൽ ചിലർ യോഹന്നാൻ അപ്പൊസ്തലന്റെ അടുക്കൽ തിരികെ എത്തി സഭയിലെ ഗായൊസ് എന്നൊരുവന്റെ സ്നേഹാദരവു കളെയും, പ്രോത്സാഹനങ്ങളെയും കുറിച്ചും, മററൊരുവനായ ദിയൊത്രെഫേസിന്റെ തെററായ പ്രവർത്തനങ്ങളെയും, ജഡിക ഉദ്ദേശ്യങ്ങളെയും കുറിച്ചും അറിയിച്ചപ്പോൾ യോഹന്നാൻ കത്തെഴുതി ദെമേത്രിയൊസിന്റെ വശം ഗായൊസിനു കൊടുത്തയച്ചതാണ് ഈ ലേഖനം.

തന്നിഷ്ടക്കാരനും, അഹങ്കാരിയും, നിഗളിയുമായ ദിയൊത്രെഫേസ് ഒരു സഭയുടെ നിയന്ത്രണം പിടിച്ചെടുക്കുകയും കൂടാതെ യോഹന്നാൻ അപ്പൊസ്തലനെ ദുർവാക്കു പറഞ്ഞു ശകാരിക്കുകയും, അപ്പൊസ്തലൻ അയച്ച ഉപദേഷ്ടാക്കന്മാരെ തിരിസ്കരിക്കുകയും, അവരെ സ്വീകരിക്കുന്നവരെ സഭയിൽ നിന്നും പുറത്താക്കുകയുമാണ് ചെയ്തത്. ഗായൊസിനെ സൽപ്രവൃത്തി കളിൽ ഉത്സാഹിപ്പിക്കുക, തന്റെ അതിഥിസൽക്കാര സ്വഭാവത്തെ അഭിനന്ദിക്കുക, സഭയിലെ പ്രതികൂല, പ്രയാസഘട്ടങ്ങളിൽ സ്ഥിരതയോടെ നിന്ന ഗായൊസിനെ ആശ്വസിപ്പിക്കുക, ഇതൊക്കെയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**എഴുത്തുകാരൻ** : യോഹന്നാൻ അപ്പൊസ്തലൻ

**ആർക്കെഴുതി** : യോഹന്നാൻ അപ്പൊസ്തലൻ തന്റെ പ്രിയ സ്നേഹിതനും, സഭയിലെ ഒരു പ്രധാന വ്യക്തിയുമായ ഗയൊസിനാണ് എഴുതിയത്. ഗായൊസ് എന്ന പേരിന്റെ അർത്ഥം സന്തോഷം അഥവാ പ്രശംസാർഹം എന്നാണ്.

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 90 – ൽ എഫൊസോസിൽ വെച്ച്

**പ്രധാന പദങ്ങൾ** : (1) സഹോദരന്മാരുടെ കൂട്ടായ്മ

(2) സഹോദന്മാരുടെ അതിഥിസൽക്കാരം

**പ്രധാന വാക്യങ്ങൾ** : 3.യോഹ.3,5,11

**പുസ്തക വിഭജനം** : ( ഒരു അദ്ധ്യായം )

| | | |
|---|---|---|
| 1 | ഗായൊസ് — പ്രിയനായ വിശ്വാസി | 3.യോഹ.1 —8 |
| 2 | ദിയൊത്രെഫേസ് — അഹങ്കാരിയായ വിശ്വാസി | 3.യോഹ.9,10 |
| 3 | ദെമേത്രിയൊസ് — മാതൃകാവിശ്വാസി | 3.യോഹ.11—12 |
| 4 | അപ്പൊസ്തലന്റെ ഭാവി പരിപാടിയും ആശീർവാദവും | 3.യോഹ.13—15 |

**പ്രത്യേകത:**

> യോഹന്നാൻ ഒന്നാം ലേഖനത്തിൽ ദൈവവുമായുള്ള കൂട്ടായ്മ ബന്ധത്തെ പ്രതിപാദിച്ചു.

> രണ്ടാം ലേഖനത്തിൽ ദുരുപദേഷ്ടാക്കന്മാരുമായുള്ള കൂട്ടായ്മ വിലക്കുന്നു.

> മൂന്നാം ലേഖനത്തിൽ ക്രിസ്തീയ സഹോദരന്മാരുമായുള്ള കൂട്ടായ്മ പ്രോത്സാഹിപ്പിക്കുന്നു. സത്യത്തിൽ നടക്കുക എന്നതാണ് ഈ മൂന്നാം ലേഖനത്തിന്റെ പ്രധാന വിഷയം.

> രണ്ടാം ലേഖനത്തിൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെ എതിർക്കുന്ന ദുരുപദേഷ്ടാക്കന്മാർ സഭെക്കു പുറത്തു നിന്നു വരുന്നു.

> മൂന്നാംലേഖനത്തിൽ സകല വിധമായ ജഡിക പ്രവർത്തനങ്ങളും സഭെക്കകത്തു നിന്നും ചില വിശ്വാസികളിലൂടെ ഉത്ഭവിക്കുന്നു. ഇവർ സഭയുടെ ചുമതലകൾ സ്വയം ഏറെറടുത്തു സത്യത്തിൽ നടക്കുന്നവരെ പുറത്താക്കുന്നു; ദൈവത്തിനും, ദൈവവചനത്തിനും എതിരേ പ്രവർത്തിക്കുന്നു.

ആദ്യ നൂററാണ്ടുകളിൽ സഭയിലെ വിശ്വാസികൾ നേരിട്ട ഈ പ്രശ്നങ്ങൾ ആധുനിക യുഗത്തിലും നിലനിൽക്കുന്നു എന്നത് ലേഖനത്തിന്റെ പ്രസക്തി വെളിപ്പെടുത്തുന്നു. നാം പറയുന്ന വാക്കുകൾ, സാക്ഷ്യങ്ങൾ, നമ്മുടെ ജീവിതം ഒക്കെ മററുള്ളവർ നമ്മെക്കുറിച്ചു പറയുന്ന നല്ല സാക്ഷ്യങ്ങളായിത്തീരണം.

## ക്രിസ്തു 3. യോഹന്നാനിൽ — സത്യം (3.യോഹ.3,4,8)

(1) തിരുനാമം നിമിത്തമല്ലോ അവർ ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെട്ടതു (3.യോഹ.7) എന്നതിൽ തിരുനാമം എന്നത് കർത്താവായ യേശുക്രിസ്തുവിന്റെ നാമം എന്നതാണ്. ഈ നാമം സകലത്തിനും മേലായ നാമവും, എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു ഏററുപറയുന്ന നാമവും ആണ്. ദൈവദാസന്മാർ സന്തോഷിക്കുന്ന നാമവും, ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാനുള്ള ഏക നാമവും ആണ് (ഫിലി.2:9 —11/അപ്പൊ. 4:12 /അപ്പൊ. 4:17,18/ അപ്പൊ. 5:40,41).

(2) എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു (3.യോഹ.4) എന്നതിൽ സത്യം യേശുക്രിസ്തുവിനെ കുറിക്കുന്നു. യേശുക്രിസ്തു പറഞ്ഞു ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (യോഹ.14:6)

.

## NT -26

# (65) യൂദാ — JUDE

യൂദായുടെ ലേഖനം വേദപുസ്തകത്തിലെ അറുപത്തിയ ഞ്ചാമത്തെ പുസ്തകമാണ്. പുതിയ നിയമത്തിലെ ഇരുപത്തിയാറാമത്തെ പുസ്തകവും ഇരുപത്തിയഞ്ചു വാക്യങ്ങളുമുൾക്കൊള്ളുന്ന ഒര ദ്ധ്യായം മാത്രവുള്ള പുസ്കമാണിത്. പുതിയ നിയമത്തിലെ ഒടുവിലത്തെ ലേഖനമാണ് യൂദായുടെ ലേഖനം. ഈ ലേഖനം കഴിഞ്ഞാൽ പ്രവചന പുസ്തകമായ വെളിപ്പാടിലേക്കു പ്രവേശിക്കുന്നു. ദൈവകൃപയെ അധാർമ്മിക ജീവിതത്തിനു പ്രേരിപ്പിക്കുന്ന ഒരു ദുരുപദേശം സഭയിൽ വ്യാപിച്ചപ്പോൾ അതിനെ എതിർത്തുകൊണ്ടു വിശുദ്ധന്മാർക്കു ഒരിക്കലായി ഭര മേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടുന്നതിനു വിശ്വാസികളെ പ്രബോധിപ്പിക്കുവാനാണ് ഈ ലേഖനം യൂദാ എഴുതിയത്.

ദുരുപദേശം പ്രചരിപ്പിക്കുന്നവർക്കു ഒരു താക്കീതായി പഴയ നിയമ ത്തിൽ നിന്നും ചില ദൃഷ്ടാന്തങ്ങളും നിരത്തിയിരിക്കുന്നു. ദൈവകരുണയാൽ മിസ്രയീമിൽ നിന്നും രക്ഷിച്ചിട്ടും അവിശ്വാസികളായിതീർന്ന യിസ്രയേൽ മക്കളും, സ്വന്ത വാഴ്ച കാത്തുകൊളളാത്ത, അനു സരണക്കേടിൽ വീണു പോയ, ദൂതന്മാരും, ദുർന്നടപ്പിൽ മുഴുകിയ സോദോം, ഗോമോരാ നിവാസികൾക്കും സംഭവിച്ച നാശങ്ങൾ ഓർമ്മിപ്പിച്ച് ഇവർക്കുള്ള ശിക്ഷാവിധി ഉറപ്പായി പറയുന്നു. കൂടാതെ കയീൻ എന്ന കുലപാതകൻ, ബിലെയാം എന്ന അനീതിയുടെ കൂലി കൊതിച്ച ദ്രവ്യാഗ്രഹി, കോരഹ് എന്ന മത്സരി എന്നീ മൂന്നു ദുഷ്പ്രവർത്തിക്കാരെയും ദൃഷ്ടാന്തമായി കൊണ്ടുവന്നു അവരുടെ നാശവും ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ വാക്യം 24-ൽ ദൈവമക്കളെ സംബന്ധിച്ചു അവരെ വീഴാതവണ്ണം സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ള ദൈവത്തെകുറിച്ചു പറഞ്ഞു വിശ്വാസത്തിൽ ഉറപ്പിക്കുന്നു.

ലേഖനത്തിന്റെ പ്രധാന ഉദ്ദേശ്യം സഭകൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനും, ദുരുപദേശത്തെ പൊരുതി വിശ്വാസം കാക്കുവാനും പ്രബോധിപ്പിക്കുക (വാക്യം.3). 'വിശ്വാസത്തിനു വേണ്ടി പോരാ ടുക' എന്നതാണ് ലേഖനത്തിന്റെ പ്രധാന വിഷയം.

**എഴുത്തുകാരൻ** : യേശുവിന്റെയും യാക്കോബിന്റെയും സഹോദരനായ യൂദാ (മർക്കൊ.6:3)

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 68 -ൽ യെരുശെലേമിൽ വെച്ച്

**ആർക്കെഴുതി** : യെഹൂദാ ക്രിസ്താനികൾക്കും, യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും, വിളിക്കപ്പെട്ടവരുമായ എല്ലായിടത്തുമുളള വിശ്വാസികൾക്കുമായി

**പ്രധാന വാക്യങ്ങൾ** : യൂദാ. 3, 4, 21

**പ്രധാന പദങ്ങൾ:** (1) വിശ്വാസത്തിനായി പോരാടുക

(2) സൂക്ഷിക്കുക / സൂക്ഷിക്കപ്പെട്ടിരിക്കുന്നു

**പുസ്തക വിഭജനം** : (ഒരു അദ്ധ്യായം)

| | |
|---|---|
| ലേഖനത്തിന്റെ ലക്ഷ്യം | യൂദാ.1 — 4 |
| ദുരുപദേഷ്ടാക്കന്മാരെപ്പററിയുള്ള വിവരണം | യൂദാ.5 — 16 |
| ദുരുപദേഷ്ടാക്കന്മാരോടു പോരാടേണ്ടതെങ്ങനെ | യൂദാ.17 —23 |
| സ്തോത്രാർപ്പണം | യൂദാ.24 — 25 |

**പ്രത്യേകത:**

ആദ്യ നൂററാണ്ടുകളിൽ സഭയിലും വിശ്വാസികളുടെ ഇടയിലും അവരെ വിഴുങ്ങിക്കളയുന്ന ദുരുപദേഷ്ടാക്കളെക്കുറിച്ചു 2. പത്രൊസിലെന്ന പോലെ യൂദായും ഈ ചെറിയ ലേഖനത്തിലൂടെ വിശദീകരിക്കുന്നു.

വിശ്വാസമില്ലായ്മ, അനുസരണക്കേട്, ദുർന്നടപ്പു, അസൂയ, ദ്രവ്യാഗ്രഹം എന്നിവ പഴയനിയമ ദൃഷ്ടാന്തത്തിലൂടെ വിവരിക്കുന്നു (യൂദാ.5 -11). അവരെ വിശേഷിപ്പിച്ചിരിക്കുന്നത് മറഞ്ഞു കിടക്കുന്ന പാറകൾ, മറ്റുള്ളവരെ വിഴുങ്ങുന്നവർ, വെള്ളമില്ലാത്ത മേഘങ്ങൾ, ഇലകൊഴിഞ്ഞ ഫലമില്ലാത്ത വേരറ്റവൃക്ഷങ്ങൾ, വക്രഗതിക്കാർ, ഭക്തികെട്ടവർ, വമ്പു പറയുന്നവർ, മുഖസ്തുതിക്കാർ എന്നൊക്കെയാണ് (യൂദാ. 12-16).

അന്ത്യകാലത്തു ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും എന്നും പറഞ്ഞിരിക്കുന്നു (യൂദാ.18).

ആധുനിക യുഗമായ ഈ കാലഘട്ടത്തിലും ഈ പറഞ്ഞ കാര്യങ്ങൾ നിലനിൽക്കുന്നു, വളർന്നു വർദ്ധിക്കുന്നു എന്നത് ഈ ലേഖനത്തിന്റെ ഇപ്പോഴത്തെ പ്രസക്തി വ്യക്തമാക്കുന്നു.

എന്നാൽ ദൈവമക്കൾ ദൈവസ്നേഹത്തിൽ തങ്ങളെതന്നെ സൂക്ഷിച്ചുകൊണ്ടു വിശ്വാസത്തിലും, പ്രാർത്ഥനയിലും, സ്നേഹത്തിലും വർദ്ധിച്ചു വന്നു കർത്താവിനായി കാത്തിരിക്കുക എന്നും പ്രബോധിപ്പിക്കുന്നു.

## ക്രിസ്തു യൂദായിൽ —

## ക്രിസ്തു വീഴാതെവണ്ണം സൂക്ഷിക്കുന്നവൻ

(1) യേശുക്രിസ്തു ഏകനാഥനും നമ്മുടെ കർത്താവുമാണ് (യൂദാ.4,17,21,25.)

(2) ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വരുന്നവൻ - യൂദാ. 15

(3) ക്രിസ്തു വീഴാതവണ്ണം സൂക്ഷിക്കുന്നവൻ. (വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാ ത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ള നമ്മുടെ കർത്താവായ യേശുക്രിസ്തു — യൂദാ. 24).

മററു ലേഖനങ്ങളിൽ യേശുക്രിസ്തുവിനെ കുറിച്ചു പറഞ്ഞിരിക്കു ന്നതു നോക്കുക:

ക്രിസ്തു രക്ഷിക്കുവാൻ കഴിവുള്ളവൻ (എബ്രാ. 7:25)

ക്രിസ്തു സ്ഥിരപ്പെടുത്തുവാൻ കഴിവുള്ളവൻ (റോമ. 16:25)

ക്രിസ്തു സഹായിക്കുവാൻ കഴിവുള്ളവൻ (എബ്രാ. 2:18)

ക്രിസ്തു സകലവും കീഴ്പ്പെടുത്തുവാൻ കഴിവുള്ളവൻ.(ഫിലി. 3:21).

(4) നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനു തന്നേ എന്ന 25 - ാം വാക്യം ക്രിസ്തു ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ എന്നു കാണിക്കുന്നു.

-----------------------------------

## NT -27

# (66) വെളിപ്പാടു — REVELATION

ബൈബിളിലെ അവസാനത്തേതും അറുപത്തിയാറാമ ത്തേതുമായ ഗ്രന്ഥമാണ് പ്രവചനപുസ്തകമായ വെളിപ്പാടു. പഴയനിയമത്തിൽ മോശയുടെ പഞ്ചഗ്രന്ഥങ്ങൾ എന്നപോലെ അപ്പൊസ്തലനായ യോഹന്നാന്റെ പഞ്ചഗ്രന്ഥങ്ങളിൽ ഒന്നാണിത്. ഒരു സുവിശേഷം, മൂന്നു ലേഖനങ്ങൾ, ഒരു വെളിപ്പാടു ഉൾപ്പെട്ട പഞ്ചഗ്രന്ഥങ്ങളിൽ ചരിത്രം, ഉപദേശം, പ്രവചനം എന്നീ വിഷയങ്ങൾ യഥാക്രമം അടങ്ങിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ ആളത്വ ശ്രേഷ്ഠത ഇവയിൽ കാണാം. ഗലീലയിൽ മനുഷ്യനായി പിറന്ന യേശു സാക്ഷാൽ ദൈവപുത്രനാണന്നു സുവിശേഷവും, ഈ ദൈവപുത്രനാണ് യേശുക്രിസ്തുവായ ദൈവം എന്നു ലേഖനവും, സകലത്തിന്റെയും വിജയകരമായ പരിസമാപ്തി ദൈവമനുഷ്യനായ ക്രിസ്തുവിൽകൂടിയാണന്ന് വെളിപ്പാടും സമർത്ഥിക്കുന്നു.

വെളിപ്പാട് എന്ന മലയാള പദത്തിന് വെളിപ്പെടുത്തുക, അഥവാ പ്രത്യക്ഷമാക്കുക എന്നർത്ഥം. ഇതിന്റെ ഇംഗ്ളീഷ് പദമായ റെവിലേഷൻ (Revelation) എന്നതിനു രഹസ്യമായതിനെ വെളിപ്പെടുത്തൽ, ദിവ്യമോ ദൈവികമോ ആയ വെളിപ്പാട്, ദൈവം മനുഷ്യനു നൽകുന്ന വെളിപ്പാട്, ദൈവികമായി വെളിപ്പെടുത്തുന്ന വസ്തുത എന്നൊക്കെ അർത്ഥം.

ഗ്രീക്കിൽ **"അപ്പോക്കലിപ്സിസ്"** (Apokalupsis) എന്നും എബ്രായഭാഷയിൽ ഗാലാ (Gala) എന്നും ലാറ്റിൽ ഭാഷയിൽ റെവെലേഷ്യോ (Revelatio)എന്നും പറയുന്നതിന്റെ അർത്ഥം വെളിപ്പാട് എന്നാണ്. അപ്പോക്കലിപ്സിസ് (Apokalupsis) എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം *മറ നീക്കുക, അനാഛാദനം ചെയ്യുക, തിരശ്ശീല നീക്കുക, വെളിപ്പെടുത്തുക, പ്രദർശിപ്പിക്കുക* എന്നൊക്കെയാണ്. ( The word Apokalupsis is a combination of two greek words, namely sapoo and skalupsis . Apo means away from and kalupsis means veiling. = Apokalupsis means unveiling or revealing).

ആത്മീകാർത്ഥത്തിൽ ചിന്തിച്ചാൽ പരിശുദ്ധാത്മാവു സകല തിരശ്ശീലകളും മറകളും നീക്കി സ്വർഗ്ഗത്തിൽ മഹത്വധാരിയായി വസിക്കുന്ന ക്രിസ്തുവിനെയും, തന്റെ ശുശ്രൂഷകളെയും, പരമാധികാരത്തെയും പ്രദർശിപ്പിക്കുകയാണ് ഈ പുസ്തകത്തിൽ.

ദാനീയേൽ പ്രവാചകനോട് ദൈവം നിർദ്ദേശിച്ചത് നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിന്നു മുദ്രയിടുക (ദാനീ. 12:4). എന്നാൽ വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനോടു കൽപ്പിക്കുന്നത് സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുതു ........ ഇതാ, ഞാൻ വേഗം വരുന്നു (വെളി.22:10,11,12). ചുരുക്കിപറഞ്ഞാൽ ദൈവത്തിന്റെ പരമാധികാരം, സഭയെകുറിച്ചുള്ള തന്റെ ദിവ്യദർശനങ്ങൾ, ഒക്കെ അറിയുവാനുള്ള **"ഒരു തുറന്ന പുസ്തകമാണ് വെളിപ്പാടു"** ( Revelation is an open Book).

യോഹന്നാന്റെ വെളിപ്പാടു പുസ്തകം യേശുക്രിസ്തു വിന്റെ വെളിപ്പാടു ആണ് (വെളി.1:1). സംഖ്യാക്രമമനുസരിച്ചു പുതിയനിയമത്തിലെ 27-ാമത്തെ പുസ്തകമാണ് വെളിപ്പാട്. പഴയനിയമത്തിലെ ഇരുപത്തിയേഴാമത്തെ പുസ്തകമായ ദാനീയേൽപ്രവചനം പോലെ ഈ പ്രവചനഗ്രന്ഥത്തിൽ ഭാവിയിലുള്ള ന്യായവിധികളുടെ പ്രദർശനം അടങ്ങിയിരിക്കുന്നു. എഴുത്തുകാരെ സംബന്ധിച്ചും ഏററം പ്രിയ പുരുഷനായ ദാനീയേലിനെപ്പോലെ ഏററവും പ്രിയശിഷ്യനായ യോഹന്നാൻ ആയിരിക്കുന്നു. **"രാജാവിന്റെ സിംഹാസന മുറി"** യായി വെളിപ്പാടു പുസ്തകം അറിയപ്പെടുന്നു.

പഴയനിയമത്തിൽ മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തേക്കു പ്രാകാരവും, വിശുദ്ധസ്ഥലവും കഴിഞ്ഞു പ്രവേശിക്കുന്നതുപോലെയാണ് പുതിയനിയമത്തിൽ ക്രിസ്തു എന്ന രാജാവിന്റെ സിംഹാസനമുറിയായ വെളിപ്പാടുഗ്രന്ഥം. ദൈവവചനത്തോടു യതൊന്നും കൂട്ടിചേർക്കുവാനോ, കുറയ്ക്കുവാനോ പാടില്ലെന്നു മൂന്നു ഭാഗങ്ങളിൽ ദൈവാത്മാവു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു (ആവ.4:2, സദൃ.30:6, വെളി.22:18,19). വെളി. 22:18,19 — പ്രകാരം വെളിപ്പാടു പുസ്തകത്തിനു ശേഷം യാതൊരു ഉപദേശങ്ങളോ, പ്രവചനങ്ങളോ ചേർക്കുന്നതും, ഇതിൽ നിന്നും ഏതെങ്കിലും വിട്ടുകളയുന്നതും നിരോധിച്ചിരിക്കുന്നു. മറെറാരു പ്രത്യേകതകൂടി വെളി. 1:3-ൽ കാണാം. ഈ

പ്രവചനത്തിലെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ, സമയം അടുത്തിരിക്കുന്നു.

യോഹന്നാൻ പത്മൊസ് ദ്വീപിൽ ഏകനായിരിക്കുമ്പോൾ മഹത്വധാരിയായ, തേജോമയനായ, ഉയിർത്തെഴുന്നേററ യേശുക്രിസ്തുവിനെപ്പററിയുള്ള ദർശനങ്ങൾ ലഭിക്കുന്നു. ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി, സർവ്വ ഭൂമിയേയും ഭരിക്കുന്ന രാജാധിരാജാവു, ശ്രേഷ്ഠമഹാപുരോഹിതൻ എന്നിങ്ങനെ ക്രിസ്തുവിന്റെ അധികാരത്തെയും വ്യക്തിത്വത്തെയും കുറിച്ചു പറഞ്ഞിരിക്കുന്നു.

വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നാണു ദൈവം യേശു ക്രിസ്തുവിലൂടെ യോഹന്നാനു പ്രദർശിപ്പിച്ചതെന്നു ആരംഭവാക്യത്തിൽ പ്രസ്താവിച്ചു (വെളി.1:1). തുടർന്നു എഴുതേണ്ട കാര്യങ്ങൾ കർത്താവു തന്നെ മൂന്നായി തിരിച്ചു യോഹന്നാനോടു കല്പിച്ചിരിക്കുന്നു. വെളിപ്പാടിലല്ലാതെ തിരുവചനത്തിലെ മറ്റൊരു പുസ്തകത്തിലും ഇങ്ങനെയുള്ള വിഭജനം എഴുത്തുകാരോടു കല്പിച്ചു കാണുന്നില്ല. ഈ മൂന്നു വിധ വിഭജനത്തിലൂടെ വെളിപ്പാടിലെ സന്ദേശം വളരെ വ്യക്തമായി തിരിക്കയും, ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളോടു ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നു.

**(1) നീ കണ്ടത്** — (The things which you have seen) കർത്തൃദിവസത്തിൽ ആത്മവിവശനായി പത്മൊസിൽ വെച്ചു ദർശിച്ച മഹത്വധാരിയായ മനുഷ്യപുത്രനെക്കുറിച്ചുള്ള ദർശനങ്ങൾ (വെളി.1:10—18).

**(2) ഇപ്പോൾ ഉള്ളത്** — (The things which are) ഏഴു സഭകൾക്കുള്ള ദൂതുകൾ (വെളി.2:1--3:22)— സഭകളുടെ ഇപ്പോഴത്തെ അവസ്ഥ.

**(3) ഇനി സംഭവിപ്പാനിരിക്കുന്നത്** — (The things which will take place after these things) സഭായുഗത്തിനുശേഷം സംഭവിക്കുന്ന കാര്യങ്ങൾ (വെളി.4:1—22:5).

**എഴുത്തുകാരൻ** : അപ്പൊസ്തലനായ യോഹന്നാൻ

**ആർക്കെഴുതി** : ആസ്യയിലെ ഏഴു സഭകൾക്കും എവിടെയും ഉള്ള വിശ്വാസികൾക്കും.

**എഴുതിയ കാലം, സ്ഥലം** : ഏകദേശം എ.ഡി. 95 -ൽ പത്മൊസ് ദ്വീപിൽ വെച്ച്. മെഡിറ്ററേനിയൻ കടലിൽ കരിമ്പാറകൂട്ടങ്ങളുള്ള ഒരു ചെറിയ ദ്വീപാണിത്. മിലത്തോസിൽ നിന്നും 35 മൈൽ അകലെയാണ് ഏകാന്തത നിറഞ്ഞ പത്മൊസ്ദ്വീപ്. റോമൻ ഭരണകാലത്തു കുറ്റവാളികളെ നാടുകടത്താൻ ഈ സ്ഥലം ഉപയോഗിച്ചിരുന്നു. ദൈവവചനവും, യേശുക്രിസ്തുവിന്റെ സാക്ഷ്യവും അറിയിച്ച കുറ്റത്തിനാണ് യോഹന്നാനെ നാടുകടത്തിയത്. (വെളി.1:9).

**പ്രധാന പദങ്ങൾ** : (1) യേശുക്രിസ്തുവിന്റെ വെളിപ്പാട്
(2) ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച വെളിപ്പാട്
(3) അവസാനം

**പ്രധാന വാക്യങ്ങൾ** : വെളി. 1:3,19/വെളി.11:15/വെളി.17:14

**പ്രധാന അദ്ധ്യായങ്ങൾ** : വെളി.19—22

## പുസ്തക വിഭജനം : (22 അദ്ധ്യായങ്ങൾ)

1. ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ കുറിച്ചുള്ള ദർശനം : അദ്ധ്യാ. 1
2. ഏഴു സഭകൾക്കുള്ള ദൂത് : അദ്ധ്യാ. 2 — 3
3. ഇനി സംഭവിക്കുവാനുള്ള കാര്യങ്ങൾ : അദ്ധ്യാ. 4 — 22

## ക്രിസ്തു വെളിപ്പാടിൽ — ക്രിസ്തു നിത്യനായ രാജാവ് (വെളി. 20:13)

(1) ക്രിസ്തു സഭകളോടു ദൂതു നൽകുന്ന ഉയിർത്തെഴുന്നേററ പുരോഹിതനായ രാജാവ് (Priest King വെളി. 1 — 3)

(2) സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്ന, ഭരിക്കുന്ന, മഹത്വധാരി യായ ദൈവകുഞ്ഞാട് (Lamb Godവെളി. 4 — 5)

(3) ക്രിസ്തു ഭൂമിയിലുള്ള സകലരുടെയും ന്യായാധിപൻ (Judge — വെളി. 6 — 18)

(4) ക്രിസ്തു ഭൂമിയിലേക്കു വരുന്ന വിജയിയായ രാജാക്കന്മാരുടെ രാജാവ്. (King of Kings – വെളി. 19:1-7)

(5) ക്രിസ്തു തന്റെ കാന്തയായ സഭയുടെ ആത്മമണവാളൻ ( Christ Heavenly Bridegroom --വെളി. 19:7 – 22:21)

(6) സകല നാമത്തിലും മേലായ നാമം ലഭിച്ച, സകലരുടെയും മുഴങ്കാൽ മടങ്ങുന്ന, ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിൽ ജീവിക്കുന്ന, ഇനി വീണ്ടും വരുന്ന, യേശുക്രിസ്തുവിന്റെ മഹത്വത്തെയും വ്യക്തിപ്രഭാവത്തെയും, അധികാരത്തെയും, ശുശ്രൂഷകളെയും കുറിക്കുന്ന ധാരാളം ഭാഗങ്ങൾ വെളിപ്പാടു പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

>യേശുക്രിസ്തുവിന്റെ വെളിപ്പാട് – (വെളി. 1:1)

> ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ – (വെളി.1:4)

> യേശു ക്രിസ്തുവിങ്കൽ നിന്നും കൃപയും സമാധാനവും– (വെളി.1:5)

> വിശ്വസ്തസാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാർക്കു അധിപതി–വെളി.1:5)

> നമ്മെ സ്നേഹിക്കുന്നവൻ, പാപം പോക്കിയവൻ, തന്റെ രക്തത്താൽ വിടുവിച്ചവൻ (1:6)

> മേഘാരൂഢനായി വരുന്നവൻ – (വെളി.1:7, 22:7, 22:12, 22:20)

> മനുഷ്യപുത്രൻ – വെളി.1:13

> ആദ്യനും അന്ത്യനും – വെളി.1:18

> ജീവിച്ചിരിക്കുന്നവൻ,മരണത്തിന്മേൽ അധികാരമുള്ളവൻ – (വെളി.1:18)

> മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുള്ളവൻ – വെളി.1:18

> ജീവവൃക്ഷഫലം കൊടുക്കുന്നവൻ – (വെളി.2:7)

> ജീവകിരീടം നൽകുന്നവൻ – (വെളി.2:10)

> എന്റെ നാമം നിമിത്തം എന്നതു ക്രിസ്തുവിനെ കുറിക്കുന്നു – (വെളി.2:3,13)

> വിശുദ്ധനും, വിശ്വസ്തനും, സത്യവാനും – (വെളി.3:7/19:11)

> ദാവീദിന്റെ താക്കോലുള്ളവൻ - വെളി.3:7

> ദൈവപുത്രൻ – (വെളി.2:18)

> വിശ്വസ്തനും, സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭം-(വെളി.3:14)

> യഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ – (വെളി.5:5)

> അറുക്കപ്പെട്ട കുഞ്ഞാട് -- (വെളി.5:6)

> കോപമുള്ള കുഞ്ഞാട് --വെളി.6:16,17

> ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുന്ന കുഞ്ഞാട് - വെളി.7:17

> ദൈവവചനം – (വെളി.19:13)

> രാജാധിരാജാവും, കർത്താധികർത്താവും – (വെളി.19:16)

> അല്ഫയും ഒമേഗയും – (വെളി.22:13)

> ഒന്നാമനും ഒടുക്കത്തവനും -- വെളി.22:13

> ശുഭ്രമായ ഉദയനക്ഷത്രം – (വെളി.22:16)

> ജീവജലം സൗജന്യമായി കൊടുക്കുന്നവൻ – (വെളി..22:17)

> കർത്താവായ യേശുക്രിസ്തു – (വെളി.22:21).

**വെളിപ്പാട് പുസ്തകത്തിന്റെ പ്രത്യേകതകൾ —**

(1) വെളിപ്പാട് നിവൃത്തിയുടെ പുസ്തകം (Revelation is a book of Perfection)

(2) വെളിപ്പാട് പ്രവചനപുസ്തകം (Revelation is a book of Prophecy)

(3) വെളിപ്പാട് ഏഴുകളുടെ പുസ്തകം (Revelation is a Book of Sevens)

(4) വെളിപ്പാടു പുസ്തകം ഒരു തുറന്ന പുസ്തകമാണ് (Revelation is an Open Book)

(5) വെളിപ്പാട് അനുഗ്രഹത്തിന്റെ അഥവാ ഭാഗ്യത്തിന്റെ പുസ്തകമാണ് (Revelation is a Book of Blessings)

(6) വെളിപ്പാട് സിംഹാസനത്തിന്റെ പുസ്തകമാണ് (Revelation is a Book of Throne)

(7) വെളിപ്പാട് പ്രതിരൂപങ്ങളുടെ പുസ്തകമാണ് (Revelation is a Book of Symbols).

## യേശുക്രിസ്തുവിന്റെ വീണ്ടും വരവ് — രണ്ടു ഘട്ടങ്ങൾ —

കർത്താവിന്റെ പുനരാഗമനത്തിനു രണ്ടു ഘട്ടങ്ങൾ ഉണ്ട്.

**(1) ഉത്പ്രാപണം (Rapture) — (രഹസ്യപ്രത്യക്ഷത)**

യേശുക്രിസ്തു തനിക്കായി കാത്തിരിക്കുന്ന വിശുദ്ധന്മാരുടെ സഭയെ ചേർക്കുവാനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന പ്രക്രിയയെ ഉത്പ്രാപണം എന്നറിയപ്പെടുന്നു. ഇതിൽ രക്ഷിക്കപ്പെട്ടവരായ ക്രിസ്തുവിൽ ജീവിക്കുന്നവരും ക്രിസ്തുവിൽ മരിച്ചവരുമായ സകല വിശുദ്ധന്മാരും ഉപ്പെടുന്നു. ഉത്പ്രാപണത്തിൽ വിശുദ്ധന്മാരുടെ ശരീരത്തിന്റെ തേജസ്കരണവും പുനരുത്ഥാനവും നടക്കുന്നു (1. തെസ്സ.4:16,17). വീണ്ടും വരവിലെ ഒന്നാം ഘട്ടം (ഉത്പ്രാപണം) രക്ഷിക്കപ്പെട്ടവരെ മാത്രം ബാധിക്കുന്നു. ഒരു കാന്തവും ഇരുമ്പും ആകർഷിക്കപ്പെടുന്നതുപോലെ രക്ഷിക്കപ്പെട്ടവരെല്ലാം ആകാശമേഘങ്ങളിലേക്കു എടുക്കപ്പെടും. രക്ഷിക്കപ്പെടാത്തവരാരും കർത്താവിന്റെ പ്രത്യക്ഷതയെ അറിയുകയില്ല.

**(2) മഹത്വപ്രത്യക്ഷത (Glorious Return) — (പരസ്യപ്രത്യക്ഷത)**

സഭ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടശേഷം ഭൂമിയിൽ ഏഴുവർഷത്തെ പീഡനകാലയളവാണ്. അതിനുശേഷം യേശുക്രിസ്തു തന്റെ സിംഹാസനം സ്ഥാപിക്കുവാൻ സഭയുമായി വരുന്ന മഹത്വപ്രത്യക്ഷത (മത്താ.24:31-45/ വെളി.1:7/വെളി.19:11-16/ യൂദാ.14,15/ സെഖ.14:3-5). അത് പരസ്യപ്രത്യക്ഷതയാകയാൽ ഭൂമിയിലെ സകലരും കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്ക് സാക്ഷികളായിരിക്കും. ഭൂമിയിൽ സഹസ്രാബ്ദ ഭരണം സ്ഥാപിക്കുവാനും പാപികളുടെ ന്യായവിധിക്കുമായി വിശുദ്ധന്മാരുമായുള്ള കർത്താവിന്റെ പരസ്യപ്രത്യക്ഷതയാണിത്.

## വിശ്വാസികളും അന്തിക്രിസ്തുവിന്റെ 666 മുദ്രയും —

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്തിൽ അന്തിക്രിസ്തുവിന്റെ മുദ്ര ഏല്ക്കുവാൻ അന്നു ലോകത്തിലുള്ള സകലരോടും കള്ളപ്രവാചകൻ ആജ്ഞാപിക്കും (വെളി.13:16-18). അന്തിക്രിസ്തുവിന്റെ അടയാളമേൽണമെന്നത് മൃഗത്തിന്റെ ആരാധകരെ വേർതിരിക്കുവാനും അല്ലാത്തവരെ കണ്ടെത്തുവാനുമാണ്. ആരാധിക്കുവാൻ കൂട്ടാക്കാത്തവരുടെമേൽ സാമ്പത്തിക ഉപരോധം കൊണ്ടു വരും. ഇപ്രകാരമുള്ള നിബന്ധനയാൽ സകലരെയും ബലപ്രയോഗത്തിലൂടെ നിർബന്ധിച്ചു അന്തിക്രിസ്തുവിന്റെ ആരാധകർ അഥവാ അടിമകൾ ആക്കുക എന്നതാണ് ലക്ഷ്യം. മൃഗത്തിന്റെ മുദ്രയുള്ളവനല്ലാതെ ആർക്കും സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ കഴിയാത്ത അവസ്ഥയിലേക്കു ചെന്നെത്തുന്നു. വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ വഹിയാത്ത അവസ്ഥ എന്നത് മനുഷ്യന്റെ ഭൂമിയിലെ താമസത്തിനും നിലനിൽപ്പിനും അത്യന്താപേക്ഷിതമായ സകലത്തിന്മേലും ഉപരോധം വരുത്തുന്നതിനെ കുറിക്കുന്നു.

എന്നാൽ സഭാകാലത്തെ വിശ്വാസികൾ എത്രയോ ധന്യർ. ഉത്പ്രാപണത്തിന്റെ മഹത്തായ വാഗ്ദത്തം നമുക്കു ലഭിച്ചിരിക്കുന്നു (1.തെസ്സ.4:16-18/തീത്തൊ.2:12,13). വിശുദ്ധന്മാരുടെ കൂട്ടമായ സഭ പീഡനകാലത്തിനു മുമ്പേ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുന്നതിനാൽ അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കുവാനോ പീഡനങ്ങളേൽക്കുവാനോ ഇടയാകുകയില്ല. ഇക്കാലത്തു കാണുന്ന സകല ആധുനിക സംവിധാനങ്ങളും മാറ്റങ്ങളും 666 മുദ്രയാണെന്നു ആരെങ്കിലും പറഞ്ഞാൽ അത് ശരിയല്ല. അതൊക്കെ ദുരുപദേശക്കാരുടെ വെളിപാടാണ്. കർത്താവ് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ വിശുദ്ധസഭയെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയ ശേഷം നടക്കുന്നതാണ് 666 മുദ്ര.

സംഖ്യയാൽ മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും നിയന്ത്രിക്കപ്പെടുന്ന കാലത്തിലേക്കു ലോകം അതിവേഗത്തിൽ കുതിച്ചു പായുന്നു. ആധാർ, പാൻ, എ.റ്റി.എം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ദർപ്പൺ, ബാങ്കിംഗ്, ബാങ്കുകളുടെ ഏകീകരണം, ടാക്സ്, വ്യാപാരം, വിവിധ ക്രയവിക്രയങ്ങൾ എന്നീ മേഖലകളെല്ലാം മനുഷ്യനെ സംഖ്യയോടു ബന്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇലക്ട്രോണിക്ക് കമ്പ്യൂട്ടർ മേഖലകളിലെ വളർച്ച പുതിയ വ്യതിയാനങ്ങൾക്കു വഴി തുറക്കുന്നു. ഇവയൊക്കെയും 666 മുദ്രയുടെയും ശരീരത്തിൽ ചാർത്തപ്പെടാവുന്ന ചിപ്പു സംവിധാനങ്ങളുടെയും ഒരുക്കമാണെന്നു ചിന്തിക്കാം. 666 മുദ്രയിടൽ നടക്കുന്നത് മഹോപദ്രവകാലത്താണ്. അന്നു നാം (സഭാവിശ്വാസികൾ) കർത്താവിനോടൊപ്പം ആയിരിക്കും. ആകയാൽ സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം നടക്കുന്ന മുദ്രയിടലിനെക്കുറിച്ചു നാം വ്യാകുലപ്പെടേണ്ടതില്ല. 666 എന്നു തോന്നിപ്പോകാവുന്ന സകല ഒരുക്കങ്ങളും മാറ്റങ്ങളും വിളിച്ചറിയിക്കുന്നത് യേശുകർത്താവിന്റെ വരവ് ഏറ്റവും സമീപിച്ചിരിക്കുന്നു എന്ന വസ്തുതയെയാണ്. സഭ ഒരിക്കലും മഹാപീഡനത്തിലൂടെയോ, അന്തിക്രിസ്തുവിന്റെ തേർവാഴ്ചയിലൂടെയോ കടന്നു പോകയില്ല.

ദൈവം തന്റെ മക്കൾക്കു ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതിയെ ഓർത്തു ദൈവത്തെ സ്തുതിക്കാം. അതോടൊപ്പം കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിനു മുമ്പു അനേകരെ അന്തിക്രിസ്തുവിന്റെ മുദ്രയേൽക്കുവാൻ വിടാതെ ദൈവത്തിന്റെ മുദ്ര അവരുടെ ഹൃദയങ്ങളിൽ ചാർത്തപ്പെടുവാൻ പ്രവർത്തിക്കാം. അതിനായി നിർമ്മല സുവിശേഷം അറിയിക്കുവാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്.

## സഭയുടെ ഭാവി ചുരുക്കത്തിൽ :

> യേശുക്രിസ്തു മദ്ധ്യാകാശത്തിലേക്കു വരുന്നു (ഉത്പ്രാപണം). രക്ഷിക്കപ്പെട്ട സകല ദൈവമക്കളും (ക്രിസ്തുവിൽ ജീവിക്കുന്നവരും ക്രിസ്തുവിൽ മരിച്ചവരും) സ്വർഗ്ഗത്തിലേക്കുഎടുക്കപ്പെടും (1.തെസ്സ.4:16–18).

> സഭ സ്വർഗ്ഗത്തിൽ കർത്താവിനോടൊപ്പമായിരിക്കുമ്പോൾ ഭൂമിയിൽ ഏഴു വർഷം പീഡനകാലം (വെളിപ്പാട്. അദ്ധ്യാ. 6 മുതൽ 18 വരെ).

> ഏഴുവർഷ പീഡനകാലത്തിൽ രക്ഷിക്കപ്പെടാത്ത സകലഭൂവാസികളും 21 ന്യായവിധികളിലൂടെ കടക്കേണ്ടിവരും (7 മുദ്രകൾ, 7 കാഹളങ്ങൾ, 7 ക്രോധകലശങ്ങൾ — വെളി.6–18).

> ഏഴു വർഷ പീഡനകാലയളവിൽ ഭൂമിയിൽ 12 ഗോത്രങ്ങളിൽ നിന്നും 1,44,000 ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ നാലു ദൈവദൂതന്മാർ മുദ്രയിട്ടു വേർതിരിക്കും (വെളി.7:1–8).

> തുടർന്നു ദൈവം തന്റെ രണ്ടു ദാസന്മാർക്കു (ദൈവത്തിന്റെ ഒലിവു വൃക്ഷവും നിലവിളക്കും) വരം നല്കി ഭൂമിയിൽ ദൈവത്തിന്റെ പ്രവചനം അറിയിക്കുവാൻ ഏർപ്പെടുത്തും (വെളി.11:3,4).

> ഈ രണ്ടു സാക്ഷികളുടെ ശുശ്രൂഷ നിവർത്തിയാകുമ്പോൾ അന്തിക്രിസ്തു അവരെ കൊന്നുകളയും (വെളി.11:3–11).

> ഭൂവാസികളായ സകലരോടും സുവിശേഷം (നിത്യസുവിശേഷം) അറിയിക്കുവാൻ ആകാശമദ്ധ്യേ ഒരു ദൂതനെ ദൈവം അയെക്കുന്നു. വെളി.14:6,7 — *"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ടു അവന്നു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു."*

> അന്തിക്രിസ്തുവിന്റെ അതികഠിനമായ പീഡനകാലവേളയിൽ ഒരു ശേഷിപ്പു ദൈവമുഖത്തേക്കു നോക്കി രക്ഷിക്കപ്പെടും(സെഖ.13:8,9). ദൈവത്തിങ്കലേക്കു നോക്കി അഭയംപ്രാപിച്ച ശേഷിപ്പിന്മേൽ ദൈവത്തിന്റെ കരുണയും കൃപയും ഒഴുകും.

> ഏഴുവർഷ പീഡനകാലം അവസാനിക്കാറാകുമ്പോൾ ഭൂമിയിലെ ആയിരം ആണ്ടു വാഴ്ചയ്ക്കായി യേശുക്രിസ്തു തന്റെ മണവാട്ടി അഥവാ സഭയുമായി വരും (വെളി.19:11–16). സ്വർഗ്ഗം തുറന്നു മണവാട്ടിയുടെ ഭവനമായിരുന്ന ഭൂമിയിലേക്കു ക്രിസ്തുവും സഭയും ഒരുമിച്ചു സ്വർഗ്ഗീയസൈന്യവുമായി വരും.

> മണവാളനും മണവാട്ടിയും വിവാഹശേഷം വധൂഗൃഹമായ ഭൂമിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി ഒരു വലിയ യുദ്ധം നടക്കും. അന്നു നടക്കുന്ന മഹായുദ്ധത്തെ ഹർമ്മഗെദ്ദോൻ യുദ്ധം (= കശാപ്പു സ്ഥലം) എന്നു പറയുന്നു (മത്താ.24:29-31 /വെളി.19:17-21).

> ഭൂമിയിലെ വ്യാജരാജാവിനെ(അന്തിക്രിസ്തു) തോല്പിച്ചു നശിപ്പിക്കുവാനും കൂടിയാണ് ക്രിസ്തുവിന്റെ വരവ്. അന്തിക്രിസ്തുവിന്റെ സൈന്യം യഹൂദന്മാരുമായുള്ള യുദ്ധമാണിത്.

> യുദ്ധത്തിൽ യിസ്രായേലിന്റെ സഹായകനായി കർത്താവു തന്റെ മഹത്വത്തോടെ വരുന്നു.

> യുദ്ധത്തിൽ നമ്മുടെ കർത്താവ് തന്റെ വായിലെ ശ്വാസത്താൽ ശത്രുക്കളെ ഒന്നടങ്കം തോല്പിച്ചു കൊന്നു കളയും (വെളി.19:17-21).

> യുദ്ധാനന്തരം അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു ജീവനോടെ തള്ളിയിടും (വെളി.19:20).

വിചാരണ കൂടാതെയാണ് സാത്താന്യ ത്രിത്വത്തിൽ രണ്ടുപേരെ നരകത്തിലേക്കു തള്ളുന്നത്. (സാത്താന്യത്രിത്വം > പഴയപാമ്പ് + അന്തിക്രിസ്തു + കള്ളപ്രവാചകൻ).

(സാത്താന്യത്രിത്വത്തെ പ്രതിനിധീകരിക്കുന്ന മൂന്നു രൂപങ്ങളാണ് 6,6,6 = 666)

> ചിതറിപ്പോയ സകല യിസ്രായേലിനെയും കൂട്ടിച്ചേർക്കും (ഹോശേ.14:4-7).

> തുടർന്നു പിശാചും സാത്താനും എന്നറിയപ്പെടുന്ന പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു കെട്ടി ആയിരം ആണ്ടേക്കു ചങ്ങലയിട്ടു അഗാധകൂപത്തിലടയ്ക്കും (വെളി.20:1-3).

> തുടർന്നു ക്രിസ്തു തന്റെ സകല വിശുദ്ധന്മാരുമായി ഭൂമിയിൽ ആയിരം ആണ്ടു സമാധാനത്തോടെ വാഴ്ച നടത്തും.

> ആയിരം ആണ്ടു കഴിയുമ്പോൾ ബന്ധനസ്ഥനായി അഗാധകൂപത്തിൽ അടയ്ക്കപ്പെട്ട സാത്താനെ അല്പകാലത്തേക്കു അഴിച്ചു വിടും (വെളി.20:7).

> ബന്ധനസ്ഥനായ സാത്താൻ സ്വതന്ത്രനായ നിമിഷംതന്നെ വീണ്ടും ക്രിസ്തുവിനെതിരായി പ്രവർത്തിക്കുകയും അനേകരെ യുദ്ധത്തിനായി വശീകരിക്കുകയും ചെയ്യും (വെളി.20:8).

> സാത്താനും കൂട്ടരും ദൈവനഗരത്തെ വളയുമ്പോൾ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും. സാത്താനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു എന്നേക്കുമുള്ള ദണ്ഡനത്തിനായി തള്ളിയിടും (വെളി.20:7-10). അവിടെ സാത്താന്യത്രിത്വത്തിലെ മൂന്നു പേരും ഒരുമിച്ചു നിത്യദണ്ഡനം അനുഭവിക്കും.

> രക്ഷിക്കപ്പെടാത്ത സകലഭൂവാസികളുടെയും ന്യായവിധിക്കായി വെള്ളസിംഹാസനം സ്ഥാപിക്കും. രക്ഷിക്കപ്പെടാത്ത സകല പാപികളുടെയും ഉയിർത്തെഴുന്നേല്പായ രണ്ടാം പുനരുത്ഥാനം നടക്കും. അവരെ വെള്ളസിംഹാസനത്തിനു മുമ്പിൽ വെച്ചു ന്യായം വിധിച്ചു അവരെയും തീപ്പൊയ്കയിലേക്കു തള്ളിയിടും (വെളി.20:11-15).

> രക്ഷിക്കപ്പെടാത്ത സകലരുടെയും അന്ത്യം — *"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം."* (വെളി.21:8).

> തുടർന്നു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടായി നിത്യതനിത്യതയോളം കർത്താവു തന്റെ മക്കളുമായി വാഴും (വെളി.21:1-2/ 2.പത്രൊ.3:10-11).

*AMEN, PRAISE THE LORD, HALLELUJAH*

*(The End of Old Testament & New Testament)*

---

F/2023